economics

നിന്നെ പിന്നെക്കണ്ടോളാം R.

The Basic Principles Of Economics

# ധനശാസ്ത്രത്തിന്റെ
# അടിസ്ഥാനതത്വങ്ങൾ

# ധനശാസ്ത്രത്തിന്റെ
# അടിസ്ഥാനതത്വങ്ങൾ

കെ. ദാമോദരൻ

കേരളസാഹിത്യ അക്കാദമി വക

പ്രസിദ്ധീകരണം

ഒന്നാം പതിപ്പു കോപ്പി 5000

1958 നവമ്പർ

വില മൂന്നര.രൂപ

M.330

K.P.T. 330
C.I.D. 0001

അച്ചടി
മാർ തിമോത്തിയൂസ് മെമ്മോറിയൽ പ്രിൻറിങ്ങ് ആൻറ്
പബ്ളിഷിങ്ങ് ഹൌസ് ലിമിറ്റഡ്, എറണാകുളം

# വിഷയവിവരം


**ഒന്നാമദ്ധ്യായം**

**ധനശാസ്ത്രം എന്നാൽ എന്ത്?**

ധനശാസ്ത്രത്തിന്റെ ഉപയോഗം — സാമൂഹ്യപുരോഗതിയുടെ ഉപകരണം — ധനശാസ്ത്രത്തിലെ പ്രതിപാദ്യവിഷയം.

**രണ്ടാമദ്ധ്യായം**

**ഉല്പാദനവ്യവസ്ഥയുടെ വളർച്ച**

വ്യവസായവിപ്ലവം — സോഷ്യലിസം — ജോയിന്റ് സ്റ്റോക്ക് കമ്പനികൾ — കുത്തകകൾ — സ്റ്റേററ് വ്യവസായങ്ങൾ — സഹകരണാടിസ്ഥാനത്തിലുള്ള വ്യവസായങ്ങൾ — ഇന്ത്യയുടെ ഉല്പാദനവ്യവസ്ഥ.

**മൂന്നാമദ്ധ്യായം**

**ഉല്പാദനത്തിന്റെ ഘടകങ്ങൾ**

സംവിധാനം — മൂലധനം — അദ്ധ്വാനം — നിലം — ക്ഷീയമാണപ്രതിഫലനിയമം — മാൽത്തുസ്യൻ സിദ്ധാന്തവും ജനസംഖ്യാപ്രശ്നവും.

**നാലാമദ്ധ്യായം**

**ചോദനവും പ്രദാനവും**

ചോദനം എന്നാൽ എന്ത്? — ചോദനത്തിന്റെ സ്ഥിതിഭേദക്ഷമത — പ്രദാനം അല്ലെങ്കിൽ സപ്ലൈ — ചോദനപ്രദാനങ്ങളുടെ പൊതുനിയമങ്ങൾ.

അഞ്ചാമദ്ധ്യായം

മൂല്യവും വിലയും value and price

മൂല്യവും വിലയും — മൂല്യത്തിന്റെ അദ്ധ്വാനസിദ്ധാന്തം.

ആറാമദ്ധ്യായം

മാർക്സിന്റെ മൂല്യസിദ്ധാന്തം

ലാഭത്തിന്റെ അടിസ്ഥാനം — ചരക്കിന്റെ മൂല്യം.

ഏഴാമദ്ധ്യായം

മാർജിനൽ യൂട്ടിലിററി

ചരക്കിന്റെ പ്രയോജനാതിത്തി — പരമാവധിസംതൃപ്തി — ഉപഭോക്താവിന്റെ സ്വാതന്ത്ര്യം — ഡിമാണ്ടും സപ്ലൈയും — മൂല്യത്തിന്റെ അടിസ്ഥാനം — മാർജിനൽ യൂട്ടിലിററിയുടെ ദൗർബ്ബല്യം.

എട്ടാമദ്ധ്യായം

സ്വാതന്ത്ര്യവ്യാപാരവും കുത്തകയും

സ്വാതന്ത്ര്യമായ മത്സരം — സ്വാതന്ത്ര്യമത്സരത്തിൽനിന്നു കുത്തകയിലേയ്ക്കു — സ്വാതന്ത്ര്യമത്സരവും ഇന്ത്യയും — കുത്തകകളുടെ ശക്തി — കുത്തകയും ചരക്കിന്റെ വിലയും.

ഒമ്പതാമദ്ധ്യായം

പണം

പ്രാചീനകാലത്തെ കൈമാററസമ്പ്രദായം — പണത്തിന്റെ ആവിർഭാവം — നാണ്യങ്ങൾ — വിനിമയത്തിന്റെ മദ്ധ്യ

വർത്തി — വിലകളുടെ മാനദണ്ഡം — മൂല്യത്തിന്റെ കലവറ — അടവിന്റെ ഉപകരണം ധനസംഭരണത്തിന്റെ ഉപകരണം — കടലാസ്സുപണം — പണത്തിന്റെ പരിമാണസിദ്ധാന്തം — ഇൻഫ്ളേഷനും ഡിഫ്ളേഷനും — പണവും മൂലധനവും — സൂചകസംഖ്യകൾ.

## പത്താമദ്ധ്യായം

### ബാങ്കും കടമിടപാടും

ബാങ്കിന്റെ പ്രവർത്തനങ്ങൾ — ചെക്കിന്റെ ഉപയോഗം — പണം സൃഷ്ടിയ്ക്കൽ — ഇന്ത്യയിലെ ബാങ്കിങ്ങ് വ്യവസ്ഥ — ഇന്ത്യയിലെ നോട്ടുകൾ.

## പതിനൊന്നാമദ്ധ്യായം

### വിദേശവ്യാപാരവും വിദേശവിനിമയവും

വിദേശവ്യാപാരം — വിനിമയനിരക്ക് — സ്വർണ്ണമാന വ്യവസ്ഥ — എക്സ്ചേഞ്ച് ബില്ലുകൾ — വ്യാപാരശിഷ്ടവും അടവിന്റെ ശിഷ്ടവും — സ്വർണ്ണരേഖകൾ — 'ഡിവാല്യുവേഷൻ' — പിന്നണിരാജ്യത്തിന്റെ പ്രശ്നങ്ങൾ.

## പന്ത്രണ്ടാമദ്ധ്യായം

### സാമ്പത്തികമാന്ദ്യം

മാന്ദ്യങ്ങളുടെ സ്വഭാവം — കാലാവസ്ഥാസിദ്ധാന്തം — പണവും സാമ്പത്തികമാന്ദ്യവും — അമിതോല്പാദനസിദ്ധാന്തം — കെയിൻസിന്റെ സിദ്ധാന്തങ്ങൾ — മാർക്സിന്റെ സിദ്ധാന്തം.

## പതിമൂന്നാമദ്ധ്യായം

### ദേശീയവരുമാനം

ദേശീയവരുമാനം കണക്കാക്കുന്നതെങ്ങനെ? — ഇന്ത്യയുടെ ദേശീയവരുമാനം — കൂലി — ലാഭവും പലിശയും — പാട്ടം — വിതരണത്തിന്റെ അടിസ്ഥാനം.

## പതിന്നാലാമദ്ധ്യായം

### പൊതുധനകാര്യം

പൊതുധനകാര്യം എന്നാൽ എന്ത്? — ചെലവിനങ്ങളുടെ സ്വഭാവം — ബഡ്ജറ്റ് — വരവിനങ്ങൾ — നികുതിപിരിവിന്റെ അടിസ്ഥാനതത്വങ്ങൾ — 'ഡെഫിസിറ്റ് ഫൈനാൻസിങ്ങ്' — കടമെടുപ്പ്.

## പതിനഞ്ചാമദ്ധ്യായം

### സാമ്പത്തികാസൂത്രണം

സാമ്പത്തികാസൂത്രണം എന്നാൽ എന്ത്? — ആനുപാതികവും ക്രമീകൃതവുമായ വളർച്ച — ഇന്ത്യയിലെ പ്ലാനിങ്ങിന്റെ ചരിത്രം — ഒന്നാം പഞ്ചവത്സരപദ്ധതി — മിശ്രസാമ്പത്തികവ്യവസ്ഥ — രണ്ടാം പഞ്ചവത്സരപദ്ധതി.

Reg. no. I. P.P

ഒന്നാമദ്ധ്യായം

Economics

# ധനശാസ്ത്രം എന്നാൽ എന്തു്?

ഗ്രീസ്സു് മുതൽ ഇന്ത്യവരെയുള്ള ഭൂപ്രദേശങ്ങളെല്ലാം ആക്രമിച്ചു കീഴടക്കി മടങ്ങിയെത്തിയ മഹാനായ അലക്സാണ്ഡർ ചക്രവത്തി ഒരു നാഠം ഡയോജനീസ് എന്ന ഗ്രീക്കുതത്വജ്ഞാനിയെ സന്ദർശിക്കുകയുണ്ടായത്രേ. തൻെറ അധീനത്തിലുള്ള വിസ്തൃതമായ സാമ്രാജ്യത്തിൽനിന്നു് എന്തു വേണമെങ്കിലും ആവശ്യപ്പെട്ടുകൊള്ളുവാൻ ചക്രവത്തി തത്വജ്ഞാനിയോടാവശ്യപ്പെട്ടു. തത്വജ്ഞാനി മറുപടി പറഞ്ഞു: "കുറച്ചങ്ങോട്ടു മാറിനിന്നാൽ മതി; സൂര്യപ്രകാശം കടന്നു വരട്ടെ!"

ഈ കഥ ശരിയാണെങ്കിൽ അതിൻെറ അത്ഥം ഡയോജനീസിന്നു് ഭൗതികസാമഗ്രികഠം സമ്പാദിയ്ക്കാൻ യാതൊരാഗ്രഹവുമുണ്ടായിരുന്നില്ലെന്നാണു്. പക്ഷേ, നമ്മളാരും ഡയോജനീസ്സുമാരല്ല. ഭൂരിപക്ഷം

ജനങ്ങളും എന്തെങ്കിലും ചില ഭൗതികസാമഗ്രികൾ ആവശ്യമുള്ളവരാണു്. എല്ലാവരും സുഖമായി ജീവിയ്ക്കാനാഗ്രഹിയ്ക്കുന്നു.

സുഖമായി ജീവിക്കാനെന്താണു് വഴി? ധാരാളം പണമുണ്ടായാൽ മതിയോ? പണം കൊടുത്താൽ ചിലപ്പോൾ കൂടുതൽ സാധനങ്ങളും മററു ചിലപ്പോൾ കുറച്ചു സാധനങ്ങളും കിട്ടുന്നതെന്തുകൊണ്ടാണു്? ഇന്നലെ ഒരുറുപ്പികയ്ക്കു കിട്ടിയ സാധനങ്ങൾ വാങ്ങാൻ ഇന്നു് ഒന്നേകാലുറുപ്പികയോ ഒന്നര ഉറുപ്പികയോ വേണ്ടിവരുന്നതെന്തുകൊണ്ടു്? ഒരാളുടെ കൈയിലുള്ള പണവും രാജ്യത്തിലൊട്ടാകെയുള്ള പണവും തമ്മിൽ വല്ല ബന്ധവുമുണ്ടോ? ഭക്ഷണം, തുണി തുടങ്ങിയ ജീവിതാവശ്യങ്ങൾ നിറവേററാൻ എത്ര പണം വേണം? ഉള്ള പണം എന്തിനുവേണ്ടി ചെലവിടുന്നതാണു കൂടുതൽ നല്ലതു്? സിനിമ കാണണോ, അതോ ചായ കുടിയ്ക്കണോ? സ്വത്തുക്കൾ വർദ്ധിയ്ക്കുകയോ കുറയുകയോ ചെയ്യുന്നതെന്തുകൊണ്ടു്? ചിലർ വലിയ പണക്കാരും മററു ചിലർ ദരിദ്രന്മാരുമായിത്തീരുന്നതെങ്ങിനെ? കൂടുതൽ ലാഭം കിട്ടാനുള്ള മാർഗ്ഗമെന്താണു്? മിച്ചമുള്ള പണം ബാങ്കിലിടണോ, അതോ വ്യവസായത്തിലിറക്കണോ? ഏതു വ്യവസായമാണു കൂടുതൽ ആദായകരം? കൂലി കുറഞ്ഞാലെന്താണുണ്ടാവുക? തൊഴിലില്ലായ്മയ്ക്കു കാരണമെന്തു്? ഗവമ്മേണ്ടിൻെറ നികുതിനയം ജനങ്ങളെ ബാധിയ്ക്കുന്നതെങ്ങിനെ? — ഇത്തരത്തിലുള്ള

നാനാതരം പ്രശ്നങ്ങൾ നിത്യവും നമ്മെ അഭിമുഖീകരിയ്ക്കാറുണ്ടു്. ഇത്തരം പ്രശ്നങ്ങൾക്കു് സാമ്പത്തികപ്രശ്നങ്ങളെന്നു പറയുന്നു. സാമ്പത്തികപ്രശ്നങ്ങളെപ്പററി പ്രതിപാദിയ്ക്കുന്ന ഒരു ശാസ്ത്രമാണു് സാമ്പത്തികശാസ്ത്രം അല്ലെങ്കിൽ ധനശാസ്ത്രം.

ചുററുപാടുമുള്ള ജനങ്ങളെ ഒന്നു നോക്കു. എല്ലാവരും എന്തെങ്കിലും ചെയ്തുകൊണ്ടിരിയ്ക്കുന്നു. ചിലർ പാടത്തു പണിയെടുക്കുന്നു. ചിലർ കച്ചവടം നടത്തുന്നു. ചിലർ കമ്പനികളിൽ യന്ത്രം തിരിയ്ക്കുന്നു. പലരും പലതരത്തിലുള്ള സാധനങ്ങൾ നിർമ്മിയ്ക്കുകയും അവ പരസ്പരം കൈമാറുകയും ചെയ്യുന്നു. ചിലർ കണക്കെഴുതുന്നു. മററു ചിലർ കുട്ടികളെ പഠിപ്പിയ്ക്കുന്നു. മററുചിലർ എഞ്ചിനീയർമാരാണു്. എന്തിനാണിവരെല്ലാം ഇങ്ങിനെ അദ്ധ്വാനിയ്ക്കുന്നതു്? വെറും രസത്തിനാണോ? അല്ല. ഓരോരുത്തനും തൻെറ ആവശ്യങ്ങൾ നിറവേററാനും അങ്ങിനെ തൻേറയും തൻെറ കുടുംബത്തിൻേറയും ജീവിതം കൂടുതൽ സുഖസംതൃപ്തമാക്കാനും വേണ്ടിയാണു പ്രവർത്തിയ്ക്കുന്നതു്. ആവശ്യങ്ങൾ നിറവേററാൻവേണ്ടിയുള്ള ഇത്തരം പ്രവർത്തനങ്ങൾക്കു് സാമ്പത്തികപ്രവർത്തനങ്ങളെന്നു പറയുന്നു. ചിലർ യാതൊരു ദേഹാദ്ധ്വാനവും ചെയ്യുന്നില്ല. പലിശയോ പാട്ടമോ എണ്ണിക്കൊണ്ടിരിക്കയാണവരുടെ സാമ്പത്തികപ്രവർത്തനം. മററു ചിലർക്കു് പ്രവർത്തിയ്ക്കാനാഗ്രഹമുണ്ടു്. പക്ഷേ, പണിയൊന്നും കിട്ടാത്തതു

കൊണ്ടു് വെറുതെയിരിയ്ക്കുകയാണു്. പണി കിട്ടിയാൽ അവരും പ്രവർത്തിയ്ക്കും. മനുഷ്യർ വിവിധങ്ങളായ ഈ സാമ്പത്തികപ്രവർത്തനങ്ങളിലേർപ്പെടുന്നതു് ഒററയ്ക്കൊററയ്ക്കായിട്ടല്ല. സാമ്പത്തികപ്രവർത്തനത്തിൽ അവർ പരസ്പരം ബന്ധപ്പെടുന്നു. ചിലപ്പോൾ പരസ്പരം സഹകരിയ്ക്കുകയും മററു ചിലപ്പോൾ പരസ്പരം മത്സരിയ്ക്കുകയും ചെയ്യുന്നു. ആവശ്യങ്ങൾ നിറവേററാനും അങ്ങിനെ ജീവിതം കൂടുതൽ സുഖസംതൃപ്തമാക്കാനുമാഗ്രഹിയ്ക്കുന്ന മനുഷ്യരുടെ സാമ്പത്തിക പ്രവർത്തനങ്ങളെപ്പററിയും സാമ്പത്തിക ബന്ധങ്ങളെപ്പററിയുമാണു് ധനശാസ്ത്രം പ്രതിപാദിക്കുന്നതു്.

ഭക്ഷണം, തുണി, വീടു്, മരുന്നു്, വിളക്കു്, പുസ്തകം, ഫൌണ്ടൻ പെൻ, റേഡിയോ, സിനിമ, സംഗീതോപകരണങ്ങൾ — ഇങ്ങിനെ മനുഷ്യക്കു് വ്യത്യസ്തങ്ങളായ പലതരം ആവശ്യങ്ങളുമുണ്ടു്. സാമൂഹ്യവും സാംസ്കാരികവുമായ പുരോഗതിയോടൊപ്പം ആവശ്യങ്ങളും കൂടിക്കൂടി വരുന്നു. എല്ലാവക്കും എല്ലാ ആവശ്യങ്ങളും നിറവേററാൻ കഴിഞ്ഞുവെന്നു വരില്ല. ആവശ്യങ്ങൾ കൂടുതലും അവയെ നിവ്വഹിയ്ക്കാനുള്ള കഴിവു് കുറവുമാണെങ്കിൽ ഉള്ള കഴിവു വെച്ചുകൊണ്ടു് ഏതെല്ലാം ആവശ്യങ്ങൾക്കാണു് മുൻഗണന നൽകേണ്ടതു് എന്നു തീരുമാനിയ്ക്കേണ്ടിവരും. അതുകൊണ്ടാണു്, "മനുഷ്യൻെറ ആവശ്യങ്ങളും വിവിധതരത്തിൽ ഉപയോഗപ്പെടുത്താവുന്ന അവ

ൻെറ പരിമിതമായ കഴിവുകളും തമ്മിലുള്ള ഒരു ബന്ധമെന്ന നിലയ്ക്കു് മനുഷ്യ പ്രവൎത്തനങ്ങളെ പരിശോധിയ്ക്കുന്ന ഒരു ശാസ്ത്രമാണു് ധനശാസ്ത്രം" എന്നു് റോബിൻസ് എന്ന ധനശാസ്ത്രജ്ഞൻ നിൎവ്വചിയ്ക്കുന്നതു്. ആൽഫ്രെഡ് മാർഷലിൻെറ നിൎവ്വചനമിങ്ങിനെയാണു്:

"സാധാരണങ്ങളായ ജീവിതവ്യാപാരങ്ങളിലേർപ്പെടുന്ന മനുഷ്യസമുദായത്തെക്കുറിച്ചുള്ള ഒരു പഠനമാണു് ധനശാസ്ത്രം. സുഖമായി ജീവിയ്ക്കാനാവശ്യമായ ഭൌതികസാമഗ്രികൾ സമ്പാദിയ്ക്കുകയും അവയെ ഉപയോഗിയ്ക്കുകയും ചെയ്യുന്ന കാര്യത്തിൽ വ്യക്തികളും സമൂഹങ്ങളും ചെയ്യുന്ന പ്രവൃത്തികളെയാണതു പരിശോധിയ്ക്കുന്നതു്. ഇങ്ങിനെ, ഒരുവശത്തു് അതു സ്വത്തുക്കളെപ്പററിയുള്ള ഒരു പഠനമാണു്; കൂടുതൽ പ്രധാനമായ മറുവശത്താകട്ടെ, അതു് മനുഷ്യനെപ്പററിയുള്ള ഒരു പഠനവുമാണു്."

ബെവറിഡ്ജിൻെറ നിർവ്വചനമനുസരിച്ചു്, "തങ്ങളുടെ ആവശ്യങ്ങൾ നേടാൻവേണ്ടിയുള്ള മനുഷ്യരുടെ പരസ്പരസഹകരണത്തിൻെറ സാധാരണ മാർഗ്ഗങ്ങളേപ്പററിയുള്ള പഠനമാണു ധനശാസ്ത്രം".

ഫ്രെഡറിക്ക് ഏംഗെൽസ് നിൎവ്വചിയ്ക്കുന്നതിപ്രകാരമാണു്:

"ധനശാസ്ത്രമെന്നതു്", അതിൻെറ ഏററവും വിപുലമായ അൎത്ഥത്തിൽ, മനുഷ്യസമുദായത്തിലെ

ഭൗതികമായ ജീവിതോപകരണങ്ങളെ ഉല്പാദിപ്പിക്കുകയും കൈമാറുകയും ചെയ്യുന്നതിന്നടിസ്ഥാനമായ നിയമങ്ങളുടെ ശാസ്ത്രമാണ്‌"

ആൽബർട്ടു് മെയേർസ്‌ എന്ന ധനശാസ്ത്രജ്ഞൻ എഴുതുന്നു:

"മനുഷ്യന്റെ ആവശ്യങ്ങളെപ്പററിയും അവയുടെ നിർവ്വഹണത്തെപ്പററിയും പ്രതിപാദിക്കുന്ന ശാസ്ത്രമാണ്‌ ധനശാസ്ത്രം. സ്വത്തു സമ്പാദിക്കുകയും സ്വത്തു് ഉപയോഗിക്കുകയും ചെയ്യുന്ന മനുഷ്യന്റെ പ്രവത്തനങ്ങളിൽനിന്നുളവാകുന്ന സാമൂഹ്യപ്രതിഭാസങ്ങളെപ്പററി പ്രതിപാദിക്കുന്ന ശാസ്ത്രമാണ്‌ ധനശാസ്ത്രം എന്നും നമുക്കു് പറയാവുന്നതാണ്‌".

മനുഷ്യർ തങ്ങളുടെ ആവശ്യങ്ങളെ നിറവേററുന്നതെങ്ങിനെയാണ്‌? അറബിക്കഥകളിലെ അലാവുദ്ദീന്റെ വിളക്കുപോലെയോ ഇന്ത്യൻപുരാണകഥകളിലെ പാഞ്ചാലിയുടെ അക്ഷയപാത്രംപോലെയോ ഉള്ള വല്ല അത്ഭുതവിദ്യയുമുണ്ടായിരുന്നുവെങ്കിൽ ഏതാവശ്യവും ഒരു ഞൊടിയിടകൊണ്ടു് നിറവേററാൻ കഴിയുമായിരുന്നു. പക്ഷേ, അലാവുദ്ദീന്റെ വിളക്കു് അറബിക്കഥകളിലും പാഞ്ചാലിയുടെ അക്ഷയപാത്രം പുരാണകഥകളിലും മാത്രമേയുള്ളൂ. യഥാർത്ഥലോകത്തിൽ മനുഷ്യാധ്വാനംകൊണ്ടുമാത്രമേ ആവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയൂ. ഒന്നുകിൽ സ്വയം അദ്ധ്വാനിച്ചു് ആവശ്യമായ വിഭവങ്ങ

ളുണ്ടാക്കാം. അല്ലെങ്കിൽ അടിമകളെക്കൊണ്ടോ കൂലിക്കാരെക്കൊണ്ടോ പണിയെടുപ്പിച്ചു് അവരുടെ അദ്ധ്വാനഫലമുപയോഗിയ്ക്കാം. അതുമല്ലെങ്കിൽപൂർവ്വികന്മാർ അദ്ധ്വാനിച്ചുണ്ടാക്കിവെച്ചതു് എടുത്തു സുഖിയ്ക്കാം. എങ്ങിനെയായാലും, മനുഷ്യാദ്ധ്വാനം കൂടാതെ ഭൗതികാവശ്യങ്ങൾ നേടാൻ കഴികയില്ല. അദ്ധ്വാനമർപ്പിച്ചു് പ്രകൃതിവിഭവങ്ങളെ ഉപയോഗകരങ്ങളായ സാമഗ്രികളാക്കി മാററുകയും അവയെ പരസ്പരം കൈമാറുകയും ചെയ്തുകൊണ്ടാണു് മനുഷ്യർ തങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിയ്ക്കുന്നതു്. വിവിധ രംഗങ്ങളിലുള്ള ഈ സാമ്പത്തികപ്രവർത്തനങ്ങളെപ്പററിയും അവയുടെ പിന്നിലുള്ള സാമൂഹ്യ ബന്ധങ്ങളെപ്പററിയുമാണു് ധനശാസ്ത്രം പ്രതിപാദിയ്ക്കുന്നതു്. മറെറാരുവിധം പറഞ്ഞാൽ, സമുദായത്തിൻെറ നിലനില്പിന്നും വളർച്ചയ്ക്കും ആവശ്യമായ സാമഗ്രികളുടെ ഉല്പാദനവിതരണങ്ങളേപ്പററിയും അവയെ നിയന്ത്രിയ്ക്കുന്ന നിയമങ്ങളെപ്പററിയും പ്രതിപാദിയ്ക്കുന്ന ഒരു ശാസ്ത്രമാണു് ധനശാസ്ത്രം.

ഇത്രത്തോളം പറഞ്ഞതിൽനിന്നു് രണ്ടു കാര്യങ്ങൾ വ്യക്തമാകുന്നതാണു്:

ഒന്നു്: ധനശാസ്ത്രം ഒരു സാമൂഹ്യശാസ്ത്രമാണു്. അതു് മനുഷ്യനെ കേവലം ഒരു വ്യക്തിയെന്ന നിലയ്ക്കല്ല, ഒരു സാമൂഹ്യ ജീവിയെന്ന നിലയ്ക്കാണു് വ്യവഹരിയ്ക്കുന്നതു്. കാടന്മാരുടെ സമുദായത്തിലായാലും ശരി, സോഷ്യലിസ്റ്റ് സമുദായത്തിലായാലും

ശരി, മനുഷ്യർ തങ്ങളുടെ ആവശ്യങ്ങൾ നിറവേററാനുള്ള ഉല്പാദനവിതരണപ്രവർത്തനങ്ങളിലേർപ്പെടുന്നതു് ഒററയ്ക്കൊററയ്ക്കായിട്ടല്ല, സാമൂഹ്യമായിട്ടാണു്; പരസ്പരം സഹകരിച്ചുകൊണ്ടും പരസ്പരം ബന്ധപ്പെട്ടുകൊണ്ടുമാണു്. ഉല്പാദനവിതരണങ്ങൾ വ്യക്തികളുടെ ഇഷ്ടാനിഷ്ടങ്ങളെ ആശ്രയിച്ചല്ല, സവിശേഷങ്ങളായ ചില സാമ്പത്തിക നിയമങ്ങളെ ആശ്രയിച്ചാണിരിയ്ക്കുന്നതു്. ആ സാമ്പത്തിക നിയമങ്ങളുടെ വസ്തുനിഷ്ഠമായ വിശകലനമാണു് ധനശാസ്ത്രം.

രണ്ടു്: ഭൗതികപദാർത്ഥങ്ങളേയും പ്രകൃതിയുടെ പ്രതിഭാസങ്ങളേയും വസ്തുനിഷ്ഠമായി വിശകലനം ചെയ്യുന്ന പ്രകൃതിശാസ്ത്രം, ജ്യോതിശ്ശാസ്ത്രം തുടങ്ങിയ ഭൗതിക ശാസ്ത്രങ്ങളിൽനിന്നും ചരിത്രം, നീതിശാസ്ത്രം, രാഷ്ട്രനീതി തുടങ്ങിയ മററു സാമൂഹ്യശാസ്ത്രങ്ങളിൽനിന്നും വ്യത്യസ്തമായ ഒരു ശാസ്ത്രമാണു് ധനശാസ്ത്രം. മനുഷ്യൻെറ എല്ലാത്തരം സാമൂഹ്യ ബന്ധങ്ങളെപ്പററിയും അതു പരിശോധിയ്ക്കുന്നില്ല. ധനോല്പാദനം, ധനവിതരണം മുതലായ സാമ്പത്തികപ്രവർത്തനങ്ങളെപ്പററിയും അവയുടെ അടിസ്ഥാന നിയമങ്ങളെപ്പററിയുമാണതു പ്രതിപാദിയ്ക്കുന്നതു്.

### ധനശാസ്ത്രത്തിൻെറ ഉപയോഗം

മറെറല്ലാ ശാസ്ത്രങ്ങളുമെന്നപോലെ ധനശാസ്ത്രവും ഒരു പ്രായോഗികശാസ്ത്രമാണു്. മനുഷ്യൻെറ പ്രായോ

ഗിക ജീവിതത്തെ കൂടുതൽ കാമ്യവും കൂടുതൽ സുഖഭൂയിഷ്ഠവുമാക്കുക എന്നതാണതിന്റെ ഉദ്ദേശം.

പ്രകൃതിയുടെ കെട്ടിപ്പിണഞ്ഞ പ്രതിഭാസങ്ങളുടെ പിന്നിലുള്ള നിയമങ്ങളെപ്പറ്റിയാണു് പ്രകൃതിശാസ്ത്രം പ്രതിപാദിയ്ക്കുന്നതു്. ആ നിയമങ്ങൾ മനസ്സിലാക്കുന്നവർക്കു് പ്രകൃതിശക്തികളെ കൂടുതലെളുപ്പത്തിൽ കീഴടക്കുവാനും അവയെ മാനുഷികാവശ്യങ്ങളുമായി പൊരുത്തപ്പെടുത്താനും കഴിയുന്നു. ശരീരശാസ്ത്രത്തിന്റെ പഠനം വൈദ്യശാസ്ത്രത്തിന്റെ അഭിവൃദ്ധിയെ സഹായിക്കുന്നു. വൈദ്യശാസ്ത്രം മനുഷ്യരെ അരോഗദൃഢഗാത്രരാക്കാനുള്ള ഒരുപകരണമാണു്. ഉല്പാദനോപകരണങ്ങളെ പരിഷ്കരിയ്ക്കാനും അങ്ങിനെ മനുഷ്യാദ്ധ്വാനത്തിന്റെ കാഠിന്യത്തെ ലഘൂകരിയ്ക്കാനും ഊർജ്ജതന്ത്രം സഹായിയ്ക്കുന്നു. ഉല്പാദനവിതരണങ്ങളുടെ പിന്നിലുള്ള സാമൂഹ്യനിയമങ്ങളെപ്പറ്റിയാണു് ധനശാസ്ത്രം പ്രതിപാദിയ്ക്കുന്നതു്. രാജ്യത്തിന്റെ സാമ്പത്തികാഭിവൃദ്ധിയെ ത്വരിതപ്പെടുത്തുന്നതെങ്ങിനെ? തൊഴിലില്ലായ്മ പരിഹരിയ്ക്കുന്നതെങ്ങിനെ? ജീവിതത്തോതുയർത്തുന്നതെങ്ങിനെ? മനുഷ്യസമുദായത്തിന്റെയാകെ അഭിവൃദ്ധി കൈവരുത്തുന്നതെങ്ങിനെ?'—സാമൂഹ്യ ജീവിതവുമായി ബന്ധപ്പെട്ട ഇത്തരം നിരവധി പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ അതു് മനുഷ്യനെ സഹായിയ്ക്കുന്നു.

ഊഹമോ ആഗ്രഹമോ അല്ല ശാസ്ത്രത്തിന്റെ അടിസ്ഥാനം. യാഥാർത്ഥ്യങ്ങളെപ്പറ്റിയുള്ള വസ്തുനിഷ്ഠമായ പരിശോധനയിലൂടെയും വിശകലനത്തിലൂടെയും ആവിഷ്കരിയ്ക്കപ്പെടുന്ന പൊതുതത്വങ്ങളാണതിന്റെ ഉള്ളടക്കം. നിലവിലുള്ള യഥാർത്ഥസ്ഥിതിഗതികളുടെ പ്രത്യേകതകൾ മനസ്സിലാക്കിയാലേ അവയെ മനുഷ്യന്റെ നന്മയ്ക്കുവേണ്ടി നിയന്ത്രിയ്ക്കാനും മാററിത്തീർക്കാനും കഴിയൂ. രോഗത്തിന്റെ യഥാർത്ഥസ്ഥിതി മനസ്സിലാക്കാൻ കഴിയാത്ത വൈദ്യന്റെ ചികിത്സ വിജയിയ്ക്കുകയില്ല. സാമ്പത്തികസ്ഥിതിയുടെ സവിശേഷതകൾ മനസ്സിലാക്കിയാൽ മാത്രമേ രാജ്യത്തിന്റെ പൊതുനന്മയ്ക്കാവശ്യമായ സാമ്പത്തിക പരിപാടികളെ വിജയിപ്പിയ്ക്കാൻ കഴിയൂ.

## സാമൂഹ്യപുരോഗതിയുടെ ഉപകരണം

സാമ്പത്തികവ്യവസ്ഥയിലെ വിവിധശക്തികളേതൊക്കെയാണ്? അവ എങ്ങിനെയെല്ലാമാണ് പ്രവർത്തിയ്ക്കുന്നതു്? ആ പ്രവർത്തനങ്ങളുടെ ഫലമെന്തായിരിയ്ക്കും? ഏതുവിധം പ്രവർത്തിച്ചാലാണ് മനുഷ്യന്ന് ഏററവുമധികം നന്മ ലഭിയ്ക്കുക?. ഈ ചോദ്യങ്ങൾക്കെല്ലാം മറുപടി കാണേണ്ടതു് ധനശാസ്ത്രജ്ഞന്റെ കടമയാണ്.

എന്നാൽ, എല്ലാത്തരം സാമ്പത്തികപ്രവർത്തനങ്ങളും വിവിധജനവിഭാഗങ്ങളെ ഒരേതരത്തിലല്ല

ബാധിയ്ക്കുക. ഉദാഹരണത്തിന്നു്, ഒരു വികൃതിക്കുട്ടി, പള്ളിക്കൂടത്തിൽനിന്നു മടങ്ങിപ്പോകുന്ന വഴിയ്ക്കു് ഒരു വീടിന്റെ ഓടുകൾ എറിഞ്ഞു പൊട്ടിയ്ക്കുന്നുവെന്നിരിയ്ക്കട്ടെ. ഓടു പൊട്ടിയാൽ വീട്ടുടമസ്ഥന്നു നഷ്ടമാണു്. പുതിയ ഓടു വാങ്ങി പുര മേയണമെങ്കിൽ പണം ചെലവിടേണ്ടിവരും. പക്ഷേ, ഓടുകൾ നിർമ്മിയ്ക്കുന്ന ഫാക്ടറിയുടമസ്ഥൻ ഇതേ പ്രശ്നത്തെ മറെറാരു വിധത്തിൽ വീക്ഷിച്ചുവെന്നു വരും. അയാളെസ്സംബന്ധിച്ചേടത്തോളം, മറെറാരാളുടെ വീടിന്റെ ഓടുകൾ പൊട്ടിത്തകരുന്നതു് നഷ്ടമല്ല, ലാഭമാണു്! എന്തെന്നാൽ, വീട്ടുടമസ്ഥൻ പുതിയ ഓടുകൾക്കു് ഓർഡർ തന്നാൽ തന്റെ ഫാക്ടറിയിലെ ഉല്പാദനം അഭിവൃദ്ധിപ്പെടുമെന്നു് അയാൾ വിചാരിയ്ക്കുന്നു.

എങ്കിലും, സമുദായത്തിന്റെ പൊതുവിലുള്ള നന്മയ്ക്കു് ഓടുകൾ പൊട്ടി നശിയ്ക്കുന്നതു് നഷ്ടംതന്നെയാണു്. ഫാക്ടറിയുടമസ്ഥന്റെ ഓടുകൾ പുതിയ വീടുകളുണ്ടാക്കാൻ ഉപയോഗിയ്ക്കാവുന്നതാണു്. ഓടിന്നു് ആവശ്യക്കാരില്ലെങ്കിൽ ഉപയോഗകരമായ മറെറന്തെങ്കിലും നിർമ്മിയ്ക്കാൻ വേണ്ടി തൊഴിലാളികളുടെ അദ്ധ്വാനത്തെ ഉപയോഗിയ്ക്കാവുന്നതാണു്. (ഉല്പാദിപ്പിക്കപ്പെടുന്ന ചരക്കുകൾ ഉപയോഗമില്ലാതെ നശിച്ചുപോകുന്നതു് മനുഷ്യാദ്ധ്വാനത്തെ ദുരുപയോഗപ്പെടുത്തലാണു്.

യുദ്ധകാലത്തു് പല പട്ടണങ്ങളും ബോംബിന്നിരയാവുകയുണ്ടായി. മനുഷ്യാദ്ധ്വാനംകൊണ്ടു നിർമ്മിയ്ക്ക

ളപ്പെട്ട പല വിലപ്പിടിച്ച സാമഗ്രികളും വെന്തു വെണ്ണീറായി. യുദ്ധമവസാനിച്ചപ്പോൾ പലതും പുതുതായി നിർമ്മിക്കേണ്ടിവന്നു. ഇതു ലാഭകരമാണോ? പുതിയ മരാമത്തുകളിലേർപ്പെടാനും നശിച്ചുപോയ സാമഗ്രികൾ പുതുതായി നിർമ്മിക്കാനും ഇടവന്നതുകൊണ്ടു് അനേകംപേർക്കു തൊഴിൽ കിട്ടി. അതുപോലെ, ചരക്കുകൾക്കു് വീണ്ടും ആവശ്യക്കാരുണ്ടായതുകൊണ്ടു് മുതലാളികൾക്കു് ലാഭവും കിട്ടി. അതുകൊണ്ടുമാത്രം യുദ്ധകാലത്തെ നാശനഷ്ടങ്ങൾ സ്വാഗതാർഹങ്ങളാണോ? അല്ല. സമുദായത്തിൻെറ പൊതുനന്മയ്ക്കു് നശീകരണപ്രവർത്തനങ്ങൾ ആവശ്യമില്ല. അവ അനർത്ഥകരങ്ങളാണു്; മനുഷ്യാദ്ധ്വാനത്തിൻെറ ദുർവ്യയമാണു്. യുദ്ധമുണ്ടായിട്ടില്ലായിരുന്നുവെങ്കിൽ അദ്ധ്വാനത്തെ ഉപയോഗകരങ്ങളായ മററു സാമഗ്രികൾ നിർമ്മിക്കാൻവേണ്ടി ഉപയോഗിക്കാമായിരുന്നില്ലേ?

മറെറാരുദാഹരണമെടുക്കാം: തൊഴിലാളികളുടെ കൂലി കുറച്ചാൽ മുതലാളികളുടെ കയ്യിൽ കൂടുതൽ പണമുണ്ടാവും. യന്ത്രങ്ങൾ പരിഷ്ക്കരിക്കാനും ഉല്പാദനം അഭിവൃദ്ധിപ്പെടുത്താനും അതുപയോഗിക്കാം. അതുകൊണ്ടു്, മുതലാളിയുടെ വീക്ഷണഗതിയിൽ കൂലി കുറയ്ക്കുന്നതു നല്ലതാണു്, ലാഭകരമാണു്. പക്ഷേ, മറെറാരു വീക്ഷണഗതിയിലൂടെ നോക്കിയാൽ കൂലി കുറയ്ക്കുന്നതു് ഉല്പാദനത്തിൻെറ അഭിവൃദ്ധിയ്ക്കുതന്നെ ഹാനികരമാണു്. കൂലി കുറച്ചാൽ

തൊഴിലാളികൾ ആവശ്യമായ ഉപഭോഗ്സാമഗ്രികൾ വാങ്ങുന്നതു ചുരുക്കും. അതിൻെറ ഫലമായി ഉല്പാദിപ്പിയ്ക്കപ്പെട്ട ചരക്കുകൾ വിററഴിയാതാവും. ചരക്കുകൾ വിററഴിയാതായാൽ ഉല്പാദനം അഭിവൃദ്ധിപ്പെടുകയല്ല, ക്ഷയിയ്ക്കുകയാണു് ചെയ്യുക.

ഇങ്ങിനെ, വിവിധ ജനവിഭാഗങ്ങളുടെ വ്യത്യസ്തങ്ങളോ പരസ്പരവിരുദ്ധങ്ങളോ ആയ താല്പര്യങ്ങളനുസരിച്ചു് സാമ്പത്തികമായ വീക്ഷണഗതികളിൽ വ്യത്യാസമുണ്ടാവാം.

ധനശാസ്ത്രജ്ഞൻെറ കടമ ഏതെങ്കിലുമൊരു ജനവിഭാഗത്തിൻെറ സങ്കുചിതമായ വീക്ഷണഗതിയെ ഉയർത്തിപ്പിടിയ്ക്കുകയല്ല; നേരെമറിച്ചു്, സാമ്പത്തികനയങ്ങൾ സാമൂഹ്യവ്യവസ്ഥയിലുണ്ടാക്കുന്ന മാററങ്ങളെ വസ്തുനിഷ്ഠമായി പരിശോധിയ്ക്കുകയും സമുദായത്തിൻെറ പൊതുക്ഷേമത്തിന്നും സാമൂഹ്യപുരോഗതിയ്ക്കും അവ എത്രകണ്ടു് സഹായകരമാവും എന്നു വ്യക്തമാക്കുകയുമാണു്. മറെറല്ലാ ശാസ്ത്രങ്ങളുമെന്നപോലെ ധനശാസ്ത്രവും സാമൂഹ്യപുരോഗതിയെ സഹായിയ്ക്കാനുള്ള ഒരുപകരണമാണു്.

The Basic economic problem

## ധനശാസ്ത്രത്തിലെ പ്രതിവാദ്യവിഷയം

ഏതു മനുഷ്യന്നും ഒഴിച്ചുകൂടാൻ വയ്യാത്ത ചില വസ്തുക്കളുണ്ടു്. ഉദാഹരണത്തിന്നു്, വായു, സൂര്യ

പ്രകാശം മുതലായവ. എന്നാൽ, യാതൊരദ്ധ്വാനവും കൂടാതെ പ്രകൃതിയിൽനിന്നു സൗജന്യമായി ലഭിയ്ക്കുന്ന ഇത്തരം വസ്തുക്കൾ ധനശാസ്ത്രത്തിൻെറ പരിധിയിലുൾപ്പെടുന്നില്ല. മനുഷ്യാദ്ധ്വാനംകൊണ്ടു നിർമ്മിയ്ക്കപ്പെടുന്ന സ്വത്തുക്കളെപ്പററിയും അവയുടെ ഉല്പാദനം, വിതരണം മുതലായവയേപ്പററിയും മാത്രമാണ് ധനശാസ്ത്രം പ്രതിപാദിയ്ക്കുന്നത്. മറെറാരുവിധം പറഞ്ഞാൽ, ധനശാസ്ത്രപരമായ എല്ലാ സ്വത്തുക്കളുടേയും അടിസ്ഥാനം അദ്ധ്വാനമാണ്, അല്ലെങ്കിൽ ഉല്പാദനമാണ്.

എന്നാൽ, അദ്ധ്വാനിച്ചുണ്ടാക്കപ്പെട്ടതാണ് എന്നതുകൊണ്ടു മാത്രം ഒരു വസ്തു ധനശാസ്ത്രത്തിൻെറ പ്രതിപാദ്യവിഷയമായിക്കൊള്ളണമെന്നില്ല. ഒരാൾ ഒരു കണ്ണാടിച്ചില്ലെടുത്ത് പൊട്ടിച്ചു കഷണം കഷണമാക്കി കൂട്ടിവെയ്ക്കുന്നുവെന്നിരിയ്ക്കട്ടെ. ആയാൾ തീർച്ചയായും അദ്ധ്വാനിയ്ക്കുന്നുണ്ട്. പക്ഷേ, അങ്ങിനെ അദ്ധ്വാനിച്ചുണ്ടാക്കുന്ന ചില്ലിൻകഷണങ്ങൾകൊണ്ട് ആർക്കെന്തുപയോഗമാണുള്ളത്? ഉപയോഗകരമായ, എന്നുവെച്ചാൽ, മനുഷ്യൻെറ എന്തെങ്കിലും ആവശ്യങ്ങളെ തൃപ്തിപ്പെടുത്താനുതകുന്ന, വസ്തുക്കളെപ്പററി മാത്രമേ ധനശാസ്ത്രം പ്രതിപാദിയ്ക്കുന്നുള്ളു. ആവശ്യങ്ങളെ തൃപ്തിപ്പെടുത്താൻ ആ വസ്തുക്കൾക്കുള്ള കഴിവിനെ ഉപയോഗിത അല്ലെങ്കിൽ പ്രയോജനം (Utility) എന്നു പറയുന്നു. മനുഷ്യൻെറ ആവശ്യങ്ങളെ നേരിട്ടോ പരോക്ഷമായോ തൃപ്തിപ്പെടുത്താൻ

കഴിവുള്ള വസ്തുക്കൾക്കു മാത്രമേ ഉപയോഗിതയുള്ളു. പ്രകൃതിവിഭവങ്ങളിൽ അദ്ധ്വാനമർപ്പിച്ചു് ഇത്തരം ഉപയോഗിതയുള്ള വസ്തുക്കൾ നിർമ്മിയ്ക്കുന്നതിനാണു് ഉല്പാദനമെന്നു പറയുന്നതു്.

സ്വന്തമായ ഉല്പാദനോപകരണങ്ങളുള്ള കൈവേലക്കാർ, കരകൗശലക്കാർ മുതലായവർക്കും സ്വന്തം ഭൂമിയിൽ കൃഷിചെയ്യുന്ന സ്വതന്ത്രരായ കൃഷിക്കാർക്കും തങ്ങളുല്പാദിപ്പിയ്ക്കുന്ന സാമഗ്രികളുടെമേൽ പൂർണ്ണമായ ഉടമാവകാശമുണ്ടു്. എന്നാൽ, നമ്മുടെ സമുദായത്തിൽ ഇന്നു മുഖ്യമായ ഉല്പാദനോപകരണങ്ങളെല്ലാം അവയുപയോഗിച്ചുകൊണ്ടു് നേരിട്ടദ്ധ്വാനിക്കുന്നവരുടെ സ്വത്തുക്കളല്ല, മററു ചിലരുടെ സ്വകാര്യസ്വത്തുക്കളാണു്. ഫാക്ടറി ഫാക്ടറിയുടമസ്ഥന്റേതാണു്; അതിൽ പണിയെടുക്കുന്ന തൊഴിലാളികളുടേതല്ല. അതുകൊണ്ടു്, വ്യാവസായികോല്പന്നങ്ങളുടെ ഒരു ഭാഗം കൂലി എന്നപേരിൽ അദ്ധ്വാനത്തിന്റെ ഉടമസ്ഥന്മാരായ തൊഴിലാളികൾക്കും ബാക്കിയുള്ളതു് ലാഭം, പലിശ മുതലായ പേരുകളിൽ ഉല്പാദനോപകരണങ്ങളുടെ ഉടമസ്ഥന്മാരായ മുതലാളികൾക്കും ലഭിയ്ക്കുന്നു. ജന്മിസമ്പ്രദായം നിലവിലുള്ളേടത്തു് കാർഷികോല്പന്നങ്ങളുടെ ഒരു ഭാഗം കൃഷിക്കാർക്കും മറെറാരു ഭാഗം നിലത്തിന്റെ ഉടമസ്ഥന്മാരായ ജന്മികൾക്കും ലഭിയ്ക്കുന്നു. ഇങ്ങിനെ, ഉല്പാദിപ്പിയ്ക്കപ്പെടുന്ന വസ്തുക്കളെല്ലാം ഉല്പാദനവുമായി ബന്ധപ്പെട്ട വിവിധ ജന

വിഭാഗങ്ങൾ തമ്മിൽ പങ്കിട്ടെടുക്കുന്നു. ഈ പങ്കിടലിന്നു് വിതരണം എന്നാണു പറയുന്നതു്.

ഇന്നത്തെ സമുദായത്തിൽ ഓരോരുത്തനും തനിയ്ക്കാവശ്യമുള്ളതെല്ലാം താൻതന്നെ ഉണ്ടാക്കുകയല്ല ചെയ്യുന്നതു്. ഉല്പാദനം നടത്തുന്നതു് ഉല്പാദകന്റെ സ്വന്തം ആവശ്യങ്ങളെ തൃപ്തിപ്പെടുത്താൻ വേണ്ടിയല്ല, മററുള്ളവരുടെ ഉപയോഗത്തിന്നുവേണ്ടിയാണു്. ഉല്പാദിപ്പിയ്ക്കപ്പെടുന്ന സാമഗ്രികളെല്ലാം പരസ്പരം കൈമാറുന്നു. ഇതിന്നു് കൈമാററം അല്ലെങ്കിൽ വിനിമയം എന്നു പറയുന്നു. വിനിമയത്തിന്നുവേണ്ടി ഉല്പാദിപ്പിയ്ക്കപ്പെടുന്ന വസ്തുക്കൾക്കു് ധനശാസ്ത്രത്തിൽ ചരക്കുകൾ എന്നാണു പേർ.

ഉല്പാദനത്തിന്നും വിതരണത്തിന്നും വിനിമയത്തിന്നുമെല്ലാം ഒരുദ്ദേശ്യമുണ്ടു്: ഉപഭോഗം. ഉപഭോഗമെന്നുവെച്ചാൽ മനുഷ്യന്റെ ആഗ്രഹങ്ങളുടേയും ആവശ്യങ്ങളുടേയും നിർവ്വഹണമെന്നർത്ഥം. എല്ലാ ഉല്പാദനവും ഉപഭോഗത്തിന്നുവേണ്ടിയാണു്. ഉല്പാദനം ഒരുപാധിമാത്രമാണു്; ഉപഭോഗമാണു് ലക്ഷ്യം.

ഉപഭോഗം രണ്ടുതരത്തിലുണ്ടു്: സാധാരണ ഉപഭോഗവും ഉല്പാദനപരമായ ഉപഭോഗവും. ഒരു കത്തെഴുതാൻവേണ്ടി കടലാസ്സു് ഉപയോഗിയ്ക്കപ്പെടുന്നു — ഇതു് സാധാരണ ഉപഭോഗമാണു്. നേരേ മറിച്ചു്, ഒരു പ്രസാധകൻ പുസ്തകം നിർമ്മിയ്ക്കാൻ വേണ്ടി കടലാസ്സുപയോഗിയ്ക്കുന്നു — ഇതു് ഉല്പാദന

പരോക്ഷമായ ഉപഭോഗമാണു്. എന്തുകൊണ്ടെന്നാൽ, പുതിയൊരു ചരക്കു് ഉല്പാദിപ്പിയ്ക്കാൻവേണ്ടിയാണു് ആയാൾ കടലാസ്സുപയോഗിയ്ക്കുന്നതു്. നൂലുണ്ടാക്കാൻ വേണ്ടി പരുത്തിയുപയോഗിയ്ക്കുക, തുണിയുണ്ടാക്കാൻ വേണ്ടി നൂലുപയോഗിയ്ക്കുക, ഫാക്റ്ററി പണിയാൻ വേണ്ടി സിമൻറുപയോഗിയ്ക്കുക — ഇതെല്ലാം ഉല്പാദനപരങ്ങളായ ഉപഭോഗങ്ങളാണു്. ഇവിടെ ഉപഭോഗം നേരിട്ടല്ല. ഒരിക്കലുല്പാദിപ്പിയ്ക്കപ്പെട്ട ചരക്കുകൾ പുതിയൊരുൽപ്പാദനമുറയ്ക്കുവേണ്ടി ഉപയോഗിയ്ക്കപ്പെടുകയാണു് ചെയ്യുന്നതു്. ഇങ്ങിനെ, നമ്മുടെ സമുദായത്തിൽ രണ്ടുതരത്തിലുള്ള ചരക്കുകൾ ഉല്പാദിപ്പിയ്ക്കപ്പെടുന്നു: ഉപഭോക്താക്കളുടെ ചരക്കുകളും ഉല്പാദകരുടെ ചരക്കുകളും.

ഇപ്രകാരം, മനുഷ്യരുടെ സാമ്പത്തികബന്ധങ്ങളുടെ വിവിധവശങ്ങളെപ്പററി പ്രതിപാദിയ്ക്കുന്ന ധനശാസ്ത്രത്തെ ഉല്പാദനം, വിതരണം, വിനിമയം, ഉപഭോഗം എന്നിങ്ങിനെ പൊതുവിൽ നാലു ഭാഗങ്ങളായി വിഭജിയ്ക്കാവുന്നതാണു്. സമുദായത്തിൻെറ സാമ്പത്തിക ജീവിതത്തിൽ ഭരണകൂടം വഹിയ്ക്കുന്ന വർദ്ധമാനമായ പങ്കിനെ പരിഗണിച്ചുകൊണ്ടു് Public Finance പൊതുധനകാര്യം അല്ലെങ്കിൽ പബ്ളിക്ക് ഫൈനാൻസ് എന്ന അഞ്ചാമത്തൊരു വിഭാഗംകൂടി ആവശ്യമായിത്തീർന്നിട്ടുണ്ടു്. ഇവയൊക്കെയാണു്, ചുരുക്കിപ്പറഞ്ഞാൽ, ധനശാസ്ത്രത്തിലെ പ്രതിപാദ്യവിഷയം.

രണ്ടാമദ്ധ്യായം

# ഉല്പാദന വ്യവസ്ഥയുടെ വളർച്ച

മനുഷ്യന്റെ പുരോഗതിയോടൊപ്പം ഉൽപ്പാദന സമ്പ്രദായത്തിലും മാററങ്ങളുണ്ടായിട്ടുണ്ട്. ഉൽപ്പാദന സമ്പ്രദായത്തിലുണ്ടായ മാററങ്ങളാണ് മനുഷ്യസമുദായത്തിന്റെ പുരോഗതിയുടെ അടിസ്ഥാനം എന്നു പറയുന്നതാണ് കൂടുതൽ ശരിയായിരിയ്ക്കുക.

സെലിഗ്മാൻ എന്ന ധനശാസ്ത്രജ്ഞൻ ഉൽപ്പാദന സമ്പ്രദായത്തിലുണ്ടായ മാററങ്ങളെ അഞ്ചു ഘട്ടങ്ങളായി തരംതിരിയ്ക്കുന്നുണ്ട്: (1) വന്യമൃഗങ്ങളെ വേട്ടയാടലിന്റെ ഘട്ടം. (2) കന്നുകാലികളെ മേച്ചുവളത്തലിന്റെ ഘട്ടം. (3) കൃഷിയുടെ ഘട്ടം. (4) കച്ചവടത്തിന്റെ ഘട്ടം. (5) വ്യവസായങ്ങളുടെ ഘട്ടം.

ഉൽപ്പാദനരീതിയുടെ മാററങ്ങളുടെ ഫലമായി മനുഷ്യന്റെ സാമൂഹ്യബന്ധങ്ങളിലും മാററങ്ങളുണ്ടാ

യിട്ടുണ്ട്. സാമൂഹ്യബന്ധങ്ങളിലുണ്ടായ മാററങ്ങളേയും അഞ്ചു ഘട്ടങ്ങളായി വിഭജിയ്ക്കാവുന്നതാണ്: (1) പ്രാകൃത കമ്യൂണിസത്തിന്റെ ഘട്ടം. (2) അടിമത്തത്തിന്റെ ഘട്ടം. (3) ഫ്യൂഡലിസത്തിന്റെ ഘട്ടം. (4) മുതലാളിത്തത്തിന്റെ ഘട്ടം. (5) സോഷ്യലിസത്തിന്റെ ഘട്ടം. ഇന്നത്തെ ലോകത്തിലെ ഏററവും പ്രധാനമായ സാമൂഹ്യ വ്യവസ്ഥകൾ മുതലാളിത്തവും സോഷ്യലിസവുമാണ്.

പ്രാകൃത മനുഷ്യർ ആദ്യം മൃഗങ്ങളെ വേട്ടയാടിയും പിന്നീട് കന്നുകാലികളെ പോററിവളത്തിയുമാണ് ഉപജീവനം കഴിച്ചിരുന്നത്. അവർ ഉൽപ്പാദനവും ഉപഭോഗവും നടത്തിയിരുന്നത് ഒററയ്ക്കൊററയ്ക്കായിട്ടല്ല, കൂട്ടംകൂട്ടമായിട്ടാണ്. ഉൽപ്പാദനോപകരണങ്ങളെന്നപോലെ ഉൽപ്പന്നങ്ങളും അക്കാലത്തു കൂട്ടസ്വത്തുക്കളായിരുന്നു. സ്വകാര്യസ്വത്തുണ്ടായിരുന്നില്ല. സമുദായത്തിന്നകത്ത് ധനികനെന്നോ ദരിദ്രനെന്നോ ഉള്ള വ്യത്യാസമുണ്ടായിരുന്നില്ല. ഈ ഘട്ടത്തിന്നാണ് പ്രാകൃത കമ്യൂണിസം എന്നു പറയുന്നത്. സ്വത്തുക്കൾ വർദ്ധിച്ചപ്പോൾ ധനികനെന്നും ദരിദ്രനെന്നുമുള്ള വ്യത്യാസങ്ങളുളവായി. ധനികന്മാർ ദരിദ്രന്മാരെക്കൊണ്ട് അടിമവേല ചെയ്യിച്ചുകൊണ്ട് സ്വത്തുക്കൾ സമ്പാദിയ്ക്കാൻ തുടങ്ങി. ഈ ഘട്ടത്തിന്ന് അടിമത്തത്തിന്റെ ഘട്ടം എന്നു പറയുന്നു. പിന്നീട് നിലമെല്ലാം നാടുവാഴികളുടെ സ്വകാര്യസ്വത്തായിത്തീർന്നു. നിലമുപയോഗിയ്ക്കുന്ന കൃഷിക്കാർ തങ്ങ

ളുടെ ഉൽപ്പന്നങ്ങളുടെ ഒരു ഭാഗം സൗജന്യമായി നിലത്തിൻെറ ഉടമസ്ഥന്മാരായ നാടുവാഴികൾക്ക കൊടുക്കാൻ നിർബദ്ധരായി. നാടുവാഴികൾ കൃഷിക്കാരെക്കൊണ്ടു പണിയെടുപ്പിച്ചു് സ്വത്തുക്കൾ സമ്പാദിക്കാൻ തുടങ്ങി. ഈ ഘട്ടമാണു് ഫ്യൂഡലിസം. Feudalism ഫ്യൂഡൽ വ്യവസ്ഥയിൽ കച്ചവടവും വ്യവസായവും അഭിവൃദ്ധിപ്പെട്ടപ്പോൾ മുതലാളികൾ പ്രാബല്യത്തിലേയ്ക്കുയർന്നു. അങ്ങിനെ മുതലാളിത്തം എന്നപേരിലറിയപ്പെടുന്ന പുതിയ ഘട്ടം ആവിർഭവിച്ചു. മുതലാളിത്ത വ്യവസ്ഥയിൽ ഫാക്ടറി, ഖനി, തോട്ടം, ബാങ്ക് തുടങ്ങിയ ഉൽപ്പാദന വിനിമയോപകരണങ്ങളെല്ലാം മുതലാളികളുടെ സ്വകാര്യസ്വത്തുക്കളാണു്. നേരിട്ടദ്ധ്വാനിക്കുന്ന ഭൂരിപക്ഷക്കാരായ തൊഴിലാളികൾക്ക് സ്വന്തമായ ഉൽപ്പാദനോപകരണങ്ങളില്ല. മുതലാളികളുടെ സ്വകാര്യസ്വത്തുക്കളായ ഉൽപ്പാദനോപകരണങ്ങളെ ആശ്രയിച്ചുകൊണ്ടാണു് അവർ അദ്ധ്വാനിയ്ക്കുകയും ഉപജീവനമാർഗ്ഗം നേടുകയും ചെയ്യുന്നതു്. ഉൽപ്പാദനോപകരണങ്ങളുടെ ഉടമസ്ഥന്മാരായതുകൊണ്ടു് മുതലാളികൾക്ക് തൊഴിലാളികളെക്കൊണ്ടു പണിയെടുപ്പിയ്ക്കാനും അങ്ങിനെ സ്വത്തുക്കൾ സമ്പാദിയ്ക്കാനും സാധിയ്ക്കുന്നു. മുതലാളിയും തൊഴിലാളിയും തമ്മിലുള്ള ബന്ധത്തിൻെറ അടിസ്ഥാനത്തിലാണു്, അതായതു് കൂലിവേലയുടെ അടിസ്ഥാനത്തിലാണു്, മുതലാളിത്തവ്യവസ്ഥയിൽ ഉല്പാദനം നടക്കുന്നതു്. ഉൽപ്പാദിപ്പിയ്ക്കപ്പെടുന്ന ചരക്ക

കൾ വിററഴിച്ചാൽ മുതലാളിയ്ക്കു ലാഭം കിട്ടും. ലാഭമാണ് ഉൽപ്പാദനത്തിൻെറ പ്രചോദനം. ലാഭം കിട്ടുകയില്ലെങ്കിൽ മൂലധനം നിക്ഷേപിച്ച് ചരക്കുകളുല്പാദിപ്പിക്കാൻ ആരും മിനക്കെടുകയില്ല.

111/80.

## INDUSTRY REVELUTION വ്യവസായവിപ്ലവം

ക്രിസ്ത്വാബ്ദം 18-ാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ ഇംഗ്ലണ്ടിലാരംഭിച്ച വ്യവസായവിപ്ലവമാണ് മുതലാളിത്തത്തിൻെറ വളർച്ചയ്ക്കു വലിയ ഉത്തേജനം നല്കിയതു്. അതുവരേയും ഇംഗ്ലണ്ട് ഒരു കാർഷിക രാജ്യമായിരുന്നു. വ്യവസായത്തിൻേറയും വ്യാപാരത്തിൻേറയും ഗതാഗതത്തിൻേറയും സ്ഥിതി പതിനെട്ടാം നൂററാണ്ടിലെ ഇന്ത്യയുടേതിൽനിന്നു വളരെയൊന്നും വ്യത്യസ്തമായിരുന്നില്ല. ഇന്നത്തെപ്പോലെയുള്ള വലിയവലിയ യന്ത്രങ്ങളൊന്നുമുണ്ടായിരുന്നില്ല. പ്രധാനപ്പെട്ട വ്യവസായങ്ങളത്രയും കൈവേലയുടേയും കൈത്തൊഴിലിൻേറയും അടിസ്ഥാനത്തിലായിരുന്നു.

എന്നാൽ, 18-ാം നൂററാണ്ടിൻെറ ഉത്തരാർദ്ധമായപ്പോഴേയ്ക്കും ഇംഗ്ലണ്ടിലെ ഉൽപ്പാദന വ്യവസ്ഥയിലാകെ അത്ഭുതപൂർവ്വമായ ചില പരിവത്തനങ്ങളുണ്ടായി. കുറഞ്ഞ സമയംകൊണ്ടു് കൂടുതൽ ചരക്കുകൾ ഉൽപ്പാദിപ്പിയ്ക്കാൻ സഹായിയ്ക്കുന്ന പലതരം പുതിയ യന്ത്രങ്ങൾ കണ്ടുപിടിയ്ക്കപ്പെട്ടു. ആവിയും

വിദ്യുച്ഛക്തിയുമുപയോഗിച്ച് പ്രകൃതിശക്തികളെ കൂടുതൽ നിയന്ത്രിയ്ക്കാനും അങ്ങിനെ വ്യവസായവും ഗതാഗതവും മുമ്പൊരിയ്ക്കലുമുണ്ടായിട്ടില്ലാത്തവിധം അഭിവൃദ്ധിപ്പെടുത്തിക്കൊണ്ട് മനുഷ്യജീവിതത്തെ കൂടുതൽ സുഖകരമാക്കാനും സഹായിയ്ക്കുന്ന ശാസ്ത്രസംബന്ധിയായ പല കണ്ടുപിടുത്തങ്ങളുമുണ്ടായി. തീവണ്ടിയും തീക്കപ്പലും കമ്പിത്തപ്പാലും സാമൂഹ്യജീവിതത്തിലെ അവിഭാജ്യഘടകങ്ങളായിത്തീർന്നു. ഹാർഗ്രീവ്സിൻെറ സ്പിന്നിങ്ങ് ജെന്നി (1770-ൽ), ആർക്ക്റൈററിൻെറ വാട്ടർ ഫ്രെയിം (1769-ൽ), ക്രോംപ്ടൻെറ മ്യൂൾ (1779-ൽ), വാട്ടിൻെറ സ്റ്റീം എൻജിൻ (1769-ൽ), കാർട്ട്റൈററിൻെറ പവർലൂം (1785-ൽ) മുതലായ പരിഷ്കൃത യന്ത്രങ്ങളുടെ കണ്ടുപിടുത്തങ്ങളാണ് വ്യവസായത്തിലും കൃഷിയിലും ഗതാഗതത്തിലുമെല്ലാം വമ്പിച്ച പരിവർത്തനങ്ങൾ വരുത്തുകയും അങ്ങിനെ അഭിവൃദ്ധിയുടേതായ പുതിയൊരു യുഗത്തിന്നു വഴിതെളിയിയ്ക്കുകയും ചെയ്തതു്.

ഈ വ്യവസായവിപ്ലവമാണ് ഫാക്ടറിയുടെ അടിസ്ഥാനത്തിലുള്ള പുതിയ ഉൽപ്പാദനസമ്പ്രദായത്തെ സൃഷ്ടിച്ചതു്. ചിന്നിച്ചിതറിക്കിടന്നിരുന്ന ചെറുകിട കുടിൽവ്യവസായങ്ങളുടെ സ്ഥാനത്തു് ആയിരക്കണക്കിലുള്ള തൊഴിലാളികളെക്കൊണ്ടു പണിയെടുപ്പിക്കുന്ന വൻകിട ഫാക്ടറികൾ ആവിർഭവിച്ചു. ഉൽപ്പാദനരീതിയിലുണ്ടായ ഈ പുരോഗതി സാമ്പത്തിക സാമൂഹ്യ ബന്ധങ്ങളിലാകെ മാററങ്ങൾ വരു

ത്തീർത്തു. സ്വത്തുക്കളുടെ ഉൽപ്പാദനം അതി വേഗം വർദ്ധിച്ചു. കച്ചവടവും ഗതാഗതവും ബാങ്കിങ്ങും സാഹിത്യവും ശാസ്ത്രവും എല്ലാം അഭിവൃദ്ധിപ്പെട്ടു. ഉൽപ്പാദനോപകരണങ്ങളുടെ ഉടമസ്ഥന്മാരായ മുതലാളികളുടെ കയ്യിലാണു് സാമ്പത്തികാധികാരങ്ങൾ കേന്ദ്രീകരിച്ചതു്. സാമ്പത്തികമായ ശക്തി വളരുന്തോറും അവരുടെ രാഷ്ട്രീയാധികാരങ്ങളും വർദ്ധിച്ചു. ചരക്കുകൾ വിററഴിയ്ക്കാനും വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃത സാമഗ്രികൾ സമ്പാദിയ്ക്കാനും വേണ്ടി പിന്നണിയിൽ കിടക്കുന്ന മററു പല രാജ്യങ്ങളുടേയും മേൽ അവർ ആധിപത്യം നേടി.

ഇംഗ്ലണ്ടിലാണു് ആദ്യമായി വ്യവസായ വിപ്ലവം പൊട്ടിപ്പുറപ്പെട്ടതു് എന്നു പറഞ്ഞുവല്ലോ. പക്ഷേ, ഏറെക്കഴിയുന്നതിനു മുമ്പ് അതു മററു പല രാജ്യങ്ങളിലേയ്ക്കും പരന്നുപിടിച്ചു. അങ്ങനെ യൂറോപ്പിലെ മിക്ക രാജ്യങ്ങളും മുതലാളിത്ത രാജ്യങ്ങളായി മാറി. ഇംഗ്ലണ്ടിനെപ്പോലെതന്നെ ഫ്റാൻസ്, ജമ്മനി, ഹോളണ്ടു് തുടങ്ങിയ മററു രാജ്യങ്ങളും തങ്ങളുടെ വ്യാവസായികച്ചരക്കുകൾ വിററഴിയ്ക്കാനും അസംസ്കൃതസാമഗ്രികൾ സമ്പാദിയ്ക്കാനും വേണ്ടി ഏഷ്യയിലേയും ആഫ്റിക്കയിലേയും അവികസിത രാജ്യങ്ങളെ കീഴടക്കുകയും അവയെ തങ്ങളുടെ കോളണികളാക്കിമാററുകയുംചെയ്തു. അങ്ങിനെ 19-ാം നൂററാണ്ടിൻെറ അവസാനമായപ്പോഴേയ്ക്കും ലോകം മുഴുവനും

ഒരുപിടി വൻകിട മുതലാളിത്തരാഷ്ട്രങ്ങളുടെ കീഴിലായി. പാശ്ചാത്യരാഷ്ട്രങ്ങളുടെ നേതൃത്വത്തിൽ ഒരു ലോകമുതലാളിത്ത സാമ്പത്തികവ്യവസ്ഥയാവിർഭവിച്ചു.

## സോഷ്യലിസം

ഒന്നാം ലോകമഹായുദ്ധത്തിന്നുശേഷം ഈ സ്ഥിതിയിലൊരു മാററമുണ്ടായി. 1917-ൽ റഷ്യയിലെ തൊഴിലാളികൾ ഒരു വിപ്ലവം നടത്തുകയും മുതലാളിത്തം അവസാനിപ്പിച്ച് സോഷ്യലിസം സ്ഥാപിക്കുകയും ചെയ്തു. സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ ഫാക്ടറി, ഖനി, തോട്ടം, ബാങ്ക് തുടങ്ങിയ ഉൽപ്പാദന വിനിമയോപകരണങ്ങളെല്ലാം പൊതുസ്വത്തുക്കളാണ്. അതുകൊണ്ട്, മുതലാളികളുടെ ലാഭത്തിന്നുവേണ്ടിയല്ല, സമുദായത്തിന്റെ ഉപയോഗത്തിന്നും ക്ഷേമത്തിന്നും വേണ്ടിയാണ് ഉൽപ്പാദനം നടത്തപ്പെടുന്നത്. രണ്ടാം ലോകമഹായുദ്ധത്തിന്നുശേഷം ചൈന, പോളണ്ട്, ചെക്കോസ്ലോവാക്കിയ, റുമേനിയ തുടങ്ങിയ മററു ചില രാജ്യങ്ങളും സോഷ്യലിസ്റ്റ് രാജ്യങ്ങളായി മാറി. ഇന്ന് ലോകത്തിന്റെ മൂന്നിലൊരുഭാഗത്ത് സോഷ്യലിസ്റ്റ് വ്യവസ്ഥയാണുള്ളത്. സോഷ്യലിസം സ്ഥാപിയ്ക്കുക എന്നതാണ് നമ്മുടെ രാജ്യത്തിന്റെയും ലക്ഷ്യം. ആ ലക്ഷ്യം മുന്നിൽവെച്ചുകൊ

ണ്ടാണ് ദേശീയ പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടത്തപ്പെട്ടുകൊണ്ടിരിയ്ക്കുന്നതു്.

## ജോയിൻറ് സ്റ്റോക്ക് കമ്പനികൾ

മുതലാളിത്തത്തിൻെറ ആരംഭകാലത്തു് മുതലാളികൾ ഒററയ്ക്കൊററയ്ക്കാണ് മൂലധനം നിക്ഷേപിച്ച് ഫാക്ടറികളും വ്യവസായശാലകളും നടത്തിയിരുന്നതു്. ഒരു ഫാക്ടറിയുടെ ഉടമാവകാശം ഒരു മുതലാളിയ്ക്കുമാത്രമായിരുന്നു. എന്നാൽ, വ്യവസായങ്ങൾ വളരാൻതുടങ്ങിയപ്പോൾ ഒററയ്ക്കൊററയ്ക്കുള്ള സംരംഭങ്ങൾ അപര്യാപ്തമായിത്തീർന്നു. റെയിൽവേ, കപ്പൽ നിർമ്മാണം തുടങ്ങിയ വലിയ വലിയ വ്യവസായ സ്ഥാപനങ്ങൾക്കാവശ്യമായ മൂലധനം മുഴുവനുമിറക്കാൻ ഒരു മുതലാളിയ്ക്ക് ഒററയ്ക്കു സാധ്യമായിരുന്നില്ല. ഈ ഘട്ടത്തിലാണ് ജോയിൻറ് സ്റ്റോക്ക് കമ്പനികൾ അല്ലെങ്കിൽ കൂട്ടുടമക്കമ്പനികൾ ആവിർഭവിച്ചതു്. മുതലാളിത്തരാജ്യങ്ങളിൽ ഇന്നുള്ള വ്യവസായസ്ഥാപനങ്ങളിൽ വലിയൊരു ഭാഗം ജോയിൻറ് സ്റ്റോക്ക് കമ്പനികളാണ്. എന്നുവെച്ചാൽ, ഒരേ കമ്പനിയുടെ മൂലധനത്തിൽ അനേകം വ്യക്തികളുടെ ഷെയറുകൾ അല്ലെങ്കിൽ ഓഹരികൾ അടങ്ങിയിരിക്കുന്നു. വ്യവസായത്തിൽനിന്നുണ്ടാകുന്ന ലാഭം എല്ലാ ഓഹരിയുടമസ്ഥന്മാർക്കും വീതിച്ചുകൊടുക്കപ്പെടുന്നു. കമ്പനിയുടെ ജയാപജയങ്ങളിൽ എല്ലാ

ഓഹരിയുടമസ്ഥന്മാൎക്കും പങ്കുണ്ടായിരിക്കും. ക്ലിപ്തപ്പെടുത്തിയ ബാധ്യതയേ ഓരോ ഓഹരിക്കാരന്നുമുള്ളു. (Limited Liability) അതായതു്, നൂററുറപ്പികയുടെ ഷെയറെടുത്തിട്ടുള്ള ഒരംഗത്തിന്നു് കമ്പനിയെസ്സംബന്ധിച്ചു് ആ ഓഹരിത്തുകയോളമുള്ള ബാധ്യത മാത്രമേ ഉണ്ടായിരിക്കുകയുള്ളു. കമ്പനി പൊളിഞ്ഞുപോവുകയാണെങ്കിൽ ഓരോ ഷെയറുടമസ്ഥനും തന്റെ ഓഹരിത്തുകയുടെ തോതനുസരിച്ചു് കടം വീട്ടാൻ ബാധ്യസ്ഥനായിരിയ്ക്കും. അതുപോലെതന്നെ ലാഭം പങ്കിടുന്നതും ഓഹരിയുടെ തോതനുസരിച്ചാണു്. കൂടുതൽ ഓഹരിയെടുത്തിട്ടുള്ളവൎക്കു് കൂടുതൽ ലാഭം കിട്ടും.

മുഖ്യമായി മൂന്നുതരത്തിലുള്ള ഷെയറുകളുണ്ടു്:

1. സാധാരണ ഷെയറുകൾ (Ordinary Shares): വ്യവസായം നടത്തുന്നതു് സാധാരണ ഓഹരിക്കാരുടെ സമ്മതത്തോടുകൂടിയാണു്. കൊല്ലത്തിലൊരിക്കൽ ഓഹരിക്കാരുടെ സമ്മേളനം കൂടി ലാഭനഷ്ടങ്ങളെപ്പററിയാലോചിയ്ക്കുകയും വരവുചെലവുകൾ പാസ്സാക്കുകയും കമ്പനിയെ കൂടുതൽ അഭിവൃദ്ധിപ്പെടുത്തുന്നതിനെപ്പററിയും ലാഭം വീതിക്കേണ്ട ക്രമത്തെപ്പററിയും മററുമുള്ള തീരുമാനങ്ങളെടുക്കുകയും ചെയ്യുന്നു.

2. വായ്പപ്പങ്കുകൾ അല്ലെങ്കിൽ ഡിബെഞ്ചർ ഷെയറുകൾ (Debenture Shares): കമ്പനിസ്വത്തി

ന്മേൽ പലിശയ്ക്കു കടംകൊടക്കലാണിതു്. വായ്പപ്പങ്കുകാർക്കു് കമ്പനിയുടെ ഭരണത്തിൽ പങ്കില്ല. കമ്പനിയുടെ ഉത്തമർണ്ണന്മാരാണവർ. അവരുടെ നിശ്ചിതമായ പലിശ കൊടുത്തുതീർത്തതിന്നുശേഷമുള്ള ലാഭം മാത്രമേ ഓഹരിക്കാർക്കിടയിൽ വീതിയ്ക്കപ്പെടുകയുള്ളൂ.

3. മേലോഹരികൾ അല്ലെങ്കിൽ പ്രിഫറൻസ് ഷെയറുകൾ (Preference Shares): വായ്പപ്പങ്കുകാരുടെ പലിശ കൊടുത്തുതീർന്നാൽപ്പിന്നെയുള്ള ലാഭത്തിൻെറ ആദ്യത്തെ അവകാശികൾ മേലോഹരിക്കാരാണു്. ലാഭമുണ്ടായാൽ അവർക്കു കൊടുക്കാനുള്ള നിശ്ചിതമായ പങ്കു കൊടുത്തതിന്നു ശേഷമേ സാധാരണ ഓഹരിക്കാർക്കു വീതിക്കുകയുള്ളൂ.

കമ്പനി പിരിച്ചുവിടുമ്പോൾ ആദ്യം വായ്പപ്പങ്കുകാരുടെ പണം മടക്കിക്കൊടുക്കണം. പിന്നെ മേലോഹരിക്കാരുടെ. അവസാനമായിട്ടേ സാധാരണ ഓഹരിക്കാർക്കു ലഭിക്കുകയുള്ളൂ.

നിലവിലുള്ള നിയമങ്ങൾക്കു വിധേയമായി മാത്രമേ ജോയിൻറ് സ്റ്റോക്കു കമ്പനികൾ നടത്താൻ പാടുള്ളൂ. ആദ്യമായി ഏതാനും വ്യക്തികൾ ഒന്നിച്ചു ചേർന്നു് കമ്പനിയുടെ നിയമങ്ങളും നിബന്ധനകളും എഴുതിയുണ്ടാക്കുന്നു. കമ്പനിയുടെ പേരു്, ഉദ്ദേശ്യം, സ്വഭാവം, അധികൃതമൂലധനം മുതലായവയെസ്സംബന്ധിച്ചുള്ള വിശദവിവരങ്ങൾ അതിലടങ്ങിയിരിയ്ക്കും. ഈ നിയമാവലിയ്ക്കു് ഗവമ്മെണ്ടിൻെറ

അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ കമ്പനിയുടെ പ്രവ ത്തനമാരംഭിയ്ക്കാം.

മുൻകയ്യെടുത്ത് നിയമാവലിയെഴുതിയുണ്ടാക്കുകയും കമ്പനി തുടങ്ങാനാവശ്യമായ പ്രാരംഭപ്രവത്തനങ്ങൾ നടത്തുകയും ചെയ്ത വ്യക്തികളുടെ നേതൃത്വത്തിൽ ഓഹരിക്കാരുടെ സമ്മേളനംചേർന്ന് ഏതാനും ഡയറക്ടർമാരെ തിരഞ്ഞെടുക്കുന്നു. ഈ ഡയറക്ടർമാരാണ് കമ്പനിയുടെ ഭരണം നടത്തുകയും പ്രവത്തനങ്ങളെ നിയന്ത്രിയ്ക്കുകയും ചെയ്യുന്നത്. ഓഹരിക്കാക്ക് ഉടമസ്ഥാവകാശമുണ്ടെന്നുള്ളതു ശരിതന്നെ. പക്ഷേ, രാജ്യത്തിന്റെ വിവിധഭാഗങ്ങളിലുള്ള ആയിരക്കണക്കിലുള്ള ഓഹരിക്കാക്ക് പലപ്പോഴും കമ്പനിയുടെ വാർഷികസമ്മേളനങ്ങളിൽ പങ്കെടുക്കാൻ സാധിച്ചുവെന്നു വരില്ല. കൂടുതൽ സ്വാധീനശക്തിയും സാമത്ഥ്യവുമുള്ളവരും ഒട്ടാകെയുള്ള മൂലധനത്തിന്റെ ചെറിയൊരുഭാഗം മാത്രം നിക്ഷേപിച്ചിട്ടുള്ളവരുമായ വ്യക്തികൾ ഡയറക്ടർമാരായി തിരഞ്ഞെടുക്കപ്പെടുന്നു. ഡയറക്ടർമാക്ക് വിപുലമായ അധികാരങ്ങളുണ്ട്. അതുകൊണ്ട് അവക്ക് പല കൃത്രിമങ്ങളും സൂത്രപ്പണികളും പ്രയോഗിച്ച് കമ്പനിയുടെ ലാഭത്തിന്റെ വലിയൊരു പങ്ക് കൈക്കലാക്കാൻ കഴിയുന്നു. വാർഷികസമ്മേളനങ്ങളും ജനാധിപത്യപരമായ തിരഞ്ഞെടുപ്പുകളും മററുമുണ്ടെങ്കിലും ചെറുകിടക്കാരായ നിക്ഷേപകക്ക് കമ്പനിയെ നിയന്ത്രിയ്ക്കാനുള്ള സൗകര്യങ്ങൾ വളരെ പരിമിതമാണ്.

### കുത്തകകൾ

ഓരോ കമ്പനിയും ചരക്കുകളുല്പാദിപ്പിച്ച് മാർക്കററിൽ വില്ക്കുന്നു. സ്വന്തം ചരക്കുകൾക്ക് മാർക്കററു കാണാനും അങ്ങിനെ കൂടുതൽ കൂടുതൽ ലാഭമുണ്ടാക്കാനും വേണ്ടിയാണ് ഓരോ കമ്പനിയും പരിശ്രമിയ്ക്കുന്നത്. സ്വതന്ത്രമായ ഈ മത്സരത്തിൽ ശക്തിയും പ്രാപ്തിയുമുള്ള വലിയ കമ്പനികളാണ് വിജയിയ്ക്കുക എന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ട്, ഓരോ മുതലാളിയും തന്റെ കമ്പനിയെ കൂടുതൽ വലുതാക്കാനും കൂടുതൽ പരിഷ്ക്കരിയ്ക്കാനും പരിശ്രമിയ്ക്കുന്നു. ഈ പരിശ്രമത്തിൽ പരാജയപ്പെടുന്നവർ പൊളിയുകയും വ്യവസായത്തിന്റെ മൂലധനം വലിയ കമ്പനികളിൽ കേന്ദ്രീകരിയ്ക്കുകയും ചെയ്യുന്നു. വലിയ കമ്പനികൾ കൂടുതൽ വലിയ കമ്പനികളായിത്തീരുന്നു. ഇങ്ങിനെ മെല്ലെ മെല്ലെ ഇടവിടാത്ത കമ്പോളമത്സരങ്ങളിലൂടെ ചില കൂററൻ കമ്പനികൾ പ്രത്യക്ഷപ്പെടുന്നു. പിന്നെ കൂററൻ കമ്പനികൾതമ്മിലായി മത്സരം. ഒടുവിൽ ഏതാനും കൂററൻ കമ്പനികൾ യോജിച്ചുകൊണ്ട് കാർട്ടൽ, സിൻഡിക്കേററ്, ട്രസ്റ്റ് എന്നിങ്ങിനെ പലതരത്തിലുമുള്ള കുത്തകകൾ സ്ഥാപിയ്ക്കുന്നു. ഇങ്ങിനെയാണ് പത്തൊമ്പതാം നൂററാണ്ടിന്റെ അവസാനമായപ്പോഴേയ്ക്കും ചെറുകിട കമ്പനികളുടെ സ്വതന്ത്രമത്സരത്തിന്റേയും സ്വതന്ത്ര

വ്യാപാരത്തിൻേറയും സ്ഥാനത്തു് രാജ്യത്തിൻെറ യാകെ ഉല്പാദനവിതരണങ്ങളുടെമേൽ നിർണ്ണായകമായ സ്വാധീനം ചെലുത്താൻ കെല്പുള്ള പ്രബലങ്ങളായ കുത്തകസ്ഥാപനങ്ങൾ ഉയർന്നുവന്നതു്. ചെലവു ചുരുക്കിയും ഉല്പാദനം നിയന്ത്രിച്ചും അതേസമയത്തുതന്നെ വില വർദ്ധിപ്പിച്ചും കൂടുതൽ ലാഭം സമ്പാദിയ്ക്കാൻ കുത്തകകൾക്ക സാധിയ്ക്കുന്നു. മുതലാളിത്ത രാജ്യങ്ങളുടെ ഇന്നത്തെ സാമ്പത്തികജീവിതത്തിൽ ആധിപത്യം വഹിയ്ക്കുന്നതു് ഇത്തരം കുത്തകസ്ഥാപനങ്ങളാണു്.

## സ്റ്റേററ് വ്യവസായങ്ങൾ

ജോയിൻറ്സ്റ്റോക്ക കമ്പനികളായാലും ശരി, കുത്തകക്കമ്പെനികളായാലും ശരി, സ്വകാര്യസ്ഥാപനങ്ങളെല്ലാം ലാഭത്തിന്നുവേണ്ടിയാണു് പ്രവൎത്തിയ്ക്കുന്നതു്. ഏതു വ്യവസായത്തിൽനിന്നാണോ കൂടുതൽ ലാഭം കിട്ടാനിടയുള്ളതു് ആ വ്യവസായത്തിൽ മൂലധനം നിക്ഷേപിയ്ക്കാനാണു് എല്ലാവരും ഇഷ്ടപ്പെടുക. ലാഭമില്ലാത്ത രംഗങ്ങളിൽ മൂലധനം നിക്ഷേപിയ്ക്കാൻ ആളുണ്ടാവില്ല. എന്നാൽ, ലാഭമില്ലെങ്കിൽക്കൂടി സമുദായത്തിന്നത്യാവശ്യമായ ചില കാര്യങ്ങൾക്കു് പണം ചെലവിടേണ്ടിവരും. ഗവമ്മെണ്ടുകൾ നേരിട്ടാണു് അത്തരം കാര്യങ്ങൾ ഏറെറടുത്തു നടത്തുന്നതു്.

മിക്ക രാജ്യങ്ങളിലും കേന്ദ്രഗവമ്മേണ്ടിൻേറയോ സ്റ്റേററ്ഗവമ്മേണ്ടുകളുടേയോ തദ്ദേശഭരണസമിതികളുടേയോ നേതൃത്വത്തിലുള്ള ചില പൊതുസ്ഥാപനങ്ങളുണ്ട്. തപ്പാൽ, കമ്പി, റയിൽവേ, വിദ്യുച്ഛക്തി, ജലസേചനപദ്ധതികൾ മുതലായവ ഉദാഹരണങ്ങളാണ്. ആദ്യകാലത്ത് നഷ്ടം പററുമെങ്കിൽക്കൂടി കുറേക്കഴിഞ്ഞാൽ ഇത്തരം സ്ഥാപനങ്ങൾക്ക് ചിലപ്പോൾ ലാഭമുണ്ടായെന്നും വരാം. എന്നാൽ, ലാഭമായാലും ശരി, നഷ്ടമായാലും ശരി, ഇവയെല്ലാം സമുദായത്തിന്നാവശ്യമാണ്.

ലാഭം കിട്ടുമെന്നുറപ്പുള്ള വ്യവസായങ്ങളിൽ തന്നെ, പ്രത്യേകിച്ചും ധാരാളം മൂലധനനിക്ഷേപങ്ങൾ ആവശ്യമായിവരുന്ന ചില അടിസ്ഥാനവ്യവസായങ്ങളിൽ ഗവമ്മേണ്ടുകൾ പണമിറക്കാറുണ്ട്. ആധുനികസ്റ്റേററുകൾ നിയമസമാധാനം പാലിയ്ക്കുകയും നിലവിലുള്ള സാമൂഹ്യക്രമത്തെ കാത്തുരക്ഷിയ്ക്കുകയും മാത്രമല്ല, വ്യവസായസ്സംരംഭങ്ങളിലും മററു ദേശീയ പുനർനിമ്മാണപ്രവത്തനങ്ങളിലും താല്പയ്യം പ്രകടിപ്പിയ്ക്കുകകൂടി ചെയ്യുന്നു. അങ്ങിനെ വ്യാവസായികരംഗത്തിൽ സ്വകായ്യമേഖലയോടൊപ്പം ഒരു പൊതുമേഖലയും നിലനില്ക്കുന്നു.

മൂലധനം സംഭരിയ്ക്കാനും വ്യവസായപ്രവത്തനങ്ങളിൽ കൂടുതൽ വൈദഗ്ധ്യമുള്ളവരുടെ സേവനം നേടാനും വിദേശരാജ്യങ്ങളിൽ സ്വാധീനം ചെലു

ത്താനും മററും സ്വകാര്യവ്യക്തികളെ അപേക്ഷിച്ച് സ്റ്റേററിന്നാണു കൂടുതൽ കഴിവുള്ളതു്. ലാഭമുണ്ടാവുകയാണെങ്കിൽ അതു വ്യക്തികൾക്കു വിട്ടുകൊടുക്കാതെ സമുദായത്തിന്റെ പൊതുതാല്പര്യങ്ങൾക്കു വേണ്ടി ഉപയോഗിയ്ക്കുകയും ചെയ്യാം.

കല്ക്കരി, ഇരുമ്പ് തുടങ്ങിയ വൻകിട ഘനവ്യവസായങ്ങളാണു് വ്യവസായവല്ക്കരണത്തിന്റെ അടിത്തറ. ഇത്തരം അടിസ്ഥാനവ്യവസായങ്ങളെ നിയന്ത്രിയ്ക്കുന്നവക്കു് മററു വ്യവസായങ്ങളേയും നിയന്ത്രിയ്ക്കാൻ കഴിയുന്നു. അതുകൊണ്ടാണു് ഒരു പദ്ധതിയനുസരിച്ച് സമുദായത്തിന്റെ സർവ്വതോമുഖമായ സാമ്പത്തികജീവിതത്തെ അഭിവൃദ്ധിപ്പെടുത്തണമെന്നാഗ്രഹിയ്ക്കുന്ന രാജ്യങ്ങളിൽ അടിസ്ഥാനവ്യവസായങ്ങളെല്ലാം സ്റ്റേററുടമയിലായിരിയ്ക്കണമെന്നു വാദിയ്ക്കപ്പെടുന്നതു്.

## സഹകരണാടിസ്ഥാനത്തിലുള്ള വ്യവസായങ്ങൾ

മിക്ക രാജ്യങ്ങളിലും സഹകരണാടിസ്ഥാനത്തിലുള്ള ചില വ്യവസായസംരംഭങ്ങൾ ഉയർന്നുവന്നിട്ടുണ്ടു്. കച്ചവടക്കാക്കും മുതലാളികൾക്കും കിട്ടുന്ന ലാഭം ഉപഭോക്താക്കൾക്കും ഉല്പാദകന്മാക്കും ലഭിയ്ക്കണമെന്നതാണു്. അനേകം വ്യക്തികളുടെ ഷെയറുകൾ

കൊണ്ടു രൂപവല്ക്കരിയ്ക്കപ്പെടുന്ന സഹകരണസംഘങ്ങളുടെ ഉദ്ദേശ്യം. ഉപഭോക്താക്കളുടെ സഹകരണസംഘങ്ങളും ഉല്പാദകന്മാരുടെ സഹകരണസംഘങ്ങളുമുണ്ടു്. ഉപഭോക്താക്കളുടെ സംഘങ്ങൾ വിതരണത്തിലാണു് ശ്രദ്ധിയ്ക്കുന്നതു്. ഉല്പാദകന്മാരിൽനിന്നു് നേരിട്ടു ചരക്കുകൾ വാങ്ങി, മദ്ധ്യവർത്തികളുടെ സഹായം കൂടാതെ, സംഘത്തിലെ അംഗങ്ങൾക്കു കുറഞ്ഞ വിലയ്ക്കു വില്ക്കുക എന്നതാണു് അവയുടെ പ്രധാനമായ പ്രവൃത്തി. ക്രയവിക്രയത്തിൽനിന്നു് ഉണ്ടാകുന്ന ലാഭം ഓരോരുത്തനും നിക്ഷേപിച്ച ഓഹരിത്തുകയുടേയും വാങ്ങിയ ചരക്കുകളുടെ മൊത്തം വിലയുടേയും അടിസ്ഥാനത്തിൽ അംഗങ്ങൾക്കിടയിൽ വീതിച്ചുകൊടുക്കപ്പെടുന്നു.

അദ്ധ്വാനിയ്ക്കുന്നവർതന്നെ നേരിട്ടു് ഓഹരികളെടുത്തു് മൂലധനം സംഭരിച്ചു് സ്ഥാപിയ്ക്കുന്ന സംഘങ്ങളാണു് ഉല്പാദകന്മാരുടെ സഹകരണസംഘങ്ങൾ. ചരക്കുകളുല്പാദിപ്പിയ്ക്കാൻ മാത്രമല്ല, മദ്ധ്യവർത്തികളുടെ സഹായം കൂടാതെ അവയെ നേരിട്ടു വിററഴിയ്ക്കാനും ഇത്തരം സംഘങ്ങൾക്കു സാധിയ്ക്കുന്നു. ലാഭമുണ്ടായെങ്കിൽ എല്ലാ അംഗങ്ങൾക്കുംകൂടി പങ്കിട്ടെടുക്കാം. നഷ്ടമാണെങ്കിൽ അതു് എല്ലാവരുംകൂടി സഹിയ്ക്കുകയും വേണം. ഇത്തരം സംഘങ്ങളിൽ ഉല്പാദകന്മാരും ഉടമസ്ഥന്മാരും വിതരണക്കാരും എല്ലാം നേരിട്ടദ്ധ്വാനിയ്ക്കുന്ന തൊഴിലാളികളാണു്.

സഹകരണസംഘങ്ങൾക്കു ഗവമ്മെണ്ടിൽനിന്നു സാമ്പത്തികവും മററുമായ ചില സഹായങ്ങൾ ലഭിയ്ക്കാറുണ്ടു്. എങ്കിലും, സാധാരണക്കാരായ ജനങ്ങൾക്കു പരിഷ്കൃത യന്ത്രോപകരണങ്ങളുള്ള വൻകിടക്കാരായ മുതലാളികളുമായി മത്സരിച്ചുകൊണ്ടു് വൻതോതിലുള്ള മൂലധനങ്ങൾ സംഭരിയ്ക്കാനോ ചരക്കുകൾ വിററഴിയ്ക്കാനോ എല്ലായ്പോഴും സാധിച്ചുവെന്നു വരില്ല. മാക്കററു മത്സരത്തിൽ വിജയം നേടാനാവശ്യമായ നടപടികളും മുൻകരുതലുകളും ഗവമ്മെണ്ടു സഹായങ്ങളുമുണ്ടെങ്കിൽ മാത്രമേ സഹകരണസംഘങ്ങൾക്കു നിലനില്ക്കാനും വളരാനും കഴിയുകയുള്ളു.

## ഇന്ത്യയുടെ ഉല്പാദനവ്യവസ്ഥ

ഇന്ത്യ ഇന്നും വ്യാവസായികമായി വളരെ പിന്നണിയിലുള്ള ഒരു രാജ്യമാണു്. 70 ശതമാനത്തിലധികം ജനങ്ങൾ കൃഷിയെ ആശ്രയിച്ചാണു് ജീവിയ്ക്കുന്നതു്. യന്ത്രോപകരണങ്ങൾക്കു മാത്രമല്ല മുഖ്യമായ ഉപഭോഗസാമഗ്രികൾക്കുപോലും വിദേശവ്യവസായങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. ഒന്നരനൂററാണ്ടുകാലം തുടർന്നുപോന്ന ബ്രിട്ടീഷുഭരണമാണു് ഈ നില വരുത്തിവെച്ചതു്. എന്നാൽ, സ്വാതന്ത്ര്യം കിട്ടിയതിന്നുശേഷം ഈ സ്ഥിതിയ്ക്കൊരു മാററമുണ്ടാവാൻ തുടങ്ങിയിട്ടുണ്ടു്. ഇന്ത്യയെ ഒരു വ്യാവസായികരാജ്യമാക്കി മാററാനുള്ള ബോധപൂവ്വമായ പരിശ്ര

മങ്ങൾ ആരംഭിച്ചുകഴിഞ്ഞിരിയ്ക്കുന്നു. ഒന്നാംപഞ്ചവത്സരപദ്ധതി പ്രധാനമായും കാർഷികാഭിവൃദ്ധിയെ ഉന്നംവെച്ചുകൊണ്ടുള്ളതായിരുന്നു. പദ്ധതിയ്ക്കുവേണ്ടി ഒട്ടാകെ നിക്ഷേപിച്ച സംഖ്യയുടെ 7 ശതമാനം മാത്രമാണ് വ്യവസായങ്ങൾക്കുവേണ്ടി നീക്കിവെയ്ക്കപ്പെട്ടത്. എങ്കിലും ഒന്നാംപദ്ധതിയുടെ കാലത്തുതന്നെ സിന്ധ്റി ഫെർട്ടിലൈസർ ഫാക്ടറി, ചിത്തരഞ്ജൻ ലോകോമോട്ടീവ് വർക്ക്സ്, ബാംഗ്ളൂരിലെ ടെലഫോൺ ഫാക്ടറി, പെരമ്പൂരിലെ കോച്ച് ഫാക്ടറി, ബാംഗ്ളൂരിലെ ഹിന്ദുസ്ഥാൻ മെഷീൻ ടൂൾഫാക്ടറി എന്നിങ്ങനെ മുഖ്യമായ ചില വ്യവസായങ്ങൾ സ്ഥാപിയ്ക്കപ്പെടുകയുണ്ടായി. രണ്ടാംപഞ്ചവത്സരപദ്ധതിയിൽ വ്യവസായവല്ക്കരണത്തിന്നു കൂടുതൽ സ്ഥാനം നല്കപ്പെട്ടിരിക്കുന്നു. ഇരുമ്പ്, ഉരുക്ക്, കല്ക്കരി തുടങ്ങിയ അടിസ്ഥാനവ്യവസായങ്ങളെ അതിവേഗം വളർത്താതെ വ്യവസായവല്ക്കരണം വിജയിയ്ക്കുകയില്ല. ഇത്തരം വൻകിടവ്യവസായങ്ങളിൽ ചിലത് സ്റ്റേറ്റുടമയിലുള്ള പൊതുവിഭാഗത്തിലാണ്. പക്ഷേ, അതേസമയത്തുതന്നെ മുതലാളികളുടെ നേതൃത്വത്തിലുള്ള സ്വകാര്യവിഭാഗത്തിന്നും പ്രോത്സാഹനം നല്കപ്പെടുന്നുണ്ട്.

ഇന്ത്യയിലെ പ്രധാനപ്പെട്ട വ്യവസായങ്ങളിൽ പലതും കുത്തകസ്ഥാപനങ്ങളാണ്. ചില കുത്തകസ്ഥാപനങ്ങൾ വിദേശികളായ മുതലാളികളുടെ ഉടമയിലാണ്. എന്നാൽ, അതേസമയത്തുതന്നെ ഒട്ടന

വധി ജോയിൻറ് സ്റ്റോക്ക് കമ്പനികളും സ്വകാര്യ മുതലാളികളുടെ സ്വതന്ത്രസ്ഥാപനങ്ങളും നിലനില്ക്കുന്നുണ്ട്.

വൻകിട വ്യവസായങ്ങൾ അടുത്തകാലത്തായി വളരെ വേഗം വളരാൻ തുടങ്ങിയിട്ടുണ്ടെങ്കിലും ഇന്ത്യ ഇന്നും ചെറുകിട ഉല്പാദനത്തിൻെറ നാടാണ്. ഒട്ടാകെയുള്ള ഉല്പന്നങ്ങളുടെ ഗണ്യമായ ഭാഗം ചെറുകിട വ്യവസായങ്ങളിൽനിന്നും കുടിൽവ്യവസായങ്ങളിൽ നിന്നുമാണ് ലഭിയ്ക്കുന്നത്. ഇന്നത്തെ സ്ഥിതിയിൽ ദേശീയോല്പാദനം വർദ്ധിപ്പിയ്ക്കുന്നതിലും ജനങ്ങൾക്കു തൊഴിൽ നല്കുന്നതിലും ഇത്തരം ചെറുകിടവ്യവസായങ്ങൾക്കു വലിയൊരു പങ്കുണ്ട്. അതുകൊണ്ടാണ് രണ്ടാംപഞ്ചവത്സരപദ്ധതിയിൽ വൻകിടവ്യവസായങ്ങളോടൊപ്പം ചെറുകിടവ്യവസായങ്ങളേയും കുടിൽ വ്യവസായങ്ങളേയും പ്രോത്സാഹിപ്പിയ്ക്കാൻ നടപടികളെടുത്തിട്ടുള്ളതു്.

മൂന്നാമദ്ധ്യായം

Factors of Production

## ഉല്പാദനത്തിൻെറ ഘടകങ്ങൾ

Land, Labour, Capital and organization

പ്രകൃതിവിഭവങ്ങളിൽ അദ്ധ്വാനം ചെലുത്തിക്കൊണ്ടു് അവയിൽനിന്നു് ആവശ്യമായ പുതിയ വസ്തുക്കൾ നിർമ്മിയ്ക്കുന്നതിന്നാണു് ഉല്പാദനമെന്നു പറയുന്നതു്. ഉല്പാദനം നടത്താൻ ഉല്പാദനോപകരണങ്ങൾ വേണം. ഉല്പാദനോപകരണങ്ങൾ എന്നുവെച്ചാൽ, പ്രകൃതിയിൽ അദ്ധ്വാനമർപ്പിച്ചു് ഉപയോഗകരങ്ങളായ സാമഗ്രികൾ നിർമ്മിയ്ക്കാനാവശ്യമായ ഉപകരണങ്ങൾ എന്നാണർത്ഥം. ഉല്പാദനോപകരണങ്ങളിൽ പല ഭാഗങ്ങളുമടങ്ങിയിരിയ്ക്കുന്നു. ഒന്നാമതായി പണിയായുധങ്ങൾ. കൈവേലക്കാരൻെറ കോടാലിയും ചുററികയും മുതൽ വ്യവസായയുഗത്തിലെ പടുകൂററൻ യന്ത്രങ്ങൾവരെയുള്ളതെല്ലാം പണിയായുധങ്ങളാണു്. രണ്ടാമതായി അസംസ്കൃത raw-material പദാർത്ഥങ്ങൾ. തുണിയുണ്ടാക്കാൻ പരുത്തി വേണം.

മേശയുണ്ടാക്കാൻ മരം വേണം. പരുത്തി, മരം മുതലായവയെല്ലാം അസംസ്കൃതപദാർത്ഥങ്ങളാണ്. എന്നാൽ, ഉല്പാദനത്തിന്ന് യന്ത്രങ്ങളും അസംസ്കൃതപദാർത്ഥങ്ങളും മാത്രം പോരാ. കെട്ടിടം വേണം. എണ്ണ, കല്ക്കരി മുതലായ സഹായകസാമഗ്രികൾ വേണം. ഈ ഉപകരണങ്ങളെയെല്ലാം പൊതുവിൽ മൂലധനമെന്നു പറയുന്നു. മൂലധനത്തിന്റെ സഹായത്തോടുകൂടി പ്രകൃതിവിഭവങ്ങളിൽ മനുഷ്യാദ്ധ്വാനമർപ്പിച്ചുകൊണ്ടാണ് ഉല്പാദനം നടത്തപ്പെടുന്നത്. അപ്പോൾ, ഉല്പാദനത്തിന്ന് നിലം അല്ലെങ്കിൽ പ്രകൃതിവിഭവങ്ങൾ, മൂലധനം, അദ്ധ്വാനം എന്നിങ്ങിനെ മൂന്നു ഘടകങ്ങൾ ആവശ്യമാണ്. എന്നാൽ, മൂലധനം അല്ലെങ്കിൽ ഉല്പാദനോപകരണങ്ങൾതന്നെ, അവസാന വിശകലനത്തിൽ, പ്രകൃതിവിഭവങ്ങളിൽ അദ്ധ്വാനമർപ്പിച്ചുണ്ടാക്കപ്പെട്ടവയാണ്. അതുകൊണ്ടു്, ചില ധനശാസ്ത്രജ്ഞന്മാർ ഉല്പാദനത്തിന്റെ അവശ്യഘടകങ്ങളായി നിലം അല്ലെങ്കിൽ പ്രകൃതിവിഭവങ്ങൾ, മനുഷ്യാദ്ധ്വാനം എന്നിങ്ങിനെ രണ്ടു ഘടകങ്ങളെ മാത്രമേ അംഗീകരിയ്ക്കുന്നുള്ളൂ. നേരെമറിച്ച്, മററു ചില ധനശാസ്ത്രജ്ഞന്മാരാകട്ടെ, മൂലധനം, നിലം, അദ്ധ്വാനം എന്നിവയ്ക്കുപുറമേ വ്യവസായസംവിധാനം എന്ന നാലാമത്തൊരു ഘടകംകൂടിയുണ്ടെന്നു പറയുന്നു.

## സംവിധാനം

വ്യവസായങ്ങളെ സമർത്ഥമായും ലാഭകരമായും നടത്താനാവശ്യമായ വൈദഗ്ധ്യം, ആസൂത്രണം, കണക്കുവെയ്ക്കൽ, മേൽനോട്ടം, മാനേജ്മെൻറ് മുതലായവയാണ് പൊതുവിൽ സംവിധാനം എന്നു പറയുന്നത്. ഇത്തരം കാര്യങ്ങളുടെ ചുമതല വഹിയ്ക്കുന്ന വ്യക്തിയെ വ്യവസായസംവിധായകൻ അല്ലെങ്കിൽ വ്യവസായസംഘടകൻ എന്നു വിളിയ്ക്കുന്നു. ഏതു വ്യവസായമാണു നടത്തേണ്ടത് എന്നും അതിന്നാവശ്യമായ ഘടകങ്ങളെ ഏതുക്രമത്തിലാണു കൂട്ടിയോജിപ്പിയ്ക്കേണ്ടത് എന്നും ഉല്പാദിപ്പിയ്ക്കുന്ന ചരക്കുകൾ വിററഴിയ്ക്കേണ്ടതെങ്ങിനെ എന്നും മററും തീരുമാനിയ്ക്കുന്നത് സംവിധായകനാണ്.. സാധാരണമായി ഉല്പാദനോപകരണങ്ങളുടെ ഉടമസ്ഥന്മാരായ മുതലാളികളോ അവരുടെ കീഴിലുള്ള ശമ്പളക്കാരോ ആണ് സംവിധാനം നടത്തുന്നത്. വ്യവസായത്തിന്റെ സംവിധാനത്തിൽ അദ്ധ്വാനിയ്ക്കുന്ന തൊഴിലാളികൾക്കുകൂടി പങ്കുണ്ടായിരിയ്ക്കണമെന്ന് ഇന്ത്യയേപ്പോലുള്ള രാജ്യങ്ങൾ കരുതുന്നു. സോഷ്യലിസ്റ്റ് രാജ്യങ്ങളിലാണെങ്കിൽ, സംവിധാനം തികച്ചും തൊഴിലാളികളുടെ നേതൃത്വത്തിലാണ്. മുതലാളിത്തരാജ്യങ്ങളിൽത്തന്നെ കൈവേല, കുടിൽവ്യവസായം, കരകൗശലം മുതലായ രംഗങ്ങളിൽ ഉല്പാദനോപകരണങ്ങളുടെ ഉടമസ്ഥന്മാർ ഒരേസമയത്തുതന്നെ അദ്ധ്വാ-

നിയ്ക്കുന്നവരും സംവിധാനം നടത്തുന്നവരുമാണു്. ഏതു സാമൂഹ്യവ്യവസ്ഥയിലായാലും വ്യവസായങ്ങൾക്കു് സംവിധാനം കൂടിയേകഴിയൂ. പക്ഷേ, എല്ലാപ്പോഴും അതു് ഉല്പാദനത്തിന്റെ ഒരു പ്രത്യേക ഘടകമായി കണക്കാക്കപ്പെടുന്നില്ല.

## മൂലധനം

സ്വന്തമായ ഉല്പാദനോപകരണങ്ങളില്ലാത്ത തൊഴിലാളികൾ മുതലാളികളുടെ മൂലധനമുപയോഗിച്ചുകൊണ്ടാണു് അദ്ധ്വാനിയ്ക്കുകയും സ്വത്തുക്കളുല്പാദിപ്പിയ്ക്കുകയും ചെയ്യുന്നതു്. മുതലാളി പണം ചെലവിട്ടു് കെട്ടിടം നിർമ്മിയ്ക്കുകയും യന്ത്രങ്ങളും അസംസ്കൃതസാമഗ്രികളും സഹായകസാമഗ്രികളും മററും ശേഖരിയ്ക്കുകയും ചെയ്യുന്നു. പക്ഷേ, ഇത്രയും സാമഗ്രികൾ കൊണ്ടുമാത്രം ഉല്പാദനം നടക്കുകയില്ല. ഉല്പാദനം നടക്കണമെങ്കിൽ തൊഴിലാളികൾ അദ്ധ്വാനിയ്ക്കുകകൂടി വേണം. തൊഴിലാളികൾ അദ്ധ്വാനിയ്ക്കണമെങ്കിലോ, അവൎക്കു കൂലി കിട്ടണം. അതുകൊണ്ടു്, മൂലധനത്തിന്റെ ഒരു ഭാഗം തൊഴിലാളികൾക്കു കൂലികൊടുക്കാൻവേണ്ടി നീക്കിവെയ്ക്കപ്പെടുന്നു.

ചരക്കുകളുല്പാദിപ്പിച്ചാൽ മാത്രം പോരാ, അവയെ വിററഴിയ്ക്കുകകൂടി വേണം. വ്യവസായം നടത്തുന്ന മുതലാളി ആവശ്യക്കാൎക്കു് നേരിട്ടു ചരക്കുകൾ വില്ക്കാ

റില്ല. അതിന്നു വ്യാപാരികളുണ്ടു്. വ്യാപാരികൾ പണംമുടക്കി വ്യവസായമുതലാളിയിൽനിന്നു് ചരക്കുകൾ വാങ്ങി ശേഖരിച്ചുവെയ്ക്കുകയും ആവശ്യക്കാൎക്ക വില്ക്കുകയും ചെയ്യുന്നു. വ്യാപാരി തൻെറ കയ്യിലുള്ള ചരക്കുകൾ വില്ക്കുകയും വ്യവസായമുതലാളിയിൽ നിന്നു് വീണ്ടും ചരക്കുകൾ വരുത്തുകയും ചെയ്താലേ ഉല്പാദനം തുടർച്ചയായി നടക്കുകയുള്ളു. യന്ത്രം, അസംസ്കൃതപദാൎത്ഥങ്ങൾ, തൊഴിലാളികളുടെ അദ്ധ്വാനം എന്നിവയുപയോഗിച്ചു് നിൎമ്മിയ്ക്കപ്പെടുന്ന ചരക്കുകൾ വിററു പണമാക്കുകയും ആ പണം വീണ്ടും മൂലധനമായി നിക്ഷേപിയ്ക്കുകയുമാണു് മുതലാളി ചെയ്യുന്നതു്. മൂലധനം ചരക്കുകളായും ചരക്കുകൾ വിററുകിട്ടുന്ന പണം വീണ്ടും മൂലധനമായും രൂപാന്തരപ്പെടുന്നു. ഈ മാററത്തിന്നാണു് ധനശാസ്ത്രജ്ഞന്മാർ മൂലധനത്തിൻെറ പരിക്രമണം (Circulation of Capital) എന്നു പറയുന്നതു്.

മൂലധനത്തിൻെറ എല്ലാ ഭാഗങ്ങളും ഒരേ ഗതിവേഗത്തിലല്ല പരിക്രമണംനടത്തുന്നതു്. കെട്ടിടവും യന്ത്രങ്ങളും വളരെക്കാലം നിലനില്ക്കുന്നവയാണു്. അതുകൊണ്ടു് വളരെ കൊല്ലങ്ങൾക്കശേഷം മാത്രമേ പുതിയ യന്ത്രങ്ങൾ വാങ്ങേണ്ടിവരികയുള്ളു. മറെറാരു വിധം പറഞ്ഞാൽ, യന്ത്രങ്ങൾ കുറേശ്ശെ കുറേശ്ശെയായി മാത്രമേ ചരക്കുകളിലേയ്ക്കു പരിക്രമണംചെയ്തു് പണമായി രൂപാന്തരപ്പെടുകയുള്ളു. ഒരു യന്ത്രം ഇരുപതുകൊല്ലം നിലനില്ക്കുമെങ്കിൽ അതിൻെറ വില

യുടെ ഇരുപതിലൊരംശം മാത്രമേ കൊല്ലംതോറും ചരക്കുകളുടെ വിലയിൽ ചെന്നു ലയിയ്ക്കുകയുള്ളു. ഇരുപതുകൊല്ലങ്ങൾക്കു ശേഷം പുതിയ യന്ത്രം വാങ്ങാൻ വേണ്ടി മുതലാളി കൊല്ലംതോറും യന്ത്രത്തിന്റെ വിലയുടെ ഇരുപതിലൊരംശം തേമാനമെന്നപേരിൽ നീക്കിവയ്ക്കുന്നു. അസംസ്കൃതസാമഗ്രികൾ, സഹായകസാമഗ്രികൾ, തൊഴിലാളികളുടെ അദ്ധ്വാനശക്തി എന്നിവയുടെ സ്ഥിതി വ്യത്യസ്തമാണ്. ഒരു പരിക്രമണംകൊണ്ടുതന്നെ അവ ചരക്കുകളുടെ വിലകളിലേയ്ക്ക് പ്രവേശിയ്ക്കുന്നു. ഓരോ പരിക്രമണത്തിന്നും ശേഷം ചരക്കുകൾ വിററുകിട്ടിയ പണംകൊണ്ട് വീണ്ടും അസംസ്കൃതസാമഗ്രികളും അദ്ധ്വാനശക്തിയും വാങ്ങേണ്ടിവരുന്നു. മറെറാരുവിധം പറഞ്ഞാൽ, അസംസ്കൃതസാമഗ്രികൾക്കും അദ്ധ്വാനശക്തിയ്ക്കും വേണ്ടി നിക്ഷേപിച്ച മൂലധനവിഭാഗം മുഴുവനും ഉല്പാദനത്തിന്റെ ഒരു പരിക്രമണംകൊണ്ടുതന്നെ വീണ്ടും പണമാക്കി മാററാൻ കഴിയും. അതുകൊണ്ട്, മൂലധനത്തിന്റെ ഈ വിഭാഗത്തിന്ന് പരിക്രമണമൂലധനം (Circulating Capital) എന്നു പറയുന്നു. നേരേമറിച്ച്, വളരെക്കാലം നിലനില്ക്കുന്ന യന്ത്രങ്ങളിലും കെട്ടിടങ്ങളിലും നിക്ഷേപിയ്ക്കുന്ന മൂലധനത്തിന്ന് സ്ഥിരമൂലധനം (Fixed Capital) എന്നാണു പറയുന്നത്.

ഇന്നത്തെ കാലത്ത് പണമുണ്ടെങ്കിൽ മാത്രമേ വ്യവസായങ്ങൾ നടത്താൻ കഴിയൂ. എന്നാൽ,

പണമോ മററു സ്വത്തുക്കളോ എല്ലാ പരിതഃസ്ഥിതികളിലും മൂലധനമല്ല. തൊഴിലാളികളെക്കൊണ്ട് അദ്ധ്വാനിപ്പിച്ച് പുതിയ സ്വത്തുക്കൾ ഉല്പാദിപ്പിയ്ക്കാൻവേണ്ടി നിക്ഷേപിയ്ക്കപ്പെടുമ്പോൾ മാത്രമേ പണം മൂലധനമായിത്തീരു.

work labour

### അദ്ധ്വാനം

ഉല്പാദനത്തിന്റെ ഏററവും പ്രധാനമായ ഘടകം മനുഷ്യാദ്ധ്വാനമാണ്. പ്രകൃതിയും മനുഷ്യാദ്ധ്വാനവും കൂടി യോജിയ്ക്കാതെ യാതൊരുല്പാദനവും നടക്കുകയില്ല. യന്ത്രോപകരണങ്ങളുപയോഗിച്ച് അസംസ്കൃതസാമഗ്രികളിൽ തൊഴിലാളി തന്റെ അദ്ധ്വാനംചെലുത്തുമ്പോഴാണ് പുതിയ സ്വത്തുക്കളുണ്ടാകുന്നത്.

ഓരോ മനുഷ്യനും തനിയ്ക്കാവശ്യമുള്ളതെല്ലാം താൻതന്നെ ഒററയ്ക്കദ്ധ്വാനിച്ചുണ്ടാക്കുകയല്ല ചെയ്യുന്നത്. പരസ്പരസഹകരണമാണ് ഉല്പാദനത്തിന്റെ അടിസ്ഥാനം. രാജ്യത്തിലൊട്ടാകെയുള്ള അദ്ധ്വാനം ഉൽപ്പാദനത്തിന്റെ വിവിധരംഗങ്ങളിലായി വിഭജിയ്ക്കപ്പെട്ടിരിയ്ക്കുന്നു. പലരും പലതരത്തിലുള്ള സാധനങ്ങളുണ്ടാക്കുന്നു. ചിലർ കൃഷിചെയ്യുന്നു, ചിലർ തുണിയുണ്ടാക്കുന്നു, ചിലർ റേഡിയോ നിർമ്മിയ്ക്കുന്നു, ചിലർ വിദ്യയഭ്യസിപ്പിയ്ക്കുന്നു. ഓരോരുത്തനും

താനുണ്ടാക്കുന്ന ചരക്ക് മററുള്ളവക്കു കൊടുത്തു മററുള്ളവരിൽനിന്നു് തനിയ്ക്കാവശ്യമുള്ളതു വാങ്ങുന്നു. അതായത്, അദ്ധ്വാനഫലങ്ങൾ പരസ്പരം കൈമാററം ചെയ്യപ്പെടുന്നു. എല്ലാ ഉൽപ്പാദകന്മാരും ഒരേതരത്തിലുള്ള സാമഗ്രികളാണുണ്ടാക്കുന്നതെങ്കിൽ കൈമാററം നടക്കുകയില്ല. അദ്ധ്വാനവിഭജനമാണ് കൈമാററവ്യവസ്ഥയ്ക്കു പ്രചോദനം നല്കിയതു്.

ഉല്പാദനവ്യവസ്ഥ കൂടുതൽ അഭിവൃദ്ധിപ്പെട്ടപ്പോൾ ഒരേ സാധനമുണ്ടാക്കാനാവശ്യമായ അദ്ധ്വാനത്തിൽത്തന്നെ ഉൾപ്പിരിവുകളാവശ്യമായിവന്നു. ഉദാഹരണത്തിന്നു്, തുണിയെടുക്കുക. കൃഷിചെയ്തു് പഞ്ഞിയുണ്ടാക്കുക, പഞ്ഞിയിൽനിന്നു് നൂൽനൂല്ക്കുക, നൂല് ചായംമുക്കുക, തറിയിട്ടു നെയ്യുക, കരയിടുക ഇങ്ങിനെ പലതരം പ്രവൃത്തികളുമുണ്ടു്. ഓരോ ആളും ഒരു നിശ്ചിതമായ പ്രവൃത്തിമാത്രം ചെയ്യുന്നു. ഇതിൻ ഫലമായി ഓരോ ആളുടേയും പ്രവൃത്തിയ്ക്കു് മിടുക്കും ചുറുക്കും കൂടുന്നു.

ഒരേ വസ്തുവിൽത്തന്നെ അനേകംപേരുടെ അദ്ധ്വാനം അടങ്ങിയിട്ടുണ്ടാവും. ഉദാഹരണത്തിന്നു്, നിങ്ങൾ വായിയ്ക്കുന്ന പുസ്തകം നിർമ്മിയ്ക്കാൻ എത്ര പേരുടെ അദ്ധ്വാനം വേണ്ടിവന്നിട്ടുണ്ടാവുമെന്നു് ആലോചിച്ചുനോക്കുക. മുള തുടങ്ങിയ അസംസ്കൃത സാമഗ്രികളുണ്ടാക്കുന്നവർ, ചുമട്ടുകാർ, വണ്ടിയോടിയ്ക്കുന്നവർ, കടലാസ്സഫാക്ടറിയിലെ യന്ത്രങ്ങളും മററ

പകരണങ്ങളും നിർമ്മിയ്ക്കുന്നവർ, അസംസ്കൃതസാമഗ്രികളും യന്ത്രങ്ങളുമുപയോഗിച്ച് കടലാസ്സുനിർമ്മിയ്ക്കുന്നവർ — ഇങ്ങിനെ അനേകംപേരുടെ അദ്ധ്വാനത്തിലൂടെയാണ് കടലാസ്സുല്പാദിപ്പിയ്ക്കപ്പെടുന്നതു്. കടലാസ്സ് പുസ്തകമാക്കി മാററാൻ കമ്പോസിററർ, പ്രൂഫ്റീഡർ, പ്രിൻററർ, ബൈൻററർ തുടങ്ങിയ വിവിധതരത്തിലുള്ള പ്രവൃത്തിക്കാരുടെ അദ്ധ്വാനം വേണ്ടിവന്നിട്ടുണ്ടു്. കടലാസ്സുണ്ടാക്കുന്ന യന്ത്രം അമേരിക്കയിലും പുസ്തകമച്ചടിക്കുന്ന യന്ത്രം ജർമ്മനിയിലും കട്ടിങ്ങ്മെഷീൻ മറെറാരു രാജ്യത്തിലും ഉണ്ടാക്കിയതാവാം. ഇരുമ്പയിർ കുഴിച്ചെടുക്കുന്നവരും ശുദ്ധിചെയ്യുന്നവരും മുതൽ എത്രയോ ജനങ്ങളുടെ അദ്ധ്വാനഫലമായിട്ടാണ് യന്ത്രമുണ്ടായതു്. ഇങ്ങിനെ ഒരു പുസ്തകമുണ്ടാക്കാൻ ആവശ്യമായ അദ്ധ്വാനം അനേകം പ്രവൃത്തിക്കാർക്കിടയിൽ വിഭജിയ്ക്കപ്പെട്ടിരിയ്ക്കുന്നു. ഇതുതന്നെയാണ് മററു സാമഗ്രികളുടേയും സ്ഥിതി. വെറുമൊരു മൊട്ടുസൂചിയിൽ 18 വ്യത്യസ്തതരത്തിലുള്ള പ്രവൃത്തിക്കാരുടെ അദ്ധ്വാനമടങ്ങിയിട്ടുണ്ടു് എന്നും ഓരോ വിഭാഗക്കാരും ആകെയാവശ്യമായ അദ്ധ്വാനത്തിന്റെ ഒരു ഭാഗം മാത്രമാണ് ചെയ്തുതീർക്കുന്നതെന്നും ആഡംസ്മിത്ത് എന്ന സുപ്രസിദ്ധ ധനശാസ്ത്രജ്ഞൻ തന്റെ "വെൽത്ത് ഓഫ് നേഷൻസ്" എന്ന ഗ്രന്ഥത്തിൽ ചൂണ്ടിക്കാണിയ്ക്കുന്നു. ഇരുമ്പുരുക്കി കമ്പിയാക്കുക, കമ്പി പാകമുള്ള നീളത്തിൽ മുറിയ്ക്കുക, തല കൂർപ്പിയ്ക്കുക, മൊട്ടുണ്ടാക്കുക, മൊട്ടു കമ്പിയോടു കൂട്ടിച്ചേർക്കുക, മൊട്ടുസൂചിയ്ക്കു മിനുസം

വരുത്തുക — ഇങ്ങിനെ എല്ലാ പ്രവൃത്തികളും ഒരാൾ തന്നെ ചെയ്തുതീക്കുക എന്നതു് വളരെ വിഷമകരമാണു്. പ്രവൃത്തി വിഭജനമില്ലെങ്കിൽ 10 ആളുകൾക്കു ദിവസത്തിൽ 200 മൊട്ടുസൂചിയിലധികം നിമ്മിയ്ക്കാൻ കഴിയില്ലെന്നും നേരേമറിച്ചു് വിവിധജോലികൾ വ്യത്യസ്തജോലിക്കാക്കിടയിൽ വിഭജിയ്ക്കുകയാണെങ്കിൽ 10 ആളുകൾക്കു് ദിവസത്തിൽ 50,000 മൊട്ടുസൂചിയുണ്ടാക്കാൻ കഴിയുമെന്നുമാണു് ആഡം സ്മിത്തു് പറയുന്നതു്. എന്നുവെച്ചാൽ, അദ്ധ്വാനവിഭജനത്തിൻെറ ഫലമായി ഉല്പാദനം ഇരുന്നൂറിരട്ടി വർദ്ധിയ്ക്കുന്നു. പരിഷ്കരിച്ച യന്ത്രങ്ങളുടെ ആവിർഭാവമാണു് അദ്ധ്വാനവിഭജനത്തിൽ ഇത്രയധികം മാററങ്ങളുണ്ടാക്കിയതു്. ഒരേ സാധനത്തിൻെറ വിവിധഭാഗങ്ങൾ വ്യത്യസ്തയന്ത്രങ്ങളിൽ നിമ്മിയ്ക്കപ്പെടാൻ തുടങ്ങിയതാണതിന്നു കാരണം.

അദ്ധ്വാനവിഭജനമുണ്ടെങ്കിൽ ഓരോ ജോലിക്കാരനും ഏതെങ്കിലുമൊരു ചരക്കിൻെറ ഒരു പ്രത്യേകഭാഗം മാത്രം നിമ്മിച്ചാൽ മതി. അങ്ങിനെ തൻെറ തൊഴിലിൽ തികഞ്ഞ വൈദഗ്ദ്ധ്യം നേടാൻ ആയാൾക്കു സാധിയ്ക്കുന്നു. ഒരേ പ്രവൃത്തിതന്നെ ആവത്തിച്ചാവത്തിച്ചു ചെയ്യുന്നതുകൊണ്ടു് നല്ല പരിചയം സിദ്ധിയ്ക്കുന്നു. മനസ്സും ശരീരാവയവങ്ങളും കൂടുതൽ നന്നായി പ്രവത്തിയ്ക്കുന്നു. കുറഞ്ഞ സമയംകൊണ്ടു് കൂടുതൽ അദ്ധ്വാനിയ്ക്കാൻ കഴിയുന്നു. ഇങ്ങിനെ അദ്ധ്വാനവിഭജനത്തിൻെറ ഫലമായി ഉല്പാദനമാകെ

കൂടുതൽ വർദ്ധിയ്ക്കുകയും കൂടുതൽ നന്നാവുകയും ചെയ്യുന്നു. ആധുനികവ്യവസായങ്ങാം അഭിവൃദ്ധിപ്പെട്ടിട്ടുള്ളതു് ഇത്തരത്തിലുള്ള അദ്ധ്വാനവിഭജനത്തിൻെറ അടിസ്ഥാനത്തിലാണു്.

ഒരുതരത്തിലല്ലെങ്കിൽ മററൊരുതരത്തിൽ അദ്ധ്വാനിയ്ക്കുന്ന എല്ലാ ജനങ്ങളും സ്വത്തുക്കാം ഉല്പാദിപ്പിയ്ക്കുന്നവരായിക്കൊള്ളണമെന്നില്ല. ഉൽപ്പാദനപരമായ അദ്ധ്വാനവും ഉൽപ്പാദനപരമല്ലാത്ത അദ്ധ്വാനവുമുണ്ടു്. ഉദാഹരണത്തിന്നു് ഭക്ഷണം, തുണി, വീടു്, പുസ്തകം തുടങ്ങിയ സാമഗ്രികാം നിർമ്മിയ്ക്കുന്നവരുടെ അദ്ധ്വാനം ഉൽപ്പാദനപരമാണു്. നേരെമറിച്ചു്, പട്ടാളക്കാരൻ, വക്കീൽ, അദ്ധ്യാപകൻ, പുരോഹിതൻ തുടങ്ങിയവർ യഥാർത്ഥത്തിൽ യാതൊരു സ്വത്തുക്കളും ഉൽപ്പാദിപ്പിക്കുന്നില്ല. അതുകൊണ്ടു് അവരുടെ അദ്ധ്വാനം ഉൽപ്പാദനപരമല്ല. മററുള്ളവർ ഉൽപ്പാദിപ്പിയ്ക്കുന്നതിൻെറ മിച്ചംകൊണ്ടാണു് അവർ ഉപജീവനം കഴിയ്ക്കുന്നതു്. ഉൽപ്പാദനപരമായ അദ്ധ്വാനംകൊണ്ടുമാത്രമേ രാജ്യത്തിലെ സ്വത്തുക്കാം വർദ്ധിയ്ക്കുകയുള്ളൂ.

എന്നാൽ, ഉൽപ്പാദനപരമല്ലാത്ത എല്ലാ അദ്ധ്വാനവും അനാവശ്യമായിക്കൊള്ളണമെന്നില്ല. ഓരോ അദ്ധ്വാനവും എത്രത്തോളം ആവശ്യമാണെന്നുള്ളതു് സാമൂഹ്യവ്യവസ്ഥിതിയെക്കൂടി ആശ്രയിച്ചിരിക്കും. ഉദാഹരണത്തിന്നു്, യുദ്ധത്തിൻെറ യാതൊരു സംഭാ

വ്യത്യയുമില്ലാത്ത ഒരു സമുദായത്തിൽ ബോമ്പ്, പീരങ്കി തുടങ്ങിയ നശീകരണസാമഗ്രികളുണ്ടാക്കുന്നവരുടെ അദ്ധ്വാനം തീരെ അനാവശ്യമായിത്തീരും. നേരേമറിച്ച്, അദ്ധ്യാപകൻ, വൈദ്യൻ മുതലായവരുടെ സേവനങ്ങൾ ഏതു പരിഷ്കരിച്ച സമുദായത്തിലും ആവശ്യമാണ്. അവരുടെ അദ്ധ്വാനം ഉല്പാദനപരമല്ലെങ്കിൽക്കൂടി സമുദായത്തിന്നാവശ്യമാണ്. പക്ഷേ, ഭക്ഷണം തുണി മുതലായവയില്ലാതെ അവക്കദ്ധ്വാനിയ്ക്കാൻ കഴിയില്ല. അതുകൊണ്ടു് ഉൽപ്പാദനപരമായ പ്രവൎത്തനങ്ങളിലേർപ്പെടുന്നവരുടെ അദ്ധ്വാനംകൊണ്ടുണ്ടാക്കപ്പെടുന്ന സ്വത്തുക്കളുടെ ഒരു ഭാഗം അവൎക്കു നല്കപ്പെടുന്നു.

ഉൽപ്പാദനപരമായ അദ്ധ്വാനത്തിൻെറ സ്വഭാവത്തിൽത്തന്നെ പല വ്യത്യാസങ്ങളുമുണ്ടു്. എല്ലാ അദ്ധ്വാനവും ഒരുപോലെയല്ല. വ്യത്യസ്തവ്യവസായങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾ വ്യത്യസ്തസ്വഭാവത്തോടുകൂടിയ അദ്ധ്വാനമാണുപയോഗിയ്ക്കുന്നതു്. സാങ്കേതിക പരിശീലനത്തിൻെറ യാതൊരാവശ്യവുമില്ലാത്ത സാധാരണമായ അദ്ധ്വാനവും വിദഗ്ദ്ധമായ അദ്ധ്വാനവുമുണ്ടു്. വിദഗ്ദ്ധമായ അദ്ധ്വാനത്തിന്നു് അഭ്യാസവും പരിചയവും മാത്രമല്ല, പ്രത്യേകമായ പരിശീലനവും ആവശ്യമാണ്. ആധുനികവ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുംതോറും സാങ്കേതികവൈദഗ്ദ്ധ്യത്തിൻെറ ആവശ്യവും വർദ്ധിച്ചുകൊണ്ടുവരും. അതുകൊണ്ടാണ് നമ്മുടെ രാജ്യത്തിലി

പ്പോൾ സാങ്കേതികവും ശാസ്ത്രീയവുമായ വിദ്യാഭ്യാസത്തിന്നു് കൂടുതൽ പ്രാധാന്യം നല്കാൻ തുടങ്ങിയിട്ടുള്ളതു്.

## നിലം

നിലം എന്നു പറഞ്ഞാൽ ഭൂമി എന്നു മാത്രമല്ല അർത്ഥം. ധനശാസ്ത്രജ്ഞന്റെ ദൃഷ്ടിയിൽ ഭൂമിയുടെ ഉപരിതലത്തിലും അടിയിലുമുള്ള മണ്ണു്, വെള്ളം, ധാതുദ്രവ്യങ്ങൾ, സസ്യങ്ങൾ, മരങ്ങൾ മുതലായ എല്ലാ പ്രകൃതിവിഭവങ്ങളും അതിലുൾപ്പെടുന്നു. ഈ പ്രകൃതിവിഭവങ്ങളും മനുഷ്യാദ്ധ്വാനവും കൂടിച്ചേരുമ്പോളാണു് ഉൽപ്പാദനം നടക്കുന്നതു്.

നിലം മനുഷ്യാദ്ധ്വാനത്താൽ സൃഷ്ടിയ്ക്കപ്പെട്ടതല്ല. അതു പ്രകൃതിദത്തമാണു്. ചില രാജ്യങ്ങളിൽ, അല്ലെങ്കിൽ ചില സാമൂഹ്യവ്യവസ്ഥകളിൽ, ആർക്കു വേണമെങ്കിലും അതു് ഇഷ്ടംപോലെ സൗജന്യമായി എടുത്തുപയോഗിയ്ക്കാം. എന്നാൽ, മററു ചില രാജ്യങ്ങളിൽ, അല്ലെങ്കിൽ മററു ചില സാമൂഹ്യവ്യവസ്ഥകളിൽ, നിലം വ്യക്തികളുടെ സ്വകാര്യസ്വത്താണു്. കാർഷികോൽപ്പാദനത്തിന്നായാലും ശരി, വ്യാവസായികസംരംഭങ്ങൾക്കായാലും ശരി, നിലമുപയോഗിയ്ക്കാനാഗ്രഹിയ്ക്കുന്നവർ നിലമുടമസ്ഥന്റെ സമ്മതം വാങ്ങണം. നിലമുടമസ്ഥനാകട്ടെ, തന്റെ നിലം

മററുള്ളവൎക്കു വെറുതെ കൊടുക്കാൻ ഇഷ്ടപ്പെടുകയില്ല. നിലം ഉപയോഗിയ്ക്കാനാഗ്രഹിയ്ക്കുന്നവർ കൊല്ലം തോറും ഒരു നിശ്ചിതമായ സംഖ്യ തനിയ്ക്കു പ്രതിഫലമായി നൽകണമെന്നു് ആയാളാവശ്യപ്പെടുന്നു. ഈ സംഖ്യ പാട്ടം എന്ന പേരിലാണറിയപ്പെടുന്നതു്.

ലോകത്തിലൊട്ടാകെയുള്ള നിലം നിശ്ചിതവും പരിമിതവുമാണു്. മനുഷ്യാദ്ധ്വാനംകൊണ്ടു് പുതിയ നിലങ്ങൾ സൃഷ്ടിയ്ക്കാൻ കഴിയില്ലല്ലോ. അതിനാൽ, ഉള്ള നിലങ്ങൾകൊണ്ടു തൃപ്തിപ്പെടുകയേ നിർവ്വാഹമുള്ളു. ഉള്ള നിലങ്ങൾതന്നെ എല്ലായിടത്തും ഒരുപോലെയല്ല. ചില നിലങ്ങളിൽ അദ്ധ്വാനിച്ചാൽ കൂടുതൽ പ്രതിഫലം കിട്ടും. മററു ചില സ്ഥലങ്ങളിൽ എത്ര അദ്ധ്വാനിച്ചാലും, എത്ര മൂലധനമിറക്കിയാലും, വിളവു് കുറവായിരിയ്ക്കും. ചില സ്ഥലങ്ങളിൽ വ്യവസായങ്ങൾക്കാവശ്യമായ ധാതുദ്രവ്യങ്ങളും അസംസ്കൃതസാമഗ്രികളും സുലഭമായി കിട്ടും. മററു ചില സ്ഥലങ്ങളിൽ അവ കിട്ടുകയേയില്ല. അതുകൊണ്ടു് ഓരോ വ്യവസായത്തിന്നും പററിയ സ്ഥലം കണ്ടുപിടിയ്ക്കേണ്ടതാവശ്യമായിവരുന്നു. ഇതു സാദ്ധ്യമായില്ലെങ്കിൽ ധാതുദ്രവ്യങ്ങളും അസംസ്കൃതസാമഗ്രികളും മററും ദൂരപ്രദേശങ്ങളിൽനിന്നു കൊണ്ടുവരേണ്ടിവരും.

Law of Diminishing Return

## ക്ഷീയമാണപ്രതിഫലനിയമം

(Law of Diminishing Returns).

നല്ല ഭൂമിയിൽത്തന്നെ മണ്ണിന്റെ സ്വഭാവം വ്യത്യസ്തമായിരിയ്ക്കും. ഓരോ കൃഷി കഴിയുന്തോറും മണ്ണിന്റെ ഫലപുഷ്ടി കുറഞ്ഞുകുറഞ്ഞുവരുന്നു. കൂടുതൽ ആളുകളുടെ അദ്ധ്വാനമുപയോഗിച്ചുകൊണ്ടും കൂടുതൽ മൂലധനമിറക്കിക്കൊണ്ടും ഈ നഷ്ടം പരിഹരിയ്ക്കാൻ ശ്രമിയ്ക്കാവുന്നതാണ്. എന്നാൽ, ഒരതിർത്തി കഴിഞ്ഞാൽപ്പിന്നെ, അദ്ധ്വാനവും മൂലധനവും വർദ്ധിപ്പിയ്ക്കുന്ന തോതനുസരിച്ച് നിലത്തിൽനിന്നു കിട്ടുന്ന പ്രതിഫലം വർദ്ധിയ്ക്കാതാവും. പ്രതിഫലം വർദ്ധിയ്ക്കുന്നതിന്റെ തോത് അദ്ധ്വാനത്തിന്റെയും മൂലധനത്തിന്റെയും വർദ്ധനവിന്റെ തോതിനേക്കാൾ കുറയുന്നു. പ്രകൃതിയുടെ ഈ സ്വഭാവവിശേഷത്തിന്നാണ് ക്ഷീയമാണപ്രതിഫലനിയമം (Law of Diminishing Returns) എന്നു പറയുന്നത്. ഈ നിയമത്തിന്റെ പ്രവർത്തനത്തെപ്പററി മാർഷൽ എന്ന ധനശാസ്ത്രജ്ഞൻ ഇങ്ങിനെ എഴുതുന്നു :

"കാർഷികവ്യവസ്ഥയിൽ സാങ്കേതികപരിഷ്കാരങ്ങൾ ഏർപ്പെടുത്താതിരിയ്ക്കുന്നപക്ഷം കൃഷിയ്ക്കായി ഉപയോഗിയ്ക്കപ്പെടുന്ന മൂലധനത്തിന്റെയും അദ്ധ്വാനത്തിന്റെയും വർദ്ധനവിനെ അപേക്ഷിച്ച് ഉല്പാദനത്തിന്റെ വർദ്ധനവിന്റെ തോത് കുറവായിരിയ്ക്കും."

എന്നാൽ, ഈ നിയമത്തിന്റെ പ്രവൎത്തനം അനിവാൎയ്യമല്ല. ശാസ്ത്രീയമായ കൃഷിമുറകൾ സ്വീകരിച്ചുകൊണ്ടും സാങ്കേതികപരിഷ്ക്കാരങ്ങളേൎപ്പെടുത്തിക്കൊണ്ടും രാസവളം, നല്ലതരം വിത്തുകൾ, ജലസേചനാദ്യുപാധികൾ മുതലായവയെ ഉപയോഗപ്പെടുത്തിക്കൊണ്ടും ഒരേനിലത്തിൽത്തന്നെ മാറിമാറി വ്യത്യസ്തവിളകൾ കൃഷിചെയ്തുകൊണ്ടും കാൎഷികോല്പാദനത്തെ മേൽക്കുമേൽ വൎദ്ധിപ്പിയ്ക്കാൻ കഴിയുമെന്നാണ് ആധുനികശാസ്ത്രജ്ഞന്മാർ ഉറപ്പിച്ചു പറയുന്നതു്.

## മാൽത്തുസ്യൻ സിദ്ധാന്തവും ജനസംഖ്യാപ്രശ്നവും

പത്തൊമ്പതാം നൂററാണ്ടിന്റെ ആരംഭത്തിൽ തോമസ് മാൽത്തുസ് എന്ന ബ്രിട്ടീഷ് ധനശാസ്ത്രജ്ഞൻ ക്ഷീയമാണപ്രതിഫലനിയമത്തിന്റെ അടിസ്ഥാനത്തിൽ പുതിയൊരു സിദ്ധാന്തം ആവിഷ്ക്കരിയ്ക്കുകയുണ്ടായി. ഭക്ഷണം തുടങ്ങിയ നിത്യോപയോഗസാമഗ്രികളുല്പാദിപ്പിയ്ക്കാനുള്ള ഭൂമിയുടെ ശക്തിയെ അപേക്ഷിച്ച് കൂടുതൽ വേഗത്തിലാണ് ജനസംഖ്യ വൎദ്ധിച്ചുകൊണ്ടിരിയ്ക്കുന്നതെന്നും അതുകൊണ്ട് എല്ലാ ജനങ്ങൾക്കും സുഖവും ക്ഷേമവും നൽകാനുള്ള പരിശ്രമങ്ങൾ പരാജയപ്പെടുകയേയുള്ളുവെന്നും നിയന്ത്രണനടപടികൾ കൈക്കൊള്ളാതിരിയ്ക്കുന്നപക്ഷം

ജനങ്ങളുടെ എണ്ണം ഭൂമിയ്ക്കു താങ്ങാൻ കഴിയാത്തവിധം ദുസ്സഹമായിത്തീരുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. ഭക്ഷ്യസാമഗ്രികളുടെ ഉൽപ്പാദനം അങ്കഗണിതക്രമത്തിലും (അതായത് 1, 2, 3, 4 എന്ന ക്രമത്തിൽ) ജനസംഖ്യ ക്ഷേത്രഗണിതക്കണക്കിലും (അതായത് 1, 2, 4, 8, 16 എന്ന ക്രമത്തിൽ) ആണ് വർദ്ധിയ്ക്കുന്നത്. ഈ രണ്ടു ഘടകങ്ങളും തമ്മിൽ പൊരുത്തമുണ്ടായാൽ മാത്രമേ എല്ലാ ജനങ്ങൾക്കും ആവശ്യമായ ഭക്ഷണസാമഗ്രികളും മററും ലഭിയ്ക്കുകയുള്ളു. പക്ഷേ, ജനസംഖ്യയുടെ വർദ്ധനവനുസരിച്ച് ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിയ്ക്കുക സാദ്ധ്യമല്ല. എന്തെന്നാൽ, നിലവും നിലത്തിന്റെ ഉൽപ്പാദനക്ഷമതയും പരിമിതമാണ്. അതുകൊണ്ട്, ഭക്ഷ്യോൽപ്പാദനവുമായി പൊരുത്തപ്പെടുത്തിക്കൊണ്ടു ജനസംഖ്യ കുറയ്ക്കുകയേ നിർവ്വാഹമുള്ളു. ജനസംഖ്യാവർദ്ധനവിനെ തടയാൻ പ്രകൃതിസഹജമായിത്തന്നെ ഭക്ഷണക്ഷാമം, പകർച്ചവ്യാധി, യുദ്ധം മുതലായവ പൊട്ടിപ്പുറപ്പെടാറുണ്ട്. പക്ഷേ, അവയെ മാത്രം ആശ്രയിയ്ക്കാതെ കുട്ടികളുടെ എണ്ണം കൂടുതലാവാതിരിയ്ക്കാനാവശ്യമായ നിയന്ത്രണനടപടികൾ കൈക്കൊള്ളുകകൂടി വേണം. ഈ വാദഗതി മാൽത്തൂസ്യൻ സിദ്ധാന്തമെന്ന പേരിലാണറിയപ്പെടുന്നത്.

മാൽത്തൂസിന്റെ ഈ സിദ്ധാന്തത്തെ 19-ാം നൂററാണ്ടിൽത്തന്നെ പല ധനശാസ്ത്രജ്ഞന്മാരും എതിർക്കുകയുണ്ടായി. അവരുടെ വാദങ്ങളെ ഇങ്ങിനെ സംഗ്ര

ഹിയ്ക്കാം: ഭൂമി പരിമിതമാണെന്നതു ശരിതന്നെ. പക്ഷേ, കൃഷിയ്ക്കുപററിയ ഭൂമി മുഴുവനും ഉപയോഗിയ്ക്കപ്പെടുന്നില്ല. കൃഷിചെയ്യാവുന്ന ഭൂമിയുടെ 10 ശതമാനത്തോളം മാത്രമേ ഉപയോഗിയ്ക്കപ്പെടുന്നുള്ളു എന്നു കണക്കാക്കപ്പെട്ടിരിയ്ക്കുന്നു. അലീസൻ എന്ന ധനശാസ്ത്രജ്ഞൻ "ജനസംഖ്യയുടെ തത്വങ്ങൾ" എന്ന ഗ്രന്ഥത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ, "മിസ്സിസിപ്പിതീരങ്ങളിൽ മാത്രം യൂറോപ്പിലെ മുഴുവൻ ജനങ്ങളേയും നിലനിർത്താനാവശ്യമായ ഭൂമി തരിശായി കിടക്കുകയാണു്."

രണ്ടാമതു്, ജനസംഖ്യയോടൊപ്പംതന്നെ മനുഷ്യന്റെ ജ്ഞാനവും വർദ്ധിച്ചിട്ടുണ്ടു്. സാങ്കേതികരീതികളും ശാസ്ത്രീയമാർഗ്ഗങ്ങളുമുപയോഗിച്ചുകൊണ്ടു ഉല്പാദനത്തെ ആവശ്യമനുസരിച്ചു് വർദ്ധിപ്പിയ്ക്കാൻ മനുഷ്യനു് ഇന്നു കഴിവുണ്ടു്. അതുകൊണ്ടു്, ജനസാന്ദ്രത, തൊഴിലില്ലായ്മ, ഭക്ഷണക്കമ്മി തുടങ്ങിയ പ്രശ്നങ്ങൾക്കുള്ള യഥാർത്ഥ പരിഹാരം ജനനിയന്ത്രണമല്ല, ഉല്പാദനരംഗങ്ങളെ വികസിപ്പിയ്ക്കലാണു്.

20-ാം നൂററാണ്ടിൽ മാൽത്തൂസിന്റെ സിദ്ധാന്തങ്ങൾക്കു വീണ്ടും വലിയ പ്രചാരമുണ്ടായി. അമിതമായ ജനസംഖ്യാവർദ്ധനവാണു് തൊഴിലില്ലായ്മ, പട്ടിണി തുടങ്ങിയ സാമ്പത്തികദുരിതങ്ങൾക്കു കാരണമെന്നും അതുകൊണ്ടു്, രാജ്യത്തിന്നു പുരോഗതി വേണമെങ്കിൽ ജനസംഖ്യയുടെ വർദ്ധനവിനെ നിയ

ന്ത്രിയ്ക്കണമെന്നും പല ധനശാസ്ത്രജ്ഞന്മാരും വാദി യ്ക്കുകയുണ്ടായി. പക്ഷേ, ഈ വാദങ്ങൾ യാഥാർത്ഥ്യ ങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ഇന്ത്യയുടെ ജന സാന്ദ്രത 250 ഉം ഇംഗ്ലണ്ടിന്റേതു് 750 ഉം ആകുന്നു. ഇതിന്റെ അർത്ഥം ഇംഗ്ലണ്ടു് ഇന്ത്യയെ അപേക്ഷിച്ചു് കൂടുതൽ ദരിദ്രമാണെന്നാണോ? തീർച്ചയായുമല്ല. വ്യാവസായികാഭിവൃദ്ധിയുടെ ഫലമായി ഇംഗ്ലണ്ടി ന്റെ ഉല്പാദനവ്യവസ്ഥ ഇന്ത്യയുടേതിനേക്കാൾ എത്രയോ പരിഷ്കരിച്ചിരിയ്ക്കുന്നുവെന്നതാണതിന്നു കാരണം. മാൽത്തുസ്യൻ സിദ്ധാന്തങ്ങളെ എതിർത്തു കൊണ്ടു് കോളിൻക്ലാക്ക് എന്ന ധനശാസ്ത്രജ്ഞൻ പറ യുന്നതു് പുതിയ നിലങ്ങൾ കൃഷിയ്ക്കുപയോഗപ്പെടു ത്തിക്കൊണ്ടും സാങ്കേതികവും ശാസ്ത്രീയവുമായ മാർഗ്ഗ ങ്ങളവലംബിച്ചുകൊണ്ടും ലോകത്തിലെ ധാന്യോല്പാ ദനം ഇനിയുമെത്രയോ വർദ്ധിപ്പിയ്ക്കാൻ കഴിയുമെ ന്നാണു്. അദ്ദേഹം എഴുതുന്നു:

"ലോകത്തിലെ ജനസംഖ്യ കൊല്ലംതോറും ഒരു ശതമാനംകണ്ടു വർദ്ധിയ്ക്കുന്നുവെന്നു കണക്കാക്കാം. എന്നാൽ, കൃഷിയുടെ സാങ്കേതികപരിഷ്കാരങ്ങളുടെ സഹായത്തോടുകൂടി ഓരോ ആളുടേയും കൊല്ലംതോറു മുള്ള ഉൽപ്പാദനം 1½ ശതമാനം (ചില രാജ്യങ്ങ ളിൽ 2 ശതമാനം) വർദ്ധിപ്പിയ്ക്കാൻ കഴിയുമെന്നു കാണാം. അതുകൊണ്ടു് മാൽത്തുസ്യൻ നിരാശാവാദ ത്തിന്നു യാതൊരു സ്ഥാനവുമില്ല. ശാസ്ത്രീയപരിഷ്കാ രങ്ങൾക്കുതന്നെ ലോകത്തിലെ ജനസംഖ്യാവർദ്ധന വിനെ കാത്തുരക്ഷിയ്ക്കാൻകഴിയും."

ഇന്ത്യയെപ്പോലുള്ള അവികസിതരാജ്യങ്ങളിൽ ജനസംഖ്യയുടെ വർദ്ധനവിന്നനുസരിച്ച് ഉപഭോഗ സാമഗ്രികൾ വർദ്ധിയ്ക്കുന്നില്ലെന്നുള്ളതു ശരിയാണ്. തൊഴിലില്ലായ്മ, ജനസാന്ദ്രത തുടങ്ങിയ നിരവധി പ്രശ്നങ്ങൾ ജനങ്ങളെ അലട്ടികൊണ്ടിരിയ്ക്കുന്നുണ്ട്. പക്ഷേ, ഇതിന്നുള്ള പരിഹാരം യുദ്ധത്തേയും പകർച്ച വ്യാധികളേയും ആശ്രയിയ്ക്കലല്ല, കാർഷികപരിഷ്ക്കരണം, ശാസ്ത്രീയമായ കൃഷിസമ്പ്രദായങ്ങൾ, വ്യവസായവല്ക്കരണം എന്നിവ നടപ്പിൽവരുത്തികൊണ്ട് ഉൽപ്പാദനക്രമത്തെ പ്ലാനോടുകൂടി അഭിവൃദ്ധിപ്പെടുത്തുകയാണ്. ദേശീയ പുനർനിർമ്മാണപ്രവർത്തനങ്ങളിലൂടെ സാമ്പത്തികമായ പിന്നോക്കനിലയവസാനിയ്ക്കുന്നതുവരെ 'ഫാമിലി പ്ലാനിങ്ങും" മററുമുപയോഗിച്ച് ജനസംഖ്യാവർദ്ധനവിനെ നിയന്ത്രിയ്ക്കേണ്ടതാവശ്യമായിരിയ്ക്കാം. പക്ഷേ, ഇതൊരു തല്ക്കാലികമായ നടപടിമാത്രമായിരിയ്ക്കും. കാർഷികവും വ്യാവസായികവും വിദ്യാഭ്യാസപരവുമായ അഭിവൃദ്ധി കൈവരുമ്പോൾ ഇതനാവശ്യമായിത്തീരും. രാജ്യത്തിൻെറ സർവ്വതോമുഖമായ ഭൗതികാഭിവൃദ്ധിയാണ് ജനസംഖ്യാപ്രശ്നത്തിന്നുള്ള യഥാർത്ഥ പരിഹാരം.

നാലാമദ്ധ്യായം

# പ്രചോദനവും പ്രദാനവും

ഉൽപ്പാദകൻ ചരക്കുകളുൽപ്പാദിപ്പിയ്ക്കുന്നതു് തന്റെ സ്വന്തം ഉപയോഗത്തിന്നുവേണ്ടിയല്ല; മററുള്ളവരുടെ ഉപയോഗത്തിന്നുവേണ്ടിയാണു്; ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിവൎത്തിയ്ക്കാൻവേണ്ടിയാണു്. ഉപയോഗകരങ്ങളായ സാമഗ്രികൾ മാത്രമേ ഉൽപ്പാദിപ്പിയ്ക്കപ്പെടാവുള്ളൂ എന്നതു ശരിതന്നെ. എന്നാൽ, താനുൽപ്പാദിപ്പിച്ച ചരക്കു് യഥാൎത്ഥത്തിൽ ഉപയോഗിയ്ക്കപ്പെടുന്നുണ്ടോ, ഉണ്ടെങ്കിൽ ഏതുവിധത്തിൽ ഉപയോഗിയ്ക്കപ്പെടുന്നു എന്നൊന്നും ഉൽപ്പാദകൻ അന്വേഷിയ്ക്കുന്നില്ല. പരുത്തിയുണ്ടാക്കുന്നവർ തങ്ങളുടെ ചരക്കു് ആർ, എവിടെ, എങ്ങിനെ ഉപയോഗിയ്ക്കുന്നു എന്നല്ല, പരുത്തി വാങ്ങിക്കൊണ്ടുപോകാൻ ആളുണ്ടോ എന്നുമാത്രമാണു് നോക്കുന്നതു്. പരുത്തിക്കൃഷിക്കാരിൽനിന്നു പരുത്തി വാങ്ങുന്ന കച്ച

വടക്കാരൻെറ വീക്ഷണഗതിയും ഇതുതന്നെയാണ്. പരുത്തിയ്ക്കു് ആവശ്യക്കാരുണ്ടോ, അതു മററതെങ്കിലും കച്ചവടക്കാരനോ മില്ലുടമയ്ക്കോ വില്ക്കാൻ കഴിയുമോ, എന്നുമാത്രമാണയാൾ നോക്കുന്നതു്. മില്ലുടമ തുണിയുണ്ടാക്കുന്നതും കടക്കമ്പനിക്കാരൻ കടയുണ്ടാക്കുന്നതും കടലാസ്സുഫാക്ടറി കടലാസ്സുണ്ടാക്കുന്നതും എല്ലാം മാർക്കററിൽ വിററഴിയ്ക്കാൻവേണ്ടിയാണ്. ഉപഭോക്താക്കൾ തങ്ങളുടെ ഇഷ്ടമനുസരിച്ച് മാർക്കററിൽ നിന്നു് ആവശ്യമായ സാമഗ്രികൾ വാങ്ങുന്നു. ഉപഭോക്താക്കളുടെ ആവശ്യമനുസരിച്ച് ചരക്കുകൾ നിർമ്മിയ്ക്കാൻ ഉൽപ്പാദകന്മാർ തയ്യാറാവുന്നു. ഉപഭോഗമാണ് ഉൽപ്പാദനത്തിന്നു പ്രചോദനം നല്കുകയും ഉൽപ്പാദനത്തിൻെറ ലക്ഷ്യം നിർണ്ണയിയ്ക്കുകയും ചെയ്യുന്നതു്.

## ചോദനം എന്നാൽ എന്തു്?

ഉൽപ്പാദിപ്പിയ്ക്കപ്പെടുന്ന ചരക്കുകളത്രയും മാർക്കററിൽ വിററഴിയുമെന്നതിന്നു് എന്താണുറപ്പു്? യാതൊരുറപ്പുമില്ല. വിററഴിഞ്ഞു എന്നും വരാം, വിററഴിയാതെ കെട്ടിക്കിടന്നു എന്നും വരാം. ഏതെങ്കിലുമൊരു ചരക്കു് മാർക്കററിൽ വിററഴിയുമോ എന്നതു്, അല്ലെങ്കിൽ എത്രത്തോളം വേഗത്തിലും എത്രകണ്ടു ലാഭത്തിലും വിററഴിയുന്നുവെന്നതു്, ആ ചരക്കു വാങ്ങാൻ എത്രത്തോളം ആവശ്യക്കാർ മുന്നോ-

ട്ടവരുന്നു എന്നതിനെ ആശ്രയിച്ചിരിയ്ക്കും. ഈ ആവശ്യത്തിന്നു് ചോദനം അല്ലെങ്കിൽ ഡിമാണ്ടു് (Demand) എന്നു പറയുന്നു.

ചോദനം അല്ലെങ്കിൽ ഡിമാണ്ടു് എന്നുവെച്ചാൽ ഏതെങ്കിലും ചരക്കു വാങ്ങാനുള്ള ആഗ്രഹം എന്നു മാത്രമല്ല അർത്ഥം. പിച്ചക്കാരന്നു് രത്നമോതിരം വാങ്ങാനാഗ്രഹമുണ്ടാവാം. തൊഴിലില്ലാതെ തെണ്ടിത്തിരിയുന്നവന്നു് ഒരു കാറ വാങ്ങിയാൽക്കൊള്ളാമെന്ന ആഗ്രഹമുണ്ടായെന്നുവരാം. ഇത്തരം ആഗ്രഹങ്ങൾക്കു് ഡിമാണ്ടു് എന്നു പറയാൻ പാടില്ല. ചരക്കു കിട്ടണമെന്ന ആഗ്രഹമുണ്ടായാൽ പോരാ, അതു വാങ്ങാനുള്ള ത്രാണികൂടി വേണം. ആവശ്യമുള്ള ചരക്കാണോ എന്നുമാത്രം നോക്കിയാൽപോരാ. ആവശ്യവും ഡിമാണ്ടും ഒന്നല്ല. പട്ടിണികിടക്കുന്ന ഒരാൾക്കു് ഭക്ഷണം ആവശ്യമാണു്. ഇന്ത്യയെപ്പോലുള്ള ഒരവികസിതരാജ്യത്തിന്നു് അമേരിക്കയേക്കാൾ എത്രയോ അധികം ആവശ്യങ്ങളുണ്ടു്. പക്ഷേ, ആ ആവശ്യങ്ങൾ നിവൃത്തിയ്ക്കാനുള്ള കഴിവില്ല; ആവശ്യമുള്ള ചരക്കുകൾ വാങ്ങാനുള്ള ത്രാണിയില്ല. ധനശാസ്ത്രജ്ഞന്റെ ഭാഷയിൽ പറഞ്ഞാൽ, ക്രയശക്തിയില്ല. ഡിമാണ്ടിൽ ആഗ്രഹവും ആവശ്യവും മാത്രമല്ല, ക്രയശക്തികൂടി അടങ്ങിയിരിയ്ക്കുന്നു. ക്രയശക്തിയാകട്ടെ, ഓരോരുത്തന്റേയും വരുമാനത്തെ ആശ്രയിച്ചാണിരിയ്ക്കുന്നതു്. എന്നാൽ, ഒരാൾ തന്റെ വരുമാനം മുഴുവനും ആവശ്യമായ ചരക്കുകൾ

വാങ്ങാൻവേണ്ടി ഉപയോഗിച്ചുകൊള്ളണമെന്നില്ല. വരുമാനത്തിൻെറ ഒരു ഭാഗം ഭാവിയ്ക്കുവേണ്ടി സൂക്ഷിച്ചുവെയ്ക്കാം; അല്ലെങ്കിൽ ബാങ്കിലോ വ്യവസായത്തിലോ നിക്ഷേപിയ്ക്കാം. ഉപഭോഗത്തിന്നുവേണ്ടി എത്രത്തോളം ചെലവിടുന്നുവെന്നതു് സൂക്ഷിപ്പിന്നും നിക്ഷേപത്തിന്നുംവേണ്ടി എത്രത്തോളം നീക്കിവെയ്ക്കുന്നുവെന്നതിനെ ആശ്രയിച്ചിരിയ്ക്കും. അപ്പോൾ, പണമുണ്ടായാൽമാത്രം പോരാ. ആ പണമുപയോഗിച്ചു് ചരക്കുകൾ വാങ്ങാനുള്ള സന്നദ്ധതകൂടി വേണം. എന്നാലേ ചരക്കിന്നു ഡിമാണ്ടുണ്ടാവുകയുള്ളു.

ചുരുക്കിപ്പറഞ്ഞാൽ, ത്രാണിയും സന്നദ്ധതയുമടങ്ങിയ ആവശ്യത്തിന്നാണു് ചോദനം അല്ലെങ്കിൽ ഡിമാണ്ടു് എന്നു പറയുന്നതു്. ചരക്കു കിട്ടണമെന്ന ആഗ്രഹം; അതു വാങ്ങാനുള്ള കഴിവു് അല്ലെങ്കിൽ പണം; ആ കഴിവു്, അല്ലെങ്കിൽ പണം ഉപയോഗിയ്ക്കാനുള്ള സന്നദ്ധത, ഇതു മൂന്നും കൂടിയാലേ ഡിമാണ്ടാവുകയുള്ളു.

## ചോദനത്തിൻെറ സ്ഥിതിഭേദക്ഷമത

ആഗ്രഹവും ത്രാണിയും സന്നദ്ധതയും മൂന്നുമുണ്ടായാലും ചോദനം എല്ലായ്പോഴും ഒരേനിലയിലായിരി

യ്ക്കുകയില്ല. ചരക്കുകളുടെ വിലകളിലുണ്ടാകുന്ന കയററമിറക്കങ്ങൾ, ജീവിതനിലവാരത്തിലുണ്ടാകുന്ന മാററങ്ങൾ തുടങ്ങിയ വസ്തുനിഷ്ഠമായ സാഹചര്യങ്ങൾ ചിലപ്പോൾ ഡിമാണ്ടിനെ ബാധിച്ചുവെന്നുവരും. ഒരു പ്രത്യേക സന്ദർഭത്തിൽ ഏതെങ്കിലുമൊരു ചരക്ക് ഒരു നിശ്ചിതവിലയ്ക്കു വാങ്ങാൻ ആളുകൾ എത്രകണ്ട് തയ്യാറുണ്ട് എന്നാണ് ഡിമാണ്ട് വെളിപ്പെടുത്തുന്നത്. ഇങ്ങിനെ ഡിമാണ്ടും ചരക്കിൻെറ വിലയും തമ്മിൽ ബന്ധപ്പെട്ടിരിയ്ക്കുന്നു. സാധാരണ പരിതഃസ്ഥിതികളിൽ ചരക്കിൻെറ വില കുറഞ്ഞാൽ അതു കൂടുതൽ വാങ്ങാൻ ആളുകളുണ്ടാവും. നേരേമറിച്ച്, വില വർദ്ധിച്ചാൽ ഡിമാണ്ട് ചുരുങ്ങും. വില കുറയുമ്പോളുള്ളതിനേക്കാൾ കുറഞ്ഞ ഡിമാണ്ടേ വില വർദ്ധിയ്ക്കുമ്പോളുണ്ടാകൂ. ഇതാണ് ഡിമാണ്ടിൻെറ നിയമം. വിലകളുടെ കയററമിറക്കങ്ങൾ ഡിമാണ്ടിൽ മാററമുണ്ടാക്കുന്നു. സ്ഥിതിഭേദത്തിന്നനുസരിച്ച് വിലകളുടെ സമ്മർദ്ദത്തിന്നു വഴങ്ങുന്ന ഡിമാണ്ടിൻെറ ഈ സ്വഭാവത്തിന്ന് സ്ഥിതിഭേദക്ഷമത (Elasticity of Demand) എന്നു പറയുന്നു. വിലകളിലുണ്ടാകുന്ന മാററം ഡിമാണ്ടിനെ എങ്ങിനെ ബാധിയ്ക്കുമെന്നാണതു കാണിയ്ക്കുന്നത്.

എന്നാൽ, വിലയിലുണ്ടാകുന്ന മാററത്തിൻെറ തോതിൽത്തന്നെ എല്ലായ്പ്പോഴും ഡിമാണ്ടിൽ മാററമുണ്ടായിക്കൊള്ളണമെന്നില്ല. ചില പ്രത്യേകതരം ചരക്കുകളുടെ വില എത്ര കൂടിയാലും ഡിമാണ്ടിൽ പറ

യത്തക്ക മാററമൊന്നുമുണ്ടാവില്ല. ഉദാഹരണത്തിന്നു്, ഒരു നിത്യോപയോഗസാമഗ്രിയായ ഉപ്പിന്റെ വിലയിൽ വലിയ മാററമുണ്ടായെന്നിരിയ്ക്കട്ടെ. എത്ര മാററമുണ്ടായാലും ഉപ്പുകൂടാതെ ആളുകൾക്കു് കഴിഞ്ഞു കൂടാൻ വയ്യ. വില കുറഞ്ഞാൽ കൂടുതൽ ഉപ്പുപയോഗിയ്ക്കുകയുമില്ല. അതിനാൽ, ഉപ്പിന്റെ ഡിമാണ്ടിൽ വലിയ മാററമുണ്ടാവില്ല. ഇത്തരം ഡിമാണ്ടിന്നു് സ്ഥിതിഭേദക്ഷമമല്ലാത്ത ഡിമാണ്ടു് (Inelastic Demand) എന്നു പറയുന്നു. നേരേമറിച്ചാണു് സുഖഭോഗസാമഗ്രികളുടേയും ഒഴിവാക്കാൻ പററിയ മററു ചരക്കുകളുടേയും ഡിമാണ്ടു്. ഉദാഹരണത്തിന്നു് റേഡിയോസെററിന്റെ വില വല്ലാതെ വർദ്ധിച്ചുവെന്നിരിയ്ക്കട്ടെ. എന്നാൽ, അതിന്റെ വില്പന ചുരുങ്ങിയെന്നുവരും. ആളുകൾ റേഡിയോ കൂടാതെകഴിയ്ക്കാൻ നോക്കും. വില കുറഞ്ഞകാലത്തുണ്ടാകുന്നത്ര ഡിമാണ്ടുണ്ടാവില്ല. ഇത്തരം ഡിമാണ്ടിന്നു് സ്ഥിതിഭേദക്ഷമമായ ഡിമാണ്ടു് (Elastic Demand) എന്നു പറയുന്നു.

ഒരു ചരക്കുകൊണ്ടുള്ള ആവശ്യം വേണ്ടെന്നുവെയ്ക്കാനോ നീട്ടിവെയ്ക്കാനോ കഴിയുമെങ്കിൽ, അല്ലെങ്കിൽ ഒരു ചരക്കിന്നു പകരം മറെറാന്നു് ഉപയോഗിയ്ക്കാൻ സാധിയ്ക്കുമെങ്കിൽ ചോദനം കൂടുതൽ സ്ഥിതിഭേദക്ഷമമായിരിയ്ക്കും. ഉദാഹരണത്തിന്നു് ചായയുടെ വില വർദ്ധിയ്ക്കുകയും കാപ്പിയുടെ വില കുറയുകയും ചെയ്താൽ കൂടുതൽ ആളുകൾ കാപ്പി വാങ്ങി ഉപയോഗിയ്ക്കാൻ തുടങ്ങും. അതുപോലെത്തന്നെ, പഞ്ചസാര

യുടെ വില വല്ലാതെ വർദ്ധിയ്ക്കുകയും വെല്ലത്തിന്റെ
വില വർദ്ധിയ്ക്കാതിരിയ്ക്കുകയും ചെയ്യുകയാണെങ്കിൽ
കൂടുതൽ ആളുകൾ പഞ്ചസാരയ്ക്കുപകരം വെല്ലമുപയോ
ഗിയ്ക്കാൻതുടങ്ങും. നേരേമറിച്ച് അരി, ഉപ്പ് തുട
ങ്ങിയ നിത്യോപയോഗസാമഗ്രികളുടെ വില കൂടി
യാലും അവയെ വേണ്ടെന്നുവെയ്ക്കാൻ കഴിയില്ല. അതു
കൊണ്ട് അവയുടെ ചോദനം സ്ഥിതിഭേദക്ഷമമല്ല.

പൊതുവിൽ പറഞ്ഞാൽ, ഒരു ചരക്കിന്റെ
ചോദനം എത്രത്തോളം സ്ഥിതിഭേദക്ഷമമാണെന്നു
ള്ളതു് അതിന്റെ ഉപഭോക്താവിന്റെ സ്ഥിതിയെ
യാണാശ്രയിച്ചിരിയ്ക്കുന്നതു്. ഉപഭോക്താവു വാങ്ങു
മ്പോൾ മാത്രമേ ചരക്കുകൾ വിററഴിയുകയുള്ളു. പുറ
മേയ്ക്കു നോക്കുമ്പോൾ ഉപഭോക്താവ് സ്വതന്ത്ര
നാണ്. ഇഷ്ടമുള്ളപ്പോൾ ഇഷ്ടമുള്ളതു തിരഞ്ഞെടുത്തു
വാങ്ങാൻ ആയാൾക്കു സ്വാതന്ത്ര്യമുണ്ട്. പക്ഷേ,
എന്താണ് തിരഞ്ഞെടുക്കുക? സിഗററ വാങ്ങണമെ
ന്നിരിയ്ക്കട്ടെ. ഏതുതരം സിഗററാണ് വാങ്ങുക?
കത്തിരിമാക്കോ ബക്ക്ലിയോ? ഏതു വാങ്ങണമെ
ന്നതു് ആയാളുടെ രുചിഭേദത്തെ ആശ്രയിച്ചിരിയ്ക്കും.
പക്ഷേ, സമർത്ഥനായ ഒരുൽപ്പാദകന്ന് ഉപഭോക്താ
വിന്റെ രുചിയേയും ഇഷ്ടത്തേയും കുറേയൊക്കെ രൂപ
പ്പെടുത്താൻ സാധിയ്ക്കും. മുതലാളികൾ പ്രസിദ്ധം
ചെയ്യുന്ന ഇടവിടാതെയുള്ള പരസ്യങ്ങൾ ഉപഭോ
ക്താവിന്റെ മനസ്സിൽ സ്വാധീനം ചെലുത്തുകയും
ആയാളുടെ സ്വതന്ത്രമായ തിരഞ്ഞെടുപ്പിനെ ഒട്ടൊക്കെ

നിയന്ത്രിയ്ക്കുകയും ചെയ്യുന്നു. പരസ്യങ്ങൾ പ്രചരിപ്പിയ്ക്കാൻ കൂടുതൽ കഴിവും കൂടുതൽ സാമർത്ഥ്യവുമുള്ളവരുടെ ചരക്കുകൾ കൂടുതൽ ചെലവായെന്നുവരും. അപ്പോൾ, ഉപഭോക്താക്കളുടെ ഡിമാണ്ടാണ് ഉൽപ്പാദനത്തിൻെറ ഗതിയെ നിർണ്ണയിയ്ക്കുന്നത് എന്നു പറയുന്നത് ഒരർദ്ധസത്യംമാത്രമാണ്. ഉൽപ്പാദകന്മാർ പലപ്പോഴും ഉപഭോക്താക്കളുടെ ഡിമാണ്ടിനെ രൂപാന്തരപ്പെടുത്തുകകൂടി ചെയ്യാറുണ്ട്.

ഓരോ ഉപഭോക്താവും തൻെറ സ്വന്തം ഇഷ്ടമനുസരിച്ചാണ് ചരക്കുകൾ വാങ്ങുന്നത് എന്നതു ശരിതന്നെ. പക്ഷേ, വ്യക്തിയുടെ ഇഷ്ടാനിഷ്ടങ്ങൾ സാമൂഹ്യാഭിലാഷങ്ങളുമായി ബന്ധപ്പെട്ടാണിരിയ്ക്കുന്നത്. സാമൂഹ്യാശയങ്ങളും സാമൂഹ്യപരിവർത്തനങ്ങളും ചരിത്രപരമായ മററു സാഹചര്യങ്ങളും വ്യക്തിയുടെ ഇഷ്ടാനിഷ്ടങ്ങളിൽ സ്വാധീനംചെലുത്താറുണ്ട്. ഉദാഹരണത്തിന്, മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ സിവിൽനിയമലംഘനപ്രസ്ഥാനമാരംഭിച്ചപ്പോൾ പലരും വിദേശവസ്ത്രങ്ങൾ ബഹിഷ്കരിയ്ക്കുകയുണ്ടായി. വില കൂടുതലാണെങ്കിലും ഖദർവാങ്ങിയുടുക്കാൻ ആളുകൾ തയ്യാറായി.

സമുദായം വികസിയ്ക്കുകയും സാങ്കേതികാഭിവൃദ്ധിയുടെ ഫലമായി പുതിയ ചരക്കുകൾ ഉൽപ്പാദിപ്പിയ്ക്കപ്പെടുകയും ചെയ്യുമ്പോൾ വ്യക്തിയുടെ ഇഷ്ടങ്ങളിലും മാററങ്ങളുണ്ടാകുന്നതു കാണാം. ഉദാഹരണത്തിന്, റേഡിയോ വിൽപ്പനയ്ക്കുവന്നപ്പോൾ

പലതും അതു വാങ്ങാൻ മുതിർന്നു. വ്യക്തിയുടെ ഇഷ്ടം സാമൂഹ്യോൽപ്പാദനത്തിൽ സ്വാധീനം ചെലുത്തുന്നതുപോലെത്തന്നെ സാമൂഹ്യോൽപ്പാദനത്തിലുണ്ടാകുന്ന മാററങ്ങൾ വ്യക്തിയുടെ ഇഷ്ടത്തിലും സ്വാധീനം ചെലുത്തുന്നു. ഉൽപ്പാദനവ്യവസ്ഥയാണ് വ്യക്തിപരമായ ഡിമാണ്ടുകളെ രൂപപ്പെടുത്തുന്നത്.

## പ്രദാനം അല്ലെങ്കിൽ സപ്ലൈ

Supply

ഡിമാണ്ടിൽ എന്തൊക്കെത്തന്നെ മാററങ്ങളുണ്ടായാലും ശരി, ആവശ്യമായ ചരക്കുകൾ മാർക്കററിൽ കിട്ടാനുണ്ടാവണം. ഇല്ലെങ്കിൽ ഡിമാണ്ടിന്നു യാതൊരർത്ഥവുമില്ല. എന്നാൽ, എല്ലായ്പ്പോഴും ഡിമാണ്ടിന്നനുസരിച്ച് മാർക്കററിൽ ചരക്കുകളുണ്ടായിക്കൊള്ളണമെന്നില്ല. ഏതെങ്കിലുമൊരു സന്ദർഭത്തിൽ മാർക്കററിൽ വിൽപ്പനയ്ക്കുവരുന്ന ഏതെങ്കിലുമൊരു ചരക്കിൻെറ ആകത്തുകയ്ക്കു് പ്രദാനം അല്ലെങ്കിൽ സപ്ലൈ (Supply) എന്നു പറയുന്നു.

ഡിമാണ്ടു് കൂടുതലും സപ്ലൈ കുറവുമാണെങ്കിൽ എന്താണുണ്ടാവുക? ഏതെങ്കിലുമൊരു ചരക്ക് ആവശ്യമുള്ളത്ര കിട്ടാനില്ലെങ്കിൽ അതിൻെറ വില വർദ്ധിയ്ക്കുകയും ആവശ്യമുള്ളതിനേക്കാളധികം വിൽപ്പനയ്ക്കുണ്ടെങ്കിൽ വില കുറയുകയും ചെയ്യും. എന്തുകൊണ്ടു്? 100 വസ്ത്രത്തിൻെറ ആവശ്യക്കാരുള്ളേടത്തു് 50

വസ്ത്രം മാത്രമേ കിട്ടാനുള്ളു എന്നു വിചാരിയ്ക്കുക. ആവശ്യമുള്ളത്ര വസ്ത്രം കിട്ടാനില്ലാത്തതുകൊണ്ടു് വാങ്ങാൻവരുന്നവരുടെയിടയിൽ ഒരുതരം മത്സരമുത്ഭവിയ്ക്കുകയും കൂടുതൽ പണം കൊടുത്തിട്ടെങ്കിലും ഉള്ളതു വാങ്ങിക്കൊണ്ടുപോകാൻ ഓരോരുത്തനും ആഗ്രഹിയ്ക്കുകയും ചെയ്യും. നേരെമറിച്ച്, സപ്ലൈ ഡിമാണ്ടിനേക്കാൾ കൂടുതലാണെങ്കിൽ വില കുറയുകയും ചെയ്യും. വിൽപ്പനക്കാർ മാർക്കററിന്റെ ഈ സ്വഭാവത്തെ അതിവേഗം മനസ്സിലാക്കുന്നു. വസ്ത്രത്തിന്റെ വില കൂടുതലാണെന്നു കാണുമ്പോൾ അവർ കൂടുതൽ വസ്ത്രങ്ങളുണ്ടാക്കി വിൽപ്പനയ്ക്കു കൊണ്ടുവരുന്നു. അല്ലെങ്കിൽ കൂടുതൽ ഉൽപ്പാദകന്മാർ വസ്ത്രനിർമ്മാണത്തിലേയ്ക്കാകർഷിയ്ക്കപ്പെടുന്നു. നേരെമറിച്ച്, വസ്ത്രത്തിന്റെ വില കുറയുന്നുവെന്നുകണ്ടാൽ വസ്ത്രനിർമ്മാണം ചുരുക്കുകയും ചെയ്യുന്നു. ഇങ്ങിനെ മററു പരിതഃസ്ഥിതികളിൽ മാററമില്ലാതിരിയ്ക്കേ, ഏതെങ്കിലും ചരക്കിന്റെ വില വർദ്ധിച്ചാൽ സപ്ലൈ കൂടുകയും വില കുറഞ്ഞാൽ സപ്ലൈ ചുരുങ്ങുകയും ചെയ്യുന്നു. ഇതാണു് പ്രദാനത്തിന്റെ (സപ്ലൈയുടെ) നിയമം.

ചരക്കിന്റെ വിലയിലുണ്ടാകുന്ന ചെറിയൊരു മാററം സപ്ലൈയിൽ വലിയ മാററങ്ങളുണ്ടാക്കിയാൽ അതിന്നു് സ്ഥിതിഭേദക്ഷമമായ സപ്ലൈ (Elastic Supply) എന്നു പറയുന്നു. മറിച്ച്, സപ്ലൈയിലുണ്ടാകുന്ന മാററം താരതമ്യേന നിസ്സാരമാണെങ്കിൽ അതു് സ്ഥിതിഭേദക്ഷമമല്ലാത്ത സപ്ലൈ (Inelastic Supply) ആണു്.

## ചോദനപ്രദാനങ്ങളുടെ പൊതുനിയമങ്ങൾ

ഏതുതരത്തിലുള്ള എത്ര ചരക്കുകളാണ് മാക്കററിൽ ആവശ്യമായിവരികയെന്നു് മുൻകൂട്ടി തിട്ടപ്പെടുത്തുവാൻ ഉല്പാദകന്മാക്കു സാധിയ്ക്കുകയില്ല. ചിലപ്പോൾ സപ്ലൈയും മററുചിലപ്പോൾ ഡിമാണ്ടും കൂടുതലായെന്നുവരും. സപ്ലൈയിലും ഡിമാണ്ടിലുമുണ്ടാകുന്ന മാററങ്ങൾ ചരക്കിൻെറ വിലയിലും മാററങ്ങളുണ്ടാക്കും. പണത്തിൻെറ തുകയിൽ മാററമില്ലാതിരിയ്ക്കെ, ചരക്കുകളുടെ ഡിമാണ്ടു് സപ്ലൈയേക്കാൾ അധികമായാൽ വില വർദ്ധിയ്ക്കുകയും, നേരെമറിച്ച് സപ്ലൈ ഡിമാണ്ടിനേക്കാൾ അധികമായാൽ വില കുറയുകയും ചെയ്യും.

യുദ്ധകാലത്തു് അസാധാരണങ്ങളായ പല മാററങ്ങളുമുണ്ടാകുന്നു. പട്ടാളത്തിലും സൈനികവ്യവസായങ്ങളിലും മററുമായി കൂടുതൽ ആളുകൾക്കു ജോലി കിട്ടുന്നു. പണത്തിനുള്ള ക്ഷാമം താരതമ്യേന കുറയുന്നു. എന്നാൽ, സാധാരണക്കാക്കാവശ്യമായ നിത്യോപയോഗസാമഗ്രികളുടെ ഉല്പാദനം വർദ്ധിയ്ക്കുന്നില്ല. അതുകൊണ്ടു്, ഡിമാണ്ടു് സപ്ലൈയേക്കാൾ എത്രയോ അധികമായിത്തീരുന്നു. ഈ തക്കംനോക്കി മുതലാളികളും കച്ചവടക്കാരും തങ്ങളുടെ ചരക്കുകൾക്കു കൂടുതൽ വിലകിട്ടണമെന്നാവശ്യപ്പെടുന്നു. നേരെ

മറിച്ചാണ് സാമ്പത്തികക്കുഴപ്പമോ മറേറാ പിടിപെടുമ്പോഴത്തെ സ്ഥിതി. ചരക്കുകളുണ്ട്; പക്ഷേ, വാങ്ങാനാളില്ല. ഡിമാണ്ടു കുറയുമ്പോൾ ചരക്കുകളുടെ വിലയും കുറയുന്നു.

ബെൻഹാം എന്ന ധനശാസ്ത്രജ്ഞൻ സപ്ലൈയുടേയും ഡിമാണ്ടിൻേറയും നാലു നിയമങ്ങളെ ഇങ്ങിനെ സംഗ്രഹിയ്ക്കുന്നു:

1. വില്പനക്കാർ വില്പനയ്ക്കു കൊണ്ടുവരുന്ന ചരക്കുകളുടെ തുകയേയും ഉപഭോക്താക്കൾ വാങ്ങാനാഗ്രഹിയ്ക്കുന്ന തുകയേയും ഏറെക്കുറെ തുല്യമാക്കാൻ വിലകൾ സഹായിയ്ക്കുന്നു.

2. സാധാരണമായി ചരക്കിൻെറ വില കുറഞ്ഞാൽ അതിന്നു കൂടുതൽ ഡിമാണ്ടുണ്ടാവും. വില വർദ്ധിച്ചാൽ ഡിമാണ്ട് കുറയും.

3. ഡിമാണ്ട് വർദ്ധിച്ചാൽ വില വർദ്ധിയ്ക്കും. അതോടെ സപ്ലൈയും വർദ്ധിയ്ക്കും. നേരെമറിച്ച്, ഡിമാണ്ടു കുറഞ്ഞാൽ വില കുറയുകയും സപ്ലൈ ചുരുങ്ങുകയും ചെയ്യും.

4. സപ്ലൈ വർദ്ധിച്ചാൽ വില ചുരുങ്ങുകയും അതിൻെറ ഫലമായി ഡിമാണ്ടു വർദ്ധിയ്ക്കുകയും ചെയ്യും. സപ്ലൈ ചുരുങ്ങിയാൽ വില കൂടുകയും അതിൻ ഫലമായി ഡിമാണ്ട് ചുരുങ്ങുകയും ചെയ്യും.

എല്ലാ പരിതഃസ്ഥിതികൾക്കും ബാധകമായ സാർവ്വത്രിക നിയമങ്ങളാണിവ എന്നു ധരിയ്ക്കാൻ പാടില്ല. ഉദാഹരണത്തിന്നു്, ഡിമാണ്ടു് വർദ്ധിയ്ക്കും തോറും ചരക്കുകളുടെ വില വർദ്ധിയ്ക്കുന്നതാണു് എന്ന നിയമം പരിശോധിയ്ക്കുക. ഡിമാണ്ടു്, വാസ്തവത്തിൽ, സമുദായത്തിലെ വിവിധ വ്യക്തികളുടേയും ജനവിഭാഗങ്ങളുടേയും വരവുകളെ ആശ്രയിച്ചാണിരിയ്ക്കുകയെന്നു് മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അപ്പോൾ, പണക്കാരന്റേയും പട്ടിണിക്കാരന്റേയും ഡിമാണ്ടു് ഒരേതരത്തിലായിരിയ്ക്കുകയില്ല. ജീവിതത്തോതാണു് ഡിമാണ്ടിനെ നിർണ്ണയിക്കുന്നതു്. ജീവിതനിർവ്വഹണത്തിന്നു വേണ്ടത്ര വരവില്ലാത്തവർ താരതമ്യേന ചുരുങ്ങിയവിലയ്ക്കുള്ള ചരക്കുകൾകൊണ്ടു തൃപ്തിപ്പെടും. വരവു വർദ്ധിച്ചാൽ ഒഴിച്ചുകൂടാൻവയ്യാത്ത നിത്യോപയോഗസാധനങ്ങൾക്കു പുറമേ മററു പലതും വാങ്ങിയെന്നുവരും. ഏതെങ്കിലുമൊരു ചരക്കിന്റെ വില ക്രമാതീതമായി വർദ്ധിച്ചാൽ അതു കൂടാതെകഴിയ്ക്കാനും വില കുറഞ്ഞാൽ അതു കൂടുതൽ വാങ്ങിയുപയോഗിയ്ക്കുവാനുമാണു് ആളുകൾ ഇഷ്ടപ്പെടുക. അപ്പോൾ, ഭൂരിപക്ഷക്കാരുടെ ആഗ്രഹങ്ങളും ഡിമാണ്ടുകളുമാണു് ചരക്കുകളുടെ ഉല്പാദനവിതരണങ്ങളേയും സപ്ലൈയേയും എല്ലായ്പോഴും നിർണ്ണയിയ്ക്കുന്നതു് എന്നു പറയുന്നതു് ശരിയാവില്ല. നേരെമറിച്ചു്, പലപ്പോഴും ഉല്പാദനസമ്പ്രദായം ഭൂരിപക്ഷക്കാരുടെ ഡിമാണ്ടുകളെ നിർണ്ണയിയ്ക്കുകയാണു് ചെയ്യുന്നതു്. പണക്കാരും പ്രബലന്മാരുമായ ഒരുപിടി കുത്തകവ്യവസാ

യക്കാക്ക് ഭൂരിപക്ഷക്കാരുടെ ഡിമാണ്ടിനെ തൃപ്പെടുത്താൻ കഴിയുന്നു. അതുകൊണ്ടാണ് ഡിമാണ്ടിന്റെയും സപ്ലൈയുടേയും നിയമങ്ങളോടൊപ്പം "മററു പരിതഃസ്ഥിതികളിൽ മാററമില്ലാതിരിക്കേ", എന്നു പ്രത്യേകം ഊന്നിപ്പറയുന്നതു്. സപ്ലൈ, ഡിമാണ്ടു്, വില എന്നിവ തമ്മിലുള്ള ബന്ധങ്ങൾ മാക്കററിൽ ഏതുതരത്തിലുള്ള സ്വാധീനമാണ് ചെലുത്തുന്നതു് എന്നു മൊത്തത്തിൽ ചൂണ്ടിക്കാണിക്കാൻ മാത്രമേ ഈ നിയമങ്ങൾ സഹായിക്കുകയുള്ളൂ.

[redacted]

## അഞ്ചാമദ്ധ്യായം.

# മൂല്യവും വിലയും

ഉല്പാദകൻ തന്റെ സ്വന്തം ഉപയോഗത്തിന്നു വേണ്ടിയല്ല, കൈമാററത്തിന്നുവേണ്ടിയാണ്, അല്ലെങ്കിൽ, കമ്പോളത്തിൽ കൊണ്ടുപോയി മററുള്ളവൎക്കു വില്ക്കാൻവേണ്ടിയാണ്, ചരക്കുകളുല്പാദിപ്പിയ്ക്കുന്നതു് എന്നു പറഞ്ഞുവല്ലോ. ഒരു ചരക്കു കൊടുത്തു് നേരിട്ട് മറെറാരു ചരക്കു വാങ്ങുന്നതിന്നു് വെച്ചുമാററം അല്ലെങ്കിൽ ബാർട്ടർ (Barter) എന്നും പണംകൊടുത്തു ചരക്കുവാങ്ങുന്നതിന്നു് വിലയ്ക്കുവാങ്ങൽ എന്നും പറയുന്നു. ഒരു ചരക്കു വാങ്ങുമ്പോൾ അതിന്നുപകരം കൊടുക്കുന്ന പണമാണ് ചരക്കിന്റെ വില.

### മൂല്യവും വിലയും

കമ്പോളത്തിൽ ചരക്കുകൾ കൈമാററംചെയ്യപ്പെടുന്നതു് എന്തടിസ്ഥാനത്തിലാണ്? മറെറാരു

വിധം ചോദിച്ചാൽ, ചരക്കുകളുടെ വിനിമയബന്ധത്തെ നിർണ്ണയിയ്ക്കുന്ന നിയമമെന്താണു്?

ചോദനപ്രദാനങ്ങളിലുണ്ടാകുന്ന മാററങ്ങളനുസരിച്ചു് ചരക്കിന്റെ വിലയിലും മാററങ്ങളുണ്ടാകുമെന്നു നമ്മൾ കണ്ടുകഴിഞ്ഞിട്ടുണ്ടു്. ചോദനം അധികവും പ്രദാനം കുറവുമാകയാൽ വില വർദ്ധിയ്ക്കുകയും നേരെമറിച്ചു്, ചോദനം കുറവും പ്രദാനം കൂടുതലുമായാൽ വില ചുരുങ്ങുകയും ചെയ്യുന്നു. പക്ഷേ ചോദനം എത്ര കൂടുതലായാലും ഒരു കടലാസ്സുപെൻസിലിന്നു് ഒരു ലക്ഷം ഉറുപ്പിക കൊടുക്കേണ്ടിവരുന്നില്ല. അതുപോലെത്തന്നെ പ്രദാനം എത്ര വർദ്ധിച്ചാലും ഒരു മോട്ടോർകാർ നാലണയ്ക്കോ എട്ടണയ്ക്കോ വാങ്ങാൻ കിട്ടുകയില്ല. വില കൂടുകയോ കുറയുകയോ ചെയ്യുന്നതു് ഒരു പ്രത്യേകാതിർത്തിയ്ക്കുപുറമായിരിയ്ക്കും. ഓരോ ചരക്കിന്നും ഒരു സാമാന്യവിലയുണ്ടായിരിയ്ക്കും. ആ സാമാന്യവിലയാണു് വർദ്ധിയ്ക്കുകയോ കുറയുകയോ ചെയ്യുന്നതു്. ചോദനപ്രദാനങ്ങൾ സമമാണെങ്കിൽക്കൂടി രണ്ടു വ്യത്യസ്തചരക്കുകളുടെ വിലകൾ സമമായിക്കൊള്ളണമെന്നില്ല. ചില ചരക്കുകൾക്കു് ആയിരം ഉറുപ്പികയോ രണ്ടായിരം ഉറുപ്പികയോ വിലയുണ്ടാവും. മററു ചില ചരക്കുകൾക്കു് ഒരു ഉറുപ്പികയോ രണ്ടു ഉറുപ്പികയോ കൊടുത്താൽ മതി. വ്യത്യസ്തചരക്കുകൾക്കു് വ്യത്യസ്തവിലകളുണ്ടാകുന്നതെന്തുകൊണ്ടാണു്? വിലയുടെ അടിസ്ഥാനമെന്താണു്?

ഒരു കടലാസ്സുപെൻസിലിൻെറ വില 25 നയാപൈസയും ഒരു മോട്ടോർകാറിൻെറ വില 5000 ക.യുമാണെങ്കിൽ ഒരു മോട്ടോർകാർ 20,000 പെൻസിലിന്നു സമമാണു് എന്നു നമ്മൾ പറയുന്നു. ഒരു കൃഷിക്കാരൻ 4 തേങ്ങ കൊടുത്തു് പകരം മററൊരു കൃഷിക്കാരനിൽനിന്നു് 2 നാഴി അരി വാങ്ങുന്നുവെന്നിരിയ്ക്കട്ടെ. എന്നാൽ 4 തേങ്ങ 2 നാഴി അരിയ്ക്കു സമമാണു് എന്നു പറയാം. തേങ്ങയും അരിയും രണ്ടും ഉപയോഗകരങ്ങളായ വസ്തുക്കളാണു്. രണ്ടിന്നും ഉപയോഗമൂല്യമുണ്ടു് എന്നർത്ഥം. തേങ്ങയുടെ ഉപയോഗമൂല്യം അരിയുല്പാദിപ്പിയ്ക്കുന്നവനും അരിയുടെ ഉല്പാദനമൂല്യം തേങ്ങയുല്പാദിപ്പിയ്ക്കുന്നവനുമാണു ലഭിയ്ക്കുന്നതു് എന്നേയുള്ളു. യാതൊരുല്പാദനമൂല്യവുമില്ലാത്ത വസ്തുക്കൾ ആരും വാങ്ങുകയില്ല. കൈമാററംചെയ്യപ്പെടുന്ന എല്ലാ ചരക്കുകൾക്കും ഉപയോഗമൂല്യമുണ്ടായിരിയ്ക്കണം.

എന്നാൽ, തേങ്ങയുടെ ഉപയോഗമല്ല അരിയുടെ ഉപയോഗം. വ്യത്യസ്തങ്ങളായ ഉപയോഗമൂല്യങ്ങളാണവയ്ക്കുള്ളതു്. എന്നിട്ടും 4 തേങ്ങ 2 നാഴി അരിയ്ക്കു സമമാണു്. ആകൃതികൊണ്ടും ഗുണംകൊണ്ടും ഉപയോഗംകൊണ്ടും വ്യത്യസ്തങ്ങളായ രണ്ടു ചരക്കുകൾ — തേങ്ങയും അരിയും — സമമാകണമെങ്കിൽ അവയിൽ സമമായ എന്തോ ഒന്നു് അടങ്ങിയിരിയ്ക്കണമെന്നു തീർച്ചയാണു്. ആ എന്തോ ഒന്നിനെയാണു് ധനശാസ്ത്രജ്ഞന്മാർ കൈമാററമൂല്യം അല്ലെങ്കിൽ മൂല്യം എന്നു വിളിയ്ക്കുന്നതു്. മൂല്യമുള്ളതുകൊണ്ടാണു്

മററു ചരക്കുകൾ വാങ്ങാനുള്ള കഴിവുണ്ടാകുന്നതു്. മൂല്യത്തിൻെറ പണക്കണക്കിലുള്ള പ്രതിഫലനമാണു വില.

സ്വത്തുക്കളുടെ ഉറവിടമെന്താണെന്നതിനെപ്പററിയും "മററു ചരക്കുകൾ വാങ്ങാനുള്ള കഴിവു്" എങ്ങിനെയുണ്ടാകുന്നു എന്നതിനെപ്പററിയും പതിനേഴാം നൂററാണ്ടിന്നു മുമ്പുമുതല്ക്കുതന്നെ പല ധനശാസ്ത്രജ്ഞന്മാരും ചിന്തിയ്ക്കാൻതുടങ്ങിയിരുന്നു. അതിൻ ഫലമായി ചരക്കുകളുടെ മൂല്യത്തെസംബന്ധിച്ചുള്ള പല സിദ്ധാന്തങ്ങളും ഉന്നയിയ്ക്കപ്പെട്ടിട്ടുണ്ടു്. മദ്ധ്യകാലത്തെ സിദ്ധാന്തങ്ങളിൽ പ്രാധാന്യമർഹിയ്ക്കുന്നതു് "ന്യായമായ വില"യെപ്പററിയുള്ള അക്വിനാസ് എന്ന ധനശാസ്ത്രജ്ഞൻെറ സിദ്ധാന്തമാണു്. ചരക്കുകളുണ്ടാക്കാനാവശ്യമായ അദ്ധ്വാനവും ത്യാഗങ്ങളും, ഉല്പാദനച്ചെലവുകൾ, അസംസ്കൃതസാമഗ്രികളും മററും വാങ്ങിക്കൊണ്ടുവരുവാനും ചരക്കുകൾ മാർക്കററിലേയ്ക്കു കൊണ്ടുപോകുവാനും ആവശ്യമായ ഗതാഗതച്ചെലവുകൾ — ഇതിന്നെല്ലാം ന്യായമായ പ്രതിഫലം ലഭിയ്ക്കണമെന്നാണദ്ദേഹം വാദിച്ചതു്. മര്യാദവിലയെന്തായിരിയ്ക്കണമെന്നു് കൊള്ളക്കൊടുക്കകളിലേർപ്പെടുന്നവർ യോജിച്ചു തീരുമാനിയ്ക്കണമെന്നും ലാഭം കിട്ടാൻവേണ്ടി മാത്രം കച്ചവടത്തിൽ കൃത്രിമം കാണിയ്ക്കുന്നതു് അന്യായവും അനീതിയുമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കച്ചവടക്കാരുടെ താല്പര്യങ്ങളെക്കാളധികം ചെറുകിടക്കാരായ ഉല്പാദകന്മാ

ൂടെ താല്പര്യങ്ങൾക്കിണങ്ങുന്ന ഒരു സിദ്ധാന്തമായിരുന്നു അതു്.

മെർക്കൻറിലിസ്റ്റുകാരെന്ന പേരിലറിയപ്പെടുന്ന ധനശാസ്ത്രജ്ഞന്മാർ അക്വിനാസിൻെറ അഭിപ്രായത്തോടു യോജിച്ചില്ല. വില്ക്കുന്ന ചരക്കുകളുടെ വില വർദ്ധിപ്പിയ്ക്കുകയും വാങ്ങുന്ന ചരക്കുകളുടെ വില കുറയ്ക്കുകയുംചെയ്യുക, ഇറക്കുമതി ചുരുക്കുകയും കയററുമതി കൂട്ടുകയുംചെയ്യുക — ഇങ്ങിനെ കച്ചവടം ചെയ്തു മിച്ചമുണ്ടാക്കുന്നതിൻെറ ഫലമായിട്ടാണു് രാജ്യത്തിലെ സ്വത്തുക്കൾ വർദ്ധിയ്ക്കുന്നതു് എന്നായിരുന്നു അവരുടെ അഭിപ്രായം. ഫിസിയോക്രാററുകാർ എന്ന പേരിലറിയപ്പെടുന്ന മറെറാരുതരം ധനശാസ്ത്രജ്ഞന്മാരാകട്ടെ, ഉല്പാദിപ്പിയ്ക്കുന്ന സാമഗ്രികളും ഉപഭോഗത്തിന്നുവേണ്ടി ചെലവിടുന്ന സാമഗ്രികളും തമ്മിലുള്ള വ്യത്യാസമാണു് സ്വത്തിൻെറ അടിസ്ഥാനം എന്നു വാദിച്ചു. സ്വന്തം ഉപയോഗത്തിന്നാവശ്യമുള്ളതിലധികം ഉല്പാദിപ്പിയ്ക്കാൻ കഴിഞ്ഞാലേ മിച്ചമുണ്ടാക്കാൻ കഴിയൂ. മിച്ചമുണ്ടാകുന്നതു കൊടുത്തു് പകരം മററുള്ളവരുടെ അദ്ധ്വാനം വാങ്ങാം. ഇതു സാധിയ്ക്കണമെങ്കിൽ ഉല്പാദനപരമായ അദ്ധ്വാനം കൂടുതലാക്കുകയും അതേസമയത്തുതന്നെ ഉപഭോഗം ചുരുക്കുകയും ചെയ്യണം. ഇങ്ങിനെ സ്വത്തുക്കളുണ്ടാക്കാൻ കൂടുതൽ അദ്ധ്വാനിച്ചു് കൃഷി വർദ്ധിപ്പിയ്ക്കുകയാണാവശ്യം. കൃഷിപ്പണിചെയ്യുന്നവരുടെ ജീവിതം പുലർത്താനാവശ്യമായതു് അവർക്കു കൊടുക്കേണ്ടിവരും.

പക്ഷേ, അവരുടെ അദ്ധ്വാനത്തിന്നു് ജീവിതം പുലർത്താനാവശ്യമായതിലും കൂടുതൽ ഉല്പാദിപ്പിയ്ക്കാനുള്ള കഴിവുണ്ടു്. അതിനാൽ, കാർഷികോല്പാദനമാണു് എല്ലാ സ്വത്തുക്കളുടേയും ഉറവിടം എന്നു് ഫിസിയോക്രാറ്റുകാർ അഭിപ്രായപ്പെട്ടു.

## മൂല്യത്തിന്റെ
## അദ്ധ്വാനസിദ്ധാന്തം

എന്നാൽ, 18-ാം നൂററാണ്ടിന്റെ അവസാനത്തിൽ ജീവിച്ചിരുന്ന ആഡാംസ്മിത്തും 19-ാം നൂററാണ്ടിന്റെ ആരംഭത്തിൽ ജീവിച്ചിരുന്ന ഡേവിഡ് റിക്കാർഡോവുമാണു് കൂടുതൽ വ്യക്തമായ സിദ്ധാന്തങ്ങളുന്നയിച്ചതു്.

ഉപയോഗകരങ്ങളായ ഭൗതികസ്വത്തുക്കൾ മാത്രമാണു് സ്വത്തുക്കളെന്നും ഉപയോഗകരങ്ങളല്ലാത്ത സ്വത്തുക്കൾ കൈമാററം ചെയ്യപ്പെടുകയില്ലെന്നും അദ്ധ്വാനവിഭജനമാണു് കൈമാററത്തിന്നു് പ്രചോദനം നല്കുന്നതു് എന്നും ആഡാംസ്മിത്തു് ചൂണ്ടിക്കാണിച്ചു. സമുദായത്തിലെ സ്വത്തുക്കളത്രയും രണ്ടുപാധികളെ ആശ്രയിച്ചിരിയ്ക്കുന്നു: ഒന്നു്, മനുഷ്യാദ്ധ്വാനത്തിന്റെ ഉല്പാദനക്ഷമത; രണ്ടു്, സ്വത്തുക്കളുല്പാദിപ്പിയ്ക്കാൻ കഴിവുള്ള അദ്ധ്വാനത്തിന്റെ ആകത്തുക. മനുഷ്യാദ്ധ്വാനമാണു്, അവസാന വിശകലനത്തിൽ,

എല്ലാ സത്തുക്കളുടേയും ഉറവിടം. കൈമാററംചെയ്യപ്പെടുന്ന ഒരു വസ്തുവിൻെറ മൂല്യം ആ വസ്തുകൊടുത്തു പകരം വാങ്ങാൻ കഴിയുന്ന അദ്ധ്വാനത്തിന്നു സമമായിരിയ്ക്കും. അദ്ധ്വാനത്തിൻെറ അടിസ്ഥാനത്തിൽ മാത്രമാണു് കൈമാററംചെയ്യപ്പെടുന്ന ചരക്കുകളുടെ മൂല്യങ്ങൾ അളക്കപ്പെടുന്നതു്. അദ്ദേഹം എഴുതുന്നു:

"ഏതു വസ്തുവിൻേറയും യഥാർത്ഥമായ വില — ആ വസ്തു സമ്പാദിയ്ക്കാനാഗ്രഹിയ്ക്കുന്ന ഒരാൾക്കു് യഥാർത്ഥത്തിൽ ചെലവാകുന്നതു് — അതു സമ്പാദിയ്ക്കാനാവശ്യമായിവരുന്ന അദ്ധ്വാനവും ബുദ്ധിമുട്ടുമാണു്...........പണം കൊടുത്തോ ചരക്കു കൊടുത്തോ വാങ്ങുന്നതു് അദ്ധ്വാനംകൊടുത്തു വാങ്ങുന്നതുപോലെയാണു്. ആ വസ്തു സമ്പാദിയ്ക്കാനാവശ്യമായ ശാരീരികാദ്ധ്വാനത്തിന്നു സമമായിരിയ്ക്കും അതു്."

ചരക്കിന്നു മൂല്യമുണ്ടാകുന്നതു് അതുല്പാദിപ്പിയ്ക്കാൻ അദ്ധ്വാനം ആവശ്യമായിവരുന്നതുകൊണ്ടാണു്. അതുകൊണ്ടു് മൂല്യം ഉല്പാദനത്തിൻെറ ഉപാധികളേയും പരിതഃസ്ഥിതികളേയും ആശ്രയിച്ചിരിയ്ക്കും. പക്ഷേ, ആ മൂല്യത്തെ അളക്കുന്നതെങ്ങിനെയാണു്? ആഡാംസ്മിത്തിൻെറ അഭിപ്രായത്തിൽ, ഒരു ചരക്കിൻെറ മൂല്യം അതു കൈമാറിയാൽ കിട്ടുന്ന മറേറതെങ്കിലും ചരക്കിലടങ്ങിയ അദ്ധ്വാനത്തിന്നു സമമായിരിയ്ക്കും. എന്നുവെച്ചാൽ, കൈമാററമാണു് മൂല്യത്തിൻെറ അളവിനെ നിർണ്ണയിയ്ക്കുന്നതു്.

കൈമാററത്തിൻെറ പരിതഃസ്ഥിതികളെ അദ്ദേഹം മൂന്നായി തരംതിരിയ്ക്കുന്നു. ഒന്നാമത്ത്, ചോദനം അല്ലെങ്കിൽ ചരക്കിന്നുള്ള ആവശ്യക്കാർ. രണ്ടാമത്ത്, ചരക്കിൻെറ സുലഭത അല്ലെങ്കിൽ ദൗർല്ലഭ്യം. മൂന്നാമത്ത്, ആവശ്യക്കാരുടെ സാമ്പത്തികസ്ഥിതി. ഇങ്ങിനെ, അദ്ധ്വാനമാണ് മൂല്യത്തിൻെറ അടിസ്ഥാനമെങ്കിലും അതെത്രയാണെന്ന് അവസാനമായി നിർണ്ണയിയ്ക്കുന്നത് കമ്പോളത്തിലെ ഡിമാണ്ടും സപ്ലൈയുമാണ്.

സ്മിത്തിൻെറ ഈ അദ്ധ്വാനസിദ്ധാന്തത്തെ കൂടുതൽ പുഷ്ടിപ്പെടുത്താനാണ് അദ്ദേഹത്തിൻെറ പിൻഗാമിയായ റിക്കാർഡോ ശ്രമിച്ചത്. ചരക്കിൻെറ ഉപയോഗമൂല്യവും കൈമാററമൂല്യവും തമ്മിലുള്ള വ്യത്യാസത്തെ അദ്ദേഹം ചൂണ്ടിക്കാണിച്ചു. കൈമാററം ചെയ്യപ്പെടുന്ന വസ്തുക്കൾക്ക് ഉപയോഗമൂല്യമുണ്ടായിരിയ്ക്കണം. പക്ഷേ, അവയുടെ ഉപയോഗമോ അവകൊണ്ടുള്ള പ്രയോജനമോ അല്ല കൈമാററമൂല്യത്തെ നിർണ്ണയിയ്ക്കുന്നത്. കൈമാററമൂല്യത്തിന്ന് രണ്ടുറവിടങ്ങളാണുള്ളത്: (1) അവയുടെ ദൗർല്ലഭ്യം; (2) അവ സമ്പാദിയ്ക്കാനാവശ്യമായി വരുന്ന അദ്ധ്വാനത്തിൻെറ തുക. മൂല്യനിർണ്ണയത്തിൽ ഈ രണ്ടു ഘടകങ്ങളും ചെലുത്തുന്ന സ്വാധീനശക്തികളെ അദ്ദേഹം വേർതിരിച്ചു കാണിച്ചു. എത്ര അദ്ധ്വാനം ചെലവഴിച്ചാലും ചില ചരക്കുകളുടെ എണ്ണം അല്ലെങ്കിൽ തുക വർദ്ധിപ്പിയ്ക്കാൻ കഴിയില്ല.

അതുകൊണ്ടു് സപ്ലൈ വർദ്ധിപ്പിച്ചുകൊണ്ടു് അവ യുടെ മൂല്യം കുറയ്ക്കാൻ കഴിയില്ല. "അപൂർവ്വങ്ങളായ പ്രതിമകളും ചിത്രങ്ങളും ദുർല്ലഭങ്ങളായ ഗ്രന്ഥങ്ങളും നാണ്യങ്ങളും മററും" അത്തരം ചരക്കുകളിലുൾപ്പെ ടുന്നു. ദൗർല്ലഭ്യം മാത്രമാണു് അവയുടെ മൂല്യങ്ങളെ നിർണ്ണയിക്കുന്നതു്. എന്നാൽ, മനുഷ്യപ്രയത്നം കൊണ്ടു് "യാതൊരു പരിധിയുമില്ലാത്തവിധം" വർദ്ധിപ്പിക്കാൻ കഴിയുന്ന മററ ചരക്കുകളുടെ സ്ഥിതി ഇതല്ല. അവയുടെ കൈമാററമൂല്യങ്ങളുടെ അടിസ്ഥാനം "അവയോരോന്നും ഉല്പാദിപ്പിക്കാൻ താരതമ്യേന ചെലവഴിക്കപ്പെടുന്ന അദ്ധ്വാന ത്തിൻെറ തുകയാണു്." ഏതെങ്കിലുമൊരു ചരക്കിൻെറ മൂല്യം, അല്ലെങ്കിൽ അതു വിനിമയംചെയ്തുകിട്ടുന്ന മറേറതെങ്കിലും ചരക്കിൻെറ തുക, അതുല്പാദിപ്പിക്കാ നാവശ്യമായ അദ്ധ്വാനത്തിൻെറ തുകയെ ആശ്രയി ച്ചിരിയ്ക്കും. രണ്ടിടങ്ങഴി നെല്ലിൻേറയും ഒരു വാര തുണിയുടേയും മൂല്യങ്ങൾ സമമാകുന്നതു് അവയിലട ങ്ങിയ മനുഷ്യാദ്ധ്വാനം സമമാകുന്നതുകൊണ്ടത്രേ. യന്ത്രങ്ങൾ, കെട്ടിടങ്ങൾ മുതലായവ ഭൂതകാലത്തിൽ ചെലവഴിക്കപ്പെട്ട അദ്ധ്വാനത്തിൻെറ ഫലങ്ങ ളാണു്. അതുകൊണ്ടു്, മൂല്യനിർണ്ണയത്തിൽ അവയ്ക്കും പങ്കുണ്ടു്. ഉല്പാദനത്തിൻെറ ഗതിക്രമത്തിലൂടെയാണു് മൂല്യങ്ങൾ സൃഷ്ടിക്കപ്പെടുന്നതു്. കൈമാററത്തി ന്നിടയിൽ പുതുതായി യാതൊരു മൂല്യവും സൃഷ്ടി യ്ക്കപ്പെടുന്നില്ല. യഥാർത്ഥത്തിൽ, ചരക്കുകളുടെ കൈ

മാററമൂല്യമെന്നു പറയുന്നതു് നിലവിലുള്ള മൂല്യങ്ങളുടെ കൈമാററം മാത്രമാണു് എന്നു് റിക്കാർഡോ ഊന്നിപ്പറഞ്ഞു.

എന്നാൽ, എല്ലാത്തരം അദ്ധ്വാനങ്ങളും ഒരുപോലെയല്ല. അവയുടെ ഗുണത്തിലും സ്വഭാവത്തിലും വ്യത്യാസമുണ്ടു്. വിദഗ്ദ്ധമായ അദ്ധ്വാനത്തേയും അവിദഗ്ദ്ധമായ അദ്ധ്വാനത്തേയും ഒരുപോലെ കണക്കാക്കാൻ വയ്യ. ചില ചരക്കുകളുണ്ടാക്കാൻ വിദഗ്ദ്ധമായ അദ്ധ്വാനമാവശ്യമാണു്. മററു ചില ചരക്കുകളുണ്ടാക്കാൻ സാധാരണമായ അവിദഗ്ദ്ധപ്രയത്നം മതി. ഈ രണ്ടുതരം ചരക്കുകളുടെ മൂല്യങ്ങൾ താരതമ്യപ്പെടുത്തുന്നതെങ്ങിനെയാണു്? ഈ വിഷമപ്രശ്നത്തിന്നു പരിഹാരം കാണാൻ ആഡാംസ്മിത്തിന്നു സാധിച്ചില്ല. അതുകൊണ്ടു്, അദ്ധ്വാനങ്ങളുടെ നിലവാരത്തിൽ വലിയ വ്യത്യാസങ്ങളില്ലാത്ത പ്രാകൃത സാമൂഹ്യവ്യവസ്ഥകളിൽ മാത്രമേ മൂല്യത്തെസ്സംബന്ധിച്ചുള്ള സിദ്ധാന്തം പൂർണ്ണമായും പ്രായോഗികമാവൂ എന്നദ്ദേഹം അഭിപ്രായപ്പെട്ടു. റിക്കാർഡോവാകട്ടെ, ആധുനികസമുദായത്തിലും മൂല്യങ്ങളുടെ അടിസ്ഥാനം അദ്ധ്വാനംതന്നെയാണു് എന്നു തീർത്തുപറഞ്ഞു. അദ്ധ്വാനങ്ങളെ പരസ്പരം താരതമ്യപ്പെടുത്താവുന്നതാണെന്നും വിദഗ്ദ്ധമായ അദ്ധ്വാനം സാധാരണമായ അദ്ധ്വാനത്തേക്കാൾ എത്രത്തോളം വിലപ്പിടിച്ചതാണെന്നു് കമ്പോളത്തിൻെറ പ്രവർത്തനങ്ങളിലൂടെ കാണാവുന്നതാണെന്നും അദ്ദേഹം വാദിച്ചു. ഉദാഹരണത്തിന്നു്

ആഭരണം നിർമ്മിയ്ക്കുന്ന ഒരു തട്ടാൻെറ ഒരു ദിവ സത്തെ അദ്ധ്വാനം ഒരു സാധാരണ കൂലിവേലക്കാ രൻെറ ഒരു ദിവസത്തെ അദ്ധ്വാനത്തേക്കാൾ വില പ്പിടിച്ചതാണ്. മൂല്യത്തിൻെറ തുലാസ്സിൽ, അല്ലെ ങ്കിൽ കമ്പോളത്തിൽ, ഓരോതരത്തിലുള്ള അദ്ധ്വാന ത്തിന്നും അതർഹിയ്ക്കുന്ന സ്ഥാനം ലഭിയ്ക്കുന്നു.

യഥാർത്ഥമൂല്യവും ആപേക്ഷികമൂല്യവും തമ്മിൽ വ്യത്യാസമുണ്ടെന്ന് റിക്കാർഡോ ചൂണ്ടിക്കാണി യ്ക്കുന്നു. ഒരു ചരക്കിൻെറ യഥാർത്ഥമൂല്യം അതുല്പാദി പ്പിയ്ക്കാനാവശ്യമായ അദ്ധ്വാനത്തെമാത്രമാണാശ്രയി ച്ചിരിയ്ക്കുന്നതു്. ഉദാഹരണത്തിന്ന്, കുറച്ച് അദ്ധ്വാ നംകൊണ്ടു് കൂടുതൽ ധാന്യം ഉല്പാദിപ്പിയ്ക്കാൻ കഴി യുമെങ്കിൽ ധാന്യത്തിൻെറ മൂല്യം കുറവാണെന്നു പറ യുന്നു. നേരെമറിച്ച്, കൂടുതൽ അദ്ധ്വാനം ചെലവഴി ച്ചാലും ധാന്യോല്പാദനം കുറയുന്നുവെങ്കിൽ ധാന്യ ത്തിൻെറ മൂല്യം കൂടുതലായിരിയ്ക്കും. എന്നാൽ ആപേ ക്ഷികമൂല്യം അല്ലെങ്കിൽ കൈമാററമൂല്യം മററുചരക്കു കളെക്കൂടി ആശ്രയിച്ചിരിയ്ക്കുന്നു. ഉദാഹരണത്തിന്നു് ഒരു വാര തുണി 5 റാത്തൽ പഞ്ചസാരയ്ക്കു് സമമാ ണെന്നിരിയ്ക്കട്ടെ. തുണിയുണ്ടാക്കാനും പഞ്ചസാരയു ണ്ടാക്കാനുമാവശ്യമായ അദ്ധ്വാനം ഒരേസമയത്തു തന്നെ ഇരട്ടിച്ചുവെന്നു വരാം. അല്ലെങ്കിൽ മുമ്പത്തേ ക്കാൾ പകുതി സമയംകൊണ്ടു് അവയുല്പാദിപ്പിയ്ക്കാൻ കഴിഞ്ഞുവെന്നു വരാം. രണ്ടായാലും അവയുടെ ആപേ ക്ഷികമൂല്യത്തിൽ മാററമുണ്ടാവില്ല. ഒരു വാര തുണി

5-ാം ആതൽ പഞ്ചസാരയ്ക്കു സമമായിരിയ്ക്കും. പക്ഷേ, അവയുടെ യഥാൎത്ഥമൂല്യങ്ങളിൽ മാററമുണ്ടായിട്ടുണ്ട്. അദ്ധ്വാനം കൂടുതലായാൽ യഥാൎത്ഥമൂല്യം വൎദ്ധിയ്ക്കുകയും അദ്ധ്വാനം കുറഞ്ഞാൽ യഥാൎത്ഥമൂല്യം കുറയുകയും ചെയ്യുന്നു. ഏതെങ്കിലും ഒരു ചരക്കിന്റെ യഥാൎത്ഥമൂല്യം കുറയുകയും മറെറാരു ചരക്കിന്റെ മൂല്യം മാറാതിരിയ്ക്കുകയും ചെയ്യുമ്പോൾ ആ രണ്ടു ചരക്കുകളുടെ കൈമാററമൂല്യത്തിൽ വ്യത്യാസമുണ്ടാകും. ഒരു കുപ്പായം കൊടുത്താൽ മുമ്പ് 4 തൊപ്പി കിട്ടിയിരുന്നേടത്ത് ഇപ്പോൾ 5 തൊപ്പി കിട്ടുന്നുവെന്നിരിയ്ക്കട്ടെ. ഒന്നുകിൽ കുപ്പായത്തിന്റെ, അല്ലെങ്കിൽ തൊപ്പിയുടെ, യഥാൎത്ഥമൂല്യത്തിൽ മാററമുണ്ടായിട്ടുണ്ടെന്നാണതു കാണിയ്ക്കുന്നതു്.

സ്മിത്തും റിക്കാൎഡോവും കണ്ടുപിടിച്ച ഈ സിദ്ധാന്തം മൂല്യത്തിന്റെ അദ്ധ്വാനസിദ്ധാന്തം എന്ന പേരിലാണറിയപ്പെടുന്നതു്. അദ്ധ്വാനംകൊണ്ടല്ലാതെ മൂല്യമുണ്ടാവുകയില്ലെന്ന് രണ്ടുപേരും ഉറപ്പിച്ചുപറഞ്ഞു. അദ്ധ്വാനിയ്ക്കാത്തവർ യാതൊരു മൂല്യവും സൃഷ്ടിയ്ക്കുന്നില്ല. അതിനാൽ, യാതൊരദ്ധ്വാനവും ചെയ്യാതെ സ്വത്തുക്കൾ സമ്പാദിയ്ക്കുന്ന നാടുവാഴികളുടെ സാമൂഹ്യവ്യവസ്ഥ അന്യായവും പ്രകൃതിവിരുദ്ധവുമത്രേ. ഇങ്ങിനെ മൂല്യത്തിന്റെ അദ്ധ്വാന സിദ്ധാന്തം നാടുവാഴി മേധാവിത്വത്തിന്നെതിരായ ഒരു സിദ്ധാന്തമായിത്തീർന്നു.

എന്നാൽ, മുതലാളിത്തോല്പാദനവ്യവസ്ഥയുടെ പ്രവർത്തനങ്ങളെപ്പററിയുള്ള സ്മിത്തിൻേറയും റിക്കാർഡോവിൻേറയും വിശകലനങ്ങൾ അപൂർണ്ണങ്ങളായിരുന്നു. മുതലാളിത്ത സമുദായത്തിൽ മുതലാളികളാണു് ഉല്പാദനോപകരണങ്ങളുടെ ഉടമസ്ഥന്മാർ. എന്നാൽ, ആ ഉല്പാദനോപകരണങ്ങളുപയോഗിച്ചു് അദ്ധ്വാനിച്ചു് ചരക്കുകളുല്പാദിപ്പിയ്ക്കുന്നതു് തൊഴിലാളികളാണു്. കൂലിയ്ക്കുവേണ്ടിയാണു് അവർ പണിയെടുക്കുന്നതു്. ഒരു ഫാക്ടറിയുടമസ്ഥൻ 10,000 ക. മുടക്കി യന്ത്രങ്ങളും അസംസ്കൃതസാമഗ്രികളും വാങ്ങി തൊഴിലാളികളെക്കൊണ്ടു് പണിയെടുപ്പിച്ചു് ചരക്കുകളുണ്ടാക്കിവില്ക്കുന്നുവെന്നു വിചാരിയ്ക്കുക. 10,000 ക. മൂലധനമിറക്കിയ മുതലാളിയ്ക്കു് ഒടുവിൽ തൻെറ ചരക്കുകൾ വില്ക്കുമ്പോൾ 10,000 ക. മാത്രമേ കിട്ടുകയുള്ളുവെങ്കിൽ ആയാൾ ചരക്കുല്പാദനത്തിലേർപ്പെടുകയില്ല. ആയാൾക്കെന്തെങ്കിലും ലാഭം കിട്ടണം. ലാഭം കിട്ടുമെന്നു പ്രതീക്ഷയോടുകൂടിയാണു് ആയാൾ ഉല്പാദനത്തിലേർപ്പെടുന്നതു്. 10,000 ക. മൂലധനം നിക്ഷേപിച്ചു് ഉല്പാദിപ്പിയ്ക്കുന്ന ചരക്കുകൾക്കു് 11,000 ക. വില കിട്ടുന്നുവെന്നിരിയ്ക്കട്ടെ. എന്നാൽ, 1000 ക. മുതലാളിയുടെ ലാഭമാണു്. ഈ ലാഭമുണ്ടായതെങ്ങിനെയാണു്? തൊഴിലാളികൾക്കു ലഭിയ്ക്കുന്ന കൂലി അവരുടെ അദ്ധ്വാനത്തിൻെറ പ്രതിഫലമാണെന്നു് റിക്കാർഡോ അഭിപ്രായപ്പെടുകയുണ്ടായി. പക്ഷേ, 10,000 ക. യുടെ മൂലധനത്തിൽ തൊഴിലാളികളുടെ കൂലിയും അടങ്ങിയിരിയ്ക്കുന്നു. എന്നിട്ടും

ചരക്കുകൾ വിററപ്പോൾ 11,000 ക. കിട്ടി. കൂടുതലായി കിട്ടിയ 1000 ക. എവിടെനിന്നുണ്ടായി? ഈ ചോദ്യത്തിന്നു് തൃപ്തികരമായ സമാധാനം പറയാൻ റിക്കാർഡോവിന്നു കഴിഞ്ഞില്ല. ലാഭത്തിന്റെ അടിസ്ഥാനമെന്തെന്നു കാണാൻ കഴിയാഞ്ഞതുകൊണ്ടു് മൂല്യത്തെപ്പററിയുള്ള അദ്ദേഹത്തിന്റെ സിദ്ധാന്തം അപൂർണ്ണമായിത്തീർന്നു. ഈ അപൂർണ്ണതയെ പരിഹരിയ്ക്കാനാണു് കാറൽമാർക്സ് എന്ന മറെറാരു ധനശാസ്ത്രജ്ഞൻ പരിശ്രമിച്ചതു്.

ആറാമദ്ധ്യായം

# മാർക്സിൻെറ മൂല്യസിദ്ധാന്തം

കാറൽമാർക്സിൻെറ അഭിപ്രായത്തിൽ ഓരോ പ്രത്യേക ചരക്കുമുണ്ടാക്കാനാവശ്യമായ അദ്ധ്വാനമല്ല, ശരാശരി സാമൂഹ്യാദ്ധ്വാനമാണ് മൂല്യത്തെ നിർണ്ണയിയ്ക്കുന്നത്. ഓരോ ചരക്കും സമുദായത്തിന്നൊട്ടാകെയാവശ്യമുള്ള ചരക്കുകളുടെ ഒരു ഭാഗം മാത്രമാണ്. അതുകൊണ്ട്, അതിൻെറ മൂല്യം ഏതെങ്കിലുമൊരാളുടെ വ്യക്തിപരമായ അദ്ധ്വാനത്തെയല്ല, സമുദായത്തിലാകെയുള്ള ചരക്കുനിർമ്മാതാക്കളുടെ അദ്ധ്വാനത്തെയാണ് ആശ്രയിച്ചിരിയ്ക്കുക. ഏതെങ്കിലുമൊരു ചരക്കുടമസ്ഥൻ മററുള്ളവരെപ്പോലെ അദ്ധ്വാനിച്ചിട്ടില്ലെന്നതുകൊണ്ടുമാത്രം ആയാളുടെ ചരക്കിൻെറ വില കുറയുകയില്ല. മാർക്സ് പറയുന്നു:

"ഉൽപ്പാദനത്തിൻെറ സാധാരണ പരിതഃസ്ഥിതികളിൽ, നിലവിലുള്ള ഉൽപ്പാദനവൈദഗ്ദ്ധ്യവും

ശരാശരി ഉൽപ്പാദനക്ഷമതയുമുപയോഗിച്ച് ചരക്കു ണ്ടാക്കാനാവശ്യമായ അദ്ധ്വാനസമയമാണ് ചരക്കിൻെറ മൂല്യത്തെ നിർണ്ണയിയ്ക്കുന്നതു്."

ഉല്പാദനത്തിൻെറ പരിതഃസ്ഥിതിയിൽ മാററമുണ്ടായാൽ, അല്ലെങ്കിൽ, ഉല്പാദനവൈദഗ്ദ്ധ്യത്തിലോ സാങ്കേതികരീതികളിലോ മാററമുണ്ടായാൽ, ചരക്കുകളുടെ മൂല്യത്തിലും മാററമുണ്ടാകും. മാർക്സ് വ്യക്തമാക്കുന്നു:

"ഇംഗ്ലണ്ടിൽ പവർലൂമുകൾ ഉപയോഗത്തിൽ വന്നപ്പോൾ മുമ്പ് ആവശ്യമായിരുന്നതിൻെറ ഏതാണ്ട് പകുതി അദ്ധ്വാനംകൊണ്ടു് ഒരു നിശ്ചിത അളവിലുള്ള നൂൽ വസ്ത്രമാക്കിമാററാൻ കഴിയുമെന്നായി. കൈത്തറിനെയ്ത്തുകാരനാവട്ടെ, ആവിശക്തി ഉപയോഗത്തിൽവരുന്നതിന്നുമുമ്പ് ആവശ്യമായിരുന്ന അദ്ധ്വാനംതന്നെ വേണ്ടിവന്നു. പക്ഷേ, ആയാൾ പഴയ പരിതഃസ്ഥിതിയിൽ ഒരു മണിക്കൂർകൊണ്ടുണ്ടാക്കിയ ഉല്പന്നം പുതിയ പരിതഃസ്ഥിതിയിൽ അരമണിക്കൂർനേരത്തെ ശരാശരി സാമൂഹ്യാദ്ധ്വാനത്തിന്നു സമമായിത്തീർന്നു. അതുകൊണ്ടു്, ആയാളുടെ ഉല്പന്നത്തിന്നു് മുമ്പുണ്ടായിരുന്നതിൻെറ പകുതിവില മാത്രമേ ഉണ്ടായുള്ളു."

മാർക്സിൻെറ അഭിപ്രായത്തിൽ രത്നത്തിന്നു് കൂടുതൽ വിലയുണ്ടാവാനുള്ള കാരണം അതു കണ്ടുപിടിച്ച് കുഴിച്ചെടുക്കാൻ കൂടുതൽ അദ്ധ്വാനം ആവശ്യ

മായിവരുന്നുവെന്നതാണ്. "അല്പം മാത്രം അദ്ധ്വാനം ചെലവിട്ട് കരിക്കട്ടയിൽനിന്ന് രത്നങ്ങളുണ്ടാക്കാൻ സാധിയ്ക്കുകയാണെങ്കിൽ അവയ്ക്ക് ഇഷ്ടികയേക്കാൾ കുറഞ്ഞ വിലയേ ഉണ്ടാവുകയുള്ളു." എന്നദ്ദേഹം പറയുന്നു.

പക്ഷേ, എല്ലാത്തരം അദ്ധ്വാനങ്ങളും ഒരുപോലെയല്ല. ഒരു സാധാരണ കല്ലുവെട്ടുകാരൻെറ അദ്ധ്വാനവും വിദഗ്ദ്ധനായ എൻജിനീയറുടെ അദ്ധ്വാനവും തമ്മിൽ വ്യത്യാസമുണ്ട്. ആദ്യത്തേത് സാധാരണമായ അദ്ധ്വാനമാണ്. രണ്ടാമത്തേത് വിദഗ്ദ്ധമായ അദ്ധ്വാനവും. അതുകൊണ്ട് കല്ലുവെട്ടുകാരൻെറ ഒരു മണിക്കൂർനേരത്തെ അദ്ധ്വാനവും എൻജിനീയറുടെ ഒരുമണിക്കൂർനേരത്തെ അദ്ധ്വാനവും സമമായിരിയ്ക്കുകയില്ല. എൻജിനീയക്ക് തൻെറ ജോലി പഠിയ്ക്കാൻ വളരെയേറെ അദ്ധ്വാനവും ബുദ്ധിമുട്ടുകളും ആവശ്യമായിവന്നിട്ടുണ്ട്. എൻജിനീയർ മാത്രമല്ല, അദ്ദേഹത്തെ പഠിപ്പിച്ച അദ്ധ്യാപകനും അദ്ധ്വാനം ചെലവഴിച്ചിട്ടുണ്ട്. വിദഗ്ദ്ധമായ അദ്ധ്വാനശക്തിയുല്പാദിപ്പിയ്ക്കാൻ കൂടുതൽ അദ്ധ്വാനം വേണ്ടിവന്നിട്ടുള്ളതുകൊണ്ട് അതിന്നു കൂടുതൽ മൂല്യമുള്ള ചരക്കുകൾ നിർമ്മിയ്ക്കാൻ കഴിയും. അതുകൊണ്ട്, എൻജിനീയറുടെ ഒരു മണിക്കൂർനേരത്തെ അദ്ധ്വാനം കല്ലുവെട്ടുകാരൻേറതിനെ അപേക്ഷിച്ച് കൂടുതൽ വിലപിടിച്ചതാണെന്നു കാണാം. അതുകൊണ്ടുതന്നെ എൻജിനിയറുടെ ഒരു മണിക്കൂർനേരത്തെ വിദഗ്ദ്ധപ്രയത്നം

കൊണ്ടുണ്ടാക്കിയ ചരക്കിന്നു് കല്ലുവെട്ടുകാരന്റെ ഒരു മണിക്കൂർനേരത്തെ അവിദഗ്ദ്ധമായ സാധാരണ പ്രയത്നംകൊണ്ടുണ്ടാക്കിയ ചരക്കിനേക്കാൾ കൂടുതൽ മൂല്യമുണ്ടായിരിയ്ക്കും. എന്തെന്നാൽ അതിൽ താരതമ്യേന കൂടുതൽ അദ്ധ്വാനമടങ്ങിയിട്ടുണ്ടു്. ഒരു നിശ്ചിത അളവിലുള്ള വിദഗ്ദ്ധപ്രയത്നം അതിനേക്കാൾ കൂടുതൽ അളവുള്ള സാധാരണപ്രയത്നത്തിന്നു സമമായിരിയ്ക്കും. എൻജിനീയരുടെ ഒരു മണിക്കൂർ നേരത്തെ അദ്ധ്വാനം കല്ലുവെട്ടിയുടെ 20 മണിക്കൂർ നേരത്തെ അദ്ധ്വാനത്തിന്നു സമമാണെന്നു വിചാരിയ്ക്കുക. എന്നാൽ, എൻജിനീയർ ഒരു മണിക്കൂർ കൊണ്ടുണ്ടാക്കിയ ചരക്കിന്റേയും കല്ലുവെട്ടി 20 മണിക്കൂർകൊണ്ടുണ്ടാക്കിയ ചരക്കിന്റേയും മൂല്യം തുല്യമായിരിയ്ക്കും. മാർക്കററിൽ ഇടവിടാതെ നടന്നുകൊണ്ടിരിയ്ക്കുന്ന കൊള്ളക്കൊടുക്കകളിലൂടെയും പരസ്പരബന്ധങ്ങളിലൂടെയുമാണു് മൂല്യത്തിന്റെ ഈ നിയമം പ്രവർത്തിയ്ക്കുന്നതു്.

## ലാഭത്തിന്റെ അടിസ്ഥാനം

മാർക്സിന്റെ മുഖ്യമായ കണ്ടുപിടുത്തങ്ങളിൽ ഒന്നു് അദ്ധ്വാനവും അദ്ധ്വാനശക്തിയും തമ്മിൽ വ്യത്യാസമുണ്ടെന്നുള്ളതാണു്. ഇവിടെയാണു് മാർക്സിന്റെ മൂല്യസിദ്ധാന്തം റിക്കാർഡോവിന്റെ മൂല്യസിദ്ധാന്തത്തേക്കാൾ മെച്ചപ്പെട്ടുനില്ക്കുന്നതു്.

തൊഴിലാളിയ്ക്കു ലഭിയ്ക്കുന്ന കൂലി ആയാളുടെ അദ്ധ്വാനത്തിൻെറ മൂല്യമല്ലാ അദ്ധ്വാനശക്തിയുടെ മൂല്യമാണ്. മാർക്സ് എഴുതുന്നു: "അദ്ധ്വാനശക്തിയുടെ മൂല്യവും ഉൽപ്പാദനത്തിൻെറ ഗതിക്രമത്തിൽ ആ അദ്ധ്വാനം സൃഷ്ടിയ്ക്കുന്ന മൂല്യവും രണ്ടും തികച്ചും വ്യത്യസ്തങ്ങളായ അളവുകളാണ്. മുതലാളി അദ്ധ്വാനശക്തി വിലയ്ക്കു വാങ്ങിയപ്പോൾ ആയാളുടെ മനസ്സിലുണ്ടായിരുന്നതു് ഈ രണ്ടു മൂല്യങ്ങൾ തമ്മിലുള്ള വ്യത്യാസമല്ലാതെ മററൊന്നുമായിരുന്നില്ല. അദ്ധ്വാനശക്തിയ്ക്ക് ഉപയോഗകരമായ ഒരു സ്വഭാവമുണ്ടായിരിയ്ക്കേണ്ടതു് ആവശ്യംതന്നെ. നൂലോ ബൂട്സോ അല്ലെങ്കിൽ മററന്തെങ്കിലുമോ നിർമ്മിയ്ക്കാൻ അതിന്നു കഴിയണം. മൂല്യമുണ്ടാക്കണമെങ്കിൽ അദ്ധ്വാനത്തെ ഉപയോഗകരമായ ഏതെങ്കിലും രൂപത്തിൽ ചെലവഴിയ്ക്കണം. എന്നാൽ, അദ്ധ്വാനശക്തിയെന്ന ഈ ചരക്കിന്നു് ഒരു പ്രത്യേകമായ ഉപയോഗമൂല്യമാണുള്ളതു്. അതിൽനിന്നാണ് മൂല്യമുണ്ടാകുന്നതു്. തനിയ്ക്കുള്ളതിനേക്കാൾ കൂടുതൽ മൂല്യമുണ്ടാക്കാൻ അദ്ധ്വാനശക്തിയ്ക്കു കഴിവുണ്ട്. ഇതാണ് അതിപ്രധാനമായ കാര്യം. മുതലാളി അദ്ധ്വാനശക്തിയിൽനിന്നു് പ്രതീക്ഷിയ്ക്കുന്ന ഉപയോഗവും ഇതുതന്നെ."

ചരക്കിൻെറ മൂല്യം അതുൽപ്പാദിപ്പിയ്ക്കാനാവശ്യമായ അദ്ധ്വാനത്തെ ആശ്രയിച്ചിരിയ്ക്കുന്നു. അദ്ധ്വാനശക്തിയ്ക്കും ഈ സിദ്ധാന്തം ബാധകമാണ്. അദ്ധ്വാനശക്തിയുടെ മൂല്യം അദ്ധ്വാനശക്തി സൃഷ്ടി

യ്ക്കാനും നിലനിത്താനും വേണ്ട ചരക്കുകളുൽപ്പാദി പ്പിയ്ക്കാനാവശ്യമായ അദ്ധ്വാനത്തെ ആശ്രയിച്ചിരിയ്ക്കും. പക്ഷേ, അദ്ധ്വാനശക്തിയ്ക്ക് കൂടുതൽ കഴിവുണ്ട്. അതുകൊണ്ട് അദ്ധ്വാനശക്തിയുപയോഗിച്ചുണ്ടാകുന്ന അദ്ധ്വാനത്തിൻെറ മൂല്യം അദ്ധ്വാനശക്തിയുടെ മൂല്യത്തേക്കാൾ കൂടുതലാണ്. മററൊരുവിധം പറഞ്ഞാൽ, അദ്ധ്വാനശക്തിയുപയോഗിച്ചുണ്ടാക്കുന്ന ചരക്കിൻെറ മൂല്യം അദ്ധ്വാനശക്തിയുടെ മൂല്യത്തേക്കാൾ കൂടുതലായിരിയ്ക്കും. അദ്ധ്വാനശക്തിയുടെ മൂല്യമാണ് തൊഴിലാളിയ്ക്കു കിട്ടുന്ന കൂലി. തൊഴിലാളിയ്ക്ക് അദ്ധ്വാനശക്തിയുടെ മൂല്യം മാത്രം കൊടുത്ത് ആ അദ്ധ്വാനശക്തിയിൽനിന്നുണ്ടാകുന്ന അദ്ധ്വാനത്തിൻെറ ഫലം മുഴുവനും കൈവശപ്പെടുത്തുകയാണ് മുതലാളി ചെയ്യുന്നത്. ഒട്ടാകെയുള്ള അദ്ധ്വാനഫലത്തിൻെറ ഒരു ഭാഗം മാത്രമേ അദ്ധ്വാനശക്തിയുടെ മൂല്യമെന്ന നിലയ്ക്ക് കൊടുക്കേണ്ടിവരുന്നുള്ളു. മിച്ചമായ അദ്ധ്വാനഫലം, അല്ലെങ്കിൽ മിച്ചമായ മൂല്യം, മുതലാളി സ്വന്തമാക്കുന്നു. ഈ മിച്ചമൂല്യമാണ് മുതലാളിയുടെ ലാഭത്തിൻെറ അടിസ്ഥാനമെന്നു മാർക്സ് ചൂണ്ടിക്കാണിച്ചു.

Commodity Value

## ചരക്കിൻെറ മൂല്യം

ഈ സിദ്ധാന്തമനുസരിച്ച് ഒരു ചരക്കിൻെറ മൂല്യത്തിൽ യന്ത്രങ്ങൾ, കെട്ടിടങ്ങൾ മുതലായ ഉൽ

പ്പാദനോപകരണങ്ങളുടെ മൂല്യത്തിൻെറ ഒരു ഭാഗം, അസംസ്കൃതസാമഗ്രികളുടെ മൂല്യം, അദ്ധ്വാനശക്തിയുടെ മൂല്യം, മിച്ചമായ മൂല്യം എന്നിവയെല്ലാമടങ്ങിയിരിയ്ക്കുന്നു.

യന്ത്രങ്ങൾ, കെട്ടിടങ്ങൾ മുതലായ ഉൽപ്പാദനോപകരണങ്ങൾകൊണ്ട് വീണ്ടും വീണ്ടും ചരക്കുകൾ നിർമ്മിയ്ക്കാം. ഒരൊററ ഉൽപ്പാദനമുറകൊണ്ട് അവയുടെ മുഴുവൻ മൂല്യവും ചരക്കുകളിലേയ്ക്കു പകരുന്നില്ല. അതുകൊണ്ടാണ് അവയുടെ മൂല്യത്തിൻെറ ഒരു ഭാഗം മാത്രമേ ചരക്കുകളുടെ മൂല്യത്തിലടങ്ങിയിട്ടുള്ളു എന്നു പറഞ്ഞതു്. സാധാരണമായി യന്ത്രങ്ങളുടേയും കെട്ടിടത്തിൻേറയും തേമാനമെന്നനിലയിലാണ് ഇതു കണക്കാക്കുന്നതു്. ഒരു ലക്ഷം ക. വിലപ്പിടിച്ച യന്ത്രങ്ങളും കെട്ടിടങ്ങളും 20 കൊല്ലം നിലനില്ക്കുമെങ്കിൽ ഓരോ കൊല്ലവും അവയുടെ മൂല്യത്തിൻെറ ഇരുപതിലൊരു ഭാഗം, അതായതു് 5000 ക. തേമാനമായി കണക്കാക്കും. ഒരുദാഹരണംകൊണ്ട് ഇതു വ്യക്തമാക്കാം: ഒരു മില്ലുടമസ്ഥൻ ഒരുലക്ഷം ക. യന്ത്രങ്ങളിലും കെട്ടിടങ്ങളിലുമായി നിക്ഷേപിച്ച് തുണിയുണ്ടാക്കുന്നുവെന്നിരിയ്ക്കട്ടെ. തുണിയുടെ മൂല്യം കണക്കാക്കുന്നതു് താഴെകാണുംപ്രകാരമായിരിയ്ക്കും.

| | |
|---|---|
| യന്ത്രങ്ങളുടേയും കെട്ടിടത്തിന്റേയും തേമാനം | 5000ക. |
| അസംസ്കൃതസാമഗ്രികളും മററും | 4000ക. |
| അദ്ധ്വാനശക്തിയുടെ മൂല്യം (കൂലി) | 1000ക. |
| മിച്ചമായ മൂല്യം | 1000ക. |
| ആകെ (തുണിയുടെ മൂല്യം) | 11,000ക. |

11,000ക. മൂല്യമുള്ള തുണിയുൽപ്പാദിപ്പിയ്ക്കാൻ 10,000ക. മാത്രമേ മുതലാളി ചെലവിട്ടിട്ടുള്ളു. ബാക്കിയുള്ളതു് മിച്ചമായി കിട്ടിയ മൂല്യമാണു്. അതാണു് മുതലാളിയുടെ ലാഭം.

വ്യത്യസ്ത വ്യവസായങ്ങളിൽ ഉപയോഗിയ്ക്കപ്പെടുന്ന മൂലധനത്തിന്റേയും അദ്ധ്വാനത്തിന്റേയും തോതുകൾ വ്യത്യസ്തങ്ങളായിരിയ്ക്കും. ചില വ്യവസായങ്ങളിൽ കൂടുതൽ വിലപ്പിടിച്ച യന്ത്രങ്ങളും താരതമ്യേന കുറച്ചുമാത്രം അദ്ധ്വാനവുമാണുള്ളതെങ്കിൽ മററു ചില വ്യവസായങ്ങളിൽ കുറച്ചുമാത്രം യന്ത്രങ്ങളും താരതമ്യേന കൂടുതൽ അദ്ധ്വാനവുമാണുള്ളതു്. കൂടുതൽ അദ്ധ്വാനം വേണ്ടിവരുന്ന വ്യവസായങ്ങളിൽ മൂലധനം നിക്ഷേപിയ്ക്കുന്ന മുതലാളികൾക്കു് താരതമ്യേന കൂടുതൽ ലാഭം കിട്ടുമോ? അങ്ങിനെയാണെങ്കിൽ വൻകിട യന്ത്രങ്ങളുപയോഗിയ്ക്കപ്പെടുന്ന വ്യവസായങ്ങളിൽ മൂലധനം നിക്ഷേപിയ്ക്കാൻ ആരും തയ്യാറാവുകയില്ല. കൂടുതൽ ലാഭം കിട്ടാൻവേണ്ടിയാണു് ഓരോ മുതലാളിയും തന്റെ സ്വന്തം

യന്ത്രോപകരണങ്ങളെ പരിഷ്കരിയ്ക്കുകയും ഉൽപ്പാദനത്തിൽ കൂടുതലുയർന്ന സാങ്കേതികരീതികഠം സ്വീകരിയ്ക്കുകയും ചെയ്യുന്നതു്. അതുകൊണ്ടു്, ഓരോ മുതലാളിയുടേയും ലാഭം ആയാളുടെ സ്വന്തം വ്യവസായത്തിലെ യന്ത്രത്തിൻേറയും അദ്ധ്വാനത്തിൻേറയും തോതിനെയല്ല ആശ്രയിച്ചിരിയ്ക്കുക. മുതലാളികഠം തമ്മിൽത്തമ്മിലുള്ള മത്സരത്തിൻെറ ഫലമായി മൂലധനത്തിൻെറ തോതനുസരിച്ചാണു് ഓരോ മുതലാളിയ്ക്കും ലാഭം കിട്ടുന്നതു്. ഒട്ടാകെയുള്ള സാമൂഹ്യാദ്ധ്വാനത്തിൻെറ പ്രവത്തനത്തിലൂടെ സമുദായത്തിലൊട്ടാകെ സൃഷ്ടിയ്ക്കപ്പെടുന്ന മിച്ചമൂല്യം, നിക്ഷേപിയ്ക്കപ്പെടുന്ന മൂലധനത്തിൻെറ തോതനുസരിച്ചു് മുതലാളികഠംക്കിടയിൽ പങ്കിടപ്പെടുകയാണു ചെയ്യുന്നതു്. ഓരോ മുതലാളിയ്ക്കും കിട്ടുന്നതു് മിച്ചമൂല്യമല്ല, ശരാശരി ലാഭംമാത്രമാണു്. മിച്ചമൂല്യം ശരാശരി ലാഭമായി രൂപാന്തരപ്പെട്ടിരിയ്ക്കുന്നു. മൂലധനത്തിൻെറ തോതനുസരിച്ചുള്ള ശരാശരി ലാഭമെങ്കിലും കിട്ടിയാലേ മുതലാളി ചരക്കുല്പാദിപ്പിച്ചു് വില്ക്കാൻ ഒരുങ്ങുകയുള്ളു.

ചരക്കുകഠം കേവലം ചരക്കുകളെന്നനിലയ്ക്കല്ല, മൂലധനത്തിൻെറ ഉൽപ്പന്നങ്ങളെന്നനിലയ്ക്കാണു് കൈമാററംചെയ്യപ്പെടുന്നതു്. അതുകൊണ്ടു് ചരക്കുകളുടെ വിലകഠം അവയിലടങ്ങിയ അദ്ധ്വാനത്തിൻെറ തോതനുസരിച്ചല്ല കണക്കാക്കപ്പെടുന്നതു്. ചരക്കുകഠം അവയുടെ മൂല്യത്തിന്നല്ല, ഉൽപ്പാദനവിലയ്ക്കാണു്

വിളിക്കപ്പെടുന്നതു്. മൂല്യം ഉൽപ്പാദനവിലയായി രൂപാന്തരപ്പെട്ടിരിയ്ക്കുന്നു. ഉൽപ്പാദനവിലയിൽ ഉൽപ്പാദനച്ചെലവും ശരാശരി നിരക്കിലുള്ള ലാഭവും അടങ്ങിയിരിയ്ക്കുന്നു.

മൂല്യവും ഉൽപ്പാദനവിലയും ഒന്നല്ല. പക്ഷേ, ഉൽപ്പാദനവിലയുണ്ടായതു് മൂല്യത്തിൽനിന്നാണു്. മൂല്യത്തിലുണ്ടാകുന്ന ഏററക്കുറവുകൾ ഉൽപ്പാദനവിലയേയും ബാധിയ്ക്കുന്നു. ഉല്പാദനവില മൂല്യത്തെ ആശ്രയിച്ചിരിയ്ക്കുന്നു. മൂല്യമാകട്ടെ അദ്ധ്വാനത്തേയും ആശ്രയിച്ചിരിയ്ക്കുന്നു.

അപ്പോൾ, മൂല്യം, അല്ലെങ്കിൽ ചരക്കുകൾ തമ്മിലുള്ള കൈമാററത്തോതു്, അവയിലടങ്ങിയ അദ്ധ്വാനത്തെ ആശ്രയിച്ചിരിയ്ക്കുന്നു എന്നല്ല, അവസാന വിശകലനത്തിൽ, അദ്ധ്വാനമാണു് മൂല്യങ്ങളെ നിർണ്ണയിയ്ക്കുന്നതു് എന്നു മാത്രമാണു് മാർക്സ് പറയുന്നതു്.

# 'മാർജിനൽ യൂട്ടിലിട്ടി'

പത്തൊമ്പതാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ മൂല്യത്തിൻെറ അടിസ്ഥാനമെന്തെന്നു കണ്ടുപിടിയ്ക്കാനുള്ള ചില പുതിയ പരിശ്രമങ്ങൾ നടക്കുകയുണ്ടായി. ഇംഗ്ലണ്ടിലെ സ്റ്റാൻലി ജെവോൺസ്, ആസ്ത്രിയയിലെ കാറൽ മെൻഗെർ, സ്വിററ്സർലണ്ടിലെ ലിയോൺ വാൾറസ് തുടങ്ങിയ ധനശാസ്ത്രജ്ഞന്മാർ "മാർജിനൽ യൂട്ടിലിട്ടിസിദ്ധാന്തം" (Theory of Marginal Utility) അല്ലെങ്കിൽ "പ്രയോജനതിത്തി സിദ്ധാന്തം" എന്ന പേരിലറിയപ്പെടുന്ന പുതിയൊരു സിദ്ധാന്തം കണ്ടുപിടിച്ചു. ഈ സിദ്ധാന്തമനുസരിച്ച് മനുഷ്യപ്രയത്നമോ ഉല്പാദനച്ചെലവുകളോ അല്ല, പ്രയോജനത്തിൻെറ ആധിക്യമാണ് ചരക്കുകളുടെ വിലകളെ നിർണ്ണയിയ്ക്കുന്നത്.

## ചരക്കിൻെറ
## പ്രയോജനാതിർത്തി

ചരക്കിൻെറ പ്രയോജനം (Utility) അതിൻെറ സ്വന്തം സ്വഭാവഗുണങ്ങളെയല്ല, ഉപഭോക്താവിന്നു് അതു നല്കുന്ന സംതൃപ്തിയെയാണു് ആശ്രയിച്ചിരിയ്ക്കുന്നതു്. ഉദാഹരണത്തിന്നു്, ദോശ രുചികരമായ ഒരു ഭക്ഷണസാമഗ്രിയാണു്. മനുഷ്യൻെറ വിശപ്പു മാററാൻ അതിന്നു കഴിവുണ്ടു്. പക്ഷേ, വിശപ്പുള്ളവന്നേ അതുകൊണ്ടു പ്രയോജനമുള്ളു. വിശപ്പില്ലാത്ത ഒരാൾ ദോശയിൽ യാതൊരു പ്രയോജനവും കാണുന്നില്ല. അതുകൊണ്ടു് ദോശയുടെ പ്രയോജനം അതുപയോഗിയ്ക്കുന്നവനെ ആശ്രയിച്ചിരിയ്ക്കുന്നു; ഉപഭോക്താവിൻെറ ആത്മനിഷ്ഠമായ ആഗ്രഹാഭിലാഷങ്ങളേയും ആവശ്യങ്ങളേയും ആശ്രയിച്ചിരിയ്ക്കുന്നു. ആവശ്യം കൂടുംതോറും പ്രയോജനം വർദ്ധിയ്ക്കും. ആവശ്യം കുറയുംതോറും പ്രയോജനം കുറയുകയും ചെയ്യും. പ്രയോജനത്തിൻെറ ആധിക്യമനുസരിച്ചാണു് ചരക്കിൻെറ മൂല്യവും അതിന്നു് ഉപഭോക്താവു കൊടുക്കാൻ തയ്യാറുള്ള വിലയും കണക്കാക്കപ്പെടുന്നതു്.

ഓരോ വ്യക്തിയ്ക്കും ദോശയുടെ പ്രയോജനം കൊണ്ടുണ്ടാകുന്ന സംതൃപ്തിയുടെ അളവു് മററുള്ളവൎക്കുണ്ടാകുന്നതിൽനിന്നു് വ്യത്യസ്തമായിരിയ്ക്കും. ഒരാൾക്കു് രണ്ടോ മൂന്നോ ദോശ കിട്ടിയാൽ തൃപ്തി

യായി. മററൊരാൾക്കു് 20ഓ 25ഓ കിട്ടിയാലും ഒന്നുമാവില്ല. ആദ്യത്തെ ദോശ തിന്നുമ്പോഴേയ്ക്കും ഉപഭോക്താവിന്റെ രുചിയും ആസ്വാദനശക്തിയും തട്ടിയുണർത്തപ്പെടുന്നു. അതിനാൽ രണ്ടാമത്തെ ദോശ ആദ്യത്തേതിനേക്കാൾ കൂടുതൽ സംതൃപ്തിയുളവാക്കും. മൂന്നാമത്തേതു തിന്നുമ്പോൾ പരമാവധി സംതൃപ്തിയായിരിയ്ക്കും. എന്നാൽ, നാലാമത്തേതു തിന്നുമ്പോൾ സംതൃപ്തിയുടെ ആ ആധിക്യമുണ്ടാവില്ല. അതിന്നുശേഷം ഓരോ ദോശ കൂടുതൽ തിന്നുമ്പോഴും സംതൃപ്തിയുടെ ആധിക്യം കുറഞ്ഞുകുറഞ്ഞുവരും. അങ്ങിനെ ഒരതിർത്തിവരെയെത്തിയാൽ, ഉദാഹരണത്തിന്നു്, പത്താമത്തെ ദോശ തിന്നുമ്പോൾ, അതിന്റെ പ്രയോജനം ഏററവും കുറവായിരിയ്ക്കും. പിന്നേയും തിന്നുകയാണെങ്കിൽ സംതൃപ്തിയുണ്ടാവില്ലെന്നു മാത്രമല്ല, അതൃപ്തിയുളവാക്കുകയും ചെയ്യും. ഉപഭോക്താവിനെ പൂർണ്ണമായി തൃപ്തിപ്പെടുത്തുന്ന അതിർത്തിയ്ക്കു് 'ആവശ്യാതിർത്തി" അല്ലെങ്കിൽ "മാർജിനൽ വാണ്ടു്" (Marginal Want) എന്നും ആ ആവശ്യത്തെ തൃപ്തിപ്പെടുത്താൻവേണ്ട ചരക്കിന്റെ തുകയ്ക്കു് "മാർജിനൽ യൂനിററ്" (Marginal Unit) എന്നും അതിന്റെ പ്രയോജനത്തിന്നു് "മാർജിനൽ യൂട്ടിലിട്ടി" അല്ലെങ്കിൽ "പ്രയോജനാതിർത്തി" എന്നും പറയുന്നു. ആവശ്യാതിർത്തിയിലുള്ള തുകയ്ക്കു് കൊടുക്കേണ്ടിവരുന്ന പണത്തിന്റെ തോതനുസരിച്ചാണു് വില കണക്കാക്കപ്പെടുന്നതു്. കാരണം, അതു് ആ ചരക്കിന്റെ പ്രയോജനാതിർത്തിയെ പ്രതിഫലിപ്പിയ്ക്കുന്നു.

കൂടുതൽ ദോശ തിന്നുമ്പോൾ ഒട്ടാകെയുള്ള സംതൃപ്തി വർദ്ധിയ്ക്കുമെന്ന യാഥാർത്ഥ്യത്തെ ഈ സിദ്ധാന്തം നിഷേധിയ്ക്കുന്നില്ല. ഓരോ പുതിയ ദോശയും നല്കുന്ന സംതൃപ്തിയുടെ തോതു് കുറഞ്ഞു കുറഞ്ഞു വരുമെന്നുമാത്രമാണതു പറയുന്നതു്. കൂടുതലായി ഭക്ഷിയ്ക്കുന്ന ഓരോ ദോശയും ഒട്ടാകെയുള്ള പ്രയോജനത്തിൽ ഉണ്ടാക്കുന്ന മാററത്തിന്റെ തോതാണു് മാർജിനൽ യൂട്ടിലിട്ടി. നമ്മുടെ ഉദാഹരണത്തിൽ, 10 ദോശയുണ്ടെങ്കിൽ ആ 10 ദോശയുടെ ഒട്ടാകെയുള്ള യൂട്ടിലിട്ടിയും ആദ്യത്തെ 9 ദോശയുടെ ഒട്ടാകെയുള്ള യൂട്ടിലിട്ടിയും തമ്മിലുള്ള വ്യത്യാസമാണു് മാർജിനൽ യൂട്ടിലിട്ടി.

ദോശ തിന്നാനാഗ്രഹിയ്ക്കുന്ന ഉപഭോക്താവു് 4 ദോശ വാങ്ങണോ അതോ 5 ദോശ വാങ്ങണോ എന്നു തീരുമാനിയ്ക്കുന്നതു് അതുമൂലം ആയാളുടെ ഒട്ടാകെയുള്ള സംതൃപ്തിയിൽ എത്രത്തോളം വ്യത്യാസമുണ്ടാകുമെന്നു നോക്കിയിട്ടാണു്. കൂടുതൽ സംതൃപ്തിയുണ്ടാകുമെങ്കിൽ മാത്രമേ കൂടുതൽ ദോശ വാങ്ങുകയുള്ളു.

നാലാമത്തെ ദോശ തിന്നുമ്പോളുണ്ടാകുന്ന സംതൃപ്തിയും പത്താമത്തെ ദോശ തിന്നുമ്പോളുണ്ടാകുന്ന സംതൃപ്തിയും ഒരുപോലെയല്ല എന്നതുകൊണ്ടു് നാലാമത്തെ ദോശയുടേയും പത്താമത്തെ ദോശയുടേയും വിലകൾ വ്യത്യസ്തങ്ങളായിത്തീരുമോ? ഇല്ല.

കമ്പോളത്തിൽ എല്ലാ ദോശയ്ക്കും ഒരേവിലയായിരിയ്ക്കും. മാർജിനൽ യൂട്ടിലിട്ടിസിദ്ധാന്തമനുസരിച്ച്, അവസാനത്തെ ഡിമാണ്ട് തൃപ്തിപ്പെടുത്താനുതകുന്ന അവസാനത്തെ ദോശയുടെ വിലയാണ് മറെറല്ലാ ദോശകളുടേയും വിലകളെ നിർണ്ണയിയ്ക്കുന്നതു്.

## പരമാവധി സംതൃപ്തി

ചരക്കു കിട്ടണമെങ്കിൽ വില കൊടുക്കണം. വില കൊടുക്കുക എന്നതു് ഒരു ത്യാഗമാണ്. കൂടുതൽ ചരക്കു വേണമെങ്കിൽ കൂടുതൽ ത്യാഗം ചെയ്യണം. പക്ഷേ, ചരക്കുകളുടെ വില കുറവാണെങ്കിൽ ത്യാഗത്തിൻെറ തോതു കുറയും. ത്യാഗം കൂടുതൽ വേണ്ടിവരുമെങ്കിൽ ചരക്കുകൾ വാങ്ങുന്നതു കുറവു വരും. അപ്പോൾ, എത്രത്തോളം ചരക്കു വാങ്ങണമെന്നതു് കൂടുതലായി ലഭിയ്ക്കുന്ന യൂട്ടിലിട്ടിയെ മാത്രമല്ല, അതിനുവേണ്ടി ചെയ്യുന്ന ത്യാഗത്തേയും ആശ്രയിച്ചിരിയ്ക്കുന്നു. ഒരുദാഹരണംകൊണ്ടു് ഇതു വ്യക്തമാക്കാം: ഒരു ദോശയ്ക്കു് രണ്ടണ വിലയുണ്ടെന്നിരിയ്ക്കട്ടെ. രണ്ടണ വിലയുള്ള പത്താമത്തെ ദോശ തിന്നുമ്പോളുണ്ടാകുന്ന സംതൃപ്തി രണ്ടണ വിലയ്ക്കുള്ള ഒരു ഇഡ്ഡലി തിന്നുമ്പോളുണ്ടാകുന്ന സംതൃപ്തിയേക്കാൾ കുറവാണെങ്കിൽ പിന്നെ ദോശ വാങ്ങുകയില്ല. ഒട്ടാകെയുള്ള ദോശയുടേയും ഇഡ്ഡലിയുടേയും എണ്ണമല്ല, ആ അവ

സാനത്തെ വർദ്ധനവാണ്, അതായത് അതിർത്തിയിലുള്ള വർദ്ധനവാണ്, സംതൃപ്തിയെ നിർണ്ണയിയ്ക്കുന്നത്. അവസാനത്തെ അണ ചെലവിടുമ്പോൾ കൂടുതലായി ലഭിയ്ക്കുന്ന സംതൃപ്തിയാണ് പരിഗണിയ്ക്കപ്പെടുന്നത്. ദോശ വാങ്ങാൻ ചെലവിടുന്ന അവസാനത്തെ അണകൊണ്ട് ലഭിയ്ക്കുന്ന സംതൃപ്തിയേക്കാൾ കൂടുതലാണ് ഇഡ്ഡലിയ്ക്കുവേണ്ടി ചെലവിടുന്ന അണകൊണ്ടു ലഭിയ്ക്കുന്ന സംതൃപ്തിയെങ്കിൽ ഉപഭോക്താവ് ദോശയ്ക്കുപകരം ഇഡ്ഡലി വാങ്ങുകയാണ് ചെയ്യുക. ഓരോ അണയും ചെലവിടുമ്പോൾ ദോശയിൽനിന്നും ഇഡ്ഡലിയിൽനിന്നും ലഭിയ്ക്കുന്ന സംതൃപ്തി തുല്യമായിത്തീരുന്ന ആ സവിശേഷഘട്ടത്തിന്ന് സമനില (Equilibrium) എന്നു പറയുന്നു. ആ സമനിലയാണ് സംതൃപ്തിയെയെന്നപോലെ ചരക്കുകളുടെ ഡിമാണ്ടിനേയും രൂപപ്പെടുത്തുന്നത്. വ്യത്യസ്തങ്ങളായ ചരക്കുകളുടെ പ്രയോജനങ്ങളെ പരസ്പരം താരതമ്യപ്പെടുത്തിനോക്കിക്കൊണ്ട് ഓരോ പരിതഃസ്ഥിതിയിലും ഏററവും നല്ലതു തിരഞ്ഞെടുക്കുകയാണ് ഉപഭോക്താവു ചെയ്യുന്നത്. ഏററവുമധികം പ്രയോജനകരമായി ചെലവിടാനാഗ്രഹിയ്ക്കുന്ന പണം അതേ പരിതഃസ്ഥിതിയിൽ താരതമ്യേന പ്രയോജനം കുറഞ്ഞ മറെറാരു ചരക്കിന്നുവേണ്ടി കൈവിടാൻ ആയാൾ തയ്യാറാവുകയില്ല. ഒരു ചരക്കിന്നുവേണ്ടി ചെലവിടുന്ന അവസാനത്തെ അണയും മറേറതെങ്കിലും ചരക്കിന്നുവേണ്ടി ചെലവിടുന്ന അവസാനത്തെ അണയും തുല്യമായ സംതൃപ്തി

നല്കുന്ന ഘട്ടംവരെ വ്യത്യസ്ത ചരക്കുകൾക്കുവേണ്ടിയുള്ള ഈ അന്വേഷണം തുടരുന്നതായിരിയ്ക്കും. ചെലവിടുന്ന ഓരോ പൈസയ്ക്കും എത്രകണ്ടു് കൂടുതൽ സംതൃപ്തി നേടാൻ കഴിയുമെന്നാണയാൾ നോക്കുന്നതു്. ചരക്കുകളുടെ വിലകൾ വ്യത്യസ്തങ്ങളാണെങ്കിൽ തുല്യമായ സംതൃപ്തിയുണ്ടാവില്ല. അപ്പോൾ, സാധാരണ പരിതഃസ്ഥിതികളിൽ, കൂടുതലായി ലഭിയ്ക്കുന്ന സംതൃപ്തി വിലകളുടെ കയററമിറക്കങ്ങളെ ആശ്രയിച്ചിരിയ്ക്കുന്നു: പണവുമായി ചരക്കുകൾ വാങ്ങാൻ വരുന്ന ഉപഭോക്താവു് തൻെറ ആവശ്യങ്ങളെ അവയുടെ ആധിക്യത്തിൻെറ തോതനുസരിച്ചു് ഏററവുമധികം സംതൃപ്തി ലഭിയ്ക്കത്തക്കവിധത്തിൽ രൂപപ്പെടുത്തുന്നു.

ഇങ്ങിനെ ആവശ്യങ്ങളെ രൂപപ്പെടുത്തുമ്പോൾ ഉപഭോക്താവിൻെറ വ്യക്തിപരമായ മനോഭാവത്തിലും ഇഷ്ടാനിഷ്ടങ്ങളിലുമുണ്ടാകുന്ന മാററങ്ങളെയാണു് മാർജിനൽ യൂട്ടിലിട്ടി സിദ്ധാന്തം വെളിപ്പെടുത്തുന്നതു്. ഇതിന്നു് രണ്ടു വശങ്ങളുണ്ടു്: ഒരു ഭാഗത്തു് ചരക്കുകൾ വാങ്ങാൻവേണ്ടി നിശ്ചിതമായ ഒരു തുക ചെലവഴിയ്ക്കുമ്പോൾ അതുകൊണ്ടു് പരമാവധി സംതൃപ്തിനേടാൻ കഴിയണമെന്നു് ഉപഭോക്താവു് ആഗ്രഹിയ്ക്കുന്നു. മറുഭാഗത്തു് സപ്ലൈയുടേയും ഡിമാണ്ടിൻെറയും നിയമം പ്രവർത്തിയ്ക്കുന്നു. ചുരുങ്ങിയ വിലയ്ക്കാണെങ്കിൽ കൂടുതൽ ചരക്കുകൾ വാങ്ങാൻ ഉപഭോക്താവു് തയ്യാറാവുന്നു. വില വർദ്ധിച്ചാൽ നേരെമറിച്ചും.

## ഉപഭോക്താവിന്റെ സ്വാതന്ത്ര്യം

സ്വന്തം ആവശ്യങ്ങളുടേയും അഭിരുചികളുടേയും അടിസ്ഥാനത്തിൽ ഇഷ്ടമുള്ള ചരക്ക് തിരഞ്ഞെടുത്തു വാങ്ങാൻ ഉപഭോക്താവിന്ന് സ്വാതന്ത്ര്യമുണ്ടെന്നുള്ളതു ശരിതന്നെ. പക്ഷേ, സ്വന്തം അഭിരുചികളെ മാത്രമല്ല, വ്യത്യസ്തചരക്കുകളുടെ വിലകളേയും തന്റെ വരുമാനത്തേയും എല്ലാം കണക്കിലെടുത്തുകൊണ്ട് ഓരോ സന്ദർഭത്തിലും തനിയ്ക്കു് ഏററവും പ്രയോജനകരമായ വിധത്തിലാണ് ആയാൾ ചരക്ക വാങ്ങുക.

ഇഷ്ടംപോലെ പണമുണ്ടെങ്കിൽ ഏതു ചരക്കും എത്രവേണമെങ്കിലും വാങ്ങാം. പക്ഷേ, ഭൂരിപക്ഷം ആളുകളും അത്തരക്കാരല്ലല്ലോ. പരിമിതമായ വരുമാനമേ അവക്കുള്ളു. കൂടുതൽ വരുമാനമുള്ളവരും കുറഞ്ഞ വരുമാനമുള്ളവരുമുണ്ടു്. നിശ്ചിതമായ വരുമാനത്തോടുകൂടിയ ഒരുപഭോക്താവ് കമ്പോളത്തിൽ വ്യത്യസ്ത വിലകളുള്ള അനേകം ചരക്കുകളെ നേരിടുന്നു. വരുമാനം പരിമിതമായതുകൊണ്ടു് എല്ലാ ചരക്കുകളും ഇഷ്ടംപോലെ വാങ്ങിക്കൊണ്ടുപോകാൻ നിവൃത്തിയില്ല. പലതിൽനിന്നു് ചിലതു് തിരഞ്ഞെടുക്കേണ്ടിവരും. ഇക്കാര്യത്തിൽ ഉപഭോക്താക്കളുടെ ആഗ്രഹങ്ങളും അഭിരുചികളും ഇഷ്ടാനിഷ്ടങ്ങളും പ്രധാനമായ

ഒരു പങ്കു വഹിയ്ക്കുന്നതായിരിയ്ക്കും. ചിലർ 'ബക്ക്ലി' സിഗററിഷ്ടപ്പെടുമ്പോൾ മററുചിലർ 'സിസേർസോ' 'ഗോൾഡ്ഫ്ളേക്കോ' 'പ്ലെയേർസോ' ഇഷ്ടപ്പെട്ടുവെന്നുവരും. വേറെ ചിലർ വെറുതെ കിട്ടിയാൽപ്പോലും യാതൊരു സിഗററും വാങ്ങാനിഷ്ടപ്പെടുകയില്ല. ചിലർ ഇറച്ചിയും മററുചിലർ കോഴിമുട്ടയും കൂടുതലിഷ്ടപ്പെടുമ്പോൾ വേറെ ചിലർ പച്ചക്കറികൾ മാത്രമാണിഷ്ടപ്പെടുക. മൂന്നും വാങ്ങിയാൽ കൊള്ളാമെന്നാഗ്രഹിയ്ക്കുന്നവരുമുണ്ടാകാം. പക്ഷേ, വരുമാനം പരിമിതമാണ്. ഒരു ചരക്ക് കൂടുതൽ വാങ്ങിയാൽ മററു ചരക്കുകൾ വാങ്ങാൻ പണമുണ്ടാവില്ല. അതുകൊണ്ട്, എന്ത് എത്ര വാങ്ങണമെന്നതു് ഉപഭോക്താവിന്റെ ക്രയശക്തിയെക്കൂടി ആശ്രയിച്ചിരിയ്ക്കുന്നു. വരുമാനം വർദ്ധിച്ചാൽ വില കുറഞ്ഞ സാധനങ്ങൾക്കു പകരം വില കൂടിയ സാധനങ്ങൾ വാങ്ങാനിഷ്ടപ്പെട്ടുവെന്നു വരും. യുദ്ധകാലത്തു് വരുമാനം തെല്ലൊന്നു വർദ്ധിച്ചപ്പോൾ പലരും ബീഡിയ്ക്കുപകരം സിഗററുപയോഗിയ്ക്കാൻ തുടങ്ങി. നേരെമറിച്ച് വരുമാനം കുറയുകയോ സിഗററിന്റെ വില ക്രമാതീതമായി വർദ്ധിയ്ക്കുകയോ ചെയ്താൽ പലരും പുകവലി തന്നെ ഉപേക്ഷിച്ചുവെന്നു വരും. ഇങ്ങിനെ വരുമാനത്തിന്റേയും വിലകളുടേയും അടിസ്ഥാനത്തിൽ ഡിമാണ്ടിനെ രൂപപ്പെടുത്തേണ്ടിവരുന്നു. മാങ്ങയുടെ വില ഒരണയാണെങ്കിൽ 100 മാങ്ങ വാങ്ങാൻ തയ്യാറുള്ള ഒരാൾ വില രണ്ടണയാണെങ്കിൽ 25 മാങ്ങയേ വാങ്ങിയുള്ളുവെന്നു വരും. മാങ്ങയുടെ വില കൂടുതലും

മധുരനാരങ്ങയുടെ വില താരതമ്യേന കുറവുമാണെങ്കിൽ മാങ്ങ വാങ്ങാതെ മധുരനാരങ്ങ മാത്രം വാങ്ങിയെന്നു വരാം. ഇപ്രകാരം വിലയിൽ മാററമുണ്ടാകുമ്പോൾ ഡിമാണ്ടിലും മാററമുണ്ടാകുന്നു. വാങ്ങാനുദ്ദേശിയ്ക്കുന്ന ചരക്കിൻെറ വിലയിൽ മാററമില്ലെങ്കിൽ കൂടി മററു ചരക്കുകളുടെ വിലകളിൽ മാററങ്ങളുണ്ടായാലും ഡിമാണ്ടിൽ ഏററക്കുറച്ചിലുണ്ടായെന്നു വരും. ഉദാഹരണത്തിന്നു്, ചായയുടെ വില വർദ്ധിച്ചാൽ അതിൻെറ ഡിമാണ്ടു് കുറയുകയും അതോടൊപ്പം കാപ്പിയുടെ ഡിമാണ്ടു് വർദ്ധിയ്ക്കുകയും ചെയ്യും. കാപ്പി വേണ്ടത്ര കിട്ടാനില്ലെങ്കിലോ, ചായയുടെ ഡിമാണ്ടിനോടൊപ്പം പഞ്ചസാരയുടെ ഡിമാണ്ടും കുറയും. ഇങ്ങിനെ ഏതെങ്കിലുമൊരു ചരക്കിൻെറ ഡിമാണ്ടു് അതിൻെറ സ്വന്തം വിലയെ മാത്രമല്ല, മററു ചരക്കുകളുടെ വിലകളേയും ആശ്രയിച്ചിരിയ്ക്കുന്നു.

Demand and Supply

## ഡിമാണ്ടും സപ്ലൈയും

ഡിമാണ്ടിനെ അപേക്ഷിച്ച് സപ്ലൈ കൂടുതലാണെങ്കിൽ വില കുറയും. ഉദാഹരണത്തിന്നു് ഉപഭോക്താക്കളുടെ ആവശ്യങ്ങളെ കണക്കിലെടുക്കാതെ ഷോളയുടെ സപ്ലൈ വർദ്ധിയ്ക്കുന്നുവെന്നിരിയ്ക്കട്ടെ. എന്നാലെന്താണുണ്ടാവുക? ഉണ്ടാക്കിയ ഷോള മുഴുവനും വാങ്ങാനാളുണ്ടാവില്ല. സൂക്ഷിച്ചുവെച്ചാൽ കേടുവന്നു

പോകും. അതുകൊണ്ടു് വില കുറച്ചിട്ടെങ്കിലും വില്ക്കാൻ അതിന്റെ ഉടമസ്ഥൻ സന്നദ്ധനായിത്തീരും. ഈ വിലയിടിവു് ഒരതിർത്തിയിലധികമായാൽ ഉല്പാദകനു നഷ്ടം നേരിടും. നഷ്ടം പററിയാൽ ആയാൾ ഉല്പാദനത്തിൽനിന്നു വിരമിയ്ക്കാൻ നോക്കും. പക്ഷേ, ഇതിന്നു മറെറാരു വശമുണ്ടു്: വില കുറയുമ്പോൾ ഡിമാണ്ടു് വർദ്ധിയ്ക്കും. ഡിമാണ്ടു വർദ്ധിച്ചാലോ, വില പിന്നെയും കയറാൻ തുടങ്ങും. ഈ ഏററമിറക്കങ്ങൾക്കിടയിൽ, ഒരു സവിശേഷഘട്ടത്തിൽ, ഒരു ദോശ കൂടുതലായി നിർമ്മിയ്ക്കുന്നതു് അതിന്റെ ഉല്പാദകന്നും അതു വാങ്ങുന്ന ഉപഭോക്താവിന്നും ഒരുപോലെ ആദായകരമായിരിയ്ക്കും. ഇങ്ങിനെ ഡിമാണ്ടും സപ്ലൈയും ഒരു പ്രത്യേകാതിർത്തിയിൽ ഒത്തുചേരുന്നു. ഡിമാണ്ടും സപ്ലൈയും തുല്യമായിത്തീരുന്നു. ഈ അതിർത്തിയാണു് അവസാനമായി വിലകളെ നിജപ്പെടുത്തുന്നതു്. ഈ അതിർത്തിതന്നെയാണു് മാർജിനൽ യൂട്ടിലിട്ടിയേയും പ്രതിഫലിപ്പിയ്ക്കുന്നതു്.

മാർജിനൽ യൂട്ടിലിട്ടിയുടെ ഈ സിദ്ധാന്തം കമ്പോളത്തിൽ പ്രവർത്തിയ്ക്കുന്നതെങ്ങിനെയെന്നു് മറെറാരുദാഹരണംകൊണ്ടു് വ്യക്തമാക്കാം. ഒരേതരത്തിലുള്ള നൂറു കാറുകൾ വില്പനയ്ക്കുണ്ടെന്നു വിചാരിയ്ക്കുക. എന്തു വിലകൊടുത്തും കാറു വാങ്ങാൻ തയ്യാറുള്ള എട്ടോ പത്തോ ധനികന്മാരുണ്ടായിരിയ്ക്കാം. കാറു വാങ്ങാനാഗ്രഹമുള്ളവരും പക്ഷേ, അത്രതന്നെ ധനിക-

ന്മാരല്ലാത്തവരുമായ വേറെ പലരുമുണ്ടാവും. വില താങ്ങാനാവാത്തവിധം വർദ്ധിച്ചാൽ അവർ കാറ വാങ്ങുകയില്ല. വളരെ കുറഞ്ഞ വിലയ്ക്കു കിട്ടിയാൽ മാത്രം കാറ വാങ്ങാൻ തയ്യാറുള്ള മററനേകം പേർ — അഞ്ഞൂറോ ആയിരമോ പേർ — ഉണ്ടായിരിയ്ക്കും. പക്ഷേ, അവരാഗ്രഹിയ്ക്കുന്ന വിലയ്ക്കു വില്ക്കാൻ കാറ ടമസ്ഥൻ തയ്യാറുണ്ടാവില്ല. വളരെയധികം വില കൂട്ടി വിററാൽ നൂറു കാറുകൾ മുഴുവനും വിററഴിയ്ക്കാൻ കഴിയുകയുമില്ല. എട്ടോ പത്തോ കാർ മാത്രം വിററാൽ പോരല്ലോ. അതുകൊണ്ടു് അത്രയധികം വില കയ ററാൻ വയ്യ. കാറുടമസ്ഥൻ വില്ക്കാൻ തയ്യാറുള്ള ഒരു നിശ്ചിതവിലയ്ക്കു് അതു വാങ്ങാൻ മുതിരുന്ന നൂറാമത്തെ ഉപഭോക്താവ് ആണു് ഇവിടെ ഏററവും പ്രധാനമായ ഒരു പങ്കു വഹിയ്ക്കുന്നതു്. അതിലും കവിഞ്ഞ വിലയ്ക്കു് വാങ്ങാൻ തയ്യാറുള്ള ചിലരുണ്ടാവും. അതേസമയത്തു് അതിനേക്കാൾ കുറഞ്ഞ വിലയ്ക്കു് വാങ്ങാൻ തയ്യാറുള്ള അനേകം പേരു മുണ്ടാകും. പക്ഷേ, നൂറു കാറേയുള്ളൂ. നൂറാമത്തെ ഉപ ഭോക്താവിൻെറ അഭിരുചിയ്ക്കും മടിശ്ശീലയ്ക്കും പററിയ ഒരു വിലയ്ക്കു വിററാലേ എല്ലാ കാറും ചെല വാവുകയുള്ളൂ. കാറുകൾ കുറവാണെങ്കിൽ വില കൂട്ടി വില്ക്കാം. കുറഞ്ഞ വിലയ്ക്കു വില്ക്കാൻ തയ്യാറുണ്ടെങ്കിൽ കൂടുതൽ കാറുകൾ ചെലവാക്കുകയും ചെയ്യാം. പക്ഷേ, 100 കാറ മാത്രമുള്ള സ്ഥിതിയ്ക്കു് കഷ്ടിച്ചു് കാറ വാങ്ങാൻ കഴിവുള്ള ഉപഭോക്താവിൻെറ — അതാ യതു് അതിർത്തിയിലുള്ള ഉപഭോക്താവിൻെറ — ക്രയ

ശക്തിയെ കണക്കിലെടുത്തുകൊണ്ട് വില നിശ്ചയിക്കേണ്ടിവരും. ഈ നൂറാമത്തെ ഉപഭോക്താവാണ് മാർജിനൽ ഡിമാണ്ടിനെ പ്രതിഫലിപ്പിക്കുന്നത്. താനാവശ്യപ്പെടുന്ന വില നല്കാൻ തയ്യാറുള്ള നൂറു പേരില്ലെങ്കിൽ കുറേ കാറുകൾ കമ്പോളത്തിൽ വിററഴിയാതെ കിടക്കും. എല്ലാം ചെലവാകണമെങ്കിൽ 100 പേർക്ക് വാങ്ങാൻ കഴിയത്തക്കവണ്ണമുള്ള വില നിശ്ചയിക്കേണ്ടിവരും. ഓരോ ഉപഭോക്താവിൻേറയും ഇഷ്ടമനുസരിച്ച് ഒരു കാറിന്ന് കൂടുതൽ വിലയും മറെറാരു കാറിന്ന് കുറഞ്ഞ വിലയും നിശ്ചയിക്കാൻ പററില്ല. കമ്പോളത്തിൽ ഒരേതരത്തിലുള്ള എല്ലാ കാറുകൾക്കും ഒരേ വിലയായിരിക്കും.

ഇനി ഇതേ ഇടപാടിനെത്തന്നെ ഡിമാണ്ടിൻേറ ഭാഗത്തുനിന്നു നോക്കുക. കാറിന്ന് 20,000ക. കൊടുക്കാൻ തയ്യാറുള്ള 10 പേരും 15,000ക. കൊടുക്കാൻ തയ്യാറുള്ള 15 പേരുമുണ്ടെന്നിരിക്കട്ടെ. ഈ സ്ഥിതിയിൽ 15,000ക. യിൽ താഴെ വില്ക്കാൻ കാറുടമസ്ഥൻ തയ്യാറില്ലെങ്കിൽ ആകെ 25 കാർ മാത്രമേ വിററഴിയൂ. അതിലും താഴെ പല തോതിലുമുള്ള വിലകൾ കൊടുത്തു വാങ്ങാൻ തയ്യാറുള്ള പലരുമുണ്ടായിരിക്കും. ഏററവുമടിയിൽ 5,000ക. വീതം കൊടുക്കാൻ തയ്യാറുള്ള 500 പേരുണ്ടെന്നു വിചാരിക്കുക. ഒരു കാർ നിർമ്മിക്കാൻ 5,000ക.. യിലധികം വേണ്ടിവരുമെങ്കിൽ 500 ഉപഭോക്താക്കളെ തൃപ്തിപ്പെടുത്താൻ വേണ്ടി മാത്രം ആയാൾ ഉല്പാദനത്തിലേർപ്പെടുക

യില്ല. ലാഭം കിട്ടാനിടയുള്ള മററു വല്ല വ്യവസായവും തുടങ്ങുകയാണു ചെയ്യുക. ഉപഭോക്താവു തൻെറ പണത്തിന്നു് ഒരു "മാർജിനൽ" ഉപയോഗം കാണുന്നതുപോലെ ഉൽപ്പാദകനും തൻെറ മൂലധനത്തിന്നു് ഒരു "മാർജിനൽ" ഉപയോഗം കാണും. ശരിയ്ക്കുതു പറയുമോ അത്രമാത്രമേ ആയാൾ കാർ വ്യവസായത്തിൽ നിക്ഷേപിയ്ക്കുകയുള്ളൂ. അതിലും കുറച്ചു നിക്ഷേപിച്ചാൽ ലാഭമുണ്ടാക്കാനാഗ്രഹിയ്ക്കുന്ന മററു പല വ്യവസായികളും കാർ വ്യവസായത്തിലേയ്ക്കാകർഷിയ്ക്കപ്പെട്ടും. നേരെമറിച്ചു്, ആവശ്യത്തിൽ കൂടുതൽ നിക്ഷേപിയ്ക്കുകയാണെങ്കിൽ മൂലധനത്തിൻെറ ആധിക്യം കാരണം ലാഭം കുറയും. ഒരു കാറിന്നു് 10,000ക. വീതം കൊടുക്കാൻ തയ്യാറുള്ള 300 പേരുണ്ടെന്നും ആ വിലയ്ക്കു വിററാൽ തക്കതായ ലാഭം കിട്ടുമെന്നും വിചാരിയ്ക്കുക. എന്നാൽ 10,000ക. വീതം വിലയുള്ള 300 കാറുകളുണ്ടാക്കി വില്ക്കാൻ ആയാൾ സന്നദ്ധനാവും. കൂടുതലുല്പാദിപ്പിച്ചാൽ വിലയിടിയുകയും അങ്ങിനെ ലാഭം കുറയുകയും ചെയ്യും. അങ്ങിനെയായാൽ കാർ വ്യവസായത്തിൽനിന്നു മൂലധനം പിൻവലിയ്ക്കപ്പെട്ടുകയും അതു കൂടുതൽ ലാഭം കിട്ടാനിടയുള്ള മററു വല്ല വ്യവസായത്തിലും നിക്ഷേപിയ്ക്കപ്പെട്ടുകയും ചെയ്യും.

## മൂല്യത്തിൻെറ അടിസ്ഥാനം

മാർജിനൽ യൂട്ടിലിട്ടി സിദ്ധാന്തമനുസരിച്ചു് ച്ചരക്കുകളുടെ ഉല്പാദനച്ചെലവോ അവയുണ്ടാക്കാനാവു

ശ്യമായ മനുഷ്യാദ്ധ്വാനമോ അല്ല, ഡിമാണ്ടുകഠം തമ്മിലുള്ള വ്യത്യാസങ്ങളാണ് അവസാന വിശകലനത്തിൽ, വിലകളെ ക്രമപ്പെടുത്തുന്നതു്. ചരക്കിൻെറ സപ്ലൈയും ഉല്പാദനച്ചെലവും കമ്പോളത്തിലെ ഡിമാണ്ടുകളുമായി പൊരുത്തപ്പെടാൻ ശ്രമിയ്ക്കുകയാണ് ചെയ്യുന്നതു്. ഈ സിദ്ധാന്തമനുസരിച്ച് മൂല്യം ഉല്പാദനച്ചെലവിനെയല്ല, ഉല്പാദനച്ചെലവ് മൂല്യത്തെയാണാശ്രയിയ്ക്കുന്നതു്. ഓരോ ചരക്കിൻെറയും മൂല്യം ഉപഭോക്താക്കഠം വാങ്ങാൻ തയ്യാറുള്ള അവസാനത്തെ ചരക്കിൻെറ മൂല്യത്തെ ആശ്രയിച്ചിരിയ്ക്കുന്നു. അവസാനത്തെ ചരക്കിൻെറ മൂല്യമാകട്ടെ, പ്രയോജനാതിർത്തിയേയും ആശ്രയിച്ചിരിയ്ക്കുന്നു.

ഇവിടെ ഒരു ചോദ്യമുത്ഭവിച്ചേയ്ക്കാം: പ്രയോജനം കൂടുതലുള്ള ചില ചരക്കുകഠംക്ക് കുറഞ്ഞ വിലയും താരതമ്യേന പ്രയോജനം കുറഞ്ഞ ചില ചരക്കുകഠംക്ക് കൂടുതൽ വിലയും ഉണ്ടാവാനുള്ള കാരണമെന്താണ് ? ഉദാഹരണത്തിന്നു്, ഏററവും പ്രയോജനകരമായ വെള്ളത്തിൻെറ വില എന്തെന്നില്ലാതെ കുറയാനും നേരെമറിച്ച്. അത്രയൊന്നും പ്രയോജനമില്ലാത്ത രത്നത്തിൻെറ വില വളരെ കൂടുതലാവാനും കാരണമെന്താണ് ?

ഈ ചോദ്യത്തിന്നു് മാർജിനൽ യൂട്ടിലിട്ടി സിദ്ധാന്തം ഏതാണ്ടിങ്ങിനെ മറുപടി പറയുന്നു: വെള്ളത്തിൻെറ ഡിമാണ്ടും സപ്ലൈയും വളരെ താണ

ഒരു നിലവാരത്തിൽ വെച്ചാണ് ഒന്നിച്ചുചേരുന്നതു്. നേരെമറിച്ച്, രത്നങ്ങളുടെ ഡിമാണ്ടും സപ്ലൈയും ഒരുയർന്ന നിലവാരത്തിൽവെച്ച് കൂടിച്ചേരുന്നു. ഇതാണ് വെള്ളത്തിൻെറ വില കുറയാനും രത്നത്തിൻെറ വില കൂടാനും കാരണം.

ഇവിടെ പുതിയൊരു ചോദ്യമുത്ഭവിയ്ക്കുന്നു: വെള്ളത്തിൻെറ ഡിമാണ്ടും സപ്ലൈയും അത്ര കുറഞ്ഞ വിലയിൽ ഒന്നിച്ചുചേരുന്നതെന്തുകൊണ്ടാണ്?

മറുപടി: രത്നം വളരെ ദുർല്ലഭമായ ഒരു വസ്തുവാണ്. വെള്ളമാകട്ടെ, താരതമ്യേന സുലഭമാണ്. ഉല്പാദനച്ചെലവ്, അല്ലെങ്കിൽ സപ്ലൈ, ചരക്കിൻെറ ദൗർല്ലഭ്യത്തിന്നോ സുലഭതയ്ക്കോ ഇടവരുത്തുന്നു. ഉല്പാദനച്ചെലവു കൂടുതലുള്ള ചരക്കുകൾ താരതമ്യേന കൂടുതൽ ദുർല്ലഭമായിരിയ്ക്കും. ഇങ്ങിനെ, ചരക്കിൻെറ ദൗർല്ലഭ്യവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഡിമാണ്ടാണ് വിലകളെ നിർണ്ണയിയ്ക്കുന്നതു്.

### മാർജിനൽ യൂട്ടിലിട്ടിയുടെ ദൗർബല്യം

മാർജിനൽ യൂട്ടിലിട്ടി സിദ്ധാന്തമുപയോഗിച്ചുകൊണ്ടു് കല്ക്കരിയ്ക്കു വില കുറയാനും രത്നത്തിന്നു വില കൂടാനുമുള്ള കാരണമെന്തെന്നു മനസ്സിലാക്കാവു

ന്നതാണ്. കല്ക്കരി രത്നത്തെ അപേക്ഷിച്ച് കൂടുതൽ പ്രയോജനകരമാണെന്നുള്ളതു ശരിതന്നെ. പക്ഷേ, രത്നം താരതമ്യേന ദുർല്ലഭമായ ഒരു വസ്തുവാണ്. അതു കൊണ്ടാണ് വലിയ ധനികന്മാർ പിടിപ്പതു വില കൊടുത്തു് രത്നം വാങ്ങാൻ തയ്യാറാകുന്നതു്. ചില ധനശാസ്ത്രജ്ഞന്മാർ മറെറാരു കാര്യംകൂടി ചൂണ്ടിക്കാണിയ്ക്കുന്നുണ്ടു്. "ഒരു" രത്നത്തിൻെറ വിലയെ "കുറെ" കല്ക്കരിയുടെ വിലയുമായി താരതമ്യപ്പെടുത്തുന്നതു ശരിയല്ല. സമുദായത്തിലൊട്ടാകെയുള്ള കല്ക്കരിയും ഒട്ടാകെയുള്ള രത്നങ്ങളും തമ്മിലാണ് താരതമ്യപ്പെടുത്തേണ്ടതു്. അങ്ങിനെ നോക്കുമ്പോൾ ഒട്ടാകെയുള്ള കല്ക്കരി ഒട്ടാകെയുള്ള രത്നത്തേക്കാൾ കൂടുതൽ പ്രയോജനകരം മാത്രമല്ല കൂടുതൽ വിലപ്പിടിച്ചതുമാണെന്നു കാണാം. യഥാർത്ഥത്തിൽ ഇവിടേയും വ്യക്തികളുടെ ആഗ്രഹങ്ങളുടേയും ആവശ്യങ്ങളുടേയും അടിസ്ഥാനത്തിലാണ് പ്രയോജനാതിർത്തിയും വിലകളും കണക്കാക്കപ്പെടുന്നതു് എന്നു മാർജിനൽ യൂട്ടിലിട്ടിയുടെ പ്രണേതാക്കൾ ചൂണ്ടിക്കാണിയ്ക്കുന്നു. എന്നാൽ, ഇവിടെത്തന്നെയാണ് ഈ സിദ്ധാന്തത്തിൻെറ ദൗർബ്ബല്യവും കിടക്കുന്നതു്. വിവിധ ചരക്കുകളുടെ വ്യത്യസ്തങ്ങളായ പ്രയോജനങ്ങളെ ഒരു പൊതു മാനദണ്ഡംകൊണ്ടു് അളക്കുന്നതെങ്ങിനെയാണ്? ഒരേ ചരക്കിന്ന് വ്യത്യസ്തവ്യക്തികൾ വ്യത്യസ്തരത്തിലും വ്യത്യസ്തതോതിലുമുള്ള പ്രയോജനമാണ് കാണുക. ഒരാൾക്കു് ഒരു മോട്ടോർകാർ ഏററവും പ്രയോജനകരമായിത്തോന്നാം. മറെറാരാൾക്കു് ഒരു പുസ്തകമാവും കൂടു

തൽ പ്രയോജനകരം. വേറൊരാൾക്കു് ഒരു കുപ്പി കള്ളും. പ്രയോജനത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടു് കാറിന്റേയും പുസ്തകത്തിന്റേയും കള്ളിന്റേയും മൂല്യങ്ങളെ നിർണ്ണയിയ്ക്കുന്നതെങ്ങിനെയാണു്? ഉപഭോക്താക്കളുടെ ആത്മനിഷ്ഠങ്ങളായ ആഗ്രഹങ്ങളുടേയും അഭിലാഷങ്ങളുടേയും അടിസ്ഥാനത്തിൽ ചരക്കുകളുടെ വില കണക്കാക്കുന്നതേതുവിധത്തിലാണു്? ഉദാഹരണത്തിന്നു്, ഒരു മോട്ടോർ കാറിന്റെ വില 10,000 ക. യും ഒരു സിഗററിന്റെ വില അരയണ മാത്രവും ആവാൻ കാരണമെന്താണു്? രണ്ടു വ്യത്യസ്ത ചരക്കുകളുടെ ഡിമാണ്ടും സപ്ലൈയും തുല്യമാണെങ്കിൽക്കൂടി അവയുടെ വിലകളിൽ ഇത്രയധികം വ്യത്യാസമുണ്ടാകുന്നതെന്തുകൊണ്ടാണു്? ഈ ചോദ്യത്തിന്നു് തൃപ്തികരവും ശാസ്ത്രീയവുമായ ഒരു മറുപടി നല്കാൻ മാർജിനൽ യൂട്ടിലിട്ടിസിദ്ധാന്തത്തിന്നു സാധിയ്ക്കുന്നില്ല. അതുകൊണ്ടാണു് സ്മിത്തു്, റിക്കാർഡോ, മാർക്സ് തുടങ്ങിയ "ക്ലാസ്സിക്കൽ ധനശാസ്ത്രജ്ഞ"ന്മാരുടെ അദ്ധ്വാനസിദ്ധാന്തത്തിലേയ്ക്കു് ആധുനിക ശാസ്ത്രജ്ഞന്മാരിൽ പലരുടേയും ശ്രദ്ധ വീണ്ടും തിരിയാൻ തുടങ്ങിയിട്ടുള്ളതു്.

എട്ടാമദ്ധ്യായം

## സ്വതന്ത്രവ്യാപാരവും കുത്തകയും

---

ചരക്കിൻെറ മൂല്യം നിർണ്ണയിക്കുന്ന കാര്യത്തിൽ ധനശാസ്ത്രജ്ഞന്മാർ തമ്മിൽ എന്തൊക്കെത്തന്നെ അഭിപ്രായവ്യത്യാസങ്ങളുണ്ടായാലും ഒരു കാര്യം തീർച്ചയാണ്. ചരക്കുകളുടെ പ്രദാനത്തെ നിയന്ത്രിയ്ക്കാൻ കഴിയുന്നവക്ക് അവയുടെ വിലകളേയും നിയന്ത്രിയ്ക്കാൻ കഴിയുന്നു. ചരക്കിൻെറ മൂല്യം കുറഞ്ഞതു് അതുല്പാദിപ്പിയ്ക്കാനാവശ്യമായ ശരാശരി സാമൂഹ്യാദ്ധ്വാനം കുറഞ്ഞതുകൊണ്ടായാലും ശരി, അതിൻെറ മാർജിനൽ യൂട്ടിലിട്ടി കുറഞ്ഞതുകൊണ്ടായാലും ശരി, ചോദനത്തിലോ പ്രദാനത്തിലോ മാററമുണ്ടായാൽ വിലയിലും മാററമുണ്ടാവും. സപ്ലൈ വർദ്ധിച്ചാൽ വിലയിടിയുകയും സപ്ലൈ കുറഞ്ഞാൽ വിലകയറുകയും ചെയ്യും. അതുകൊണ്ടു് സപ്ലൈ നിയന്ത്രിയ്ക്കു

ന്നവന്നു് വിലകയററുകയോ കുറയ്ക്കുകയോ ചെയ്യാനുള്ള കഴിവുണ്ടു്. വില നിജപ്പെടുത്താനുള്ള ശക്തി ലാഭത്തേയും ബാധിയ്ക്കുമെന്നു പറയേണ്ടതില്ലല്ലോ.

## സ്വതന്ത്രമായ മത്സരം

വ്യവസായവിപ്ലവത്തിന്നു മുമ്പു് രാജാക്കന്മാരും ഗിൽഡുകൾ എന്ന പേരിലറിയപ്പെടുന്ന കമ്മാളസംഘങ്ങളും മററും വ്യാപാരത്തിൽ പലതരത്തിലുമുള്ള നിയന്ത്രണങ്ങൾ ചെലുത്തുക പതിവായിരുന്നു. ആ നിയന്ത്രണങ്ങളെ കണക്കിലെടുക്കാതെ എന്തു് എത്രയുല്പാദിപ്പിയ്ക്കണമെന്നു തീരുമാനിയ്ക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ, വ്യവസായവിപ്ളവത്തിന്റെ ഫലമായി ഈ സ്ഥിതി മാറി. പരിഷ്കരിച്ച യന്ത്രങ്ങളുടെ സഹായത്തോടുകൂടി ഉല്പാദിപ്പിച്ചുവിടുന്ന ചരക്കുകളെല്ലാം വിററഴിയ്ക്കേണ്ടതെങ്ങിനെ എന്ന പ്രശ്നം മുന്നോട്ടുവന്നു. ആക്കും തന്നിയ്ക്കിഷ്ടമുള്ള ചരക്കുല്പാദിപ്പിയ്ക്കാനും അതു് യാതൊരു നിയന്ത്രണവും കൂടാതെ ഇഷ്ടമുള്ളേടത്തു കൊണ്ടുപോയി വില്ക്കാനും സ്വാതന്ത്ര്യമുണ്ടായിരിയ്ക്കണമെന്ന സിദ്ധാന്തം ഈ ഘട്ടത്തിലാണുന്നയിയ്ക്കപ്പെട്ടതു്. ഈ സിദ്ധാന്തം സ്വതന്ത്രവ്യാപാരസിദ്ധാന്തം എന്ന പേരിലാണറിയപ്പെടുന്നതു്. ഉല്പാദകന്മാരും ഉല്പാദകന്മാരും തമ്മിലും വില്ക്കുന്നവരും വാങ്ങുന്നവരും തമ്മിലുമുള്ള സ്വതന്ത്രമായ മത്സരമാണു് കമ്പോളനിലവാരങ്ങളെ നിർണ്ണ

യിയ്ക്കുന്നതു് എന്നാണിതിന്റെ അത്ഥം. ഭരണകൂടമോ കുത്തകസ്ഥാപനങ്ങളോ മുതലാളിസംഘങ്ങളോ ട്രേഡ്യൂനിയനുകളോ ഒന്നുംതന്നെ കമ്പോളനിയമങ്ങളുടെ സ്വാതന്ത്ര്യമായ പ്രവത്തനങ്ങളിൽ കൈകടത്തരുതു്. വില വർദ്ധിച്ചാൽ ഡിമാണ്ടു് കുറയും. സപ്ലൈ കൂടുതലായാൽ വിലയിടിയും. ഡിമാണ്ടിന്റെ രംഗത്തിലെന്നപോലെത്തന്നെ സപ്ലൈയുടെ രംഗത്തിലും അനിയന്ത്രിതമായ മത്സരമാണു് നടക്കുന്നതു്. ഓരോരുത്തനും തനിയ്ക്കേററവും ആദായകരമായ വിധത്തിൽ വാങ്ങുകയും വില്ക്കുകയും ചെയ്യുന്നു. എന്നാൽ, ഉപഭോക്താവിന്നോ ഉല്പാദകന്നോ ഒററയ്ക്കൊററയ്ക്കു് വിലകളിൽ മാററമുണ്ടാക്കാൻ കഴിയില്ല. അനേകം വില്പനക്കാരും അനേകം ഉപഭോക്താക്കളും ഒരേതരത്തിലുള്ള ചരക്കുകൾ കൊള്ളക്കൊടുക്ക നടത്തുന്ന പരിതഃസ്ഥിതിയിലാണു് പൂർണ്ണമായ മത്സരമുണ്ടാകുന്നതു്. പൂർണ്ണമായ മത്സരത്തിൻകീഴിൽ ഉല്പാദനത്തിന്റെ ഘടകങ്ങൾക്കു് ഇഷ്ടംപോലെ എവിടേയ്ക്കുവേണമെങ്കിലും സഞ്ചരിയ്ക്കാൻ സ്വാതന്ത്ര്യമുണ്ടായിരിയ്ക്കും. എന്തുവെച്ചാൽ, കൂടുതൽ ലാഭം കിട്ടുന്നേടത്തേയ്ക്കു് മൂലധനവും കൂടുതൽ വില കിട്ടുന്നേടത്തേയ്ക്കു് അസംസ്കൃത സാമഗ്രികളും കൂടുതൽ കൂലി കിട്ടുന്നേടത്തേയ്ക്കു് തൊഴിലാളികളും നീങ്ങിപ്പോകുന്നു. മുന്തിയവയും പക്ഷേ, വില കുറഞ്ഞവയുമായ ചരക്കുകൾ വാങ്ങാനാണു് ജനങ്ങളിഷ്ടപ്പെടുക. അതുകൊണ്ടു്, ഓരോ മുതലാളിയും പരിഷ്ക്കരിച്ച ഉപകരണങ്ങളുപയോഗി

ച്ചുകൊണ്ടു് ഉല്പാദനച്ചെലവുകൾ ചുരുക്കുകയും അങ്ങിനെ ചുരുങ്ങിയ വിലയ്ക്കു് ചരക്കുകൾ വില്ക്കാൻ മാർക്കററിൽ സ്വതന്ത്രമായി മത്സരിയ്ക്കുകയും ചെയ്താൽ ഉല്പാദനവ്യവസ്ഥ അഭിവൃദ്ധിപ്പെടുകയും ജനങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിയ്ക്കപ്പെടുകയും ചെയ്യും. ഇതാണു് സ്വതന്ത്രമത്സരസിദ്ധാന്തത്തിന്റെ പൊരുൾ.

## സ്വതന്ത്രമത്സരത്തിൽനിന്നു് കുത്തകയിലേയ്ക്കു്

പക്ഷേ, ഇതിന്റെ അർത്ഥം ശക്തിയുള്ളവന്റെ മുമ്പിൽ ശക്തിയില്ലാത്തവന്നു് നിലനില്ക്കാൻ കഴിയില്ലെന്നാണു്. കൂടുതൽ മൂലധനമിറക്കിയിട്ടുള്ള വലിയ വ്യവസായസ്ഥാപനങ്ങൾക്കാണു് ഉല്പാദനച്ചെലവുകൾ കുറയ്ക്കാൻ കൂടുതൽ സൗകര്യം. ചെറുകിടക്കാർ മത്സരത്തിൽ തകർന്നുപോകുമെന്നതു് സ്വാഭാവികമാണു്. വലിയവരും വലിയവരും തമ്മിലുള്ള മത്സരത്തിൽ കൂടുതൽ വലിപ്പമുള്ളവർ വിജയിയ്ക്കും. ചിലപ്പോൾ ഏതാനുംപേർ ഒന്നിച്ചുചേർന്നുകൊണ്ടു് മററുള്ളവരെ തകക്കാൻ നോക്കും.

ഇങ്ങിനെ സ്വതന്ത്രമത്സരത്തിന്റെ അനിവാര്യഫലമെന്നനിലയ്ക്കു് 19-ാം നൂററാണ്ടിന്റെ അവസാനമായപ്പോഴേയ്ക്കും പ്രബലങ്ങളായ കുത്തകസ്ഥാപനങ്ങൾ ഉയർന്നുവരാൻ തുടങ്ങി. ഉല്പാദനച്ചെലവു്, ഉല്പാ

ദിപ്പിക്കേണ്ട ചരക്കുകളുടെ തുക, അവയുടെ വില, വില്പന നടത്തേണ്ട രീതി, മാനേജ്മെൻറ് മുതലായവയെസ്സംബന്ധിച്ച് പരസ്പരം ഒത്തുതീർപ്പു നടത്തിക്കൊണ്ടു യോജിക്കുന്ന വ്യവസായസ്ഥാപനങ്ങളുടെ സംഘടനകൾക്കാണ് കുത്തകകൾ എന്നു പറയുന്നത്.

കുത്തകകളുടെ പ്രവർത്തനം ഒരു രാജ്യത്തിൻെറ അതിർത്തിക്കുള്ളിൽ മാത്രമായി ഒതുങ്ങിനില്ക്കുന്നില്ല. ലോകത്തിലുള്ള എല്ലാ കമ്പോളങ്ങളേയും അവ പിടിച്ചടക്കാൻ ശ്രമിക്കുന്നു. ഈ ഉദ്ദേശ്യത്തിനുവേണ്ടി വിവിധ രാജ്യങ്ങളിലെ കുത്തകസ്ഥാപനങ്ങൾ തമ്മിൽ മത്സരിക്കുന്നു. രാജ്യങ്ങൾ തമ്മിലുള്ള ഈ മത്സരത്തിൽ ഗവമ്മെണ്ടുകൾ പ്രധാനമായ ഒരു പങ്കാണ് വഹിക്കുന്നത്. സ്വന്തം രാജ്യത്തിലെ വ്യവസായങ്ങളെ രക്ഷിക്കാൻവേണ്ടി താരിപ്പ് തുടങ്ങിയ സംരക്ഷണനടപടികളെടുക്കാനും മററു രാജ്യങ്ങളിലെ കമ്പോളങ്ങൾ പിടിച്ചെടുക്കാനാവശ്യമായ രാഷ്ട്രീയ പരിപാടികൾ നടപ്പിൽവരുത്താനും അവ പരിശ്രമിക്കുന്നു. ഈ മത്സരത്തിൽ വ്യാവസായികമായി പിന്നണിയിൽ കിടക്കുന്ന രാജ്യങ്ങൾക്കാണ് കൂടുതൽ നഷ്ടം പററുക എന്നു പറയേണ്ടതില്ലല്ലോ.

സ്വാതന്ത്ര്യവ്യാപാരസിദ്ധാന്തമനുസരിച്ച് "ആപേക്ഷികച്ചെലവുകളുടെ നിയമ" (Law of Comparative Costs) മാണ് വിദേശവ്യാപാരത്തെ

നിർണ്ണയിയ്ക്കുന്നതു്. ഒരേ ചരക്കൽപ്പാദിപ്പിയ്ക്കാൻ വ്യത്യസ്തരാജ്യങ്ങളിൽ വേണ്ടിവരുന്ന ചെലവു് വ്യത്യസ്തമായിരിയ്ക്കുമെന്നും അതുകൊണ്ടു് ഓരോ രാജ്യവും കൂടുതൽ ഉല്പാദനച്ചെലവു വേണ്ടിവരുന്ന ചരക്കുകൾ മററു രാജ്യങ്ങളിൽനിന്നു് ഇറക്കുമതി ചെയ്യുകയും പകരം താരതമ്യേന കുറഞ്ഞ ചെലവു കൊണ്ടുല്പാദിപ്പിയ്ക്കാൻ കഴിയുന്ന ചരക്കുകൾ കയററി അയയ്ക്കുകയും ചെയ്യണമെന്നും താരീപ്പുകളും മററു നിയന്ത്രണങ്ങളും കൂടാതെയുള്ള ഇത്തരം വ്യാപാരബന്ധങ്ങൾ പൊതുവിൽ എല്ലാ രാജ്യങ്ങൾക്കും ലാഭകരമായിരിയ്ക്കുമെന്നുമാണു് ഈ നിയമം പ്രഖ്യാപിയ്ക്കുന്നതു്. പക്ഷേ, യഥാർത്ഥത്തിൽ വ്യാവസായികമായി പുരോഗതി നേടിയ രാജ്യങ്ങൾക്കേ ഇതുകൊണ്ടു് നേട്ടമുണ്ടാകൂ എന്നു വ്യക്തമാണു്. എന്തുകൊണ്ടെന്നാൽ, വ്യാവസായികരാജ്യങ്ങൾക്കാണു് പരിഷ്ക്കരിച്ച യന്ത്രങ്ങളുപയോഗിച്ചുകൊണ്ടു് ഉല്പാദനച്ചെലവുകൾ കുറച്ചു് താരതമ്യേന വിലകുറഞ്ഞ ചരക്കുകൾ നിർമ്മിയ്ക്കാൻ കഴിയുക.

## സ്വതന്ത്രമത്സരവും ഇന്ത്യയും

ഇന്ത്യയും ബ്രിട്ടനും തമ്മിലുണ്ടായിരുന്ന വ്യാപാരബന്ധത്തിൻെറ ഫലങ്ങൾ പരിശോധിച്ചാൽ ഇതു വ്യക്തമാകും. സ്വതന്ത്രവ്യാപാരത്തിൻേറയും സ്വാതന്ത്ര്യമത്സരത്തിൻേറയും അടിസ്ഥാനത്തിലാണു് ബ്രിട്ടൻ

ഇന്ത്യയുമായി കച്ചവടം നടത്തിയിരുന്നതു്. പക്ഷേ, ആധുനികയന്ത്രങ്ങളിലുല്പാദിപ്പിയ്ക്കപ്പെട്ട ബ്രിട്ടീഷു ചരക്കുകളുമായി മത്സരിയ്ക്കാൻ ഇന്ത്യൻ ചരക്കുകൾക്കു് സാദ്ധ്യമായിരുന്നില്ല. അതിൻെറ ഫലമായിട്ടാണു് പ്രാചീനകാലംമുതല്ക്കുതന്നെ ലോകപ്രശസ്തിയാർജ്ജിച്ചു പോന്ന ഇന്ത്യൻ വ്യവസായങ്ങളെല്ലാം അതിവേഗം അധഃപതിച്ചതു്. അതിൻെറ ഫലമായിട്ടാണു് ഇന്ത്യ ബ്രിട്ടീഷു ചരക്കുകൾ വിററഴിയ്ക്കാനും ബ്രിട്ടീഷു വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃതസാമഗ്രികൾ നേടാനും വേണ്ടിയുള്ള ഒരു കമ്പോളമായി മാറിയതു്.

എന്നാൽ, ഇരുപതാം നൂററാണ്ടിൻെറ ആരംഭത്തോടുകൂടി, പ്രത്യേകിച്ചും, ഒന്നാം ലോകമഹായുദ്ധത്തിനുശേഷം, ഇന്ത്യൻ വ്യവസായങ്ങൾക്കു് തെല്ലൊരഭിവൃദ്ധിയുണ്ടായി. ഇന്ത്യൻ വ്യവസായങ്ങളുടെ നിലനില്പിനും വളർച്ചയ്ക്കും ആവശ്യമായ സംരക്ഷണ നടപടികൾ കൈക്കൊള്ളണമെന്ന ആവശ്യം ഈ ഘട്ടത്തിലാണു് പ്രാബല്യമാർജ്ജിച്ചതു്.

1932-ൽ കനഡയുടെ തലസ്ഥാനമായ ഒട്ടാവയിൽവെച്ചു് ബ്രിട്ടീഷു സാമ്രാജ്യത്തിലുൾപ്പെട്ട രാജ്യങ്ങളുടെ സാമ്പത്തികസ്ഥിതിയെപ്പററിയാലോചിയ്ക്കാൻവേണ്ടി ഒരു സമ്മേളനം കൂടുകയുണ്ടായി. ആ സമ്മേളനത്തിൽവെച്ചാണു് "സാമ്രാജ്യ മുൻഗണനാനയം" (Imperial Preference) എന്ന പുതിയൊരു

നയമാവിർഭവിച്ചതു്. ബ്രിട്ടീഷ്സാമ്രാജ്യത്തിൽപ്പെട്ട ആസ്ത്രേലിയ, കനഡ, തെക്കെ ആഫ്രിക, സിലോൺ, ഇന്ത്യ തുടങ്ങിയ രാജ്യങ്ങൾ വ്യാപാരകാര്യങ്ങളിൽ പരസ്പരം മുൻഗണന നല്കണമെന്നാണിതിന്റെ അർത്ഥം. ഉദാഹരണത്തിന്നു് ബ്രിട്ടനും ജപ്പാനും ഇന്ത്യയിൽ തുണി ഇറക്കുമതിചെയ്യുന്നുവെന്നിരിയ്ക്കട്ടെ. "സാമ്രാജ്യമുൻഗണനാനയ"മനുസരിച്ച് ഇന്ത്യ ബ്രിട്ടീഷ് തുണിത്തരങ്ങൾക്ക് മുൻഗണന നല്കുകയും അതിന്നു പററിയതരത്തിൽ താരീഫ്നയങ്ങളും മററും ആവിഷ്ക്കരിയ്ക്കുകയും ചെയ്യണം.

പത്തൊമ്പതാം നൂററാണ്ടിലെ സ്വതന്ത്രവ്യാപാരവും സ്വതന്ത്രമത്സരവും തികച്ചും അപ്രായോഗികമായിത്തീർന്നുവെന്നാണിതു കാണിയ്ക്കുന്നതു്. വിവിധ രാജ്യങ്ങളിൽ സാർവ്വദേശീയമായി മത്സരിയ്ക്കുന്ന പ്രബലങ്ങളായ കുത്തകസ്ഥാപനങ്ങൾ ഉയർന്നുവന്നതാണിതിന്നു കാരണം. വാസ്തവത്തിൽ, ഒട്ടാവാ കരാറിലെ സാമ്രാജ്യമുൻഗണനാനയംതന്നെ ജർമ്മനി, ജപ്പാൻ, അമേരിക്ക തുടങ്ങിയ മററു രാജ്യങ്ങളിലാവിർഭവിച്ച വ്യവസായിക കുത്തകകളുടെ ആക്രമണങ്ങളിൽനിന്നു് ബ്രിട്ടീഷ് വ്യവസായങ്ങളെ സംരക്ഷിയ്ക്കാനുള്ള ഒരു തന്ത്രമായിരുന്നു.

### കുത്തകകളുടെ ശക്തി

ഇരുപതാം നൂററാണ്ടിന്റെ ആരംഭംമുതല്ക്കുതന്നെ സ്വതന്ത്രമത്സരസിദ്ധാന്തത്തിന്റെ സ്വാധീനശക്തി

കുറയാൻ തുടങ്ങിക്കഴിഞ്ഞിരുന്നു. അപ്പോഴേയ്ക്കും യൂറോപ്പിലെ പല രാജ്യങ്ങളിലേയും പ്രധാനപ്പെട്ട വ്യവസായങ്ങളെല്ലാം കുത്തകകളായി സംഘടിപ്പിയ്ക്കപ്പെട്ടുകഴിഞ്ഞിരുന്നു. പ്രധാനപ്പെട്ട പല ചരക്കുകളുടേയും ഉല്പാദനം വൻകിടക്കാരായ ഏതാനും കുത്തകമുതലാളികളുടെ നിയന്ത്രണത്തിലായിക്കഴിഞ്ഞിരുന്നു.

കാർട്ടൽ, സിൻഡിക്കേറ്റ്, ട്രസ്റ്റ്, കംബൈൻ എന്നിങ്ങിനെ പലതരത്തിലുമുള്ള കുത്തകസ്ഥാപനങ്ങളുണ്ട്. ഏതാനും കൂററൻ കമ്പനികൾ ഒന്നിച്ചു കൂടിക്കൊണ്ട് സമുദായത്തിലെ ഉല്പാദനവിതരണങ്ങളെ നിയന്ത്രിയ്ക്കുകയും തൊഴിലാളികളേയും ഉപഭോക്താക്കളേയും ചൂഷണംചെയ്തുകൊണ്ട് പരമാവധി ലാഭം സമ്പാദിയ്ക്കുകയും ചെയ്യുന്നുവെന്നതാണ് അവയുടെ പൊതുസ്വഭാവം.

ഒററയ്ക്കൊററയ്ക്കു പ്രവർത്തിയ്ക്കുന്ന കമ്പനികളെ ചൊല്പടിയ്ക്കു കൊണ്ടുവരികയോ പൊളിച്ചുവിടുകയോ ചെയ്യാൻ കുത്തകസ്ഥാപനങ്ങൾ പലതരത്തിലുള്ള മാർഗ്ഗങ്ങളും അവലംബിയ്ക്കാറുണ്ട്. അസംസ്കൃതസാമഗ്രികൾ കിട്ടാതാക്കുക, വ്യാപാരമാർഗ്ഗങ്ങൾ തടയുക, കുത്തകക്കമ്പനികളിൽനിന്നു മാത്രമേ ചരക്കുകൾ വാങ്ങുകയുള്ളു എന്ന് മൊത്തക്കച്ചവടക്കാരെക്കൊണ്ടു സമ്മതിപ്പിയ്ക്കുക, ബാങ്കുകളിൽനിന്നു കടം കിട്ടാതാക്കുക, പലതരത്തിലുമുള്ള ബഹിഷ്കരണങ്ങൾ സംഘടിപ്പിയ്ക്കുക മുതലായവയാണ് അവയിൽ ചിലതു്.

കുത്തകസ്ഥാപനങ്ങൾക്ക് ചരക്കുകളുടെ ചോദനവും പ്രദാനവും കൃത്രിമമായി നിയന്ത്രിയ്ക്കാൻ കഴിയും. ഒരു ചരക്കിൻെറ പ്രദാനം മുഴുവനും ഒരൊററ സ്ഥാപനത്തിൻെറ നിയന്ത്രണത്തിലായാൽ കമ്പോളത്തിലെ കിടമൽസരങ്ങളെ പേടിയ്ക്കാതെ ചരക്കുകളുടെ വില കയററാനോ കുറയ്ക്കാനോ സാധിയ്ക്കും. തൊഴിലാളികളുടെ കൂലി വെട്ടിച്ചുരുക്കാനും അസംസ്കൃതസാമഗ്രികൾ കുറഞ്ഞ വിലയ്ക്കു സമ്പാദിയ്ക്കാനും കഴിയും. അങ്ങിനെ ഒരേസമയത്തുതന്നെ ഉല്പാദനച്ചെലവുകൾ അങ്ങേയററം കുറയ്ക്കാനും ഉൽപ്പാദനത്തെ കൃത്രിമമായി വെട്ടിക്കുറച്ചുകൊണ്ട് പ്രദാനത്തെ നിയന്ത്രിയ്ക്കാനും ചരക്കുകളുടെ വില ക്രമാതീതമായി വർദ്ധിപ്പിച്ച് പിടിപ്പതു ലാഭമുണ്ടാക്കാനും സാധിയ്ക്കും.

പക്ഷേ, ഒരു ബുദ്ധിമുട്ടുണ്ട്: ക്രമാതീതമായി വില കയറിയാൽ ചോദനം കുറയും. ഉദാഹരണത്തിന്ന് ഒരു മോട്ടോർ കാറിൻെറ വില ഒരു കോടി ക. യായി വർദ്ധിച്ചാൽ എത്രപേർ അതു വാങ്ങാനുണ്ടാവും? ഉപഭോക്താക്കൾ വില കൂടിയ ചരക്കിന്നു പകരം മറേറതെങ്കിലും ചരക്കു വാങ്ങിയുപയോഗിയ്ക്കാനോ അല്ലെങ്കിൽ ഒന്നും വാങ്ങാതെകഴിയ്ക്കാനോ ആണ് ശ്രമിയ്ക്കുക. ഇതിൻെറ അർത്ഥം ഉൽപ്പാദകൻെറ ലാഭം കുറയുക എന്നാണ്.

നേരെമറിച്ച്, ചരക്കിൻെറ വില ചുരുങ്ങിയാൽ ചോദനം വർദ്ധിയ്ക്കുകയും അതിൻെറ ഫലമായി·

ഉൽപ്പാദകന്നു് കൂടുതൽ ലാഭം കിട്ടുകയും ചെയ്യും. ഓരോ കാറിന്നും കിട്ടുന്ന ലാഭം കുറവായിരിയ്ക്കുമെങ്കിലും കൂടുതൽ കാറുകൾ വിററഴിയുന്നതുകൊണ്ടു് ഒട്ടാകെയുള്ള ലാഭം കൂടുതലായിരിയ്ക്കും.

### കുത്തകയും

### ചരക്കിന്റെ വിലയും

ചിലപ്പോൾ ചില കുത്തകമുതലാളികൾ മററു വ്യവസായസ്ഥാപനങ്ങളെ കിടമൽസരത്തിൽ തോൽപ്പിയ്ക്കാൻവേണ്ടി കല്പിച്ചുകൂട്ടി വില ചുരുക്കി വില്ക്കാറുണ്ടു്. വില കുറച്ചു വില്ക്കാൻ കഴിയാത്ത സ്ഥാപനങ്ങൾ മൽസരത്തിൽ തകർന്നുപോവുകയും അതിന്നുശേഷം കുത്തകമുതലാളികൾ തങ്ങളുടെ ചരക്കുകളുടെ വില വീണ്ടും കയററുകയും ചെയ്യുന്നു.

വിദേശക്കമ്പോളങ്ങൾ കരസ്ഥമാക്കാൻവേണ്ടി യഥാർത്ഥമായ ഉൽപ്പാദനച്ചെലവിനേക്കാളുമെത്രയോ കുറഞ്ഞ വിലയ്ക്കു് ചരക്കുകൾ വില്ക്കുക എന്ന ഒരു സമ്പ്രദായവുമുണ്ടു്. ഇതിന്നു് "ഡമ്പിങ്ങ്" (Dumping) എന്നു പറയുന്നു. മൽസരത്തിലേർപ്പെടുന്ന മററു രാജ്യങ്ങളിലെ വ്യവസായസ്ഥാപനങ്ങളെ പരാജയപ്പെടുത്തുക എന്നതാണിതിന്റെ ഉദ്ദേശ്യം. ഈ ഉദ്ദേശ്യം സാധിച്ചാൽപ്പിന്നെ വില വീണ്ടും കയററപ്പെടുകയും ചെയ്യും.

പ്രദാനത്തെ നിയന്ത്രിയ്ക്കാൻ കഴിയുന്ന കുത്തക മുതലാളിയ്ക്കു് ചരക്കിൻെറ വില നിജപ്പെടുത്താൻ സാധിയ്ക്കുമെന്നു തീർച്ചയാണു്. എന്നാൽ, ഇതിന്നും ചില അതിർത്തികളൊക്കെയുണ്ടു്. ഏതെങ്കിലുമൊരു ചരക്കിൻെറ മുഴുവൻ ഉൽപ്പാദനവും ഒരൊററ കുത്തക മുതലാളിയുടെ നിയന്ത്രണത്തിലായാൽപ്പോലും അതിൻെറ വില ഇഷ്ടംപോലെ വർദ്ധിപ്പിയ്ക്കുക എളുപ്പമല്ല. ഉദാഹരണത്തിന്നു്, ഒരു സിഗററിന്നു് പതിനായിരമോ അമ്പതിനായിരമോ് ഉറുപ്പിക കിട്ടണമെന്നു് മുതലാളി ശഠിയ്ക്കുകയില്ല. ശഠിച്ചാൽത്തന്നെ ആരും അതു വാങ്ങാനുണ്ടാവില്ല. നേരെമറിച്ചു്, ഒരു കാറിൻെറ വില അമ്പതിനായിരമോ അറുപതിനായിരമോ ഉറുപ്പികയായാലും ചിലരെങ്കിലും അതു വാങ്ങാനുണ്ടാവും. സിഗററിൻേറയും മോട്ടോർ കാറിൻേറയും ഉൽപ്പാദനച്ചെലവുകൾ തമ്മിലുള്ള വ്യത്യാസമാണു് വിലകളിലുള്ള ഈ വ്യത്യാസത്തിൻെറ അടിസ്ഥാനകാരണം. അപ്പോൾ കുത്തകകളുടെ കീഴിലും അടിസ്ഥാനപരമായി ഉൽപ്പാദനച്ചെലവും ശരാശരി ലാഭവും കൂടിച്ചേർന്നുള്ള ഉൽപ്പാദനവിലയാണു് ചരക്കുകളുടെ മൂല്യത്തെ നിർണ്ണയിയ്ക്കുന്നതു്. ഉൽപ്പാദനവിലയേക്കാൾ കവിഞ്ഞ വിലയ്ക്കു് ചരക്കുകൾ വില്ക്കാൻ കുത്തകമുതലാളികൾക്കു സാധിയ്ക്കുമെന്നതു ശരിതന്നെ. എന്നാൽ, അടിസ്ഥാനമായി പ്രവർത്തിയ്ക്കുന്നതു് മൂല്യത്തിൻെറ ഈ സിദ്ധാന്തംതന്നെയാണെന്നു കാണാം.

Money

## പണം

മനുഷ്യസമുദായത്തിന്റെ ആരംഭകാലത്ത് പണമുണ്ടായിരുന്നില്ല. ചരക്കുകളുടെ കൈമാററംപോലുമുണ്ടായിരുന്നില്ല. ഉല്പാദനരീതി വളരെ അപരിഷ്കൃതമായിരുന്നു. പ്രകൃതിവിഭവങ്ങളിൽനിന്ന് അദ്ധ്വാനിച്ചുല്പാദിപ്പിയ്ക്കപ്പെട്ടിരുന്നതെല്ലാം ഉല്പാദകന്മാരുടെതന്നെ ഉപഭോഗത്തിന്നുവേണ്ടിയായിരുന്നു. ഉപഭോഗം കഴിഞ്ഞു മിച്ചമുണ്ടെങ്കിലല്ലേ വിനിമയം നടക്കൂ?

എന്നാൽ, ഉല്പാദനവ്യവസ്ഥ തെല്ലൊന്നു പരിഷ്കരിച്ചപ്പോൾ പ്രകൃതിയിൽ ചെലവഴിയ്ക്കുന്ന അദ്ധ്വാനംകൊണ്ടു് കൂടുതൽ സാമഗ്രികളുണ്ടാക്കാൻ കഴിയുമെന്നായി. സ്വന്തം ഉപഭോഗത്തിന്നുള്ളതു കഴിച്ച് മിച്ചമുണ്ടാകുന്നതു് മററുള്ളവൎക്കു കൊടുത്തു് പകരം ആവ

ശ്യമായ മറെറന്തെങ്കിലും വാങ്ങാൻ സാധിയ്ക്കുമെന്നായി.

കൈമാററത്തിന്നുവേണ്ടി നിർമ്മിയ്ക്കപ്പെടുന്ന സാമഗ്രികൾക്ക് ധനശാസ്ത്രത്തിൽ "ചരക്ക്" (Commodity) എന്നു പറയുന്നു.

## പ്രാചീനകാലത്തെ കൈമാററസമ്പ്രദായം

ആദ്യകാലത്ത് കൈമാററം നേരിട്ടായിരുന്നു. വെച്ചുമാററം അല്ലെങ്കിൽ ബാർട്ടർ വ്യവസ്ഥയാണുണ്ടായിരുന്നത്. നെല്ലുകൊടുത്ത് പണിയായുധം വാങ്ങുക, തേങ്ങകൊടുത്ത് തുണി വാങ്ങുക — ഇതായിരുന്നു സമ്പ്രദായം. ഇതു വിഷമംപിടിച്ച ഒരു കൈമാററസമ്പ്രദായമാണ്. എന്തെന്നാൽ, തുണിയുണ്ടാക്കുന്നവന്ന് തേങ്ങയാവശ്യമില്ലെങ്കിൽ കൈമാററം നടക്കില്ല. കൈമാററം നടക്കണമെങ്കിൽ രണ്ടുകൂട്ടർക്കും ഒരേ സമയത്ത് ആവശ്യം നേരിടണം. അതുകൊണ്ട് ഒരു ഘട്ടം കഴിഞ്ഞപ്പോൾ ഈ വെച്ചുമാററസമ്പ്രദായം ഉല്പാദനാഭിവൃദ്ധിയ്ക്കു തടസ്സമായിത്തീർന്നു. ഉല്പാദനത്തിന്റേയും കൈമാററത്തിന്റേയും പുരോഗതിയ്ക്ക് ഈ തടസ്സം പരിഹരിയ്ക്കേണ്ടതാവശ്യമായിത്തീർന്നു.

ആദ്യമൊക്കെ ഉല്പാദകന്മാർ തങ്ങളുടെ സ്വന്തം ആവശ്യം കഴിച്ച് മിച്ചമുള്ളതു മാത്രമേ കൈമാറിയി

രുന്നുള്ളു. ക്രമത്തിൽ ക്രമത്തിൽ കൈമാററത്തിന്നു വേണ്ടി മാത്രമായി ചരക്കുകൾ ഉൽപ്പാദിപ്പിയ്ക്കാൻ തുടങ്ങി. പക്ഷേ, കൈമാററം നടത്തുന്നതു് എന്തടിസ്ഥാനത്തിലായിരിയ്ക്കണം? ഇത്ര പാൽ കൊടുത്താൽ ഇത്ര നെല്ലു കിട്ടുമെന്നു കണക്കാക്കുന്നതെങ്ങിനേയാണു്? ഒരു നിശ്ചിത അളവിലുള്ള ഇറച്ചി വാങ്ങാൻ എത്ര തോലാണു് പകരം കൊടുക്കേണ്ടിവരിക? വിവിധ ചരക്കുകൾ തമ്മിലുള്ള കൈമാററത്തിന്റെ തോതു നിശ്ചയിയ്ക്കാനുതകുന്ന ഒരു മാനദണ്ഡം ആവശ്യമായിത്തീർന്നു. ഓരോ ചരക്കിന്റേയും "മൂല്യ"മെത്രയെന്നു നിർണ്ണയിയ്ക്കാൻ കഴിഞ്ഞാൽ മാത്രമേ അതേ മൂല്യമുള്ള മറെറാരു ചരക്കു പകരം വാങ്ങാൻ കഴിയൂ. ഒരു ചരക്കിന്റെ മൂല്യം അതു കൊടുത്താൽ പകരമായി കിട്ടുന്ന ചരക്കിന്റെ തോതിനെ ആശ്രയിച്ചിരിയ്ക്കുന്നു. ഉദാഹരണത്തിന്നു്, ഒരു സേർ പാൽ കൊടുത്താൽ നാലു സേർ ഗോതമ്പു കിട്ടുമെന്നിരിയ്ക്കട്ടെ. എന്നാൽ ഒരു സേർ പാലിന്റെ "മൂല്യം" നാലു സേർ ഗോതമ്പിന്നു സമമാണു്. നാലു സേർ ഗോതമ്പിന്റെ മൂല്യം ഒരു സേർ പാലിന്നു സമമാണു് എന്നും പറയാം.

## പണത്തിന്റെ ആവിർഭാവം

ആരംഭകാലത്തു് ഓരോ ചരക്കിന്റേയും മൂല്യം, പണ്ടത്തിന്റെ സഹായം കൂടാതെ, മററു പല ചരക്കു

കളുടേയും മൂല്യങ്ങളുമായി താരതമ്യപ്പെടുത്തിക്കൊണ്ടാണ് കണക്കാക്കപ്പെട്ടിരുന്നതു്. ഉദാഹരണത്തിന്നു്, ഒരു പശു ഇത്ര റാത്തൽ ഇരുമ്പിന്നു സമമാണു്, അല്ലെങ്കിൽ ഇത്ര വാര തുണിയ്ക്കു സമമാണു്, അല്ലെങ്കിൽ ഇത്ര പറ നെല്ലിന്നു സമമാണു്. ഇങ്ങിനെ ഒരേ പശുവിൻെറ മൂല്യം ഇരുമ്പ്, തുണി, നെല്ല് തുടങ്ങിയ വിവിധ ചരക്കുകളുടെ മൂല്യങ്ങളുമായി താരതമ്യപ്പെടുത്താൻ കഴിയുന്നു. വിവിധ ചരക്കുകൾ തമ്മിലുള്ള വിനിമയനിരക്കു കണക്കാക്കാൻ ഇതു സഹായകരമായിത്തീർന്നു. ഒരു പശു എത്ര ഇരുമ്പിന്നും എത്ര തുണിയ്ക്കും എത്ര നെല്ലിന്നും സമമാണു് എന്നു മനസ്സിലാക്കാൻ കഴിഞ്ഞാൽ ഇത്ര നെല്ല് ഇത്ര തുണിയ്ക്കു സമമാണു്, ഇത്ര ഇരുമ്പ് ഇത്ര തുണിയ്ക്കു സമമാണു്, ഇത്ര നെല്ല് ഇത്ര പശുവിന്നു സമമാണു് എന്നിങ്ങിനെ എല്ലാ ചരക്കുകളുടേയും വിനിമയത്തോതു കണക്കാക്കാൻ കഴിയുമല്ലോ.

വിനിമയവ്യവസ്ഥ കൂടുതൽ അഭിവൃദ്ധിപ്പെട്ടപ്പോൾ ഈ പ്രാകൃതമായ ഘട്ടം അവസാനിച്ചു. ഒരു ചരക്കിൻെറ മൂല്യം മററു പല ചരക്കുകളുടേയും മൂല്യങ്ങളുടെ സഹായത്തോടുകൂടി കണക്കാക്കുന്നതിന്നു പകരം എല്ലാ ചരക്കുകളുടേയും മൂല്യങ്ങൾ ഏതെങ്കിലും ഒരു ചരക്കിൻെറ മൂല്യംവഴിക്കു് കണക്കാക്കപ്പെടാൻ തുടങ്ങി. ഒരു പ്രത്യേക ചരക്കുമായി മറേറതുചരക്കും കൈമാറാമെന്നായി. ആ പ്രത്യേകചരക്ക് കയ്യിലുണ്ടെങ്കിൽ മറേറതുചരക്കു വേണമെങ്കിലും വാങ്ങാം. എന്നു

വെച്ചാൽ, ആ പ്രത്യേകചരക്ക് എല്ലാ കൈമാററങ്ങളുടേയും മദ്ധ്യവത്തിയായിത്തീർന്നു. വാങ്ങുന്നവക്കും വില്ക്കുന്നവക്കും പൊതുവിൽ സ്വീകാര്യമായ ആ പ്രത്യേകചരക്കാണ് പണമായിത്തീർന്നതു്.

പണമെന്നുവെച്ചാൽ ഉറുപ്പികയോ നയാപൈസയോ മാത്രമാണെന്നു ധരിച്ചുപോകരുതു്. സാമാന്യേന സ്വീകാര്യമായ പല ചരക്കുകളും പണമെന്ന നിലയ്ക്കു് ഉപയോഗിയ്ക്കപ്പെടുകയുണ്ടായിട്ടുണ്ടു്. പ്രാചീനകാലത്തു് മൃഗത്തോൽ, കന്നുകാലികൾ, രോമം, ധാന്യം, ഉപ്പു്, പുകയില എന്നിങ്ങിനെ അപ്പപ്പോളായി പല ചരക്കുകളും പണത്തിൻെറ പങ്കു നിർവ്വഹിച്ചിട്ടുണ്ടു്. എന്തിന്നു പ്രാചീനകാലത്തിലേയ്ക്കുമാത്രം നോക്കുന്നു? രണ്ടാം ലോകമഹായുദ്ധത്തിന്നു ശേഷംപോലും ജർമ്മനിയിൽ സിഗററുകൾ പണമെന്നനിലയ്ക്കു് ഉപയോഗിയ്ക്കപ്പെട്ടിരുന്നുവെന്നു് നിങ്ങൾ പത്രങ്ങളിൽ വായിച്ചിട്ടുണ്ടാവും.

അപ്പോൾ, പണമെന്നു പറയുന്നതു് കൈമാററം ചെയ്യപ്പെടുന്ന പലചരക്കുകളിൽ ഒന്നുമാത്രമാണു്. അതു പണമായിത്തീരുന്നതു് അതിന്നു സ്വന്തമായ മൂല്യമുള്ളതുകൊണ്ടാണു്; അതു് ഉപയോഗകരമായ ഒരു ചരക്കാണെന്നുള്ളതുകൊണ്ടാണു്. അതെല്ലാവക്കും സ്വീകാര്യമായിത്തീരുന്നതു് അതു കൊടുത്താൽ മററു ചരക്കും വാങ്ങാൻ കഴിയുമെന്നുള്ളതുകൊണ്ടാണു്.

പരിമിതമായ ദേശാതിർത്തികളെ ഭേദിച്ചുകൊണ്ടു് കൈമാററവും കച്ചവടവും കൂടുതൽ അഭിവൃദ്ധിപ്പെട്ടപ്പോൾ പണത്തിന്റെ സാമൂഹ്യപ്രാധാന്യവും കൂടുതൽ വർദ്ധിച്ചു. കന്നുകാലികൾ, ധാന്യം, ഉപ്പു മുതലായവയ്ക്കു് പണത്തിന്റെ സ്ഥാനം വഹിയ്ക്കുക എളുപ്പമല്ലാതായിത്തീർന്നു. വിദൂരപ്രദേശങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വലിയ വലിയ കൊള്ളക്കൊടുക്കകൾക്കു് അത്തരം പണങ്ങൾ പററാതായി. ഒരു പശുവിനെ വാങ്ങിക്കൊണ്ടുവരാൻ ഒട്ടേറെ ഉപ്പിൻചാക്കുകൾ തലയിലേററിപ്പോകണമെന്നു വരുന്നതു്, അല്ലെങ്കിൽ കുറച്ചു് ഇരുമ്പു വാങ്ങാൻ പോകുമ്പോൾ ഒരു പശുവിനെ ഒപ്പം തെളിച്ചുകൊണ്ടു നടക്കണമെന്നു വരുന്നതു്, എന്തു ബുദ്ധിമുട്ടാണു്! ചെറിയ ചെറിയ കൊള്ളക്കൊടുക്കകൾക്കുപോലും അവ അപര്യാപ്തമായിത്തീർന്നു. ഒരു പശുവിന്റെ മൂല്യം 50 റാത്തൽ ഇരുമ്പാണെന്നിരിയ്ക്കട്ടെ. ഒരു റാത്തൽ ഇരുമ്പു വാങ്ങാനാഗ്രഹിയ്ക്കുന്നവർ എന്തുചെയ്യും? പശുവിന്റെ അമ്പതിലൊരുഭാഗം മുറിച്ചെടുക്കാൻ കഴിയുമോ? പോരെങ്കിൽ എല്ലാ പശുക്കളും ഒരുപോലെയല്ല. ചിലതു തടിച്ചുകൊഴുത്തവയും മററു ചിലതു് ചാവാളികളുമായിരിയ്ക്കും. പശുവെങ്ങാനും ചത്തുപോയാലോ, പണവും പോയി! ഈ കാരണങ്ങളാലാണു് ക്രമത്തിൽ കൈമാററങ്ങളുടെ മദ്ധ്യവർത്തിയാവാൻ പററിയ ലോഹങ്ങൾ — പ്രത്യേകിച്ചും വെള്ളി, സ്വർണ്ണം എന്നീ ലോഹങ്ങൾ — പണത്തിന്റെ സ്ഥാനം വഹിയ്ക്കാൻ തുടങ്ങിയതു്.

സ്വർണ്ണം, വെള്ളി തുടങ്ങിയ ലോഹങ്ങൾ പണമായി ഉപയോഗിച്ചാലുള്ള മെച്ചമെന്താണ് ?

ഒന്നാമത്, അവയെ വളരെക്കാലം സൂക്ഷിച്ചുവെയ്ക്കാം; കേടുവരാതെ കൈമാറാം.

രണ്ടാമത്, കുറഞ്ഞ വലുപ്പമുള്ള സ്വർണ്ണത്തിലും വെള്ളിയിലും മററു ചരക്കുകളുടേതിനെ അപേക്ഷിച്ച് കൂടുതൽ മൂല്യമടങ്ങിയിട്ടുള്ളതുകൊണ്ട് വിലപ്പിടിച്ച ചരക്കുകൾ വാങ്ങാൻ അവയെ ഉപയോഗിയ്ക്കാം. എന്നല്ല, അവയെ എളുപ്പത്തിൽ എവിടേയ്ക്കുവേണമെങ്കിലും കൊണ്ടുപോവുകയും ചെയ്യാം.

മൂന്നാമത്, അവയെ ചെറിയ ചെറിയ കഷണങ്ങളാക്കി മുറിയ്ക്കാം. അവയുടെ സഹായത്തോടുകൂടി വ്യത്യസ്തമൂല്യങ്ങളുള്ള ചെറിയ ചെറിയ ചരക്കുകൾപോലും കൈമാറാം.

ഇങ്ങിനെ മററു ചരക്കുകളെ അപേക്ഷിച്ച് പല മെച്ചങ്ങളുമുള്ളതുകൊണ്ടാണ് സ്വർണ്ണവും വെള്ളിയും പണമായി ഉപയോഗിയ്ക്കപ്പെടാൻ തുടങ്ങിയത്.

Coins
## നാണ്യങ്ങൾ

ആദ്യമൊക്കെ സ്വർണ്ണവാളങ്ങളും വെള്ളിക്കഷണങ്ങളും തൂക്കിക്കൊടുത്തുകൊണ്ടാണ് ആവശ്യമുള്ള മററു

ചരക്കുകൾ വാങ്ങിയിരുന്നതു്. ഇതു് വളരെ അസൗകര്യങ്ങൾക്കിടവരുത്തി. ഓരോ കൊള്ളക്കൊടുക്ക നടക്കുമ്പോഴും സ്വർണ്ണം തൂക്കിക്കൊടുക്കണമെന്നുവരുന്നതു്, എന്തുചരക്കു വാങ്ങാൻപോകുമ്പോഴും ലോഹക്കഷണങ്ങളോടൊപ്പം ഒരു തുലാസ്സുകൂടി കൈവശംവെയ്ക്കണമെന്നു വരുന്നതു്, എന്തു ബുദ്ധിമുട്ടാണു്? ലോഹക്കഷണങ്ങൾ സ്വീകരിയ്ക്കുന്നവക്കു് തങ്ങളുടെ ചരക്കുകളുടെ മുഴുവൻ മൂല്യവും ലഭിയ്ക്കുമെന്നതിന്നെന്താണുറപ്പു്?

ഈ ബുദ്ധിമുട്ടുകൾ പരിഹരിയ്ക്കാൻവേണ്ടിയാണു് ലോഹക്കഷണങ്ങളുടെ സ്ഥാനത്തു് നിശ്ചിതമായ തൂക്കവും മാററുമുള്ള നാണ്യങ്ങൾ ഉപയോഗിയ്ക്കപ്പെടാൻ തുടങ്ങിയതു്. ഇതു കൊള്ളക്കൊടുക്കകളെ വളരെയധികം സഹായിച്ചു. ഒരൗൺസ് സ്വർണ്ണം തൂക്കിക്കൊടുക്കുന്നതിന്നു പകരം ഓരോ ഔൺസ് തൂക്കമുള്ള 16 സ്വർണ്ണനാണ്യങ്ങൾ എണ്ണിക്കൊടുത്താൽ മതി.

ആദ്യകാലത്തെ നാണ്യങ്ങൾക്കു് അവയുടെ തൂക്കത്തിന്നനുസരിച്ചുള്ള മുഖവിലയുണ്ടായിരുന്നു. ഉദാഹരണത്തിന്നു്, ഒരു പണമിട വെള്ളിതന്നെയായിരുന്നു ഒരു പണമായി അടിച്ചിറക്കപ്പെട്ടിരുന്നതു്. കമ്മട്ടത്തിൻെറ ഉടമസ്ഥന്മാർ തങ്ങളടിയ്ക്കുന്ന നാണ്യങ്ങൾക്കു് ശരിയായ തൂക്കവും മാററുമുണ്ടെന്നു് ഉറപ്പുനല്കിയിരുന്നു. സ്വകാര്യവ്യക്തികളുടെ നേതൃത്വത്തിലും മേൽനോട്ടത്തിലുമാണു് കമ്മട്ടങ്ങൾ പ്രവത്തിച്ചിരുന്നതു്. പക്ഷേ, പിന്നീടവയെ സക്കാർ ഏറെറടുത്തു. നാണ്യമടിയ്ക്കാനുള്ള അധികാരം സക്കാരിന്നുമാത്രമേ

യുള്ളു എന്നു വന്നു. രാജാവിന്റെ തലയുടെ രൂപമോ മററു ചിത്രങ്ങളോ കൊത്തിയിട്ടുള്ളവയും നിശ്ചിതമായ തൂക്കവും മാററവുമുള്ളവയും വിവിധ വലുപ്പങ്ങളോടുകൂടിയവയുമായ നാണ്യങ്ങൾ ഗവമ്മെണ്ടിന്റെ കമ്മട്ടങ്ങളിൽനിന്നു് അടിച്ചിറക്കപ്പെടാൻ തുടങ്ങി. ക്രമത്തിൽ നാണ്യങ്ങളുടെ തൂക്കത്തിൽ അല്പം കുറവു വരുത്തിയാലും വിരോധമില്ലെന്നായി. മുഖവിലയിൽ കുറഞ്ഞ മൂല്യമേ നാണ്യത്തിലടങ്ങിയ ലോഹത്തിനുള്ളുവെങ്കിൽ അത്രയും സക്കാരിന്നു ലാഭമാണു്. ഈ ലാഭത്തിന്നു് മേലാദായം (Seigniorage) എന്നു പറയുന്നു. ലോഹം നാണ്യങ്ങളാക്കി അടിച്ചിറക്കുന്നതിനുള്ള പ്രതിഫലമാണതു്.

ആദ്യകാലത്തു് നാണ്യമടിയ്ക്കാനാവശ്യമായ ചെലവിന്നുള്ളതു മാത്രമേ അതിൽനിന്നു കുറച്ചിരുന്നുള്ളു. ഇതിന്നു് അടിപ്പുകൂലി എന്നു പറയുന്നു. ഉദാഹരണത്തിന്നു്, ഇംഗ്ലണ്ടിൽ ഒരൗൺസ് സ്വർണ്ണത്തിന്റെ പവൻമാററിലുള്ള തൂക്കം 3 പവൻ, 17 ഷില്ലിങ്ങ് $10\frac{1}{2}$ പെൻസ് ആയിരുന്നു. പക്ഷേ, ഒരൗൺസ് പവൻമാററ് സ്വർണ്ണക്കട്ടികൊടുത്താൽ പകരം 3 പവൻ 17 ഷില്ലിങ്ങ് 9 പെൻസ് മാത്രമേ കിട്ടുകയുള്ളു. $1\frac{1}{2}$ പെൻസ് കുറയും. ഇതാണു് അടിപ്പുകൂലി.

ക്രമത്തിൽ പല രാജാക്കന്മാരും തങ്ങളുടെ അധികാരം ദുരുപയോഗപ്പെടുത്തിക്കൊണ്ടു് തങ്ങളുടെ സ്വന്തം സ്വത്തുക്കൾ വർദ്ധിപ്പിയ്ക്കാൻവേണ്ടി നാണ്യ

ങ്ങളിലടങ്ങിയ ലോഹത്തിൻെറ തോതു് കല്പിച്ചുകൂട്ടി കുറയ്ക്കാൻ തുടങ്ങി. ഇതിൻെറ അൎത്ഥം നാണ്യത്തിൻെറ യഥാൎത്ഥമായ വില കുറയുക എന്നാണു്. അപ്പോഴും പഴയ പേരുകളിൽത്തന്നെ നാണ്യങ്ങൾ പ്രചരിയ്ക്കുന്നു. നിയമപ്രകാരം അവ പരക്കെ സ്വീകരിയ്ക്കപ്പെടുകയും ചെയ്യുന്നു. പക്ഷേ, അവയുടെ വില യിടിഞ്ഞിരിയ്ക്കുന്നു. എന്നുവെച്ചാൽ, അവ കൊടുത്താൽ പഴയ നാണ്യങ്ങൾകൊണ്ടു വാങ്ങാൻ സാധിച്ചിരുന്നത്ര ചരക്കുകൾ കിട്ടുകയില്ല.

പണത്തിൻെറ ആവിർഭാവം കൈമാററത്തിൻെറ ചരിത്രത്തിൽ പുതിയൊരദ്ധ്യായം സൃഷ്ടിച്ചു. എല്ലാത്തരം കൈമാററങ്ങളും പണത്തിൻെറ സഹായത്തോടുകൂടി നടത്താമെന്നായി. ചരക്കുകളുടെ കൈമാററം അഭിവൃദ്ധിപ്പെട്ടതോടുകൂടി ഉല്പാദനവും അഭിവൃദ്ധിപ്പെടാൻതുടങ്ങി. ക്രമത്തിൽ ഉല്പാദകന്മാർ തമ്മിലുള്ള എല്ലാ സാമൂഹ്യബന്ധങ്ങളുടേയും അടിസ്ഥാനം പണമാണെന്നുവന്നു.

ഇക്കാലത്തു് പണത്തിൻെറ അടിസ്ഥാനത്തിലാണു് എല്ലാ സ്വത്തുക്കളും അളക്കപ്പെടുന്നതു്. ചരക്കിൻെറ മൂല്യം പണക്കണക്കിലുള്ള വിലയിലൂടെ പ്രതിഫലിപ്പിയ്ക്കപ്പെടുന്നു. ഏതെങ്കിലുമൊരു ചരക്കിൻെറ മൂല്യം പത്തുറുപ്പികയാണു് എന്നു പറയുന്നതിൻെറ അൎത്ഥം ആ ചരക്കിൻെറ മൂല്യവും പത്തുറുപ്പികയിലടങ്ങിയ വെള്ളിയുടെ മൂല്യവും സമമാണെന്നത്രേ.

വിനിമയത്തിന്റെ മദ്ധ്യവർത്തി, വിലകളുടെ മാനദണ്ഡം, മൂല്യത്തിന്റെ കലവറ, അടവിന്നുള്ള ഉപകരണം, ധനസംഭരണത്തിന്റെ ഉപകരണം എന്നിങ്ങിനെ മുഖ്യമായി അഞ്ചുതരം പ്രവർത്തനങ്ങളാണു് പണത്തിന്നുള്ളതു്. ഇവയൊക്കെത്തന്നെയാണു് പണംകൊണ്ടുള്ള പ്രയോജനവും.

## വിനിമയത്തിന്റെ മദ്ധ്യവർത്തി

ആധുനികസമുദായത്തിൽ പണത്തിന്റെ സഹായത്തോടുകൂടിയാണു് ചരക്കുകൾ കൈമാററംചെയ്യപ്പെടുന്നതു്. ചരക്കുടമസ്ഥൻ ആദ്യമായി തന്റെ കയ്യിലുള്ള ചരക്കുകൊടുത്തു് പകരം പണം വാങ്ങുന്നു. എന്നിട്ടു് ആ പണം കൊടുത്തു് തനിയ്ക്കാവശ്യമുള്ള മററന്തെങ്കിലും ചരക്കു വാങ്ങുന്നു. ആദ്യം ചരക്കു വാങ്ങുന്നവന്റെ കയ്യിൽനിന്നു് വില്ക്കുന്നവന്റെ കയ്യിലേയ്ക്കു് പണം സഞ്ചരിയ്ക്കുന്നു. അതിന്നുശേഷം വില്ക്കുന്നവൻതന്നെ വാങ്ങുന്നവനായി മാറുന്നു. വില്പനക്കാരന്റെ കയ്യിൽ പണം കിട്ടിയാൽ അയാളതു് തനിയ്ക്കാവശ്യമുള്ള ചരക്കു നല്കാൻ തയ്യാറുള്ള മററാരാൾക്കു കൊടുക്കുന്നു. ഒരിടത്തും അതു സ്ഥിരമായി നില്ക്കുന്നില്ല. കൈമാററങ്ങളുടെ ഒരു മദ്ധ്യവർത്തി എന്ന നിലയ്ക്കു് ഒരാളുടെ കയ്യിൽനിന്നു് മററാരാളുടെ കയ്യിലേക്കു് അതു സഞ്ചരിച്ചുകൊണ്ടിരിയ്ക്കുന്നു.

വിനിമയത്തിൻെറ മദ്ധ്യവൎത്തിയെന്നനിലയ്ക്കു് പണം സ്വീകരിയ്ക്കപ്പെടുന്നതു് കേവലം പണത്തിന്നു വേണ്ടിയല്ല. ചരക്കുടമസ്ഥൻ പണം വാങ്ങുന്നതു് അതു മറെറാരു ചരക്കുടമസ്ഥന്നു കൊടുക്കാൻവേണ്ടിയാണു്. ഓരോരുത്തരൻേറയും കയ്യിൽ അല്പസമയം മാത്രമേ അതിരിയ്ക്കുന്നുള്ളു. അതായതു്, പണം ക്ഷണികവും താല്ക്കാലികവുമായ ഒരു പങ്കുമാത്രമാണു് വഹിയ്ക്കുന്നതു്. ഈ ക്ഷണികമായ പങ്കുവഹിയ്ക്കാൻ സ്വൎണ്ണംകൊണ്ടോ വെള്ളികൊണ്ടോ ഉള്ള വിലപ്പിടിച്ച നാണ്യങ്ങൾതന്നെ വേണമെന്നില്ല. യഥാൎത്ഥമായ പണത്തിൻെറ പ്രതിനിധിയായി വിലകുറഞ്ഞ ലോഹനാണ്യമോ കടലാസ്സുനോട്ടോ ചെക്കോ എന്തെങ്കിലും ഉപയോഗിയ്ക്കാവുന്നതാണു്. അവ കൊടുത്താൽ, യഥാൎത്ഥമായ പണം കൊടുത്താലെന്നതുപോലെത്തന്നെ, ആവശ്യമുള്ള ചരക്കുകൾ കിട്ടുന്നേടത്തോളംകാലം, യാതൊരു കുഴപ്പവുമില്ല. വിനിമയത്തിൻെറ മദ്ധ്യവൎത്തി എന്ന പങ്കു നിൎവ്വഹിയ്ക്കാൻ അവയ്ക്കു സാധിയ്ക്കും.

ബാൎട്ടർസമ്പ്രദായത്തിൽ ചരക്കുകൊടുത്തു് ഉടൻതന്നെ പകരം മറെറാരു ചരക്കു നേരിട്ടുവാങ്ങുകയാണു് പതിവു്. എന്നാൽ, വിനിമയത്തിൻെറ മദ്ധ്യവൎത്തിയെന്നനിലയ്ക്കു് പണം പ്രത്യക്ഷപ്പെട്ടതോടുകൂടി ഈ കൊള്ളക്കൊടുക്ക വില്പ്പൽ, വാങ്ങൽ എന്നിങ്ങിനെ രണ്ടു ഘട്ടങ്ങളായി വിഭജിയ്ക്കപ്പെട്ടു. ചരക്കു കൊടുത്തു് പകരം പണം വാങ്ങുന്നതോടുകൂടി ഒന്നാ

മത്തെ ഘട്ടം — അതായതു് വില്ക്കൽ — അവസാനിച്ചു. വിററുകിട്ടിയ പണംകൊടുത്തു് മറെറാരു ചരക്കു വാങ്ങുന്നതോടെ രണ്ടാമത്തെ ഘട്ടവും — അതായതു് വാങ്ങൽ — അവസാനിച്ചു. ഈ സമ്പ്രദായം കൈമാററത്തിൻെറ വളർച്ചയ്ക്കു് വളരെയേറെ സഹായകരമായിത്തീർന്നു. എന്തെന്നാൽ, ചരക്കുടമസ്ഥന്നു് തൻെറ ചരക്കു വാങ്ങാൻ തയ്യാറുള്ളവനും അതേസമയത്തുതന്നെ തനിയ്ക്കാവശ്യമുള്ള ചരക്കു് വില്ക്കാൻ തയ്യാറുള്ളവനുമായ ഒരാളെതേടി നടക്കേണ്ട ആവശ്യമില്ലാതായി. ആയാൾക്കതു വിററു പണമാക്കാം. എന്നിട്ടു്, ആ പണംകൊണ്ടു് ആവശ്യമുള്ളപ്പോൾ ആവശ്യമുള്ളതു വാങ്ങുകയും ചെയ്യാം. എത്ര നല്ല സൌകര്യമാണിതു്! പക്ഷേ, ഒരു തകരാറുണ്ടു്. ഒന്നാമത്തെ ഘട്ടത്തിന്നുശേഷം, അതായതു് വില്പനയ്ക്കുശേഷം, ചരക്കുടമസ്ഥൻ തനിയ്ക്കു കിട്ടിയ പണം ചെലവിടാതെ സൂക്ഷിച്ചുവെയ്ക്കുകയാണെങ്കിൽ രണ്ടാമത്തെ ഘട്ടത്തിന്നു വിഘ്നംനേരിടും. എന്നുവെച്ചാൽ, മററുള്ളവരുടെ ചരക്കുകൾ വിററഴിയുകയില്ല. ഇതു പല കുഴപ്പങ്ങൾക്കും ഇടവരുത്തിയേയ്ക്കും.

## വിലകളുടെ മാനദണ്ഡം

ചരക്കുകളുടെ മൂല്യങ്ങൾ പണത്തിൻെറ സഹായത്തോടുകൂടിയാണു് അളക്കപ്പെടുന്നതു്. പണക്കണക്കിലുള്ള മൂല്യമാണു് കമ്പോളത്തിലെ വിലയായി

രൂപാന്തരപ്പെടുന്നതു്. ഓരോ ചരക്കിൻേറയും വില യെന്തെന്നു കണക്കാക്കാനുള്ള ഒരുപകരണമാണു് പണം.

എല്ലാ രാജ്യങ്ങളിലും ഒരേതരത്തിലുള്ള പണമല്ല ഉപയോഗിയ്ക്കപ്പെടുന്നതു്. വ്യത്യസ്തരാജ്യങ്ങളിൽ ഉപയോഗിയ്ക്കപ്പെടുന്ന പണങ്ങൾക്കു് വ്യത്യസ്തമായ രൂപങ്ങളും വ്യത്യസ്തമായ പേരുകളുമുണ്ടായിരിയ്ക്കും. ഇന്ത്യയുടെ പണം ഉറുപ്പികയാണു്. ഉറുപ്പികയാണു് ഇന്ത്യയുടെ അടിസ്ഥാനനാണ്യം. ഒരുറുപ്പിക നൂറു ഭാഗങ്ങളായി വിഭജിയ്ക്കപ്പെട്ടിരിയ്ക്കുന്നു. നൂറു നയാ പൈസ കൂടിയാൽ ഒരുറുപ്പികയായി. അതിനാൽ, ഒരു ചരക്കിൻെറ വില അര ഉറുപ്പികയാണു് എന്നു പറയുന്നതിന്നുപകരം 50 നയാപൈസയാണു് എന്നും പറയാം. ചരക്കിൻെറ വില ഉറുപ്പികക്കണക്കിലോ നയാപൈസയുടെ കണക്കിലോ അളക്കപ്പെടുന്നു. ഇംഗ്ലണ്ടിലെ അടിസ്ഥാനനാണ്യം പവൻസ്റ്റെർലിങ്ങും അമേരിക്കയിലേതു് ഡോളറും സോവിയററ്യൂനിയനിലേതു് റൂബിളും ഫ്രാൻസിലേതു് ഫ്രാങ്കും ആണു്. ഈ നാണ്യങ്ങളും ചെറിയ ചെറിയ അംശങ്ങളായി വിഭജിയ്ക്കപ്പെട്ടിട്ടുണ്ടു്. ഉദാഹരണത്തിന്നു് 20 ഷില്ലിങ്ങ് കൂടിയതാണു് ഒരു പവൻസ്റ്റെർലിങ്ങ്. ഈ വിഭജനംകൊണ്ടു് വിലകളുടെ മാനദണ്ഡമെന്ന പങ്കു് കൂടുതൽ സുഗമമാവുകയാണു് ചെയ്തിട്ടുള്ളതു്. ഒരടി നീളമുള്ള ഫൂട്റൂളിനെ 12 ഇഞ്ചാക്കി ഭാഗിയ്ക്കുന്നതു പോലെയാണു് വിലകളെ അളക്കാനുപയോഗിയ്ക്ക

പ്പെടുന്ന പണത്തെ ചെറിയ ചെറിയ അംശങ്ങളാക്കി ഭാഗിയ്ക്കുന്നതു്. ഒരു നിശ്ചിതതൂക്കമുള്ള സ്വർണ്ണത്തെ, അല്ലെങ്കിൽ വെള്ളിയെ, മാനദണ്ഡമാക്കി അതിൻെറ അടിസ്ഥാനത്തിൽ ഓരോ ചരക്കിൻേറയും മൂല്യത്തെ അളക്കുകയാണു് ചെയ്യുന്നതു്. ഒരൗൺസ് സ്വർണ്ണമാണു് മാനദണ്ഡമെങ്കിൽ അതിനെ ഒരു ഡ്രാം വീതം തൂക്കമുള്ള 16 അംശങ്ങളാക്കി ഭാഗിയ്ക്കാവുന്നതാണല്ലോ. ഈ ചെറിയ അംശങ്ങളുടെ സഹായത്തോടുകൂടിയാണു് വിലകുറഞ്ഞ ചരക്കുകളുടെ വിലകൾ കണക്കാക്കുന്നതു്.

വിലകൾ ഡിമാണ്ടിൻേറയും സപ്ലൈയുടേയും നിയമങ്ങൾക്കു വിധേയമാണെന്നു മുമ്പു വ്യക്തമാക്കിയിട്ടുണ്ടല്ലോ. ഡിമാണ്ടിലോ സപ്ലൈയിലോ ഉണ്ടാകുന്ന മാററങ്ങൾക്കനുസരിച്ച് വിലകളിലും മാററങ്ങളുണ്ടാകും. എത്രത്തോളം മാററമുണ്ടായിട്ടുണ്ടെന്നു് പണത്തിൻെറ സഹായത്തോടുകൂടി അളക്കാം. ഉദാഹരണത്തിന്നു് ഒരിയ്ക്കൽ 10ക. വിലയുള്ള ഒരു ചരക്കിൻെറ വില, ഡിമാണ്ടിലോ സപ്ലൈയിലോ മാററമുണ്ടായതിൻെറ ഫലമായി 8ക. യോ 12ക. യോ ആയിത്തീർന്നെന്നു വരാം. എന്നാൽ, അപ്പോഴും ഉറുപ്പികയുടെ സഹായത്തോടുകൂടിത്തന്നെയാണു് വിലകളെ അളക്കുന്നതു്.

ചിലപ്പോൾ ചരക്കിൻെറ വിലയിൽ മാത്രമല്ല, മാനദണ്ഡത്തിൻെറ വിലയിലും മാററമുണ്ടായേയ്ക്കാം.

ഉദാഹരണത്തിന്ന്, ഒരു നാണ്യത്തിലടങ്ങിയ വെള്ളിയുടെ അംശം കുറച്ചാൽ നാണ്യത്തിൻെറ വില യിടിയും. അതുപോലെത്തന്നെ പണത്തിൻെറ ഡിമാണ്ടിലോ സപ്ലൈയിലോ മാററമുണ്ടായാലും അതിൻെറ വിലയിൽ ഏററക്കുറച്ചിലുണ്ടാവും. വിലകുറഞ്ഞ നാണ്യംകൊണ്ടാണളക്കുന്നതെങ്കിൽ ചരക്കിന്ന് കൂടുതൽ വിലയുണ്ടാവും. 10ക. യുടെ ചരക്കിന്ന് 15ക. വിലയാവും. എന്നാൽ, അപ്പോഴും മാനദണ്ഡമെന്ന നിലയ്ക്കുതന്നെയാണ് പണം ഉപയോഗിയ്ക്കപ്പെടുക.

ഉല്പാദനത്തിൻെറ സാങ്കേതികരീതിയിലോ ചരക്കിൻേറയോ പണത്തിൻേറയോ വിലകളിലോ എന്തൊക്കെത്തന്നെ മാററങ്ങളുണ്ടായാലും ഒരു നിശ്ചിതയളവിലുള്ള ചരക്കിൻെറ വില ഒരു നിശ്ചിതയളവിലുള്ള പണത്തിന്നു സമമായിരിയ്ക്കും. അതിനാൽ ഏതു ചരക്കിൻേറയും വിലയെന്തെന്ന് പണത്തിൻെറ സഹായത്തോടുകൂടി കണക്കാക്കാവുന്നതാണ്.

വിനിമയത്തിൻെറ മദ്ധ്യവർത്തിയെന്ന പങ്കു വഹിയ്ക്കുമ്പോൾ പണത്തിന്ന് ക്ഷണികമായ ഒരു നിലനില്പെങ്കിലും വേണം. കുറച്ചുനേരത്തേയ്ക്കെങ്കിലും അതിൻെറ സാന്നിദ്ധ്യം കൂടിയേകഴിയൂ. എന്നാൽ, ചരക്കുകളുടെ വിലകളെ അളക്കാനുള്ള ഒരുപകരണമെന്നനിലയ്ക്ക് പണത്തിൻെറ സാന്നിദ്ധ്യം കൂടിയേ കഴിയൂ എന്നില്ല. ഒരു ചരക്ക് കൈമാററംചെയ്യപ്പെടുന്നതിന്നുമുമ്പുതന്നെ അതിൻെറ വിലയെന്തെന്നു കണ

ക്കാക്കാമല്ലോ. പീടികയിൽ വില്പനയ്ക്കുവെച്ചിട്ടുള്ള ഏതെങ്കിലും ചരക്കിൻെറ വിലയെന്താണെന്നു് കയ്യിൽ ഒരു നയാപൈസപോലുമില്ലാത്തവക്കും കണക്കാക്കുവാൻ സാധിയ്ക്കും. അതുകൊണ്ടു്, വിലകളുടെ മാനദണ്ഡമെന്ന നിലയ്ക്കു് പണത്തിന്നു് കേവലം സാങ്കേതികമായ സാന്നിദ്ധ്യംമാത്രമുണ്ടായാൽ മതി.

## മൂല്യത്തിൻെറ കലവറ

പണംകൊണ്ടാണു് ചരക്കുകളുടെ മൂല്യങ്ങളെ അളക്കുന്നതു്. ഒരു ചരക്കു വിററുകിട്ടിയ പണത്തിൽ ആ ചരക്കിൻെറ മൂല്യം അടങ്ങിയിരിയ്ക്കുന്നു. വില്ക്കപ്പെട്ട ചരക്കിൻെറ മൂല്യം മാത്രമല്ല, ഭാവിയിൽ വാങ്ങാനുള്ള ചരക്കിൻെറ മൂല്യവും അതേപണത്തിൽ അടങ്ങിയിരിയ്ക്കുന്നുണ്ടു്. ഇങ്ങിനെ പണം മൂല്യങ്ങളുടെ കലവറയാണു് എന്നു പറയാം.

## അടവിൻെറ ഉപകരണം

ഇന്നത്തെ സമുദായത്തിൽ ഓരോ ചരക്കു് വാങ്ങുമ്പോഴും അപ്പപ്പോൾത്തന്നെ അതിൻെറ വില കൊടുത്തു തീൎത്തുകൊള്ളണമെന്നില്ല. ഒരു ചരക്കുല്പാദകൻ ഉല്പാദനം പൂൎത്തിയായതിന്നുശേഷം ചരക്കു കൊടുത്തുകൊള്ളാമെന്ന വ്യവസ്ഥയിൽ തനിയ്ക്കാവശ്യമുള്ള

അസംസ്കൃതസാമഗ്രികളുംമററും മുൻകൂട്ടി വാങ്ങുന്നുവെന്നിരിയ്ക്കട്ടെ. ഇവിടെ വാങ്ങൽ ആദ്യംതന്നെ കഴിഞ്ഞു. പക്ഷേ, വില്പന കഴിഞ്ഞിട്ടില്ല. എന്നല്ല, പണത്തിന്റെ സഹായം കൂടാതെയാണ് വാങ്ങൽ നടന്നതു്. ചരക്കു നിർമ്മിച്ചതിന്നുശേഷമേ വില്പന നടക്കൂ. ചരക്ക് നിർമ്മിച്ചതിന്നുശേഷം അതു് വിററു കിട്ടുന്ന പണംകൊണ്ടു് ഉല്പാദകൻ തന്റെ കടം വീട്ടുന്നു. ഇവിടെ പണം കൈമാററത്തിന്റെ മദ്ധ്യവർത്തിയല്ല, ഇടപാടുകൾ തീർക്കാനുള്ള ഉപകരണമാണ്; അടവിന്നുള്ള ഉപകരണമാണ്.

## ധനസംഭരണത്തിന്റെ ഉപകരണം

ചരക്കു വിററു് പണം വാങ്ങുന്ന ഉൽപ്പാദകൻ ഉടൻതന്നെ ആ പണം കൊടുത്തു് മറെറന്തെങ്കിലും ചരക്ക് വാങ്ങിക്കൊള്ളണമെന്നില്ല. അയാൾ തന്റെ പണം ചെലവിടാതെ സൂക്ഷിച്ചുവെച്ചുവെന്നും വരും. ഇങ്ങിനെ ചരക്കുവില്പനക്കാരൻ പണംസൂക്ഷിപ്പുകാരനായി മാറുന്നു. സൂക്ഷിപ്പുകാരന്റെ കയ്യിലുള്ള പണം കൈമാററത്തിന്റെ മദ്ധ്യവർത്തിയല്ല, സ്വത്തിന്റെ ഉപകരണമാണ്. ഇങ്ങിനെ പണം സംഭരിച്ചുവെയ്ക്കുന്നതു് പിത്തുക്കുകൊണ്ടുമാത്രമായിക്കൊള്ളണമെന്നില്ല. ഒരതിർത്തിവരെ സംഭരിച്ചുകഴിഞ്ഞാൽ അയാൾ അതു് ചിലവിട്ടു് യന്ത്രങ്ങളും അസംസ്കൃത

സാമഗ്രികളും മററും വാങ്ങി തൊഴിലാളികളെ ക്കൊണ്ടു പണിയെടുപ്പിച്ച് കൂടുതൽ ചരക്കുകഠം നിർമ്മിച്ചുവെന്നുവരും. എന്നുവെച്ചാൽ, അയാഠം തൻെറ പണത്തെ മൂലധനമാക്കി മാററുകയും ഉൽപ്പാദനത്തെ കൂടുതൽ വളർത്താൻവേണ്ടി അതിനെ ഉപയോഗിയ്ക്കുകയും ചെയ്യും.

പണം കയ്യിലുള്ളവന് ഉൽപ്പാദനോപകരണങ്ങഠം വിലയ്ക്കുവാങ്ങി ചരക്കുകഠം നിർമ്മിയ്ക്കാൻ മാത്രമല്ല, ഇഷ്ടമുള്ളപ്പോഠം മററുള്ളവർ നിർമ്മിയ്ക്കുന്ന ഏതു ചരക്ക് വേണമെങ്കിലും വാങ്ങാനും കഴിയുന്നു. മറെറാരു വിധം പറഞ്ഞാൽ, കയ്യിലുള്ള പണത്തിൻെറ തോതനുസരിച്ച് സമുദായത്തിലൊട്ടാകെ നിർമ്മിയ്ക്കപ്പെടുന്ന ചരക്കുകളുടെ ഒരു ഭാഗത്തിന്മേൽ അവകാശം നേടാൻ അയാഠംക്കു സാധിയ്ക്കുന്നു. ഇങ്ങിനെ ഇന്നത്തെ സമുദായത്തിൽ പണക്കാരനാണ് സ്വത്തുടമസ്ഥനായി കണക്കാക്കപ്പെടുന്നതു്.

## കടലാസ്സുപണം

നാണ്യങ്ങഠം നിർമ്മിയ്ക്കുക എന്ന ചുമതല ഗവർമ്മെണ്ടുകഠം ഏറെറടുത്തതെങ്ങിനെയെന്നു മുകളിൽ പ്രസ്താവിച്ചുവല്ലോ? എന്നാൽ, ഗവർമ്മെണ്ടിൻെറ ശക്തികൊണ്ടല്ല പണത്തിന്നു വിലയുണ്ടായിത്തീരുന്നതു് എന്നു പ്രത്യേകം എടുത്തുപറയേണ്ടതുണ്ടു്.

രാജാവു് സ്വർണ്ണത്തിന്റേയോ വെള്ളിയുടേയോ നിർമ്മാതാവല്ല; അദ്ദേഹം നാണ്യങ്ങളുടെ പേരുകൾ മാത്രമാണു് നിർമ്മിയ്ക്കുന്നതു്. നാണ്യമാക്കപ്പെടുന്ന ലോഹക്കഷണത്തിന്റെ തൂക്കവും മാററും എത്രയാണെന്നതിന്നു സാക്ഷ്യംവഹിക്കുക മാത്രമാണു് ചെയ്യുന്നതു്. ജനങ്ങൾ ആ നാണ്യം സ്വീകരിക്കുകയും അതിനെ പണമെന്നനിലയ്ക്കുപയോഗിക്കുകയും ചെയ്യുന്നതു് അതിന്റെ പുറത്തു് രാജാവിന്റെ മുദ്രയുണ്ടെന്നുള്ളതു കൊണ്ടല്ല; പിന്നെയോ, അതിലടങ്ങിയ സ്വർണ്ണത്തിന്നു് അല്ലെങ്കിൽ വെള്ളിയ്ക്കു് സ്വന്തമായ മൂല്യമുണ്ടെന്നുള്ളതുകൊണ്ടാണു്; അതു് കൊടുത്താൽ ഇഷ്ടമുള്ള മറേറതെങ്കിലും ചരക്കു വാങ്ങാൻ കഴിയുമെന്ന ഉറപ്പുള്ളതുകൊണ്ടാണു്; അതു് കൈമാററത്തിന്റെ മദ്ധ്യവത്തിയാണെന്നുള്ളതുകൊണ്ടാണു്.

എന്നാൽ, കൈമാററത്തിന്റെ മദ്ധ്യവത്തി എന്ന നിലയ്ക്കു് ക്ഷണികവും താല്ക്കാലികവുമായ ഒരു പങ്കു മാത്രമേ പണം നിർവ്വഹിയ്ക്കുന്നുള്ളു. ചരക്കു് വാങ്ങുന്നവന്റെ കയ്യിൽനിന്നു് വില്ക്കുന്നവന്റെ കയ്യിലേയ്ക്കും അയാളിൽനിന്നു് മറെറാരു ചരക്കുടമസ്ഥന്റെ കയ്യിലേയ്ക്കും അയാളിൽനിന്നു വീണ്ടും വേറൊരാളുടെ കയ്യിലേയ്ക്കും അതു് മാറി മാറി സഞ്ചരിച്ചുകൊണ്ടിരിയ്ക്കുന്നു. പണത്തിന്നു് എന്തു മൂല്യമുണ്ടെന്നല്ല, അതു് കൊടുത്തുകിട്ടുന്ന ചരക്കിന്നു് എന്തു മൂല്യമുണ്ടെന്നു മാത്രമാണു് ഓരോരുത്തനും നോക്കുന്നതു്. ഒരുറുപ്പിക വിലയ്ക്കുള്ള നെല്ലു് വിററു് അത്ര

തന്നെ വിലയ്ക്കുള്ള തുണി വാങ്ങാനാഗ്രഹിയ്ക്കുന്ന ഒരാൾ തന്റെ നെല്ലിന്നുപകരം ഒരുറുപ്പിക വിലപിടിച്ച തുണി കിട്ടുന്നുണ്ടോ എന്നു മാത്രമേ നോക്കുന്നുള്ളു. ഉറുപ്പികയിൽ എത്ര വെള്ളിയടങ്ങിയിട്ടുണ്ടെന്നു പരിശോധിയ്ക്കേണ്ട ആവശ്യം അയാൾക്കില്ല. അൽപ്പസമയത്തേയ്ക്കു മാത്രം അയാളുടെ കയ്യിൽ പെട്ടുപോകുന്ന മദ്ധ്യവർത്തിയായ പണം പൂർണ്ണവിലയുള്ള യഥാർത്ഥനാണ്യമായാലും പൂർണ്ണവിലയില്ലാത്ത സംജ്ഞാനാണ്യങ്ങ (ടോക്കൻ നാണ്യങ്ങ) ളായാലും അയാൾക്കൊരുപോലെയാണ്. മറെറാരുവിധം പറഞ്ഞാൽ, യഥാർത്ഥമായ പണത്തിന്നുപകരം അതിന്റെ പ്രതിനിധിയായ സംജ്ഞാനാണ്യങ്ങളോ കടലാസ്സുനോട്ടുകളോ ആയാലും അതു് കൈമാററത്തിന്റെ മദ്ധ്യവർത്തിയായി പ്രവർത്തിച്ചുകൊള്ളും.

അങ്ങിനെതന്നെയാണുണ്ടായതും. കൈമാററത്തിന്റെ വളർച്ചയോടൊപ്പം പണത്തിന്റെ പ്രാധാന്യവും ഉപയോഗവും വർദ്ധിച്ചപ്പോൾ സംജ്ഞാനാണ്യങ്ങളും കടലാസ്സുനോട്ടുകളും ചെക്കുകളും മററും കൈമാററത്തിന്റെ മദ്ധ്യവർത്തി എന്ന നിലയ്ക്കു് ഉപയോഗിയ്ക്കപ്പെടാൻ തുടങ്ങി. എന്നല്ല, ക്രമത്തിൽ കൈമാററത്തിന്റെ മദ്ധ്യവർത്തി എന്ന നിലയ്ക്കു് എന്തുപയോഗിയ്ക്കപ്പെടുന്നുവോ അതാണ് പണമെന്നു വന്നു.

നാണ്യത്തിന്റെ യഥാർത്ഥവില അതിന്റെ മുഖവിലയേക്കാൾ കുറവായിരിയ്ക്കും. ഉദാഹരണത്തിന്നു

16 അണയുടെ നിക്കൽ തുട്ടുകൾ വിററാൽ ഒരുറുപ്പിക വില കിട്ടുകയില്ല. 100 നയാപൈസ ചെമ്പിൻകഷ്ണങ്ങളെന്നനിലയ്ക്കു് ഒരുറുപ്പികയേക്കാൾ കുറവായിരിയ്ക്കും. എന്നിട്ടും അണയും നയാപൈസയും കൈമാററത്തിൻെറ മദ്ധ്യവർത്തി എന്ന നിലയ്ക്കു പ്രചരിയ്ക്കുന്നു. ഒരണ ഉറുപ്പികയുടെ 16ൽ ഒന്നായി അംഗീകരിയ്ക്കപ്പെടുന്നു. സ്വന്തമായി വില ഇല്ലെങ്കിലും ഉറുപ്പികയുടെ ഔദ്യോഗികപ്രതിനിധികളെന്നനിലയ്ക്കു അവയ്ക്കു പ്രചാരം ലഭിയ്ക്കുന്നു. ഇങ്ങിനെ സ്വന്തമായ വിലയില്ലാത്തവയും അതേസമയത്തുതന്നെ യഥാർത്ഥമായ പണത്തെ പ്രതിനിധീകരിയ്ക്കുന്നവയുമായ നാണ്യങ്ങൾക്കാണു് സംജ്ഞാനാണ്യങ്ങൾ അല്ലെങ്കിൽ ടോക്കൻനാണ്യങ്ങൾ എന്നു പറയുന്നതു്.

ഇതുതന്നെയാണു് നോട്ടുകളുടെ കാര്യവും. പണം അടച്ചുകൊള്ളാമെന്ന ഒരു വാഗ്ദാനപത്രം മാത്രമാണു് നോട്ടു്. നോട്ടുകൾ കൊണ്ടുനടക്കാനും സൂക്ഷിയ്ക്കാനും കൂടുതൽ എളുപ്പമാണു്. വലിയ വലിയ കൊള്ളക്കൊടുക്കകൾക്കുവേണ്ടി പൂർണ്ണമൂല്യമുള്ള സ്വർണ്ണനാണ്യങ്ങളോ വെള്ളിനാണ്യങ്ങളോ ഏററിക്കൊണ്ടു നടക്കുക വിഷമംപിടിച്ച പണിയാണു്. ഈ വിഷമസ്ഥിതിയിൽനിന്നുള്ള പരിഹാരമെന്നനിലയ്ക്കാണു് കടലാസ്സുനോട്ടുകൾ ആവിർഭവിച്ചതു്.

ആദ്യമായി നോട്ടുകൾ സൃഷ്ടിച്ചതു് ഇംഗ്ലണ്ടിലെ തട്ടാന്മാരാണത്രെ. അവർ നാട്ടുകാരിൽനിന്നു്

സ്വർണ്ണം വാങ്ങി സൂക്ഷിയ്ക്കുകയും ആവശ്യമുള്ള പ്പോൾ മടക്കിക്കൊടുക്കാമെന്ന കരാറിന്മേൽ സ്വർണ്ണത്തിൻെറ ഉടമസ്ഥന്മാൎക്കു് രശീതികൾ കൊടുക്കുകയും പതിവായിരുന്നു. ഈ രശീതികൾ തട്ടാന്നു മടക്കിക്കൊടുത്താൽ എപ്പോൾവേണമെങ്കിലും സ്വർണ്ണം കിട്ടും. അതുകൊണ്ടവ കൈമാററത്തിൻെറ മദ്ധ്യവൎത്തികളെന്നനിലയ്ക്കു് പ്രചരിയ്ക്കാൻ തുടങ്ങി. അവ വെറം വാഗ്ദാനപത്രങ്ങളായിരുന്നു. തട്ടാൻെറ വീട്ടിൽ ഭദ്രമായി സൂക്ഷിച്ചുവെയ്ക്കപ്പെട്ടിട്ടുള്ള പണത്തിൻെറ പ്രതിനിധികൾ മാത്രമായിരുന്നു. പിന്നീടു് കച്ചവടം കൂടുതൽ വളർന്നപ്പോൾ നോട്ടടിയ്ക്കുന്ന ചുമതല ബാങ്കുകൾ ഏറെറടുത്തു. അവസാനം ഗവമ്മെണ്ടുകൾ തന്നെ നോട്ടടിച്ചിറക്കാൻ തുടങ്ങി. ഇന്ത്യയിൽ റിസർവ്വ്ബാങ്കാണു് നോട്ടുകളടിയ്ക്കുന്നതു്.

നോട്ടുകൾക്കു് കടലാസ്സുകഷണങ്ങളെന്നനിലയ്ക്കു പറയത്തക്ക യാതൊരു വിലയുമില്ല. എന്നിട്ടും പണമെന്നനിലയ്ക്കു് അവ പ്രചരിയ്ക്കുന്നു. എന്തുകൊണ്ടു്.? യഥാൎത്ഥത്തിൽ പണമായതുകൊണ്ടല്ല, പണത്തെ പ്രതിനിധീകരിയ്ക്കുന്നുവെന്നതുകൊണ്ടു്. സ്വർണ്ണനാണ്യങ്ങളോ വെള്ളിനാണ്യങ്ങളോ വാങ്ങാനുള്ള അധികാരപത്രങ്ങളാണവ. അതുകൊണ്ടാണവയ്ക്കു വിലയുള്ളതു്. അവ കൊടുത്താൽ ആവശ്യമുള്ള ചരക്കുകൾ കിട്ടുകയില്ലെങ്കിൽ അവയെക്കൊണ്ടു യാതൊരുപ്രയോജനവുമില്ലാതാവും. അവ കൊടുത്താൽ ആവശ്യമായ ചരക്കുകളോ യഥാൎത്ഥമായ പണംതന്നേയോ ലഭിയ്ക്കു

മെന്നുറപ്പുള്ളതുകൊണ്ടാണ് അവ പണമായി കണക്കാക്കപ്പെടുന്നതു്. റിസർവ്വ്ബാങ്കിൻെറ ഏതെങ്കിലും ഒരു നോട്ടു്, ഉദാഹരണത്തിന്നു 10ക. യുടെ ഒരു നോട്ടു് എടുത്തു പരിശോധിച്ചു നോക്കുക. അതിന്മേൽ "I Promise to Pay the Bearer on Demand the Sum of Rs. 10 at any Office of Issue" (ഏതെങ്കിലും ഇഷ്യൂ ആഫീസിൽ ഇതു കൊണ്ടുവന്നു തരുന്നവന്നു് പത്തുറുപ്പിക കൊടുത്തു കൊള്ളാമെന്നു് ഞാൻ വാഗ്ദാനംചെയ്യുന്നു) എന്നെഴുതിയിട്ടുണ്ടാവും. ചുവട്ടിൽ റിസർവ്വ്ബാങ്ക് ഗവർണ്ണരുടെ ഒപ്പുമുണ്ടായിരിയ്ക്കും. അഞ്ചുറുപ്പികയുടെ നോട്ടാണെങ്കിൽ അതു് കൊണ്ടുവന്നുതരുന്നവന്നു് അഞ്ചുറുപ്പിക കൊടുത്തുകൊള്ളാമെന്ന പ്രതിജ്ഞ കാണാം. റിസർവ്വ്ബാങ്കിൻെറ ഈ പ്രതിജ്ഞയിൽ വിശ്വാസമുള്ളതുകൊണ്ടു്, നോട്ടുകൊടുത്താൽ അതിൻെറ മുഖവിലയിൽ കാണിയ്ക്കുന്നത്ര വിലയ്ക്കുള്ള ചരക്കുകൾ കിട്ടുമെന്നുറപ്പുള്ളതുകൊണ്ടു് അതു് പണമെന്നനിലയ്ക്കു സ്വീകരിയ്ക്കുവാൻ ആളുകൾ മടിയ്ക്കുന്നില്ല.

കൈമാററത്തിന്നു് നാണ്യങ്ങളോ നോട്ടുകളോ തന്നെ വേണമെന്നില്ല. ചെക്കുകൾ, എക്സ്ചേഞ്ച് ബില്ലുകൾ മുതലായവയും പണമെന്നനിലയ്ക്കു പ്രചരിയ്ക്കാറുണ്ടു്. ബാങ്കിൽ പണം നിക്ഷേപിച്ചിട്ടുള്ള ഒരാൾ ഇന്ന ആൾക്ക് ഇത്ര പണം കൊടുക്കണമെന്നു് തൻെറ ബാങ്കിനോടു് ആവശ്യപ്പെടുന്ന ഒരു രേഖയാണു് ചെക്കു്. ആ ചെക്ക് ബാങ്കിലടച്ചാൽ പണം കിട്ടുമെന്നുറപ്പുള്ളതുകൊണ്ടു് അതു് പണമെന്നനിലയ്ക്കു

തന്നെ സ്വീകരിയ്ക്കപ്പെടുന്നു. ആധുനികകാലത്തു് വലിയ വലിയ അടവുകൾക്കെല്ലാം നാണ്യങ്ങളല്ല നോട്ടുകളോ ചെക്കുകളോ ആണു് ഉപയോഗിയ്ക്കപ്പെടുന്നതു്. ചെറിയ ചെറിയ അടവുകൾക്ക മാത്രമേ നാണ്യങ്ങൾ ഉപയോഗിയ്ക്കപ്പെടുന്നുള്ളു.

ഇങ്ങിനെ നാണ്യങ്ങൾ, ചെക്കുകൾ, നോട്ടുകൾ, എക്സ്ചേഞ്ചു് ബില്ലുകൾ മുതലായവയെല്ലാം കൈമാററത്തിൻെറ മദ്ധ്യവത്തികളായി അംഗീകരിയ്ക്കപ്പെട്ടിരിയ്ക്കുന്നു. എന്നാൽ, അവ പണമായിത്തീരുന്നതു് അവയുടെ സഹജമായ ഗുണവിശേഷങ്ങൾകൊണ്ടല്ല; പിന്നെയോ അവ യഥാർത്ഥമായ പണത്തിൻെറ അല്ലെങ്കിൽ യഥാർത്ഥമായ മൂല്യങ്ങളുടെ പ്രതിനിധികളാണെന്നുള്ളതുകൊണ്ടാണു്. നാണ്യവ്യവസ്ഥയുടെ അടിസ്ഥാനമായ യഥാത്ഥപണത്തിന്നുടവുതട്ടുകയോ ബാങ്കുകൾ പൊളിയുകയോ ചെയ്താൽ അവയ്ക്കു പിന്നെ യാതൊരു വിലയുമില്ലാതാവും. അവ കൈമാറിയാൽ യഥാർത്ഥമൂല്യമുള്ള ചരക്കുകൾ കിട്ടുമെന്ന വിശ്വാസം നിലനില്ക്കുന്നേടത്തോളം മാത്രമേ അവ പണമെന്നനിലയ്ക്കു പ്രചരിയ്ക്കുകയുള്ളു.

## പണത്തിൻെറ
## പരിമാണസിദ്ധാന്തം

നാണ്യം, നോട്ടു് തുടങ്ങിയ വിവിധരൂപങ്ങളിലായി സമുദായത്തിൽ ഒട്ടാകെ പ്രചരിയ്ക്കുന്ന പണ

മെത്രയാണെന്നു കണക്കാക്കാൻ കഴിയും. പണത്തിന്റെ ഈ ആകത്തുക എല്ലായ്പോഴും കൊള്ളക്കൊടുക്കകളുടെ ആവശ്യങ്ങളുമായി പൊരുത്തപ്പെട്ടുകൊള്ളണമെന്നില്ല. ചിലപ്പോൾ അതു് ആവശ്യത്തേക്കാൾ കൂടുതലായെന്നും മററുചിലപ്പോൾ കുറവായെന്നും വരാം. ശരിയ്ക്കാവശ്യമായ പണത്തിന്റെ തുക കൊള്ളക്കൊടുക്കകൾക്കു് ഒട്ടാകെയുള്ള ചരക്കുകളുടെ മൂല്യങ്ങളെ ആശ്രയിച്ചിരിയ്ക്കും. ആവശ്യത്തിൽ കൂടുതൽ പണം പ്രചരിച്ചാൽ ചരക്കുകളുടെ വില വർദ്ധിയ്ക്കുകയും ആവശ്യത്തിൽ കുറഞ്ഞ പണമേയുള്ളുവെങ്കിൽ ചരക്കുകളുടെ വില കുറയുകയുംചെയ്യും. എന്നുവെച്ചാൽ, പണത്തിന്റെ ഓരോ യൂണിററിന്നും കിട്ടുന്ന ചരക്കുകളുടെ തുകയിൽ ഏററക്കുറച്ചിലുണ്ടാവും. ചരക്കുകൾ വാങ്ങാനുള്ള പണത്തിന്റെ കഴിവിൽ മാററമുണ്ടാകുന്നുവെന്നർത്ഥം. ചരക്കുകൾ വാങ്ങാനുള്ള ഈ കഴിവിന്നാണു് പണത്തിന്റെ വില എന്നു പറയുന്നതു്. പണം ആവശ്യത്തിൽ കൂടുതലായാൽ അതിന്റെ ഓരോ യൂണിററിന്നും കിട്ടുന്ന ചരക്കുകളുടെ തുക കുറയും. മറെറാരുവിധം പറഞ്ഞാൽ, പണത്തിന്റെ വിലയിടിയും. പണത്തിന്റെ തുകയാണു് ചരക്കുകളുടെ വിലകളെ നിർണ്ണയിയ്ക്കുന്നതു്. ഈ തത്വത്തിന്നു് പണത്തിന്റെ പരിമാണസിദ്ധാന്തം' എന്നു പറയുന്നു. സമുദായത്തിൽ ആകെ നൂറു ചരക്കുകളും കൈമാററത്തിന്റെ മദ്ധ്യവർത്തി എന്ന നിലയ്ക്കു് പണത്തിന്റെ ആയിരം യൂണിററുകളുമുണ്ടെങ്കിൽ ഒരു ചരക്കു് ശരാശരി പത്തു യൂണിററുകൾക്കു കൈമാറുന്ന

തായിരിയ്ക്കുമെന്നാണ് ഈ സിദ്ധാന്തം പറയുന്നത്. ഈ സിദ്ധാന്തം മൂന്ന് ഉപാധികളെ ആശ്രയിച്ചിരിയ്ക്കുന്നു. (1) ചരക്കുകളുടെ എല്ലാ കൈമാററങ്ങളും പണത്തിൻെറ അടിസ്ഥാനത്തിലായിരിയ്ക്കണം. (2) കൈമാററത്തിൻെറ മദ്ധ്യവർത്തി എന്ന നിലയ്ക്കല്ലാതെ മറെറാരുതരത്തിലും പണം ഉപയോഗിയ്ക്കപ്പെടരുത്. (3) എല്ലാ പണവും പ്രചരിയ്ക്കുകയും എല്ലാ ചരക്കുകളും വില്പനയ്ക്കുവെക്കുകയും ചെയ്യണം.

പക്ഷേ, യഥാർത്ഥ ലോകത്തിൽ ഇത്തരം ഉപാധികൾ പ്രായോഗികമല്ല. അത്ര ലളിതവും സുഗമവുമായിട്ടല്ല കൈമാററങ്ങൾ നടക്കുന്നത്. അതുകൊണ്ട് പണത്തിൻെറ ഈ പരിമാണസിദ്ധാന്തത്തെ യഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടുന്നതരത്തിൽ പരിഷ്കരിക്കേണ്ടതുണ്ട്.

ഒന്നാമത്, സമുദായത്തിൽ അടിച്ചിറക്കപ്പെട്ടിട്ടുള്ള മുഴുവൻ പണവും ചരക്കുകളുടെ കൈമാററങ്ങളുടെ മദ്ധ്യവർത്തി എന്ന നിലയ്ക്കു പ്രവർത്തിക്കുന്നില്ല. ചിലർ പണം സൂക്ഷിച്ചുവെയ്ക്കും. മററു ചിലർ അതു പണ്ടമായോ അലങ്കാരസാധനമായോ ഉപയോഗിയ്ക്കും. അത്തരം പണങ്ങൾ ചരക്കുകളുടെ വിലകളിൽ യാതൊരു സ്വാധീനവും ചെലുത്തുകയില്ല. അതുകൊണ്ട് കൈമാററത്തിന്നുവേണ്ടി ഉപയോഗിയ്ക്കപ്പെടുന്ന പണത്തിൻെറ തുക മാത്രമേ ഇവിടെ കണക്കിലെടുക്കേണ്ടതുള്ളു.

രണ്ടാമതു്, എല്ലാ കൊള്ളക്കൊടുക്കകൾക്കും പണം അപ്പോൾത്തന്നെ ആവശ്യമായെന്നുവരില്ല. പലപ്പോഴും പിന്നീടു് പണമടയ്ക്കാമെന്ന വ്യവസ്ഥയിന്മേൽ കൈമാററങ്ങൾ നടത്താറുണ്ടു്. കടമായി കൊടുക്കുന്ന ചരക്കിൻെറ കൈമാററത്തിന്നു് പണത്തിൻെറ ആവശ്യമില്ല. എന്നാൽ, നിശ്ചിതമായ അവധിയവസാനിച്ചാൽ കടം വീട്ടേണ്ടിവരും. അപ്പോൾ പണത്തിൻെറ ആവശ്യം നേരിടുകയും ചെയ്യും. അതുകൊണ്ടു് ഓരോ സന്ദർഭത്തിലും ചരക്കുകളുടെ കൈമാററങ്ങൾക്കു് ഒട്ടാകെയാവശ്യമായ പണത്തിൻെറ തുക കണക്കാക്കുമ്പോൾ കടമായി കൊടുക്കുന്ന ചരക്കുകൾക്കു വേണ്ട പണം കിഴിയ്ക്കുകയും കടം വീട്ടാൻ വേണ്ടിവരുന്ന പണത്തിൻെറ തുക കൂട്ടുകയും ചെയ്യേണ്ടിവരും.

മൂന്നാമതു്, മറെറാരു പ്രശ്നംകൂടിയുണ്ടു്. ഓരോന്നിന്നും ശരാശരി 10ക. വീതം വിലയുള്ള 100 ചരക്കുകളുടെ കൈമാററത്തിന്നു് 1000ക. വേണ്ടിവരില്ല. ഒട്ടാകെ 1000ക. യുടെ കൊള്ളക്കൊടുക്കകൾ നടക്കുമെന്നതു ശരിതന്നെ. പക്ഷേ, 1000ക. വിലപിടിച്ച ചരക്കുകളുടെ കൊള്ളക്കൊടുക്കയ്ക്കു് 1000ക. യുടെ ആവശ്യമില്ല. എന്തുകൊണ്ടെന്നാൽ, ഒരേ ഉറുപ്പിക തന്നെ ഒന്നിലധികം പ്രാവശ്യം കൈമാററത്തിൻെറ മദ്ധ്യവർത്തി എന്ന നിലയ്ക്കുപയോഗിയ്ക്കപ്പെട്ടുവെന്നുവരും. ഉദാഹരണത്തിന്നു്, ഒരു നെല്ലുടമസ്ഥൻ ഒരു ഉറുപ്പികയ്ക്കു് നെല്ലു് വില്ക്കുന്നുവെന്നു വിചാരിയ്ക്കുക.

നെല്ല് വിററുകിട്ടുന്ന ഉറുപ്പികകൊണ്ടു് അയാഠം തുണി വാങ്ങുന്നു. ഇങ്ങിനെ നെല്ലു വിററുകിട്ടിയ ഉറുപ്പികതന്നെയാണു് തുണിയുടെ കൈമാററത്തിന്നുപയോഗിയ്ക്കുന്നതു്. തുണി വില്ക്കുന്നവൻ അതേ ഉറുപ്പികകൊണ്ടു് പുസ്തകം വാങ്ങുന്നു. പുസ്തകവ്യാപാരി അതേ ഉറുപ്പികകൊണ്ടു് കടലാസ്സു് വാങ്ങുന്നു. ഇപ്രകാരം ഒരേ ഉറുപ്പികതന്നെ നാലുതരം കൈമാററങ്ങളുടെ മദ്ധ്യവത്തിയായിത്തീരുന്നു. ഇങ്ങിനെ ഒരുറുപ്പിക ശരാശരി നാലുറുപ്പിക വിലപിടിച്ച ചരക്കുകളുടെ കൈമാററങ്ങഠംക്കുപയോഗിയ്ക്കപ്പെടുന്നുവെങ്കിൽ 1000ക. വിലപിടിച്ച 100 ചരക്കുകളുടെ കൈമാററത്തിന്നു് 1000ക യുടെ നാലിലൊന്നു്, അതായതു്, 250ക. മതിയാവും. അതുകൊണ്ടു് ചരക്കുകളുടെ കൈമാററത്തിന്നു് ഒട്ടാകെയാവശ്യമായ പണത്തിൻെറ തുക കണക്കാക്കുമ്പോഠം പണത്തിൻെറ ഓരോ യൂണിററിൻേറയും പ്രചാരത്തിൻെറ ഗതിവേഗംകൂടി കണക്കിലെടുക്കേണ്ടതുണ്ടു്. പണത്തിൻെറ സഞ്ചാരത്തിന്നുവേഗത കൂടുംതോറും അതിന്നു കൂടുതൽ കൂടുതൽ ചരക്കുകളുടെ കൊള്ളക്കൊടുക്കകളെ സഹായിയ്ക്കാൻ സാധിയ്ക്കും. നേരെമറിച്ചു്, ഗതിവേഗം കുറവാണെങ്കിൽ കൂടുതൽ പണമാവശ്യമായിത്തീരും.

ചുരുക്കിപ്പറഞ്ഞാൽ, ഒരു പ്രത്യേകഘട്ടത്തിൽ സമുദായത്തിലെ കൊള്ളക്കൊടുക്കകഠംക്കു് ഒട്ടാകെയാവശ്യമായിവരുന്ന പണത്തിൻെറ തുക കണക്കാക്കുമ്പോഠം ചരക്കുകളുടെ മൊത്തം വിലകളെ കണക്കി

ലെടുത്താൽപോരാ. ഏതെല്ലാം കൈമാററങ്ങൾകൊണ്ട് പണം ഉപയോഗിയ്ക്കപ്പെടുന്നതു് എന്നുകൂടി നോക്കണം. പണത്തിന്റെ സഹായത്തോടുകൂടി നടക്കുന്ന എല്ലാത്തരം ഇടപാടുകളേയും കണക്കിലെടുത്താൽ മാത്രം പോരാ, പണത്തിന്റെ ഗതിവേഗത്തെക്കൂടി കണക്കിലെടുക്കണം.

കൊള്ളക്കൊടുക്കകളും സാമൂഹ്യമായ മററിടപാടുകളും വർദ്ധിയ്ക്കുമ്പോൾ പണത്തിന്റെ ഡിമാണ്ടും വർദ്ധിയ്ക്കുന്നു. പണത്തിന്റെ സപ്ലൈ ഡിമാണ്ടിനേക്കാൾ അധികമായാൽ അതിന്റെ വില കുറയുകയും സപ്ലൈ കുറഞ്ഞാൽ വില വർദ്ധിയ്ക്കുകയും ചെയ്യും. പണം ചരക്കുകളുടെ വിലകളെ അളക്കാനുള്ള ഒരു മാനദണ്ഡമാണല്ലോ. മാനദണ്ഡം വലുതാകുകയോ ചെറുതാകുകയോ ചെയ്യുന്നതിന്നനുസരിച്ച് അതുകൊണ്ടളക്കപ്പെടുന്ന ചരക്കുകളുടെ വിലകളിലും മാററമുണ്ടാവും. പണത്തിന്റെ വില വർദ്ധിച്ചാൽ ചരക്കുകളുടെ വില കുറയും. എന്തുകൊണ്ടെന്നാൽ, കൂടുതൽ വിലയുള്ള ഉറുപ്പികകൊണ്ടു് കൂടുതൽ ചരക്കുകൾ വാങ്ങാം. അതുപോലെ ഉറുപ്പികയുടെ വിലയിടിഞ്ഞാൽ ചരക്കിന്റെ വില വർദ്ധിയ്ക്കും. ചരക്കു വാങ്ങാൻ കൂടുതൽ പണം കൊടുക്കേണ്ടിവരുമെന്നർത്ഥം. ചരക്കുകളുടെ വില വർദ്ധിയ്ക്കുമ്പോൾ പണത്തിന്റെ ക്രയശക്തി കുറഞ്ഞുവെന്നും ചരക്കുകളുടെ വില കുറയുമ്പോൾ പണത്തിന്റെ ക്രയശക്തി വർദ്ധിച്ചുവെന്നും പറയുന്നു. ഇങ്ങിനെ ചരക്കുകളുടെ വിലകളുടെ

പൊതുനിലവാരത്തിലുണ്ടാകുന്ന മാററങ്ങൾ പരിശോധിച്ചുകൊണ്ടു് പണത്തിൻെറ ക്രയശക്തി വർദ്ധിയ്ക്കുന്നുണ്ടോ കുറയുന്നുണ്ടോ എന്നു മനസ്സിലാക്കാൻകഴിയും. വിലകളുടെ പൊതുനിലവാരത്തെ അളക്കാനുള്ള ഒരുപകരണമാണു് സൂചകസംഖ്യ അല്ലെങ്കിൽ ഇൻഡെക്സ് നമ്പർ. രണ്ടു വ്യത്യസ്ത തീയതികൾക്കിടയിൽ ഒരു ചരക്കിൻെറ വില — അല്ലെങ്കിൽ നിത്യോപയോഗത്തിനുള്ള ഏതാനും ചരക്കുകളുടെ കൂട്ടായ വില — എത്രകണ്ടു് മാറിയിരിയ്ക്കുന്നു എന്നാണു് സൂചകസംഖ്യയുടെ പോയിൻറുകൾ ചൂണ്ടിക്കാണിയ്ക്കുന്നതു്. ഏതെങ്കിലുമൊരു കൊല്ലത്തിൽ ഉദാഹരണത്തിനു് 1950-ൽ ചരക്കുകളുടെ കൂട്ടായ വില 100 ആണെന്നും, മറെറാരുകൊല്ലത്തിൽ ഉദാഹരണത്തിനു 1958-ൽ 200 ആണെന്നും വിചാരിക്കുക. എന്നാൽ 8 കൊല്ലംകൊണ്ടു സൂചകസംഖ്യയിൽ 100 പോയിൻറ് വർദ്ധനവുണ്ടായി എന്നു പറയുന്നു. ഇതിൻെറ അർത്ഥം 1950-ൽ ആ ചരക്കുകൾ വാങ്ങാൻ വേണ്ടിവന്നതിൻെറ ഇരട്ടിപണം 1958-ൽ വേണ്ടിവരുമെന്നാണു്. മററു വാക്കുകളിൽ പറഞ്ഞാൽ, പണത്തിൻെറ ക്രയശക്തി, അല്ലെങ്കിൽ പണത്തിൻെറ വില, പകുതിയായി കുറഞ്ഞിരിയ്ക്കുന്നു.

അപ്പോൾ, ചരക്കിൻെറ വിലയിൽ രണ്ടുതരത്തിൽ മാററങ്ങളുണ്ടാവാം. ഒന്നു്, ചരക്കിനെ സംബന്ധിക്കുന്ന മാററങ്ങൾ, ചരക്കിൻെറ ഉല്പാദനസമ്പ്രദായത്തിലോ ഡിമാണ്ടു്, സപ്ലൈ എന്നിവയിലോ

മാററങ്ങളുണ്ടായാൽ ചരക്കിന്റെ വിലയിലും മാററമുണ്ടാവും. രണ്ട്, പണത്തെസംബന്ധിക്കുന്ന മാററങ്ങൾ. പണത്തിന്റെ ഗതിവേഗത്തിലോ സപ്ലൈ, ഡിമാണ്ട് എന്നിവയിലോ മാററമുണ്ടായാലും ചരക്കിന്റെ വിലയിൽ മാററമുണ്ടാവും. താഴെ കൊടുക്കുന്ന നിയമങ്ങൾ പണവും ചരക്കിന്റെ വിലയും തമ്മിലുള്ള ബന്ധത്തെ വെളിപ്പെടുത്തുന്നു.

1. ചരക്കുകളുടെ തുകയിലും പണത്തിന്റെ ഗതിവേഗത്തിലും മാററമില്ലാതിരിയ്ക്കേ, പണത്തിന്റെ തുകമാത്രം വർദ്ധിച്ചാൽ ചരക്കുകളുടെ വിലകൾ വർദ്ധിയ്ക്കും. നേരെമറിച്ച്, പണത്തിന്റെ തുക കുറഞ്ഞാൽ വിലകളുടെ നിലവാരം താഴുകയും ചെയ്യും.

2. പണത്തിന്റെ സപ്ലൈയിലും ഗതിവേഗത്തിലും മാററമില്ലാതിരിയ്ക്കേ, പണത്തിന്റെ ഡിമാണ്ട് മാത്രം വർദ്ധിച്ചാൽ, അതായത്് സമുദായത്തിലെ കൊള്ളക്കൊടുക്കകളും മററിടപാടുകളും വർദ്ധിച്ചാൽ, ചരക്കുകളുടെ വിലകൾ കുറയും. നേരെമറിച്ച്, പണത്തിന്റെ ഡിമാണ്ട് കുറഞ്ഞാൽ വിലകളുടെ നിലവാരം ഉയരുകയും ചെയ്യും.

3. കൊള്ളക്കൊടുക്കകളുടേയും, ഇടപാടുകളുടേയും തുകയിലും പണത്തിന്റെ ഗതിവേഗത്തിലും മാററമില്ലാതിരിയ്ക്കേ, പണത്തിന്റെ സപ്ലൈ വർദ്ധിച്ചാൽ പണത്തിന്റെ വിലയിടിയും. നേരെമറിച്ച്,

സപ്ലൈ ചുരുങ്ങിയാൽ പണത്തിന്റെ വില കൂടുകയും ചെയ്യും.

4. കൊള്ളക്കൊടുക്കകളുടേയും ഇടപാടുകളുടേയും തുകയിലും പണത്തിന്റെ സപ്ലൈയിലും മാററമില്ലാതിരിയ്ക്കെ, പണത്തിന്റെ ഗതിവേഗം വർദ്ധിച്ചാൽ ചരക്കുകളുടെ വില കയറും. നേരെമറിച്ച്, ഗതിവേഗം കുറഞ്ഞാൽ ചരക്കുകളുടെ വിലകൾ ഇടിയുകയും ചെയ്യും.

Inflation & Deflation

### ഇൻഫ്ളേഷനും

പണപ്പെരുപ്പവും വിലയിടിവും. 

### ഡിഫ്ളേഷനും

പണത്തിന്റെ സപ്ലൈ വർദ്ധിച്ചാൽ ജനങ്ങളുടെ കയ്യിൽ കൂടുതൽ പണമുണ്ടാവാൻ തുടങ്ങും. കയ്യിൽ കിട്ടുന്ന പണം സംഭരിച്ചുവെയ്ക്കുകയോ ചരക്കുകൾ വാങ്ങാൻവേണ്ടി ചിലവിടുകയോ ചെയ്യാം. ചിലവിടുകയാണെങ്കിൽ ചരക്കുകളുടെ ഡിമാണ്ട് വർദ്ധിയ്ക്കുന്ന തോതനുസരിച്ച് അവയുടെ സപ്ലൈയും വർദ്ധിച്ചില്ലെങ്കിൽ വില കയറാൻ തുടങ്ങും.

ചരക്കുകളുടെ വിലകൾ ഗണ്യമായ തോതിൽ വർദ്ധിക്കത്തക്കവണ്ണം പണത്തിന്റെ സപ്ലൈ കൂടുതലാകുമ്പോൾ ഉണ്ടാകുന്ന സ്ഥിതിവിശേഷത്തിന് "പണപ്പെരുപ്പം" അല്ലെങ്കിൽ ഇൻഫ്ളേഷൻ എന്നു പറയുന്നു. നേരെമറിച്ച്, ചരക്കുകളുടെ വിലകളിൽ

ഗണ്യമായ കുറവുണ്ടാകത്തക്കവണ്ണം പണത്തിന്റെ സപ്ലൈ കുറയുമ്പോൾ അതിന്നു് "സങ്കോചനം" അല്ലെങ്കിൽ ഡിഫ്ളേഷൻ എന്നു പറയുന്നു.

കൂടുതൽ പണം പ്രചരിയ്ക്കുന്നുവെന്നുള്ളതുകൊണ്ടു മാത്രം ഇൻഫ്ളേഷനുണ്ടാകുകയില്ല. വ്യവസായവും കച്ചവടവും അഭിവൃദ്ധിപ്പെടുന്ന ഘട്ടങ്ങളിൽ സ്വാഭാവികമായും പണത്തിന്നു കൂടുതൽ ഡിമാണ്ടുണ്ടാവും. ചരക്കുകളുടെ സപ്ലൈ വർദ്ധിക്കുമ്പോൾ അവയുടെ കൊള്ളക്കൊടുക്കകൾക്കു് കൂടുതൽ പണമാവശ്യമായിവരും. അത്തരം ഘട്ടങ്ങളിൽ പണമടിച്ചിറക്കിയാലും ഇൻഫ്ളേഷനുണ്ടാവില്ല. ഡിമാണ്ടിലും കവിഞ്ഞു പണം പ്രചരിയ്ക്കുമ്പോളാണു് ഇൻഫ്ളേഷനുണ്ടാകുന്നതു്.

നികുതികൾ, കടമെടുപ്പുകൾ, ചെറുകിട സമ്പാദ്യപദ്ധതികൾ തുടങ്ങിയ വരവിനങ്ങൾകൊണ്ടു മാത്രം ചിലവു നികത്താൻ കഴിയാത്ത സന്ദർഭങ്ങളിലാണു് സാധാരണയായി ഗവമ്മെണ്ടുകൾ പണപ്പെരുപ്പത്തെ ആശ്രയിക്കുന്നതു്. യുദ്ധകാലങ്ങളിലാണു് പ്രധാനമായും ഇത്തരം സന്ദർഭങ്ങളേർപ്പെടുന്നതു്. രണ്ടാം ലോകമഹായുദ്ധകാലത്തു് ഇന്ത്യാഗവമ്മെണ്ടു് ഇത്തരംമാർഗ്ഗങ്ങളവലംബിയ്ക്കുകയുണ്ടായി. 1935–36 ൽ 164 കോടി ഉറുപ്പികയുടെ നോട്ടുകളാണുണ്ടായിരുന്നതു്. അതു് വർദ്ധിച്ചു വർദ്ധിച്ചു 1238 കോടിയായി. സ്വാതന്ത്ര്യം ലഭിച്ചതിന്നുശേഷം ദേശീയ

നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങിയപ്പോഴും വളരെ യേറെ നോട്ടുകൾ അടിച്ചിറക്കപ്പെട്ടു. ഇതിൻഫലമായി ചരക്കുകളുടെ വിലകൾ കയറിക്കയറിവന്നു. ഉറുപ്പികയുടെ ക്രയശക്തി യുദ്ധത്തിന്നുമുമ്പുണ്ടായിരുന്നതിന്റെ നാലിലൊന്നായി ചുരുങ്ങി. എന്നുവെച്ചാൽ, അന്നു് ഒരുറുപ്പികയ്ക്കു കിട്ടിയിരുന്ന ചരക്കു് വാങ്ങാൻ ഇന്നു് 4ക. കൊടുക്കണമെന്നുവന്നു. മററു രാജ്യങ്ങളിലും ഇതുതന്നെയാണുണ്ടായതു്. അമേരിക്കയിലുണ്ടായ വിലകയററത്തെപ്പററി പാൾ എ. സാമുവൽസൺ എന്ന ഗ്രന്ഥകാരൻ "ധനശാസ്ത്രം" എന്ന പുസ്തകത്തിൽ ചൂണ്ടിക്കാണിക്കുന്നതു് നോക്കുക:

"1943–ൽ 75 ഡോളർ കൊടുത്തു വാങ്ങപ്പെട്ട യുണൈറററഡ് സ്റ്റേററ്സ് ഗവമ്മെണ്ടിന്റെ ബോണ്ടുകൾക്കു് 1954–ൽ 100 ഡോളർവീതം കൊടുത്തുതീർക്കുകയുണ്ടായി. എന്നാൽ 1944–ലെ 75 ഡോളറിന്നുണ്ടായിരുന്നതിനേക്കാൾ കുറഞ്ഞ ക്രയശക്തിയേ 1954–ലെ 100 ഡോളറിന്നുണ്ടായിരുന്നുള്ളു".

മാർക്കററിനെ നേരിടുന്ന പണത്തിന്റെ തുക ഡിമാണ്ടിനെ അപേക്ഷിച്ചു് കൂടിക്കൂടിവരുമ്പോൾ ചരക്കുകളുടെ വിലകളും വർദ്ധിച്ചുവർദ്ധിച്ചു വരുന്നു. ഇതാണു് ഇൻഫ്ളേഷന്റെ അടിസ്ഥാനകാരണം. ചരക്കുകളുടെ വില വർദ്ധിക്കുംതോറും ഉല്പാദനച്ചെലവുകളും വർദ്ധിക്കുന്നു. ഉല്പാദനച്ചെലവുകൾ വർദ്ധിക്കു

മ്പോൾ ചരക്കുകളുടെ വിലകൾ വീണ്ടും കയറുന്നു. ഇങ്ങിനെ ഒടുവിൽ അനിയന്ത്രിതമായ ഒരു ഘട്ടത്തിലെത്തിച്ചേരുന്നു.

ഒന്നാംലോകമഹായുദ്ധത്തെത്തുടർന്നു ജർമ്മനിയിലുണ്ടായ മാക്കററ്നിലവാരത്തെയാണ് ഇൻഫ്ളേഷൻെറ ഉദാഹരണമായി ധനശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാണിക്കാറുള്ളതു്. 1923-ൽ ജർമ്മനിയിലെ അഭ്യന്തര മാക്കററിൻെറ നിലവാരം 1914 നോക്കാൾ 27000 ഇരട്ടി കൂടുതലായിരുന്നു എന്നു് ചൂണ്ടിക്കാണിയ്ക്കപ്പെടുന്നു. അതായതു്, 1914-ൽ ഒരു മാക്ക്മാത്രം വിലയുണ്ടായിരുന്ന ഒരു ചരക്കിന്നു് 1923-ൽ 27000 മാക്ക് വില കൊടുക്കേണ്ടിവന്നു. രണ്ടാംലോകമഹായുദ്ധകാലത്തു് ചൈനയിലുണ്ടായതും ഏതാണ്ടിതുതന്നെയാണ്. ചരക്കുകളുടെ വിലകൾ 500 ഇരട്ടിയും 1000 ഇരട്ടിയുമായി വർദ്ധിച്ചു. ഒരു ചെറിയ സാധനം വാങ്ങിക്കൊണ്ടുവരാൻപോകുമ്പോൾ വലിയൊരു കെട്ട് നോട്ട് ഏററിക്കൊണ്ടുപോകണമെന്നു വന്നു. ഒരമേരിക്കൻ ലേഖകൻ ഇൻഫ്ളേഷൻെറ ഭീകരതയെ വിവരിയ്ക്കുന്നതിങ്ങിനെയാണ്:

"മുമ്പ് നമ്മൾ പണം പോക്കററിലിട്ടുകൊണ്ടു് മാക്കററിലേയ്ക്കു് പോവുകയും കൊട്ടയിൽ ഭക്ഷണസാമഗ്രികളുമായി മാക്കററിൽനിന്നു മടങ്ങുകയുമാണു ചെയ്തിരുന്നതു്. ഇപ്പോൾ നമ്മൾ കൊട്ടകളിൽ പണം കൊണ്ടുപോവുകയും പോക്കററിൽ ഭക്ഷണസാധനങ്ങ

ളുമായി മടങ്ങിപ്പോരുകയും ചെയ്യുന്നു. പണമൊഴിച്ചു മററെല്ലാററിന്നും ക്ഷാമമാണ്".

പണത്തിൻെറ വില ദിവസംതോറും മണിക്കൂർ തോറും ഇടിഞ്ഞിടിഞ്ഞു വരികയാണ്. ഈ സ്ഥിതിവിശേഷത്തിൻെറ ഫലമായി പണത്തിൽ ജനങ്ങൾക്ക വിശ്വാസമില്ലാതായിത്തീരുന്നു. അവർ പണ സൂക്ഷിച്ചുവെയ്ക്കുന്നതിന്നുപകരം ചരക്കുകൾ സംഭരിച്ചുവെയ്ക്കാൻ തുടങ്ങുന്നു. ഇങ്ങിനെ, കൈമാററവ്യവസ്ഥയിലാകെ അരാജകത്വവും കുഴപ്പവും നടമാടാൻ തുടങ്ങുന്നു.

ഇൻഫ്ളേഷനും ഡിഫ്ളേഷനും എല്ലാ ജനവിഭാഗങ്ങളേയും ഒരുപോലെയല്ല ബാധിയ്ക്കുക. ഡിഫ്ളേഷനുണ്ടാകുമ്പോൾ, അതായതു് പണത്തിൻെറ ശക്തി കുറയുമ്പോൾ, ചരക്കുകളുടെ വിലയിടിയുന്നു. അതിൻഫലമായി കയ്യിലുള്ള പണംകൊണ്ടു് മുമ്പത്തേക്കാൾ കൂടുതൽ ചരക്കുകൾ വാങ്ങുവാൻ കഴിയുന്നു. തൊഴിലാളികൾ, ഉദ്യോഗസ്ഥന്മാർ, അദ്ധ്യാപകന്മാർ, പെൻഷൻ വാങ്ങി കഴിയുന്നവർ തുടങ്ങിയ സ്ഥിരം വരുമാനക്കാൎക്കു് ഇതു നല്ലതാണ്. പണം കടം കൊടുത്തിട്ടുള്ളവൎക്കും ഇതു ലാഭകരമാണ്. എന്തെന്നാൽ, കടം മടക്കിക്കിട്ടുന്നസമയത്തു് കടംകൊടുത്ത കാലത്തുണ്ടായിരുന്നതിനേക്കാൾ കൂടുതൽ ക്രയശക്തിയാണ് പണത്തിന്നുണ്ടായിട്ടുള്ളതു്.

നേരെമറിച്ചാണ് ഇൻഫ്ളേഷൻെറ ഫലം. മൂലധനമിറക്കി ചരക്കുകളുണ്ടാക്കി വില്ക്കുന്ന മുതലാ

ളികൾക്ക് വിലക്കയററം തീർച്ചയായും ലാഭകരമാണ്. കൂടുതൽ പണമുണ്ടാക്കാനുള്ള ഒരവസരമാണത്. പക്ഷെ തൊഴിലാളികൾ, ഉദ്യോഗസ്ഥന്മാർ, പെൻഷൻപററിക്കഴിയുന്നവർ തുടങ്ങിയ സ്ഥിരം വരുമാനക്കാർക്ക് ലാഭമല്ല നഷ്ടമാണ്. തങ്ങളുടെ പണം കൊണ്ട് മുമ്പു വാങ്ങാൻകഴിഞ്ഞത്ര ചരക്കുകൾ ഇപ്പോൾ കിട്ടുകയില്ല. തൊഴിലാളികൾക്ക് സംഘടനയും ശക്തിയുമുള്ളേടത്ത് കൂലി കുറച്ചു കൂട്ടിക്കിട്ടിയെന്നുവരും. എന്നാലും വിലക്കയററത്തിൻെറ തോതനുസരിച്ചുള്ള കൂലിക്കൂടുതലുണ്ടായെന്നുവരില്ല. ഇങ്ങിനെ ഇൻഫ്ളേഷൻെറ ഫലമായി ഏതാനും പേരുടെ കയ്യിൽ പണം കേന്ദ്രീകരിയ്ക്കുമ്പോൾ ഭൂരിപക്ഷക്കാരുടെ ജീവിതം കൂടുതൽ ദുസ്സഹമായിത്തീരുന്നു. ഇത് വാസ്തവത്തിൽ സമുദായത്തിലുള്ള സ്വത്തുക്കളെ മാററി പങ്കിടാനുള്ള ഒരുപകരണമാണ്. നികുതി വർദ്ധിപ്പിക്കാതെതന്നെ നാട്ടുകാരുടെ സ്വത്തുക്കളുടെ ഒരു ഭാഗം ഗവർമ്മെണ്ടിൻെറ കയ്യിലെത്തിച്ചേരുന്നു. അതുപോലെതന്നെ ഭൂരിപക്ഷക്കാരായ ജനങ്ങളുടെ സ്വത്തുക്കളുടെ ഒരു ഭാഗം മുതലാളികളുടെ കയ്യിൽ കേന്ദ്രീകരിയ്ക്കുന്നു. എന്നാൽ, ഇൻഫ്ളേഷനായാലും ഡിഫ്ളേഷനായാലും അതിരുകവിഞ്ഞാൽ സമുദായത്തിലെ ഉല്പാദനവ്യവസ്ഥയ്ക്കു കോട്ടംതട്ടും. പണത്തിനു പണമെന്നനിലയ്ക്ക് പ്രവർത്തിയ്ക്കാൻ വയ്യാതാവും. ജനങ്ങൾക്കിടയിൽ അസംതൃപ്തിയും പ്രക്ഷോഭങ്ങളും പടർന്നുപിടിയ്ക്കുകയും അവർക്ക് ഗവർമ്മെണ്ടിലുള്ള വിശ്വാസം തന്നെ നശിച്ചുപോവുകയും ചെയ്തുവെന്നുവരും. അതു

കൊണ്ടു്, പണത്തിൻെറ പരിണാമത്തേയും വിലകളുടെ പൊതുനിലവാരത്തേയും ബോധപൂർവ്വം നിയന്ത്രിക്കേണ്ടതാവശ്യമാണു്.

Money and capital
## പണവും മൂലധനവും

ചരക്കുകൊടുത്തു് പണം വാങ്ങി ആ പണംകൊണ്ടു് മറെറാരുചരക്കു വാങ്ങുക — ഇതാണല്ലോ കൈമാററത്തിൻെറ മദ്ധ്യവർത്തിയെന്നനിലയ്ക്കു് പണം നിർവ്വഹിച്ചുപോന്ന പങ്കു്. ക്രമത്തിൽ, ഒരു ചരക്കുകൊടുത്തു കിട്ടുന്ന പണംകൊണ്ടു് മറെറാരു ചരക്കു വാങ്ങുക എന്ന സമ്പ്രദായത്തിന്നുപകരം പണം കൊടുത്തു ചരക്കു വാങ്ങി ആ ചരക്കു വിററു് വീണ്ടും പണം വാങ്ങുക എന്ന സമ്പ്രദായമാവിർഭവിച്ചു. ഇവിടെ പണംകൊടുത്തു ചരക്കു വാങ്ങുന്നതു് ആ ചരക്കുപയോഗിയ്ക്കാൻവേണ്ടിയല്ല; അതു വീണ്ടും വിററു് പണമാക്കാനാണു്. ചരക്കല്ല, പണമാണു് ലക്ഷ്യം. പണം ചെലവിടുന്നതു് . കൂടുതൽ പണമുണ്ടാക്കാൻ വേണ്ടിയാണു്. ചരക്കു വാങ്ങാൻവേണ്ടി ചെലവാകുന്ന പണം മാത്രമേ ആ ചരക്കു വില്ക്കുമ്പോഠം കിട്ടുകയുള്ളുവെങ്കിൽ കൊള്ളക്കൊടുക്കകൊണ്ടു പ്രയോജനമൊന്നുമില്ല. വാങ്ങിയ ചരക്കു വിററാൽ ആദ്യമിറക്കിയതിനേക്കാഠം കൂടുതൽ പണം കിട്ടണം. എന്നുവെച്ചാൽ ലാഭം കിട്ടണം. 1000ക. യ്ക്കു ചരക്കു വാങ്ങി വിററാൽ 1100ക. കിട്ടുമെന്നിരിയ്ക്കട്ടെ. എന്നാൽ,

100ക. ലാഭമാണു്. ഇവിടെ പണം ചരക്കുകളുടെ കൈമാററത്തിന്നുള്ള ഒരുപകരണം മാത്രമല്ല, ലാഭമുണ്ടാക്കാനുള്ള ഒരുപകരണം കൂടിയാണു്. ഒന്നുകിൽ വ്യവസായത്തിൽ പണമിറക്കി ഉല്പാദനം നടത്താം. അല്ലെങ്കിൽ കച്ചവടം ചെയ്യാം. അതുമല്ലെങ്കിൽ പലിശയ്ക്കു ബാങ്കിലിടാം. ഏതായാലും, ലാഭം കിട്ടണം. ലാഭമുണ്ടാക്കാനുള്ള ഒരുപകരണമെന്ന നിലയ്ക്കുപയോഗിയ്ക്കപ്പെടുന്ന പണത്തിന്നു് മൂലധനം എന്നു പറയുന്നു. മൂലധനത്തിൻെറ ഉടമസ്ഥനെ മുതലാളി എന്നു വിളിയ്ക്കുന്നു.

## സൂചകസംഖ്യകൾ

വിലകളുടെ പൊതുനിലവാരത്തിലുണ്ടാകുന്ന മാററങ്ങളെ അളക്കാനുള്ള ഒരുപകരണമാണു് സൂചകസംഖ്യ. (Index Number) ഏതെങ്കിലുമൊരു കൊല്ലത്തിലെ (അല്ലെങ്കിൽ മാസത്തിലെ) വിലകളെ മറേറതെങ്കിലുമൊരു കൊല്ലത്തിലെ (അല്ലെങ്കിൽ മാസത്തിലെ) വിലകളുമായി താരതമ്യപ്പെടുത്തുവാനും അങ്ങിനെ ആ രണ്ടുകൊല്ലങ്ങൾക്കിടയിൽ (അല്ലെങ്കിൽ മാസങ്ങൾക്കിടയിൽ) പണത്തിൻെറ ക്രയശക്തിയിലുണ്ടായ മാററമെന്തെന്നു കണക്കാക്കുവാനും സൂചകസംഖ്യകൾ സഹായിയ്ക്കുന്നു. രാജ്യത്തിലുല്പാദിപ്പിയ്ക്കപ്പെടുന്ന എല്ലാ പ്രധാനപ്പെട്ട ചരക്കുകളുടേയും വിലകളിലുണ്ടാകുന്ന മാററങ്ങളെ അളക്കാൻ

മൊത്തവിലകളുടെ സൂചകസംഖ്യയും തൊഴിലാളികളുടേയോ മറേറതെങ്കിലും ജനവിഭാഗങ്ങളുടേയോ നിത്യോപയോഗസാമഗ്രികളുടെ വിലകളിലുണ്ടാകുന്ന മാററങ്ങളെ അളക്കാൻ ചില്ലറ വിലകളുടെ സൂചകസംഖ്യയും ഉപയോഗിയ്ക്കപ്പെടുന്നു. ചില്ലറ വിലകളുടെ സൂചകസംഖ്യയ്ക്കു് ജീവിതച്ചെലവുകളുടെ സൂചകസംഖ്യ (Cost of Living Index Number) എന്നും പറയാറുണ്ടു്.

വിലകളുടെ പൊതുനിലവാരം കണക്കാക്കാൻ നിലവിലുള്ള എല്ലാ ചരക്കുകളുടേയും വിലകൾ പരിശോധിയ്ക്കാറില്ല. കൂടുതൽ പ്രാധാന്യമർഹിയ്ക്കുന്ന, അല്ലെങ്കിൽ കൂടുതൽ പ്രചാരമുള്ള, 40ഓ 50ഓ ചരക്കുകളുടെ വിലകൾ പരിശോധിയ്ക്കുകയും അവയുടെ ശരാശരി വിലയെ 100 എന്നു കണക്കാക്കി അതിൻെറ അടിസ്ഥാനത്തിൽ മറേറതെങ്കിലും കൊല്ലത്തിലെ വിലകളെ താരതമ്യപ്പെടുത്തുകയുമാണു് സാധാരണ ചെയ്യാറുള്ളതു്. ഉദാഹരണത്തിന്നു്, 1958-ലെ വിലകളെ 1939-ലെ വിലകളുമായി താരതമ്യപ്പെടുത്തണമെന്നു വിചാരിയ്ക്കുക. 1939-ൽ അരി ചാക്കിന്നു് 20ക. യും തുണി വാരയ്ക്കു് 8ണ. യും വിറകു് ടണ്ണിന്നു് 15ക. യും പാൽ കുപ്പിയ്ക്കു് 12ണ. യും ആണെന്നിരിയ്ക്കട്ടെ. (ഉദാഹരണം മാത്രമായതുകൊണ്ടു് തല്ക്കാലം 4 ചരക്കുകളുടെ വിലകൾ മാത്രം പരിശോധിച്ചാൽ മതി). 1958-ൽ അരിയുടെ വില ചാക്കിന്നു് 30ക. യും തുണിയുടെ വില വാരയ്

10ണ. യും പാലിൻെറ വില കപ്പിയ്ക്കു് 9ണ. യും ആയിത്തീർന്നുവെന്നും വിറകിൻെറ വിലയിൽ മാററമൊന്നുമുണ്ടായില്ലെന്നും കരുതുക. ചില ചരക്കുകളുടെ വില വർദ്ധിയ്ക്കുകയും മററു ചിലതിൻെറ വില കുറയുകയും വേറെ ചിലതിൻെറ വില മാറാതിരിയ്ക്കുകയുമാണു് ചെയ്തിട്ടുള്ളതു്. എങ്കിലും വിലകളുടെ പൊതുനിലവാരത്തിലുണ്ടായ മാററം കണക്കാക്കാം. 1939 ലെ വിലകളെ 100 എന്നു കണക്കാക്കി അതിൻെറ അടിസ്ഥാനത്തിൽ 1958-ലെ വിലകളെ പരിശോധിയ്ക്കാവുന്നതാണു്. സൂചകസംഖ്യ തയ്യാറാക്കുന്നതെങ്ങിനെയെന്നു് ഒരു പട്ടികകൊണ്ടു വ്യക്തമാക്കാം:

| | 1939 | | 1958 | |
|---|---|---|---|---|
| ചരക്കുകൾ | വില | സൂചകസംഖ്യ | വില | പുതിയ സൂചകസംഖ്യ |
| അരി (ചാക്കിന്നു്) | 20ക | 100 | 30ക. | $\frac{100\times30}{20}=150$ |
| തുണി (വാരയ്ക്കു്) | 8ണ. | 100 | 10ണ. | $\frac{100\times10}{8}=125$ |
| പാൽ (കപ്പിയ്ക്കു്) | 12ണ. | 100 | 9ണ. | $\frac{100\times9}{12}=75$ |
| വിറകു് (ടണ്ണിന്നു്) | 15ക. | 100 | 15ക. | $\frac{100\times15}{15}=100$ |
| സൂചകസംഖ്യ | $\frac{400}{4}=100$ | | | $\frac{450}{4}=112.5$ |

1939-ലെ സൂചകസംഖ്യ 100 ആയിരുന്നു. 1958-ൽ അതു് $112\frac{1}{2}$ യായി. അതായതു്, സൂചക

സംഖ്യയിൽ 12.5 പോയിൻറുകൾ വർദ്ധിച്ചു. ഇതിൻെറ അർത്ഥം 1939-ൽ 100ക. യ്ക്കു കിട്ടിയിരുന്ന ചരക്കുകൾ വാങ്ങാൻ $112\frac{1}{2}$ക. വേണമെന്നാണു്. ചരക്കുകളുടെ വിലകൾ പൊതുവിൽ $12\frac{1}{2}$ ശതമാനം വർദ്ധിച്ചിരിയ്ക്കുന്നു.

ചരക്കുകളുടെ വില $12\frac{1}{2}$ ശതമാനം വർദ്ധിച്ചിരിയ്ക്കുന്നു എന്നു പറയുന്നതിന്നു പകരം പണത്തിൻെറ വില $12\frac{1}{2}$ ശതമാനം കുറഞ്ഞിരിയ്ക്കുന്നു എന്നു പറയാവുന്നതാണു്. 1958-ൽ ചരക്കുകൾ വാങ്ങാൻ 1939-ൽ ചെലവിട്ടതിനേക്കാൾ $12\frac{1}{2}$ ശതമാനം കൂടുതൽ പണം ചെലവിടേണ്ടിവന്നിരിയ്ക്കുന്നു. പണത്തിൻെറ വില കുറഞ്ഞതുകൊണ്ടാണു് കൂടുതൽ പണം വേണ്ടിവന്നതു്. ഇങ്ങിനെ സൂചകസംഖ്യകൾ ചരക്കുകളുടെ വിലകളിലുണ്ടാകുന്ന മാററങ്ങളെ മാത്രമല്ല, പണത്തിൻെറ വിലയിലുണ്ടാകുന്ന മാററങ്ങളേയും അളക്കാൻ സഹായിയ്ക്കുന്നു.

എന്നാൽ, സൂചകസംഖ്യകളുടെ സഹായത്തോടുകൂടി ഓരോ പ്രത്യേകചരക്കിൻേറയും വിലയിലുണ്ടാകുന്ന മാററങ്ങൾ ശരിയ്ക്കു കണക്കാക്കാൻ കഴിയില്ല; അനേകം ചരക്കുകളുടെ വിലകളുടെ പൊതുനിലവാരത്തിലുണ്ടാകുന്ന ശരാശരി മാററം മാത്രമേ കണക്കാക്കാൻ കഴിയൂ. അതുപോലെ പണത്തിൻെറ വിലയിലുണ്ടാകുന്ന മാററങ്ങളേയും മൊത്തത്തിൽ അളക്കാൻ മാത്രമേ സൂചകസംഖ്യകൾ ഉപകരിയ്ക്കുകയുള്ളൂ.

സൂചകസംഖ്യകൾ തയ്യാറാക്കുമ്പോൾ പല ബുദ്ധിമുട്ടുകളേയും അഭിമുഖീകരിയ്ക്കേണ്ടിവരാറുണ്ട്. ഏതെല്ലാം ചരക്കുകളുടെ വിലകളെയാണ് കണക്കിലെടുക്കേണ്ടതു്? എല്ലാ ചരക്കുകളും ഒരേതോതിലല്ല ഉപയോഗിയ്ക്കപ്പെടുന്നതു്. ഒരേ ചരക്കുതന്നെ വ്യത്യസ്തജനവിഭാഗങ്ങൾ വ്യത്യസ്തതോതിലാണുപയോഗിയ്ക്കുക. ഉദാഹരണത്തിന്നു് ചിലർ കൂടുതൽ അരിയും കുറച്ചുമാത്രം ഗോതമ്പുമുപയോഗിയ്ക്കുമ്പോൾ മററു ചിലർ കൂടുതൽ ഗോതമ്പും കുറച്ചുമാത്രം അരിയും ഉപയോഗിച്ചുവെന്നുവരും. ഒരു ജനവിഭാഗത്തിന്നു് സുഖഭോഗമായിത്തോന്നുന്നതു് മറെറാരു ജനവിഭാഗത്തിന്നു് ഒഴിച്ചുകൂടാൻവയ്യാത്ത ജീവിതാവശ്യമായിത്തോന്നിയേയ്ക്കാം. ഇങ്ങിനെ ഒരേ ചരക്കിന്നുതന്നെ വ്യത്യസ്തജനവിഭാഗങ്ങൾ വ്യത്യസ്തമായ പ്രാധാന്യമാണു് കല്പിയ്ക്കുന്നതു്. ഈ ബുദ്ധിമുട്ടുകൾ പരിഹരിയ്ക്കാൻ സൂചകസംഖ്യകൾ തയ്യാറാക്കുന്നവർ പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടതുണ്ടു്. കൂടുതലായി ഉപയോഗിയ്ക്കപ്പെടുന്ന ചരക്കുകൾക്കു് ചില സ്ഥിതിവിവരക്കണക്കുകാർ കൂടുതൽ പ്രാധാന്യം നല്കാറുണ്ടു്. ഉദാഹരണത്തിന്നു് പഞ്ചസാരയുടെ നാലിരട്ടി അരിയാണുപയോഗിയ്ക്കപ്പെടുന്നതു് എന്നു വിചാരിയ്ക്കുക. എന്നാൽ സൂചകസംഖ്യകൾ തയ്യാറാക്കുമ്പോൾ അരിയ്ക്കു് 400 പോയിൻറുകളും പഞ്ചസാരയ്ക്കു് 100 പോയിൻറുകളും കണക്കാക്കി ഒടുവിൽ അവയുടെ ശരാശരി കണക്കുകൂട്ടുന്നതായിരിയ്ക്കും. ഇതിന്നു് സൂചകസംഖ്യകൾക്കു കനം വെയ്ക്കൽ (Weighting) എന്നു പറയുന്നു.

ഇത്രയൊക്കെ ശ്രദ്ധിച്ചാലും സൂചകസംഖ്യകളുടെ എല്ലാ ന്യൂനതകളേയും പരിഹരിയ്ക്കാൻ കഴിഞ്ഞു എന്നു വരില്ല. മോറിസ് ഡോബ് എന്ന ബ്രിട്ടീഷ ധനശാസ്ത്രജ്ഞൻ തൻെറ "കൂലി" എന്ന പുസ്തകത്തിൽ ചൂണ്ടിക്കാണിയ്ക്കുന്നതു നോക്കുക :

"ഒന്നാംലോകമഹായുദ്ധം അവസാനിച്ച ഉടനെ സൂചകസംഖ്യകളേപ്പററി രണ്ടുതരത്തിലുള്ള ആക്ഷേപങ്ങളുണ്ടായി. ജനങ്ങൾ വിലപിടിച്ച വസ്തുക്കളെപേക്ഷിച്ച് താരതമ്യേന വിലകുറഞ്ഞ വസ്തുക്കളുപയോഗിയ്ക്കാൻ തുടങ്ങിയിട്ടുണ്ടെന്നും അതിനാൽ ജീവിതത്തോതിനെക്കുറിയ്ക്കുന്ന ഔദ്യോഗിക സൂചകസംഖ്യകൾ ചരക്കുകളുടെ വിലവർദ്ധനവിനെ അതിശയോക്തിയോടുകൂടിയാണ് ചിത്രീകരിച്ചിട്ടുള്ളതെന്നും പ്രൊഫസ്സർ ബൗലി പ്രസ്താവിച്ചു. മറുഭാഗത്തു്, വിലവർദ്ധനവിനെ കുറച്ചുകാണിയ്ക്കുകയാണ് ഔദ്യോഗികകണക്കുകൾ ചെയ്യുന്നതെന്നു് തൊഴിലാളിയൂനിയനുകൾ ആക്ഷേപിച്ചു. വാങ്ങുന്ന സാധനങ്ങളുടെ് ഗുണം കുറഞ്ഞിട്ടുണ്ടെന്നും തുണി തുടങ്ങിയ ചില് ചരക്കുകളുടെ വില വല്ലാതെ വർദ്ധിച്ചിട്ടുണ്ടെന്നും ഈ വിലവർദ്ധനവിന്നു് വേണ്ടത്ര പ്രാധാന്യം നല്കിയിട്ടില്ലെന്നും യൂനിയനുകൾ ചൂണ്ടിക്കാണിച്ചു".

സൂചകസംഖ്യകൾക്ക് പരിമിതികളുണ്ടെന്നും അവ തയ്യാറാക്കുമ്പോൾ വളരെയധികം ശ്രദ്ധിയ്ക്കേണ്ടതുണ്ടെന്നുമാണിതു കാണിയ്ക്കുന്നതു്.

# ബാങ്കും കടമിടപാടും

വ്യവസായത്തിൽ മൂലധനം നിക്ഷേപിച്ച് ചരക്കുകളുല്പാദിപ്പിച്ച് വിററുകിട്ടുന്ന പണം വീണ്ടും വ്യവസായത്തിൽത്തന്നെ നിക്ഷേപിയ്ക്കണം. എന്നാലേ ഉല്പാദനമുറ വിഘ്നംകൂടാതെ തുടരുകയുള്ളൂ. അല്ലെങ്കിൽ യന്ത്രങ്ങൾ വെറുതെ കിടക്കുകയും തൊഴിലാളികൾക്കു പണിയില്ലാതാവുകയും ചെയ്യും. ഉല്പാദനവും പുനരുല്പാദനവും വിഘ്നംകൂടാതെ തുടരണമെങ്കിൽ, ഉല്പാദിപ്പിയ്ക്കപ്പെടുന്ന ചരക്കുകളത്രയും ഉടൻതന്നെ വിററുതീർക്കാൻ സാധിയ്ക്കണം. പക്ഷേ, ഇതെല്ലായ്പോഴും പ്രായോഗികമായെന്നു വരില്ല. പലപ്പോഴും ചരക്കുകൾ വിററുതീരാൻ സമയം പിടിയ്ക്കും. ഈ സ്ഥിതിയിൽ എന്താണ് ചെയ്യുക? ഉല്പാദനം തുടരുന്നതെങ്ങിനെയാണ്? ചരക്കുകൾ വാങ്ങാനാഗ്രഹിയ്ക്കുന്നവരുടെ കയ്യിൽ ചിലപ്പോൾ പണമുണ്ടായി

ല്ലെന്നുവരും. അങ്ങിനെയാണെങ്കിൽ പണം ഒരു നിശ്ചിതമായ അവധിയ്ക്കുള്ളിൽ കിട്ടിയാൽമതി എന്ന വ്യവസ്ഥയോടുകൂടി ചരക്കുകൾ വിററവതീക്കാം. പക്ഷെ, അതുവരെ എന്തുചെയ്യും? ഒരു വഴിയുണ്ട്: കിട്ടാനുള്ള പണം കിട്ടിയാൽ മടക്കികൊടുക്കാമെന്ന വ്യവസ്ഥയിൽ ആരിൽനിന്നെങ്കിലും കടം വാങ്ങാം. ചരക്കുല്പാദനത്തിൽനിന്നുള്ള ലാഭത്തിന്റെ ഒരു ഭാഗം തങ്ങൾക്കു പലിശയായി കിട്ടുമെന്നുറപ്പുണ്ടെങ്കിൽ പണം കയ്യിലുള്ളവർ കടം കൊടുക്കാൻ തയ്യാറാവും.

കടമിടപാടുകൾ വ്യക്തികൾതമ്മിൽ നേരിട്ടു നടത്തുന്നതിന്നു പകരം അതിന്നായുള്ള ഒരു പ്രത്യേക സ്ഥാപനം വഴിയ്ക്കു നടത്താവുന്നതാണ്. ഈ പ്രത്യേക സ്ഥാപനത്തിന്നു ബാങ്ക് എന്നു പറയുന്നു.

### ബാങ്കിന്റെ
### പ്രവർത്തനങ്ങൾ

പണം കയ്യിലുള്ളവർ അത്യാവശ്യച്ചെലവുകൾ കുള്ളതു കഴിച്ച് ബാക്കി ബാങ്കിൽ നിക്ഷേപിയ്ക്കുന്നു. പണമാവശ്യമുള്ളവർ അതു ബാങ്കിൽനിന്നു കടമായി വാങ്ങുന്നു. അനേകം വ്യക്തികളുടെ കയ്യിൽ ഉപയോഗിയ്ക്കപ്പെടാതെ കിടക്കുന്ന പണമെല്ലാം ബാങ്ക് വാങ്ങിവെയ്ക്കുകയും അതു് ആവശ്യക്കാൎക്കു കടം കൊടു

ക്കാൻവേണ്ടി ഉപയോഗിയ്ക്കുകയും ചെയ്യുന്നു. ഇങ്ങിനെ പലിശയ്ക്കു കടം കൊടുക്കുന്നവരുടേയും വാങ്ങുന്നവരുടേയും ഇടയിലുള്ള ഒരു മദ്ധ്യവർത്തിയെന്ന നിലയ്ക്കാണ് ബാങ്ക് പ്രവർത്തിയ്ക്കുന്നതു്.

ഇതുകൊണ്ടു് ബാങ്കിന്നുള്ള നേട്ടമെന്താണ്? കടമിടപ്പാടുകാരുടെ മദ്ധ്യവർത്തിയെന്നനിലയ്ക്കു പ്രവർത്തിയ്ക്കുമ്പോൾ ബാങ്കിന്നു ലാഭമുണ്ടാവും. ഒരുദാഹരണമെടുക്കാം. ഒരാൾ തന്റെ കയ്യിലുള്ള 1000ക. ബാങ്കിൽ നിക്ഷേപിയ്ക്കുന്നുവെന്നും അതിന്നു് ആയാൾക്ക് ബാങ്കിൽനിന്നു് കൊല്ലത്തിൽ 40ക., അല്ലെങ്കിൽ 4 ശതമാനം, പലിശ കിട്ടുന്നുവെന്നും വിചാരിയ്ക്കുക. ആ 1000ക. ബാങ്ക് മററാരാൾക്ക് കടം കൊടുക്കുന്നു. കടം വാങ്ങുന്ന ആൾ ബാങ്കിന്നു് കൊല്ലത്തിൽ 60ക., അല്ലെങ്കിൽ 6 ശതമാനം പലിശയടയ്ക്കണമെന്നിരിയ്ക്കട്ടെ. എന്നാൽ 1000ക. യുടെ ഈ ഇടപാടിൽ 20ക. അല്ലെങ്കിൽ 2 ശതമാനം ബാങ്കിന്നു ലാഭമാണ്. ബാങ്ക് കടക്കാരിൽനിന്നു വസൂലാക്കുന്ന പലിശ പണം നിക്ഷേപിച്ചവർക്കു കൊടുക്കുന്ന പലിശയേക്കാൾ എല്ലായ്പോഴും കൂടുതലായിരിയ്ക്കും. ഇങ്ങിനെ മിച്ചമുണ്ടാക്കുന്ന സംഖ്യയാണ് ബാങ്കിന്റെ ലാഭം.

ബാങ്കിന്റെ പ്രവർത്തനങ്ങൾ പ്രധാനമായി രണ്ടുതരത്തിലുള്ളവയാണ്. നിഷ്ക്രിയപ്രവർത്തനങ്ങളും (Passive Bank Operations) സക്രിയപ്രവ

ത്തനങ്ങളും (Active Bank Operations). പല വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും പണം വാങ്ങി സൂക്ഷിയ്ക്കുന്നതിന്നാണ് നിഷ്ക്രിയ പ്രവത്തനമെന്നു പറയുന്നതു്. നിഷ്ക്രിയ പ്രവത്തനങ്ങൾ വർദ്ധിയ്ക്കുംതോറും ബാങ്കിൻെറ കയ്യിലുള്ള പണവും വർദ്ധിയ്ക്കും. ഇങ്ങിനെ വന്നുചേരുന്ന പണം മററുള്ളവക്കു കടം കൊടുക്കുന്നതിന്നാണ് സക്രിയ പ്രവത്തനമെന്നു പറയുന്നതു്. സ്വർണ്ണപ്പണ്ടങ്ങളുടേയും മററും പണയത്തിന്മേലോ ഗവമ്മെണ്ടിൻെറ കടപത്രങ്ങൾ, മുതലാളികളുടെ യന്ത്രോപകരണങ്ങൾ, കേട്ടുവന്നുപോകാത്ത വില്പനച്ചരക്കുകൾ, മററു സ്വത്തുക്കൾ മുതലായവയുടെ ഉറപ്പിന്മേലോ ബാങ്കുകൾ കടം കൊടുക്കാറുണ്ടു്. മററുള്ളവരുടെ സൂക്ഷിപ്പുപണം ആവശ്യക്കാക്കു കടം കൊടുക്കാൻ കഴിഞ്ഞാലേ ബാങ്കിൻെറ ലാഭം വർദ്ധിയ്ക്കുകയുള്ളൂ.

എക്സ്ചേഞ്ച് ബില്ലുകളോ കടപ്പത്രങ്ങളോ വാങ്ങി വെച്ച് അവയുടെ ഉറപ്പിന്മേൽ മുൻകൂർ പണം കൊടുക്കലാണ് ബാങ്കുകളുടെ മറെറാരു സക്രിയപ്രവത്തനം. ഏ. എന്ന ആൾ ബി. എന്ന ആൾക്ക് 1000ക. യുടെ ചരക്കുകൾ കടംകൊടുക്കുന്നുവെന്നിരിയ്ക്കട്ടെ. ബി. റൊക്കം പണം കൊടുക്കുന്നില്ല. ഒരു നിശ്ചിതമായ കാലാവധിയ്ക്കുശേഷം — മൂന്നു മാസങ്ങൾക്കോ ആറു മാസങ്ങൾക്കോ ശേഷം — പണമടച്ചുകൊള്ളാമെന്ന ഒരു വാഗ്ദാനപത്രം ഒപ്പിട്ടുകൊടുക്കുകമാത്രമാണ് ചെയ്യു

ന്നതു്. ഈ വാഗ്ദാനപത്രത്തിന്നാണു് എക്സ്ചേഞ്ച് ബില്ല് എന്നു പറയുന്നതു്.

കരാറനുസരിച്ച് ചരക്കുവില്പനക്കാരന്നു് മൂന്നു മാസമോ ആറു മാസമോ കഴിഞ്ഞതിന്നുശേഷം മാത്രമേ പണം കിട്ടുകയുള്ളു. നിശ്ചിതമായ അവധിയ്ക്കു മുമ്പുതന്നെ പണത്തിൻെറ ആവശ്യം നേരിട്ടാൽ എന്താണു് ചെയ്യുക? ഒരു വഴിയുണ്ടു്: തൻെറ കൈവശമുള്ള എക്സ്ചേഞ്ച്ബിൽ ബാങ്കിന്നു് "എൻഡോർസ്" ചെയ്തുകൊടുത്താൽ — അതായതു് അവധിയ്ക്കുശേഷം പണം വാങ്ങാനുള്ള അധികാരം ബാങ്കിന്നു നല്കിയാൽ — ബാങ്കിൽനിന്നു് മുൻകൂറായി പണം കിട്ടും. ബില്ല് ഒപ്പിട്ടുവാങ്ങി റൊക്കം പണം കൊടുക്കുന്നതിന്നു് "ഡിസ്ക്കൗണ്ടിങ്ങ്" എന്നു പറയുന്നു. ബിൽ ഡിസ്ക്കൗണ്ടുചെയ്തുകൊടുക്കുന്ന ബാങ്കിന്നു് നിശ്ചിതമായ അവധിയ്ക്കുശേഷമേ പണം വസൂലാക്കാൻ കഴിയൂ. യാതൊരു പ്രതിഫലവും കൂടാതെ മുൻകൂർ പണം കൊടുത്തു് അവധികഴിയുന്നതുവരെ കാത്തിരിയ്ക്കാൻ ബാങ്ക് തയ്യാറാവുകയില്ല. ലാഭം കിട്ടാനാണു് ബാങ്ക് പ്രവർത്തിയ്ക്കുന്നതു്. അതുകൊണ്ടു് ബിൽ ഡിസ്ക്കൗണ്ടുചെയ്തുകൊടുക്കുമ്പോൾ ചെറിയൊരുസംഖ്യ പിടിച്ചുവെയ്ക്കുന്നു. അതാണു് ബാങ്കിൻെറ ലാഭം. ഈ ലാഭത്തിന്നു് ഡിസ്ക്കൗണ്ടു് പലിശ എന്നു പറയുന്നു. ചില ബാങ്കുകളുടെ പ്രധാനമായ പ്രവൃത്തി എക്സ്ചേഞ്ച്ബില്ലുകളും മററും ഡിസ്ക്കൗണ്ടുചെയ്തു കൊടുക്കലാണു്. മററു ബാങ്കുക

ളിൽനിന്നോ സ്ഥാപനങ്ങളിൽനിന്നോ വലിയ തുകകൾ കടം വാങ്ങിവെയ്ക്കുകയും ആ പണം എക്സ്ചേഞ്ച് ബില്ലുകൾ വാങ്ങാൻവേണ്ടി ഉപയോഗിയ്ക്കുകയുമാണവ ചെയ്യുന്നതു്. തങ്ങൾ കടം വാങ്ങുന്ന പണത്തിന്നു കൊടുക്കേണ്ടിവരുന്നതിനേക്കാൾ വലിയ പലിശനിരക്കാണു് ബില്ലുവില്പനക്കാരിൽനിന്നു് അവ വസൂലാക്കുക. അങ്ങിനെയാണു് ബാങ്കുകൾ ലാഭമുണ്ടാക്കുന്നതു്.

## ചെക്കിന്റെ ഉപയോഗം

ബാങ്കിൽ രണ്ടുതരത്തിലുള്ള സൂക്ഷിപ്പുകളുണ്ടു്. ചോദിയ്ക്കുമ്പോൾ മടക്കിക്കിട്ടണമെന്ന കരാറിന്മേൽ ഒരാൾ ബാങ്കിൽ നിക്ഷേപിയ്ക്കുന്ന പണത്തിന്നു് അസ്ഥിരം സൂക്ഷിപ്പ് അല്ലെങ്കിൽ പററുവരവു സൂക്ഷിപ്പ് (Current Deposit) എന്നും നിശ്ചിതമായ ഒരു കാലാവധിയ്ക്കുമുമ്പു മടക്കിവാങ്ങുകയില്ലെന്ന കരാറിന്മേൽ നിക്ഷേപിയ്ക്കുന്ന പണത്തിന്നു് സ്ഥിരം സൂക്ഷിപ്പു് (Fixed Deposit) എന്നും പറയുന്നു. സ്ഥിരം സൂക്ഷിപ്പിന്നാണു് അസ്ഥിരം സൂക്ഷിപ്പിനേക്കാൾ കൂടുതൽ പലിശ കിട്ടുക എന്നു പറയേണ്ടതില്ലല്ലോ.

പണം നിക്ഷേപിയ്ക്കുന്നവക്കു് ബാങ്കിൽനിന്നു് ഒരു ചെക്കുപുസ്തകം കിട്ടും. ആവശ്യമുള്ള സംഖ്യ

ചെക്കിലെഴുതി ഒപ്പിട്ടാൽ അതുകൊടുത്തു് സംക്ഷിപ്പു കാരന്നോ ആയാൾ അധികാരപ്പെടുത്തുന്ന മററാൎക്കെങ്കിലുമോ ബാങ്കിൽനിന്നു് പണം വാങ്ങാം. പണം കൊടുക്കാൻ ബാങ്കിനോടാവശ്യപ്പെടുന്ന രേഖയ്ക്കാണു് ചെക്ക് എന്നു പറയുന്നതു്. ആൎക്കെങ്കിലും പണം കൊടുക്കേണ്ടതുണ്ടെങ്കിൽ ആയാളുടെ പേരിൽ ഒരു ചെക്കെഴുതി ഒപ്പിട്ടുകൊടുത്താൽമതി. കമ്പോളത്തിൽനിന്നു ചരക്കു വാങ്ങിയാൽ റൊക്കം പണം കൊടുക്കുന്നതിന്നു പകരം ചെക്കു കൊടുക്കാവുന്നതാണു്. ബാങ്കിൽനിന്നു പണം കിട്ടുമെന്നുറപ്പുണ്ടെങ്കിൽ പണത്തിന്നുപകരം ചെക്കു സ്വീകരിയ്ക്കാൻ ആളുകൾ തയ്യാറാവും. വിശ്വാസമില്ലെങ്കിൽ പണംതന്നെ വേണമെന്നു നിർബ്ബന്ധിയ്ക്കുകയും ചെയ്യും. ആരെങ്കിലും തൻെറ സംക്ഷിപ്പപണത്തേക്കാൾ കവിഞ്ഞ സംഖ്യയ്ക്കു ചെക്കെഴുതിക്കൊടുത്താൽ ബാങ്കു് അതു സ്വീകരിയ്ക്കുകയില്ല. എന്നുവെച്ചാൽ, ചെക്കു കൊണ്ടുപോകുന്നവന്നു് പണം കിട്ടുകയില്ല. സംക്ഷിപ്പപണമുള്ളവരുടെ ചെക്കാണെങ്കിൽ അതുകൊടുത്തു് പണം വാങ്ങുകയോ അല്ലെങ്കിൽ ആ പണം തൻെറ സ്വന്തം കണക്കിൽ നിക്ഷേപിയ്ക്കാനാവശ്യപ്പെടുകയോ ചെയ്യാം.

ഒരാൾക്കു കിട്ടിയ ചെക്ക് മറെറാരാൾക്കു് അധികാരപ്പെടുത്തിക്കൊടുക്കാം. രണ്ടാമത്തെ ആൾ മൂന്നാമത്തൊരാൾക്കും മൂന്നാമത്തെ ആൾ നാലാമത്തൊരാൾക്കും അതു് "എൻഡോർസ്" ചെയ്തുകൊടുത്തുവെന്നുവരാം. ഇങ്ങിനെ യഥാൎത്ഥമായ പണം കൂടാതെതന്നെ ചെക്കി

ൻെറ സഹായത്തോടുകൂടി ഇടപാടുകളും കൊള്ളക്കൊടുക്കകളും നടത്താവുന്നതാണ്. ചെക്കുകളും പണമെന്ന നിലയ്ക്കുതന്നെ കൈമാററത്തിൻെറ മദ്ധ്യവർത്തികളായി ഉപയോഗിയ്ക്കപ്പെടുന്നു. പക്ഷേ, പണവും ചെക്കും തമ്മിൽ പ്രധാനമായ ഒരു വ്യത്യാസമുണ്ട്. പണം കൊടുത്താൽ ആർക്കുവേണമെങ്കിലും ആവശ്യമുള്ള ചരക്കുകൾ കിട്ടും. ചെക്കാകട്ടെ, അതെഴുതിക്കൊടുക്കുന്നവൻ വിശ്വസ്തനാണെങ്കിൽ മാത്രമേ സ്വീകരിയ്ക്കപ്പെടുകയുള്ളൂ.

## 'പണം സൃഷ്ടിയ്ക്കൽ'

ഒരേ സൂക്ഷിപ്പുപണംതന്നെ ഒന്നിലധികംപേർക്കു കൊടുക്കാൻവേണ്ടി ഉപയോഗിയ്ക്കാവുന്നതാണ്. ഉദാഹരണത്തിന്നു് ഒരാൾ 1000ക. ബാങ്കിൽ നിക്ഷേപിയ്ക്കുന്നുവെന്നിരിയ്ക്കട്ടെ. ആ 1000ക. രണ്ടാമതൊരാൾക്കു കൊടുക്കുന്നു. രണ്ടാമത്തെ ആൾ അതു മൂന്നാമതൊരാൾക്കു കൊടുക്കുന്നു. മൂന്നാമത്തെ ആൾ അതു ബാങ്കിൽ നിക്ഷേപിയ്ക്കുന്നു. അതേ പണംതന്നെ ബാങ്ക് നാലാമതൊരാൾക്കു കൊടുക്കുന്നു. നാലാമത്തെ ആൾ അതു് അഞ്ചാമതൊരാൾക്കു കൊടുക്കുന്നു. അഞ്ചാമത്തെ ആൾ അതു വീണ്ടും ബാങ്കിൽ നിക്ഷേപിയ്ക്കുന്നു. യഥാർത്ഥത്തിൽ 1000ക. യേയുള്ളൂ. എങ്കിലും മൂന്നു് ആളുകളുടെ പേരിൽ — ഒന്നാമത്തെ ആളുടേയും മൂന്നാമത്തെ ആളുടേയും അഞ്ചാമത്തെ ആളുടേയും

പേരിൽ — 1000ക. വീതം സൂക്ഷിപ്പുണ്ടായി. രണ്ടാമത്തെ ആൾക്കും നാലാമത്തെ ആൾക്കും ബാങ്കിൽ നിന്നു് 1000ക. വീതം കിട്ടിയിട്ടുമുണ്ടു്. ഇങ്ങിനെ ഒരേ തുകകൊണ്ടു് അനേകം ഇടപാടുകൾ നടത്തപ്പെടുന്നു. സൂക്ഷിപ്പുകൾ യഥാർത്ഥത്തിൽ പണത്തിന്റെ രൂപത്തിലല്ല, ബാങ്കിലെ എക്കൗണ്ടുപുസ്തകത്തിലെ കണക്കുകളുടെ രൂപത്തിൽ മാത്രമേയുള്ളു എന്നതാണിതിന്നു കാരണം. ഇങ്ങിനെ നിക്ഷേപത്തിലുള്ള പണത്തിന്റെ എത്രയോ ഇരട്ടികൊണ്ടു് ഇടപാടുകൾ നടത്താനും ലാഭമുണ്ടാക്കാനും ബാങ്കിന്നു സാധിയ്ക്കുന്നു. എറിക്ക്റോൾ എന്ന ഗ്രന്ഥകാരൻ "പണത്തെപ്പററി" (About Money) എന്ന തന്റെ പുസ്തകത്തിൽ ചൂണ്ടിക്കാണിയ്ക്കുന്നു:

"തന്റെ പക്കൽ സൂക്ഷിപ്പിന്നു കിട്ടിയ പണത്തിന്നു പകരമായി ബാങ്കർ കൊടുക്കുന്ന രശീതികൾ പണത്തിന്റെ സ്ഥാനമെടുക്കുകയും വിനിമയത്തിന്റെ മദ്ധ്യവർത്തിയെന്നനിലയ്ക്കു് പ്രചരിയ്ക്കുകയും ചെയ്യുക എന്നതു് ഒരു പതിവായിത്തീർന്നു. അതേസമയത്തുതന്നെ, പൊതുജനങ്ങളുടെ വിശ്വാസം നിലനില്ക്കുന്നേടത്തോളം കാലം സൂക്ഷിപ്പപണത്തിന്റെ ഒരു ഭാഗമെടുത്തു കടംകൊടുക്കാനും ബാങ്കുകൾക്കു സാധിച്ചു. ഉടമസ്ഥന്മാർ മടക്കിച്ചോദിച്ചേയ്ക്കാനിടയുള്ള ഒരു ഭാഗം മാത്രം സൂക്ഷിച്ചുവെച്ചാൽ മതിയെന്നായി. ഇപ്രകാരം കടമിടപാടിന്റെ തുകയും യഥാർത്ഥമായ പണവും വർദ്ധിച്ചു. അതോടൊപ്പം

മററൊരു പുരോഗതിയും സാദ്ധ്യമായിത്തീർന്നു. സംക്ഷിപ്പ്പണത്തിൻെറ ഒരു ഭാഗമെടുത്തു കടംകൊടുക്കുന്നതിന്നപുറമേ, അവരുടെ നോട്ടുകളും വിനിമയത്തിൻെറ മദ്ധ്യവർത്തികളെന്നനിലയ്ക്കു പ്രചരിയ്ക്കാൻ തുടങ്ങിയതുകൊണ്ടു്, മാന്യന്മാരായ കക്ഷികളുടെപേരിൽ സംക്ഷിപ്പ്പണമൊന്നും കൂടാതെതന്നെ നോട്ടുകൾ "ഇഷ്യൂ" ചെയ്യാൻ ബാങ്കർമാക്കു സാധിയ്ക്കുമെന്നായി. അതായതു്, ബാങ്കുകൾക്കു് "സംക്ഷിപ്പ്പണങ്ങൾ സൃഷ്ടിയ്ക്കുവാനും" കക്ഷികൾക്കു് അവയുപയോഗിയ്ക്കാനും കഴിയുമെന്നായി."

ആദ്യകാലത്തു് ബാങ്കുകളിൽ നിക്ഷേപിയ്ക്കപ്പെട്ടിരുന്ന സ്വർണ്ണത്തിന്നുള്ള രശീതികളെന്ന നിലയ്ക്കാണു് ബാങ്കുനോട്ടുകൾ പ്രചരിച്ചിരുന്നതു്. അതുകൊണ്ടവ യഥാർത്ഥമായ പണത്തിൻെറ പ്രതിനിധികൾ മാത്രമായിരുന്നു. എന്നാൽ, ക്രമത്തിൽ സ്ംക്ഷിപ്പ്പണത്തേക്കാൾ കൂടുതൽ സംഖ്യ പലിശയ്ക്കു കടംകൊടുക്കാൻ സാധിയ്ക്കുമെന്നു് ബാങ്കുകൾ മനസ്സിലാക്കി. നിങ്ങൾ 100ക. ഒരു ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ടെന്നു വിചാരിയ്ക്കുക. ബാങ്കു് ആ 100ക. യുടെ ഒരു ഭാഗം മാത്രമല്ല, ആ 100ക. മുഴുവനുമല്ല, അതിനേക്കാൾ എത്രയോ കവിഞ്ഞ സംഖ്യ — ഉദാഹരണത്തിന്നു് 1000ക. — മററുള്ളവക്കു കടം കൊടുത്തുവെന്നു വരും. ഇന്ന ആൾക്കു് ഇത്ര ഉറപ്പിക കൊടുത്തുകൊള്ളാമെന്ന വാഗ്ദാനപത്രങ്ങളുടെ രൂപത്തിലാണു് അത്തരം കടങ്ങൾ നല്കപ്പെട്ടിരുന്നതു്. അവ യഥാ

ത്ഥമായ സ്വർണ്ണത്തിൻേറയോ മററു സ്വത്തുക്കളു ടേയോ പ്രതിനിധികളായിരുന്നില്ല. ഇല്ലാത്ത പണത്തിൻെറ പ്രതിനിധികളായിരുന്നു അവ! എങ്കിലും ബാങ്കുനോട്ടുകൾ എന്നറിയപ്പെടുന്ന വാഗ്ദാനപത്രങ്ങൾ ബാങ്കിൽ കൊണ്ടുപോയി കൊടുത്താൽ വാഗ്ദാനംചെയ്യപ്പെട്ടിട്ടുള്ള പണം കിട്ടുമെന്നുറപ്പുണ്ടായിരുന്നതുകൊണ്ടു് ജനങ്ങൾ അവയെ പണമെന്നനിലയ്ക്കു തന്നെ ഉപയോഗിയ്ക്കാൻ തയ്യാറായി. മററുതരത്തിലുള്ള പണംപോലെതന്നെ അവയും വിനിമയത്തിൻെറ മദ്ധ്യവർത്തികളെന്നനിലയ്ക്കു് പ്രചരിയ്ക്കാൻ തുടങ്ങി.

ഇല്ലാത്ത പണം സൃഷ്ടിയ്ക്കുക എന്ന സംരംഭണി നടത്താൻ ബാങ്കുകൾക്കു സാധിച്ചതെങ്ങിനെയാണു്? വിവിധ വ്യക്തികളും വിവിധ സ്ഥാപനങ്ങളും സംക്ഷിപ്പായി നിക്ഷേപിച്ച പണം മുഴുവനും ഒരേ സമയത്തു് ഒന്നിച്ചു മടക്കിച്ചോദിയ്ക്കാൻ തയ്യാറാവുകയില്ലെന്നു് സ്വന്തം അനുഭവങ്ങളിലൂടെ ബാങ്കുകൾക്കു ബോദ്ധ്യമായിക്കഴിഞ്ഞിരുന്നു. ഒട്ടാകെയുള്ള സംക്ഷിപ്പണത്തിൻെറ ഏതാണ്ടു് പത്തിലൊരുഭാഗം മാത്രം കരുതിവെച്ചു് ബാക്കിയുള്ളതു മുഴുവനും പലിശയ്ക്കു കടം കൊടുക്കുന്നതുകൊണ്ടു് യാതൊരു തകരാറും പററുകയില്ലെന്നു് അവക്കു് മനസ്സിലായിക്കഴിഞ്ഞിരുന്നു. അതുകൊണ്ടാണു് 100ക. ഡിപ്പോസിററായി നിക്ഷേപിയ്ക്കപ്പെട്ടാൽ 900ക. യോ 1000ക. യോ ചില

പ്പോൾ അതിലും കൂടുതലോ പണം മററുള്ളവൎക്കു കടം കൊടുക്കാൻ ബാങ്കുകൾ മുതിർന്നതു്.

ഇങ്ങിനെ കൃത്രിമമായി പണം സൃഷ്ടിയ്ക്കേണ്ട ആവശ്യമെന്തായിരുന്നു? ഒരു ബാങ്കിൽ 100ക. പണം നിക്ഷേപിച്ചാൽ നിങ്ങൾക്കു് 4 ശതമാനം പലിശ കിട്ടുമെന്നിരിയ്ക്കട്ടെ. ബാങ്കു് പലിശ തരുന്നതെങ്ങിനെയാണു്? നിങ്ങൾ നിക്ഷേപിച്ച 100ക. യെടുത്തു് മററാൎക്കെങ്കിലും പലിശയ്ക്കു് കടം കൊടുക്കും. പക്ഷേ ബാങ്കു് മററുള്ളവരിൽനിന്നു വസൂലാക്കുന്ന പലിശ 4 ശതമാനമായിരിയ്ക്കില്ല. 5 ശതമാനമോ 6 ശതമാനമോ ആയിരിയ്ക്കും. അതിൽനിന്നാണു് 4 ശതമാനം നിങ്ങൾക്കു തരുന്നതു്. ബാക്കിയുള്ളതു് ബാങ്കിൻെറ ലാഭമാണു്. എന്നാൽ നിങ്ങൾ നിക്ഷേപിച്ച 100ക. മാത്രമല്ല ബാങ്കു് കടംകൊടുക്കുന്നതു്. ആ സൂക്ഷിച്ച പണത്തിൻെറ പിൻബലത്തിന്മേൽ 1000ക കടം കൊടുക്കുന്നു. 5 ശതമാനമെന്ന നിരക്കിൽ 1000ക.യ്ക്കു കൊല്ലത്തിൽ 50ക. പലിശ കിട്ടും. അതിൽനിന്നു് 4ക. മാത്രം നിങ്ങൾ നിക്ഷേപിച്ച പണത്തിൻെറ പലിശയായി തരുന്നു. ബാക്കിയുള്ള 46ക. ബാങ്കിന്നു ലാഭമോണു്. ഇങ്ങിനെ ലാഭമുണ്ടാക്കാൻവേണ്ടിയാണു് ബാങ്കുകൾ കടമിടപാടുകൾ നടത്തുന്നതു്.

ഈ വിദ്യ വ്യവസായങ്ങളുടെ വളർച്ചയെ സഹായിച്ചു. തങ്ങളുടെ സ്വന്തമായ കഴിവിനേക്കാൾ എത്രയോ അധികം പണം ബാങ്കിൽനിന്നു കടമായി

വാങ്ങി വ്യവസായങ്ങളിൽ നിക്ഷേപിയ്ക്കാൻ മുതലാളികൾക്കു സാധിച്ചു. ബാങ്കുകളുടെ കടമിടപാടു പ്രവൎത്തനങ്ങൾ വ്യവസായാഭിവൃദ്ധിയെ ത്വരിതപ്പെടുത്തി. കൂടുതലായി എത്ര പണം ഇങ്ങിനെ കടം കൊടുക്കാൻ കഴിയുമെന്നുള്ളതു് ബാങ്കിൻെറ കഴിവിനേയും ബാങ്കിൽ ജനങ്ങൾക്കുള്ള വിശ്വാസത്തേയും ആശ്രയിച്ചാണിരിയ്ക്കുന്നതു്. ബാങ്കിൻെറ കഴിവാകട്ടെ, അതിൽ നിക്ഷേപിയ്ക്കപ്പെടുന്ന ഡിപ്പോസിററുകളുടെ തുകയേയും ആശ്രയിച്ചിരിയ്ക്കുന്നു.

ഇത്തരം ഇടപാടുകൾ നടത്തുന്നതുകൊണ്ടു് ബാങ്കിന്നു ചിലപ്പോൾ പെട്ടെന്നു പണത്തിൻെറ ആവശ്യം നേരിടും. അപ്പോളെന്താണു ചെയ്യുക? സഹായത്തിന്നുവേണ്ടി മററു ബാങ്കുകളേയോ ഗവൎമ്മെണ്ടിൻെറ ആഭിമുഖ്യത്തിലുള്ള കേന്ദ്രബാങ്കിനേയോ ആശ്രയിയ്ക്കും. ഇംഗ്ലണ്ടിലെ കേന്ദ്രബാങ്ക് "ബാങ്ക് ഓഫ് ഇംഗ്ലണ്ടാണ്". ഇന്ത്യയിലേതു് "റിസൎവ്വ് ബാങ്ക് ഓഫ് ഇന്ത്യ" യാണ്. കേന്ദ്രബാങ്കിൽനിന്നു് സൗജന്യമായി പണം കിട്ടുകയില്ല. അവർ ഒരു പലിശ വസൂലാക്കും. കേന്ദ്രബാങ്കു് മററു ബാങ്കുകൾക്കു് കൊടുക്കുന്ന പണത്തിന്നു വസൂലാക്കുന്ന പലിശനിരക്കിന്നു് ബാങ്ക്നിരക്കു് അല്ലെങ്കിൽ ബാങ്കു് റേററ് എന്നു പറയുന്നു. സാധാരണ ബാങ്കുകൾ തങ്ങളുടെ കക്ഷികളിൽനിന്നു വസൂലാക്കുന്ന പലിശ ഈ ബാങ്കുനിരക്കിനേക്കാൾ കൂടുതലായിരിയ്ക്കും. എന്നാലേ അവക്കു് ലാഭമുണ്ടാവുകയുള്ളു. ബാങ്ക്റേററിൻെറ

അടിസ്ഥാനത്തിലാണ് മിക്ക ബാങ്കുകളും തങ്ങളുടെ പലിശനിരക്കുകൾ നിർണ്ണയിയ്ക്കുന്നത്. ബാങ്ക്റേററുകൾ വർദ്ധിച്ചാൽ മറെറല്ലാ ബാങ്കുകളുടേയും പലിശനിരക്കുകൾ വർദ്ധിയ്ക്കും. പലിശനിരക്കുകൾ വർദ്ധിയ്ക്കുക എന്നുവെച്ചാൽ വ്യവസായികൾക്കും മററും ബാങ്കിൽനിന്നു കടം വാങ്ങാൻ വിഷമം നേരിടുക എന്നാണർത്ഥം. ക്രമത്തിൽ ഇത്തരം കടമിടപാടുകളുടെമേൽ ഗവമ്മെണ്ടുകൾ ചില നിയന്ത്രണങ്ങളെല്ലാം ചുമത്തുകയുണ്ടായി. മാത്രമല്ല, ഗവമ്മെണ്ടുകൾതന്നെ നോട്ടുകളടിച്ചിറക്കുവാനും തുടങ്ങി.

## ഇന്ത്യയിലെ ബാങ്കിങ്ങ് വ്യവസ്ഥ

1936-ൽ സ്ഥാപിയ്ക്കപ്പെട്ട റിസർവ്വ്ബാങ്കാണ് ഇന്ത്യയുടെ കേന്ദ്രബാങ്ക്. അതേവരെ ഇന്ത്യയിലെ ബാങ്കിങ്ങ്വ്യവസ്ഥയാകെ ഇമ്പീരിയൽ ബാങ്കിൻെറ നിയന്ത്രണത്തിലായിരുന്നു. പക്ഷെ, അപ്പോഴും കറൻസിനോട്ടുകളടിയ്ക്കുന്ന ചുമതലയും നാണ്യവ്യവസ്ഥയുടെ നിയന്ത്രണവും ഗവമ്മെണ്ടിൻേറതായിരുന്നു. റിസവ്വ്ബാങ്കിൻെറ ആവിർഭാവത്തോടുകൂടി ബാങ്കിങ്ങ്വ്യവസ്ഥയും നാണ്യവ്യവസ്ഥയും, രണ്ടും ഒരേ കേന്ദ്രബാങ്കിൻെറ കീഴിലായിത്തീർന്നു.

5 കോടി ക. യുടെ മൂലധനത്തോടുകൂടി ഒരു ഷെയർഹോൾഡർമാരുടെ ബാങ്ക് എന്ന നിലയ്ക്കാണ്

റിസർവ്വ്ബാങ്ക് ആരംഭിച്ചതു്. പിന്നീട്, 1949-ൽ, അതു ദേശസാല്ക്കരിയ്ക്കപ്പെടുകയും ഷെയറുകളെല്ലാം പ്രതിഫലംകൊടുത്തു് ഗവമ്മെണ്ടു് ഏറ്റെടുക്കുകയും ചെയ്തു. അതുമുതല്ക്കാണു് റിസർവ്വ്ബാങ്ക് ഗവമ്മെണ്ടിന്റെ ആഭിമുഖ്യത്തിലുള്ള കേന്ദ്രബാങ്കായിത്തീർന്നതു്. കേന്ദ്രഗവമ്മെണ്ടിനാൽ നോമിനേററുചെയ്യപ്പെട്ട ഒരു ഗവർണ്ണരും രണ്ടു ഡെപ്യൂട്ടി ഗവർണ്ണർമാരും പത്തു ഡയറക്ടർമാരും ഒരു ഗവമ്മെണ്ടുദ്യോഗസ്ഥനുമടങ്ങുന്ന ഒരു കേന്ദ്രഡയറക്ടർബോർഡാണു് ഇപ്പോൾ റിസർവ്വ്ബാങ്കിന്റെ ഭരണം നടത്തുന്നതു്. രാജ്യത്തിലെ നാണ്യവ്യവസ്ഥയേയും കടമിടപാടുകളേയും നിയന്ത്രിയ്ക്കുക, ഉറപ്പികയുടെ വിനിമയനിരക്കു നിർണ്ണയിയ്ക്കുക, ഗവമ്മെണ്ടിന്നാവശ്യമായ ബാങ്കിങ്ങ്പ്രവൎത്തനങ്ങൾ നടത്തുക മുതലായവയാണു് റിസർവ്വ്ബാങ്കിന്റെ ചുമതലകൾ. നോട്ടടിയ്ക്കാനുള്ള അധികാരം റിസർവ്വ്ബാങ്കിന്റെ കുത്തകയാണു്. പ്രചാരത്തിലുള്ള നോട്ടുകളുടെ എണ്ണം ആവശ്യത്തിൽ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാതിരിയ്ക്കാൻ റിസർവ്വ്ബാങ്ക് പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടതുണ്ടു്.

റിസർവ്വ്ബാങ്കിന്നു് രണ്ടു ഡിപ്പാർട്ടുമെണ്ടുകളുണ്ടു്: ഇഷ്യൂ ഡിപ്പാർട്ടുമെണ്ടും ബാങ്കിങ്ങ് ഡിപ്പാർട്ടുമെണ്ടും. പണത്തിന്റെ പ്രചാരത്തെ ക്രമീകരിയ്ക്കുകയും നിയന്ത്രിയ്ക്കുകയും ചെയ്യേണ്ട ഭാരം ഇഷ്യൂ ഡിപ്പാർട്ടുമെണ്ടിന്നാണു്. ബാങ്കിങ്ങ് പ്രവൎത്തനം നടത്തുകയാണു് ബാങ്കിങ്ങ് ഡിപ്പാർട്ടുമെണ്ടിന്റെ ജോലി.

സ്റ്റേററ് ബാങ്ക് ഓഫ് ഇന്ത്യ, എക്സ്ചേഞ്ച് ബാങ്കുകൾ, ഷെഡ്യൂളല്ലാത്ത ചെറുകിട ബാങ്കുകൾ ഇങ്ങിനെ മററു പലതരത്തിലുള്ള ബാങ്കുകളും ഇന്ത്യയിൽ പ്രവർത്തിയ്ക്കുന്നുണ്ട്. പണം ബാങ്കുനിക്ഷേപമായും ബാങ്കുനിക്ഷേപം പണമായും മാററുക, ഒരു വ്യക്തിയുടേയോ സ്ഥാപനത്തിൻേറയോ സംക്ഷിപ്ത പണം മറെറാരു വ്യക്തിയുടേയോ സ്ഥാപനത്തിൻേറയോ പേരിലേയ്ക്കു മാററുക, എക്സ്ചേഞ്ച് ബില്ലുകൾ, ഗവമ്മെണ്ടു ബോണ്ടുകൾ മുതലായവയെ പണമാക്കി മാററിക്കൊടുക്കുക എന്നിങ്ങിനെയുള്ള സാധാരണ ബാങ്കുപ്രവർത്തനങ്ങളെല്ലാം അവ നടത്തിക്കൊണ്ടിരിയ്ക്കുന്നു. അവയിൽവെച്ച് ഏററവുമധികം പ്രാധാന്യമർഹിയ്ക്കുന്നതു് സ്റ്റേററ്ബാങ്കാണ്.

മദ്രാസ്, ബോമ്പേ, കല്ക്കത്ത എന്നീ സ്ഥലങ്ങളിലുണ്ടായിരുന്ന പ്രസിഡൻസി ബാങ്കുകൾ ഒന്നിച്ചുചേർന്നുകൊണ്ടു് 1921-ൽ രൂപവല്ക്കരിയ്ക്കപ്പെട്ട ഇമ്പീരിയൽ ബാങ്കായിരുന്നു 1935 വരേയും ഇന്ത്യയിലെ ഏററവും സുശക്തമായ ബാങ്ക്. 1936 മുതൽക്ക് റിസർവ്വ്ബാങ്കിൻെറ ബ്രാഞ്ചുകളില്ലാത്ത സ്ഥലങ്ങളിൽ ഇമ്പീരിയൽ ബാങ്കാണ് റിസർവ്വ്ബാങ്കിൻെറ ഏജൻസിയായി പ്രവർത്തിച്ചുപോന്നതു്. 1955-ൽ ഇമ്പീരിയൽ ബാങ്ക് ദേശസാല്ക്കരിയ്ക്കപ്പെടുകയും സ്റ്റേററ് ബാങ്ക് ഓഫ് ഇന്ത്യ ഉടലെടുക്കുകയും ചെയ്തു. 20 കോടി ക. യാണ് സ്റ്റേററ്ബാങ്കിൻെറ മൂലധനം. സാധാരണ ബാങ്കിങ്ങ്പ്രവർത്തനങ്ങൾക്കു പുറമെ

രാജ്യത്തിൻെറ വിവിധഭാഗങ്ങളിൽ ബ്രാഞ്ചുകൾ തുറന്നു് ചെറുകിടവ്യവസായങ്ങൾക്കും സഹകരണ സംഘങ്ങൾക്കും മററും ധനസഹായം ചെയ്യുക എന്നതു കൂടി സ്റ്റേററ് ബാങ്കിൻെറ ചുമതലയാണു്.

വിദേശവിനിമയം സംബന്ധിച്ച പ്രവൎത്തനങ്ങൾ പ്രധാനമായും വിദേശികളുടെ നേതൃത്വത്തിലുള്ള എക്സ്ചേഞ്ച് ബാങ്കുകളാണു് നിൎവ്വഹിയ്ക്കുന്നതു്. ഇന്ത്യക്കാരുടെ ബാങ്കുകൾക്കു് അതിൽ പറയത്തക്ക പങ്കൊന്നുമില്ല. എന്നാൽ, അടുത്തകാലത്തായി സ്റ്റേററ് ബാങ്കും ഈ രംഗത്തിലേയ്ക്കു കാലെടുത്തുവെച്ചിട്ടുണ്ടു്.

ഉറുപ്പികയും പൗണ്ട് സ്റ്റർലിങ്ങും തമ്മിലുള്ള വിനിമയനിരക്കു് നിശ്ചിതാതിൎത്തിയ്ക്കുള്ളിൽ നിലനിൎത്താനാവശ്യമായ ചില വ്യവസ്ഥകൾ റിസർവ്വ് ബാങ്കു് ആക്റ്റിലടങ്ങിയിട്ടുണ്ടു്. ലണ്ടനിലുള്ള ആരെങ്കിലുമാവശ്യപ്പെട്ടാൽ ഉറുപ്പികയ്ക്കു് 1ഷി. $5\frac{49}{64}$പെൻസ് എന്ന തോതിൽ കുറയാതേയും 1ഷി. $6\frac{3}{16}$പെൻസ് എന്ന നിരക്കിൽ കവിയാതേയും പൗണ്ട് സ്റ്റർലിങ്ങ് വാങ്ങുകയോ വില്ക്കുകയോ ചെയ്യാൻ റിസൎവ്വ് ബാങ്കു് തയ്യാറാവണമെന്നു് നിയമം അനുശാസിയ്ക്കുന്നു. ഈ വ്യവസ്ഥയനുസരിച്ചാണു് യുദ്ധക്കാലത്തു് ബ്രിട്ടീഷ് ഗവൎമ്മെണ്ടു റിസൎവ്വ് ബാങ്കിന്നു് സ്റ്റർലിങ്ങ് കൊടുക്കുകയും പകരം ഇന്ത്യയിലെ ബ്രിട്ടീഷുചെലവുകൾക്കാവശ്യമായ ഉറുപ്പിക സമ്പാദിയ്ക്കുകയും ചെയ്തതു്. ഇതിൻെറ ഫലമായിട്ടാണു് ഇന്ത്യ

യിൽ പണപ്പെരുപ്പവും വിലവർദ്ധനവുമുണ്ടാവുകയും ഇന്ത്യയുടെ സ്റ്റർലിങ്ങ് കടങ്ങൾ ബ്രിട്ടനിൽ കുന്നുകൂടുകയും ചെയ്തു. ഇന്ത്യയുടെ താല്പര്യങ്ങൾക്കു ഹാനികരമായിത്തീർന്ന ഈ നിയമം 1947-ൽ ഭേദഗതി ചെയ്യപ്പെടുകയുണ്ടായി. ഇന്ത്യ "ഇൻറർനേഷനൽ മോണെട്ടറി ഫണ്ടി"ലെ ഒരംഗമായിത്തീർന്നു. ഇപ്പോൾ ഇന്ത്യയിലെ കേന്ദ്രഗവമ്മെണ്ട് അതാതവസരത്തിൽ തീരുമാനിയ്ക്കുന്ന വ്യവസ്ഥകൾക്കും നിരക്കുകൾക്കുമനുസരിച്ചാണ് റിസർവ്വ്ബാങ്ക് വിദേശവിനിമയങ്ങൾ വാങ്ങുകയും വില്ക്കുകയും ചെയ്യുന്നതു്. ബ്രിട്ടീഷ്ഗവമ്മെണ്ട് നിശ്ചയിക്കുന്ന നിരക്കിൽ സ്റ്റർലിങ്ങ് വാങ്ങുകയും വില്ക്കുകയും ചെയ്യണമെന്ന വ്യവസ്ഥ റദ്ദാക്കപ്പെട്ടിരിയ്ക്കുന്നു.

## ഇന്ത്യയിലെ നോട്ടുകൾ

ഇന്ത്യയിൽ പ്രാചീനകാലംമുതല്ക്കുതന്നെ കച്ചവടക്കാർ ഹുണ്ടികൾവഴിയായി കടമിടപാടുകൾ നടത്തിയിരുന്നു. എന്നാൽ, ആധുനികമായ നോട്ടുകൾ ബ്രിട്ടീഷുകാരുടെ ഭരണകാലത്താണാവിർഭവിച്ചതു്. ആദ്യമായി 1839-ൽ ബങ്കാൾ ബാങ്കാണ് നോട്ടുകളടിച്ചിറക്കിയതു്. 1840-ൽ ബോമ്പേയിലേയും 1843-ൽ മദ്രാസിലേയും പ്രസിഡൻസി ബാങ്കുകൾക്കു നോട്ടുകളടിയ്ക്കാൻ അനുവാദം ലഭിച്ചു. മദ്രാസ് ബാങ്കിന്നു് ഒരു കോടി ഉറപ്പികയുടേയും മററു രണ്ടു

ബാങ്കുകൾക്ക് ഈരണ്ടുകോടി ഉറപ്പികയുടേയും നോട്ടു കളടിയ്ക്കാനുള്ള അധികാരമാണുണ്ടായിരുന്നതു്. 1861-ൽ ഈ സമ്പ്രദായമവസാനിപ്പിയ്ക്കപ്പെട്ടു. ഇന്ത്യാഗവമ്മേണ്ടുതന്നെ നോട്ടടിക്കാനുള്ള ചുമതല ഏറെറടുക്കുകയും അതിന്നായി ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറാരംഭിയ്ക്കുകയും ചെയ്തു. ഇപ്പോൾ ഗവമ്മേണ്ടിന്നുവേണ്ടി റിസർവ്വ്ബാങ്കാണു് നോട്ടുകളടിച്ചിറക്കുന്നതു്.

റിസർവ്വ്ബാങ്കിന്റെ കറൻസി നോട്ടുകൾ പണമെന്നനിലയ്ക്കു് പ്രചരിയ്ക്കുന്നതു് അവ യഥാർത്ഥത്തിൽ പണമായതുകൊണ്ടല്ല; അവ പണത്തെ പ്രതിനിധീകരിയ്ക്കുന്നവയെന്നതു്കൊണ്ടാണു്. അവ കൊടുത്താൽ യഥാർത്ഥമായ പണമോ മററു ചരക്കുകളോ വാങ്ങാൻ കഴിയുമെന്നു് ജനങ്ങൾക്കു വിശ്വാസമുള്ളതുകൊണ്ടാണു്. ഈ വിശ്വാസം നിലനിർത്തുന്നതിന്നുവേണ്ടി എത്ര ഉറപ്പികയുടെ നോട്ടാണോ അടിയ്ക്കുന്നതു് അത്ര ഉറപ്പിക വിലയ്ക്കുള്ള സ്വർണ്ണമോ മററു നിക്ഷേപങ്ങളോ ബാങ്കിൽ സൂക്ഷിച്ചുവെയ്ക്കണമെന്ന ഒരു നിബന്ധന ആദ്യകാലത്തുണ്ടായിരുന്നു. യുദ്ധത്തിന്റേയും മററും ഫലമായി കൂടുതൽ നോട്ടടിച്ചിറക്കേണ്ട ആവശ്യം നേരിട്ടപ്പോൾ ഈ നിയമത്തിന്നു് അയവുവരുത്തപ്പെട്ടു. നോട്ടുകളുടെ 40 ശതമാനം വരുന്ന സ്വർണ്ണനാണ്യങ്ങൾ, സ്വർണ്ണക്കട്ടികൾ, സ്റ്റർലിങ്ങ് സെക്യൂരിററികൾ, എന്നിവയും ബാക്കി 60 ശതമാനം വിലയ്ക്കുള്ള ഉറപ്പികനാണ്യങ്ങൾ,

ഗവമ്മെണ്ടു് സെക്യൂരിററികൾ, എക്സ്ചേഞ്ച് ബില്ലുകൾ മുതലായവയും നിക്ഷേപമായി സൂക്ഷിച്ചുവെയ്ക്കണമെന്നതായിരുന്നു അടുത്തകാലംവരെയുണ്ടായിരുന്ന നിയമം. ഈ നിക്ഷേപത്തിൽ തോലയ്ക്കു് 21ക. 3ണ. 8പ. എന്ന നിരക്കിൽ ചുരുങ്ങിയതു് 40 കോടി ക. വിലവരുന്ന സ്വർണ്ണമടങ്ങിയിരിയ്ക്കണമെന്നും വ്യവസ്ഥയുണ്ടായിരുന്നു. 1956-ൽ ഈ നിയമത്തിന്നും മാററം വന്നു. റിസവ്വ്ബാങ്കു് നിയമത്തിൽ വരുത്തിയ ഭേദഗതിയനുസരിച്ച് ചുരുങ്ങിയതു് 400 കോടി ക. യ്ക്കുള്ള വിദേശ (സ്റ്റർലിങ്ങ്) വിനിമയവും തോലയ്ക്കു് 62ക. 8ണ. എന്ന നിരക്കിൽ 115 കോടി ക. വിലയ്ക്കുള്ള സ്വർണ്ണവും സൂക്ഷിച്ചുവെച്ചാൽ മതിയെന്നു തീരുമാനിയ്ക്കപ്പെട്ടു. 1957-ന്റെ അവസാനത്തിൽ ഈ വ്യവസ്ഥയിൽ വീണ്ടും മാററം വരുത്തപ്പെട്ടു. പുതിയ നിയമമനുസരിച്ച് നോട്ടുകളുടെ പിൻബലമായി 115 കോടി ക. യ്ക്കുള്ള സ്വർണ്ണനാണ്യങ്ങളും സ്വർണ്ണക്കട്ടികളുമുൾപ്പെടെ ആകെ 200കോടിക. യുടെ സൂക്ഷിപ്പുണ്ടായാൽ മതി. അതായതു്, 400 കോടി ക. യുടെ വിദേശവിനിമയത്തിന്നുപകരം 85 കോടി ക. യുടെ വിദേശവിനിമയം മതി.

നമ്മുടെ നോട്ടുകൾക്കു് പിൻബലമായി ബ്രിട്ടീഷ് കറൻസി സൂക്ഷിച്ചുവെയ്ക്കണമെന്ന വ്യവസ്ഥ ബ്രിട്ടീഷ്ഭരണത്തിന്റെ ഒരവശിഷ്ടം മാത്രമാണു്. വാസ്തവത്തിലതുകൊണ്ടു് നമുക്കു് യാതൊരു പ്രയോജനവുമില്ല. ഉറപ്പിക ഇഷ്ടംപോലെ സ്റ്റർലിങ്ങാക്കി മാററാൻ

അനുവദിയ്ക്കുന്ന ഒരു വ്യവസ്ഥയുണ്ടായിരുന്നുവെങ്കിൽ, അതായത് നമ്മുടെ ഉരുപ്പടികൾ കൊടുത്താൽ പകരം ബ്രിട്ടീഷ്കാരുടെ കറൻസി ലഭിയ്ക്കാനും അതുപയോഗിച്ച് ഇഷ്ടംപോലെ ബ്രിട്ടീഷ്ചരക്കുകൾ വാങ്ങാനും സ്വാതന്ത്ര്യമുണ്ടായിരുന്നുവെങ്കിൽ തരക്കേടുണ്ടാകുമായിരുന്നില്ല. പക്ഷെ, അത്തരം യാതൊരു വ്യവസ്ഥയുമില്ല. അപ്പോൾ പിന്നെ ബ്രിട്ടീഷ്കറൻസി സൂക്ഷിച്ചുവെച്ചിട്ടെന്താണ് കാര്യം? അതെങ്ങിനെയാണ് ഇന്ത്യയുടെ കറൻസിനോട്ടിനു പിൻബലമാവുക? അതുകൊണ്ടാണ് പുതിയ നിയമമനുസരിച്ചുള്ള 85 കോടി ക. യുടെ സ്റ്റർലിങ്ങ് സെക്യൂരിററിയുടെ സൂക്ഷിപ്പ്പോലും ആവശ്യമില്ലെന്നും യന്ത്രങ്ങളും മററും ഇറക്കുമതിചെയ്യാൻവേണ്ടി ആ സംഖ്യ ചിലവിടാവുന്നതാണ് എന്നും ചില ധനശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നതു്.

# പതിനൊന്നാമദ്ധ്യായം

Foreign Trade and ~~Foreign Exchange~~ Exchange Rate

## വിദേശവ്യാപാരവും വിദേശവിനിമയവും

ചരക്കുകളുടെ കൈമാററം രാജ്യാതിർത്തിക്കുള്ളിൽ ഒതുങ്ങിനില്ക്കാറില്ല. ഒരേ രാജ്യത്തിലെ വ്യക്തികൾതമ്മിലെന്നപോലെത്തന്നെ വിവിധ രാജ്യങ്ങളിലെ ജനങ്ങൾ തമ്മിലും കൊള്ളക്കൊടുക്കകൾ നടക്കാറുണ്ടു്. അന്യരാജ്യങ്ങളുമായി നടത്തപ്പെടുന്ന കച്ചവടത്തിന്നു് വിദേശവ്യാപാരം എന്നു പറയുന്നു. വിവിധരാജ്യങ്ങൾ വിവിധതരത്തിലുള്ള ചരക്കുനിർമ്മാണത്തിലേർപ്പെടുകയും ഉല്പന്നങ്ങളെ പരസ്പരം കൈമാറുകയും ചെയ്യുന്നു. ആധുനിക വ്യവസായങ്ങളുടെ അഭിവൃദ്ധിയോടൊപ്പം സാർവലൗകികമായ വ്യാപാരബന്ധങ്ങളും വളരെയധികം വളർന്നിട്ടുണ്ടു്.

Foreign Trade

## വിദേശവ്യാപാരം

വിദേശവ്യാപാരത്തിന്ന് കയററമതി, ഇറക്കമതി എന്നിങ്ങിനെ രണ്ടു ഭാഗങ്ങളുണ്ട്. ഒരു രാജ്യത്തിൽനിന്നു മറെറാരു രാജ്യത്തിലേയ്ക്കു് ചരക്കുകളയയ്ക്കുന്നതിന്ന് കയററമതി എന്നും മറെറാരു രാജ്യത്തിൽനിന്നു ചരക്കുകൾ വരുത്തുന്നതിന്ന് ഇറക്കുമതി എന്നും പറയുന്നു. ഒരു രാജ്യത്തിൽ ഉല്പാദിപ്പിയ്ക്കാൻ കഴിയാത്ത ചരക്കുകൾ മററു രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുകയേ നിവ്വാഹമുള്ളു. ഉപഭോഗസാമഗ്രികളുടെ ഇറക്കുമതി ജനങ്ങളുടെ ഡിമാണ്ടുകളെ തൃപ്തിപ്പെടുത്തുന്നു. അസംസ്കൃതസാമഗ്രികളുടേയും യന്ത്രോപകരണങ്ങളുടേയും ഇറക്കുമതികൾ വ്യവസായങ്ങളുടെ വളർച്ചയെ സഹായിയ്ക്കുന്നു. കയററമതികളുടെ ഫലമായി മററു രാജ്യങ്ങളിൽനിന്നുള്ള ഡിമാണ്ടുകൾ വർദ്ധിയ്ക്കുകയും അങ്ങിനെ ഉല്പാദനം വികസിയ്ക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഓരോ രാജ്യത്തിന്നും ഇറക്കുമതികളെന്നപോലെ കയററമതികളും ആവശ്യമാണ്. രാജ്യങ്ങൾ തമ്മിലുള്ള വ്യാപാരബന്ധങ്ങളുടെ പുരോഗതി പൊതുവിൽ ലോകത്തിന്റെയാകെ ഉല്പാദനവ്യവസ്ഥയെ ശക്തിപ്പെടുത്താൻ സഹായിയ്ക്കുന്നു.

അഭ്യന്തരവ്യാപാരവും വിദേശവ്യാപാരവും തമ്മിൽ പ്രധാനമായ ചില വ്യത്യാസങ്ങളുണ്ട്.

രാജ്യത്തിന്നകത്തുള്ള വ്യാപാരബന്ധങ്ങൾ ഏറെ
ക്കുറെ നിർബ്ബാധമാണ്. നേരെമറിച്ച്, വിദേശവ്യാ
പാരത്തിന്ന് അന്യനാട്ടുകളുടെ ദേശീയാതിർത്തിക
ളേയും വിവിധ ഗവമ്മെണ്ടുകളുടെ നയപരിപാടിക
ളേയും കണക്കിലെടുക്കേണ്ടതുണ്ട്. ഗവമ്മെണ്ടുകൾ
ചിലപ്പോൾ ഏതെങ്കിലും ചരക്കുകളുടെ കയററുമതി
യേയോ ഇറക്കുമതിയേയോ പൂർണ്ണമായി നിരോധി
ച്ചുവെന്നുവരാം. നിരോധിയ്ക്കപ്പെട്ട ചരക്കുകളുടെ
വിദേശവ്യാപാരം തടയപ്പെടുന്നു. പൂർണ്ണമായ നിരോ
ധനമില്ലെങ്കിൽത്തന്നെ പലതരത്തിലുള്ള നിയന്ത്ര
ണങ്ങളുമുണ്ടായെന്നുവരാം. ഉദാഹരണത്തിന്ന്, ഏതെ
ങ്കിലുമൊരു ചരക്ക് ഒരു നിശ്ചിതമായ അളവില
ധികം ഇറക്കുമതിചെയ്യാൻ പാടില്ലെന്ന് തീരുമാനി
യ്ക്കാവുന്നതാണ്. ഇതിന്ന് "കോട്ട" എന്നു പറ
യുന്നു. വ്യാപാരികൾക്ക് ഗവമ്മെണ്ടുകൾ നിശ്ചയി
യ്ക്കുന്ന കോട്ടയിൽക്കവിഞ്ഞുള്ള ചരക്കുകൾ ഇറക്കുമ
തിചെയ്യാൻ കഴിയില്ല ചുങ്കമാണ് മറെറാരു പ്രതി
ബന്ധം. ചരക്കുകൾ രാജ്യത്തിന്റെ അതിർത്തികൾ
കടക്കുമ്പോൾ നിശ്ചിത തോതനുസരിച്ചുള്ള ഒരു തുക
ഗവമ്മെണ്ടിലേയ്ക്കടയ്ക്കണമെന്നു നിർബ്ബന്ധിയ്ക്കപ്പെ
ടുന്നു. ഇറക്കുമതിച്ചരക്കുകളുടെമേൽ ചുമത്തപ്പെടുന്ന
ചുങ്കത്തിന്ന് ഇറക്കുമതിച്ചുങ്കം എന്നും കയററുമതിച്ച
രക്കുകളുടെമേൽ ചുമത്തപ്പെടുന്ന ചുങ്കത്തിന്ന് കയററു
മതിച്ചുങ്കം എന്നും പറയുന്നു. ചരക്കുകളുടെ വിലയുടെ
അടിസ്ഥാനത്തിലോ അളവിന്റെ അടിസ്ഥാന
ത്തിലോ ആണ് ചുങ്കം കണക്കാക്കപ്പെടുന്നത്. ഗവ

മെൻറിൻെറ വരവുകൾ വർദ്ധിപ്പിയ്ക്കാൻവേണ്ടി മാത്രമല്ല, ഏതെങ്കിലും വ്യവസായങ്ങളെ സംരക്ഷിയ്ക്കാൻവേണ്ടിയും ചുങ്കങ്ങൾ ചുമത്തപ്പെടാറുണ്ട്. ചുങ്കം ചുമത്തിയാൽ ചരക്കിൻെറ വില വർദ്ധിയ്ക്കുമെന്നു പറയേണ്ടതില്ലല്ലോ. ഇറക്കുമതിച്ചരക്കുകൾ ചുരുങ്ങിയ വിലയ്ക്കു വിററ് ദേശീയ വ്യവസായങ്ങളുമായി മത്സരിയ്ക്കാൻ ശ്രമിയ്ക്കുന്ന വിദേശ മുതലാളികൾക്ക് ചുങ്കം ഒരു പ്രതിബന്ധമായിത്തീരുന്നു. ഇറക്കുമതിച്ചുങ്കങ്ങൾ വർദ്ധിപ്പിച്ചാൽ ഇറക്കുമതികൾ കുറയും. അതോടൊപ്പം ചുങ്കംവഴിയ്ക്ക് ഗവമ്മെണ്ടിന്നു കിട്ടാനിടയുള്ള സംഖ്യയും കുറയും. പക്ഷേ, ദേശീയ വ്യവസായങ്ങൾ അഭിവൃദ്ധിപ്പെട്ടുവെന്നുവരും. അന്യരാജ്യങ്ങളിൽനിന്നുള്ള മത്സരങ്ങളെ തടഞ്ഞു് ദേശീയവ്യവസായങ്ങളെ സംരക്ഷിയ്ക്കാൻവേണ്ടി ചുമത്തപ്പെടുന്ന ചുങ്കത്തിന്നു് സംരക്ഷണച്ചുങ്കം എന്നു പറയുന്നു. ഗവമ്മെണ്ടിൻെറ വരവിനങ്ങൾ വർദ്ധിപ്പിയ്ക്കാൻവേണ്ടി ചുമത്തപ്പെടുന്ന ചുങ്കത്തിന്നു് റവന്യൂഡ്യൂട്ടി അല്ലെങ്കിൽ താരീപ്പ് എന്നു പറയുന്നു.

### വിനിമയനിരക്ക്

വിദേശവ്യാപാരത്തെസ്സംബന്ധിച്ചേടത്തോളം പണസംബന്ധമായ ഒരു ബുദ്ധിമുട്ടുകൂടിയുണ്ട്. പണത്തിൻെറ സഹായത്തോടുകൂടിയാണല്ലോ ചരക്കുകളുടെ കൈമാററം നടക്കുന്നതു്. എല്ലാ രാജ്യങ്ങളിലും

ഒരേ നാണയവ്യവസ്ഥയാണുള്ളതെങ്കിൽ കുഴപ്പമില്ല. പക്ഷെ, അതല്ല സ്ഥിതി. വ്യത്യസ്തരാജ്യങ്ങളിൽ വിഭിന്നങ്ങളായ നാണയവ്യവസ്ഥയാണുള്ളത്. ഒരു രാജ്യത്തിലെ പണം മററു രാജ്യങ്ങളിൽ പ്രചരിയ്ക്കുന്നില്ല. ഇന്ത്യയിലെ ചരക്കുകൾ വാങ്ങാൻ ഉറുപ്പിക യാവശ്യമുള്ളതുപോലെ ഇംഗ്ലണ്ടിലെ ചരക്കുകൾ വാങ്ങാൻ പൗണ്ട് സ്റ്റർലിങ്ങ് വേണം. അമേരിക്കയിൽനിന്നാണ് ചരക്കുകൾ വാങ്ങുന്നതെങ്കിൽ ഉറുപ്പികയോ പൗണ്ട് സ്റ്റർലിങ്ങോ കയ്യിലുണ്ടായതുകൊണ്ടു കാര്യമില്ല. അതിന്നു ഡോളർതന്നെ വേണം. ഫ്രാൻസിൽനിന്നു ചരക്കുകൾ വാങ്ങാൻ ഫ്രാങ്കും സോവിയററുയൂനിയനിൽനിന്നു ചരക്കുകൾ വാങ്ങാൻ റൂബിളും വേണം. ഒററ വാചകത്തിൽ പറഞ്ഞാൽ, വിദേശരാജ്യങ്ങളിൽനിന്നു ചരക്കുകൾ വാങ്ങാൻ വിദേശവിനിമയം വേണം.

ഇന്ത്യക്കാരൻെറ കയ്യിൽ ഉറുപ്പികയേയുള്ളു. അമേരിക്കയിൽനിന്നു 10 ഡോളർ വിലയുള്ള ഒരു ചരക്കു വാങ്ങണമെങ്കിൽ എന്താണു ചെയ്യുക? 10 ഡോളറിന്നു എത്ര ഉറുപ്പികയാണു കൊടുക്കേണ്ടതു? ഉറുപ്പികകൊണ്ടു അമേരിക്കക്കാരന്നു എന്താണു പ്രയോജനം? പ്രയോജനമുണ്ടു. ഇന്ത്യക്കാരന്നു അമേരിക്കൻ ചരക്കുകൾ ആവശ്യമുള്ളതുപോലെ അമേരിക്കക്കാരന്നു ഇന്ത്യൻ ചരക്കുകളും ആവശ്യമുണ്ടാവും. ഇന്ത്യൻ ചരക്കുകൾ വാങ്ങാൻ ഉറുപ്പിക വേണമല്ലോ. 10 ഡോളർ വിലപിടിച്ച അമേരിക്കൻ ചരക്കിന്നു

പകരം അത്രതന്നെ വിലപിടിച്ച ഇന്ത്യൻ ചരക്കുകൾ കൊടുത്താൽ മതി. പക്ഷേ 10 ഡോളർ എത്ര ഉറുപ്പികയ്ക്കു സമമാണ് എന്നു തിട്ടപ്പെടുത്താൻ കഴിഞ്ഞാലേ ചരക്കുകളുടെ കൈമാററത്തിന്റെ തോതു കണക്കാക്കാൻ കഴിയൂ. ഇതുപോലെതന്നെ ബ്രിട്ടനും അമേരിക്കയും തമ്മിലുള്ള വ്യാപാരബന്ധത്തിൽ ഒരു പവണ്ട് സ്റ്റർലിങ്ങ് എത്ര ഡോളറിന്നു സമമാണ് എന്നു കണക്കാക്കേണ്ടിവരും. ഇന്ത്യക്കാരൻ അമേരിക്കയിൽനിന്നു ചരക്കുകൾ വാങ്ങാനാഗ്രഹിയ്ക്കുന്നുണ്ടെങ്കിൽ ഉറുപ്പിക ഡോളറാക്കി മാററണം. അതുപോലെതന്നെ അമേരിക്കക്കാരൻ ഇംഗ്ലണ്ടിൽനിന്നു ചരക്കുകൾ വാങ്ങുമ്പോൾ ഡോളർ പവണ്ട് സ്റ്റർലിങ്ങാക്കി മാററണം. ചുരുക്കിപ്പറഞ്ഞാൽ, വിവിധരാജ്യങ്ങളിലെ നാണ്യങ്ങളെ പരസ്പരം മാററുക എന്നതു് വിദേശവ്യാപാരത്തിന്റെ ഒഴിച്ചുകൂടാൻവയ്യാത്ത ഒരാവശ്യമാണ്. ഒരു രാജ്യത്തിലെ അടിസ്ഥാനനാണ്യം മറെറാതെങ്കിലും രാജ്യത്തിലെ എത്ര അടിസ്ഥാനനാണ്യങ്ങൾക്കു സമമാണ് എന്നു കാണിയ്ക്കുന്ന ബന്ധത്തിന്നു് വിനിമയനിരക്ക് (Exchange Rate) എന്നു പറയുന്നു.

### സ്വർണ്ണമാനവ്യവസ്ഥ

ഓരോ നാണ്യവും എത്ര സ്വർണ്ണത്തിന്നു സമമാണ് എന്നു മനസ്സിലാക്കാൻ കഴിഞ്ഞാൽ വിവിധ

രാജ്യങ്ങളിലെ നാണ്യങ്ങൾതമ്മിലുള്ള ബന്ധം, അല്ലെങ്കിൽ വിനിമയനിരക്ക്, കണക്കാക്കാൻ സാധിയ്ക്കും. ഉദാഹരണത്തിന്ന്, ഒരു പൗണ്ട് സ്റ്റർലിങ്ങിലടങ്ങിയ സ്വർണ്ണവും 25 ഫ്രാങ്കിലടങ്ങിയ സ്വർണ്ണവും സമമാണെങ്കിൽ ഒരു പൗണ്ട് 25 ഫ്റാങ്കിന്നു സമമാണ് എന്നു പറയാം. അതുപോലെ 4ക. കൊടുത്താൽ കിട്ടുന്നത്ര സ്വർണ്ണവും ഒരു ഡോളർ കൊടുത്താൽ കിട്ടുന്നത്ര സ്വർണ്ണവും സമമാണെങ്കിൽ ഒരു ഡോളർ 4ക.യ്ക്കു സമമായിരിയ്ക്കും.

ഒന്നാംലോകമഹായുദ്ധത്തിന്നുമുമ്പ് പല രാജ്യങ്ങളും സ്വർണ്ണമാനത്തിലായിരുന്നു. എന്നുവെച്ചാൽ, നിശ്ചിതമായ മാററം തൂക്കവുമുള്ള സ്വർണ്ണനാണ്യമായിരുന്നു അടിസ്ഥാനനാണ്യം. നോട്ടുകളും ടോക്കൻ നാണ്യങ്ങളും മററും പ്രചാരത്തിലുണ്ടായിരുന്നുവെന്നതു ശരിതന്നെ. പക്ഷേ, അവ കൊടുത്താൽ പകരം സ്വർണ്ണനാണ്യങ്ങളോ അവയുടെ മുഖവിലയ്ക്കുള്ള സ്വർണ്ണക്കട്ടികളോ കൊടുക്കാൻ ഗവമ്മേണ്ടുകൾ ചുമതലപ്പെട്ടിരുന്നു. ഒരാൾ തന്റെ കയ്യിലുള്ള പണം — നാണ്യമായാലും ശരി, നോട്ടായാലും ശരി — ഗവമ്മേണ്ടിന്റെ ആഭിമുഖ്യത്തിലുള്ള കേന്ദ്രബാങ്കിലടച്ച് അത്രയും സംഖ്യയ്ക്കുള്ള സ്വർണ്ണം മററു രാജ്യങ്ങളിലേയ്ക്കയയ്ക്കണമെന്നാവശ്യപ്പെട്ടാൽ മതി, കേന്ദ്രബാങ്ക് സ്വർണ്ണം കൊടുത്ത് മററു രാജ്യങ്ങളിൽനിന്നു വരുത്തുന്ന ചരക്കുകളുടെ വിലയടച്ചുകൊള്ളും. ഈ പരിതഃസ്ഥിതിയിൽ സ്വർണ്ണമാനത്തിലുള്ള നാണ്യ

ങ്ങൾ തമ്മിൽ കൈമാററാൻ വിഷമമുണ്ടായിരുന്നില്ല. നാണ്യങ്ങൾ തമ്മിലുള്ള കൈമാററത്തോത്, അല്ലെങ്കിൽ വിനിമയനിരക്ക്, അവയിലടങ്ങിയ സ്വർണ്ണത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കാമായിരുന്നു. ഉദാഹരണത്തിന്ന്, ഡോളറിലും പവണ്ടിലുമടങ്ങിയ സ്വർണ്ണത്തിന്റെ തോതനുസരിച്ച് ഒരു പവണ്ട് എത്ര ഡോളറിന്നു സമമാണ് എന്നു കണക്കാക്കാമായിരുന്നു. ഈ നിശ്ചിതമായ തോതിന്റെ അടിസ്ഥാനത്തിലാണ് വിദേശവ്യാപാരം നടന്നിരുന്നത്.

## എക്സ്ചേഞ്ച്ബില്ലുകൾ

ഓരോ രാജ്യത്തിലും ഒരാൾ മാത്രമല്ല, അനേകം പേർ വിദേശവ്യാപാരത്തിലേർപ്പെട്ടിട്ടുണ്ടാവും. ചിലർ മററു രാജ്യങ്ങളിൽനിന്നു ചരക്കുകൾ ഇറക്കുമതിചെയ്യുന്നവരായിരിയ്ക്കും. മററുചിലർ ചരക്കുകൾ കയററുമതിചെയ്യുന്നവരും. ചരക്കുകൾ ഇറക്കുമതിചെയ്യുന്ന ഓരോ കച്ചവടക്കാരനും അപ്പപ്പോൾ മററു രാജ്യങ്ങളിലേയ്ക്ക് സ്വർണ്ണം കയററി അയയ്ക്കേണ്ടിവരുമോ? ഇല്ല. എക്സ്ചേഞ്ച്ബില്ലുകൾ വഴിയ്ക്കാണ് വിദേശവ്യാപാരം നടക്കുന്നത്. പണം കൊടുക്കാനുള്ള ഇറക്കുമതിക്കാരൻ പണം കിട്ടാനുള്ള കയററുമതിക്കാരന്റെപേരിൽ ഒപ്പിട്ടുകൊടുക്കുന്ന വാഗ്ദാനപത്രത്തിന്ന് (വിദേശഹുണ്ടിയ്ക്ക്) ആണ് എക്സ്ചേഞ്ച്ബിൽ എന്നു പറയുന്നത്. കയററുമതിക്കാരൻ ഇറക്കു

മതിക്കാരന്നു ബില്ലയയ്ക്കുന്നു. ഇറക്കുമതിക്കാരൻ ബില്ലിൽ ഒപ്പിട്ടുകൊടുത്തു് അതു സ്വീകരിയ്ക്കുന്നു. എന്നുവെച്ചാൽ, അതു സ്വീകാര്യമാണെന്നു വ്യക്തമാക്കിക്കൊണ്ടു് ഒപ്പിട്ടു തിരിച്ചുകൊടുക്കുന്നു. രണ്ടുതരത്തിലുള്ള ബില്ലുകളുണ്ടു്. ദർശനബില്ലുകളും (സൈററ് ബിൽ) കാലാവധിബില്ലുകളും (ടൈംബിൽ). സൈററ്ബില്ലിന്നു് പണം ഉടനടി കൊടുക്കണം. കാലാവധിബില്ലിന്നാണെങ്കിൽ അതിൽ പറഞ്ഞിട്ടുള്ള കാലാവധിയ്ക്കുശേഷം — ഉദാഹരണത്തിന്നു് 3 മാസങ്ങൾക്കുശേഷം — പണമടച്ചുതീർത്താൽ മതി.

ബില്ലുകൾ പണമാക്കി മാററുന്നതു് ബാങ്കുകൾ വഴിയ്ക്കാണു്. കയററുമതിക്കാരൻ തൻെറ കയ്യിലുള്ള ബിൽ ബാങ്കിലടച്ചു പണം വാങ്ങുന്നു. ഈ സേവനത്തിന്നു പ്രതിഫലമായി ബാങ്കു് ചെറിയൊരു വട്ടി ചുമത്തുമെന്നു പറയേണ്ടതില്ലല്ലോ. സൈററ്ബില്ലാണെങ്കിൽ അതു് ഇറക്കുമതിക്കാരന്നു കൊടുക്കുന്നസമയത്തുതന്നെ പണം കിട്ടും. അതുകൊണ്ടു് ചുരുങ്ങിയ പലിശയേ എടുക്കുകയുള്ളു. നേരെമറിച്ചു്, ടൈംബില്ലാണെങ്കിൽ മൂന്നു മാസം കഴിഞ്ഞിട്ടേ ഇറക്കുമതിക്കാരനിൽനിന്നു പണമീടാക്കാൻ കഴിയൂ. അതുകൊണ്ടു് അത്തരം ബില്ലുകൾക്കു് സ്വാഭാവികമായും കൂടുതൽ വട്ടി ചുമത്തപ്പെടും. ഓരോ ഇറക്കുമതിക്കാരനിൽ നിന്നും കിട്ടുന്ന പണം അപ്പപ്പോൾ സ്വർണ്ണമാക്കി മാററി കയററി അയയ്ക്കേണ്ടിവരില്ല. ഓരോ രാജ്യത്തിലും ഇറക്കുമതിക്കാരെന്നപോലെ കയററുമതി

ക്കാരുമുണ്ടായിരിയ്ക്കുമല്ലോ. ഒട്ടാകെ കയററുമതി ചെയ്യുന്ന ചരക്കുകളുടേയും ഇറക്കുമതി ചെയ്യുന്ന ചരക്കുകളുടേയും വിലകൾ തമ്മിൽ തട്ടിക്കിഴിയ്ക്കുകയും അവസാനം ബാങ്കുകൾവഴിയായി കണക്കുകൾ ശരിപ്പെടുത്തുകയും ചെയ്താൽ മതി. ഒട്ടാകെ കയററുമതി ചെയ്യുന്ന ചരക്കുകളുടെ വിലകളും ഇറക്കുമതിചെയ്യുന്ന ചരക്കുകളുടെ വിലകളും തമ്മിലുള്ള വ്യത്യാസം മാത്രമേ ഒരു രാജ്യത്തിൽനിന്നു് മറെറാരു രാജ്യത്തിലേയ്ക്കു് സ്വർണ്ണമായി കയററി അയയ്ക്കേണ്ടിവരികയുള്ളൂ. കയററുമതിയും ഇറക്കുമതിയും സമമാണെങ്കിൽ രാജ്യങ്ങൾ തമ്മിൽ സ്വർണ്ണം കൈമാറേണ്ട ആവശ്യം വരില്ല.

### വ്യാപാരശിഷ്ടവും അടവിന്റെ ശിഷ്ടവും

കയററുമതിയും ഇറക്കുമതിയും തമ്മിലുള്ള വ്യത്യാസത്തിന്നു് വ്യാപാരശിഷ്ടം എന്നു പറയുന്നു. ഒരു രാജ്യത്തിന്റെ ഇറക്കുമതി കയററുമതിയേക്കാൾ കുറവാണെങ്കിൽ വ്യാപാരശിഷ്ടം ആ രാജ്യത്തിന്നനുകൂലവും ഇറക്കുമതി കയററുമതിയേക്കാൾ കൂടുതലാണെങ്കിൽ വ്യാപാരശിഷ്ടം പ്രതികൂലവുമായിരിയ്ക്കും. വ്യാപാരശിഷ്ടം പ്രതികൂലമാണെങ്കിൽ, അതായതു്, ഇറക്കുമതി കയററുമതിയേക്കാൾ കൂടുതലാണെങ്കിൽ, കൂടുതലായി വരുന്ന സംഖ്യ കയററി അയയ്ക്കേണ്ടി

വരും. ഓരോ സന്ദർഭത്തിലും സ്വർണ്ണംതന്നെ കയററി അയച്ചുകൊള്ളണമെന്നില്ല. മററു രാജ്യങ്ങളിൽ നിക്ഷേപിയ്ക്കപ്പെട്ടിട്ടുള്ള സ്വർണ്ണത്തിൽ നിന്നോ മൂലധനനിക്ഷേപത്തിൽനിന്നോ കടമെടുപ്പുകൾവഴിയായോ വേറെ ഏതെങ്കിലും രാജ്യത്തിലേയ്ക്കു കയററുമതിചെയ്ത വകയിലുള്ള വരവിനങ്ങളിൽ നിന്നോ ആവശ്യമായ തുക അടച്ചുതീക്കാവുന്നതാണ്. വ്യാപാരശിഷ്ടം അനുകൂലമാണെങ്കിൽ മററു രാജ്യങ്ങളിൽനിന്നു സ്വർണ്ണം ഇറക്കുമതിചെയ്യപ്പെടുകയും ചെയ്യും.

എന്നാൽ, ഒരു രാജ്യത്തിൻെറ വ്യാപാരശിഷ്ടം കണക്കാക്കുമ്പോൾ ആ രാജ്യവും മറെറതെങ്കിലുമൊരു രാജ്യവും തമ്മിലുള്ള വ്യാപാരബന്ധം മാത്രം പരിശോധിച്ചാൽ പോരാ. ഒരു രാജ്യത്തിന്നുതന്നെ മററു പല രാജ്യങ്ങളുമായും വ്യാപാരബന്ധങ്ങളുണ്ടാവും. ഒട്ടാകെ ഇറക്കുമതിചെയ്യുന്ന ചരക്കുകളുടെ വിലയും കയററുമതിചെയ്യുന്ന ചരക്കുകളുടെ വിലയും തമ്മിലുള്ള വ്യത്യാസമാണ് കണക്കാക്കേണ്ടതു്. മറെറാരു പ്രശ്നംകൂടിയുണ്ടു്. രാജ്യങ്ങൾ തമ്മിൽ ഇറക്കുമതിയും കയററുമതിയും മാത്രമല്ല ഉള്ളതു്. മററു പലതരത്തിലുള്ള സാമ്പത്തികബന്ധങ്ങളുമുണ്ടു്. ഉദാഹരണത്തിന്നു്, ഒരു രാജ്യത്തിലെ മുതലാളികൾ മറെറാരു രാജ്യത്തിൽ മൂലധനം നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ അതിൽനിന്നുള്ള ആദായം വരാനുണ്ടാവും. ഒരു രാജ്യത്തിലെ ആളുകൾ മറെറാരു രാജ്യത്തിൽ സഞ്ചരിയ്ക്കു

കയോ വിദ്യാഭ്യാസത്തിന്നോ ആരോഗ്യത്തിന്നോ വേണ്ടി താമസിയ്ക്കുകയോ ചെയ്യുമ്പോൾ പണം ചെലവിടേണ്ടിവരും. ഇങ്ങിനെ, വിവിധതരത്തിലുള്ള സാമ്പത്തികബന്ധങ്ങളുണ്ടാവും. മററു രാജ്യങ്ങളിൽ നിന്നു് പല ഇനങ്ങളിലുമായി ഒട്ടാകെ കിട്ടാനുള്ള തുകയും മററു രാജ്യങ്ങൾക്കു് ഒട്ടാകെ കൊടുത്തുതീർക്കാനുള്ള തുകയും തമ്മിലുള്ള വ്യത്യാസമാണു് കണക്കാക്കേണ്ടതു്. ഈ വ്യത്യാസത്തിന്നു് അടവിന്റെ ശിഷ്ടം (Balance of Payment) എന്നു പറയുന്നു. അടവിന്റെ ശിഷ്ടം പ്രതികൂലമായി വരുമ്പോൾ മാത്രമേ മററു രാജ്യങ്ങളിലേയ്ക്കു പണം അയയ്ക്കേണ്ടി വരികയുള്ളു.

## സ്വർണ്ണരേഖകൾ

ഇറക്കുമതി കയററുമതിയേക്കാൾ വർദ്ധിയ്ക്കുക എന്നുവെച്ചാൽ ചരക്കുകൾ കയററി അയയ്ക്കുന്ന രാജ്യത്തിന്റെ പണത്തിന്നുള്ള ഡിമാണ്ടു് വർദ്ധിയ്ക്കുക എന്നർത്ഥമാണു്. ഡിമാണ്ടു വർദ്ധിച്ചാൽ വിലയും വർദ്ധിയ്ക്കും. ഇതിന്റെ അർത്ഥം കൂടുതൽ കയററുമതി ചെയ്യുന്ന രാജ്യത്തിലെ പണം കൊടുത്താൽ ഇറക്കുമതിചെയ്യുന്ന രാജ്യത്തിലെ പണം കൂടുതൽ കിട്ടുമെന്നാണു്. മറെറാരുവിധം പറഞ്ഞാൽ, ഇറക്കുമതി ചെയ്യുന്ന രാജ്യത്തിന്റെ പണവും കയററുമതിചെയ്യുന്ന രാജ്യത്തിന്റെ പണവും തമ്മിലുള്ള വിനിമയ

നിരക്ക് കയററുമതിചെയ്യുന്ന രാജ്യത്തിന്നനുകൂലമായി മാറും. ഉദാഹരണത്തിന്നു്, ബ്രിട്ടൻ അമേരിക്കയിൽനിന്നു് സ്വന്തം കയററുമതിയേക്കാൾ കൂടുതൽ ചരക്കുകൾ വാങ്ങുന്നുവെന്നിരിയ്ക്കട്ടെ. എന്നാൽ ഓരോ ഡോളറിന്നും കൂടുതൽ പൗണ്ടു് കൊടുക്കേണ്ടിവരും. ഡോളറിലും പൗണ്ടിലുമടങ്ങിയ സ്വർണ്ണത്തിൻെറ തോതനുസരിച്ചുള്ള വിനിമയനിരക്ക് ഒരു പൗണ്ടിന്നു 4.86 ഡോളർ ആണെന്നു വിചാരിയ്ക്കുക. ഡോളറിൻെറ ഡിമാണ്ടു വർദ്ധിച്ചാൽ ഓരോ ഡോളറിന്നും കൂടുതൽ പൗണ്ടു് കൊടുക്കേണ്ടിവരും. 100 പൗണ്ടിന്നു 486 ഡോളർ കിട്ടിയിരുന്നേടത്തു് 400 ഡോളറോ 350 ഡോറോ മാത്രമേ കിട്ടുകയുള്ളു എന്നു വരും. ഈ സ്ഥിതിയിൽ 4.86 ഡോളർ വിലയുണ്ടായിരുന്ന ഒരമേരിക്കൻ ചരക്കിന്നു് ഒരു പൗണ്ടു് കൊടുത്താൽ മതിയാവില്ല. ഒന്നേകാൽ പൗണ്ടോ ഒന്നര പൗണ്ടോ കൊടുക്കേണ്ടിവരും. ഇങ്ങിനെ ഡോളറിൻെറ വിനിമയനിരക്ക് വർദ്ധിയ്ക്കുകയും പൗണ്ടിൻെറ വിനിമയനിരക്ക് കുറയുകയും ചെയ്യുന്നു. അമേരിക്കയിൽനിന്നു് ഇംഗ്ലണ്ടിലേയ്ക്കുള്ള കയററുമതി വർദ്ധിച്ചാൽ ഡോളറിൻെറ ഡിമാണ്ടും അതോടൊപ്പം അതിൻെറ വിനിമയനിരക്കും വർദ്ധിയ്ക്കുമെന്നതു ശരിതന്നെ. പക്ഷേ, എത്രത്തോളം വർദ്ധിയ്ക്കും? സാധാരണ പരിതഃസ്ഥിതിയിൽ വിനിമയനിരക്കിൻെറ കയററത്തിന്നും ഇറക്കത്തിന്നും ചില നിശ്ചിതാതിർത്തികളുണ്ടായിരിയ്ക്കും. ഈ അതിർത്തികളെ നിർണ്ണയിയ്ക്കുന്നതു് ഓരോ രാജ്യത്തിൻെറയും പണത്തിലടങ്ങിയ സ്വർണ്ണ

ത്തിന്റെ തോതും ഒരു രാജ്യത്തിൽനിന്നു് മററൊരു രാജ്യത്തിലേയ്ക്കു് സ്വർണ്ണം കയററിഅയയ്ക്കാൻ ആവശ്യമായ ട്രാൻസ്പോർട്ടുചിലവുകളുമാണു്. ഒരു രാജ്യത്തിലെ പണവും മററൊരു രാജ്യത്തിലെ പണവും തമ്മിലുള്ള കൈമാററത്തേക്കാൾ ആദായകരമാണു് സ്വർണ്ണംതന്നെ കയററിഅയച്ചു ചരക്കുകൾ വാങ്ങുന്നതു് എന്നു വന്നാൽ ആളുകൾ വിദേശരാജ്യങ്ങളുടെ വിനിമയത്തിന്നു പകരം സ്വർണ്ണം കയററി അയയ്ക്കുകയാണു് ചെയ്യുക.

നമ്മുടെ ഉദാഹരത്തിൽ 1 പൌണ്ടു് 4.86 ഡോളറിന്നു സമമാണു്. എന്തുകൊണ്ടെന്നാൽ, രണ്ടിലുമടങ്ങിയ സ്വർണ്ണം സമമാണു്. 100 പൌണ്ടിലടങ്ങിയ സ്വർണ്ണം ഇംഗ്ലണ്ടിൽനിന്നു് അമേരിക്കയിലേയ്ക്കു് കയററി അയയ്ക്കാൻ 25 ഡോളർ ചിലവുവരുമെന്നു വിചാരിയ്ക്കുക. എന്നാൽ, 100 പൌണ്ടിന്റെ വിനിമയനിരക്കു് 461 ഡോളറിൽ കുറയില്ല. (ഒരു പൌണ്ടു് 461 ഡോളർ) കാരണം, 461 ഡോളറിലും കുറഞ്ഞാൽ ഉദാഹരണത്തിന്നു് 460 ഡോളറായാൽ (ഒരു പൌണ്ടിന്നു് 4.6 ഡോളറേ കിട്ടൂ എന്നു വന്നാൽ) ഇംഗ്ലണ്ടിൽനിന്നു് അമേരിക്കയിലേയ്ക്കു് സ്വർണ്ണം കയററി അയയ്ക്കുകയായിരിയ്ക്കും കൂടുതൽ ആദായകരം. ഈ സ്ഥിതിയിൽ പൌണ്ടു് കൊടുത്തു ഡോളർ വാങ്ങാൻ ആരും മിനക്കെടുകയില്ല. അതുകൊണ്ടു് അമേരിക്കയിൽനിന്നു് ഇംഗ്ലണ്ടിലേയ്ക്കുള്ള കയററുമതി എത്ര

തന്നെ വർദ്ധിച്ചാലും പൗണ്ടിൻെറ വിനിമയനിരക്ക് 461 ഡോളറിൽ കുറയുകയില്ല.

നേരെമറിച്ച്, ഇംഗ്ലണ്ടിൻെറ ഇറക്കുമതിയല്ല, കയററുമതിയാണ് വർദ്ധിയ്ക്കുന്നതെങ്കിൽ പൗണ്ടിൻെറ വിനിമയനിരക്കാണ് കയറുക. എത്രത്തോളം കയറും ? 486 ഡോളറിലടങ്ങിയ സ്വർണ്ണം കയററി അയയ്ക്കാൻ 25 ഡോളർ വരുമെങ്കിൽ 100 പൗണ്ടിൻെറ വിനിമയനിരക്ക് 511 ഡോളറായിരിയ്ക്കും. (1 പൗണ്ട് 5.11 ഡോളർ) ഡോളറിൻെറ വിനിമയനിരക്ക് 5.11 ഡോളറിലും കൂടിയാൽ അമേരിക്കക്കാരൻ ഡോളർ കൊടുക്കുന്നതിന്നുപകരം സ്വർണ്ണം കയററി അയയ്ക്കുകയാണ് ചെയ്യുക. അതുകൊണ്ട് ഇംഗ്ലണ്ടിൻെറ കയററുമതി എത്രതന്നെ വർദ്ധിച്ചാലും വിനിമയനിരക്ക് 5.11 ഡോളറിലധികമാവുകയില്ല.

സ്വർണ്ണമാനം നിലവിലുണ്ടെങ്കിൽ മാത്രമേ വിനിമയനിരക്കുകളെ ഈവിധത്തിൽ കണക്കാക്കാൻ കഴിയൂ. എന്നാൽ ഇന്ന് ഒരിടത്തും സ്വർണ്ണമാനം നിലവിലില്ല. നോട്ടുകളും ടോക്കൻ നാണ്യങ്ങളും ഇഷ്ടം പോലെ സ്വർണ്ണമാക്കി മാററാൻ ജനങ്ങൾക്കധികാരമില്ല. ചരക്കുകളുടെ ഇറക്കുമതിയ്ക്കു പകരം സ്വർണ്ണം കയററി അയയ്ക്കാൻ കച്ചവടക്കാർക്ക് സ്വാതന്ത്ര്യമില്ല. ഈ പരിതഃസ്ഥിതിയിൽ രണ്ടു രാജ്യങ്ങളിലെ കറൻസികളുടെ വിനിമയനിരക്ക് അവയുടെ ക്രയശക്തിയെ അടിസ്ഥാനപ്പെടുത്തി മാത്രമേ കണക്കാക്കാൻ കഴിയൂ.

പണത്തിൻെറ ക്രയശക്തി ചരക്കുകളുടെ വിലകളെ ആശ്രയിച്ചിരിയ്ക്കുന്നു. 4 ഡോളറിന്നു കിട്ടുന്ന ചരക്കുകൾ ഒരു പൗണ്ടിന്നു കിട്ടുമെങ്കിൽ ഒരു പൗണ്ടിൻെറ വിനിമയനിരക്ക് 4 ഡോളറാണ് എന്നു പറയാം. പണത്തിൻെറ തുകയിലോ ചരക്കുകളുടെ വിലകളിലോ എക്സ്ചേഞ്ച് ബില്ലുകളുടെ ഡിമാണ്ട്, സപ്ലൈ എന്നിവയിലോ മാററമുണ്ടായാൽ വിനിമയനിരക്കിലും മാററമുണ്ടാവും. 4 ഡോളറിന്നു കിട്ടുന്ന ചരക്കുകൾ ഒരു പൗണ്ടിന്നു കിട്ടുകയില്ലെങ്കിൽ പൗണ്ടിൻെറ വിനിമയനിരക്ക് കുറഞ്ഞുവെന്നാണർത്ഥം.

അമേരിക്കയിൽനിന്നുള്ള ബ്രിട്ടൻെറ ഇറക്കുമതി അമേരിക്കയിലേയ്ക്കുള്ള കയററുമതിയേക്കാൾ കൂടുതലായാൽ അമേരിക്കൻ ബില്ലുകളുടെ ഡിമാണ്ട് വർദ്ധിയ്ക്കും. അതോടൊപ്പം ഡോളറിൻെറ ഡിമാണ്ടും വർദ്ധിയ്ക്കും. ഈ സ്ഥിതിയിൽ 4 ഡോളർ വിലയുള്ള ഒരു ചരക്കിന്നു് 1 പൗണ്ട് കിട്ടിയാൽ അമേരിക്കൻ കച്ചവടക്കാരൻ തൃപ്തിപ്പെടുകയില്ല. 4 ഡോളറിന്നു് ഒന്നേഅരയ്ക്കാൽ പൗണ്ടോ ഒന്നേകാൽ പൗണ്ടോ കിട്ടണമെന്നു് ആയാളാവശ്യപ്പെട്ടേയ്ക്കും. പൗണ്ടിൻെറ ഡോളർവിലയിടിയുന്നു എന്നാണിതിൻെറ അർത്ഥം. അമേരിക്കയിൽനിന്നു് ഇറക്കുമതി ചെയ്യുന്ന ചരക്കുകളുടെ വില അമേരിക്കയിലേയ്ക്കുള്ള കയററുമതിച്ചരക്കുകളുടെ വിലയേക്കാൾ വർദ്ധിയ്ക്കുക കൂടി ചെയ്താൽ പൗണ്ടിൻെറ വിനിമയനിരക്ക്

പിന്നേയും താഴും. ഇങ്ങിനെ ചരക്കിൻെറ വിലയിലും പണത്തിൻെറ ഡിമാണ്ടിലുമുണ്ടാകുന്ന മാററങ്ങൾക്കനുസരിച്ച് വിനിമയനിരക്ക് കയറുകയോ താഴുകയോ ചെയ്യുന്നു.

## 'ഡീവാല്യൂവേഷൻ'

ചിലപ്പോൾ ഗവമ്മെണ്ടുകൾതന്നെ മുൻകയ്യെടുത്ത് പണത്തിൻെറ വില കുറയ്ക്കാറുണ്ട്. ഇതിന്ന് ഡീവാല്യൂവേഷൻ (Devaluation) അല്ലെങ്കിൽ പണത്തിൻെറ വില കുറയ്ക്കൽ എന്നു പറയുന്നു. 1949-ൽ ബ്രിട്ടനും ഇന്ത്യയും അടക്കമുള്ള പല രാജ്യങ്ങളും തങ്ങളുടെ കറൻസികളുടെ വില കുറയ്ക്കുകയുണ്ടായി. അതിന്നുമുമ്പ് പൗണ്ടിൻെറ വിനിമയനിരക്ക് ഏതാണ്ട് 4 ഡോളറായിരുന്നു. ഡീവാല്യൂവേഷൻെറ ഫലമായി പൗണ്ടിൻെറ വിനിമയനിരക്ക് 2.8 ഡോളറായിത്തീർന്നു. അതായത്, ഒരു ഡോളറിൻെറ വില 5 ഷില്ലിങ്ങിൽനിന്ന് 7 ഷില്ലിങ്ങായി വർദ്ധിച്ചു. ഇതിൻെറ അർത്ഥം 5 ഷില്ലിങ്ങ് വിലയുണ്ടായിരുന്ന അമേരിക്കൻ ചരക്കുകൾക്ക് 7 ഷില്ലിങ്ങ് കൊടുക്കേണ്ടിവന്നുവെന്നാണ്. ഇങ്ങിനെ ഡോളറിൻെറ വില കയറുകയും പൗണ്ടിൻെറ വിലയിടിയുകയും ചെയ്തു.

ബ്രിട്ടീഷുഭരണാധികാരികൾ പൗണ്ടിൻെറ വില കുറച്ചതെന്തിനാണ്? അമേരിക്കയിൽനിന്നുള്ള

ബ്രിട്ടന്റെ ഇറക്കുമതികൾ വർദ്ധിച്ചുവരികയായിരുന്നു. അമേരിക്കൻ മാർക്കററിൽ വില്ക്കപ്പെട്ടിരുന്ന ബ്രിട്ടീഷ്ചരക്കുകൾ താരതമ്യേന കുറവുമായിരുന്നു. ഇങ്ങിനെ വ്യാപാരത്തിന്റേയും അടവുകളുടേയും അവശിഷ്ടങ്ങൾ ബ്രിട്ടന്നെതിരായിത്തീർന്നു. ഇതിന്റെഫലമായി അമേരിക്കൻ കയററുമതിക്കാരുടെ കയ്യിൽ വന്നുചേർന്ന പൌണ്ടുകളെല്ലാം വാങ്ങാൻ അമേരിക്കൻ ഇറക്കുമതിക്കാർ മുന്നോട്ടു വരാതായി. എന്തെന്നാൽ, ഇറക്കുമതി താരതമ്യേന കുറവായതുകൊണ്ട് പൌണ്ടിന്നുള്ള ആവശ്യവും കുറവായിരുന്നു. ഈ പരിതഃസ്ഥിതിയിൽ അമേരിക്കൻ കയററുമതിക്കാർ തങ്ങളുടെ കയ്യിലുള്ള പൌണ്ടുകൾ കയ്യൊഴിയ്ക്കാൻവേണ്ടി ഓരോ പൌണ്ടും 4 ഡോളറിൽ കുറഞ്ഞ വിലയ്ക്കു വില്ക്കാൻ തയ്യാറായി. വിദേശവിനിമയക്കമ്പോളത്തിൽ പൌണ്ടിന്നു് സ്വന്തം വില നിലനിത്താൻ സാധിയ്ക്കാതായി. എന്നുവെച്ചാൽ പൌണ്ടിന്റെ വിലയിടിഞ്ഞു. ഈ ഘട്ടത്തിലാണു് ബ്രിട്ടീഷ്ഭരണാധികാരികൾ പൌണ്ടിന്റെ വിനിമയനിരക്കു് 4 ഡോളറിൽനിന്നു് 2.8 ഡോളറാക്കി ചുരുക്കിയതു്.

പൌണ്ടിന്റെ വില കുറയ്ക്കുക എന്നുവെച്ചാൽ അമേരിക്കയിൽനിന്നു് ഇറക്കുമതിചെയ്യുന്ന എല്ലാ ചരക്കുകളുടേയും വിലകൾ വർദ്ധിയ്ക്കുക എന്നർത്ഥമാണു്. 4 ഡോളർ വിലപ്പിടിച്ച ചരക്കുകൾ വാങ്ങാൻ മുമ്പ് 1 പൌണ്ടു് മാത്രമാണു് കൊടുത്തിരുന്നതു്. അത്രയും ചരക്കുകൾ കിട്ടാൻ ഇപ്പോൾ ഒന്നേ

കാൽ പൗണ്ടിലധികം കൊടുക്കണം. ജനങ്ങളുടെ ജീവിതനിലവാരം കൂടുതൽ അധഃപതിയ്ക്കുകയും തൊഴിലാളികളുടെ യഥാത്ഥ കൂലി കുറയുകയും ചെയ്യുന്നുവെന്നാണിതിന്റെ അത്ഥം. എന്തെന്നാൽ, കൂലിയായോ ശമ്പളമായോ കിട്ടുന്ന പണം കൊടുത്താൽ മുമ്പത്തേക്കാൾ കുറച്ചു ചരക്കുകൾ മാത്രമേ ഇപ്പോൾ കിട്ടുകയുള്ളു. അതുകൊണ്ടു് പണത്തിന്റെ വിലയിടിവു് അമേരിക്കൻ ചരക്കുകൾ വാങ്ങുന്ന ജനവിഭാഗങ്ങൾക്കു ഹാനികരമാണു്.

എന്നാൽ ഇതിന്നു മറെറാരു വശമുണ്ടു്. അമേരിക്കൻ ഇറക്കുമതിക്കാരെസ്സംബന്ധിച്ചേടത്തോളം ബ്രിട്ടീഷുചരക്കുകൾ കൂടുതൽ ചുരുങ്ങിയ വിലയ്ക്കു കിട്ടാൻ തുടങ്ങുന്നു. മുമ്പു് 4 ഡോളർ കൊടുത്താൽ കിട്ടിയിരുന്നത്ര ബ്രിട്ടീഷു ചരക്കുകൾ വാങ്ങാൻ ഇപ്പോൾ 3 ഡോളറിൽ താഴെ കൊടുത്താൽ മതി. ഈ വിലക്കുറവു കാരണം അമേരിക്കക്കാർ കൂടുതൽ ബ്രിട്ടീഷു് ചരക്കുകൾ വാങ്ങാൻ തുടങ്ങുന്നു. അങ്ങിനെ, ബ്രിട്ടീഷുകയററുമതികൾക്കു് തെല്ലൊരു പ്രചോദനം ലഭിയ്ക്കുന്നു.

എന്നാൽ, കയററുമതികൾക്കു ലഭിയ്ക്കുന്ന ഈ പ്രചോദനം താല്ക്കാലികവും ക്ഷണികവുമാണെന്നു കാണാൻ പ്രയാസമില്ല. നാണ്യങ്ങളുടെ വില കുറയ്ക്കുക എന്നുവെച്ചാൽ ഇറക്കുമതിച്ചരക്കുകളുടെ വില വർദ്ധിയ്ക്കുക എന്നാണല്ലോ അത്ഥം. വിദേശങ്ങളിലേയ്ക്കു കയററിഅയയ്ക്കാൻവേണ്ടി ബ്രിട്ടീഷുചരക്കുകൾ നിർമ്മി

യ്യുന്നതു് ഒരതിർത്തിവരെ മററുരാജ്യങ്ങളിൽനിന്നിറക്കുമതിചെയ്യുന്ന അസംസ്കൃതസാമഗ്രികളുപയോഗിച്ചുകൊണ്ടാണു്. പവുണ്ടിന്റെ വില കുറഞ്ഞാൽ ഇറക്കുമതിചെയ്യപ്പെടുന്ന അസംസ്കൃതസാമഗ്രികളുടെ വില വർദ്ധിയ്ക്കും. മാത്രമല്ല, ജീവിതച്ചെലവുകൾ വർദ്ധിയ്ക്കുമ്പോൾ കൂടുതൽ കൂലി കിട്ടണമെന്നു് തൊഴിലാളികളാവശ്യപ്പെട്ടുവെന്നുവരും. ഇങ്ങിനെ, ഉല്പാദനച്ചെലവുകൾ വർദ്ധിയ്ക്കുമ്പോൾ കയററുമതിചെയ്യുന്ന ചരക്കുകളുടെ വിലകളേയും കുറച്ചൊക്കെ വർദ്ധിപ്പിയ്ക്കേണ്ടിവരും.

മറെറാരു പ്രശ്നംകൂടിയുണ്ടു്. ഏതെങ്കിലുമൊരു രാജ്യം പണത്തിന്റെ വില കുറച്ചാൽ ആ രാജ്യത്തിന്റെ കയററുമതികൾക്കു പ്രചോദനം ലഭിയ്ക്കുമെന്നു പറഞ്ഞുവല്ലോ. ആ രാജ്യത്തിന്നു് വിദേശക്കമ്പോളങ്ങളിൽ മററു രാജ്യങ്ങളുമായി മത്സരിയ്ക്കാൻ കൂടുതൽ സൗകര്യം ലഭിയ്ക്കും. പക്ഷേ, ഇതു കണ്ടുകൊണ്ടു് മററു രാജ്യങ്ങളെല്ലാം വെറുതെയിരിയ്ക്കുകയില്ല. ഒരു രാജ്യത്തിന്റെ കറൻസിയുടെ വില കുറയ്ക്കപ്പെടുമ്പോൾ മററു കറൻസികളുടെ വിലകളും കുറയ്ക്കപ്പെടുന്നു. വില കുറയ്ക്കാതിരിക്കുന്നതാണു് കൂടുതൽ ആദായകരമെങ്കിൽ കുറയ്ക്കുകയുമില്ല. ഏതായാലും പണത്തിന്റെ വില കുറയ്ക്കുന്നതുകൊണ്ടുമാത്രം വിദേശക്കമ്പോളമത്സരങ്ങളിൽ സ്ഥിരമായ നേട്ടങ്ങളുണ്ടാക്കാൻ സാധിച്ചുവെന്നുവരില്ല.

1949-ൽ ബ്രിട്ടനും കോമൺവെൽത്തുരാജ്യങ്ങളും ഡോളർ മേഖലയിൽ തങ്ങൾക്കുണ്ടായ പ്രതികൂലാവസ്ഥയെ നേരിടാൻവേണ്ടി പണത്തിൻെറ വില കുറച്ചപ്പോൾ നമ്മുടെ ഉറുപ്പികയുടെ വിലയും കുറയ്ക്കപ്പെട്ടു. അതിന്നുമുമ്പ് ഒരുറുപ്പിക 30.225 സെൻറിന്ന് (1 ഡോളർ = 100 സെൻറ്) സമമായിരുന്നു. ഡീവാല്വേഷൻെറ ഫലമായി ഒരുറുപ്പിക 21 സെൻറിന്നു തുല്യമായിത്തീർന്നു. ഉറുപ്പികയുടെ സ്വർണ്ണക്കണക്കിലുള്ള വിലയും കുറഞ്ഞു. ഒരുറുപ്പിക 0.268601 ഗ്രാം സ്വർണ്ണത്തിന്നു സമമായിരുന്നു. വിലയിടിവിൻെറ ഫലമായി ഉറുപ്പികയുടെ സ്വർണ്ണക്കണക്കിലുള്ള വില 0.186621 ഗ്രാം ആയിത്തീർന്നു. പക്ഷേ, പൗണ്ട്സ്റ്റർലിങ്ങുകണക്കിലുള്ള വിലയിൽ യാതൊരു മാററവുമുണ്ടായില്ല. ഡീവാല്വേഷനുശേഷവും ഉറുപ്പികയുടെ വിനിമയനിരക്ക് 1 ഷില്ലിങ്ങ് 6 പെൻസായിത്തന്നെ തുടർന്നുപോന്നു. ബ്രിട്ടീഷ്ഗവമെൺട്ടു പൗണ്ട്സ്റ്റർലിങ്ങിൻെറ വില കുറച്ചതോതിൽത്തന്നെയാണ് ഇന്ത്യാഗവമെൺട്ട് ഉറുപ്പികയുടെ വിലയും കുറച്ചത്. അതിനാൽ സ്റ്റർലിങ്ങ്മേഖലയെ താല്ക്കാലികമായി രക്ഷിയ്ക്കാൻ കഴിഞ്ഞുവെങ്കിലും ഇന്ത്യയ്ക്കതുകൊണ്ട് പ്രത്യേകിച്ചു നേട്ടമൊന്നുമുണ്ടായില്ല.

### പിന്നണിരാജ്യത്തിൻെറ പ്രശ്നങ്ങൾ

വ്യാവസായികമായി അഭിവൃദ്ധിപ്പെട്ട രാജ്യങ്ങളും പിന്നണിയിലുള്ള രാജ്യങ്ങളും തമ്മിലുള്ള

വിനിമയബന്ധങ്ങളിലും വ്യാപാരബന്ധങ്ങളിലും വ്യാവസായികരാജ്യങ്ങൾക്കാണ് എല്ലായ്പോഴും കൂടുതൽ നേട്ടങ്ങളുണ്ടാവുക. കുത്തകമുതലാളികൾക്ക് തങ്ങളുടെ വ്യവസായച്ചരക്കുകളുടെ വില കയററാനും കാർഷികരാജ്യങ്ങളിൽനിന്നു് ഇറക്കുമതിചെയ്യുന്ന ചരക്കുകളുടെ വിലകളെ ഇടിച്ചുതാഴ്ത്താനും കഴിയുന്നു. ഇന്ത്യയുടെ സ്ഥിതി ഉദാഹരണമായെടുക്കാം. ബ്രിട്ടീഷ് ഭരണത്തിൻകീഴിൽ നമ്മുടെ രാജ്യം ഏററവും പിന്നണിയിലായിരുന്നു. ഇറക്കുമതിചെയ്യുന്ന വ്യവസായച്ചരക്കുകളുടെ വിലകളെ മാത്രമല്ല, കയററുമതി ചെയ്യുന്ന അസംസ്കൃതസാധനങ്ങളുടേയും കാർഷികവിളകളുടേയും വിലകളെപ്പോലും ബ്രിട്ടനിലെ കുത്തകമുതലാളികളാണ് നിയന്ത്രിച്ചിരുന്നതു്. അതുകൊണ്ടു് കയററുമതിച്ചരക്കുകളുടെ വില കുറവും ഇറക്കുമതിച്ചരക്കുകളുടെ വില കൂടുതലുമായിരുന്നു. പോരെങ്കിൽ, ഇന്ത്യയുടെ അടിസ്ഥാനനാണ്യമായ ഉറുപ്പിക ഒരു സ്വതന്ത്രനാണ്യമായിരുന്നില്ല; പവണ്ട് സ്റ്റർലിങ്ങുമായി കൂട്ടിക്കെട്ടപ്പെട്ടുകൊണ്ടാണതു് പ്രചരിച്ചിരുന്നതു്. ഉറുപ്പികയും പവണ്ടും തമ്മിലുള്ള വിനിമയനിരക്ക് ബ്രിട്ടീഷ് മുതലാളികൾക്കനുകൂലമായിരുന്നു ഈ കാരണങ്ങളാൽ വിദേശവ്യാപാരത്തിൽ ഇന്ത്യയ്ക്കു വമ്പിച്ച ഹാനിയാണ് നേരിട്ടിരുന്നതു്. ഇന്ത്യയുടെ സ്വത്തുക്കളെ ചുരുങ്ങിയവിലയ്ക്കു് കൊള്ളയടിച്ചുകൊണ്ടുപോകാനുള്ള ബ്രിട്ടീഷ്കാരുടെ ഒരുപായമായിരുന്നു ഇന്ത്യയുടെ വിദേശവ്യാപാരം. വിദേശവ്യാപാരത്തിലുള്ള ഈ അസമത്വം ഇന്നും

ഒട്ടൊക്കെ നിലനില്ക്കുന്നുണ്ടെന്നുള്ളതു് ശരിയാണു്. എന്നാൽ, സ്വാതന്ത്ര്യം കിട്ടിയതിന്നുശേഷം, പ്രത്യേകിച്ചു് അടുത്തകാലത്തായി, വമ്പിച്ച ചില മാററങ്ങളുണ്ടായിക്കഴിഞ്ഞിട്ടുണ്ടു്. പിന്നോക്കനില അവസാനിപ്പിച്ചു് ഇന്ത്യയെ ഒരു വ്യാവസായികരാജ്യമാക്കി ഉയർത്താനുള്ള ധീരമായ ചില പരിപാടികൾ ആവിഷ്ക്കരിയ്ക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ടു്. വ്യാവസായികരാജ്യമായി മാറുക എന്നുവെച്ചാൽ വിദേശവ്യാപാരത്തിന്റെ ഘടനയിൽ അനുകൂലമായ മാററങ്ങളുണ്ടാവുക എന്നർത്ഥമാണു്. പണ്ടു് പ്രധാനമായും ഉപഭോഗസാമഗ്രികൾ ഇറക്കുമതിചെയ്തിരുന്നേടത്തു് ഇപ്പോൾ യന്ത്രങ്ങളും അസംസ്കൃതസാമഗ്രികളും ധാരാളമായി ഇറക്കുമതിചെയ്യാൻ തുടങ്ങിയിരിയ്ക്കുന്നു. പണ്ടു് അസംസ്കൃതസാമഗ്രികൾ മാത്രം കയററുമതിചെയ്തിരുന്നേടത്തു് ഇപ്പോൾ കുറഞ്ഞതോതിലാണെങ്കിലും വ്യവസായച്ചരക്കുകൾകൂടി കയററി അയയ്ക്കാൻ തുടങ്ങിയിരിക്കുന്നു 1951-നും 1955-നുമിടയിൽ ഇരുമ്പ്ലോഹസാമഗ്രികളുടെ ഇറക്കുമതി മാത്രം 1,80,800 ടണ്ണിൽനിന്നു് 9,16,500 ടണ്ണായി വർദ്ധിച്ചു. 1961 ഓടുകൂടിയവസാനിയ്ക്കുന്ന രണ്ടാംപഞ്ചവത്സരപദ്ധതിക്കാലത്തു് അതു് 7,000,000 ടണ്ണായിരിയ്ക്കും. എല്ലാ ഇറക്കുമതികൾക്കുംകൂടി ചിലവാകുന്ന 4340 കോടി ക. യിൽ പകുതിയിലധികവും യന്ത്രങ്ങൾ, ലോഹങ്ങൾ, കെമിക്കൽസ് സാമഗ്രികൾ മുതലായവയ്ക്കുവേണ്ടിയാണു് ചിലവഴിയ്ക്കപ്പെടുക എന്നു കണക്കാക്കപ്പെട്ടിരിയ്ക്കുന്നു. യഥാർത്ഥത്തിൽ വില

വർദ്ധനവും മററും കാരണം യന്ത്രസാമഗ്രികളുടെ ഇറക്കുമതി കൂടുതലായിരിയ്ക്കും.

എന്നാൽ, വ്യവസായവല്ക്കരണത്തിന്നാവശ്യമായ ഇത്തരം സാമഗ്രികളുടെ ഇറക്കുമതി വർദ്ധിപ്പിയ്ക്കണമെങ്കിൽ അതനുസരിച്ച് കയററുമതിയും വർദ്ധിപ്പിയ്ക്കേണ്ടിവരും. ഇല്ലെങ്കിൽ വിദേശവിനിമയത്തിന്ന് വിഷമം നേരിടും. മുമ്പ് വിവരിച്ചതുപോലെ മററു രാജ്യങ്ങളിൽനിന്നു ചരക്കുകൾ വാങ്ങണമെങ്കിൽ മററു രാജ്യങ്ങളിലെ പണം ആവശ്യമായിവരുമല്ലോ. ഒരു ഭാഗത്ത് അത്യാവശ്യമല്ലാത്ത സുഖഭോഗസാമഗ്രികളുടേയും മററും ഇറക്കുമതി ചുരുക്കുകയും മറുഭാഗത്ത് കയററുമതി ഗണ്യമായതോതിൽ വർദ്ധിപ്പിയ്ക്കുകയും ചെയ്യാതെ ഈ പ്രശ്നം പരിഹരിയ്ക്കാൻ കഴിയില്ല. ഇന്ത്യയുടെ കയററുമതിച്ചരക്കുകൾ ഇന്നു് പ്രധാനമായി തുണിച്ചരക്കുകൾ, ചായ, ചണ മുതലായവയും മററു പലതരം അസംസ്കൃതസാമഗ്രികളുമാണു്. വ്യാവസായികച്ചരക്കുകളുടെ കയററുമതി തുച്ഛമാണു്. അടുത്തകാലത്തായി കയററുമതിയേക്കാൾ ഇറക്കുമതികൾ വളരെയധികം വർദ്ധിച്ചിട്ടുണ്ടു്. അതിൻെറ ഫലമായി വിദേശവിനിമയങ്ങൾക്ക് ദൗർല്ലഭ്യം നേരിട്ടിരിയ്ക്കുന്നു. വ്യവസായവല്ക്കരണം വിജയിയ്ക്കണമെങ്കിൽ യന്ത്രസാമഗ്രികളുടേയും മററും ഇറക്കുമതികൾക്കാവശ്യമായ വിദേശവിനിമയം കണ്ടുപിടിയ്ക്കേണ്ടിവരും. കടംകൊണ്ടുമാത്രം മതിയാവില്ല. പ്രധാനമായ മാർഗ്ഗങ്ങളിലൊന്നു് കയ

ററമതികൾ വർദ്ധിപ്പിയ്ക്കുകയും പുതിയ കയററമതിച്ചരക്കുകൾക്ക് മാർക്കററ് കണ്ടുപിടിയ്ക്കുകയും ചെയ്യുക എന്നതാണ്.

വ്യവസായവല്ക്കരണമെന്നുവെച്ചാൽ സമ്പത്തുക്കളുടെ ഉല്പാദനം വർദ്ധിയ്ക്കുക എന്നർത്ഥമാണ്. അതുകൊണ്ട് ഇന്ത്യയെപ്പോലുള്ള പിന്നണിരാജ്യങ്ങളുടെ വ്യാവസായികപുരോഗതി ലോകത്തിന്റെ പൊതുവിലുള്ള വിദേശവ്യാപാരത്തെ അഭിവൃദ്ധിപ്പെടുത്താനാണ് സഹായിയ്ക്കുക.

പന്ത്രണ്ടാമദ്ധ്യായം

# സാമ്പത്തികമാന്ദ്യം

പണം മൂലധനമാക്കി മാററൽ, ഉല്പാദനം, വില്പന ഇങ്ങിനെ ആധുനികോല്പാദനവ്യവസ്ഥയ്ക്കു മൂന്നു ഘട്ടങ്ങളുണ്ടു്. വ്യവസായം നടത്താനാഗ്രഹിയ്ക്കുന്ന മുതലാളി ആദ്യമായി തൻെറ കൈവശമുള്ള പണംകൊണ്ടു് യന്ത്രോപകരണങ്ങളും അസംസ്കൃതസാമഗ്രികളും തൊഴിലാളികളുടെ അദ്ധ്വാനശക്തിയും മററും വാങ്ങുന്നു. ഇതാണു് ഒന്നാം ഘട്ടം. തൊഴിലാളികൾ ഉല്പാദനോപകരണങ്ങളിൽ അദ്ധ്വാനം ചെലുത്തി ചരക്കുകൾ നിർമ്മിയ്ക്കുന്നു. ഇതാണു് രണ്ടാം ഘട്ടം. ഉല്പാദിപ്പിച്ചുകഴിഞ്ഞ ചരക്കുകൾ മാർക്കററിൽ വിററഴിച്ചു വീണ്ടും പണമാക്കുന്നതിന്നാണു് മൂന്നാം ഘട്ടമെന്നു പറയുന്നതു്.

ഉല്പാദിപ്പിച്ചുകഴിഞ്ഞ ചരക്കുകൾ വിററുതീരുമ്പോഴേയ്ക്കും അവയെ വീണ്ടും സപ്ലൈചെയ്യാൻ

സാധിയ്ക്കണം. എന്നാലേ ഉപഭോക്താക്കളുടെ ഡിമാണ്ടിനെ തൃപ്തിപ്പെടുത്താൻ കഴിയൂ. അതിനാൽ ഒരിയ്ക്കൽ ചരക്കുകൾ വിററഴിച്ചു പണമാക്കിയാൽ ആ പണംതന്നെ വീണ്ടും ഉല്പാദനത്തിലിറക്കണം. ആദ്യത്തെപ്പോലെതന്നെ വീണ്ടും പണം യന്ത്രോപകരണങ്ങളും മററുമാക്കി മാററിക്കൊണ്ടു് ഉല്പാദനവ്യവസ്ഥയുടെ ഒന്നാംഘട്ടമാരംഭിയ്ക്കുന്നു. വീണ്ടും രണ്ടാംഘട്ടം, വീണ്ടും മൂന്നാംഘട്ടം, വീണ്ടും ഒന്നാംഘട്ടം — ഇങ്ങിനെ ഉല്പാദനവും പുനരുല്പാദനവും തുടർന്നുകൊണ്ടിരിയ്ക്കുന്നു.

മൂന്നാംഘട്ടത്തിൽ ചരക്കുകൾ വിററുകിട്ടുന്ന പണം ഒന്നാംഘട്ടത്തിലിറക്കിയ പണത്തെക്കാൾ കൂടുതലായിരിയ്ക്കുമെന്നു പറയേണ്ടതില്ലല്ലോ. കൂടുതലായി കിട്ടുന്ന തുകയാണു് മുതലാളിയുടെ ലാഭം. ലാഭം മുഴുവനും ഉപഭോഗസാമഗ്രികൾക്കുവേണ്ടി ചെലവിടുകയാണെങ്കിൽ വ്യവസായത്തെ വിപുലീകരിയ്ക്കാനും അഭിവൃദ്ധിപ്പെടുത്താനും കഴിയില്ല ഓരോ മുതലാളിയും തൻെറ ഉല്പാദനോപകരണങ്ങളെ കൂടുതൽ കൂടുതൽ പരിഷ്ക്കരിയ്ക്കാൻ ശ്രമിയ്ക്കുമെന്നു തീർച്ചയാണു്. എന്നാൽ മാത്രമേ കമ്പോളമത്സരത്തിൽ വിജയം നേടാൻ കഴിയൂ. മുതലാളിത്തരീതിയിലുള്ള ഉല്പാദനവ്യവസ്ഥ നിലനില്ക്കുകയും വളരുകയും ചെയ്യണമെങ്കിൽ ഉല്പാദനത്തിൽ കൂടുതൽ കൂടുതൽ പണമിറക്കിയേ മതിയാവൂ. അതുകൊണ്ടു് ഓരോ മുതലാളിയും തൻെറ ലാഭം മുഴുവനുമോ അല്ലെങ്കിൽ അതിൻെറ

ഒരു ഗണ്യമായ ഭാഗമെങ്കിലുമോ വീണ്ടും വ്യവസായത്തിൽ നിക്ഷേപിയ്ക്കുന്നു. ഇങ്ങിനെ മൂലധനനിക്ഷേപം വർദ്ധിയ്ക്കുകയും ഉല്പാദനം കൂടുതൽ കൂടുതൽ അഭിവൃദ്ധിപ്പെടുകയും ചെയ്യുന്നു.

കഴിഞ്ഞ രണ്ടുമൂന്നു നൂററാണ്ടുകൾക്കിടയിൽ മുതലാളിത്തോല്പാദനവ്യവസ്ഥ വളരെയേറെ പുരോഗതി നേടിയിട്ടുണ്ടെന്ന കാൎയ്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷേ, അതു് അനുസ്യൂതവും ഇടതടവില്ലാത്തതുമായ ഒരു പുരോഗതിയായിരുന്നില്ല. മുതലാളിത്തവ്യവസ്ഥയുടെ ആരംഭകാലംമുതല്ക്കുതന്നെ ഇടയ്ക്കിടയ്ക്കു സാമ്പത്തികക്കുഴപ്പങ്ങളുണ്ടായിട്ടുണ്ടു്. അഭിവൃദ്ധി, കുഴപ്പം, മാന്ദ്യം; വീണ്ടും അഭിവൃദ്ധി, വീണ്ടും കുഴപ്പം — ഇങ്ങിനെ വൃദ്ധിക്ഷയങ്ങളിലൂടെയാണു് മുതലാളിത്തവ്യവസ്ഥ വളരുകയും വികസിയ്ക്കുകയും ചെയ്തിട്ടുള്ളതു്. ഓരോ വൃദ്ധിയും ഒരു ക്ഷയത്തിന്നു വഴിതെളിയിയ്ക്കുന്നു. ഓരോ ക്ഷയവും പുതിയൊരു വൃദ്ധിയ്ക്കു കാരണമായിത്തീരുന്നു. ഇതാണു് മുതലാളിത്തോല്പാദനരീതിയുടെ സവിശേഷത.

## മാന്ദ്യങ്ങളുടെ സ്വഭാവം

മുതലാളിത്തത്തിന്നു മുമ്പും സാമ്പത്തികമാന്ദ്യങ്ങളുണ്ടായിട്ടുണ്ടു്. അതിവൃഷ്ടികൊണ്ടോ അനാവൃഷ്ടികൊണ്ടോ അസാധാരണങ്ങളും അപ്രതീക്ഷിതങ്ങളു

മായ മററു കാരണങ്ങൾകൊണ്ടോ ഇടയ്ക്ക് വിളനാശം സംഭവിയ്ക്കാറുണ്ടായിരുന്നു. ഭക്ഷണക്ഷാമത്തിൻെറ ഫലമായി ധാന്യങ്ങളുടേയും മററുപഭോഗസാമഗ്രികളുടേയും വിലകൾ ക്രമാതീതമായി വർദ്ധിയ്ക്കാറുണ്ടായിരുന്നു. എന്നാൽ, മുതലാളിത്ത സാമ്പത്തിക വ്യവസ്ഥയിലുണ്ടായിട്ടുള്ള മാന്ദ്യങ്ങളുടെ സ്വഭാവം വ്യത്യസ്തമാണ്. ക്ഷാമമോ ദൗർല്ലഭ്യമോ ഉണ്ടാകുമ്പോളല്ല, സമൃദ്ധിയുടെ ഒത്തനടുവിൽവെച്ചാണ് മാന്ദ്യങ്ങൾ പൊട്ടിപ്പുറപ്പെടുന്നതു്. മാന്ദ്യങ്ങളുണ്ടാകുമ്പോൾ ചരക്കുകളുടെ വില കയറുകയല്ല, കുറയുകയാണ് ചെയ്യുന്നതു്. പണിയെടുക്കാൻ തയ്യാറുള്ള തൊഴിലാളികളുണ്ടു്; പക്ഷേ, പണിയില്ല. അസംസ്കൃതസാമഗ്രികളുണ്ടു്; പക്ഷേ, അവയുപയോഗിയ്ക്കപ്പെടുന്നില്ല. യന്ത്രങ്ങളുണ്ടു്; പക്ഷേ; അവ ചലിയ്ക്കുന്നില്ല. ഉല്പാദനം നടത്താനാവശ്യമായ എല്ലാ സൗകര്യങ്ങളുമുണ്ടു്; പക്ഷേ ഉല്പാദനം നടക്കുന്നില്ല.

എന്തുകൊണ്ടു് ?

ഈ ചോദ്യത്തിന്നു് എല്ലാ ധനശാസ്ത്രജ്ഞന്മാരും ഏതാണ്ടൊരുപോലെയാണ് മറുപടി പറയുന്നതു്. ചരക്കുകൾ വിററഴിയുന്നില്ല. ഉല്പാദിപ്പിയ്ക്കപ്പെട്ട ചരക്കുകൾ വിററഴിയുന്നില്ലെങ്കിൽ പിന്നേയും ചരക്കുകൾ വീണ്ടും വീണ്ടും ഉല്പാദിപ്പിച്ചുവിടുന്നതു് വിഡ്ഢിത്തമല്ലേ? ചരക്കുകളുല്പാദിപ്പിയ്ക്കുന്നതു് കെട്ടിയിടാനല്ല, വിററു ലാഭമുണ്ടാക്കാനാണ്. ലാഭമില്ലെന്നറി

ത്തുംകൊണ്ടു് വീണ്ടും മൂലധനം നിക്ഷേപിച്ചു് ഉല്പാദനം നടത്താൻ ആരാണിഷ്ടപ്പെടുക?

വൃദ്ധിയുടെ കാലത്തു് കൂടുതൽ കൂടുതൽ ലാഭം കിട്ടുമെന്ന പ്രതീക്ഷയിൽ മൂലധനനിക്ഷേപം വർദ്ധിപ്പിയ്ക്കുന്നു. കടം വാങ്ങിയിട്ടെങ്കിലും ഉല്പാദനം അങ്ങേയററം വികസിപ്പിയ്ക്കുന്നു. ക്ഷയത്തിന്റെ കാലത്തു് എല്ലാം നേരെമറിച്ചാണു്. പുതുതായി പണം നിക്ഷേപിച്ചു് ഉല്പാദനം വർദ്ധിപ്പിയ്ക്കാൻ ആരും ധൈര്യപ്പെടുന്നില്ല. ബാങ്കുകൾ കടംകൊടുക്കാനിഷ്ടപ്പെടുന്നില്ല. ഉല്പന്നങ്ങൾ വിററഴിയാതെ കെട്ടിക്കിടക്കുന്നു. തൊഴിലാളികൾ ഫാക്ടറികളിൽനിന്നു പുറംതള്ളപ്പെടുന്നു. കൂലി കുറയുന്നു. വിലയിടിയുന്നു.

## കാലാവസ്ഥാസിദ്ധാന്തം

പക്ഷേ, എന്തുകൊണ്ടു്? ഇടവിട്ടിടവിട്ടു് ഇങ്ങിനെ വൃദ്ധിക്ഷയങ്ങളുണ്ടാകുന്നതെന്തുകൊണ്ടാണു്?

ഇവിടെ ധനശാസ്ത്രജ്ഞന്മാർക്കിടയിൽ യോജിപ്പില്ല. പലരും പലതരത്തിലാണു് മറുപടിപറയുന്നതു്. ഹെർഷൽ എന്ന പണ്ഡിതന്റെ അഭിപ്രായത്തിൽ കാലാവസ്ഥയിലുണ്ടാകുന്ന മാററങ്ങളാണു് വ്യവസായമാന്ദ്യത്തിന്നു കാരണം. കാലാവസ്ഥ മോശമായാൽ, മഴ ആവശ്യത്തിലധികമാവുകയോ കുറയുകയോ ചെയ്താൽ, കാർഷികവിള മോശമാവും;

വ്യവസായങ്ങൾക്കൊഴിച്ചുകൂടാൻവയ്യാത്ത അസംസ്കൃതസാമഗ്രികൾക്കു ദൗർല്ലഭ്യം നേരിടുകയും കൃഷിക്കാരുടെ ക്രയശക്തി കുറയുകയും ചെയ്യും. ഇതനിവാര്യമായും വ്യവസായമാന്ദ്യത്തിന്നു വഴിതെളിയ്ക്കും.

ഈ കാലാവസ്ഥാസിദ്ധാന്തത്തെ കൂടുതൽ പുഷ്ടിപ്പെടുത്തിയതു് സ്റ്റാൻലി ജെവോൺസ് എന്ന ധനശാസ്ത്രജ്ഞനാണു്. സൂര്യഗോളത്തിൽ ഇടയ്ക്കിടയ്ക്കു പ്രത്യക്ഷപ്പെടുന്ന ചില പുള്ളിക്കുത്തുകളാണു് സാമ്പത്തികക്കുഴപ്പങ്ങൾക്കു കാരണം എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. സൂര്യനിലെ പുള്ളിക്കുത്തുകളും ഇന്ത്യയിലെ ക്ഷാമങ്ങളും ഇംഗ്ലണ്ടിലെ സാമ്പത്തികക്കുഴപ്പങ്ങളും എല്ലാം ഏതാണ്ടൊരു സമയത്താണു് പ്രത്യക്ഷപ്പെടുന്നതു് എന്നദ്ദേഹം ചൂണ്ടിക്കാണിച്ചു. എന്താണിവതമ്മിലുള്ള ബന്ധം? പുള്ളിക്കുത്തുകളുണ്ടാവുമ്പോൾ ചൂടു പുറത്തുവിടാനുള്ള സൂര്യന്റെ കഴിവു കുറയുന്നു. ഇതു കാലാവസ്ഥയെ ബാധിയ്ക്കുന്നു. കാലാവസ്ഥയിലുണ്ടാകുന്ന മാററങ്ങൾ കാർഷികവിളകളെ ബാധിയ്ക്കുന്നു. കാർഷികവിളകളിലുണ്ടാകുന്ന മാററങ്ങൾ കൃഷിക്കാരുടെ വരവിനങ്ങളേയും ക്രയശക്തിയേയും ബാധിയ്ക്കുന്നു. കൃഷിക്കാരുടെ ക്രയശക്തിയിലുണ്ടാകുന്ന മാററങ്ങൾ വ്യവസായച്ചരക്കുകളുടെ ഡിമാണ്ടിനെ ബാധിയ്ക്കുന്നു. ഡിമാണ്ടിലുണ്ടാകുന്ന മാററങ്ങൾ ഉല്പാദനത്തേയും ബാധിയ്ക്കുന്നു. ഇങ്ങിനെയാണത്രേ സാമ്പത്തികക്കുഴപ്പങ്ങളുണ്ടാകുന്നതു്.

ഹെൻറിമൂർ എന്ന ചിന്തകൻ സൂര്യനിലല്ല, ശുക്രനിലാണ് കുററം കാണുന്നതു്. എട്ടെട്ടുകൊല്ലം കൂടുമ്പോളൊരിയ്ക്കൽ സൂര്യനും ഭൂമിയ്ക്കുമിടയിൽ ശുക്രൻ വന്നു നില്ക്കുന്നു. അതിൻഫലമായി സൂര്യൻ വമിയ്ക്കുന്ന ഉഷ്ണം മുഴുവനും ഭൂമിയിലെത്തുന്നതിന്നു മുമ്പ് വഴിയ്ക്കുവെച്ചു തടയപ്പെടുന്നു. അതുകൊണ്ടാണത്രേ കാലാവസ്ഥയിൽ മാററങ്ങളുണ്ടാകുന്നതു്.

ഇത്തരം അശാസ്ത്രീയസിദ്ധാന്തങ്ങൾക്ക് വിദ്യാത്ഥികളുടെ പാഠപുസ്തകങ്ങളിൽ ഇപ്പോഴും സ്ഥാനം നല്കപ്പെടുന്നുണ്ടെന്നുള്ളതു ശരിതന്നെ. പക്ഷേ, ആധുനികശാസ്ത്രജ്ഞന്മാരിൽ മിക്കവരും അവജ്ഞയോടുകൂടിയാണ് അവയെ വീക്ഷിയ്ക്കുന്നതു്.

പ്രൊഫസ്സർ ഏ. സി. പിഗു എന്ന ശാസ്ത്രജ്ഞൻ ഭൗതികകാരണങ്ങളെയല്ല, മാനസികകാരണങ്ങളെയാണ് ഉയർത്തിപ്പിടിയ്ക്കുന്നതു്. വ്യവസായം അഭിവൃദ്ധിപ്പെടുന്നുവെന്നു കാണുമ്പോൾ മുതലാളികൾക്ക് അതിരുകവിഞ്ഞ ശുഭാപ്തിവിശ്വാസങ്ങളുണ്ടാകുന്നു. കൂടുതൽ ലാഭം കിട്ടുമെന്ന പ്രതീക്ഷയോടുകൂടി അവർ ബാങ്കുകളിൽനിന്നു് പണം കടം വാങ്ങി വ്യവസായങ്ങളിൽ നിക്ഷേപിയ്ക്കുന്നു. അതിൻഫലമായി പലിശനിരക്ക വർദ്ധിയ്ക്കുകയും ജനങ്ങളുടെയിടയിൽ കൂടുതൽ പണം പ്രചരിയ്ക്കുകയും അങ്ങിനെ ചരക്കുകളുടെ വില കയറുകയും ചെയ്യുന്നു. ഒരു രംഗ

ത്തിലുണ്ടാകുന്ന ശുഭാപ്തിവിശ്വാസം മറ്റെല്ലാ രംഗങ്ങളിലേയ്ക്കും പരന്നുപിടിയ്ക്കുന്നു. എന്നാൽ, ചിലപ്പോഠം അതിരുകവിഞ്ഞ ഈ ശുഭാപ്തിവിശ്വാസം കമ്പോളത്തിന്റെ യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ചരക്കുകളുടെ വില കയറുകയല്ല, ഇടിയുകയാണു് ചെയ്യുന്നതു്. ശുഭാപ്തിവിശ്വാസം അസ്ഥാനത്തായെന്നു കാണുമ്പോഠം നിരാശാവാദം തലപൊക്കുന്നു. ചരക്കുകഠം വിററഴിയാതെ കിടന്നാലോ എന്നു ഭയപ്പെട്ടു് ഉല്പാദനം ചുരുക്കുകയും മൂലധനനിക്ഷേപം കുറയ്ക്കുകയും ചെയ്യുന്നു. ഇങ്ങിനെ വ്യവസായനേതാക്കന്മാരെ ഇടവിട്ടിടവിട്ടു പിടികൂടുന്ന ശുഭാപ്തിവിശ്വാസങ്ങളും അശുഭപ്രതീക്ഷകളുമാണു് സാമ്പത്തികക്കുഴപ്പങ്ങഠംക്കു വഴിതെളിയിയ്ക്കുന്നതു്.

വ്യവസായത്തിന്റെ പുരോഗതിയ്ക്കു് ശുഭപ്രതീക്ഷകഠം ആവശ്യമാണെന്നുള്ളതു ശരിതന്നെ. പക്ഷേ, ശുഭപ്രതീക്ഷകളും അശുഭപ്രതീക്ഷകളും വസ്തുനിഷ്ഠമായ ഭൗതികസാഹചര്യങ്ങളുടെ പ്രതിഫലനങ്ങഠം മാത്രമാണു്. വസ്തുനിഷ്ഠമായ യാഥാർത്ഥ്യങ്ങളെ വിശകലനംചെയ്യുന്നതിന്നു പകരം മാനസികപ്രതിഭാസങ്ങളെ ആശ്രയിച്ചുകൊണ്ടു് സാമ്പത്തികമാന്ദ്യങ്ങളുടെ യഥാർത്ഥ കാരണം കണ്ടുപിടിയ്ക്കാൻ കഴിയില്ല.

## പണവും
## സാമ്പത്തികമാന്ദ്യവും

മററൊരു വിഭാഗം ധനശാസ്ത്രജ്ഞന്മാർ പണസംബന്ധമായ കാരണങ്ങളാലാണ് സാമ്പത്തികമാന്ദ്യങ്ങളുണ്ടാകുന്നത് എന്നു വാദിയ്ക്കുന്നു. വൃദ്ധിയിൽ നിന്ന് ക്ഷയത്തിലേയ്ക്കുള്ള മാററം എല്ലായ്പോഴും പണത്തിന്നു ക്ഷാമം നേരിടുമ്പോളാണുണ്ടാകുന്നത് എന്നു ചൂണ്ടിക്കാണിയ്ക്കപ്പെടുന്നു. ബാങ്കുകൾ കടംകൊടുക്കുന്നത് പെട്ടെന്നു കുറയ്ക്കുകയും കേന്ദ്രബാങ്ക് പലിശനിരക്കു വർദ്ധിപ്പിയ്ക്കുകയും ചെയ്യുന്നു. അങ്ങിനെ വ്യവസായനേതാക്കന്മാർക്ക് പണത്തിന്നു ബുദ്ധിമുട്ടു നേരിടുന്നു. ഇതാണത്രേ മാന്ദ്യത്തിന്നു കാരണം. ഉല്പാദനവിഭവങ്ങൾ ശേഖരിച്ച് വിഘ്നംകൂടാതെ വ്യവസായം തുടർന്നു നടത്താൻ കഴിയത്തക്കവണ്ണം ബാങ്കുകൾ പണം സൃഷ്ടിച്ചുകൊണ്ടിരുന്നാൽ സാമ്പത്തികമാന്ദ്യമുണ്ടാവുകയില്ലെന്നാണ് വാദിയ്ക്കപ്പെടുന്നത്.

പണത്തിന്റെ ദൗർലഭ്യം വ്യവസായമാന്ദ്യത്തെ മൂർച്ഛിപ്പിയ്ക്കുമെന്ന കാര്യം ശരിയാണ്. പക്ഷേ, കൂടുതൽ നോട്ടടിച്ചിറക്കി കൂടുതൽ പണം സൃഷ്ടിയ്ക്കുന്നതുകൊണ്ടു മാത്രം മാന്ദ്യത്തിന്നു പരിഹാരം കാണാൻ കഴിയുമോ? ധാരാളത്തിലധികം പണമടിച്ചുവിട്ടാൽ ചരക്കുകളുടെ വില വർദ്ധിയ്ക്കും. പക്ഷേ, അതു

കൊണ്ടുമാത്രം അവയുടെ ഡിമാണ്ടു വർദ്ധിയ്ക്കുകയില്ല. ഡിമാണ്ടു വർദ്ധിയ്ക്കണമെങ്കിൽ ജനങ്ങളുടെ ക്രയശക്തി വർദ്ധിയ്ക്കണം. എന്നുവെച്ചാൽ, കൂലി, ശമ്പളം മുതലായവ വർദ്ധിയ്ക്കണം. കൂലിയും ശമ്പളവും വർദ്ധിയ്ക്കുക എന്നുവെച്ചാൽ ഉല്പാദനച്ചെലവുകൾ വർദ്ധിയ്ക്കുക എന്നർത്ഥമാണ്. ഇതു് മാന്ദ്യം പരിഹരിയ്ക്കാനല്ല, മൂർച്ഛിയ്ക്കാനാണ് സഹായിയ്ക്കുക. മാന്ദ്യകാലങ്ങളിൽ ഉല്പാദനച്ചെലവുകൾ വർദ്ധിപ്പിയ്ക്കാനല്ല, അസംസ്കൃതസാധനങ്ങളും തൊഴിലാളികളുടെ അദ്ധ്വാനശക്തിയും മററും ചുരുങ്ങിയ വിലയ്ക്കു വാങ്ങി ഉല്പാദനച്ചെലവു ചുരുക്കി ചരക്കുകളുടെ വില കുറയ്ക്കാനാണ് മുതലാളികൾ പരിശ്രമിയ്ക്കുക.

## 'അമിതോല്പാദന'സിദ്ധാന്തം

അമിതോല്പാദനമാണ് കുഴപ്പത്തിന്നു കാരണമെന്നു മററു ചിലർ വാദിയ്ക്കുന്നു. പക്ഷേ, അമിതോല്പാദനമെന്നതു് ആപേക്ഷികമാണ്. ജനങ്ങൾ തുണി വാങ്ങാൻ നിവൃത്തിയില്ലാതെ വിഷമിയ്ക്കുന്നുണ്ടാവാം. പക്ഷേ, അതേസമയത്തുതന്നെ തുണി വിററഴിയാതെ കെട്ടിക്കിടക്കുന്നുണ്ടാവും. കാരണം ഡിമാണ്ടു് കുറഞ്ഞിരിയ്ക്കുന്നു. ഉപഭോക്താക്കൾ ചരക്കു വാങ്ങുന്നില്ല. ഉപഭോഗം ചുരുങ്ങുന്നതു്. ജനങ്ങളുടെ ക്രയശക്തി കുറയുന്നതുകൊണ്ടാണെന്നും ക്രയശക്തി വർദ്ധിപ്പിയ്ക്കാൻവേണ്ടി കൂലിയും ശമ്പളവും മററും വർദ്ധിപ്പി

ച്ചാൽ മതിയെന്നും ചില ധനശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. ഉല്പാദിപ്പിയ്ക്കപ്പെടുന്ന ചരക്കുകളുടെ വിലയും കൂലിയും തമ്മിൽ പൊരുത്തക്കേടുണ്ടെന്നതു ശരിതന്നെ. ഉല്പാദിപ്പിയ്ക്കപ്പെടുന്ന ചരക്കുകളത്രയും വാങ്ങാൻ കഴിയത്തക്കവണ്ണം കൂലി വർദ്ധിപ്പിച്ചാൽ പുനരുല്പാദനത്തിൽ കൂടുതൽ മൂലധനം നിക്ഷേപിയ്ക്കാൻ കഴിയില്ല. പോരെങ്കിൽ ഉപഭോഗസാമഗ്രികൾ നിർമ്മിയ്ക്കുന്ന വ്യവസായങ്ങൾ മാത്രമല്ല ഉള്ളതു്. യന്ത്രങ്ങൾ, എണ്ണ തുടങ്ങിയ ഉല്പാദനോപകരണങ്ങൾ നിർമ്മിയ്ക്കുന്ന വ്യവസായങ്ങളുമുണ്ടു്. അവയിലെ ഉല്പന്നങ്ങൾ തൊഴിലാളികളോ മററു സാധാരണക്കാരായ ബഹുജനങ്ങളോ അല്ല വാങ്ങുന്നതു്. പക്ഷേ, ഉപഭോഗസാമഗ്രികളുണ്ടാക്കുന്ന വ്യവസായങ്ങൾക്കാവശ്യമായ യന്ത്രങ്ങളും മററും ഉൽപ്പാദനോപകരണങ്ങൾ നിർമ്മിയ്ക്കുന്ന വ്യവസായങ്ങളിൽനിന്നാണു് ലഭിയ്ക്കുന്നതു്. അതുകൊണ്ടു് ഉപഭോഗസാമഗ്രികളുണ്ടാക്കുന്ന വ്യവസായങ്ങളെ പരിഷ്കരിയ്ക്കണമെങ്കിൽ യന്ത്രസാമഗ്രികളുണ്ടാക്കുന്ന വ്യവസായങ്ങളേയും പരിഷ്കരിയ്ക്കണം. ഇങ്ങിനെ രണ്ടുതരം വ്യവസായങ്ങളിലും മൂലധനശേഖരണം ആവശ്യമായിത്തീരുന്നു. ഉല്പാദനോപകരണങ്ങളായാലും ശരി, ഉപഭോഗസാമഗ്രികളായാലും ശരി, ഉല്പാദിപ്പിയ്ക്കപ്പെട്ടുകഴിഞ്ഞാൽ അവയെ കമ്പോളത്തിൽ വിററഴിയ്ക്കാൻ കഴിയണം. എന്നാലേ പുനരുല്പാദനം സാദ്ധ്യമാകൂ. ഉപഭോഗസാമഗ്രികൾ വാങ്ങുന്ന തൊഴിലാളികളുടെ കൂലി

വർദ്ധിപ്പിയ്ക്കുന്നതുകൊണ്ടു മാത്രം ഈ പ്രശ്നത്തിന്നു പരിഹാരം കാണാൻ കഴിയില്ല.

## കെയിൻസിന്റെ സിദ്ധാന്തങ്ങൾ

അടുത്തകാലത്തായി, പ്രത്യേകിച്ചും 1929—33-ലെ ലോകസാമ്പത്തികക്കുഴപ്പത്തിന്നുശേഷം, പുതിയ ചില സിദ്ധാന്തങ്ങൾ ഉന്നയിയ്ക്കപ്പെട്ടിട്ടുണ്ടു്. അവയിൽ ഏററവും പ്രാധാന്യമർഹിയ്ക്കുന്നതു് ജെ. എം. കെയിൻസ് എന്ന സുപ്രസിദ്ധ ധനശാസ്ത്രജ്ഞന്റെ സിദ്ധാന്തങ്ങളാണു്.

മുതലാളിത്തോൽപ്പാദനക്രമത്തിലെ സാങ്കേതികമായ ചില തകരാറുകൾകൊണ്ടാണു് സാമ്പത്തികക്കുഴപ്പങ്ങളുണ്ടാകുന്നതു് എന്നും ആ തകരാറുകൾ നീക്കാൻ കഴിഞ്ഞാൽ സാമ്പത്തികക്കുഴപ്പങ്ങൾ കൂടാതെകഴിയ്ക്കാമെന്നുമാണു് കെയിൻസ് പറയുന്നതു്. മുതലാളിത്തവ്യവസ്ഥയിലെ സാമ്പത്തികശക്തികളെ സ്വതന്ത്രമായി പ്രവൎത്തിയ്ക്കാൻ വിട്ടാൽ സാമ്പത്തികക്കുഴപ്പങ്ങൾ അനിവാൎയ്യമായിത്തീരും. അതുകൊണ്ടു്, സാമ്പത്തികപ്രവൎത്തനങ്ങളിൽ ഗവമ്മെണ്ടു ബോധപൂർവ്വം ഇടപെടുകയും ഉൽപ്പാദനക്രമത്തെ അഭിമുഖീകരിയ്ക്കുന്ന തടസ്സങ്ങളെ തട്ടിനീക്കാനുതകുന്ന നയപരിപാടികൾ ആവിഷ്കരിയ്ക്കുകയും ചെ

യ്യുന്നു. ഇതുമാത്രമാണു് സാമ്പത്തികക്കുഴപ്പങ്ങൾ പരിഹരിയ്ക്കാനും പൂർണ്ണമായ തൊഴിൽ സാഹചര്യങ്ങളുണ്ടാക്കാനും ഉൽപ്പാദനവ്യവസ്ഥയെ അനുസ്യൂതമായി അഭിവൃദ്ധിപ്പെടുത്താനുമുള്ള വഴി.

കെയിൻസിന്റെ അഭിപ്രായത്തിൽ മൂലധനനിക്ഷേപമാണു്, അവസാനവിശകലനത്തിൽ, തൊഴിൽസാഹചര്യങ്ങളേയും ഉൽപ്പാദനത്തിന്റെ ഗതിയേയും നിർണ്ണയിയ്ക്കുന്നതു്. മുതലാളിത്തസമുദായത്തിൽ രണ്ടുതരത്തിലുള്ള ചെലവുകളുണ്ടു്: സ്വത്തുല്പാദനത്തിനുവേണ്ടിയുള്ള നിക്ഷേപച്ചെലവുകളും ജീവിതാവശ്യങ്ങൾ നിർവ്വഹിയ്ക്കാനുള്ള ഉപഭോഗച്ചെലവുകളും. ഒട്ടാകെയുള്ള വരവിന്റെ ഒരു ഭാഗം ഉപഭോഗച്ചെലവുകൾക്കുവേണ്ടിയും മറെറാരു ഭാഗം നിക്ഷേപച്ചെലവുകൾക്കുവേണ്ടിയും നീക്കിവെയ്ക്കപ്പെടുന്നു. ഉദാഹരണത്തിനു്, 10,000ക. വരവുള്ള ഒരാൾ 9000 ക. ഉപഭോഗസാമഗ്രികൾക്കുവേണ്ടി ചെലവിടുകയും ബാക്കിയുള്ള 1000ക. ചെലവിടാതെ സൂക്ഷിച്ചുവെയ്ക്കുകയും ചെയ്യുന്നുവെന്നു വിചാരിയ്ക്കുക. എന്നാൽ, കമ്പോളത്തിലുള്ള ഉപഭോഗച്ചരക്കുകൾക്കു 9000ക. യുടെ ഡിമാന്റുണ്ടാവും. അതുപോലെത്തന്നെ, 1000ക. വിലയ്ക്കുള്ള മൂലധനച്ചരക്കുകളും ചെലവാവില്ലേ? ചെലവായിക്കൊള്ളണമെന്നില്ല. സൂക്ഷിച്ചുവെയ്ക്കുന്ന പണം മുഴുവനും ഉടൻതന്നെ മൂലധനനിക്ഷേപത്തിലിറക്കിക്കൊള്ളണമെന്നില്ല. ലാഭം കിട്ടുമെന്നുറപ്പുണ്ടെങ്കിൽ മാത്രമേ മുതലാളികൾ വ്യവസാ

യത്തിൽ പണം നിക്ഷേപിയ്ക്കുകയുള്ളു. ലാഭം കിട്ടുകയില്ലെങ്കിൽ മൂലധനനിക്ഷേപമുണ്ടാവില്ല. മൂലധനനിക്ഷേപമുണ്ടായാലേ തൊഴിൽസൗകര്യങ്ങൾ വർദ്ധിയ്ക്കുകയും ഉൽപ്പാദനം അഭിവൃദ്ധിപ്പെടുകയും ചെയ്യുകയുള്ളു.

രാജ്യത്തിലാകെ എത്രപേർക്ക് തൊഴിൽ കിട്ടുമെന്നതു് ഒട്ടാകെയുള്ള ഡിമാണ്ടിനെ ആശ്രയിച്ചിരിയ്ക്കും. ഒട്ടാകെയുള്ള ഡിമാണ്ടിൽ ഉപഭോഗസാമഗ്രികളുടെ ഡിമാണ്ടും മൂലധനസാമഗ്രികളുടെ ഡിമാണ്ടും അടങ്ങിയിരിയ്ക്കുന്നു. ഭക്ഷണം, തുണി, റേഡിയോ തുടങ്ങിയ ഉപഭോഗസാമഗ്രികൾക്കുവേണ്ടി ചെലവിടാതെ നീക്കിവെയ്ക്കുന്ന തുക മുഴുവനും യന്ത്രോപകരണങ്ങൾ തുടങ്ങിയ മൂലധനസാമഗ്രികൾക്കുവേണ്ടി ഉപയോഗിയ്ക്കുന്നില്ലെങ്കിൽ ഒട്ടാകെയുള്ള ഡിമാണ്ടു് കുറയും. ഉപഭോഗച്ചെലവുകൾ ചുരുക്കുന്നതുകൊണ്ടു മാത്രം നിക്ഷേപച്ചരക്കുകളുടെ ഡിമാണ്ടു വർദ്ധിയ്ക്കുകയില്ല. ഉപഭോഗച്ചരക്കുകൾക്കും നിക്ഷേപച്ചരക്കുകൾക്കും വേണ്ടി ചെലവിടാതെ സൂക്ഷിച്ചുവെയ്ക്കുന്ന തുകയുടെ തോതു വർദ്ധിയ്ക്കുംതോറും കമ്പോളത്തിലെ ഡിമാണ്ടു് ചുരുങ്ങിവരും. ഡിമാണ്ടു് ചുരുങ്ങിയാൽ വ്യവസായങ്ങളിൽ കൂടുതൽ പണം നിക്ഷേപിയ്ക്കാനുള്ള പ്രചോദനം കുറയും. ഡിമാണ്ടു വർദ്ധിച്ചാലേ നിക്ഷേപം വർദ്ധിയ്ക്കുകയുള്ളൂ. ഡിമാണ്ടു കുറഞ്ഞാൽ ചരക്കുകളുടെ വിലയിടിയും. ലാഭം കുറയും. ഉല്പാദനം കുറയും. ജോലി കുറയും. തൊഴിലില്ലായ്മ വർദ്ധിയ്ക്കും.

തൊഴിലില്ലായ്മ വർദ്ധിച്ചാൽ ഡിമാണ്ട് കൂടുതലിടിയും. സാമ്പത്തികവ്യവസ്ഥയിലാകെ കുഴപ്പം നേരിടും.

വരവിന്റെ എത്ര ശതമാനമാണ് ഉപഭോഗസാമഗ്രികൾക്കുവേണ്ടി ചെലവിടുക എന്നതു് മാനസികവും ആത്മനിഷ്ഠവുമായ കാരണങ്ങളെ മാത്രമല്ല, സമുദായത്തിലെ വിതരണനിയമങ്ങളെക്കൂടി ആശ്രയിച്ചിരിയ്ക്കും. ചെറിയ വരുമാനക്കാർ തങ്ങൾക്കു കിട്ടുന്നതു മുഴുവനും ഉപഭോഗസാമഗ്രികൾക്കുവേണ്ടി ചെലവിടും. എന്നാലേ ജീവിയ്ക്കാൻ കഴിയൂ. നേരെ മറിച്ചു്, കൂടുതൽ വരുമാനമുള്ളവർക്കു് അതിന്റെ ഒരു ഭാഗം സൂക്ഷിച്ചുവെയ്ക്കാൻ കഴിയും. സ്വത്തു വർദ്ധിയ്ക്കുംതോറും സൂക്ഷിപ്പിനുവേണ്ടി നീക്കിവെയ്ക്കാൻ കഴിയുന്ന തുകയുടെ തോതു് വർദ്ധിച്ചുകൊണ്ടുവരും.

പക്ഷേ, ഇങ്ങിനെ സൂക്ഷിച്ചുവെയ്ക്കുന്ന തുകയുടെ എത്ര ശതമാനം വ്യവസായങ്ങളിൽ നിക്ഷേപിയ്ക്കപ്പെടുമെന്നതു് എത്ര ലാഭം കിട്ടുമെന്നതിനെ ആശ്രയിച്ചാണിരിയ്ക്കുന്നതു്. ലാഭമാകട്ടെ, നിലവിലുള്ള പലിശനിരക്കും മൂലധനനിക്ഷേപത്തിൽനിന്നു മുതലാളി പ്രതീക്ഷിയ്ക്കുന്ന ലാഭവും തമ്മിലുള്ള ബന്ധത്തെ ആശ്രയിച്ചുമിരിയ്ക്കുന്നു. സൂക്ഷിപ്പുപണം വ്യവസായത്തിൽ നിക്ഷേപിച്ചാൽ കിട്ടുന്ന ലാഭത്തെക്കാളധികം അതു ബാങ്കിലിട്ടാൽ പലിശയായി കിട്ടുമെങ്കിൽ മൂലധനനിക്ഷേപമുണ്ടാവില്ല. ഉള്ള പണം മുഴുവനും ബാങ്കിലിടുകയേയുള്ളു.

ഒരുദാഹരണംകൊണ്ടു് ഇതു വ്യക്തമാക്കാം. 10,000ക. യിൽ 1000ക. സൂക്ഷിച്ചുവെയ്ക്കുന്ന മുതലാളി ഏതു പരിതഃസ്ഥിതിയിലാണു് അതു മുഴുവനും വ്യവസായത്തിലിറക്കുക എന്നു പരിശോധിയ്ക്കുക. 1000ക. വ്യവസായത്തിൽ നിക്ഷേപിച്ചാൽ കൊല്ലത്തിൽ 100ക. ലാഭം കിട്ടുമെന്നിരിയ്ക്കട്ടെ. ബാങ്കിലെ പലിശനിരക്കു് 3 ശതമാനമാണെന്നും വിചാരിയ്ക്കുക. 3 ശതമാനം നിരക്കിൽ കടം വാങ്ങിയിട്ടാണു് വ്യവസായത്തിൽ നിക്ഷേപിയ്ക്കുന്നതെങ്കിൽ കൊല്ലത്തിൽ 30ക. പലിശയടയ്ക്കേണ്ടിവരും. 1000ക. വ്യവസായത്തിൽ നിക്ഷേപിച്ചാൽ 100ക. ലാഭം കിട്ടുമല്ലോ. അതിൽനിന്നു് പലിശവകയിൽ 30ക. കൊടുത്താൽ പിന്നേയും 70ക. ലാഭമാണു്. ഇത്തരം സാഹചര്യത്തിൽ മുതലാളി തന്റെ സൂക്ഷിപ്പുപണം മുഴുവനും വ്യവസായത്തിലിറക്കുമെന്നു തീർച്ചയാണു്. നേരെമറിച്ചു് പലിശനിരക്കു വർദ്ധിച്ചാലോ? ലാഭം കുറയും. ലാഭം കുറയുംതോറും നിക്ഷേപത്തിനുള്ള പ്രചോദനവും കുറഞ്ഞുകൊണ്ടുവരും. നഷ്ടമാണുണ്ടാകുന്നതെങ്കിൽ, അതായതു്, വ്യവസായത്തിൽനിന്നു കിട്ടുന്ന ലാഭത്തേക്കാൾ വലിയൊരു തുക പലിശവകയിൽ ബാങ്കിലടയ്ക്കണമെന്നു വന്നാൽ, പിന്നെ മൂലധനനിക്ഷേപത്തിന്നു് ആരും മുതിരുകയില്ല.

പലിശനിരക്കു കുറയുംതോറും മൂലധനനിക്ഷേപം വർദ്ധിയ്ക്കുമെന്നാണു് കെയിൻസ് പറയുന്നതിന്റെ ചുരുക്കം. പലിശനിരക്കാകട്ടെ, ഗവർമ്മെണ്ടി

ന്റെയും കേന്ദ്രബാങ്കിന്റെയും ധനകാര്യനയത്തെ ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ടു് പലിശനിരക്കു് നിയന്ത്രിയ്ക്കാൻ കഴിയുന്ന ഭരണാധികാരികൾക്കു നിക്ഷേപച്ചെലവുകളേയും നിയന്ത്രിയ്ക്കാൻ കഴിയുമെന്നു് അദ്ദേഹം അഭിപ്രായപ്പെടുന്നു. തൊഴിലില്ലായ്മയെ നിശ്ശേഷം പരിഹരിയ്ക്കാനും ഉൽപ്പാദനവ്യവസ്ഥയാകെ ഉത്തരോത്തരം അഭിവൃദ്ധിപ്പെടുത്താനും പററിയതരത്തിൽ പലിശനിരക്കുകൾ നിയന്ത്രിയ്ക്കുക, പൊതുമരാമത്തുകളിലും മററും നേരിട്ടു പണമിറക്കുക, സമുദായത്തിലാകെയുള്ള നിക്ഷേപങ്ങളെ പൊതുവിൽ നിയന്ത്രിയ്ക്കുകയും ക്രമീകരിയ്ക്കുകയും ചെയ്യുക, എന്നിങ്ങിനെയുള്ള നടപടികൾ കൈക്കൊണ്ടുകൊണ്ടു് സാമ്പത്തികക്കുഴപ്പങ്ങളെ തടയാൻ ഗവർമ്മെണ്ടിന്നു സാധിയ്ക്കുമെന്നാണു് അദ്ദേഹം വാദിയ്ക്കുന്നതു്. മുതലാളിത്തവ്യവസ്ഥയുടെ നാലതിരുകൾക്കുള്ളിൽ നിന്നുകൊണ്ടുതന്നെ ഗവർമ്മെണ്ടിന്റേയും കേന്ദ്രബാങ്കുകളുടേയും പ്രവർത്തനങ്ങൾവഴിയ്ക്കു് ഉൽപ്പാദനനിലവാരത്തെ ഉയർത്താനും എല്ലാവർക്കും തൊഴിൽ നല്കാനും കഴിയുമെന്നാണു് അദ്ദേഹം ഉറപ്പിച്ചു പറയുന്നതു്.

അടുത്തകാലത്തായി കെയിൻസിന്റെ സിദ്ധാന്തങ്ങൾക്കു് പല രാജ്യങ്ങളിലും ധാരാളം പ്രചാരവും ഔദ്യോഗികമായ അംഗീകാരംതന്നെയും ലഭിച്ചുകഴിഞ്ഞിട്ടുണ്ടു്. യഥാർത്ഥത്തിൽ കഴിഞ്ഞ രണ്ടുമൂന്നു ശതാബ്ദങ്ങളായി കെയിൻസിന്റെ സിദ്ധാന്തങ്ങളെ മുറ

കിപ്പിടിച്ചുകൊണ്ടാണ് ബ്രിട്ടൻ, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിലെ ധനശാസ്ത്രജ്ഞന്മാരും ഗവമ്മെണ്ടുകളും പ്രവൎത്തിച്ചുപോന്നിട്ടുള്ളതു്. പലിശനിരക്കകഠം നിയന്ത്രിയ്ക്കുന്നതിലും കറൻസികളുടെ വിലകളിൽ കൃത്രിമമായ മാററങ്ങളുണ്ടാക്കുന്ന കാൎയ്യത്തിലും നേരിട്ടു മൂലധനനിക്ഷേപങ്ങഠം നടത്തുന്നതിലും മററും അവർ അങ്ങേയററം മനസ്സിരുത്തിയിട്ടുമുണ്ടു്. എന്നിട്ടും, ഇടയ്ക്കിടയ്ക്കുണ്ടാകുന്ന സാമ്പത്തികക്കുഴപ്പങ്ങളെ തടയാനോ തൊഴിലില്ലായ്മയെ പരിഹരിയ്ക്കാനോ അവൎക്ക സാധിച്ചിട്ടില്ല. അതുകൊണ്ടുതന്നെയാണ് കെയിൻസിൻെറ സിദ്ധാന്തങ്ങഠം അപൎയ്യാപ്തമാണെന്നു് അടുത്തകാലത്തു് ചില ധനശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടാൻ തുടങ്ങിയിട്ടുള്ളതു്.

## മാർക്സിൻെറ സിദ്ധാന്തം

കെയിൻസിൻേറതുപോലെത്തന്നെ അടുത്തകാലത്തു് ധാരാളം പ്രചാരം നേടിയിട്ടുള്ള മറെറാരു സിദ്ധാന്തമാണ് സാമ്പത്തികക്കുഴപ്പത്തെക്കുറിച്ചുള്ള മാർക്സിൻെറ സിദ്ധാന്തം. ഈ സിദ്ധാന്തമനുസരിച്ചു് മുതലാളിത്ത സമുദായത്തിലെ ഉൽപ്പാദനശക്തികളും ഉൽപ്പാദനബന്ധങ്ങളും തമ്മിലുള്ള വൈരുദ്ധ്യമാണ് എല്ലാ കുഴപ്പങ്ങളുടേയും അടിസ്ഥാനകാരണം. സമുദായത്തിലെ ഉൽപ്പാദനക്കഴിവു വർദ്ധിയ്ക്കുന്ന തോതു

അനുസരിച്ച് ചരക്കുകൾ വിററഴിയ്ക്കാനുള്ള കഴിവു വർദ്ധിയ്ക്കുന്നില്ല. എന്തെന്നാൽ, യന്ത്രങ്ങളുടെ വർദ്ധിച്ചുവരുന്ന ഉൽപ്പാദനക്കഴിവിനെ നേരിടാൻ കഴിയത്തക്കവണ്ണം ഭൂരിപക്ഷക്കാരായ ജനങ്ങളുടെ വരുമാനം വർദ്ധിയ്ക്കുന്നില്ല. ഉൽപ്പാദനക്കഴിവും ക്രയശക്തിയും തമ്മിലുള്ള ഈ വൈരുദ്ധ്യം മുതലാളിത്തോൽപ്പാദനവ്യവസ്ഥയുടെ അവിഭാജ്യമായ സ്വഭാവവിശേഷമാണെന്നു് മാർക്സ് ചൂണ്ടിക്കാണിയ്ക്കുന്നു. ഓരോ മുതലാളിയും ഉൽപ്പാദനച്ചെലവു വെട്ടിച്ചുരുക്കാനും തൊഴിലാളികളുടെ വരുമാനങ്ങളെ കഴിയുന്നേടത്തോളം കുറയ്ക്കാനും ലാഭം കഴിയുന്നത്ര വർദ്ധിപ്പിയ്ക്കാനും ശ്രമിയ്ക്കുന്നു. കമ്പോളമത്സരത്തിൽ വിജയം നേടണമെങ്കിൽ ഇതു ചെയ്തേ മതിയാവൂ. ഉൽപ്പാദനച്ചെലവു ചുരുക്കാൻവേണ്ടി കൂടുതൽ കൂടുതൽ പരിഷ്കരിച്ച യന്ത്രങ്ങളുപയോഗിയ്ക്കേണ്ടതാവശ്യമായിത്തീരുന്നു. യന്ത്രങ്ങൾക്കുവേണ്ടി നീക്കിവെയ്ക്കുന്ന മൂലധനത്തിൻെറ തോതു് വർദ്ധിയ്ക്കുംതോറും തൊഴിലാളികളുടെ കൂലിയ്ക്കുവേണ്ടി നീക്കിവെയ്ക്കുന്ന മൂലധനത്തിൻെറ തോതു് കുറഞ്ഞുകുറഞ്ഞു വരുന്നു. ഇതിൻെറ അർത്ഥം ലാഭത്തിൻെറ തോതു് കുറഞ്ഞുകുറഞ്ഞു വരികയെന്നാണു്. ലാഭത്തിൻെറ തോതിടിഞ്ഞാലും ഒട്ടാകെയുള്ള ലാഭത്തിൻെറ തുക വർദ്ധിപ്പിയ്ക്കാൻവേണ്ടി കൂടുതൽ മൂലധനം നിക്ഷേപിച്ച് വ്യവസായം അഭിവൃദ്ധിപ്പെടുത്താൻ ഓരോ മുതലാളിയും നിർബ്ബന്ധനായിത്തീരുന്നു. പക്ഷേ, മൂലധനനിക്ഷേപം കൂടുംതോറും ലാഭത്തിൻെറ തോതു് വീണ്ടുമിടിയുകയാണു് ചെയ്യു

ന്നതു്. ഇതുകാരണം കൂലിയുടെ തോതു് ഏററവും കുറഞ്ഞപതനത്തിൽ നിലനിർത്തേണ്ടതാവശ്യമായിത്തീരുന്നു. പക്ഷേ, ഇതിൻെറ അർത്ഥം ചരക്കുകളുടെ ഉല്പാദനം വർദ്ധിയ്ക്കുന്ന തോതനുസരിച്ച് തൊഴിലാളികളുടെ ക്രയശക്തി വർദ്ധിയ്ക്കുകയില്ല എന്നാണു്; ഉല്പാദിപ്പിയ്ക്കപ്പെടുന്ന ചരക്കുകളുടെ തോതനുസരിച്ച് അവയുടെ ഡിമാണ്ടു് വർദ്ധിയ്ക്കുകയില്ല എന്നാണു്.

ഉൽപ്പാദനോപകരണങ്ങൾ നിർമ്മിയ്ക്കുന്ന വ്യവസായങ്ങൾ, ഉപഭോഗസാമഗ്രികൾ നിർമ്മിയ്ക്കുന്ന വ്യവസായങ്ങൾ എന്നിങ്ങിനെ രണ്ടുതരത്തിലുള്ള വ്യവസായങ്ങളുണ്ടെന്നു പറഞ്ഞുവല്ലോ. ഇവ രണ്ടും പരസ്പരം ബന്ധപ്പെട്ടിരിയ്ക്കുന്നു. യന്ത്രങ്ങളുണ്ടാക്കുന്നവർക്കു് ഉപഭോഗസാമഗ്രികൾ വേണം. ഉപഭോഗസാമഗ്രികളുണ്ടാക്കുന്നവർക്കു് യന്ത്രങ്ങളും വേണം. യന്ത്രനിർമ്മാണത്തിലേർപ്പെട്ട ഒന്നാംവിഭാഗക്കാർ തങ്ങളുടെ ചരക്കുകൾ വിററഴിയ്ക്കുന്നതെവിടെയാണു്? കുറേയൊക്കെ ഒന്നാംവിഭാഗക്കാരുടെയിടയിൽത്തന്നെ ചെലവാവും. ബാക്കിയുള്ളതു് രണ്ടാംവിഭാഗക്കാരുടെയിടയിൽ, അതായതു് ഉപഭോഗസാമഗ്രികളുണ്ടാക്കുന്നവരുടെയിടയിൽ, ചെലവാവണം. ഇതുതന്നെയാണു് രണ്ടാംവിഭാഗക്കാരുടെ സ്ഥിതിയും. അവരുണ്ടാക്കുന്ന ഭക്ഷണസാമഗ്രികൾ, തുണി, മരുന്നു് തുടങ്ങിയ ഉപഭോഗസാമഗ്രികൾ കുറേയൊക്കെ രണ്ടാംവിഭാഗക്കാരുടെയിടയിൽത്തന്നെ ചെലവാവും. ബാക്കിയുള്ളതു് ഒന്നാംവിഭാഗക്കാരുടെയിടയിൽ വിററ

തീരണം. പ്ലാനോടുകൂടിയുള്ള ഉൽപ്പാദനവ്യവസ്ഥയാണെങ്കിൽ ഓരോ വിഭാഗത്തിലും എത്ര ചരക്കുകളുൽപ്പാദിപ്പിയ്ക്കണമെന്നും അതിനുവേണ്ടി എത്ര മൂലധനം നിക്ഷേപിയ്ക്കണമെന്നും മുൻകൂട്ടി കണക്കാക്കാൻ കഴിയും. പക്ഷെ, മുതലാളിത്തവ്യവസ്ഥയിൽ ഓരോ വ്യക്തിയും ഓരോ വ്യവസായസ്ഥാപനവും സ്വതന്ത്രമായിട്ടാണു് ഉൽപ്പാദനം നടത്തുന്നതു്. ഓരോരുത്തരും കൂടുതൽ ലാഭം കിട്ടാൻവേണ്ടി വരവിന്റെ ഗണ്യമായ ഭാഗം മൂലധനമാക്കി മാററുകയും സ്വന്തം യന്ത്രങ്ങളെ കൂടുതൽ കൂടുതൽ പരിഷ്ക്കരിയ്ക്കുകയും ചെയ്യുന്നു. ഇങ്ങിനെ രണ്ടു വിഭാഗക്കാരിൽനിന്നും യന്ത്രോപകരണങ്ങളുടെ ഡിമാണ്ടു വർദ്ധിയ്ക്കുന്നു. ഡിമാണ്ടു വർദ്ധിയ്ക്കുമ്പോൾ വിലകൾ കയറുകയും ലാഭം വർദ്ധിയ്ക്കുകയും ചെയ്യുന്നു. ഉൽപ്പാദനോപകരണ വ്യവസായങ്ങളിലേയ്ക്കു് കൂടുതൽ കൂടുതൽ മൂലധനം ആകർഷിയ്ക്കപ്പെടുന്നു ഒന്നാംവിഭാഗം ഇങ്ങിനെ വിപുലമായിക്കൊണ്ടുവരുമ്പോൾ ആ വിഭാഗത്തിൽപ്പെട്ടവരിൽനിന്നു് ഉപഭോഗസാമഗ്രികൾക്കുള്ള ഡിമാണ്ടും വർദ്ധിയ്ക്കും. ഇങ്ങിനെ രണ്ടു വിഭാഗം വ്യവസായങ്ങളും അഭിവൃദ്ധിപ്പെടുന്നു.

യന്ത്രോപകരണങ്ങൾ നിർമ്മിയ്ക്കുന്ന വ്യവസായങ്ങളും ഉപഭോഗസാമഗ്രികൾ നിർമ്മിയ്ക്കുന്ന വ്യവസായങ്ങളും തമ്മിൽ യാതൊരു പൊരുത്തവുമില്ലാത്ത മട്ടിലാണു് വിപുലീകരണം നടക്കുന്നതു്. താനുണ്ടാക്കുന്നതും മററുള്ളവരുണ്ടാക്കുന്നതും തമ്മിൽ വല്ല പൊരു

ത്തക്കേട്ടമുണ്ടോ എന്നു നോക്കാതെ, യഥാൎത്ഥമായ ഡിമാണ്ടെന്താണെന്നും കമ്പോളത്തിൽ എത്ര വിററഴിയ്ക്കാൻ കഴിയുമെന്നും മനസ്സിലാക്കാൻ കഴിയാതെ, ഓരോ മുതലാളിയും ലാഭം പ്രതീക്ഷിച്ചുകൊണ്ടു് കൂടുതൽ കൂടുതൽ ചരക്കുകളുൽപ്പാദിപ്പിച്ചു വിടുകയാണു് ചെയ്യുന്നതു്. ഇതൊരു ഘട്ടത്തിൽ അനിവാൎയ്യമായും അമിതോൽപ്പാദനമായിത്തീരുമെന്നു തീൎച്ചയാണു്.

ഉൽപ്പാദനോപകരണങ്ങളുടെ ഡിമാണ്ടു് ഉടനുടൻ തൃപ്തിപ്പെടുത്താൻ കഴിയില്ല. എന്തെന്നാൽ, അവയുൽപ്പാദിപ്പിയ്ക്കാൻ സമയം പിടിയ്ക്കും. വ്യവസായം അഭിവൃദ്ധിപ്പെടുന്നുവെന്നു കാണുമ്പോഠം ഡിമാണ്ടുണ്ടാകുമെന്നു പ്രതീക്ഷിച്ചുകൊണ്ടാണു് യന്ത്രോപകരണങ്ങളും മററും ഉൽപ്പാദിപ്പിയ്ക്കപ്പെടുക. പക്ഷേ, അവ മുഴുവനും വിററഴിയുമോ? ഒന്നാംവിഭാഗത്തിൽപ്പെട്ടവക്കും രണ്ടാംവിഭാഗത്തിൽപ്പെട്ടവക്കും കൂടി ഒട്ടാകെ ആവശ്യമുള്ളതിലും കവിഞ്ഞ യന്ത്രോപകരണങ്ങഠം നിൎമ്മിയ്ക്കപ്പെട്ടാൽ എന്താണുണ്ടാവുക? ലാഭം കിട്ടുമെന്നു കരുതി ഒന്നാംവിഭാഗക്കാർ സ്വാഭാവികമായും കൂടുതൽ യന്ത്രങ്ങളുൽപ്പാദിപ്പിച്ചുവെന്നുവരും. മാക്കററിലെത്തുമ്പോഠം മാത്രമാണു് അവ ഡിമാണ്ടിനേക്കാഠം കൂടുതലായിപ്പോയെന്നു മനസ്സിലാവുക. അപ്പോളെന്താണുണ്ടാവുക? യന്ത്രോപകരണങ്ങഠം വാങ്ങാനാളില്ലാതെ കെട്ടിക്കിടക്കും. കാരണം, വിററഴിയ്ക്കാൻ സാധിയ്ക്കാത്തവിധം ഡിമാണ്ടിനേക്കാഠം എത്രയോ അധികം ചരക്കുകഠം ഉൽപ്പാദിപ്പിയ്ക്കപ്പെട്ടിരിയ്ക്കുന്നു.

ഉടൻതന്നെ ഒന്നാംവിഭാഗക്കാർ തങ്ങളുടെ ഉൽപ്പാദനം വെട്ടിക്കുറയ്ക്കാൻ നടപടികളെടുക്കുന്നു. ചില കമ്പനികൾ പൂട്ടാൻ തുടങ്ങുന്നു. ഇതു് ഏറെത്താമസിയാതെ രണ്ടാംവിഭാഗക്കാരേയും ബാധിയ്ക്കും. ഒന്നാം വിഭാഗക്കാരിൽനിന്നു് ഉപഭോഗസാമഗ്രികൾക്കുള്ള ഡിമാണ്ടു കുറയും. ഉടൻതന്നെ രണ്ടാംവിഭാഗക്കാരും തങ്ങളുടെ ഉൽപ്പാദനം കുറയ്ക്കും. ഒന്നാംവിഭാഗക്കാരുടെ യന്ത്രോപകരണങ്ങൾ കമ്പോളത്തിലെത്തുമ്പോഴേയ്ക്കും രണ്ടാംവിഭാഗക്കാർക്കു് അവയെ വാങ്ങാൻ കഴിയാതാവും. ഇതാണു് കുഴപ്പത്തിന്റെ ആരംഭം.

ഒന്നാംവിഭാഗത്തിൽപ്പെട്ട ഏതെങ്കിലുമൊരു കമ്പനി പൂട്ടുകയോ ഉൽപ്പാദനം കുറയ്ക്കുകയോ ചെയ്താൽ മതി, ഉപഭോഗസാമഗ്രികളുടെ ഡിമാണ്ടു കുറയാൻ തുടങ്ങും. അതോടെ, ഉപഭോഗസാമഗ്രികൾ നിർമ്മിയ്ക്കുന്ന വ്യവസായങ്ങളും പൂട്ടുകയോ ഉൽപ്പാദനം കുറയ്ക്കുകയോ ചെയ്യും. ഇതിന്റെ അർത്ഥം യന്ത്രോപകരണങ്ങളുടെ ഡിമാണ്ടു് വീണ്ടും കുറയുക എന്നാണു്. അങ്ങിനെ കുഴപ്പം മൂർച്ഛിയ്ക്കുന്നു.

കുഴപ്പത്തിന്റെ അടിസ്ഥാനപരമായ കാരണം ഉൽപ്പാദിപ്പിയ്ക്കപ്പെടുന്ന ചരക്കുകളത്രയും വാങ്ങാൻ ഭൂരിപക്ഷക്കാരായ ജനങ്ങൾക്കു കഴിവില്ലെന്നതാണു്. ഉൽപ്പാദനക്കഴിവും ഡിമാണ്ടും തമ്മിലുള്ള സംഘട്ടനമാണു് സാമ്പത്തികക്കുഴപ്പത്തിലൂടെ പൊട്ടിപ്പുറപ്പെടുന്നതു് എന്നാണു് മാർക്സ് പറയുന്നതു്.

കുഴപ്പമുണ്ടായാൽ ചരക്കുകളുടെ വിലയിടിയുകയും മുതലാളികളുടെ ലാഭം കുറയുകയും ചെയ്യും. നഷ്ടം പററുന്നവർ വ്യവസായരംഗത്തിൽനിന്നു പിന്മാറും. പക്ഷേ, അങ്ങിനെ വളരെപ്പേർ പിന്മാറിയാൽ, ഒരു ഘട്ടത്തിന്നുശേഷം, ആവശ്യമുള്ള ഉൽപ്പന്നങ്ങൾപോലും കിട്ടാതാവും. അതിൻെറ ഫലമായി ചരക്കുകളുടെ വില വീണ്ടും വർദ്ധിയ്ക്കാൻ തുടങ്ങും. അതോടെ വ്യവസായങ്ങളിലേയ്ക്കു വീണ്ടും മൂലധനം പ്രവഹിയ്ക്കാൻ തുടങ്ങും. വീണ്ടും അഭിവൃദ്ധിയുടെ പുതിയൊരു ഘട്ടം ആരംഭിയ്ക്കുകയായി.

ഇത്തരം വൃദ്ധിക്ഷയങ്ങൾ മുതലാളിത്തവ്യവസ്ഥയുടെ അനിവാര്യമായ സ്വഭാവവിശേഷമാണെന്നും ഉൽപ്പാദനോപകരണങ്ങളെ പൊതുവുടമയിലാക്കിക്കൊണ്ടു് പ്ലാനോടുകൂടിയ ഉൽപ്പാദനം സംഘടിപ്പിച്ചാൽ മാത്രമേ കുഴപ്പങ്ങളില്ലാതാവുകയുള്ളൂവെന്നുമാണു് മാർക്സിൻെറ അഭിപ്രായം.

പതിമൂന്നാമദ്ധ്യായം

National Income

# ദേശീയവരുമാനം

ഏതെങ്കിലുമൊരാൾക്കു് ഒരു കൊല്ലത്തിൽ ഒട്ടാകെയുണ്ടാകുന്ന വരുമാനത്തിന്നു് ആയാളുടെ വാർഷികവരുമാനമെന്നു പറയുന്നു. വ്യക്തികൾക്കെന്നപോലെത്തന്നെ രാജ്യത്തിന്നും വാർഷികവരുമാനമുണ്ടു്. ഒരു രാജ്യത്തിലാകെ ഒരു കൊല്ലത്തിന്നിടയിൽ ഉൽപ്പാദിപ്പിയ്ക്കപ്പെടുന്ന സ്വത്തുക്കളുടെ ആകത്തുകയാണതു്. രാജ്യത്തിൻെറ ഈ വാർഷികവരുമാനത്തിന്നു് ദേശീയവരുമാനമെന്നും പറയാറുണ്ടു്. ദേശീയവരുമാനം വർദ്ധിയ്ക്കുക എന്നുവെച്ചാൽ രാജ്യത്തിലെ സ്വത്തുക്കൾ വർദ്ധിയ്ക്കുക എന്നർത്ഥമാണു്. അതുകൊണ്ടു് ഒരു രാജ്യത്തിലെ പൊതുവിലുള്ള സാമ്പത്തികാഭിവൃദ്ധിയെ അളക്കുവാനുള്ള ഒരുപകരണമാണു് ദേശീയവരുമാനം.

വ്യക്തിയുടെ വരുമാനം കണക്കാക്കുക താരതമ്യേന എളുപ്പമാണ്. ആയാൾ തൊഴിലാളിയോ, അദ്ധ്യാപകനോ, വക്കീലോ, ഡോക്ടറോ, കൃഷിക്കാരനോ ആരായാലും ശരി; ദിവസക്കൂലിക്കാരനോ മാസശമ്പളക്കാരനോ, നിശ്ചിതമായ കാലയളവൊന്നുമില്ലാതെ ഇടയ്ക്കിടയ്ക്ക് ഏററക്കുറച്ചിലോടുകൂടിയ തുകകൾ സമ്പാദിയ്ക്കുന്നവനോ, ആരായാലും തരക്കേടില്ല; ആയാൾക്ക് കൊല്ലത്തിൽ എന്തു വരുമാനമുണ്ട് എന്നു കണക്കാക്കാവുന്നതാണ്.

### ദേശീയവരുമാനം
### കണക്കാക്കുന്നതെങ്ങിനെ?

കൃഷി, വ്യവസായം, കൈത്തൊഴിൽ, മരാമത്ത്, ഗതാഗതം എന്നിങ്ങിനെ വിഭിന്നങ്ങളായ രംഗങ്ങളിൽ വ്യത്യസ്തരീതിയിലാണ് ഉൽപ്പാദനം നടക്കുന്നത്. വാരക്കണക്കിലും ടൺകണക്കിലും പറക്കണക്കിലും ഗ്യാലൻകണക്കിലും ഉൽപ്പാദിപ്പിയ്ക്കപ്പെടുന്ന വ്യത്യസ്തവസ്തുക്കളുടെ ആകത്തുക കണക്കാക്കുന്നതെങ്ങിനെയാണ്? ഉൽപ്പാദിപ്പിയ്ക്കപ്പെടുന്ന വിവിധ വസ്തുക്കളുടെ ഒട്ടാകെയുള്ള മൂല്യമെത്രയാണെന്ന് കണക്കാക്കിയാൽ മതി. മൂല്യമാണ് പൊതുവിലുള്ള മാനദണ്ഡം. മൂല്യത്തെ അളക്കാനുള്ള അളവുകോലാണ് പണം. പക്ഷേ, ഇങ്ങിനെ കണക്കാക്കുമ്പോൾ ഒരു ബുദ്ധിമുട്ടുണ്ട്. ചിലപ്പോൾ അളവുകോലിന്നുതന്നെ

മാററം സംഭവിയ്ക്കുന്നു. പണത്തിൻെറ ക്രയശക്തി കുറയുകയോ വർദ്ധിയ്ക്കുകയോ ചെയ്യുന്നു. ഉദാഹരണത്തിന്നു്, ഒരേ സാധനത്തിന്നു് ഒരിയ്ക്കൽ ഒരുറുപ്പികയും മറെറാരിയ്ക്കൽ ഒന്നരയുറുപ്പികയും കൊടുക്കേണ്ടി വരുന്നു. പണത്തിൻെറ തുകയിലോ ചരക്കുകളുടെ സപ്ലൈ, ഡിമാണ്ടു് എന്നിവയിലോ മാററമുണ്ടായാൽ വിലകളിലും മാററമുണ്ടാകുന്നു. ഈ സ്ഥിതിയിൽ ദേശീയവരുമാനം കണക്കാക്കുന്നതെങ്ങിനെയാണു്? ഒരു വഴിയുണ്ടു്. ഏതെങ്കിലും ഒരു കൊല്ലത്തെ വിലകളെ അടിസ്ഥാനമാക്കിയെടുത്തുകൊണ്ടു് ദേശീയവരുമാനത്തിലുണ്ടാകുന്ന മാററങ്ങൾ കണക്കാക്കാം. ഉദാഹരണത്തിന്നു്, ഏതെങ്കിലുമൊരു കൊല്ലത്തെ ദേശീയവരുമാനം ആയിരം കോടി ക. യാണെന്നും. അടുത്തകൊല്ലത്തേയ്ക്കു് അതു് രണ്ടായിരം കോടി ക. യായി വർദ്ധിച്ചുവെന്നും പക്ഷേ, അതേസമയത്തുതന്നെ പണത്തിൻെറ ക്രയശക്തി നാലിലൊന്നായി കുറഞ്ഞുവെന്നും കരുതുക. അങ്ങിനെയാണെങ്കിൽ, പുതിയ രണ്ടായിരം കോടി ഉറുപ്പികയ്ക്കു് അഞ്ഞൂറ കോടി പഴയ ഉറുപ്പികയുടെ ക്രയശക്തിയേയുള്ളു. ഇതിൻെറ അത്ഥമെന്താണു്? ദേശീയവരുമാനം ഇരട്ടിയായി വർദ്ധിച്ചുവെന്നു തോന്നുന്നുണ്ടെങ്കിലും യഥാത്ഥത്തിലതു് പകുതിയായി ചുരുങ്ങുകയാണുണ്ടായതു്. ഇങ്ങിനെ വിലകളിലുണ്ടാകുന്ന മാററങ്ങളെക്കൂടി പരിഗണിച്ചുകൊണ്ടാണു് ദേശീയവരുമാനം കണക്കാക്കാവുന്നതു്.

ദേശീയവരുമാനവും ഗവമ്മെണ്ടിന്റെ വരുമാനവും തമ്മിൽ കൂട്ടിക്കഴയ്ക്കരുതു്. ഗവമ്മെണ്ടിന്റെ വരുമാനം ദേശീയവരുമാനത്തിന്റെ ഒരു ഭാഗം മാത്രമാണു്. നികുതികളും മററും വഴിയായി സ്വകാര്യവ്യക്തികളുടേയും സ്വകാര്യസ്ഥാപനങ്ങളുടേയും വരുമാനങ്ങളുടെ ഒരു ഭാഗം രാജ്യത്തിന്റെ പൊതുവിലുള്ള ഉപയോഗത്തിന്നുവേണ്ടി മാററുക മാത്രമാണു് ഗവമ്മെണ്ടു ചെയ്യുന്നതു്. ഒട്ടാകെയുള്ള വരുമാനമാണു് ദേശീയവരുമാനം.

നമ്മുടെ ഇന്നത്തെ സാമൂഹ്യവ്യവസ്ഥയിൽ അദ്ധ്വാനിയ്ക്കാൻ കഴിവുള്ള ജനങ്ങളിലൊരുഭാഗം ദേശീയവരുമാനം വർദ്ധിപ്പിയ്ക്കാനാവശ്യമായ ഉല്പാദനപ്രവത്തനങ്ങളിൽ നേരിട്ടു പങ്കെടുക്കുന്നില്ല. ഒരു ഭാഗത്തു് ഉൽപ്പാദനത്തിലേർപ്പെടാനാവശ്യമായ സാഹചര്യങ്ങളില്ലാതെ തെണ്ടിത്തിരിയുന്ന തൊഴിലില്ലാത്ത ജനങ്ങളുണ്ടു്. അവർ യാതൊരു ദേശീയസ്വത്തും ഉൽപ്പാദിപ്പിയ്ക്കുന്നില്ല. മറുഭാഗത്തു് ജന്മികരം, മുതലാളികരം, കച്ചവടക്കാർ, ബാങ്കർമാർ മുതലായവരുണ്ടു്. അവരും നേരിട്ടു് യാതൊരു ദേശീയസ്വത്തും ഉൽപ്പാദിപ്പിയ്ക്കുന്നില്ല. പക്ഷേ, അവർ ഉല്പാദനോപകരണങ്ങളുടെ ഉടമസ്ഥന്മാരാണു്. ആ നിലയ്ക്കു് അവർ ദേശീയവരുമാനത്തിന്റെ ഗണ്യമായ ഒരു ഭാഗത്തിന്റെ അവകാശികളായിത്തീരുന്നു. സ്വന്തം ഉൽപ്പാദനോപകരണങ്ങളോ മററുള്ളവരുടെ ഉൽപ്പാദനോപകരണങ്ങളോ ഉപയോഗിച്ചുകൊണ്ടു്

നേരിട്ടദ്ധ്വാനിയ്ക്കുന്ന മറെറാരു വിഭാഗം ജനങ്ങളുണ്ട്. ദേശീയവരുമാനത്തിന്റെ ഒരു ഭാഗം അവക്കും ലഭിയ്ക്കുന്നു. ഇങ്ങിനെ ഒട്ടാകെയുള്ള ദേശീയവരുമാനം ഉൽപ്പാദനത്തിന്റെ വിവിധ ഘടകങ്ങൾക്കിടയിൽ വിതരണംചെയ്യപ്പെടുന്നു. തൊഴിലാളികൾ, കൃഷിക്കാർ, കർഷകത്തൊഴിലാളികൾ, കൈവേലക്കാർ മുതലായവരുടെ വരവിനങ്ങൾ, വ്യവസായ മുതലാളികളുടെ ലാഭം, ബാങ്കുകളുടെ പലിശ, കച്ചവടക്കാരുടെ ലാഭം, ജന്മികളുടെ പാട്ടം — ഇതെല്ലാം ദേശീയവരുമാനത്തിന്റെ ഭാഗങ്ങളാണ്. ഈ വിഭിന്ന ജനവിഭാഗങ്ങൾക്ക ലഭിയ്ക്കുന്ന തുകകൾ എല്ലാംകൂടി കൂട്ടിയാൽ രാജ്യത്തിന്റെ ദേശീയവരുമാനമായി.

രാജ്യത്തിലൊട്ടാകെയുൽപ്പാദിപ്പിയ്ക്കപ്പെടുന്ന സ്വത്തുക്കളുടെ വിലകൾ ഒന്നിച്ചുകൂട്ടിയാലും ദേശീയവരുമാനമായി. ദേശീയോൽപ്പന്നങ്ങളുടെ ആകത്തുകയാണ് ദേശീയവരുമാനം.

ദേശീയവരുമാനം കണക്കാക്കാനുള്ള മറെറാരു മാർഗ്ഗം രാജ്യത്തിലൊട്ടാകെ ചെലവഴിയ്ക്കപ്പെടുന്ന തുകകളെ ഒന്നിച്ചുകൂട്ടലാണ്. സ്വകാര്യവ്യക്തികളുടേയും സ്വകാര്യസ്ഥാപനങ്ങളുടേയും ചെലവുകൾ മാത്രമല്ല, ഗവൺമെണ്ടിന്റേയും മററ പൊതുസ്ഥാപനങ്ങളുടേയും ചെലവുകൾക്കൂടി കണക്കിലെടുക്കണം. പക്ഷേ, ഒട്ടാകെയുള്ള ചെലവുകളിൽ മററ രാജ്യങ്ങളിൽ നിന്നു് ഇറക്കുമതിചെയ്യപ്പെടുന്ന സ്വത്തുക്കൾക്കൂടിയുൾപ്പെടുന്നു. ഇറക്കുമതിയും കയററമതിയും തുല്യമ

ല്ലെങ്കിൽ ഒട്ടാകെയുള്ള ദേശീയച്ചെലവുകൾ ദേശീയ വരുമാനത്തേക്കാൾ കൂടുതലോ കുറവോ ആയിരിയ്ക്കും.

ചില ധനശാസ്ത്രജ്ഞന്മാർ രാജ്യത്തിലുൽപ്പാദിപ്പിയ്ക്കപ്പെടുന്ന ഭൌതികസ്വത്തുക്കളെ മാത്രമല്ല, സാമൂഹ്യസേവനത്തിന്നുള്ള പ്രതിഫലങ്ങളേയും ദേശീയ വരുമാനത്തിലുൾപ്പെടുത്തുന്നു. മററു ചിലരാകട്ടെ, സാമൂഹ്യസേവനം നടത്തുന്നവർ പുതുതായി യാതൊരു സ്വത്തും ഉൽപ്പാദിപ്പിയ്ക്കുന്നില്ലെന്നും ഒരിയ്ക്കൽ സൃഷ്ടിയ്ക്കപ്പെട്ടുകഴിഞ്ഞ ദേശീയവരുമാനത്തിൻെറ ഒരു ഭാഗം വാങ്ങി അനുഭവിയ്ക്കുക മാത്രമാണവർ ചെയ്യുന്നതെന്നും അതുകൊണ്ടു് ദേശീയവരുമാനം കണക്കാക്കുമ്പോൾ അവരുടെ സേവനങ്ങൾക്കുള്ള പ്രതിഫലം കൂട്ടേണ്ടതില്ലെന്നും വാദിയ്ക്കുന്നു. അദ്ധ്യാപകന്മാർ, അഭിഭാഷകന്മാർ, ഡോക്ടർമാർ, പോലീസ്സുകാർ, മന്ത്രിമാർ, പുരോഹിതന്മാർ മുതലായവർ ഉല്പാദനപ്രവർത്തനങ്ങളിൽ നേരിട്ടു പങ്കെടുക്കുകയോ ദേശീയസ്വത്തുക്കൾ വർദ്ധിപ്പിയ്ക്കുകയോ ചെയ്യുന്നില്ല. ഉൽപ്പാദനോപകരണങ്ങളുടെ ഉടമാവകാശവും അവർക്കില്ല. പക്ഷേ, അവരെല്ലാം, ഒരുതരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ സാമൂഹ്യസേവനം നടത്തുന്നവരാണു്. അതുകൊണ്ടു് സാമൂഹ്യസേവനത്തിൻെറ പ്രതിഫലമെന്നനിലയ്ക്കു് ദേശീയവരുമാനത്തിൻെറ ഒരു ഭാഗം അവർക്കും ലഭിയ്ക്കുന്നു. ഉൽപ്പാദനരംഗങ്ങളുമായി ബന്ധപ്പെട്ട ജനവിഭാഗങ്ങൾ തമ്മിൽ പങ്കിട്ടെടുക്കുന്ന ദേശീയവരുമാനത്തിൻെറ ഒരു ഭാഗമാണു്

അവൎക്കു നല്കപ്പെടുന്നതു്. മറെറാരുഭാഗം പലതരത്തിലുള്ള നികുതികളുടേയും മററും രൂപത്തിൽ ഗവൎമ്മെണ്ടിൻെറ ഖജാനയിലെത്തുന്നു. ഗവൎമ്മെണ്ടു വസൂലാക്കുന്ന പണത്തിൻെറ ഒരു ഭാഗം ഉദ്യോഗസ്ഥന്മാരുടെ ശമ്പളമെന്നനിലയ്ക്കു് വീണ്ടും വിതരണംചെയ്യപ്പെടുന്നു. ഈ മാററിപ്പങ്കിടലിലൂടെ പുതിയ മൂല്യങ്ങളൊന്നും സൃഷ്ടിയ്ക്കപ്പെടുന്നില്ല. അതുകൊണ്ടു് ദേശീയവരുമാനം കണക്കാക്കാൻ അഭിഭാഷകൻെറ ഫീസ്സെത്രയെന്നും സിനിമാനടിയുടെ വരവെന്താണെന്നും നോക്കേണ്ടതില്ല. തൊഴിലാളികൾ, കൃഷിക്കാർ, കൈവേലക്കാർ മുതലായവരുടെ ആദായം കുറഞ്ഞാൽ ദേശീയവരുമാനം ചുരുങ്ങും. നേരെമറിച്ചു്, ഡോക്ടരുടെ ഫീസ്സോ സിനിമാനടിയുടെ വരവോ ഉദ്യോഗസ്ഥൻെറ ശമ്പളമോ കുറഞ്ഞാൽ അതു് ദേശീയവരുമാനത്തെ ഒരുതരത്തിലും ബാധിയ്ക്കുകയില്ല. ഇതാണു് ചില ആധുനികധനശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം.

INDIAN NATIONAL INCOME.

## ഇന്ത്യയുടെ ദേശീയവരുമാനം

19-ാം നൂററാണ്ടിൻെറ അവസാനംമുതല്ക്കുതന്നെ ഇന്ത്യയുടെ ദേശീയവരുമാനം എത്രയാണെന്നു കണക്കാക്കാനുള്ള പല പരിശ്രമങ്ങളും നടന്നിട്ടുണ്ടു്. ദാദാഭായ് നവറോജി, കർസൺപ്രഭു, ഫിൻലേ ഷിരാസ്, സർ ജോർജ്ജ് പേയ്ശ്, സർ എം. വിശ്വേശ്വരയ്യ

മുതലായവരെല്ലാം അതിന്നുവേണ്ടി ശ്രമിച്ചവരാണ്. അവരുടെ കണക്കുകൾ പൂർണ്ണമോ തികച്ചും തൃപ്തികരമോ ആണെന്നു പറഞ്ഞുകൂടാ. അടുത്തകാലത്തായി കൂടുതൽ ശാസ്ത്രീയമായ മാർഗ്ഗങ്ങളവലംബിച്ചുകൊണ്ടു ഇന്ത്യയുടെ ദേശീയവരുമാനം കണക്കാനുള്ള ചില പുതിയ പരിശ്രമങ്ങൾ നടക്കുകയുണ്ടായിട്ടുണ്ട്. അവയിൽ ഏററവും പ്രാധാന്യമർഹിയ്ക്കുന്നതു് പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു കൊണ്ടു് പ്രൊഫസ്സർ മഹലനോബിസ്സിൻെറ നേതൃത്വത്തിലുള്ള ദേശീയവരുമാനക്കമ്മിററി തയ്യാറാക്കിയ കണക്കുകളാണ്.

മഹലനോബിസ്സിൻെറ കമ്മിററി ഇന്ത്യയുടെ ദേശീയവരുമാനം കണക്കാക്കാൻ അവലംബിച്ച പദ്ധതി എന്താണ്? ശരിയ്ക്കു് പറഞ്ഞാൽ ഏതെങ്കിലുമൊരു പദ്ധതിയെ മാത്രം അവലംബിയ്ക്കുകയല്ല അവർ ചെയ്തതു്. ഒരേ സമയത്തുതന്നെ അവർ ഒന്നിലധികം പദ്ധതികളുടെ സഹായം തേടുകയുണ്ടായി. മുഖ്യമായി മൂന്നു പദ്ധതികളുണ്ടു്. ഒന്നു്, ഉല്പന്നങ്ങളുടെ വിലകൾ കണക്കാക്കിക്കൊണ്ടുള്ള ഉല്പാദനസെൻസസ് പദ്ധതി. കൃഷി, വ്യവസായം, ഖനി, മീൻപിടുത്തം, മുതലായ രംഗങ്ങളിൽനിന്നുള്ള വരുമാനം കണക്കാക്കാൻ ഈ പദ്ധതിയാണുപയോഗിയ്ക്കപ്പെട്ടതു്. വരുമാനങ്ങളുടെ സെൻസസ് എടുക്കുന്ന പദ്ധതിയാണു് രണ്ടാമത്തേതു്. കൂലി, ലാഭം, പലിശ, ശമ്പളം, പാട്ടം, ഇങ്ങിനെ വ്യത്യസ്ത ജനവിഭാഗങ്ങ

ളുടെ വരവിനങ്ങളെ ഒന്നിച്ചുകൂട്ടലാണിതു്. കച്ചവടം, ഗതാഗതം, ഉദ്യോഗങ്ങൾ, ഗവൺമെണ്ടു് സർവ്വീസുകൾ, മുതലായവയിൽനിന്നുള്ള വരുമാനങ്ങൾ കണക്കാക്കാൻ ഈ പദ്ധതിയാണുപയോഗിയ്ക്കപ്പെട്ടതു്. മൂന്നാമത്തേതു്, ചിലവുകളുടേയും, നിക്ഷേപങ്ങളുടേയും, സമ്പാദ്യങ്ങളുടേയും സെൻസസ് എടുത്തുകൊണ്ടുള്ള പദ്ധതിയാണു്. വ്യത്യസ്തരീതിയിലുള്ള ഈ പദ്ധതികളുടെ സഹായത്തോടുകൂടി 1954–1955 ലെ ദേശീയവരുമാനം താഴെ കാണിച്ചതുപ്രകാരമാണെന്നു് കണക്കാക്കപ്പെടുകയുണ്ടായി.

| | |
|---|---|
| കൃഷിയും അതിനോടു് ബന്ധപ്പെട്ട മററു രംഗങ്ങളും | 4350 കോടി ക. |
| ഖനികളും വ്യവസായങ്ങളും ചെറുകിടവ്യവസായങ്ങളും | 1810 ,, ,, |
| വാണിജ്യവും ഗതാഗതവും | 1810 ,, ,, |
| സർവ്വീസുകൾ, സ്വതന്ത്രമായ ഉദ്യോഗങ്ങൾ വീട്ടുവേലകൾ മുതലായവ | 1650 ,, ,, |
| ഒട്ടാകെ ദേശീയവരുമാനം | 9620 കോടി ക. |

ഗവൺമെണ്ടിന്റെ ഔദ്യോഗിക കണക്കുകൾ പ്രകാരം 1948–49 ൽ ഇന്ത്യയുടെ ദേശീയവരുമാനം 8650 കോടി ക. യായിരുന്നു. 1955–56 ആയപ്പോ

ഴെയ്യും അതു് 10480 കോടി ക. യായി വർദ്ധിച്ചു. 1956–57 ലെ ദേശീയവരുമാനം പ്രാരംഭകണക്കുകളനുസരിച്ചു് 11,010 കോടി ക. യാണു്. 1961 മാർച്ചു് മാസത്തോടുകൂടിയവസാനിയ്ക്കുന്ന രണ്ടാംപഞ്ചവത്സരപദ്ധതിയുടെ ഫലമായി ഇന്ത്യയുടെ ദേശീയവരുമാനം 25 ശതമാനം വർദ്ധിയ്ക്കുമെന്നു പ്രതീക്ഷിയ്ക്കപ്പെടുന്നു.

എന്നാൽ, ഈ കണക്കുകളിൽ ഗവമ്മെണ്ടുദ്യോഗസ്ഥന്മാരുടെ ശമ്പളം, വേലക്കാരുടെ ശമ്പളം മുതലായവയും ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ടു്. അത്തരം വരുമാനങ്ങൾ കണക്കിലെടുക്കാത്തപക്ഷം ദേശീയവരുമാനം ഈ കണക്കുകൾ ചൂണ്ടിക്കാണിയ്ക്കുന്നതിനേക്കാൾ കുറവായിരിയ്ക്കും.

ശരിയായ കൃത്യമായ ദേശീയവരുമാനം കണക്കാക്കാൻ കഴിഞ്ഞാൽ ഒരാളുടെ ശരാശരി വരുമാനവും കണക്കാക്കാൻ കഴിയും. ഔദ്യോഗിക കണക്കുകൾപ്രകാരം 1948–49 നും 1954–55 നുമിടയിൽ ഓരോ ഇന്ത്യക്കാരന്റേയും ശരാശരി വരുമാനം 247 ക. യിൽ നിന്നു് 262 ക. യായി വർദ്ധിച്ചിട്ടുണ്ടു്. വ്യാവസായിക രാജ്യങ്ങളിലെ ജനങ്ങളുടെ ശരാശരി വരുമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇതു് എത്രയോ തുച്ഛമാണെന്നു കാണാം. ത്വരിതമായ വ്യവസായവല്ക്കരണത്തിലൂടേയും ആധുനിക സാങ്കേതികരീതികളുപയോഗിച്ചുകൊണ്ടുള്ള കാർഷികോല്പാദനത്തിലൂടേയും മാത്രമേ നമ്മുടെ ദേശീയവരുമാനവും അതോ

ടൊപ്പം ശരാശരി വരുമാനവും ഗണ്യമായതോതിൽ വർദ്ധിക്കുകയുള്ളു. ഈ ഉദ്ദേശ്യത്തോടുകൂടിയാണു് ദേശീയപുനർനിർമ്മാണത്തിന്നുവേണ്ടിയുള്ള പരിശ്രമങ്ങൾ നടന്നുകൊണ്ടിരിയ്ക്കുന്നതു്.

ഒട്ടാകെയുള്ള ദേശീയവരുമാനം വിവിധ ജനവിഭാഗങ്ങൾക്കിടയിൽ പങ്കിടുന്നതിന്നു് വിതരണം എന്നു പറയുന്നു. തൊഴിലാളികളുടെ കൂലി, മൂലധനത്തിന്റെ പലിശ, നിലമുടമസ്ഥന്റെ പാട്ടം, വ്യവസായിയുടെ ലാഭം ഉല്പാദനത്തിന്റെ ഈ നാലു ഘടകങ്ങളാണു് അതിലടങ്ങിയിട്ടുള്ളതു്. മൊത്തത്തിൽ പറഞ്ഞാൽ ദേശീയവരുമാനം പങ്കിടപ്പെടുന്നതു് ഉല്പാദനത്തിന്റെ വിവിധഘടകങ്ങളുടെ ആവശ്യാതിർത്തി അനുസരിച്ചാണു് എന്നു മാർഷൽ എന്ന ധനശാസ്ത്രജ്ഞൻ പറയുന്നു. എന്നുവെച്ചാൽ, തങ്ങളുടെ കഴിവുകൾകൊണ്ടു് ഒരു ഘടകത്തിന്റെ സേവനത്തെ കുറച്ചു കൂടുതലായി വാങ്ങി ഉപയോഗിയ്ക്കുന്നതും അതിന്നുപകരം മററു ഘടകങ്ങളുടെ സേവനങ്ങളെ വാങ്ങി ഉപയോഗിയ്ക്കുന്നതും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല എന്നു ജനങ്ങൾക്കു തോന്നുന്ന അതിർത്തിയാണു് വിതരണത്തിന്റെ തോതു നിർണ്ണയിക്കുന്നതു്. പക്ഷേ, എല്ലാ ജനങ്ങളുടേയും കഴിവുകൾ ഒരുപോലെയല്ലാത്തതെന്തുകൊണ്ടാണു്? മൂലധനത്തിന്റെ ഉടമസ്ഥനും അദ്ധ്വാനശക്തിയുടെ ഉടമസ്ഥനും തുല്യശക്തിയോടുകൂടിയല്ല ഉല്പാദനത്തിലേർപ്പെടുന്നതു്. കഴിവുകളുപയോഗിയ്ക്കാനുള്ള സാഹചര്യങ്ങൾ അവയ്ക്കൊരുപോലെയല്ല. ഉല്പാദനോപകരണങ്ങളുടെ ഉടമ

സ്ഥന്നു തൻെറ കഴിവുപയോഗിച്ചില്ലെങ്കിൽ ലാഭമു ണ്ടാവില്ലെന്നേയുള്ളു. നേരെമറിച്ച്, അദ്ധ്വാനശക്തി യുടെ ഉടമസ്ഥൻ തൻെറ കഴിവ് ഉപയോഗിച്ചില്ലെ ങ്കിൽ പട്ടിണികിടക്കേണ്ടിവരും. പക്ഷേ, അയാൾക്ക തൻെറ കഴിവുകൾ ഇഷ്ടംപോലെ ഉപയോഗിക്കാൻ കഴിയില്ല. ഉല്പാദനോപകരണമുണ്ടെങ്കിലേ അദ്ധ്വാ നിയ്ക്കാൻ കഴിയൂ. ഉല്പാദനോപകരണങ്ങളാണെങ്കിൽ മുതലാളിയുടെ നിയന്ത്രണത്തിലുമാണു്.

അപ്പോൾ യഥാർത്ഥത്തിൽ ഉല്പാദനത്തിൻെറ ഫലങ്ങൾ, അല്ലെങ്കിൽ ഉല്പന്നങ്ങൾ, വിതരണംചെയ്യു ന്നതിന്നു് മുമ്പുതന്നെ മറെറാരു വിതരണം നടന്നു കഴിഞ്ഞിട്ടുണ്ടു്. ഉല്പാദനോപകരണങ്ങളുടെ വിതരണ മാണതു്. ചിലർ മൂലധനത്തിൻെറ (പണത്തിൻെറ) ഉടമസ്ഥന്മാരാണു്. മററുചിലർ ഫാക്ടറി ഉടമസ്ഥന്മാ രാണു്. വേറെചിലർ നിലമുടമകളാണു്. ബാക്കിയു ള്ളവർ സ്വന്തമായ ഉല്പാദനോപകരണങ്ങളില്ലാത്ത വരും. ഈ വിതരണമാണു് ഉല്പന്നങ്ങളുടെ വിതര ണത്തിൻെറ അടിയിലുള്ളതു് എന്നു കാണാം.

പക്ഷേ, ഈ വിതരണം ശാശ്വതമല്ല. എല്ലാ സാമൂഹ്യവ്യവസ്ഥയിലും ഈ വിതരണമില്ല. ഉദാഹ രണത്തിന്നു്, സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ ഉല്പാദ നോപകരണങ്ങളുടെ ഉടമാവകാശം അദ്ധ്വാനിക്കുന്ന വക്കുതന്നെയാണു്. ഉല്പാദനോപകരണങ്ങൾ പൊതു വുടമയിലാണു്. അതുകൊണ്ടു് ഉല്പന്നങ്ങളുടെ വിത രണത്തിലും വ്യത്യാസമുണ്ടായിരിക്കും.

ഇന്നത്തെ സമുദായത്തിൽ പണമൂലധനത്തിന്റെ ഉടമസ്ഥന്ന് പലിശയും യന്ത്രങ്ങളുടെ ഉടമസ്ഥന്നു ലാഭവും നിലത്തിന്റെ ഉടമസ്ഥന്ന് പാട്ടവും അദ്ധ്വാനശക്തിയുടെ ഉടമസ്ഥന്ന് കൂലിയും ലഭിയ്ക്കുന്നു. ഓരോ ഘടകവും തനിക്കു കൂടുതൽ കിട്ടണമെന്നാഗ്രഹിയ്ക്കുക സ്വാഭാവികമാണ്. അതുകൊണ്ടു് വിതരണത്തെസംബന്ധിച്ചേടത്തോളം ഒരുതരം മത്സരം നടക്കുന്നു. ഓരോ ഘടകത്തിന്റേയും ശക്തിയേയും ഡിമാണ്ടു്, സപ്ലൈ എന്നിവയേയും ആശ്രയിച്ചാണ് ഒടുവിൽ വിതരണം നടക്കുന്നതു്.

## കൂലി

പട്ടിണികിടന്നുകൊണ്ടു് പണിയെടുക്കാൻ കഴിയില്ല. തൊഴിലാളികൾക്ക് തങ്ങളുടെ അദ്ധ്വാനശക്തിയുപയോഗിച്ച് ചരക്കുകൾ നിർമ്മിയ്ക്കാൻ കഴിയണമെങ്കിൽ ഭക്ഷണം വസ്ത്രം തുടങ്ങിയ ജീവിതാവശ്യങ്ങൾ നിറവേററാൻ സാധിയ്ക്കണം. ജീവിതച്ചെലവുകൾ നിറവേററാനാവശ്യമായ തുക മുതലാളിയിൽനിന്നു കിട്ടുമെങ്കിൽ മാത്രമേ അവർ ഫാക്ടറിയിൽ പണിയെടുക്കുകയുള്ളു. ഈ തുകയ്ക്കാണ് "കൂലി" (Wages) എന്നു പറയുന്നതു്. കൂലിയായി കിട്ടുന്ന പണംകൊണ്ടു് തൊഴിലാളികൾ ഉപഭോഗസാമഗ്രികൾ വിലയ്ക്കുവാങ്ങി നിത്യവൃത്തി കഴിയ്ക്കുന്നു. കൂലിയുടെ തോതു നിർണ്ണയിയ്ക്കുന്നതു് അതാതുകാലത്തുള്ള

ജീവിതനിലവാരമാണു്. ജീവിതച്ചെലവുകൾ നിർവ്വഹിയ്ക്കാൻ എത്ര പണം വേണോ അത്ര പണമാണു് കൂലിയായി നല്കപ്പെടുന്നതു്. ഇതിന്നു "കൂലിയുടെ ഇരുമ്പുസിദ്ധാന്തം" എന്നു പറയുന്നു. ഫിസിയോക്രാറുകൾ എന്നപേരിലറിയപ്പെടുന്ന ധനശാസ്ത്രജ്ഞന്മാരാണു് ഈ സിദ്ധാന്തം ആദ്യമായി കണ്ടുപിടിച്ചതു്. സ്വതന്ത്രമായ മത്സരം നിലനില്ക്കുന്ന ഒരു സമുദായത്തിൽ മററെല്ലാ ചരക്കുകളുടേയുമെന്നപോലെ അദ്ധ്വാനത്തിൻെറയും മൂല്യത്തെ നിർണ്ണയിയ്ക്കുന്നതു് അതു നിർമ്മിയ്ക്കാനാവശ്യമായ ചെലവുകളാണു്. മറെറാരു വിധം പറഞ്ഞാൽ, ആവശ്യത്തിന്നനുസരിച്ച് തുടർച്ചയായി അദ്ധ്വാനം ലഭിയ്ക്കാൻ കഴിയത്തക്ക വണ്ണം തൊഴിലാളിയേയും ആയാളുടെ കുടുംബത്തേയും നിലനിത്താൻവേണ്ട ജീവിതച്ചെലവുകളാണു് കൂലിയുടെ തോതു നിർണ്ണയിയ്ക്കുന്നതു്. ഇതാണു് "ഇരുമ്പുസിദ്ധാന്ത"ത്തിൻെറ പൊരുൾ. കൂലിയുടെ ഉപജീവനസിദ്ധാന്തം (Subsistance Theory of Wages) എന്നപേരിലറിയപ്പെടുന്നതും എതാണ്ടീസിദ്ധാന്തം തന്നെയാണു്. ആഡംസ്മിത്തു്, റിക്കാർഡോ് തുടങ്ങിയ ധനശാസ്ത്രജ്ഞന്മാർ ഈ സിദ്ധാന്തത്തെ ശരിവെച്ചു. മാർക്സും ഈ സിദ്ധാന്തത്തെ പൊതുവിൽ അനുകൂലിയ്ക്കുകയാണു് ചെയ്തതു്. പക്ഷേ, അദ്ധ്വാനവും അദ്ധ്വാനശക്തിയും തമ്മിൽ വ്യത്യാസമുണ്ടെന്നും തൊഴിലാളിയുടെ അദ്ധ്വാനത്തെയല്ല, അദ്ധ്വാനശക്തിയെയാണു് മുതലാളി വിലയ്ക്കുവാങ്ങുന്നതു് എന്നും അദ്ധ്വാനശക്തിയുടെ മൂല്യം, അഥവാ അദ്ധ്വാനശ

ക്തിയെ ഉല്പാദിപ്പിയ്ക്കാനാവശ്യമായ ചെലവുകൾ, ആണ് കൂലിയെ നിജപ്പെടുത്തുന്നതു് എന്നും മാർക്സ് വാദിച്ചു. അദ്ധ്വാനശക്തിയുടെ മൂല്യം മാത്രം തൊഴിലാളിയ്ക്കു കൊടുത്തു് അദ്ധ്വാനം മുഴുവനും മുതലാളി അനുഭവിയ്ക്കുന്നു. അദ്ധ്വാനഫലത്തിന്റെ ഒരു ഭാഗം മാത്രം തൊഴിലാളിയ്ക്കു കൂലിയായി കൊടുത്തു് ബാക്കിയുള്ളതു മുഴുവനും മുതലാളി സ്വന്തമാക്കുന്നു. ഇങ്ങിനെ തൊഴിലാളിയുടെ അദ്ധ്വാനത്തെ ചൂഷണംചെയ്യുന്നതിന്റെ ഫലമായിട്ടാണ് മുതലാളിയ്ക്കു ലാഭമുണ്ടാകുന്നതു് എന്നാണ് മാർക്സിന്റെ അഭിപ്രായം.

19-ാം നൂററാണ്ടിന്റെ അവസാനത്തിൽ ഉല്പാദനക്ഷമതാതിത്തിസിദ്ധാന്തം (Marginal Productivity Theory of Wages) എന്ന പുതിയൊരു സിദ്ധാന്തം ഉന്നയിയ്ക്കപ്പെടുകയുണ്ടായി. ഈ സിദ്ധാന്തമനുസരിച്ച് തൊഴിലാളികളുടെ ഉല്പാദനക്ഷമതയുടെ അതിത്തിയാണ് കൂലിയുടെ തോതു് നിർണ്ണയിയ്ക്കുന്നതു്. കൂടുതൽ തൊഴിലാളികളെ ജോലിയ്ക്കുവെയ്ക്കുന്നതു് ആദായകരമല്ലാതായിത്തീരുന്ന ഒരതിത്തി ഓരോ വ്യവസായസ്ഥാപനത്തിന്നുമുണ്ടെന്നും ആ അതിത്തിയിൽ ജോലിയ്ക്കുവെയ്ക്കപ്പെടുന്ന അവസാനത്തെ തൊഴിലാളിയുടെ അദ്ധ്വാനഫലം ഏററവും വിലകുറഞ്ഞതായിരിയ്ക്കുമെന്നും ഉല്പാദനക്ഷമത ഏററവും കുറഞ്ഞ ആ തൊഴിലാളിയുടെ ഉല്പന്നം അയാളുടെ ചിലവു നിർവ്വഹിയ്ക്കാൻ മാത്രമേ തികയൂ എന്നും അതാണ് കൂലിയുടെ തോതു് നിർണ്ണയിയ്ക്കുന്നതു്

എന്നുമാണ് ഈ സിദ്ധാന്തത്തിൻെറ ചുരുക്കം. ഈ സിദ്ധാന്തമനുസരിച്ച് അദ്ധ്വാനത്തിൻെറ ഉല്പാദന ച്ചെലവ് തൊഴിലാളിയുടെ ജീവിതനിലവാരത്തെ ആശ്രയിച്ചാണിരിയ്ക്കുന്നതു്.

എല്ലാ രാജ്യങ്ങളിലെയും ജീവിതനിലവാരം ഒരുപോലെയല്ല. വ്യാവസായികമായി കൂടുതലഭിവൃദ്ധിപ്പെട്ട രാജ്യങ്ങളിലെ ജീവിതനിലവാരം കൂടുതലായിരിയ്ക്കും. അതുകൊണ്ടാണ് അമേരിയ്ക്കയുടെ കൂലിനിരക്ക് ഇന്ത്യയിലേതിനേക്കാൾ എത്രയോ ഉയർന്നിരിയ്ക്കുന്നതു്.

വ്യത്യസ്ത തൊഴിലാളികൾക്ക് വ്യത്യസ്ത കൂലിനിരക്കാണുള്ളതു്. വിദഗ്ദ്ധതൊഴിലാളിയ്ക്കും അവിദഗ്ദ്ധതൊഴിലാളിയ്ക്കും കിട്ടുന്ന കൂലിനിരക്കിൽ വ്യത്യാസമുണ്ടാവും. കൂടുതൽ ഉയർന്ന കൂലിനിരക്കു കിട്ടുകയില്ലെങ്കിൽ വിദഗ്ദ്ധതൊഴിലുകൾ പഠിയ്ക്കാൻ ആരും കൂട്ടാക്കുകയില്ല. അതുകൊണ്ടു് ഒരു സാധാരണ തൊഴിലാളിയ്ക്കു് മാസത്തിൽ 50ഓ 60ഓ ഉറുപ്പിക കിട്ടുമ്പോൾ വിദഗ്ദ്ധതൊഴിലാളിയ്ക്കു് 100ഓ 150ഓ ഉറുപ്പിക കിട്ടിയെന്നു വരും.

പണ്ടൊക്കെ ഉല്പന്നങ്ങളുടെ രൂപത്തിലാണ് കൂലി കൊടുക്കപ്പെട്ടിരുന്നതു്. ഒരു ദിവസത്തിന്നു് ഇത്ര നാഴി നെല്ല് എന്നായിരുന്നു വ്യവസ്ഥ. ഇന്നു് മിക്ക രാജ്യങ്ങളിലും പണത്തിൻെറ അടിസ്ഥാനത്തിലാണ് കൂലി. തൊഴിലാളി ഉല്പാദിപ്പിയ്ക്കുന്ന

ചരക്കുകളുടെ ഒരു ഭാഗമല്ല, അതിൻെറ മൂല്യത്തിന്നു തുല്യമായ പണമാണ് കൊടുക്കപ്പെടുന്നതു്. പണക്കണക്കിലുള്ള കൂലി എല്ലായ്പോഴും യഥാർത്ഥ കൂലിയായിക്കൊള്ളണമെന്നില്ല. ആ പണം കൊടുത്താൽ കിട്ടുന്ന ജീവിതസാമഗ്രികളുടെ അടിസ്ഥാനത്തിലാണ് യഥാർത്ഥ കൂലി കണക്കാക്കുന്നതു്. ദിവസത്തിൽ 1ക. കൂലി കിട്ടുന്നുവെന്നിരിയ്ക്കട്ടെ. അരിയുടെ വില നാഴിയ്ക്ക് 4ണ. യാണെങ്കിൽ 1 ഉറുപ്പികയ്ക്ക് 4നാഴി അരി കിട്ടും. അരിയുടെ വില 8ണ. യായി വർദ്ധിച്ചുവെന്നു കരുതുക. എന്നാൽ 1ക. യ്ക്ക് 2 നാഴിയേ വാങ്ങാൻ കഴിയൂ. പണക്കണക്കിലുള്ള കൂലി 1ക. തന്നെയാണ്. പക്ഷേ ചരക്കുകളുടെ വില വർദ്ധിച്ചതുകൊണ്ട് മുമ്പ് 4 നാഴി അരി കിട്ടിയിരുന്നേടത്ത് ഇപ്പോൾ 2 നാഴി അരിമാത്രമേ കിട്ടുന്നുള്ളു. മററാരു വിധം പറഞ്ഞാൽ, പണക്കണക്കിലുള്ള കൂലിയ്ക്കു മാററമൊന്നുമില്ലെങ്കിലും യഥാർത്ഥമായ കൂലി പകുതി കണ്ടു കുറഞ്ഞിരിയ്ക്കുന്നു. പണപ്പെരുപ്പത്തിൻേറയും മററും ഫലമായി ചരക്കുകളുടെ വില വർദ്ധിയ്ക്കുമ്പോൾ യഥാർത്ഥ കൂലി ചുരുങ്ങുന്നു. നേരെമറിച്ച്, ചരക്കുകളുടെ വിലയിടിയുമ്പോൾ കൂലിയായി കിട്ടുന്ന പണംകൊണ്ടു് കൂടുതൽ ജീവിതസാമഗ്രികൾ വാങ്ങാൻ, കഴിയുന്നു. അങ്ങിനെ യഥാർത്ഥകൂലി വർദ്ധിയ്ക്കുന്നു. ഇപ്രകാരം പണത്തിൻെറ ക്രയശക്തിയിലുണ്ടാകുന്ന മാററങ്ങൾക്കനുസരിച്ച് യഥാർത്ഥകൂലിയിലും മാററങ്ങളുണ്ടാകുന്നു. മറെറാരുദാഹരണമെടുക്കാം. ഒരേതരത്തിലുള്ള രണ്ടു കമ്പനികളിൽ പണി

യെടുക്കുന്ന തൊഴിലാളികൾക്ക് മാസത്തിൽ 60ക. വീതം കൂലി കിട്ടുന്നുവെന്നിരിയ്ക്കട്ടെ. കൂലി സമമാണ്. പക്ഷേ, ഒരു കമ്പനിയിൽ കാൻറീൻ സൗകര്യങ്ങളും സൗജന്യചികിത്സയും പ്രോവിഡണ്ടുഫണ്ടും ബോണസ്സും മററുമുണ്ടെന്നും മററേ കമ്പനിയിൽ അത്തരം ഏർപ്പാടുകളൊന്നുമില്ലെന്നും വിചാരിയ്ക്കുക. എന്നാൽ കൂലി കിട്ടുന്നതു സമമാണെങ്കിലും രണ്ടു കമ്പനികളിലേയും യഥാർത്ഥ കൂലി ഒന്നല്ല.

യഥാർത്ഥമായ കൂലി കഴിയുന്നതും ചുരുക്കാനും അങ്ങിനെ ഉല്പാദനച്ചെലവുകൾ വെട്ടിക്കുറച്ചു കൂടുതൽ ലാഭമുണ്ടാക്കാനുമാണ് ഓരോ മുതലാളിയും പരിശ്രമിയ്ക്കുക. നേരെമറിച്ച്, തൊഴിലാളികൾ തങ്ങളുടെ യഥാർത്ഥകൂലി വർദ്ധിച്ചുകിട്ടാൻ ശ്രമിയ്ക്കുന്നു. കൂലി നിരക്ക് പൊതുവിൽ ജീവിതനിലവാരത്തെ ആശ്രയിച്ചിരിയ്ക്കുമെങ്കിലും തൊഴിലാളിയും മുതലാളിയും തമ്മിലുള്ള മത്സരത്തിൻെറ ഫലമായി യഥാർത്ഥകൂലിയിൽ ഏററക്കുറച്ചിലുണ്ടാകും. തൊഴിലാളികൾക്ക് സംഘടനാശക്തിയുണ്ടെങ്കിൽ കൂലി കുറയ്ക്കുന്നതിനെ തടയാനും താരതമ്യേന ഉയർന്ന കൂലിനിരക്ക് നിലനിത്താനും കഴിഞ്ഞുവെന്നുവരും. ഈ യാഥാർത്ഥ്യത്തിൽനിന്നാണ് ട്രേഡ്യൂണിയൻ സംഘടനകളും തൊഴിലാളിപ്രക്ഷോഭങ്ങളും ഉയർന്നുവന്നിട്ടുള്ളതു്.

മററു രംഗങ്ങളിലെന്നപോലെ കൂലിയുടെ കാര്യത്തിലും ഡിമാണ്ടിൻെറയും സപ്ലൈയുടേയും നിയമ

ങ്ങൾ പ്രവൎത്തിയ്ക്കുന്നുണ്ടെന്നു കാണാം. സാധാരണ മായി ഒരു കമ്പനിയിലെ പണി വേണ്ടെന്നുവെയ്ക്കാനും കൂടുതൽ നല്ല കൂലിയും സൗകര്യങ്ങളുമുള്ള മററൊരു ജോലിയന്വേഷിച്ചു പോകാനും തൊഴിലാളിയ്ക്കു സ്വാതന്ത്ര്യമുണ്ടു്. ചിലപ്പോൾ പകൎച്ചവ്യാധിയോ മറേറാ പിടിപെട്ടു് തൊഴിലാളികളുടെ എണ്ണം പെട്ടെന്നു കുറഞ്ഞുവെന്നുവരും. തൊഴിലാളികളുടെ എണ്ണം അല്ലെങ്കിൽ സപ്ലൈ കുറഞ്ഞാൽ അവരുടെ ഡിമാണ്ടു് വൎദ്ധിയ്ക്കും. ഡിമാണ്ടു വൎദ്ധിച്ചാൽ കൂടുതൽ കൂലി ചോദിച്ചുവെന്നുവരും. ഇഷ്ടംപോലെ തൊഴിലാളികളെ കിട്ടാനില്ലാത്തതുകൊണ്ടു് കൂലി നിരക്കു വൎദ്ധിപ്പിച്ചുകൊടുക്കാൻ മുതലാളികൾ നിൎബ്ബന്ധരായിത്തീരും. നേരെമറിച്ചു്, ജനസംഖ്യയുടെ വൎദ്ധനവുകൊണ്ടോ തൊഴിലില്ലായ്മ പരന്നുപിടിയ്ക്കുന്നതുകൊണ്ടോ കൂടുതൽ തൊഴിലാളികൾ രംഗത്തുണ്ടെങ്കിൽ, അതായതു്, തൊഴിലാളികളുടെ സപ്ലൈ ഡിമാണ്ടിനേക്കാൾ കൂടുതലാണെങ്കിൽ, കൂലി വെട്ടിക്കുറയ്ക്കാൻ മുതലാളികൾ തയ്യാറായെന്നുവരും. തങ്ങൾ പണിയെടുക്കാതിരുന്നാൽ മററുള്ളവർ ആ സ്ഥാനമേറെറടുക്കുമെന്നു മനസ്സിലാക്കുന്ന തൊഴിലാളികൾ കുറഞ്ഞ കൂലികൊണ്ടു തൃപ്തിപ്പെട്ടുവെന്നുവരും. എന്നാൽ, ഇത്തരം സന്ദൎഭങ്ങളിലും മുതലാളികളുടേയും തൊഴിലാളികളുടേയും സംഘടനാശക്തി വഹിയ്ക്കുന്ന പങ്കു് പ്രധാനമാണു്. തൊഴിലാളികൾക്കു് സുശക്തമായ ട്രേഡ്യൂണിയൻ സംഘടനയുണ്ടെങ്കിൽ കൂലി വെട്ടിക്കുറയ്ക്കാൻ സമ്മതിച്ചുവെന്നുവരില്ല.

## ലാഭവും പലിശയും

ഒരു രാജ്യത്തിലൊട്ടാകെയുള്ള മൂലധനത്തെ വ്യവസായികളുടെ മൂലധനം, പണമിടപാടുകാരുടെ മൂലധനം, കച്ചവടക്കാരുടെ മൂലധനം എന്നിങ്ങിനെ മൊത്തത്തിൽ മൂന്നായി വിഭജിയ്ക്കാവുന്നതാണ്.

വ്യവസായി തൻെറ ഫാക്ടറി സ്ഥാപിക്കുന്നതു് സ്വന്തം മൂലധനമിറക്കിയിട്ടായിരിക്കണമെന്നില്ല. വ്യവസായത്തിന്നാവശ്യമായ മൂലധനം, അല്ലെങ്കിൽ മൂലധനത്തിൻെറ ഒരു ഭാഗം, പണമിടപാടുകാരിൽ നിന്നോ, ബാങ്കിൽനിന്നോ കടമായി വാങ്ങുന്നു. കടം വെറുതേ കിട്ടുകയില്ല. വ്യവസായത്തിലിറക്കാൻ കടം കൊടുക്കുന്ന പണം അല്ലെങ്കിൽ പണമൂലധനം മാത്രം തിരിച്ചുകിട്ടിയാൽ പോര, മിച്ചമായ ഒരു സംഖ്യകൂടി കിട്ടണമെന്ന് അവരാവശ്യപ്പെടുന്നു. പണമൂലധനത്തിന്നു കിട്ടുന്ന ഈ മിച്ചമായ സംഖ്യയ്ക്കു് പലിശയെന്നു പറയുന്നു. വ്യവസായി തനിക്കു് കിട്ടുന്ന മൊത്തം ലാഭത്തിൻെറ ഒരു ഭാഗം പണം കടംതന്ന മുതലാളിയ്ക്കു് അല്ലെങ്കിൽ ബാങ്കിന്നു കൊടുക്കുന്നു. എത്ര പലിശയാണു് കൊടുക്കേണ്ടിവരിക? ഡിമാണ്ടിൻെറയും സപ്ലൈയുടേയും നിയമം ഇവിടേയും പ്രവർത്തിയ്ക്കുന്നു. പണമൂലധനത്തിൻെറ ഡിമാണ്ടു കൂടുതലാണെങ്കിൽ പലിശനിരക്കു് കൂടുതലും.

ഡിമാണ്ടിനെ അപേക്ഷിച്ച് സപ്ലൈയാണ് കൂടുതലെങ്കിൽ പലിശനിരക്ക് കുറവുമായിരിയ്ക്കും.

ചരക്കുകളുല്പാദിപ്പിച്ചാൽമാത്രം പോരാ; അവയെ വിററഴിയ്ക്കുകകൂടി വേണം. വ്യവസായികൾ നേരിട്ടല്ല, കച്ചവടക്കാരുടെ സഹായത്തോടുകൂടിയാണ് വില്പന നടത്തുന്നത്. കച്ചവടക്കാർ വ്യവസായികളുടെ കയ്യിൽനിന്ന് ചരക്കുകൾ വാങ്ങി വില്പനയ്ക്കുവെയ്ക്കാൻവേണ്ടി മുൻകൂട്ടി പണമിറക്കേണ്ടിവരും. വെറുതെയാരും പണം മുടക്കില്ല. മുടക്കുന്ന പണത്തിന്നൊരു ലാഭം കിട്ടുമെങ്കിലേ കച്ചവടക്കാർ ചരക്കുകൾ വിററഴിയ്ക്കാൻ തയ്യാറാവൂ. പക്ഷേ, അവർ തയ്യാറായില്ലെങ്കിൽ വ്യവസായികൾക്ക് ചരക്കു വിററഴിച്ചു ലാഭമുണ്ടാക്കാൻ കഴിയില്ല. അതുകൊണ്ട് തങ്ങൾക്കു കിട്ടുന്ന മൊത്തം ലാഭത്തിന്റെ ഒരു ഭാഗം കച്ചവടക്കാർക്കു കൊടുക്കേണ്ടിവരുന്നു. ഇതാണ് കച്ചവടമൂലധനത്തിന്റെ ലാഭം. or profit for merchants.

ഉല്പാദനത്തിന്റെ ഘടകങ്ങളിലൊന്നായ മൂലധനത്തിന്നു ലഭിയ്ക്കുന്ന പ്രതിഫലമാണ് ലാഭം. വ്യവസായങ്ങളിൽ മൂലധനമിറക്കുന്നവർക്ക് പല പ്രതിബന്ധങ്ങളേയും നേരിടേണ്ടിവരും. ഡിമാണ്ടിന്റേയും സപ്ലൈയുടേയും ഏററമിറക്കങ്ങൾക്കിടയിൽ ശരിയ്ക്കത്ര ലാഭമുണ്ടാകുമെന്നു മുൻകൂട്ടി കണക്കാക്കാൻ കഴിയില്ല. ചില സാഹചര്യങ്ങളിൽ നഷ്ടം പററിയെന്നുകൂടി വരും. ഈ അനിശ്ചിതത്വത്തേയും

അപായശങ്കയേയും വകവെയ്ക്കാതെ വ്യവസായത്തിൽ മൂലധനമിറക്കാൻ കുറെ ധൈര്യവും നെഞ്ഞൂക്കും ആവശ്യമാണു്. അപായത്തെ നേരിടുന്ന വ്യവസായമുതലാളികളുടെ ഈ ധൈര്യത്തിന്നും നെഞ്ഞൂക്കിന്നുമുള്ള പ്രതിഫലമാണു് ലാഭം എന്നു ചില ധനശാസ്ത്രജ്ഞന്മാർ പറയുന്നു.

മററു ചില ധനശാസ്ത്രജ്ഞന്മാർ, നേരെമറിച്ച്, അപായമുണ്ടാകുന്നതുകൊണ്ടല്ല, അതിനെ തടയുന്നതുകൊണ്ടാണു് ലാഭമുണ്ടാകുന്നതു് എന്നാണു് വാദിയ്ക്കുന്നതു്.

ജെ. ബി. ക്ലാക്ക് എന്ന അമേരിക്കൻ ധനശാസ്ത്രജ്ഞൻെറ അഭിപ്രായത്തിൽ ഉൽപ്പാദനച്ചെലവു കഴിച്ചുള്ള മിച്ചമാണു് ലാഭം. കമ്പോളമത്സരങ്ങളുടെ ഫലമായി മിച്ചം കുറയുകയോ ചിലപ്പോൾ തീരെ ഇല്ലാതാവുകയോ ചെയ്യുന്നു. മിച്ചമുണ്ടാകണമെങ്കിൽ ഉൽപ്പാദനച്ചെലവുകൾ കഴിയുന്നത്ര ചുരുക്കാനും ചരക്കുകൾ കവിഞ്ഞവിലയ്ക്കു വില്ക്കാനും സാധിയ്ക്കണം; സാങ്കേതികപരിഷ്കാരങ്ങളെ ഉപയോഗപ്പെടുത്താനും എതിരാളികളെ മത്സരത്തിൽ തോല്പിയ്ക്കാനുമുള്ള സാമത്ഥ്യമുണ്ടാവണം. ഈ സാമത്ഥ്യത്തിനുള്ള പ്രതിഫലമാണു് ലാഭം എന്നത്രേ ക്ലാക്കിൻെറ അഭിപ്രായം.

തൊഴിലാളികളുടെ അദ്ധ്വാനത്തിൽനിന്നുണ്ടാകുന്ന മിച്ചമൂല്യമാണു് ലാഭം എന്നാണു് മാർക്സിൻെറ

വാദം. തൊഴിലാളികൾക്ക് അവരുടെ അദ്ധ്വാനശക്തിയുടെ മൂല്യം മാത്രം കൊടുത്തു് അവരുടെ അദ്ധ്വാനഫലത്തിന്റെ മിച്ചം മുഴുവനും മുതലാളി ചൂഷണം ചെയ്തു സ്വന്തമാക്കുന്നുവെന്നാണദ്ദേഹം പറയുന്നതു്.

പലിശയെസ്സംബന്ധിച്ചും ഇതുപോലെ വിഭിന്നങ്ങളായ പല സിദ്ധാന്തങ്ങളുമുണ്ടു്. ഉൽപ്പാദനക്ഷമതയെ വർദ്ധിപ്പിയ്ക്കാനാവശ്യമായ മൂലധനത്തിന്റെ ഡിമാണ്ടാണു് പലിശയെ നിർണ്ണയിയ്ക്കുന്നതു് എന്നു ചില ധനശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. ഇതിന്നു് ഉൽപ്പാദനക്ഷമതാസിദ്ധാന്തമെന്നു പറയുന്നു. സീനിയർ എന്ന ധനശാസ്ത്രജ്ഞൻ ഡിമാണ്ടിന്റെ ഭാഗത്തുനിന്നുകൊണ്ടല്ല സപ്ലൈയുടെ ഭാഗത്തുനിന്നുകൊണ്ടാണു് പലിശയെ വിശകലനംചെയ്യുന്നതു്. പണം ചെലവിടാതെ സൂക്ഷിച്ചാൽ മാത്രമേ മൂലധനമുണ്ടാവുകയുള്ളൂ. ഉപഭോഗസാമഗ്രികൾ വേണ്ടെന്നു വെയ്ക്കുക എന്നാണല്ലോ ഇതിന്റെ അർത്ഥം. അതുകൊണ്ടു് ഇതൊരു ത്യാഗമാണു്. ഉപഭോഗസാമഗ്രികൾ ഇങ്ങിനെ പരിത്യജിയ്ക്കുന്നതുകൊണ്ടാണു് ആവശ്യക്കാൎക്കു് പണം സപ്ലൈചെയ്യാൻ സാധിയ്ക്കുന്നതു്. ഈ ത്യാഗത്തിന്നുള്ള പ്രതിഫലമാണു് പലിശ എന്നാണു് സീനിയരുടെ അഭിപ്രായം.

"ത്യാഗസിദ്ധാന്ത"ത്തെയല്ല, "കാത്തിരിയ്ക്കൽ സിദ്ധാന്ത"ത്തെയാണു് മാർഷൽ എന്ന ധനശാസ്ത്രജ്ഞൻ ആശ്രയിയ്ക്കുന്നതു്. പണം സൂക്ഷിച്ചുവെയ്ക്കുന്നതിൽ ത്യാഗമൊന്നുമില്ല. കടംകൊടുത്ത പണം മട

ക്കിക്കിട്ടിയാൽപ്പിന്നെ ഇഷ്ടംപോലെ ഉപഭോഗസാമഗ്രികഠം വാങ്ങാം. കുറച്ചു കാത്തിരിയ്ക്കണമെന്നേയുള്ളു. ഈ കാത്തിരിയ്ക്കലിന്നുള്ള പ്രതിഫലമാണു് പലിശ എന്നാണദ്ദേഹം പറയുന്നതു്.

Interest Rate

പണം ചെലവിടാനുള്ള കഴിവു് ഒരു നിശ്ചിത കാലത്തേയ്ക്കു മാററിവെയ്ക്കുന്നതിന്നുള്ള പ്രതിഫലമാണു് പലിശ എന്നാണു് കെയിൻസിൻെറ അഭിപ്രായം. പണം സൂക്ഷിച്ചുവെയ്ക്കുന്നുവെന്നതുകൊണ്ടു മാത്രം പലിശയുണ്ടാവില്ല. ഉപഭോഗസാമഗ്രികഠം ഭാവിയിൽ വാങ്ങാൻവേണ്ടിയും സൂക്ഷിച്ചുവെയ്ക്കാമല്ലോ. എന്നാൽ, കുറേശ്ശെക്കുറേശ്ശെയായി സൂക്ഷിച്ചു് ഒരു നിശ്ചിതതുക തികയുമ്പോഠം അതു് മൂലധനമാക്കി മാററുകയോ മൂലധനമാക്കി മാററാൻവേണ്ടി മററുള്ളവക്കു കടംകൊടുക്കുകയോ ചെയ്യാം. സൂക്ഷിച്ച പണം കൈവിടാതിരുന്നാൽ മൂലധനത്തിൻെറ സപ്ലൈ ചുരുങ്ങും. പണത്തിൻെറ സപ്ലൈ ചുരുങ്ങിയാൽ പലിശയുടെ തോതു വർദ്ധിയ്ക്കും. പലിശയുടെ തോതു വർദ്ധിയ്ക്കുമെന്നു പ്രതീക്ഷിച്ചുകൊണ്ടു് ചിലർ സൂക്ഷിച്ച പണം കുറേക്കാലത്തേയ്ക്കു് കൈവിടാതിരുന്നുവെന്നു വരും. കെയിൻസിൻെറ അഭിപ്രായത്തിൽ പലിശ സൂക്ഷിപ്പിന്നുള്ള പ്രതിഫലമല്ല, സൂക്ഷിച്ചു കൈവിടുന്നതിന്നുള്ള പ്രതിഫലമാണു്. So correct

തൊഴിലാളികളുടെ അദ്ധ്വാനത്തിൽനിന്നുണ്ടാകുന്ന മിച്ചമൂല്യത്തിൻെറ ഒരു ഭാഗം മാത്രമാണു് പണ

മുടമസ്ഥന്മാർക്കു് പലിശയായി നല്കപ്പെടുന്നതു് എന്നാണു് മാർക്സിന്റെ വാദം.

ഇങ്ങിനെ വ്യത്യസ്തങ്ങളായ പല വാദങ്ങളുമുണ്ടെങ്കിലും ഒരു കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല: അദ്ധ്വാനിച്ചാൽ മാത്രമേ സ്വത്തുക്കളുണ്ടാവുകയുള്ളു. പലിശയായാലും ശരി, ലാഭമായാലും ശരി, കൂലിയായാലും ശരി, എല്ലാ വരവിനങ്ങളും അദ്ധ്വാനിച്ചുൽപ്പാദിപ്പിക്കപ്പെടുന്ന സ്വത്തുക്കളുടെ ഭാഗങ്ങൾ മാത്രമാണു്.

വ്യവസായങ്ങളിൽനിന്നുണ്ടാകുന്ന മൊത്തം ലാഭം വ്യവസായികൾ, ബാങ്കർമാർ, കച്ചവടക്കാർ എന്നിവർക്കിടയിൽ വിതരണംചെയ്യപ്പെടുന്നു. ലാഭത്തിന്റെ കൂടുതൽ വലിയ പങ്കു് തനിക്കു് കിട്ടണമെന്നു് ഓരോരുത്തരും ആഗ്രഹിക്കുക സ്വാഭാവികമാണു്. തന്നിമിത്തം മൂലധനമിറക്കിയ വിവിധഭാഗക്കാർ തമ്മിൽ ലാഭം പങ്കിടുന്നകാര്യത്തിൽ ഒരുതരം മത്സരമുത്ഭവിക്കുന്നു. ഒടുവിൽ എന്തടിസ്ഥാനത്തിലാണു് വിതരണം നടക്കുക? ബാങ്കറും, കച്ചവടക്കാരനും വ്യവസായിയും ഇറക്കുന്ന മൂലധനം തുല്യമാണെന്നു വിചാരിക്കുക. വ്യവസായി മുടക്കുന്ന 10,000ക. യ്ക്കു് 100ക. യും ബാങ്കർ മുടക്കുന്ന 10,000ക. യ്ക്കു് 75ക. യുമാണു് ലാഭം കിട്ടുന്നതെങ്കിൽ ബാങ്കർ പണം കടംകൊടുക്കാൻ ഇഷ്ടപ്പെടുകയില്ല. അയാൾ തന്റെ പണമെടുത്തു നേരിട്ടു വ്യവ

സായത്തിലിറക്കിയെന്നുവരും. അതുപോലെ കച്ചവടക്കാരനും തൻെറ 10,000ക. യ്ക്കു കിട്ടുന്ന ലാഭം 100ക. യിൽ കുറവാണെങ്കിൽ കച്ചവടത്തിൽനിന്നു വിരമിച്ച് വ്യവസായത്തിലിറങ്ങിയെന്നുവരും. എല്ലാവരും വ്യവസായത്തിലിറങ്ങിയാൽ ചരക്കുകൾ വില്ക്കാൻ കഴിയില്ലെന്നു മാത്രമല്ല വ്യവസായമൂലധനത്തിൻെറ സപ്ലൈ ഡിമാണ്ടിനേക്കാൾ അധികമാവുകയും അങ്ങിനെ ഒട്ടാകെയുള്ള ലാഭം കുറയുകയും ചെയ്യുന്നു. അതേസമയത്ത് കച്ചവടമൂലധനത്തിൻെറ ഡിമാണ്ട് വർദ്ധിയ്ക്കുകയും ചെയ്യും. അങ്ങിനെയാവുമ്പോൾ ചിലരെങ്കിലും വ്യവസായത്തിൽനിന്നു വിരമിച്ച് വീണ്ടും കച്ചവടത്തിലേർപ്പെടും. എവിടെയാണോ കൂടുതൽ ലാഭം കിട്ടുക അവിടെയാണ് മൂലധനം നിക്ഷേപിയ്ക്കപ്പെടുക. ഈ മത്സരത്തിൻെറ ഫലമായി ഒടുവിൽ തുല്യമായ മൂലധനത്തിന്നു തുല്യമായ ലാഭം എന്ന തത്വം നടപ്പിൽവരുന്നു. ഓരോരുത്തനും താനിറക്കിയ മൂലധനത്തിൻെറ തോതനുസരിച്ചാണ് ലാഭം കിട്ടുക. വ്യവസായങ്ങൾ തന്നെ പലതരത്തിലുമുണ്ട്. ചില വ്യവസായങ്ങളിൽ ലാഭം കൂടുതലും മററ ചിലവയിൽ ലാഭം കുറവുമായാൽ മൂലധനമെല്ലാം ലാഭംകിട്ടുന്ന വ്യവസായങ്ങളിലേയ്ക്കു പ്രവഹിയ്ക്കാൻ തുടങ്ങും. ഇങ്ങിനെ ഒടുവിൽ സമുദായത്തിലെ എല്ലാ ഉല്പാദനരംഗങ്ങളിലുംകൂടി ഒട്ടാകെയുണ്ടാകുന്ന ലാഭം കച്ചവടത്തിലും ബാങ്കിലും വിവിധതരത്തിലുള്ള വ്യവസായങ്ങളിലും നിക്ഷേപിയ്ക്കപ്പെട്ട മൂലധനത്തിൻെറ തോതനുസരിച്ചു തുല്യമായ

മൂലധനത്തിന്നു് തുല്യമായ ലാഭം എന്ന അടിസ്ഥാനത്തിൽ വിതരണംചെയ്യപ്പെടുന്നു. ഓരോരുത്തന്നും ലഭിയ്ക്കുന്നതു് തന്റെ മൂലധനത്തിന്റെ തോതനുസരിച്ചുള്ള ശരാശരി ലാഭമാണു്.

എന്നാൽ, ഈ തത്വം എല്ലായ്പോഴും പ്രായോഗികമാവില്ല. എന്തെന്നാൽ, യന്ത്രങ്ങളിലും മററും ഒരിയ്ക്കൽ നിക്ഷേപിയ്ക്കപ്പെട്ട മൂലധനം പിൻവലിയ്ക്കുക എളുപ്പമല്ല. പോരെങ്കിൽ, മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാ നിക്ഷേപകർക്കും തുല്യമായ ശക്തിയല്ല ഉള്ളതു്. വൻകിടക്കാർക്കു് ചെറുകിടക്കാരെ തോല്പിയ്ക്കാനും കൂടുതൽ ലാഭം സമ്പാദിയ്ക്കാനും സൗകര്യമുണ്ടായിരിയ്ക്കും. അതിനാൽ, ഡിമാണ്ടിന്റേയും സപ്ലൈയുടേയും നിയമങ്ങളുടെ പ്രവത്തനങ്ങൾക്കിടയിൽ മൂലധനം ഏതുവഴിയ്ക്കാണു് നീങ്ങുക എന്നു മൊത്തത്തിൽ ചൂണ്ടിക്കാണിയ്ക്കാൻ മാത്രമേ ഈ തത്വം സഹായിയ്ക്കുകയുള്ളു.

Rent

## പാട്ടം

വ്യാവസായികോല്പാദനത്തിന്നു് മൂലധനവും അതുപയോഗിച്ചു പണിയെടുക്കുന്ന തൊഴിലാളികളും മാത്രമുണ്ടായാൽ പോരാ. യന്ത്രങ്ങളും മററും സ്ഥാപിയ്ക്കാനും ഫാക്ടറികൾ തുടങ്ങിയ കെട്ടിടങ്ങൾ പണിയാനും ആവശ്യമായ നിലംകൂടി വേണം. ആക്ഷേത്ര

വേണമെങ്കിലും എടുത്തുപയോഗിയ്ക്കാൻ പററിയ വിധത്തിൽ അപരിമിതമായ നിലം ഭൂമിയിലില്ല. എന്നല്ല, നമ്മുടെ ഇന്നത്തെ സാമൂഹ്യവ്യവസ്ഥയിൽ ഉള്ള നിലം മിക്കതും വ്യക്തികളുടെ സ്വകാര്യസ്വത്താണു്. തൻെറ നിലം മററുള്ളവക്കു സൗജന്യമായി കൊടുക്കാൻ നിലമുടമസ്ഥൻ തയ്യാറാവുകയില്ല ആയാളും ഒരു പ്രതിഫലമാവശ്യപ്പെടുന്നു. വ്യാവസായികോല്പാദനത്തിൽനിന്നുണ്ടാകുന്ന ലാഭത്തിൻെറ ഒരു ഭാഗം നിലമുടമസ്ഥന്നു കൊടുത്താൽ മാത്രമേ വ്യവസായമുതലാളിയ്ക്കു നിലമുപയോഗിയ്ക്കാൻ കിട്ടുകയുള്ളു. നിലത്തിൻെറ ഉടമസ്ഥനെന്നനിലയ്ക്കു് ജന്മിയ്ക്കു കിട്ടുന്ന പ്രതിഫലത്തിന്നാണു് പാട്ടം എന്നു പറയുന്നതു്.

ചില നിലമുടമസ്ഥന്മാർ ഭൂമി പാട്ടത്തിന്നു കൊടുക്കുന്നതിന്നു പകരം സ്വയം മുതലാളിത്തരീതിയിലുള്ള കാർഷികോല്പാദനത്തിലേർപ്പെടുന്നു; വിപുലമായതോതിൽ മൂലധനമിറക്കി തൊഴിലാളികളെക്കൊണ്ടു പണിയെടുപ്പിച്ചു് കാർഷികച്ചരക്കുകളുല്പാദിപ്പിച്ചു് വില്ക്കുന്നു. ഭൂമി സ്വന്തമായതുകൊണ്ടു് മററാക്കും പാട്ടം കൊടുക്കേണ്ടതില്ല. മൂലധനത്തിൻെറ ലാഭവും നിലത്തിൻെറ പാട്ടവും സ്വന്തമായെടുക്കാം.

ആധുനികവ്യവസായങ്ങൾ ആവിർഭവിയ്ക്കുന്നതിന്നു മുമ്പും നിലം ജന്മികളുടെ സ്വകാര്യസ്വത്തായിരുന്നു. ചെറിയ നിലമുടമസ്ഥന്മാർ തങ്ങളുടെ ഭൂമിയിൽ നേരിട്ടദ്ധ്വാനിച്ചോ കർഷകത്തൊഴിലാളികളുടെ

സഹായത്തോടുകൂടിയോ ധാന്യങ്ങളും മററും കൃഷി ചെയ്തുണ്ടാക്കും. വലിയ നിലമുടമസ്ഥന്മാർ തങ്ങളുടെ ഭൂമി കൃഷിക്കാർക്ക് പാട്ടത്തിന്നേല്പിച്ചുകൊടുക്കും. അടിയാന്മാരോ കുടിയാന്മാരോ അദ്ധ്വാനിച്ചുണ്ടാക്കുന്ന വിളവിൻെറ ഒരു ഭാഗം ജന്മിയ്ക്കു കൊടുക്കണമെന്നതായിരുന്നു വ്യവസ്ഥ. ഇന്ത്യയേപ്പോലെയുള്ള രാജ്യങ്ങളിൽ ഈ സമ്പ്രദായം ഇപ്പോഴും നിലനില്ക്കുന്നുണ്ട്. ഉല്പാദനച്ചെലവുകൾ കഴിച്ച് മിച്ചമുണ്ടാകുന്നതിൻെറ ഒരു ഭാഗം നിലമുടമസ്ഥന്നു പാട്ടമായി നല്കപ്പെടുന്നു.

പാട്ടത്തിൻെറ അടിസ്ഥാനമെന്താണെന്നതിനെപ്പററി റിക്കാർഡോ എഴുതുകയുണ്ടായി:

"മണ്ണിൻെറ മൗലികവും നശിപ്പിയ്ക്കാൻ കഴിയാത്തതുമായ ശക്തികളെ ഉപയോഗിയ്ക്കുന്നതിന്ന് പ്രതിഫലമായി നിലമുടമസ്ഥന്നു നല്കപ്പെടുന്ന ഉല്പന്നത്തിൻെറ ഭാഗമാണ് പാട്ടം. ജനകീയഭാഷയിൽ പറഞ്ഞാൽ, സാധാരണമായി കൃഷിക്കാരൻ തൻെറ ജന്മിയ്ക്കു കൊടുക്കുന്നതെന്തോ അതാണ് പാട്ടം."

വ്യാവസായികരംഗത്തിൽ ഉല്പാദനത്തിൻെറ ഉപാധികളും സാഹചര്യങ്ങളുമാണ് ഉല്പാദനച്ചെലവുകളെ നിർണ്ണയിയ്ക്കുന്നതു്. പക്ഷേ, കൃഷിയെസ്സംബന്ധിച്ചേടത്തോളം ഇതല്ല സ്ഥിതി. എന്തെന്നാൽ, നിലം പരിമിതമാണ്. ഇഷ്ടംപോലെ അതു വർദ്ധിപ്പിയ്ക്കാൻ കഴിയില്ല. എല്ലാ നിലങ്ങൾക്കും ഒരേതരത്തിലുള്ള ഫലപുഷ്ടിയല്ല ഉള്ളതു്. ചില നിലങ്ങ

ളിൽ കൃഷിചെയ്താൽ നല്ല വിളവുണ്ടാവും. മററുചിലതിൽ എത്ര മൂലധനമിറക്കിയാലും വിളവുമോശമാവും. ചില നിലങ്ങൾ പട്ടണത്തിൽനിന്നു വളരെ ദൂരത്തായിരിയ്ക്കും. ഗതാഗതസൗകര്യങ്ങളുണ്ടായെന്നുവരില്ല. ഈ പരിതഃസ്ഥിതികളെല്ലാം കാർഷികോല്പാദനത്തെ ബാധിയ്ക്കുന്നവയാണ്. കാർഷികോല്പന്നങ്ങളുടെ ഉല്പാദനച്ചെലവുകളെ നിർണ്ണയിയ്ക്കുന്നതു് ഏററവും മോശമായ നിലത്തിൻെറ ഉല്പാദനസാഹചര്യങ്ങളാണ്. അല്ലെങ്കിൽ മോശമായ നിലത്തിൽ മൂലധനമിറക്കാൻ ആരും തയ്യാറാവുകയില്ല. കൂടുതൽ നല്ല നിലത്തിൽനിന്നു് കൂടുതൽ ആദായം ലഭിയ്ക്കും. ഇങ്ങിനെ കൂടുതലായുണ്ടാകുന്ന ആദായം നിലമുടമസ്ഥൻെറ കയ്യിലെത്തിച്ചേരുന്നു.

ചില ധനശാസ്ത്രജ്ഞന്മാർ സപ്ലൈയുടേയും ഡിമാണ്ടിൻേറയും നിയമങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമാണ് പാട്ടത്തെ വ്യാഖ്യാനിയ്ക്കുന്നതു്. നിലത്തിൽനിന്നുണ്ടാകുന്ന ഉൽപ്പന്നങ്ങൾ ഡിമാണ്ടിനെ, അപേക്ഷിച്ചു കുറവാണെന്നും അതുകൊണ്ടാണ് നിലത്തിന്നു് പാട്ടം നല്കേണ്ടിവരുന്നതെന്നും അവർ വാദിയ്ക്കുന്നു. പക്ഷേ, നിലത്തിൻെറ ഉടമസ്ഥനാണ് പാട്ടം ലഭിയ്ക്കുന്നതു് എന്നും അദ്ധ്വാനിച്ചുണ്ടാക്കപ്പെടുന്ന ഉൽപ്പന്നത്തിൻെറ ഒരു ഭാഗമാണതെന്നുമുള്ള കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല.

## വിതരണത്തിൻെറ
## അടിസ്ഥാനം

ഇപ്രകാരം, കൊല്ലംതോറും രാജ്യത്തിലൊട്ടാകെ നിർമ്മിയ്ക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ, അല്ലെങ്കിൽ ദേശീയവരുമാനം, ഉൽപ്പാദനത്തിൻെറ വിവിധഘടകങ്ങൾക്കിടയിൽ വിതരണംചെയ്യപ്പെടുന്നു. തൊഴിലാളികളുടെ കൂലി, കൃഷിക്കാരുടേയും കൈവേലക്കാരുടേയും അദ്ധ്വാനിയ്ക്കുന്ന മററു ജനവിഭാഗങ്ങളുടേയും വരവിനങ്ങൾ, വ്യവസായികളുടെ ലാഭം, ബാങ്കുകളുടെ പലിശ, ജന്മികളുടെ പാട്ടം എന്നിങ്ങിനെ മുഖ്യമായി അഞ്ചു ഭാഗങ്ങളായിട്ടാണതു വിഭജിയ്ക്കപ്പെടുന്നതു്. ഈ വ്യത്യസ്തജനവിഭാഗങ്ങൾക്കെല്ലാം കൂടി ലഭിയ്ക്കുന്ന മൊത്തം വരുമാനമാണു് ദേശീയവരുമാനം. ഈ ദേശീയവരുമാനത്തിൻെറ ഒരു ഭാഗമാണു് ഗവമ്മെണ്ടുകൾവഴിയ്ക്കും മററു പൊതുസ്ഥാപനങ്ങൾവഴിയ്ക്കും രാജ്യരക്ഷ, സാമൂഹ്യസേവനം, ഉദ്യോഗസ്ഥന്മാരുടെ ശമ്പളം മുതലായവയ്ക്കുവേണ്ടി ചെലവിടപ്പെടുന്നതു്.

നമ്മുടെ ഇന്നത്തെ സാമ്പത്തികവ്യവസ്ഥയിൽ ദേശീയവരുമാനത്തിൻെറ ഗണ്യമായ ഭാഗം ഉൽപ്പാദനോപകരണങ്ങളുടെ ഉടമസ്ഥന്മാക്കാണു ലഭിയ്ക്കുന്നതു്. ഭൂരിപക്ഷക്കാരായ സാധരണജനങ്ങൾക്കു ലഭിയ്ക്കുന്ന വരുമാനം താരതമ്യേന കുറവാണു്. ഇതിൻ

ഫലമായി സമുദായത്തിൽ സ്വത്തുള്ളവരും സ്വത്തില്ലാത്തവരും തമ്മിലുള്ള അന്തരം വർദ്ധിച്ചുകൊണ്ടുവരുന്നു. ഇതിൻെറ അർത്ഥം ഉൽപ്പാദിപ്പിയ്ക്കപ്പെടുന്ന ചരക്കുകൾ വാങ്ങാനുള്ള ഭൂരിപക്ഷക്കാരുടെ ക്രയശക്തി കുറഞ്ഞുകൊണ്ടുവരുന്നുവെന്നാണ്. അങ്ങിനെ ഈ വിതരണസമ്പ്രദായം കാലക്രമത്തിൽ ഉൽപ്പാദനത്തിൻെറ ഗതിവേഗത്തെത്തന്നെ തടസ്സപ്പെടുത്തുന്നു.

എന്നാൽ, ഈ വിതരണസമ്പ്രദായം മുതലാളിത്തവ്യവസ്ഥയുടെ പ്രത്യേകതയാണ്. ജന്മികൾ, മുതലാളികൾ തുടങ്ങിയ ജനവിഭാഗങ്ങൾക്ക് ഉൽപ്പാദനോപകരണങ്ങളുടെ ഉടമസ്ഥന്മാരെന്നനിലയ്ക്കുള്ള ആദായം ലഭിയ്ക്കുന്നത് മുതലാളിത്തസമുദായത്തിൽ മാത്രമാണ്. സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ ഉല്പാദനോപകരണങ്ങളെല്ലാം പൊതുവുടമയിലായിരിയ്ക്കും. അതുകൊണ്ടുതന്നെ വിതരണസമ്പ്രദായത്തിലും മാററമുണ്ടാവും. ലാഭം, പലിശ, പാട്ടം എന്നിവയ്ക്കു സ്ഥാനമുണ്ടാവില്ല. ഓരോരുത്തനും അദ്ധ്വാനത്തിൻെറ തോതനുസരിച്ചുള്ള പ്രതിഫലമാണു ലഭിയ്ക്കുക.

പതിന്നാലാമദ്ധ്യായം

Public Finance

## പൊതുധനകാര്യം

വ്യക്തികൾക്കെന്നപോലെത്തന്നെ ഭരണകൂടങ്ങൾക്കും വരവുചെലവുകളുണ്ടു്. മുതലാളിത്തവ്യവസ്ഥയിലായാലും ശരി, സോഷ്യലിസ്റ്റ് വ്യവസ്ഥയിലായാലും ശരി, ഭരണകൂടത്തിന്റെ പ്രവത്തനങ്ങൾക്ക് അവയാവശ്യമാണു്. പുറമേനിന്നുണ്ടാകാവുന്ന ആക്രമണങ്ങളിൽനിന്നു് രാജ്യത്തെ കാത്തുരക്ഷിയ്ക്കുകയും ആഭ്യന്തരമായി ക്രമവും സമാധാനവും സ്ഥാപിച്ചുകൊണ്ടു് നിലവിലുള്ള സാമൂഹ്യബന്ധങ്ങളെ സംരക്ഷിയ്ക്കുകയും ചെയ്യുക എന്നതാണു് ഭരണകൂടത്തിന്റെ ചുമതല. ആധുനികരാഷ്ട്രങ്ങൾ ഈ ചുമതല നിറവേററാൻവേണ്ടിയാണു് പട്ടാളം, പോലീസ്സു്, നീതിന്യായവകുപ്പു് മുതലായവയേർപ്പെടുത്തുകയും ഗതാഗതമാർഗ്ഗങ്ങളും മററും സ്ഥാപിയ്ക്കു

കയും സ്വകാര്യസ്വത്തുടമകളായ ധനികന്മാരുടേയും സ്വത്തില്ലാത്ത ദരിദ്രന്മാരുടേയും അവകാശാധികാരങ്ങളെന്തൊക്കെയാണെന്നു നിർവ്വചിയ്ക്കുന്ന നിയമങ്ങൾ നിർമ്മിയ്ക്കുകയും ചെയ്തിട്ടുള്ളതു്. സ്വകാര്യസ്വത്തുടമസ്ഥന്മാരുടെ സ്ഥാപനങ്ങളെ കാത്തുരക്ഷിയ്ക്കുക മാത്രമല്ല ഭരണകൂടം ചെയ്യുന്നതു്. അതോടൊപ്പംതന്നെ സാമൂഹ്യനന്മയ്ക്കുതകുന്ന വിദ്യാഭ്യാസം, ആരോഗ്യം, പൊതുമരാമത്തു്, ഗവേഷണം മുതലായവയും ഭരണകൂടത്തിന്റെ ആഭിമുഖ്യത്തിൽ നിർവ്വഹിയ്ക്കപ്പെടുന്നു. സാമൂഹ്യനന്മ സമുദായത്തിന്റെ നിലനില്പിനേയും ഉല്പാദനത്തിന്റേയും ഉപഭോഗത്തിന്റേയും പുരോഗതിയേയും ആശ്രയിച്ചിരിയ്ക്കുന്നു. അതുകൊണ്ടാണു് നിലവിലുള്ള സാമൂഹ്യബന്ധങ്ങളെ നിലനിത്താനും ശക്തിപ്പെടുത്താനും പററിയതരത്തിൽ ഉല്പാദനവിതരണങ്ങളെ നിയന്ത്രിയ്ക്കാൻ ഭരണകൂടം മുൻകയ്യെടുക്കുന്നതു്. സാമ്പത്തിക പുരോഗതിയെ ത്വരിതപ്പെടുത്താനെന്നപോലെത്തന്നെ തടസ്സപ്പെടുത്താനും ഭരണകൂടത്തിന്നു കഴിവുണ്ടു്. സാമ്പത്തിക പുരോഗതി കൈവരുത്താൻവേണ്ടിയാണു് സ്വാതന്ത്ര്യലബ്ധിയ്ക്കുശേഷം ഇന്ത്യയെപ്പോലുള്ള പിന്നണിരാജ്യങ്ങളിൽ ഭരണകൂടത്തിന്റെ ആഭിമുഖ്യത്തിൽത്തന്നെ വ്യവസായങ്ങളും മററും സ്ഥാപിയ്ക്കാനും ദേശീയ പുനർനിർമ്മാണപ്രവത്തനങ്ങൾ നടത്താനും തുടങ്ങിയിട്ടുള്ളതു്.

## പൊതുധനകാര്യം എന്നാൽ എന്ത്?

ഈ ചുമതലകൾ നിർവ്വഹിയ്ക്കാൻ പണമാവശ്യമാണെന്നു പറയേണ്ടതില്ലല്ലോ. പട്ടാളം, പോലീസ്സ് മുതലായവയെ നിലനിർത്താനും ഉദ്യോഗസ്ഥന്മാക്ക് ശമ്പളം കൊടുക്കാനും ഭരണകാര്യങ്ങൾക്കാവശ്യമായ സ്റ്റേഷനറി, വാഹനങ്ങൾ തുടങ്ങിയ പലതരം സാമഗ്രികൾ വാങ്ങാനും വിദ്യാഭ്യാസം, വൈദ്യസഹായം തുടങ്ങിയ സാമൂഹ്യപരിപാടികൾ നിർവ്വഹിയ്ക്കാനും മററും മററുമായി കൊല്ലംതോറും വലിയ വലിയ തുകകൾ ചെലവിടേണ്ടിവരുന്ന ചെലവുകൾ നടത്തണമെങ്കിൽ വരവുകളും ആവശ്യമാണ്. ഭരണകൂടത്തിന്റെ വരവിനങ്ങളുടേയും ചെലവിനങ്ങളുടേയും സ്വഭാവവിശേഷങ്ങളെപ്പററിയും അവയുടെ അടിസ്ഥാനതത്വങ്ങളെപ്പററിയുമുള്ള വിശകലനത്തിന്നാണ് പൊതുധനകാര്യമെന്നു പറയുന്നത്.

വ്യക്തികൾ സാധാരണമായി തങ്ങളുടെ വരവിന്നനുസരിച്ച് ചെലവുകൾ നടത്തുന്നു. കിട്ടുന്ന പണം മുഴുവനും, ഉപഭോഗസാമഗ്രികൾക്കുവേണ്ടി ചെലവിടാം. അല്ലെങ്കിൽ മുഴുവനും ചെലവിടാതെ ഒരു ഭാഗം ഭാവിയിലേയ്ക്കുവേണ്ടി സൂക്ഷിച്ചുവെയ്ക്കാം. വരവു കുറഞ്ഞാൽ അതിന്നനുസരിച്ച് ചെലവും ചുരുക്കേണ്ടിവരും. കടം കിട്ടിയാൽ വാങ്ങാം. പക്ഷേ,

അതു പലിശയോടുകൂടി തിരിച്ചുകൊടുക്കേണ്ടിവരും. അതുകൊണ്ടു് ഭാവിയിൽ വരവുണ്ടാകുമെന്നുറപ്പുണ്ടെങ്കിൽ മാത്രമേ കടം വാങ്ങുന്നതുകൊണ്ടു രക്ഷയുള്ളു. വരവിൽക്കവിഞ്ഞു് ചെലവുചെയ്യുന്നവർ പലപ്പോഴും തങ്ങളുടെ ഒഴിച്ചുകൂടാൻവയ്യാത്ത ആവശ്യങ്ങൾ പോലും നിർവ്വഹിയ്ക്കാൻകഴിയാതെ വിഷമിയ്ക്കുകയോ പാപ്പരാവുകയോ ചെയ്യും.

സ്റ്റേററാകട്ടെ, വരവിന്നനുസരിച്ചു് ചെലവുചെയ്യുകയല്ല, ചെലവിന്നാവശ്യമായ വരവുകളുണ്ടാക്കാൻ ശ്രമിയ്ക്കുകയാണു് ചെയ്യുന്നതു്. ചെലവു കുറവാണെങ്കിൽ വരവും ചുരുക്കാം. നേരെമറിച്ചു് ചെലവുകൾ വർദ്ധിയ്ക്കുമ്പോൾ അതിന്നനുസരിച്ചു് വരവുകൾ വർദ്ധിപ്പിയ്ക്കുകയോ പുതിയ വരവിനങ്ങൾ കണ്ടുപിടിയ്ക്കുകയോ ചെയ്യേണ്ടിവരും. പക്ഷേ, ഇഷ്ടംപോലെ എത്രവേണമെങ്കിലും വരവു വർദ്ധിപ്പിയ്ക്കാൻ കഴിയില്ല. അതിന്നുള്ള സാദ്ധ്യതകളും കഴിവുകളും പരിമിതമാണു്. അതുകൊണ്ടു് വരവിന്നനുസരിച്ചു് ചെലവിടാനറിയാത്ത വ്യക്തികൾ പാപ്പരാകുന്നതുപോലെ കഴിവിൽ കവിഞ്ഞ ചെലവുകൾ ചെയ്യുന്ന ഗവമ്മെണ്ടുകളും പാപ്പരാവും.

## ചെലവിനങ്ങളുടെ സ്വഭാവം

ഗവമ്മെണ്ടുകൾ നടത്തുന്ന ചെലവിനങ്ങൾക്കു് ചില അടിസ്ഥാനതത്വങ്ങളുണ്ടു്. ഏററവുമധികം

സാമൂഹ്യനന്മയുളവാക്കുന്ന ചെലവുകൾക്കാണ് പ്രാധാന്യം നല്കേണ്ടതു് എന്നതാണ് പ്രധാനമായ ഒരു തത്വം. ഡാൾട്ടൻെറ അഭിപ്രായത്തിൽ പൊതുധനകാര്യത്തിൻെറതന്നെ അടിസ്ഥാനപരമായ തത്വം സമൂഹ്യനന്മ കൈവരുത്തുക എന്നതാണ്. സാമൂഹ്യനന്മയാകട്ടെ, സമുദായത്തിൻെറ നിലനില്പിനേയും ഉല്പാദനത്തിൻെറയും ഉപഭോഗത്തിൻെറയും പുരോഗതിയേയും ആശ്രയിച്ചിരിയ്ക്കുന്നു. അതുകൊണ്ട് ഭൂരിപക്ഷക്കാരായ ജനങ്ങളുടെ താല്പര്യങ്ങൾ കാക്കുന്നതരത്തിൽ ഉല്പാദനവിതരണങ്ങളെ അഭിവൃദ്ധിപ്പെടുത്താൻ സഹായിയ്ക്കുന്ന ചെലവിനങ്ങൾക്കാണ് പ്രാധാന്യം നല്കേണ്ടതു്. വരവിനങ്ങളെന്നപോലെ തന്നെ ചെലവിനങ്ങളും വ്യക്തികളുടെ ക്രയശക്തിയിൽ മാററങ്ങളുണ്ടാക്കാൻ സഹായിയ്ക്കുന്നു. വരവിനങ്ങളിലൂടെ വ്യക്തികളുടെ ക്രയശക്തി ഗവമ്മെണ്ടിൻെറ ക്രയശക്തിയായി മാറുന്നു. ചെലവിനങ്ങളിലൂടെ ഗവമ്മെണ്ടിൻെറ ക്രയശക്തി വീണ്ടും വ്യക്തികളുടെ ക്രയശക്തിയായി മാറുന്നു. ഇങ്ങിനെ പൊതുധനകാര്യത്തിൻെറ ബോധപൂർവ്വമായ പ്രവർത്തനം സാമൂഹ്യസമ്പത്തുക്കളുടെ വിതരണത്തിൽ മാററങ്ങളുണ്ടാക്കാൻ സഹായിയ്ക്കുന്നു. ഉദാഹരണത്തിന്ന് സൗജന്യവിദ്യാഭ്യാസം, വൈദ്യസഹായം, തൊഴിലില്ലായ്മവേതനം, വാർദ്ധക്യകാലപെൻഷൻ, റിലീഫ് പ്രവർത്തനങ്ങൾ മുതലായവയ്ക്കുവേണ്ടിയുള്ള ചെലവിനങ്ങൾ ഭൂരിപക്ഷക്കാരായ സാധാരണജനങ്ങളുടെ യഥാർത്ഥ വരുമാനങ്ങളെ വർദ്ധിപ്പിയ്ക്കുന്നതിന്നുതുല്യ

മാണു്. എല്ലാവൎക്കും ഭക്ഷണവും ജോലിയും വീടു്, വിദ്യാഭ്യാസം തുടങ്ങിയ മററു സൌകൎയ്യങ്ങളും ലഭിയ്ക്കത്തക്കവിധത്തിൽ വ്യാവസായികവും കാൎഷികവും സാംസ്കാരികവുമായ പുരോഗതിയെ മുൻനിൎത്തിക്കൊണ്ടു് രാജ്യത്തിൻെറ പൊതുധനകാൎയ്യത്തെ ബോധപൂൎവ്വം നയിയ്ക്കണമെന്നതാണു് ആധുനിക ധനശാസ്ത്രജ്ഞന്മാരുന്നയിയ്ക്കുന്ന ഏററവും പ്രധാനമായ തത്വം.

പക്ഷേ, ഇതെല്ലായ്പ്പോഴും പ്രായോഗികമായെന്നു വരില്ല. എന്തെന്നാൽ, സമുദായത്തിൽ പ്രാമാണ്യം വഹിയ്ക്കുന്ന വൎഗ്ഗങ്ങൾക്കും സംഘടനകൾക്കും ഗവൎമ്മെണ്ടിൽ വമ്പിച്ച സ്വാധീനം ചെലുത്താനും അങ്ങിനെ പൊതുധനകാൎയ്യത്തിൻെറ പ്രവൎത്തനങ്ങളെ തങ്ങൾക്കനുകൂലമാക്കാനും സാധിയ്ക്കും. നമ്മുടെ സമുദായത്തിൽ ഒരു വൻകിട കൎത്തകമുതലാളിയ്ക്കും അന്നന്നു പണിയെടുത്തു പജീവനം കഴിയ്ക്കുന്ന ഒരു തൊഴിലാളിയ്ക്കും തുല്യമായ ശക്തിയല്ലല്ലോ ഉള്ളതു്. മററു പല കാൎയ്യങ്ങളിലുമെന്നപോലെ പൊതുധനകാൎയ്യത്തെസ്സംബന്ധിച്ചും കയ്യൂക്കുള്ളവനാണു് കാൎയ്യക്കാരൻ.

നിൎമ്മാണപരമായ ചെലവുകളും നിൎമ്മാണപരമല്ലാത്ത ചെലവുകളുമുണ്ടു്. സ്റ്റേറവടമയിലുള്ള വ്യവസായങ്ങൾ, റയിൽവേ, ജലസേചനപദ്ധതികൾ മുതലായവയ്ക്കുവേണ്ടിയുള്ള ചെലവുകൾ നിൎമ്മാണപരമായ ചെലവുകളാണു്. രാജ്യത്തിലെ സ്വത്തുക്കളും

ദേശീയവരുമാനവും വർദ്ധിപ്പിയ്ക്കാനും സാമ്പത്തിക ഭദ്രതയെ നിലനിർത്താനും സ്വാതന്ത്ര്യത്തിന്റെ അടിത്തറയുറപ്പിയ്ക്കാനും അത്തരം ചെലവുകൾ സഹായിയ്ക്കുന്നു. നേരെമറിച്ച്, യുദ്ധം തുടങ്ങിയ നശീകരണ സംരംഭങ്ങൾക്കു വേണ്ടിയുള്ള ചെലവുകൾ നിർമ്മാണപരമല്ല. രാജ്യത്തിലെ സ്വത്തുക്കൾ വർദ്ധിപ്പിയ്ക്കാനല്ല, കുറയ്ക്കാനാണ് അവ സഹായിയ്ക്കുക. അതുകൊണ്ടാണ് നിർമ്മാണപരമായ ചെലവുകൾ വർദ്ധിപ്പിയ്ക്കണമെന്നും നിർമ്മാണപരമല്ലാത്ത ചെലവുകൾ കഴിയുന്നതും ചുരുക്കണമെന്നും ആധുനിക ധനശാസ്ത്രജ്ഞന്മാർ വാദിയ്ക്കുന്നതു്. അനാവശ്യമായ ചെലവുകൾ കുറയ്ക്കുകയും ആവശ്യമായ ചെലവുകൾ വർദ്ധിപ്പിയ്ക്കുകയും ചെയ്യണം. വരവുകൾ കണക്കിലെടുക്കാതെ, അല്ലെങ്കിൽ ഏതു കാര്യത്തിന്നു് എത്ര പണം ചെലവിട്ടാലാണ് രാജ്യത്തിന്നു കൂടുതൽ നന്മയുണ്ടാവുക എന്നു സൂക്ഷ്മമായി പരിശോധിയ്ക്കാതെ, പൊതുപണം ചെലവിടുന്നതു് ന്യായീകരിയ്ക്കപ്പെടാറില്ല.

Budjet

## 'ബജറ്റ്'

എല്ലാ ചെലവുകൾക്കും ജനങ്ങളുടെ, അല്ലെങ്കിൽ ജനപ്രതിനിധികളുടെ, അംഗീകാരവും പിൻബലവുമുണ്ടായിരിയ്ക്കണമെന്നതാണ് ആധുനികകാലത്തംഗീകരിയ്ക്കപ്പെട്ടിട്ടുള്ള മറെറാരു തത്വം. ഗവമ്മെണ്ടിന്റെ വിവിധ ഡിപ്പാർട്ടുമെണ്ടുകൾ താന്താങ്ങളുടെ പ്രവ

ത്തനങ്ങൾ നടത്താൻ ഒരു കൊല്ലത്തേയ്ക്കു് എന്തു ചെലവു വേണ്ടിവരുമെന്നതിനെസ്സംബന്ധിച്ചുള്ള ഒരു "എസ്റ്റിമേററ്" മുൻകൂട്ടി തയ്യാറാക്കുന്നു. അതേസമയത്തുതന്നെ ധനകാര്യഡിപ്പാർട്ടുമെണ്ടു് രാജ്യത്തിലെ സാമ്പത്തികസ്ഥിതിയേയും മുൻകൊല്ലത്തെ അനുഭവങ്ങളേയും കണക്കിലെടുത്തുകൊണ്ടു് ഒരു കൊല്ലത്തിൽ എന്തു വരവുണ്ടാക്കാൻ കഴിയുമെന്നതിനെസ്സംബന്ധിച്ചുള്ള മറെറാരു "എസ്റ്റിമേററം" തയ്യാറാക്കുന്നു. ഈ രണ്ടു് എസ്റ്റിമേററുകളേയും പരസ്പരം ബന്ധപ്പെടുത്തികൊണ്ടും ആവശ്യമായ മാററങ്ങൾ വരുത്തിക്കൊണ്ടുമുള്ള ഒരു ആയവ്യയക്കണക്കു് അല്ലെങ്കിൽ ബഡ്ജററ് ഗവമ്മെണ്ടു തയ്യാറാക്കി നിയമസഭയുടെ അംഗീകാരത്തിന്നുവേണ്ടി സമർപ്പിയ്ക്കുന്നു. സാധാരണമായി മുൻകൊല്ലത്തെ വരവുചെലവുകണക്കുകളും തന്നാണ്ടിലെ വരവുചെലവു കണക്കുകളുടെ ഒരു പുതുക്കിയ എസ്റ്റിമേററം അടുത്ത കൊല്ലത്തെ വരവുചെലവുകളുടെ എസ്റ്റിമേററുമാണു് ബഡ്ജററിലടങ്ങിയിരിയ്ക്കുക. ഗവമ്മെണ്ടിൻെറ നിർദ്ദേശങ്ങളിൽ ആവശ്യമായ മാററങ്ങൾ വരുത്താൻ നിയമസഭയ്ക്കധികാരമുണ്ടായിരിയ്ക്കും. നിയമസഭ പാസ്സാക്കുന്ന ബഡ്ജററനുസരിച്ചാണു് ഗവമ്മെണ്ടു് തങ്ങളുടെ ആയവ്യയങ്ങൾ രൂപവല്ക്കരിയ്ക്കുക.

## വരവിനങ്ങൾ

സ്റ്റേറവടമയിലുള്ള വ്യവസായസ്ഥാപനങ്ങൾ, വനങ്ങൾ. പോസ്റ്റാഫീസ്സ്, റയിൽവേ തുടങ്ങിയവയിൽനിന്നുള്ള ആദായങ്ങൾ, നാട്ടുകാരിൽനിന്നു പിരിച്ചെടുക്കുന്ന പലതരം നികുതികളും ഫീസ്സുകളും, ചുങ്കങ്ങൾ, കടമെടുപ്പ്, ചെറുകിട സമ്പാദ്യപദ്ധതികൾ മുതലായവയാണ് സ്റ്റേററിൻെറ മുഖ്യമായ വരവിനങ്ങൾ. ഈ വരവിനങ്ങളെ വർദ്ധിപ്പിയ്ക്കാൻ കഴിഞ്ഞാൽ മാത്രമേ വിവിധങ്ങളായ ചെലവുകൾ നിർവ്വഹിയ്ക്കാൻ കഴിയൂ.

മുതലാളിത്തസമുദായത്തിൽ സ്റ്റേറവടമയിലുള്ള വ്യവസായസ്ഥാപനങ്ങൾ വളരെ കുറവാണ്. അതുകൊണ്ട് അവയിൽനിന്നുള്ള ആദായവും പരിമിതമാണ്. ധാരാളം ആദായം ലഭിയ്ക്കാനിടയുള്ള വ്യവസായസ്ഥാപനങ്ങളും ഖനികൾ, തോട്ടങ്ങൾ, ബാങ്കുകൾ മുതലായവയും സ്വകാര്യസ്വത്തുക്കളാണ്. അവയെ ദേശസാല്ക്കരിയ്ക്കുകയാണെങ്കിൽ പൊതുഖജാനയുടെ വരവിനങ്ങൾ വർദ്ധിപ്പിയ്ക്കാനും അങ്ങിനെ സാമൂഹ്യനന്മയ്ക്കുവേണ്ടി കൂടുതൽ പണം ചെലവിടാനും സാധിയ്ക്കും.

ജനങ്ങളിൽനിന്ന് നിർബന്ധപൂർവ്വം വസൂലാക്കപ്പെടുന്ന പണത്തിന്നാണ് നികുതി എന്നു പറയു

ന്നതു്. "പൊതുഭരണത്തിൽനിന്നുള്ള സേവനങ്ങൾക്കു പകരമായി ഒരു വ്യക്തിയുടേയോ പല വ്യക്തികളുമടങ്ങിയ സ്ഥാപനത്തിൻേറയോ സ്വത്തുക്കളിൽനിന്നു നിർബന്ധപൂൎവ്വം നല്കപ്പെടുന്ന സംഭാവനയാണു് നികുതി" എന്നു് ജി. എഫ്. ബാസ്റ്റബിൾ എന്ന ധനശാസ്ത്രജ്ഞൻ നിൎവ്വചിയ്ക്കുന്നു. ഫീസ്സ് അങ്ങിനെയല്ല. സ്റ്റേററിൻെറ ഏതെങ്കിലും സേവനത്തിന്നു പകരമായി — ഉദാഹരണത്തിന്നു് വിദ്യാഭ്യാസത്തിന്നുവേണ്ടി — ജനങ്ങൾ സ്വന്തം ഇഷ്ടത്തോടുകൂടി കൊടുക്കുന്ന പണമാണതു്. നികുതിയ്ക്കു പകരമായി ഒന്നും ലഭിയ്ക്കുന്നില്ല. നേരെമറിച്ചു്, സ്റ്റേററ്‌വക ബസ്സിൽ സഞ്ചരിയ്ക്കുകയോ കോടതിയിൽ സ്വത്തുസംബന്ധിച്ച വല്ല കേസ്സും കൊടുക്കുകയോ ചെയ്യുമ്പോൾ തങ്ങൾക്കു ലഭിയ്ക്കുന്ന സേവനത്തിന്നു പ്രതിഫലമായി ജനങ്ങൾ നല്കുന്ന നിശ്ചിതമായ സംഖ്യയ്ക്കാണു് ഫീസ്സ് എന്നു പറയുന്നതു്. ഇതാണു് നികുതിയും ഫീസ്സും തമ്മിലുള്ള വ്യത്യാസം.

പ്രത്യക്ഷനികുതിയെന്നും, പരോക്ഷനികുതിയെന്നും രണ്ടുതരം നികുതികളുണ്ടു്. ആദായത്തിന്മേലുള്ള നികുതി, നിലത്തിന്മേലുള്ള നികുതി, കെട്ടിടങ്ങളിന്മേലുള്ള നികുതി മുതലായവയെല്ലാം നേരിട്ടുള്ള നികുതികളാണു്. ചുങ്കം, എക്സൈസ്‌ഡ്യൂട്ടി, വില്പനനികുതി മുതലായവ പ്രത്യക്ഷത്തിൽ നികുതികളാണെന്നു തോന്നുകയില്ല. ചരക്കുകളുടെ വിലകളുടെകൂടെയാണു് അവ വസൂലാക്കപ്പെടുന്നതു്. ചരക്കു

കളുടെ വില അത്രകണ്ടു വർദ്ധിക്കുമെന്നർത്ഥം. അവ ഗവമ്മെണ്ടിലേയ്ക്കടയ്ക്കുന്നതു് കച്ചവടക്കാരായിരിയ്ക്കാം. പക്ഷേ, അവയുടെ ഭാരം ചെന്നുവീഴുന്നതു് ഉപഭോക്താക്കളുടെ മേലാണു്.

പ്രത്യക്ഷനികുതികൾ സ്വത്തുക്കളുള്ളവരെ മാത്രമേ ബാധിയ്ക്കുകയുള്ളു. നിത്യോപയോഗസാമഗ്രികളുടെമേൽ ചുമത്തപ്പെടുന്ന പരോക്ഷനികുതികളാകട്ടെ മുഖ്യമായും ഭൂരിപക്ഷക്കാരായ സാധാരണജനങ്ങളിൽ നിന്നാണു് വസൂലാക്കപ്പെടുന്നതു്. കയററുമതിച്ചരക്കുകൾക്കും ഇറക്കുമതിച്ചരക്കുകൾക്കും നികുതികൾ ചുമത്താറുണ്ടു്. ഇറക്കുമതിച്ചുങ്കം ചരക്കുകൾ ഇറക്കുമതി ചെയ്യുന്നവരും കയററുമതിച്ചുങ്കം ചരക്കുകൾ കയററി അയയ്ക്കുന്നവരുമാണു് അടയ്ക്കുന്നതു്. കയററുമതിയ്ക്കും ഇറക്കുമതിയ്ക്കും യാതൊരു ചുങ്കവും ചുമത്താൻപാടില്ലെന്നും രാജ്യങ്ങൾ തമ്മിലുള്ള ചരക്കുകളുടെ നിർബാധമായ വിനിമയത്തിന്നു തടസ്സമാണു് ചുങ്കങ്ങളെന്നും അതുകൊണ്ടു് എല്ലാ രംഗങ്ങളിലും സ്വതന്ത്രവ്യാപാരം അനുവദിയ്ക്കണമെന്നുമുള്ള ഒരു സിദ്ധാന്തമുണ്ടു്. പക്ഷേ, ആധുനികഗവമ്മെണ്ടുകൾ കയററുമതിയ്ക്കും ഇറക്കുമതിയ്ക്കും ചുങ്കങ്ങൾ ചുമത്താൻ മടിയ്ക്കാറില്ല. അവ പൊതുഖജാനയിലേയ്ക്കുള്ള ഒരു വരവിന്നു മാത്രമല്ല സ്വന്തം നാട്ടിലെ വ്യവസായങ്ങളുടെ സംരക്ഷണത്തിന്നുള്ള ഒരുപകരണംകൂടിയാണു് ഒരുദാഹരണംകൊണ്ടു് ഇതു് വ്യക്തമാക്കാം. 17ഉം 18ഉം നൂററാണ്ടുകളിൽ ബ്രിട്ടൻ ഇന്ത്യയിൽനിന്നു് തുണിച്ചരക്കുകൾ ഇറക്കുമ

തിചെയ്യുന്ന ഒരു രാജ്യമായിരുന്നു. ബ്രിട്ടീഷുകാർ ഇന്ത്യയുടെ രാഷ്ട്രീയാധിപത്യം നേടിയതിന്നു ശേഷം ബ്രിട്ടനിലേയ്ക്കുള്ള ഇന്ത്യൻ ചരക്കുകളുടെ ചുങ്കം വർദ്ധിപ്പിയ്ക്കുകയും അതേസമയത്ത് ഇന്ത്യയിലേയ്ക്കുള്ള ബ്രിട്ടീഷ് ചരക്കുകളുടെ ചുങ്കം കുറയ്ക്കുകയും ചെയ്തു. ഇതിൻഫലമായി ബ്രിട്ടീഷ് മാർക്കററിൽ ഇന്ത്യൻ ചരക്കുകളുടെ വില കയറി. വില കൂടിയ ഇന്ത്യൻ ചരക്കുകളുടെ വില്പന ബ്രിട്ടനിൽ കുറഞ്ഞു കുറഞ്ഞുവന്നു. അതേസമയത്തുതന്നെ ഇന്ത്യയിൽ വിററഴിയ്ക്കപ്പെടുന്ന ബ്രിട്ടീഷ് ചരക്കുകളുടെ വില താരതമ്യേന കുറവായിരുന്നു. വില കുറഞ്ഞ ബ്രിട്ടീഷു ചരക്കുകൾക്ക് ഇന്ത്യൻ മാർക്കററിൽത്തന്നെ ഇന്ത്യയുടെ ചരക്കുകളുമായി മത്സരിയ്ക്കാനും അങ്ങിനെ ഇന്ത്യൻ ചരക്കുകളെ പുറംതള്ളാനും കഴിഞ്ഞു. ചുരുക്കിപ്പറഞ്ഞാൽ, കയററുമതികളുടേയും ഇറക്കുമതികളുടേയും ചുങ്കനയം ബ്രിട്ടീഷു ഭരണാധികാരികളുടെ കയ്യിൽ ഇന്ത്യൻ വ്യവസായങ്ങളെ നശിപ്പിയ്ക്കാനും ബ്രിട്ടീഷു വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്താനുമുള്ള ഒരുപകരണമായിത്തീർന്നു

## നികുതിപിരിവിൻെറ അടിസ്ഥാനതത്വങ്ങൾ

നികുതിനയത്തിൻെറ പിന്നിൽ ചില അടിസ്ഥാനനിയമങ്ങളുണ്ടായിരിയ്ക്കണമെന്ന് ധനശാസ്ത്ര

ജ്ഞന്മാർ ചൂണ്ടിക്കാണിയ്ക്കാറുണ്ട്. ഉദാഹരണത്തിന്ന്, ആഡംസ്മിത്തിന്റെ അഭിപ്രായത്തിൽ സുനിശ്ചിതത്വം, സൗകൎയ്യം, വ്യയക്കുറവ്, സമത്വം എന്നിങ്ങനെ നാലു തത്വങ്ങളുണ്ട്.

നികുതികൾ സുനിശ്ചിതമായിരിയ്ക്കണം. അതായത്, എപ്പോൾ, ആർ, എത്ര നികുതിയടയ്ക്കണമെന്ന് എല്ലാവൎക്കും വ്യക്തമായിരിയ്ക്കണം. ഇല്ലെങ്കിൽ നികുതിദായകന്മാൎക്ക് പലതരം വിഷമതകൾ നേരിടുകയും നികുതിപിരിവുകാരായ ഉദ്യോഗസ്ഥന്മാൎക്ക് കൈക്കൂലിയും മററും വാങ്ങാൻ സൗകൎയ്യം ലഭിയ്ക്കുകയും ചെയ്യും. രണ്ടാമതായി നികുതി പിരിയ്ക്കുന്ന സമയവും സമ്പ്രദായവും ജനങ്ങളുടെ സൗകൎയ്യംനോക്കിയായിരിയ്ക്കണം. ഉദാഹരണത്തിന്ന്, നിലനികുതി പിരിയ്ക്കുന്നത് കൊയ്ത്തുകാലം കഴിഞ്ഞ ഉടനെയായാൽ ബുദ്ധിമുട്ടു കുറയും. മൂന്നാമത്, നികുതിപിരിവിന്നു വേണ്ടിവരുന്ന ചെലവുകൾ കഴിയുന്നതും കുറവായിരിയ്ക്കണം. പിരിവുചെലവുകൾ കൂടുതലാണെങ്കിൽ ഗവൎമ്മെണ്ടിന്നു കിട്ടുന്ന തുക കുറയും. നാലാമത്, നികുതിനയം സമത്വത്തിന്റെ അടിസ്ഥാനത്തിലായിരിയ്ക്കണം. ഈ തത്വത്തെ വ്യക്തമാക്കിക്കൊണ്ട്, ജനങ്ങൾ ഗവൎമ്മെണ്ടിലേയ്ക്കടയ്ക്കുന്ന നികുതികൾ അവരുടെ സ്വത്തുക്കളുടേയും വരവിനങ്ങളുടേയും അടിസ്ഥാനത്തിലായിരിയ്ക്കണമെന്ന് സ്മിത്ത് പറയുന്നു. ഈ തത്വത്തെസ്സംബന്ധിച്ച് ധനശാസ്ത്രജ്ഞന്മാൎക്കിടയിലും രാഷ്ട്രീയനേതാക്കന്മാൎക്കിടയിലും

വളരെയധികം വാദപ്രതിവാദങ്ങളുണ്ടായിട്ടുണ്ടു്. നികുതികാരണം ജനങ്ങളനുഭവിക്കേണ്ടിവരുന്ന ത്യാഗങ്ങൾ തുല്യമായിരിക്കണമെന്നു ചിലർ വാദിക്കുന്നു. പക്ഷേ, ഈ ത്യാഗത്തെ അളക്കുന്നതെങ്ങിനെയാണു്? 100ക. വരവുള്ള ഒരാൾ 10ക. നികുതി കൊടുക്കുന്നതിലടങ്ങിയ ത്യാഗം 1,00000ക. വരവുള്ളവനിൽനിന്നു വസൂലാക്കപ്പെടുന്ന 50,000ക. യിലടങ്ങിയ ത്യാഗത്തേക്കാൾ കൂടുതലാണെന്നുവരാം. മററു ചിലർ ജനങ്ങളുടെ കഴിവനുസരിച്ചു് നികുതി ചുമത്തണമെന്നു വാദിക്കുന്നു. കഴിവു് സ്വത്തുക്കളേയും വരവിനങ്ങളേയും ആശ്രയിച്ചിരിക്കുന്നു. സ്വത്തുക്കൾ വർദ്ധിക്കുംതോറും നികുതിയടയ്ക്കാനുള്ള കഴിവും വർദ്ധിക്കുന്നു.

ആധുനികഗവമ്മെണ്ടുകൾ ആദായനികുതികളും മററും ചുമത്തുമ്പോൾ കൂടുതൽ സ്വത്തുള്ളവരിൽനിന്നു താരതമ്യേന കൂടുതൽ ഉയർന്നനിരക്കിലുള്ള നികുതികൾ വസൂലാക്കാൻ ശ്രദ്ധിക്കാറുണ്ടു്. എന്നാൽ, കൂടുതൽ ഉയർന്നനിലവാരത്തിലുള്ള ആദായങ്ങൾക്കു് ഉയർന്നനിരക്കിലുള്ള ആദായനികുതികൾ ചുമത്തപ്പെടുന്നുവെന്നതുകൊണ്ടുമാത്രം വലിയ സ്വത്തുടമസ്ഥന്മാർക്കാണു് കൂടുതൽ നികുതിഭാരം താങ്ങേണ്ടിവരിക എന്നു പറയാൻ കഴിയില്ല. ആദായനികുതിയുടെ നിരക്കുകൾ എത്ര ഉയർന്നതാണെങ്കിലും പരോക്ഷനികുതികൾ കൂടുതലാണെങ്കിൽ നികുതിഭാരത്തിന്റെ കാഠിന്യം കൂടുതലനുഭവിക്കുന്നതു് ഭൂരിപക്ഷക്കാരായ

ദരിദ്രന്മാരും ഇടത്തരക്കാരുമാണെന്നു വരാം. കഴിവു കുറഞ്ഞ ദരിദ്രന്മാരെ നികുതിയിൽനിന്നു പൂർണ്ണമായും ഒഴിവാക്കുകയും ഇടത്തരക്കാരിൽനിന്നു് അവൎക്കു വലിയ ബുദ്ധിമുട്ടുകൾ നേരിടാത്തവിധത്തിൽ മാത്രം നികുതികൾ പിരിയ്ക്കുകയും ധനികന്മാരായ സ്വത്തുടമസ്ഥന്മാരിൽനിന്നു് താരതമ്യേന കൂടുതൽ സംഖ്യ വസൂലാക്കുകയും ചെയ്യുക എന്നതാണു് നീതിപൂൎവ്വകമായ നികുതിനയം. ഇക്കാൎയ്യത്തിൽ ആധുനികശാസ്ത്രജ്ഞന്മാർ മിക്കവരും യോജിയ്ക്കുന്നുണ്ടു്.

നികുതിയെസ്സംബന്ധിച്ചു് വ്യത്യസ്തങ്ങളായ പല സിദ്ധാന്തങ്ങളുമുണ്ടു്. ധനികദരിദ്ര വ്യത്യാസമില്ലാതെ എല്ലാവരും എന്തെങ്കിലും നികുതിയടയ്ക്കണമെന്നു ചിലർ വാദിയ്ക്കുമ്പോൾ സ്വത്തുള്ളവർ മാത്രമേ നികുതി കൊടുക്കേണ്ടതുള്ളു എന്നു മററു ചിലർ വാദിയ്ക്കുന്നു. എല്ലാ പൗരന്മാൎക്കും തുല്യമായ തോതിലേ നികുതി ചുമത്താൻ പാടുള്ളു എന്നു ചിലർ അഭിപ്രായപ്പെടുമ്പോൾ കൂടുതൽ സ്വത്തുള്ളവൎക്കു് കൂടുതൽ ഉയർന്നതോതിലുള്ള നികുതി ചുമത്തണമെന്നു് മററു ചിലർ അഭിപ്രായപ്പെടുന്നു. ആധുനിക ധനശാസ്ത്രജ്ഞന്മാരിൽ പലൎക്കും ഒടുവിൽ പറഞ്ഞ അഭിപ്രായമാണുള്ളതു്. ഓരോരുത്തനും തന്റെ വരവിന്റെ 5 ശതമാനം നികുതി കൊടുക്കണമെന്നാണു് വ്യവസ്ഥയെങ്കിൽ 100ക. വരവുള്ളവൻ 5ക. യും 10000ക. വരവുള്ളവൻ 500ക. യും കൊടുക്കണം. ഇതു പ്രത്യക്ഷത്തിൽത്തന്നെ, അസംബന്ധമാണെന്നു ചില ധനശാ

ശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാണിയ്ക്കുന്നു. എന്തെന്നാൽ 10,000ക. വരവുള്ളവന്നു് നികുതി കഴിച്ചു് 9500ക. ബാക്കിയുണ്ടാകുമ്പോൾ 100ക. ക്കാരന്നു് 95ക. യേയുണ്ടാവൂ. അതുകൊണ്ടു്, കഴിവനുസരിച്ചു നികുതിയടയ്ക്കുക എന്നതാണു് കൂടുതൽ നീതിപൂർവ്വകമായ വ്യവസ്ഥ.

നികുതിയടയ്ക്കുന്നതിൽ ഒരു ത്യാഗമടങ്ങിയിട്ടുണ്ടു്. നികുതിയുടെ ഭാരം എല്ലാ പൗരന്മാരും ഒരുപോലെ വഹിയ്ക്കണമെന്നാണു് ചില ധനശാസ്ത്രജ്ഞന്മാർ വാദിയ്ക്കുന്നതു്. പക്ഷേ, 100ക. വരവുള്ള ഒരാൾ 5ക. നികുതിയടയ്ക്കുമ്പോൾ വഹിയ്ക്കുന്ന ഭാരവും 10,000ക. വരവുള്ള ഒരാൾ 500ക കൊടുക്കുമ്പോൾ വഹിയ്ക്കുന്ന ഭാരവും തുല്യമല്ല. രണ്ടാമത്തെ ആളുടെ ഭാരം താരതമ്യേന ലഘുവാണു്. അതുകൊണ്ടാണു് ഓരോരുത്തന്റേയും കഴിവായിരിയ്ക്കണം, നികുതിയുടെ അടിസ്ഥാനം എന്നു സ്മിത്തു് അഭിപ്രായപ്പെടുന്നതു്. പ്രൊഫസ്സർ ഹോബ്സന്റെ അഭിപ്രായത്തിൽ ഓരോ വ്യക്തിയുടെ വരവിനത്തിലും രണ്ടു ഘടകങ്ങൾ അടങ്ങിയിട്ടുണ്ടു്: ചെലവിന്റെ ഘടകവും മിച്ചത്തിന്റെ ഘടകവും. ചെലവിന്റെ ഘടകത്തിന്മേൽ നികുതി ചുമത്തിയാൽ വരവുതന്നെ കുറയും. അതുകൊണ്ടു് മിച്ചത്തിന്മേൽ മാത്രമേ നികുതി ചുമത്താവൂ. ചെറിയ വരുമാനക്കാരെസ്സംബന്ധിച്ചേടത്തോളം ചെലവിന്റെ ഘടകമാണു് മുന്നിട്ടുനില്ക്കുന്നതു്. നേരെമറിച്ചു്, കൂടുതൽ വരുമാന

മുള്ളവരുടെ വരുമാനത്തിൽ മിച്ചമാണു് മുന്നിട്ടുനില്ക്കുക. അതുകൊണ്ടു് കൂടുതൽ വരവുള്ളവർ കൂടുതലുയർന്നതോതിലുള്ള നികുതിയടയ്ക്കണമെന്നു് ഹോബ്സൻ പറയുന്നു. പിഗ്രു, മാർഷൽ, കെയിൻസ് തുടങ്ങിയ ധനശാസ്ത്രജ്ഞന്മാരും ഈ അഭിപ്രായത്തോടു യോജിയ്ക്കുന്നവരാണു്. സ്വത്തിൻെറ വിതരണക്രമം ഭൂരിപക്ഷക്കാർക്കനുകൂലമാക്കി മാററാനുള്ള ഒരു പാധിയായിരിയ്ക്കണം ഗവൺമെണ്ടിൻെറ നികുതിനയം എന്നാണു് അവർ നിർദ്ദേശിയ്ക്കുന്നതു്.

അല്ലാതെ, നികുതിയുടെ ഉദ്ദേശ്യം ഗവൺമെണ്ടിൻെറ ചെലവിനങ്ങരംക്കുള്ള പണമുണ്ടാക്കുക എന്നതു മാത്രമല്ല. സാമ്പത്തികപ്രവർത്തനങ്ങളെ നിയന്ത്രിയ്ക്കാനും വിതരണത്തെ ക്രമീകരിയ്ക്കാനുമുള്ള ഒരുപകരണംകൂടിയാണതു്. പക്ഷേ, പ്രബലന്മാരും രാഷ്ട്രീയരംഗത്തിൽ സ്വാധീനംചെലുത്താൻ കഴിവുള്ളവരുമായ വൻകിട സ്വത്തുടമസ്ഥന്മാർക്കു് ഗവൺമെണ്ടിൻെറ മററ നയങ്ങളെ എന്നപോലെ നികുതിനയത്തേയും തങ്ങളുടെ സ്ഥാപിതതാല്പര്യങ്ങരംക്കനുകൂലമാക്കി മാററാൻ സാധിയ്ക്കും.

## 'ഡെഫിസിററ് ഫൈനാൻസിങ്ങ്'

നികുതികരം, ഫീസ്സുകരം, ചുങ്കങ്ങരം, റയിൽവേകളിൽനിന്നും സ്റ്റേററുടമയിലുള്ള വ്യവസായസ്ഥാപ

നങ്ങളിൽനിന്നും മററുമുള്ള ആദായങ്ങൾ മുതലായവ കൊണ്ടു മാത്രം ചെലവുകൾ നിവ്വഹിയ്ക്കാൻ കഴിയാതെവരുമ്പോൾ ഗവൎമ്മെണ്ടുകൾ സാധാരണമായി സൂക്ഷിപ്പുഫണ്ടുകളിൽനിന്നു പണമെടുക്കുകയോ കേന്ദ്ര ബാങ്കിൽനിന്നു കടമെടുക്കുകയോ ചെയ്യുന്നു. കേന്ദ്ര ബാങ്ക് ഗവൎമ്മെണ്ടിന്നുവേണ്ടി നോട്ടടിച്ച് പുതിയ പണം സൃഷ്ടിയ്ക്കുന്നു. ഇതിന്നാണ് "ഡെഫിസിററ് ഫൈനാൻസിങ്ങ്" അല്ലെങ്കിൽ കമ്മിപ്പണമടിച്ചുണ്ടാക്കൽ എന്നു പറയുന്നത്. ഡെഫിസിററ് ഫൈനാൻസിങ്ങ് എന്നാലെന്താണെന്ന് ഇന്ത്യയിലെ പ്ലാനിങ്ങ്കമ്മീഷൻ നിവ്വചിയ്ക്കുന്നതു നോക്കുക:

"ബഡ്ജററുകളിൽ — റവന്യൂകണക്കിലായാലും ശരി, മൂലധനക്കണക്കിലായാലും ശരി — കമ്മി വരുത്തിക്കൊണ്ട് ഒട്ടാകെയുള്ള ദേശീയച്ചെലവുകൾ നേരിട്ടു വൎദ്ധിപ്പിയ്ക്കുന്നതിനെയാണ് "ഡെഫിസിററ് ഫൈനാൻസിങ്ങ്" എന്ന പദപ്രയോഗം കുറിയ്ക്കുന്നത്. ഈ നയത്തിൻെറ മൎമ്മം കിടക്കുന്നത് നികുതികൾ, സ്റ്റേററ് സ്ഥാപനങ്ങളിൽനിന്നുള്ള സമ്പാദ്യങ്ങൾ, ഡിപ്പോസിററുകളും ഫണ്ടുകളും, പൊതുജനങ്ങളിൽനിന്നുള്ള കടമെടുപ്പുകൾ തുടങ്ങിയ മാൎഗ്ഗങ്ങളിലൂടെ ലഭിയ്ക്കുന്ന വരവിനങ്ങളേക്കാൾ കൂടുതൽ സംഖ്യ ഗവൎമ്മെണ്ട് ചെലവുചെയ്യുന്നു എന്നതിലാണ്. സൂക്ഷിപ്പുഫണ്ടുകളിൽനിന്നു പണമെടുത്തു ചെലവാക്കിക്കൊണ്ടോ ബാങ്കിൽനിന്ന് (പ്രധാനമായും കേന്ദ്രബാങ്കിൽനിന്ന്) കടം വാങ്ങുകയും

അങ്ങിനെ "പണം സൃഷ്ടിയ്ക്കുക"കയും ചെയ്തുകൊണ്ടാ ആണ് ഗവമ്മെണ്ട് കമ്മി നികത്തുന്നത്."

യുദ്ധകാലത്താണ് പ്രധാനമായും ഈ മാർഗ്ഗം അവലംബിയ്ക്കപ്പെടുന്നത്. 1939 സെപ്റ്റംബറിന്നും 1943 മാർച്ചിന്നുമിടയിൽ ഇന്ത്യാഗവമ്മെണ്ടിന്റെ കറൻസിനോട്ടുകൾ 80 ശതമാനം വർദ്ധിയ്ക്കുകയുണ്ടായി. സ്വാതന്ത്ര്യലബ്ധിയ്ക്കുശേഷം ദേശീയപുനർനിമ്മാണപ്രവത്തനങ്ങളുടെ ചെലവുകൾ നിർവ്വഹിയ്ക്കാനും ഈ മാർഗ്ഗം അവലംബിയ്ക്കപ്പെട്ടിട്ടുണ്ട്. രണ്ടാംപഞ്ചവത്സരപദ്ധതി പൂത്തിയാക്കണമെങ്കിൽ ഒട്ടാകെ 1200 കോടി ക. യുടെ "ഡെഫിസിററ് ഫൈനാൻസ്" വേണ്ടിവരുമെന്നു കണക്കാക്കപ്പെട്ടിരിയ്ക്കുന്നു.

രാജ്യത്തിലെ ഉല്പാദനം അതിവേഗം വർദ്ധിച്ചുകൊണ്ടിരിയ്ക്കുകയാണെങ്കിൽ നോട്ടടിച്ചു കമ്മിപ്പണമുണ്ടാക്കുന്നതുകൊണ്ട് വലിയ ആപത്തൊന്നുമുണ്ടാവില്ല. എന്നല്ല, പുതുതായി നിർമ്മിയ്ക്കപ്പെടുന്ന ചരക്കുകളുടെ കൈമാററത്തിന്ന് കൂടുതൽ പണം വേണ്ടിവരുന്നതുകൊണ്ട് അതു കറച്ചൊക്കെ ആവശ്യവുമായിരിയ്ക്കും. എന്നാൽ, ഉല്പാദനം വർദ്ധിയ്ക്കുന്ന തോതിനെ അപേക്ഷിച്ച് കൂടുതൽ പണമടിച്ചിറക്കുകയാണെങ്കിൽ ഇൻഫ്ളേഷനായിരിയ്ക്കും ഫലം. ഉല്പാദനവ്യവസ്ഥയുടെ സുഗമമായ പ്രവത്തനങ്ങൾക്കാവശ്യമായതിലധികം പണം പ്രചരിയ്ക്കാൻ തുടങ്ങിയാൽ ചരക്കുകളുടെ വില വർദ്ധിയ്ക്കും. ജനങ്ങളുടെ യഥാ

ത്ഥമായ ക്രയശക്തി കുറയും. തൊഴിലാളികൾ, ഇടത്തരക്കാർ തുടങ്ങിയ സാധാരണജനങ്ങളെയാണ് ഇതു കൂടുതൽ ബാധിയ്ക്കുക. അവരുടെ ക്രയശക്തിയുടെ ഒരു ഭാഗം ഗവർമ്മെണ്ടിൻെറ ഖജാനയിലേയ്ക്കു മാററപ്പെടുന്നു. വലിയ മുതലാളികൾക്കു നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ താരതമ്യേന കുറവായിരിയ്ക്കും. ആദായനികുതി കുറച്ചധികം കൊടുത്താലും ഇൻഫ്ളേഷൻെറ സഹായത്തോടുകൂടി അവക്ക് കൂടുതൽ ലാഭമുണ്ടാക്കാൻ സാധിയ്ക്കും. അതിനാൽ ഡെഫിസിററ് ഫൈനാൻസിങ്ങ് ദരിദ്രന്മാർക്കും ധനികന്മാർക്കുമിടയിലുള്ള വിടവു വർദ്ധിപ്പിയ്ക്കുന്നു. ഒരതിർത്തി കഴിഞ്ഞാൽ, വിലവർദ്ധനവ് നിയന്ത്രണാതീതമായിത്തീർന്നാൽ, ഉല്പാദനവ്യവസ്ഥയാകെ താറുമാറാകും. അതുകൊണ്ടാണ് ഡെഫിസിററ് ഫൈനാൻസിങ്ങ് വഴിയ്ക്ക് ക്രമത്തിലധികം പണമുണ്ടാക്കുന്നതു് സൂക്ഷിച്ചുവേണമെന്നു നിഷ്കർഷിയ്ക്കപ്പെടുന്നതു്.

### കടമെടുപ്പ്

കടമെടുപ്പാണ് മറെറാരു ധനാഗമമാർഗ്ഗം. ഗവർമ്മെണ്ടുകൾ വാങ്ങുന്ന കടത്തിന്നു് പൊതുകടം എന്നു പറയുന്നു. മിക്ക രാജ്യങ്ങളും ഈ മാർഗ്ഗം അവലംബിയ്ക്കാറുണ്ടു്. എന്നല്ല, അടുത്തകാലത്തായി മിക്ക രാജ്യങ്ങളുടേയും പൊതുകടങ്ങൾ വളരെയേറെ വർദ്ധിച്ചിട്ടുമുണ്ടു്. 27 പ്രധാന രാജ്യങ്ങളുടെ കടങ്ങൾ

1900-ത്തിൽ 608 കോടി പവനായിരുന്നതു് 1913-ൽ 857 കോടി പവനായും 1933-ൽ 2200 കോടി പവനായും വർദ്ധിച്ചുവെന്നു് ഫിൻലേ ഷിരാസ് കണക്കുകൂട്ടിപ്പറയുന്നു. യുദ്ധകാലത്തുണ്ടായ കടങ്ങളാണു് ഈ വർദ്ധനവിന്റെ പ്രധാന കാരണം. 1914–18 ലെ ഒന്നാംലോകമഹായുദ്ധത്തിന്നു് ഒട്ടാകെ വേണ്ടിവന്ന ചെലവു് 42,000 കോടി പവനാണത്രേ. രണ്ടാംലോകമഹായുദ്ധകാലത്തെ ചെലവു് ഇതിലുമെത്രയോ കൂടുതലാണു്.

ജനങ്ങളുടെ നികുതിഭാരത്തിൽ പൊടുന്നനവെ വമ്പിച്ച വർദ്ധനവുകളുണ്ടാക്കുക എളുപ്പമല്ല. പുതിയ ഭാരങ്ങൾ താങ്ങാൻ അവക്കു കഴിവുണ്ടായെന്നു വരില്ല. അവരുടെയിടയിൽനിന്നു് പലതരത്തിലുള്ള പ്രതിഷേധങ്ങളും പുറപ്പെടും. കടമെടുപ്പായാൽ ആ കുഴപ്പമില്ല. പിന്നീടതു മടക്കിക്കൊടുക്കണമെന്നതു ശരിതന്നെ. എങ്കിലും പെട്ടെന്നു് നികുതിഭാരം വർദ്ധിയ്ക്കുകയില്ല. പലപ്പോഴും കടംവീട്ടേണ്ട ഭാരം ഭാവിതലമുറകൾക്കായിരിയ്ക്കും. കടം വീടുന്നതുവരെ കൊല്ലംതോറും നിശ്ചിതമായ പലിശ കൊടുത്തുകൊണ്ടിരുന്നാൽ മതി. എന്നാൽ, വീണ്ടും വീണ്ടും കൂടുതൽ കൂടുതൽ കടമെടുക്കുകയാണെങ്കിൽ പലിശയുടെ തുകതന്നെ വർദ്ധിയ്ക്കാൻതുടങ്ങും. ഇതു് സാമ്പത്തികവ്യവസ്ഥയെ ബാധിച്ചുവെന്നുവരും. ഭാവിയിൽ ആദായമുണ്ടാവാനിടയുള്ള നിർമ്മാണപ്രവർത്തനങ്ങൾക്കുവേണ്ടിയാണു് കടമുപയോഗിയ്ക്കപ്പെടുന്നതെ

ങ്കിൽ വലിയ ആപത്തൊന്നുമുണ്ടാവില്ല. എന്തെന്നാൽ, കടമെടുപ്പിൻെറ ഫലമായി രാജ്യത്തിൻെറ സ്വത്തുക്കൾ വർദ്ധിയ്ക്കുകയാണ് ചെയ്യുന്നതു്. പണം കടംവാങ്ങി നിർമ്മിയ്ക്കുന്ന വ്യവസായസ്ഥാപനങ്ങളിൽനിന്നുണ്ടാകുന്ന ആദായത്തിൻെറ നിരക്ക് പലിശനിരക്കിനേക്കാൾ കൂടുതലാണെങ്കിൽ കടമെടുപ്പു നഷ്ടമല്ല, ലാഭമാണ്. അതൊരൊഴിച്ചുകൂടാൻവയ്യാത്ത ആവശ്യമായി കണക്കാക്കാം. നേരെമറിച്ച്, ഉല്പാദനപരമായ കാര്യങ്ങൾക്കുവേണ്ടിയല്ല, യുദ്ധം തുടങ്ങിയ നശീകരണ സംരംഭങ്ങൾക്കുവേണ്ടിയാണ് കടമെടുക്കുന്നതെങ്കിൽ അതുകൊണ്ടു് ആദായമൊന്നുമുണ്ടാവുകയില്ല. അത്തരം കടമെടുപ്പുകൾ ഭൂരിപക്ഷക്കാരായ സാധാരണജനങ്ങളുടെ യഥാർത്ഥമായ നികുതിഭാരത്തെ വർദ്ധിപ്പിയ്ക്കുമെന്നു മാത്രമല്ല, രാജ്യത്തിൻെറ പൊതുധനസ്ഥിതിയെ അപകടത്തിലാക്കുകയും ചെയ്യും. അതുകൊണ്ടാണ് രാജ്യത്തിൻെറ പൊതുകടം വർദ്ധിപ്പിയ്ക്കുന്നതു് സൂക്ഷിച്ചുവേണമെന്നു നിഷ്കർഷിയ്ക്കപ്പെടുന്നതു്.

പൊതുധനകാര്യത്തിൽ കേന്ദ്രഗവർമ്മെണ്ടിൻെറ വരവുചെലവുകൾ മാത്രമല്ല, സംസ്ഥാനഗവർമ്മെണ്ടുകൾ, സ്വയംഭരണസ്ഥാപനങ്ങൾ മുതലായവയുടെ വരവുചെലവുകളും ഉൾപ്പെടുന്നു. പ്രാദേശികഗവർമ്മെണ്ടുകൾക്കും സ്വയംഭരണസ്ഥാപനങ്ങൾക്കും കൂടുതൽ കൂടുതൽ ഉത്തരവാദിത്വങ്ങളും ആ ഉത്തരവാദിത്വങ്ങൾ നിറവേററാനാവശ്യമായ വരവിനങ്ങളും

അനുവദിച്ചുകൊടുത്താൽ രാജ്യത്തിന്റെ അഭിവൃദ്ധിയിൽ ജനങ്ങൾക്കുള്ള അഭിരുചിയും പ്രവൎത്തനക്ഷമതയും വൎദ്ധിയ്ക്കുന്നതാണു്. അതുകൊണ്ടാണു് ഭരണാധികാരവും പൊതുധനകാൎയ്യവും രാജ്യത്തിന്റെ പൊതുവിലുള്ള വരവുചെലവുകളും കൂടുതൽ കൂടുതൽ വികേന്ദ്രീകരിയ്ക്കണമെന്ന ആവശ്യം ഉയൎന്നുവന്നിട്ടുള്ളതു്.

## പതിനഞ്ചാമദ്ധ്യായം

Economic Plan.

Monetary policy

# സാമ്പത്തികാസൂത്രണം

പത്തൊമ്പതാം നൂററാണ്ടിലെ വ്യവസായമുതലാളിത്തത്തിന്റെ സാമ്പത്തികവ്യവസ്ഥയിൽ വ്യക്തിസ്വാതന്ത്ര്യം, കമ്പോളമത്സരം, സ്വകാര്യസ്വത്ത്, സ്വതന്ത്രവ്യാപാരം, വ്യക്തിപരമായ ലാഭേച്ഛ മുതലായവയ്ക്കാണ് പ്രാധാന്യം നല്കപ്പെട്ടിരുന്നത്. കേന്ദ്രീകൃതമായ ഭരണകൂടം സാമ്പത്തികവ്യവസ്ഥയിൽ യാതൊരു നിയന്ത്രണവും ചെലുത്താൻ പാടില്ലെന്നായിരുന്നു മിക്ക ധനശാസ്ത്രജ്ഞന്മാരുടേയും വാദം. എന്നാൽ, പത്തൊമ്പതാം നൂററാണ്ടിന്റെ അവസാനത്തോടുകൂടി കുത്തകമുതലാളിത്തവും സ്റ്റേററുടമയിലുള്ള വ്യവസായസ്ഥാപനങ്ങളും പ്രാബല്യത്തിലേയ്ക്കുയരാൻ തുടങ്ങി. ഭരണകൂടം സാമ്പത്തികവ്യവസ്ഥയുടെ പ്രവൎത്തനങ്ങളിൽ മുമ്പൊരിയ്ക്കലുമുണ്ടായിട്ടില്ലാത്തവിധം പങ്കെടുക്കാൻ തുടങ്ങിയത് ഈ ഘട്ടത്തിലാണ്.

1917-ലെ റഷ്യൻ വിപ്ലവം വിജയിച്ചതിന്നു ശേഷം സോവിയറ്റുയൂനിയൻ കാർഷികവും വ്യാവസായികവും സാമൂഹ്യവുമായ പുരോഗതിയ്ക്കുവേണ്ടി കേന്ദ്രീകൃതവും വിപുലവുമായ ഒരു സാമ്പത്തിക പദ്ധതിയാവിഷ്കരിച്ചപ്പോൾ പല ധനശാസ്ത്രജ്ഞന്മാരും അതിന്റെ വിജയത്തിൽ സംശയം പ്രകടിപ്പിയ്ക്കുകയുണ്ടായി ഉദാഹരണത്തിന്നു്, കമ്പോളമത്സരം കൂടാതെ യാതൊരു സാമ്പത്തികവ്യവസ്ഥയ്ക്കും നിലനില്ക്കാൻ കഴിയില്ലെന്നു് ലുഡ്‌വിഗ് വോൺ മിസെസ് എന്ന ധനശാസ്ത്രജ്ഞൻ ഉറപ്പിച്ചുപറഞ്ഞു. പക്ഷെ, ഒന്നാം സോവിയറ്റ് പഞ്ചവത്സരപദ്ധതിയുടെ വിജയത്തിന്റേയും 1929–33 ലെ ലോകസാമ്പത്തികക്കുഴപ്പത്തിന്റേയും പ്രത്യാഘാതങ്ങൾ സാമ്പത്തികാസൂത്രണങ്ങളെ ന്യായീകരിയ്ക്കുന്ന ആശയങ്ങൾക്കു് വലിയ പ്രചോദനം നല്കി. ഇന്നു് മിക്ക രാജ്യങ്ങളും സാമ്പത്തികാസൂത്രണത്തിൽ വിശ്വസിയ്ക്കുന്നവയാണു്.

## സാമ്പത്തികാസൂത്രണം എന്നാൽ എന്തു്?

ഒരു രാജ്യത്തിലൊട്ടാകെയുള്ള ഭൗതിക വിഭവങ്ങളുടേയും മൂലധനത്തിന്റേയും മനുഷ്യാദ്ധ്വാനത്തിന്റേയും കഴിവുകളെ കണക്കിലെടുത്തുകൊണ്ടു്, ജനങ്ങളുടെ വിവിധങ്ങളായ ആവശ്യങ്ങളെ തൃപ്തിപ്പെട

ത്താൻ കഴിയത്തക്കവണ്ണം, നിശ്ചിതമായ ഒരു കാലാവധിയ്ക്കുള്ളിൽ, നിശ്ചിതമായ ഒരു തോതിൽ, ഉല്പാദനത്തെ വർദ്ധിപ്പിയ്ക്കാനും വിതരണത്തെ ക്രമീകരിയ്ക്കാനും വേണ്ടി നടത്തുന്ന പരിശ്രമങ്ങൾക്കാണ് പ്ലാനിങ്ങ് അല്ലെങ്കിൽ സാമ്പത്തികാസൂത്രണം എന്നു പറയുന്നത്. നിലവിലുള്ള ഭൗതികവിഭവങ്ങളുടേയും മൂലധനനിക്ഷേപങ്ങളുടേയും സാങ്കേതികവിദഗ്ദ്ധന്മാരുൾപ്പെടെയുള്ള തൊഴിലാളികളുടേയും സ്ഥിതി പരിശോധിച്ചുകൊണ്ടു മാത്രമേ അവയെ ഒരു നിശ്ചിത കാലാവധിയ്ക്കുള്ളിൽ എത്രകണ്ടു വർദ്ധിപ്പിയ്ക്കാൻ സാധിയ്ക്കുമെന്നു കണക്കാക്കാൻ കഴിയൂ. രാജ്യത്തിലാകെ എത്ര അസംസ്കൃതസാമഗ്രികളുണ്ട്, എത്ര തൊഴിലാളികളുണ്ട്, എത്ര എൻജിനീയർമാരുണ്ട്, ഏതെല്ലാംതരത്തിലുള്ള എത്ര യന്ത്രങ്ങളുണ്ട്, ഉള്ള യന്ത്രങ്ങളുടെ ഉല്പാദനക്ഷമതയെന്താണ്, ഉല്പാദനത്തിലിറക്കാൻ എത്ര പണമുണ്ടാക്കാൻ കഴിയും — ഇത്തരം പ്രശ്നങ്ങളെപ്പററിയുള്ള വ്യക്തമായ സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ അടുത്ത അഞ്ചു കൊല്ലങ്ങൾക്കുള്ളിൽ, അല്ലെങ്കിൽ ഒരു കൊല്ലത്തിനുള്ളിൽ, ഏതെല്ലാം സാമഗ്രികൾ എത്രയുണ്ടാക്കണമെന്നു തീരുമാനിയ്ക്കേണ്ടതുണ്ട്. സാമ്പത്തികാസൂത്രണത്തിന്ന് ഒഴിച്ചുകൂടാൻവയ്യാത്ത ഒരു കാര്യമാണിത്. പക്ഷേ, ഇത് സാമ്പത്തികാസൂത്രണത്തിന്റെ ഒരുപാധിമാത്രമാണ്, സാമ്പത്തികാസൂത്രണമല്ല. ഇപ്പോളെത്രയുണ്ടെന്നും ഇനിയെത്രയുണ്ടാക്കണമെന്നുമുള്ള സ്ഥിതിവിവരക്കണക്കുകൾക്കല്ല സാമ്പത്തികാസൂത്ര

ണമെന്നു പറയുന്നതു്. സാമ്പത്തികാസൂത്രണമെന്നു വെച്ചാൽ സ്റ്റേററിന്റെ നേതൃത്വത്തിൽ, കേന്ദ്രീകൃതമായ ഒരധികാരശക്തിയുടെ നിയന്ത്രണത്തിൽ, ഉല്പാദനഘടകങ്ങളെ ബോധപൂർവ്വം ഉപയോഗിച്ചുകൊണ്ടു് സാമ്പത്തികവ്യവസ്ഥയിലെ വിവിധരംഗങ്ങളുടെ ക്രമീകൃതവും ആനുപാതികവുമായ അഭിവൃദ്ധി കൈവരുത്തുക എന്നർത്ഥമാണു്. ഉല്പാദനവ്യവസ്ഥയിലെ വിവിധഘടകങ്ങൾ തമ്മിൽ നിശ്ചിതമായ ബന്ധങ്ങളുണ്ടായിരിയ്ക്കണം. ആ ബന്ധങ്ങളുടെ അടിസ്ഥാനത്തിൽ രാജ്യത്തിലെ വിഭവങ്ങളെ ഏററവും ഉപയോഗകരമായവിധത്തിൽ വളർത്തിക്കൊണ്ടുവരികയെന്നതാണു് സാമ്പത്തികാസൂത്രണത്തിന്റെ ഉദ്ദേശ്യം.

ഒരുദാഹരണംകൊണ്ടു് ഇതു വ്യക്തമാക്കാം: തുണിയുടെ ഉല്പാദനം ഒരു നിശ്ചിതാതിർത്തിവരെ വർദ്ധിപ്പിയ്ക്കാൻ പരിപാടിയിട്ടുവെന്നിരിയ്ക്കട്ടെ. ഈ പരിപാടി വിജയിയ്ക്കണമെങ്കിൽ ചില മൗലികോപാധികളെ അംഗീകരിയ്ക്കേണ്ടതുണ്ടു്. എത്ര തുണി വേണം, ആ തുണിയുണ്ടാക്കാൻ എത്ര നൂൽ വേണം, ആ നൂലിന്നു് എത്ര പരുത്തി വേണം, പരുത്തി നൂലാക്കാനും നൂൽ തുണിയാക്കാനും എന്തെല്ലാം യന്ത്രങ്ങൾ വേണം, ആ യന്ത്രങ്ങളുണ്ടാക്കാൻ എത്ര യന്ത്രനിർമ്മാണവ്യവസായങ്ങൾ വേണം, അവയുടെ നിർമ്മാണത്തിന്നു് ഇരിമ്പു്, ഉരുക്കു് മുതലായ സാമഗ്രികൾ എത്ര വേണം, ഈ ഓരോ വിഭാഗ

ത്തിലും എത്ര ആളുകൾവീതം പ്രവർത്തിയ്ക്കണം — ഇതെല്ലാം നിശ്ചിതമായ തോതുകളനുസരിച്ച് പരസ്പരം ബന്ധപ്പെട്ടിരിയ്ക്കുന്നുവെന്നു കാണാം. നൂലുണ്ടാക്കാൻ ആവശ്യമായതിലുമധികം പരുത്തിയുണ്ടായാൽ പരുത്തി ഉപയോഗമില്ലാതെ കെട്ടിക്കിടക്കും. പരുത്തി പോരാതെവന്നാലോ, വേണ്ടത്ര നൂലുണ്ടാക്കാൻ സാധിയ്ക്കില്ല. നൂലിന്റെ ദൌർല്ലഭ്യം തുണിയുടെ ഉല്പാദനത്തേയും ബാധിയ്ക്കും. യന്ത്രത്തിന്റെ ഉല്പാദനക്ഷമതയ്ക്കനുസരിച്ചുള്ള അസംസ്കൃതസാമഗ്രികൾ കിട്ടിയില്ലെങ്കിൽ യന്ത്രങ്ങൾ വെറുതെകിടക്കും. അസംസ്കൃതസാമഗ്രികൾ കൂടുതലായാലോ, അവ മുഴുവനും ഉപയോഗിയ്ക്കുവാൻ യന്ത്രങ്ങൾക്കു സാധിയ്ക്കുകയുമില്ല. തുണിയുല്പാദിപ്പിച്ചുകഴിഞ്ഞാലും പ്രശ്നമവസാനിയ്ക്കില്ല. ഉല്പാദിപ്പിയ്ക്കപ്പെട്ട തുണി മുഴുവനും വാങ്ങിയുടുക്കാൻ ആളുകളുണ്ടാവണം. ജനങ്ങൾക്കു വാങ്ങാനുള്ള കഴിവില്ലെങ്കിൽ തുണി വിററഴിയാതെ കെട്ടിക്കിടക്കും. അതുകൊണ്ടു്, ഉല്പാദനം വർദ്ധിയ്ക്കുന്ന തോതനുസരിച്ചുതന്നെ ജനങ്ങളുടെ ക്രയശക്തിയും വർദ്ധിയ്ക്കണം. മറിച്ചു്, ക്രയശക്തി വർദ്ധിയ്ക്കുന്ന തോതനുസരിച്ച് ഉല്പാദനം വർദ്ധിയ്ക്കുന്നില്ലെങ്കിൽ ആവശ്യങ്ങൾ നിറവേററാനൊട്ടു സാധിയ്ക്കുകയുമില്ല. ഇതുതന്നെയാണ് ഉല്പാദനവ്യവസ്ഥയിലെ മറെറല്ലാ രംഗങ്ങളുടേയും സ്ഥിതി

## ആനുപാതികവും ക്രമീകൃതവുമായ വളർച്ച

ഉപഭോഗസാമഗ്രികൾ നിർമ്മിയ്ക്കുന്ന വ്യവസായസ്ഥാപനങ്ങൾ അഭിവൃദ്ധിപ്പെട്ടാൽ മാത്രമേ ജനങ്ങൾക്ക് തങ്ങളുടെ ആവശ്യങ്ങൾ നിറവേററാൻ കഴിയു. പക്ഷെ, ഉപഭോഗസാമഗ്രികൾ നിർമ്മിയ്ക്കുന്ന വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടണമെങ്കിൽ അവയ്ക്കാവശ്യമായ യന്ത്രങ്ങളും മററുല്പാദനോപകരണങ്ങളും നിർമ്മിയ്ക്കുന്ന അടിസ്ഥാനവ്യവസായങ്ങളെ വളത്തിക്കൊണ്ടുവരേണ്ടതുണ്ട്. അടിസ്ഥാനവ്യവസായങ്ങളാണ് വ്യവസായവല്ക്കരണത്തിന്റെ അടിത്തറ. നമ്മുടെ രാജ്യത്തിൽ അടുത്തകാലംവരെയും അടിസ്ഥാനവ്യവസായങ്ങൾ അവഗണിയ്ക്കപ്പെട്ടുകയാണുണ്ടായത്. ഇന്നും നമ്മുടെ വ്യവസായങ്ങൾക്കാവശ്യമായ മിക്ക യന്ത്രോപകരണങ്ങളും വിദേശങ്ങളിൽ നിന്ന് ഇറക്കുമതിചെയ്യപ്പെടുകയാണ് ചെയ്യുന്നത്. രാജ്യരക്ഷയ്ക്കാവശ്യമായ ആയുധസാമഗ്രികൾക്കപോലും നമുക്ക് വിദേശങ്ങളെ ആശ്രയിയ്ക്കേണ്ടിവരുന്നു. മററുള്ളവരെ ആശ്രയിയ്ക്കാതെതന്നെ ഈ സാമഗ്രികളെല്ലാം ഇന്ത്യയിൽത്തന്നെ കിട്ടാറാവണമെങ്കിൽ അടിസ്ഥാനപരമായ വൻകിടവ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തിയേ മതിയാവു.

എന്നാൽ, ഇവിടേയും ആനുപാതികമായ ക്രമീകൃതവളർച്ചയെന്ന സാമ്പത്തികനിയമത്തിന്റെ സഹായമാവശ്യമാണു്. അനേകം കോടി ഉറപ്പിക ചെലവിട്ടു് ഉരുക്കു്, ഇരിമ്പു് മുതലായ സാമഗ്രികളുണ്ടാക്കുന്ന വൻകിട വ്യവസായസ്ഥാപനങ്ങൾ കെട്ടിപ്പടുത്താൽ മാത്രം പോരാ; ആ ഉരുക്കും ഇരിമ്പും മററുമുപയോഗിച്ചു് യന്ത്രങ്ങളുണ്ടാക്കാൻ കഴിയണം. ഏതെല്ലാംതരത്തിലുള്ള യന്ത്രങ്ങളുണ്ടാക്കണമെന്നതിനെസ്സംബന്ധിച്ചും അവ എത്രയാണുണ്ടാക്കേണ്ടതു് എന്നതിനെസ്സംബന്ധിച്ചും വ്യക്തവും നിശ്ചിതവുമായ പരിപാടികളുണ്ടായിരിയ്ക്കണം. മറെറാരുവിധം പറഞ്ഞാൽ, യന്ത്രങ്ങളും മററുമുണ്ടാക്കുന്ന വൻകിട വ്യവസായസ്ഥാപനങ്ങളും തുണി, ചായ, പഞ്ചസാര, കടലാസ്സു് തുടങ്ങിയ ഉപഭോഗസാമഗ്രികളുണ്ടാക്കുന്ന വ്യവസായശാലകളും തമ്മിൽ പൊരുത്തമുണ്ടായിരിയ്ക്കണം. രാജ്യത്തിന്റെ ഒട്ടാകെയുള്ള കഴിവുകളെ കണക്കിലെടുത്തുകൊണ്ടു് ഉല്പാദനശക്തികളുടെ എത്ര ശതമാനം വൻകിടവ്യവസായങ്ങൾക്കുവേണ്ടി നീക്കിവെയ്ക്കണമെന്നും ഉപഭോഗസാമഗ്രികളുടെ ഉല്പാദനത്തിന്നു നീക്കിവെയ്ക്കേണ്ടതെത്രയാണെന്നും മുൻകൂട്ടി തീരുമാനിയ്ക്കണം. അതോടൊപ്പംതന്നെ സ്കൂളുകൾ, ആസ്പത്രികൾ, എൻജിനിയറിങ്ങു് കോളേജുകൾ മുതലായവ എത്രത്തോളം വർദ്ധിപ്പിയ്ക്കണമെന്നതിനെസ്സംബന്ധിച്ചും വ്യക്തമായ പരിപാടിയുണ്ടായിരിയ്ക്കണം. ഇങ്ങിനെ ഉല്പാദനവ്യവസ്ഥയുടെ വിവിധരംഗങ്ങൾ തമ്മിലുള്ള നിശ്ചിതവും ക്രമീകൃത

വുമായ അനുപാതങ്ങളെ നിലനിത്തിക്കൊണ്ടു് ബോധപൂർവ്വം ഉല്പാദനം വർദ്ധിപ്പിയ്ക്കാൻ തയ്യാറാക്കുന്ന പരിപാടിയ്ക്കാണു് സാമ്പത്തികാസൂത്രണമെന്നു പറയുന്നതു്. വ്യവസായവും കൃഷിയും തമ്മിൽ, വിവിധങ്ങളായ വ്യവസായശാഖകൾ തമ്മിൽ, അദ്ധ്വാനിയ്ക്കാൻ കഴിവുള്ള ജനങ്ങളും ഭൗതികവിഭവങ്ങളും തമ്മിൽ, വൻകിടവ്യവസായങ്ങളും ചെറുകിടവ്യവസായങ്ങളും തമ്മിൽ, ഉല്പാദനവും ഉപഭോഗവും തമ്മിൽ — ചുരുക്കിപ്പറഞ്ഞാൽ, ഉല്പാദനത്തിന്റെ വ്യത്യസ്തമേഖലകൾ തമ്മിൽ നിശ്ചിതവും ക്രമീകൃതവുമായ ബന്ധങ്ങൾ നിലനിർത്തുക എന്നതു് സാമ്പത്തികാസൂത്രണത്തിന്റെ ഒഴിച്ചുകൂടാൻവയ്യാത്ത ഒരുപാധിയാണു്. എല്ലാ ഉല്പാദനശാഖകളും ഒരേ നേതൃത്വത്തിൽ പ്രവത്തിച്ചാൽ മാത്രമേ ഇതു സാദ്ധ്യമാവുകയുള്ളു. എന്നാൽ, രാജ്യത്തിലെ വിവിധങ്ങളും വ്യത്യസ്തങ്ങളുമായ എല്ലാ ഉല്പാദനശാഖകളേയും കേന്ദ്രീകൃതമായ ഒരധികാരശക്തിയുടെ കീഴിൽ, കേന്ദ്രീകൃതമായ ഒരു പ്ലാനനുസരിച്ചു്, വളത്തിക്കൊണ്ടുവരിക എന്നതിന്റെ അത്ഥം ഓരോ വ്യക്തിയ്ക്കും — അല്ലെങ്കിൽ ഓരോ ഉല്പാദനശാഖയ്ക്കും — ഇഷ്ടംപോലെ എന്തു് എത്രവേണമെങ്കിലും ഉല്പാദിപ്പിയ്ക്കാനുള്ള സ്വാതന്ത്ര്യമില്ലാതാവുകയെന്നാണു്; ഓരോ ഫാക്ടറിയും ഓരോ വ്യവസായവും നിശ്ചിതമായ പ്ലാനനുസരിച്ചു് ഒട്ടാകെയാവശ്യമായ ഉല്പന്നങ്ങളുടെ ഒരു നിശ്ചിതമായ ഭാഗം മാത്രം ഉല്പാദിപ്പിയ്ക്കുക എന്നാണു്; ഓരോ ഉല്പാദനശാഖയും സാർവ്വത്രി

കവും കേന്ദ്രീകൃതവുമായ ഉല്പാദനവ്യവസ്ഥയുടെ ഒരു ഭാഗമെന്നനിലയ്ക്കു മാത്രമേ ഉല്പാദനം നടത്തുകയുള്ളു എന്നാണ്.

എന്നാൽ, ബ്രിട്ടൻ, അമേരിക്ക തുടങ്ങിയ വൻകിട മുതലാളിത്തരാജ്യങ്ങളിലും ഇന്ത്യയെപ്പോലുള്ള പിന്നണിരാജ്യങ്ങളിലും ഇത്തരം പൂർണ്ണമായ കേന്ദ്രീകരണമല്ല ഉള്ളതു്. ചില പ്രധാനപ്പെട്ട വ്യവസായസ്ഥാപനങ്ങൾ മാത്രമാണ് സ്റ്റേററുടമയിൽ പ്രവത്തിയ്ക്കുന്നതു്. ബാക്കിയെല്ലാം സ്വകാര്യമേഖലയിലാണ്. ഉല്പാദനോപകരണങ്ങളുടെ ഗണ്യമായ ഭാഗം വ്യക്തികളുടെ സ്വകാര്യസ്വത്താണ്. ലാഭമാണ് ഉൽപ്പാദനത്തിന്റെ പ്രചോദനം. ലാഭത്തോതാണ് മൂലധനനിക്ഷേപത്തെ നിർണ്ണയിയ്ക്കുന്നതു്. ഈ സാഹചര്യത്തിൽ കേന്ദ്രീകൃതമായ സാമ്പത്തികാസൂത്രണത്തിന്നു പല പ്രായോഗിക വിഷമതകളേയും അഭിമുഖീകരിയ്ക്കേണ്ടിവരുന്നു.

അടിസ്ഥാനവ്യവസായങ്ങളെല്ലാം സ്റ്റേററുടമയിലും സ്റ്റേററിന്റെ നിയന്ത്രണത്തിലുമാക്കുക എന്നതാണ് ഇന്ത്യയുടെ പ്രഖ്യാപിതനയം. പക്ഷേ, ഈ നയം ഇനിയും പൂർണ്ണമായി നടപ്പിൽവന്നിട്ടില്ല. മുഖ്യമായ ചില അടിസ്ഥാനഘനവ്യവസായങ്ങൾ ഇപ്പോഴും സ്വകാര്യസ്ഥാപനങ്ങളാണ്. ഈ സ്വകാര്യസ്ഥാപനങ്ങൾക്ക് രാജ്യത്തിന്റെ പൊതുസാമ്പത്തികജീവിതത്തിൽ വമ്പിച്ച സ്വാധീനംചെലുത്താനുള്ള

കഴിവുണ്ടു്. ഈ യാഥാർത്ഥ്യം കണക്കിലെടുത്തുകൊണ്ടുള്ള സാമ്പത്തികാസൂത്രണമാണു് ഇന്ത്യയിലാവിഷ്കരിയ്ക്കപ്പെട്ടിട്ടുള്ളതു്.

പ്ലാനിങ്ങിന്റെ ഉദ്ദേശ്യം രാജ്യത്തിന്റെ സമഗ്രവും സർവ്വതോമുഖവുമായ പുരോഗതിയാണു്; ജനങ്ങളുടെയാകെ നന്മയാണു്. ഈ ഉദ്ദേശ്യം സാധിയ്ക്കണമെങ്കിൽ നിലവിലുള്ള ഭൗതികവിഭവങ്ങളേയും ഉല്പാദനക്കഴിവുകളേയും ഏററവും ഫലപ്രദമായവിധത്തിൽ ഉപയോഗിയ്ക്കാൻ കഴിയണം; നിർമ്മാണപ്രവർത്തനങ്ങളിൽ എല്ലാ ജനങ്ങൾക്കും പങ്കെടുക്കാൻ സൗകര്യം ലഭിയ്ക്കണം; ഭൗതികാഭിവൃദ്ധിയോടൊപ്പംതന്നെ സാംസ്കാരികവും വിദ്യാഭ്യാസപരവുമായ പുരോഗതികൂടി കൈവരുത്താനുള്ള പരിപാടിയുണ്ടാവണം. പ്ലാനിങ്ങ്കമ്മീഷന്റെ വാക്കുകളിൽ പറഞ്ഞാൽ, "ജനങ്ങളുടെ ജീവിതനിലവാരത്തെ ഗണ്യമായ തോതിൽ ഉയർത്താനും സ്ത്രീകളും പുരുഷന്മാരുമുൾപ്പെടെയുള്ള എല്ലാ പൗരന്മാരുടേയും വളർച്ചയ്ക്കും സേവനങ്ങൾക്കുമുള്ള പൂർണ്ണവും തുല്യവുമായ സൗകര്യങ്ങൾ നല്കാനും ആവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിയ്ക്കുക എന്നതാണു് സാമ്പത്തികാസൂത്രണത്തിന്റെ കേന്ദ്രലക്ഷ്യം. നമുക്കു് ഉയർന്ന നിലവാരത്തിലുള്ള ഒരുൽപ്പാദനവ്യവസ്ഥ കെട്ടിപ്പടുത്താൽ മാത്രം പോരാ............അതേസമയത്തുതന്നെ ആരോഗ്യം, ശുചീകരണം, വിദ്യാഭ്യാസം എന്നിവയെ അഭിവൃദ്ധിപ്പെടുത്തുകയും സജീവമായ സാംസ്കാ

രികപുരോഗതിയ്ക്കുവേണ്ട സാഹചര്യങ്ങൾ സൃഷ്ടിയ്ക്കുകയും ചെയ്യേണ്ടതുണ്ടു്. ഈ വിവിധരംഗങ്ങളെയെല്ലാം തമ്മിൽത്തമ്മിൽ ബന്ധപ്പെടുത്തിക്കൊണ്ടുള്ള വികാസമെന്നതായിരിയ്ക്കണം സാമ്പത്തികാസൂത്രണത്തിന്റെ അത്ഥം."

ഇന്ത്യ ഒരു പിന്നണിരാജ്യമാണു്. എന്തുകൊണ്ടെന്നുവെച്ചാൽ, ആധുനികോൽപ്പാദനവ്യവസ്ഥയ്ക്കു യോജിച്ച വ്യവസായങ്ങൾ, പ്രത്യേകിച്ചും വൻകിടയന്ത്രവ്യവസായങ്ങൾ, താരതമ്യേന വളരെ വിരളമാണു്. അടിസ്ഥാനവ്യവസായങ്ങൾ കുറവായതുകൊണ്ടു് യന്ത്രസാമഗ്രികൾക്കും വിദഗ്ദ്ധപ്രയത്നത്തിന്നും മറുനാടുകളെ ആശ്രയിയ്ക്കേണ്ടിവരുന്നു. ഭൂരിപക്ഷം ജനങ്ങളും കൃഷിയെ ആശ്രയിച്ചാണു് ജീവിയ്ക്കുന്നതു്. കൃഷിയാണു് ഏററവും പ്രധാനമായ ഉൽപ്പാദനവ്യവസ്ഥ. പക്ഷേ, കൃഷിതന്നെയും ആധുനികരീതിയിലുള്ളതല്ല. കാലഹരണംവന്ന ഫ്യൂഡൽവ്യവസ്ഥ നിലനില്ക്കുന്നതുകൊണ്ടും പരിഷ്കരിച്ച യന്ത്രങ്ങളും വളങ്ങളും മററും ഉപയോഗിയ്ക്കാൻ കഴിയാത്തതുകൊണ്ടും കാർഷികോല്പാദനം കുറഞ്ഞുകുറഞ്ഞുവരുന്നു. അതുകൊണ്ടു് ഭക്ഷണത്തിന്റെ കാര്യത്തിൽപ്പോലും ഇന്ത്യ സ്വയംപര്യാപ്തമല്ല. മററു പല പരിഷ്കൃതരാജ്യങ്ങളേയുമപേക്ഷിച്ച് ഇന്ത്യയിലെ ഓരോ പൗരന്റേയും ശരാശരി വരുമാനം വളരെ കുറവാണു്. ദേശീയവരുമാനം കുറവായതുകൊണ്ടു് മൂലധനരൂപീകരണത്തിന്റെ തോതും കുറവാണു്. ഉൽപ്പാദനവ്യവസ്ഥ പരിഷ്കരിയ്ക്കാത്തതു

കൊണ്ടും വേണ്ടത്ര തൊഴിൽസാഹചര്യങ്ങളില്ലാത്തതു കൊണ്ടും ജനങ്ങൾക്കിടയിൽ തൊഴിലില്ലായ്മയും പട്ടിണിയും നിലനില്ക്കുന്നു. ജനങ്ങളുടെ ജീവിതത്തോതിടിയുകയും ക്രയശക്തി ചുരുങ്ങുകയും ചെയ്യുന്നു.

ഫ്യൂഡൽ ചൂഷണമവസാനിപ്പിയ്ക്കാനുതകുന്ന കാർഷികപരിഷ്കാരം, ഇരിമ്പ്, ഉരുക്ക് തുടങ്ങിയ അടിസ്ഥാനവ്യവസായങ്ങൾക്ക് മുൻഗണന നല്കി ക്കൊണ്ടുള്ള വ്യവസായവല്കരണം, ഭൂരിപക്ഷക്കാരായ ജനങ്ങളുടെ ജീവിതത്തോതും ക്രയശക്തിയും വർദ്ധിപ്പിയ്ക്കാനുതകുന്ന വിതരണസമ്പ്രദായവും നികുതിനയവും എന്നിങ്ങിനെയുള്ള മാർഗ്ഗങ്ങളിലൂടെ സാമ്പത്തികമായ പിന്നോക്കനിലയവസാനിപ്പിച്ചുകൊണ്ട് ഇന്ത്യയെ മുന്നണിയിലുള്ള ഒരു വ്യാവസായികരാജ്യമാക്കി ഉയർത്തുക എന്നതാണ് പ്ലാനിങ്ങിന്റെ ഉദ്ദേശ്യം.

## ഇന്ത്യയിലെ പ്ലാനിങ്ങിന്റെ ചരിത്രം

ബ്രിട്ടീഷുകാരുടെ ഭരണകാലത്തുതന്നെ, പ്രത്യേകിച്ചും, 1929–33 ലെ സാമ്പത്തികക്കുഴപ്പത്തിന്നും സോവിയററ് പഞ്ചവത്സരപദ്ധതിയുടെ വിജയത്തിന്നും ശേഷം, വ്യവസായവല്കരണത്തെപ്പററിയും പ്ലാനിങ്ങിനെപ്പററിയുമുള്ള ആശയങ്ങൾ ഇന്ത്യയിൽ

പ്രചരിയ്ക്കാൻ തുടങ്ങിയിരുന്നു. മൈസൂരിലെ ഒരു മുൻ ദിവാനും സുപ്രസിദ്ധ സാമ്പത്തികവിദഗ്ദ്ധനുമായ ഡോക്ടർ എം. വിശ്വേശ്വരയ്യയാണ് അതിന്നു നേതൃത്വം നല്കിയതു്. വ്യവസായവല്ക്കരണത്തിലൂടെ ഇന്ത്യയുടെ ഉൽപ്പാദനം വർദ്ധിപ്പിയ്ക്കാനുള്ള ധീരമായ നിർദ്ദേശങ്ങളടങ്ങുന്ന അദ്ദേഹത്തിന്റെ "ഇന്ത്യയ്ക്കൊരു സാമ്പത്തികപദ്ധതി" എന്ന പുസ്തകം 1934-ൽ പ്രസിദ്ധംചെയ്യപ്പെട്ടു. ജനങ്ങളുടെ, പ്രത്യേകിച്ചും ബുദ്ധിജീവികളുടെ, ശ്രദ്ധ സാമ്പത്തികാസൂത്രണത്തിലേയ്ക്കു തിരിഞ്ഞതു് അതുമുതല്ക്കാണെന്നു പറയാം. 1938-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പണ്ഡിററ് ജവഹർലാൽ നെഹറുവിന്റെ അദ്ധ്യക്ഷതയിൽ ഒരു "നാഷനൽ പ്ലാനിങ്ങ് കമ്മിററി" രൂപവല്ക്കരിച്ചു. പരേതനായ ശ്രീ. കെ..ടി. ഷായുടെ വിദഗ്ദ്ധഹസ്തങ്ങളാണ് അതിന്റെ കാര്യദർശിത്വമേറെറടുത്തതു്. വ്യവസായവല്ക്കരണത്തിലൂടെ ഇന്ത്യയുടെ സാമ്പത്തികവ്യവസ്ഥയെയാകെ പുനരുദ്ധരിച്ചുകൊണ്ടു് പട്ടിണിയും തൊഴിലില്ലായ്മയും അവസാനിപ്പിയ്ക്കാനുള്ള മാർഗ്ഗങ്ങളാരായുകയായിരുന്നു കമ്മിററിയുടെ ഉദ്ദേശ്യം. ഈ ഉദ്ദേശ്യത്തോടുകൂടി ഇന്ത്യയുടെ ദേശീയസാമ്പത്തികവ്യവസ്ഥയുടെ വിവിധഭാഗങ്ങളെപ്പററി പഠിച്ചു റിപ്പോർട്ടുകൾ സമർപ്പിയ്ക്കാൻ വേണ്ടി പല സബ്കമ്മിററികളും രൂപവല്ക്കരിയ്ക്കപ്പെടുകയുണ്ടായി. പക്ഷേ, യുദ്ധത്തിന്റേയും മററു രാഷ്ട്രീയ സംഭവവികാസങ്ങളുടേയും ഫലമായി

ദേശീയവികസനക്കമ്മിററിയ്ക്കു് തങ്ങളുടെ പ്രവൎത്തനങ്ങൾ പൂൎത്തിയാക്കാൻ കഴിഞ്ഞില്ല.

1943-ൽ ഇന്ത്യയിലെ ബ്രിട്ടീഷുഗവൎമ്മെണ്ടു് ഒരു പുനരുദ്ധാരണക്കമ്മിററിയെ നിയമിയ്ക്കുകയുണ്ടായി. യുദ്ധകാല സാമ്പത്തികവ്യവസ്ഥയിൽനിന്നു സമാധാനകാലത്തെ സാമ്പത്തികവ്യവസ്ഥയിലേയ്ക്കുള്ള പരിവൎത്തനം സുഗമമാക്കുക എന്നതായിരുന്നു ഉദ്ദേശ്യം. പക്ഷേ, ആ കമ്മിററിയ്ക്കു് സാമൂഹ്യമായ വീക്ഷണഗതിയോ കാഴ്ചപ്പാടോ ഉണ്ടായിരുന്നില്ല. ഭൂരിപക്ഷക്കാരായ ജനങ്ങളുടെ താല്പൎയ്യങ്ങളേയും അഭിലാഷങ്ങളേയും കണക്കിലെടുക്കാത്ത ഒരു പദ്ധതിയാണവർ തയ്യാറാക്കിയതു്. അതുകൊണ്ടതു നിൎജ്ജീവമായിരുന്നു.

1844-ൽ ഇന്ത്യയിലെ പ്രസിദ്ധന്മാരായ ചില വൻകിടവ്യവസായനേതാക്കന്മാർ "ബോംബേപദ്ധതി" എന്നപേരിലറിയപ്പെടുന്ന പുതിയൊരു പദ്ധതി തയ്യാറാക്കി. നിലവിലുള്ള വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്താനും പുതിയ വ്യവസായങ്ങൾ സ്ഥാപിയ്ക്കാനുംവേണ്ടി വമ്പിച്ച തുകകൾ നീക്കിവെയ്ക്കണമെന്നതായിരുന്നു അവരുടെ പ്രധാനമായ നിൎദ്ദേശം. പക്ഷേ, ഭൂരിപക്ഷക്കാരായ സാധാരണജനങ്ങളുടെ ജീവിതത്തോതും ക്രയശക്തിയും വൎദ്ധിപ്പിയ്ക്കാനോ, ചെറുകിടവ്യവസായങ്ങളും കുടിൽവ്യവസായങ്ങളും വളൎത്തുവാനോ കൃഷി അഭിവൃദ്ധിപ്പെടുത്തുവാനോ

വേണ്ടത്ര ശ്രദ്ധിയ്ക്കാത്തതുകൊണ്ട് അവരുടെ പദ്ധതി സാമൂഹ്യവീക്ഷണഗതിയോടുകൂടിയ ഒരു സമഗ്രമായ പദ്ധതിയായിരുന്നില്ല. "ബോംബേപദ്ധതി" യെത്തുടർന്ന് ശ്രീമന്നാരായൺ അഗർവാലിൻെറ "ഗാന്ധിയൻ പദ്ധതി"യും എം. എൻ. റോയിയുടെ "ജനകീയ പദ്ധതി"യും പുറത്തുവന്നു.

ഇങ്ങിനെ, 1947-ൽ ഇന്ത്യ സ്വതന്ത്രയാകുന്നതിന്നു മുമ്പുതന്നെ വ്യവസായവല്ക്കരണത്തെപ്പററിയും സാമ്പത്തികാസൂത്രണത്തെപ്പററിയും ധാരാളം ചർച്ചകൾ നടന്നുകഴിഞ്ഞിരുന്നു. സ്വാതന്ത്ര്യം കിട്ടിയതിന്നുശേഷം മാത്രമാണ് ഇന്ത്യയുടെ സാമ്പത്തികപരാധീനതയവസാനിപ്പിയ്ക്കാനും വ്യവസായവല്ക്കരണത്തിലൂടെ സ്വതന്ത്രമായ ഒരു സാമ്പത്തികവ്യവസ്ഥ കെട്ടിപ്പടുക്കാനുമുള്ള സാഹചര്യങ്ങളുയർന്നുവന്നതു്. എങ്കിലും സ്വാതന്ത്ര്യം കിട്ടിയ ഉടനെ സാമ്പത്തികാസൂത്രണമാരംഭിയ്ക്കാനുള്ള സാദ്ധ്യതയുണ്ടായിരുന്നില്ല. രാജ്യത്തിൻെറ വിഭജനം, സാമുദായിക ലഹളകൾ, അഭയാർത്ഥിപ്രവാഹം, ഇൻഫ്ളേഷൻ, സ്റ്റേററിന്നുള്ളിലെ സ്റ്റേററുകളായി നിലനിന്നിരുന്ന അറുനൂറോളം നാട്ടുരാജ്യങ്ങൾ, കാശ്മീർയുദ്ധം എന്നിങ്ങിനെയുള്ള പല വിഷമപ്രശ്നങ്ങളേയും അടിയന്തിരമായി നേരിടേണ്ടതുണ്ടായിരുന്നു. രാജ്യത്തെ ഏകീകരിച്ചുകൊണ്ടു് സാമ്പത്തികാസൂത്രണത്തിന്നാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിയ്ക്കുക എന്നതായിരുന്നു അടിയന്തരപ്രശ്നം.

## ഒന്നാം പഞ്ചവത്സരപദ്ധതി

1950-ൽ ഇന്ത്യയുടെ പുതിയ ഭരണഘടന നടപ്പിൽവന്നു. ഇന്ത്യ പരമാധികാരമുള്ള ഒരു റിപ്പബ്ളിക്കായിത്തീർന്നു. 1950-ൽത്തന്നെ പ്രധാനമന്ത്രി നെഹറുവിൻെറ അദ്ധ്യക്ഷതയിൽ ഒരു പ്ലാനിങ്ങ് കമ്മീഷൻ നിയമിയ്ക്കപ്പെട്ടു. ഇന്ത്യയിലെ ഭൗതികവിഭവങ്ങളെ വിലയിരുത്തുക, അവയെ ഫലപ്രദമായി ഉപയോഗിയ്ക്കാനുള്ള ഒരു പദ്ധതി തയ്യാറാക്കുക, ഏതെല്ലാം കാര്യങ്ങൾക്കാണ് മുൻഗണന നല്കേണ്ടതെന്നു നിർദ്ദേശിയ്ക്കുക, പദ്ധതി നടപ്പിൽവരുത്താനും അതിൻെറ പുരോഗതിയെ ഇടയ്ക്കിടയ്ക്കു പരിശോധിയ്ക്കാനും പററിയ സംഘടനയുടേയോ സ്ഥാപനത്തിൻേറയോ സ്വഭാവമെന്തായിരിയ്ക്കണമെന്നഭിപ്രായപ്പെടുക — ഇതൊക്കെയായിരുന്നു കമ്മീഷൻെറ ചുമതലകൾ. ഏറെത്താമസിയാതെതന്നെ അവരൊരു പദ്ധതി തയ്യാറാക്കി. ചർച്ചകൾക്കുശേഷം അത്യാവശ്യമായ മാററങ്ങളോടുകൂടി ഗവമ്മെണ്ടതംഗീകരിയ്ക്കുകയും ചെയ്തു. അതാണ് 1951-ലാരംഭിച്ച ഒന്നാംപഞ്ചവത്സരപദ്ധതി.

കമ്മീഷൻെറതന്നെ വാക്കുകളിൽ പറഞ്ഞാൽ, "ജനങ്ങളുടെ ജീവിതത്തോതുയർത്തുകയും കൂടുതൽ സമൃദ്ധവും കൂടുതൽ പൂർണ്ണവുമായ ഒരു ജീവിതത്തിൻെറ സാഹചര്യങ്ങൾ അവക്കു തുറന്നുകൊടുക്കുകയും

ചെയ്യുക' എന്നതാണ് ഇന്ത്യയിലെ പ്ലാനിങ്ങിൻെറ ലക്ഷ്യം. പക്ഷേ, ഒന്നാം പഞ്ചവത്സരപദ്ധതിയുടെ ലക്ഷ്യം വളരെ പരിമിതമായിരുന്നു. യഥാർത്ഥത്തിൽ സാമ്പത്തികാസൂത്രണത്തിൻെറ അടിത്തറ പണിയാനുള്ള ഒരു പദ്ധതിമാത്രമായിരുന്നു അതു്. ജനങ്ങളുടെ ഭക്ഷണത്തിന്നും വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃതസാമഗ്രികൾക്കും വേണ്ടി കാർഷികോല്പാദനം വർദ്ധിപ്പിയ്ക്കുക; കൃഷിക്കാരെ സഹായിയ്ക്കാനും ചെറുതും വലുതുമായ വ്യവസായങ്ങളെ ആധുനികരീതിയിൽ അഭിവൃദ്ധിപ്പെടുത്താനുംവേണ്ടി ജലസേചനപദ്ധതികളും വിദ്യുച്ഛക്തികേന്ദ്രങ്ങളും സ്ഥാപിയ്ക്കുക, ഉൾനാടുകളേയും പട്ടണങ്ങളേയും തമ്മിൽ ബന്ധപ്പെടുത്താനും വ്യവസായത്തിൻെറയും വാണിജ്യത്തിൻെറയും വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേററാനുംവേണ്ടി ഗതാഗതസൗകര്യങ്ങളെ വികസിപ്പിയ്ക്കുക എന്നിങ്ങിനെയുള്ള അടിയന്തരകാര്യങ്ങളിലാണ് ഒന്നാംപദ്ധതി കൂടുതൽ ശ്രദ്ധിച്ചതു്. ഒട്ടാകെ മൊലവിട്ട 2000 ത്തോളം കോടി ഉറപ്പികയിൽ 67 ശതമാനവും ജലസേചനം, വിദ്യുച്ഛക്തിവികസനം, ഗതാഗതം എന്നിവയ്ക്കുവേണ്ടിയാണ് നീക്കിവെയ്ക്കപ്പെട്ടതു്. ഒട്ടാകെയുള്ള നിക്ഷേപത്തിൻെറ 7 ശതമാനം മാത്രമേ വ്യവസായങ്ങൾക്കുവേണ്ടി നീക്കിവെയ്ക്കപ്പെടുകയുണ്ടായുള്ളു. വൻകിടവ്യവസായങ്ങൾ, ബാങ്കുകൾ, വ്യാപാരം മുതലായവ പ്രധാനമായും സ്വകാര്യമേഖലയ്ക്കാണ് വിട്ടുകൊടുക്കപ്പെട്ടതു്. എങ്കിലും, വളരെയധികം പ്രാധാന്യമർഹിയ്ക്കുന്ന

വയും സ്വകാര്യമൂലധനത്തിന്നു് ഒററയ്ക്കു നിർമ്മിയ്ക്കാൻ കഴിയാത്തവയുമായ ചില വ്യവസായസ്ഥാപനങ്ങൾ സ്റ്റേറവടമയിൽത്തന്നെ സ്ഥാപിയ്ക്കുകയുണ്ടായി. സിൻഡ്രി ഫെർട്ടിലൈസർ ഫാക്ടറി, ചിത്തരഞ്ജൻ ലോക്കോമോട്ടീവ് വർക്സ്, പെരുമ്പാവൂരിലെ കോച്ച് ഫാക്ടറി, ബാംഗ്ളൂരിലെ ടെലിഫോൺ ഫാക്ടറി, ജലഹല്ലിയിലെ ഹിന്ദുസ്ഥാൻ മെഷീൻ ടൂൾഫാക്ടറി തുടങ്ങിയ ചില വൻകിടവ്യവസായസ്ഥാപനങ്ങൾ ഉയർന്നുവന്നതു് ഈഘട്ടത്തിലാണു്. ഇങ്ങിനെ ഒന്നാം പഞ്ചവത്സരപദ്ധതിയുടെ ഫലമായി കാർഷികോല്പാദനം മാത്രമല്ല, വ്യാവസായികോല്പാദനവും വർദ്ധിയ്ക്കുകയുണ്ടായി.

## 'മിശ്രസാമ്പത്തികവ്യവസ്ഥ'

സാമ്പത്തികവികസനത്തിന്റെ ലക്ഷ്യം കൂടുതൽ വ്യക്തമായ രൂപം ധരിച്ചതു് 1956-ൽ ആരംഭിച്ച രണ്ടാംപഞ്ചവത്സരപദ്ധതിയോടുകൂടിയാണു്. സോഷ്യലിസ്റ്റ്രീതിയിലുള്ള ഒരു സാമൂഹ്യവ്യവസ്ഥ കെട്ടിപ്പടുക്കുകയാണു് സാമ്പത്തികാസൂത്രണത്തിന്റെ ലക്ഷ്യം എന്നു് അസന്ദിഗ്ദ്ധമായി പ്രഖ്യാപിയ്ക്കപ്പെട്ടു. എന്നാൽ, എല്ലാ ഉൽപ്പാദനോപകരണങ്ങളും പൊതുവുടമയിലാക്കുകയും അതിന്നനുരൂപമായ പുതിയൊരു ഭരണകൂടമേർപ്പെടുത്തുകയും ചെയ്യുക എന്ന വ്യാപകമായ അർത്ഥത്തിലല്ല സോഷ്യലിസം

എന്ന പദം ഇവിടെ പ്രയോഗിയ്ക്കപ്പെട്ടിട്ടുള്ളതു്. പ്ലാനിങ്ങ്കമ്മീഷന്റെ അഭിപ്രായത്തിൽ, "ജീവിതനിലവാരം ഉയർത്തുക, എല്ലാവക്കും കൂടുതൽ അവസരം ലഭ്യമാക്കുക, അവശവർഗ്ഗങ്ങൾക്കിടയിൽ വ്യാവസായികസംരംഭങ്ങൾ പ്രോത്സാഹിപ്പിയ്ക്കുക, സമുദായത്തിലെ എല്ലാ വിഭാഗങ്ങൾക്കിടയിലും സഹകരണബോധം വളർത്തുക എന്നീ രചനാത്മകമായ ലക്ഷ്യങ്ങളിലാണു് സോഷ്യലിസ്റ്റ്മാതൃക ഊന്നേണ്ടതു്........ജനാധിപത്യമെന്നതു് ഏതാനും സവിശേഷസ്ഥാപനങ്ങളുടെ ക്രമീകരണമല്ലെന്നും ഒരൊറ്റ പ്രത്യേക ജീവിതരീതിയാണെന്നും പറയപ്പെടാറുണ്ടു്. സോഷ്യലിസ്റ്റ് മാതൃകയെക്കുറിച്ചും ഇതു തന്നെ പറയാവുന്നതാണു്."

പ്ലാനിങ്ങ്കമ്മീഷൻതന്നെ വീണ്ടും പറയുന്നു:

"പുരോഗതിയുടെ മാർഗ്ഗങ്ങൾ നിർണ്ണയിയ്ക്കുന്നതിന്റെ അടിസ്ഥാന പ്രമാണം സ്വകാര്യലാഭമായിരിയ്ക്കരുതു്; പ്രത്യുത, സമുദായത്തിന്റെ നന്മയായിരിയ്ക്കണം. ദേശീയവരുമാനവും തൊഴിൽസൗകര്യങ്ങളും വർദ്ധിപ്പിച്ചാൽ മാത്രം പോരാ; വരുമാനത്തിലും സമ്പത്തിലും കൂടുതൽ സമീകരണവുമുണ്ടാകണം. ഈ ലക്ഷ്യത്തോടുകൂടിയായിരിയ്ക്കണം വികസനത്തിന്റെ സ്വഭാവവും സാമൂഹ്യസാമ്പത്തികബന്ധങ്ങളും പ്ലാൻ ചെയ്യേണ്ടതു്. താരതമ്യേന കൂടുതൽ അവശതയനുഭവിയ്ക്കുന്ന വർഗ്ഗങ്ങൾക്കു് സാമ്പ

ത്തികവികസനത്തിന്റെ നേട്ടങ്ങൾ അനുഭവേദ്യപ്പെടണം. സാധാരണക്കാരന്നു ജീവിതത്തിൽ ഉയരാനുള്ള അവസരം ലഭിയ്ക്കുന്ന സാഹചര്യങ്ങൾ സൃഷ്ടിയ്ക്കണം."

ചുരുക്കിപ്പറഞ്ഞാൽ, സാമ്പത്തികാസൂത്രണത്തിന്റെ ഉദ്ദേശ്യം സ്വത്തുക്കളുടെ ഉൽപ്പാദനം വർദ്ധിപ്പിയ്ക്കുക മാത്രമല്ല, ഉൽപ്പാദിപ്പിയ്ക്കപ്പെടുന്ന സ്വത്തുക്കളുടെ വിതരണം കൂടുതൽ നീതിനിഷ്ഠമാക്കുകകൂടിയാണു്. ഇതാണു് സോഷ്യലിസ്റ്റ്മാതൃക എന്ന പദം കൊണ്ടുദ്ദേശിയ്ക്കപ്പെടുന്നതു്.

വ്യാവസായികരംഗത്തെ പൊതുമേഖലയെന്നും സ്വകാര്യമേഖലയെന്നും രണ്ടായി തരംതിരിച്ചിട്ടുണ്ടു്. സ്റ്റേറ്റുടമയിലുള്ള വ്യവസായങ്ങൾ പൊതുമേഖലയിലും സ്വകാര്യവ്യക്തികളുടെ ഉടമാവകാശത്തിലുള്ള വ്യവസായങ്ങൾ സ്വകാര്യമേഖലയിലും ഉൾപ്പെടുന്നു. സ്വകാര്യമേഖലയ്ക്കു സ്ഥാനമനുവദിയ്ക്കുന്നതോടൊപ്പം തന്നെ പൊതുമേഖലയെ കൂടുതൽ കൂടുതൽ വളർത്തണമെന്നും മുഖ്യമായ അടിസ്ഥാനഘനവ്യവസായങ്ങളെല്ലാം പൊതുമേഖലയിലായിരിയ്ക്കണമെന്നും കമ്മീഷൻ അഭിപ്രായപ്പെടുകയുണ്ടായി. സ്റ്റേറ്റുടമയിൽ ചില പ്രധാനവ്യവസായങ്ങൾ സ്ഥാപിയ്ക്കപ്പെട്ടിട്ടുമുണ്ടു്. പക്ഷേ, ഇന്ത്യയിലെ പൊതുമേഖല ഇപ്പോഴും പിന്നണിയിലാണു്. രാജ്യത്തിലൊട്ടാകെയുള്ള മൂലധനനിക്ഷേപത്തിന്റെ $3\frac{1}{2}$ ശതമാനം മാത്രമാണു്

സ്റ്റേറവടമയിൽ ഇന്നുള്ളതു്. ഒരേസമയത്തുതന്നെ പൊതുമേഖലയുടേയും സ്വകാര്യമേഖലയുടേയും വളർച്ചയ്ക്കു സൗകര്യം നല്കുന്ന ഒരുതരം മിശ്രസാമ്പത്തിക വ്യവസ്ഥയാണു് പദ്ധതിയുടെ ഉന്നം.

## രണ്ടാം പഞ്ചവത്സരപദ്ധതി

രണ്ടാംപഞ്ചവത്സരപദ്ധതിയുടെ പ്രഖ്യാപിതോദ്ദേശ്യങ്ങൾ താഴെ പറയുന്നവയാണു്:

1. വ്യവസായവല്ക്കരണത്തിൽ സ്റ്റേറവടമയിലുള്ള പൊതുവിഭാഗത്തിന്റെ വ്യാപ്തിയും പ്രാധാന്യവും വർദ്ധിപ്പിയ്ക്കുകയും അങ്ങിനെ സോഷ്യലിസ്റ്റ് രീതിയിലുള്ള ഒരു സാമൂഹ്യവ്യവസ്ഥയിലേയ്ക്കു നീങ്ങാൻ പററിയവിധത്തിൽ ദേശീയസമ്പത്തു് അതിവേഗം വളർത്തുകയും ചെയ്യുക.

2. സാമ്പത്തികസ്വാതന്ത്ര്യത്തിന്റെ അടിത്തറകൾക്കു ശക്തികൂട്ടാൻവേണ്ടി ഉൽപ്പാദനോപകരണങ്ങൾ നിർമ്മിയ്ക്കാനുള്ള അടിസ്ഥാനപരമായ വൻകിടവ്യവസായങ്ങൾ വളത്തുക.

3. കുടിൽവ്യവസായങ്ങളും കൈവേലകളും വഴി ഉപഭോഗസാമഗ്രികളുടെ ഉൽപ്പാദനം വർദ്ധിപ്പിയ്ക്കുകയും അവയ്ക്കാവശ്യമായ കമ്പോളങ്ങൾ കണ്ടുപിടിയ്ക്കുകയും ചെയ്യുക.

4. കുടിൽവ്യവസായങ്ങളുമായി മത്സരിയ്ക്കാത്തവിധത്തിൽ ഉപഭോഗസാമഗ്രികൾ നിർമ്മിയ്ക്കുന്ന ഫാക്ടറികളിലെ ഉൽപ്പാദനം വർദ്ധിപ്പിയ്ക്കുക.

5. കൃഷിയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിയ്ക്കുകയും ഉൽപ്പാദനവും ഉൾനാട്ടിലെ ജനങ്ങളുടെ ക്രയശക്തിയും വർദ്ധിപ്പിയ്ക്കാനുതകുന്നതരത്തിൽ കാർഷികപരിഷ്കാരങ്ങൾ നടപ്പിലാക്കുകയും ചെയ്യുക.

6. ജനങ്ങൾക്ക്, പ്രത്യേകിച്ചും ദരിദ്രജനവിഭാഗങ്ങൾക്ക് കൂടുതൽ നല്ല പാർപ്പിടസൗകര്യങ്ങളും കൂടുതൽ ആരോഗ്യസംരക്ഷണസൗകര്യങ്ങളും കൂടുതൽ വിദ്യാഭ്യാസസൗകര്യങ്ങളും നല്കുക.

7. ചുരുങ്ങിയത് 1 കോടി 10 ലക്ഷം പേക്കെങ്കിലും ജോലി നല്കുകയും അങ്ങിനെ തൊഴിലില്ലായ്മയുടെ കാഠിന്യം കുറയ്ക്കുകയും ചെയ്യുക.

8. ദേശീയവരുമാനം 25 ശതമാനം വർദ്ധിപ്പിയ്ക്കുകയും ദേശീയസമ്പത്ത് കൂടുതൽ സമമായി വിതരണംചെയ്യുകയും ചെയ്യുക.

ലക്ഷ്യത്തെസ്സംബന്ധിച്ചേടത്തോളം മാത്രമല്ല, വൈപുല്യത്തെസ്സംബന്ധിച്ചേടത്തോളവും രണ്ടാം പഞ്ചവത്സരപദ്ധതി ഒന്നാംപഞ്ചവത്സരപദ്ധതിയേക്കാൾ കൂടുതൽ ശ്രദ്ധേയവും കൂടുതൽ പുരോഗമനപരവുമാണ്. പൊതുമേഖലയിലെ നിക്ഷേപങ്ങൾ ഇരട്ടി

യിലധികമാണു്. താഴെ കൊടുത്ത താരതമ്യപഠനം നോക്കുക:

| | ഒന്നാംപദ്ധതി (കോടി ക.) | ശ. മാ. | രണ്ടാംപദ്ധതി (കോടി ക.) | ശ. മാ. |
|---|---|---|---|---|
| 1. കൃഷിയും കമ്മ്യൂണിട്ടി ഡിവലപ്പ്മെണ്ടും | 357 | 15.1 | 568 | 11.8 |
| 2. ജലസേചനവും വിദ്യുച്ഛക്തിയും | 661 | 28.1 | 913 | 19.0 |
| 3. വ്യവസായവും ഖനിയും | 179 | 7.6 | 890 | 18.5 |
| 4. ഗതാഗതം | 557 | 23.6 | 1385 | 28.9 |
| 5. സാമൂഹ്യസേവനം | 533 | 22.6 | 945 | 19.7 |
| 6. പലവക | 69 | 3.0 | 99 | 2.1 |
| ആകെ | 2356 | 100.0 | 4800 | 100.0 |

പൊതുമേഖലയിൽ ആകെ 4800 കോടി ക. യാണു് നിക്ഷേപിയ്ക്കപ്പെടുന്നതു്. ഇതിനുപുറമേ സ്വകാര്യമേഖലയിൽ 2400 കോടി ക. യും നിക്ഷേപിയ്ക്കപ്പെടുന്നുണ്ടു്. അതു താഴെ പറയുന്നപ്രകാരമായിരിയ്ക്കും:

| | | കോടി ക. |
|---|---|---|
| 1. | വ്യവസായവും ഖനിയും | 575 |
| 2. | തോട്ടങ്ങൾ, ട്രാൻസ്പോർട്ട് | 125 |
| 3. | നിർമ്മാണം | 1000 |
| 4. | കൃഷിയും ചെറുകിടവ്യവസായങ്ങളും കുടിൽവ്യവസായങ്ങളും | 300 |
| 5. | സ്റ്റോക്കുകൾ | 400 |
| | ആകെ | 2400 |

ഈ പദ്ധതി വിജയിയ്ക്കുകയാണെങ്കിൽ ഇന്ത്യയിലെ വ്യാവസായികോൽപ്പാദനം ചില രംഗങ്ങളിൽ 100 ശതമാനവും മററു ചില രംഗങ്ങളിൽ 200 ശതമാനവും വർദ്ധിയ്ക്കുന്നതായിരിയ്ക്കും. ഇരിമ്പ്, ഉരുക്ക്, കല്ക്കരി, ഫെർട്ടിലൈസർ, എൻജിനിയറിങ്ങ് തുടങ്ങിയ അടിസ്ഥാനവ്യവസായങ്ങൾ ഗണ്യമായതോതിൽ അഭിവൃദ്ധിപ്പെടുന്നതായിരിയ്ക്കും. ചുരുക്കിപ്പറഞ്ഞാൽ, ഇന്ത്യയുടെ സർവ്വതോമുഖമായ പുരോഗതിയ്ക്കുള്ള ധീരമായ ഒരു കാൽവെപ്പാണിത്.

പക്ഷേ, വളരെ എളുപ്പത്തിൽ നിർവ്വഹിയ്ക്കാവുന്ന ഒരു പരിപാടിയാണിതെന്നു തെററിദ്ധരിയ്ക്കരുത്. പലതരം വിഷമതകളും തടസ്സങ്ങളും ബുദ്ധിമുട്ടുകളും നേരിട്ടുകൊണ്ടിരിയ്ക്കുന്നുണ്ട്. നികുതികൾ, കടമെടുപ്പ്, വിദേശസഹായം, ചെറുകിട സമ്പാദ്യപ

ദ്ധതി, ഡെഫിസിററ് ഫൈനാൻസിങ്ങ് മുതലായ പല ധനാഗമമാർഗ്ഗങ്ങളും അവലംബിയ്ക്കപ്പെട്ടിട്ടുണ്ടെങ്കിലും പദ്ധതിയ്ക്കാവശ്യമായ പണം മുഴുവനുമുണ്ടാക്കുക എളുപ്പമല്ലാതായിത്തീർന്നിട്ടുണ്ട്. എന്നല്ല, വിലവർദ്ധനവിൻേറയും മററും ഫലമായി ആദ്യം പ്രതീക്ഷിച്ചിരുന്നതിനേക്കാൾ കൂടുതൽ സംഖ്യ ആവശ്യമായിവരുമെന്നും കരുതപ്പെടുന്നു.

പക്ഷേ, ഒരു കാര്യത്തിൽ സംശയമില്ല; ജനങ്ങൾ യോജിച്ചു പരിശ്രമിയ്ക്കുകയും രാജ്യത്തിൻെറ മുഴുവൻ കഴിവുകളേയും അണിനിരത്തുകയും ചെയ്യുകയാണെങ്കിൽ രണ്ടാംപഞ്ചവത്സരപദ്ധതിയുടെ ലക്ഷ്യങ്ങൾ നേടാനും അങ്ങിനെ പിന്നണിയിൽ കിടക്കുന്ന നമ്മുടെ നാടിനെ അഭിവൃദ്ധിയുടേയും ഐശ്വര്യത്തിൻേറയും പാതയിലൂടെ മുന്നോട്ടു നയിയ്ക്കാനും സാധിയ്ക്കും.

14

16

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M330 Acc. No. 11180

This book should be returned on or before the date last stamped below.

5 MAR 1999
30 SEP 2015

If the book is not returned on due date a fine of 10 (Ten) Ps. per day will be charged.

M B30 11180

ദാമോദരൻ. കെ.

ധനശാസ്ത്രത്തിന്റെ അടിസ്ഥാന
തത്വങ്ങൾ

-2 MAY 1983

F 3 NOV 1985

F 3 NOV 1985

4 FEB 1988